കേരളവർമ്മ സ്മാരകം ഉപഹാരമാല



കേരളവർമ്മസ്മാരകം
ഉപഹാരമാല

കേരളവർമ്മദേവന്റെ ശതവർഷാഘോഷക്കമ്മിററിയുടെ
ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്നത്

പ്രകാശകൻ


രാജ്യസേവാനിരതൻ
കെ. ജി. പരമേശ്വരൻപിള്ള

വില രൂ. 2 ണ. 8.

1122.

ഒന്നാം പതിപ്പ്.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.



കേരളവൎമ്മ വലിയകോയിത്തമ്പുരാൻ സി. എസ്. ഐ.
തിരുമനസ്സുകൊണ്ടു്

അവതാരിക

കേരളത്തിലെ സാഹിത്യചക്രവർത്തിയായിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാൻെറ അവതരണാനന്തരമുള്ള ആദ്യത്തെ ശതാബ്ദം സംപൂർണ്ണമായതു് ൧൧൨൦-ാമാണ്ടു് കുംഭമാസം ൧൩-ാനു-യാണ്. ആ ശതവത്സരപൂർത്തി അവിടത്തെ ചിരവാസംകൊണ്ടു് അനുഗ്രഹീതമായ ഈ തിരുവനന്തപുരം പട്ടണത്തിൽവച്ചു് ആഘോഷിക്കണമെന്നു് ഇവിടത്തെ ചില ഭാഷാഭിമാനികൾ ആഗ്രഹിക്കുകയും അതിലേക്കായി ഒരു പ്രവർത്തകസമിതിയെ നിയമിക്കുകയും ചെയ്തു. അതുസംബന്ധിച്ചുള്ള കാര്യപരിപാടിയിൽ അവിടത്തെ സ്മാരകമായി ഒരു ഉപഹാരഗ്രന്ഥം പ്രസിദ്ധീകരിക്കുക എന്നുള്ളതായിരുന്നു ഭാരവാഹികളുടെ പ്രധാനമായ ലക്ഷ്യം. അപ്രതീക്ഷിതങ്ങളായ പല കാരണങ്ങൾകൊണ്ടും ആ പ്രസിദ്ധീകരണം അന്നു സാധ്യമായില്ല; അടുത്തകൊല്ലവും അങ്ങനെതന്നെ കഴിഞ്ഞു; എങ്കിലും കർത്തവ്യം വിസ്മൃതമായില്ല. ഇപ്പോളെങ്കിലും ഈ 'ഉപഹാരമാല' മഹാജനസമക്ഷം അവതരിപ്പിക്കുവാൻ കഴിഞ്ഞുവല്ലോ എന്നോർത്തു ഞങ്ങൾ സന്തോഷിക്കുന്നു.

പ്രാതഃസ്മരണീയനായ ആ പരമാചാര്യൻെറ അപദാനങ്ങളെ വിവിധകോടികളെ ആശ്രയിച്ചു വിശദീകരിക്കുന്നവയും, സാഹിത്യകലയുടെ പല മർമ്മങ്ങളെയുംസമഞ്ജസമായ രീതിയിൽ പ്രകാശിപ്പിക്കുന്നവയുമായ ഒട്ടനേകം പ്രൌഢോപന്യാസങ്ങളും, ഏതാനും ചില നല്ല കവിതകളും ഈ പുസ്തകത്തിൽ അടങ്ങിട്ടുണ്ടു്. ഉദാരചരിതന്മാരായ അവയുടെ പ്രണേതാക്കന്മാരുടെ പേരിൽ ഞങ്ങൾക്കുള്ള കൃതജ്ഞത വാചാമഗോചരമാണെന്നേ പറയേണ്ടതുള്ളു. 'ഈ കേരളവർമ്മാ ആരു്? ഇദ്ദേഹം സാഹിത്യത്തിനുവേണ്ടി എന്തുചെയ്തു?'' എന്നുംമററും അജ്ഞതയുടെയോ ഔദ്ധത്യത്തിൻെറയോ അതിർകടന്ന തള്ളലിൽ ഗർജ്ജിച്ചു ചാരിതാർത്ഥ്യം നേടുന്ന അപൂർവം ചില അനുകമ്പനീയന്മാരെ നമുക്കു് ഈ കാലഘട്ടത്തിൽ അങ്ങിങ്ങു കാണാവുന്നതാണ്. അവർക്കും വസ്തുതത്വം ഗ്രഹിക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ ഈ പുസ്തകം വായിക്കാം. ഇത്തരത്തിലുള്ള സ്മാരകഗ്രന്ഥങ്ങൾകൊണ്ടു് ഇദാനീന്തനന്മാരായ ഭാഷാപോഷണകാംക്ഷികൾക്കു പൊതുവേ ഉണ്ടാകുമെന്നു ന്യായമായി ആശിക്കാവുന്ന ഉത്തേജനത്തിൻെറ സ്വഭാവത്തെപ്പററി പ്രകൃതത്തിൽ ഒന്നും പ്രസ്താവിക്കേണ്ടതില്ല; അതു് അത്രമേൽ സ്പഷ്ടമാണ്.

ഈ പുസ്തകം ഈ അവസരത്തിലെങ്കിലും പ്രസിദ്ധീകരിക്കുവാൻ ഞങ്ങൾക്കു സാധിച്ചതു് മഹാമനസ്കനും പരോപകാരപരനുമായ എൻെറ പ്രേഷ്ഠസുഹൃത്തു രാജ്യസേവാനിരതൻ കെ. ജി. പരമേശ്വരൻപിള്ള അവർകളുടെ ആത്മാർത്ഥമായ സഹകരണംകൊണ്ടാണ്. അദ്ദേഹത്തിൻെറ സമർത്ഥമായ നേതൃത്വത്തിൽ പരിലസിക്കുന്ന ശ്രീരാമവിലാസം മുദ്രണാലയത്തിൽനിന്നാണു് ഇതു പ്രസിദ്ധീകൃതമാകുന്നതു് എന്നു പറയുമ്പോൾതന്നെ ഇതിൻെറ ബാഹ്യമായ ആകാരസൌഷ്ഠവത്തെപ്പററി ആർക്കും ഒരു ബഹുമാനം ഉണ്ടാകുന്നതാണ്. ഈ പുസ്തകം വാസ്തവത്തിൽ ഏതു നിലയിൽ നോക്കിയാലും അവിടെത്തന്നെ അച്ചടിക്കണം; ഭാഗ്യവശാൽ അതു സാധിക്കുകയും ചെയ്തു. ഈ സാഹായ്യത്തിനു ഞങ്ങൾ അദ്ദേഹത്തോടു് ഏററവും കടപ്പെട്ടിരിക്കുന്നു. എന്നെസംബന്ധിച്ചു പറയുകയാണെങ്കിൽ ഈ പ്രസിദ്ധീകരണത്തിൻെറ ഭാരം കയ്യേൽക്കേണ്ടതായിവന്ന എനിക്കു തിരുവനന്തപുരത്തു ശ്രീ. പി. അനന്തൻപിള്ള എം. ഏ-യുടേയും കൊല്ലത്തു മലയാളരാജ്യം ആഴ്ചപ്പതിപ്പിൻെറ പ്രസാധകൻ ശ്രീ. അയിരൂർ സി. മാധവൻപിള്ളയുടെയും സാരമായ സഹായം ലഭിച്ചിട്ടുണ്ടെന്നും അതിനു ഞാൻ അവരുടെ നേർക്കു് ഋണബദ്ധനാണെന്നുംകൂടി രേഖപ്പെടുത്തേണ്ടതുണ്ടു്.

കേരളവർമ്മവലിയകോയിത്തമ്പുരാൻെറ വ്യക്തിമാഹാത്മ്യം ഏതുതരത്തിലുള്ളതായിരുന്നു എന്നും അദ്ദേഹത്തിൻെറ ജീവിതകാലത്തിലെന്നതുപോലെ ഇന്നും അഭിജ്ഞന്മാരും കൃതവേദികളുമായ സകല കേരളീയന്മാരും അദ്ദേഹത്തെ നിരുപാധികമായി നിത്യാരാധനചെയ്യുന്നതിൽ അന്തർഭവിക്കുന്ന രഹസ്യമെന്തെന്നും അറിഞ്ഞിരിക്കുന്നതു് ഇന്നത്തെ യുവാക്കന്മാർക്കു ശ്രേയസ്കരമായേ പരിണമിക്കുകയുള്ളു; ആ ജ്ഞാനദാനത്തിനു് ഈ ഉപഹാരമാല അല്പമെങ്കിലും പ്രയോജകീഭവിക്കാതെയിരിക്കുകയില്ലെന്നാണു് അസ്മാദൃശന്മാരുടെ അഹേതുകമല്ലാത്ത വിശ്വാസം.

തിരുവനന്തപുരം,
22—11—'46.

ഉള്ളൂർ എസ്. പരമേശ്വരയ്യർ.



റാണിലക്ഷ്മീബായി ആററിങ്ങൽ മൂത്തതമ്പുരാൻ സി. ഐ.
തിരുമനസ്സുകൊണ്ടു്

ലേഖനങ്ങളും ലേഖകന്മാരും

25. ഒരു മഹച്ചരിതം (ഗ) — കുന്നേഴത്തു പരമേശ്വരമേനോൻ.
26. ഹാസസാഹിത്യം (ഗ) — വിദ്വാൻ എം. ഒ. അവരാ.
27. കേരളകാളിദാസൻ (പ) — എം. പി. അപ്പൻ എം. എ., എൽ. ററി.
28. കടനജലധെയ കേരളം തള്ളിവിട്ടാൻ (ഗ) — ചിറയ്ക്കൽ ടി. ബാലകൃഷ്ണൻനായർ ബി. എ.
29. സ്മരണകൾ (ഗ) — മാവേലിക്കരക്കൊട്ടാരത്തിൽ ഭാഗീരഥിഅമ്മത്തമ്പുരാട്ടി.
30. കേരളകാളിദാസൻ (പ) — നാലാങ്കൽ കൃഷ്ണപിള്ള എം. എ., എൽ. ററി.
31. കേരളകാളിദാസന്റെ മാഹാത്മ്യം (ഗ) — എം. പി. ഭദ്രാമ്മ എം. എ.
32. ശതവത്സരാഘോഷം (പ) — മുതുകുളം പാർവ്വതിഅമ്മ (വിദ്വാൻ)
33. ഭാഷാസാഹിത്യത്തിലെ പരിവർത്തനഘട്ടങ്ങൾ (ഗ) — ജെ. ജോൺ, കട്ടക്കയം.
34. കേരളഗാനം (പ) — വിദ്വാൻ, പുത്തൻകാവ്വ് മാത്തൻതരകൻ ബി. ഒ. എൽ.
35. [illegible]സാഹിത്യസാർവ്വഭൗമൻ (ഗ) — വിദ്വാൻ, ററി. എം. ചുമ്മാർ.
36. കൈരളീമങ്ഗളം (പ) — വിദ്വാൻ, കെ. എൻ. പരമേശ്വരൻപിള്ള.
37. കേരളവർമ്മദേവന്റെ പ്രാസപ്രയോഗം (ഗ) — വിദ്വാൻ, ചെന്നിത്തല കെ. കൃഷ്ണയ്യർ.
38. അന്യാദൃശമായ ആ വ്യക്തിവൈശിഷ്ട്യം (ഗ) — പി. കെ. പരമേശ്വരൻനായർ ബി. എ.
39. തൃപ്പാദങ്ങളിൽ (പ) — കീഴ്ക്കുളം എൻ. രാമൻപിള്ള എം. എ.
40. രഹസ്യക്കത്ത് (പ) — തൈക്കാട്ട ചന്ദ്രശേഖരൻനായർ.
41. എന്റെ മതം (പ) — ശൂരനാട്ടു പി. എൻ. കുഞ്ഞൻപിള്ള എം. എ.
42. നരസിംഹമൂർത്തി (പ) — പി. കെ. കൃഷ്ണൻനമ്പ്യാർ, വെള്ളൂര്.
43. കേരളകാളിദാസന്റെ ശതാബ്ദം (ഗ) — ഡാക്ടർ ചേലനാട്ടു അച്യുതമേനോൻ ബി. എ., പി. എച്ച്. ഡി.
44. പയ്യൂർ പരമേശ്വരഭട്ടശ്രീ (നാഗരം) — മീമാംസകരത്നം വി. എ. രാമസ്വാമിശാസ്ത്രി എം. എ.
45. ദക്ഷിണഭോജരാജഃ (നാഗരം) — മഹോപാധ്യായ വി. വെങ്കിടരാമശർമ്മ
46. വാഴ്ത്ത്, കീർത്തനം, ചില ഉണ്മൈകൾ (തമിഴ്) — കവിമണി എസ്സ്. ദേശിവിനായകംപിള്ള
47. കുറുന്തൊകൈ ചെയ്യുളൊന്റിൻ പൊരുൾ (തമിഴ്) — റാവുസാഹിബ്ബ് എസ്സ്. വൈയാപുരിപിള്ള ബി. എ., ബി. എൽ.



ആ ചിതാഭസ്മം

വള്ളത്തോൾ

നരൻ ശതായുസ്സിതു സത്യമെങ്കിൽ,
മുപ്പത്തിയൊന്നാണ്ടിടകൂടി മന്നിൽ
ജീവിച്ചിരിയ്ക്കേണ്ടിയിരുന്ന ദേഹ-
മെങ്ങോ മറഞ്ഞിട്ടൊരുമുപ്പതാണ്ടായ്. 1

വ്യായാമലീലാദൃഢസന്ധിബന്ധം,
വിശാലവക്ഷസ്സൃജുദീർഘപീനം,
ഫുല്ലേക്ഷണസ്മേരഗഭീരവക്ത്ര-
മാമെയ് മറഞ്ഞിട്ടൊരുമുപ്പതാണ്ടായ് 2

ഈനാടിനിമ്മട്ടരുപത്തിയൊന്നു
വർഷം ഗുരോ, താവകജീവനാർഹം
പ്രണഷ്ടമായ്പ്പോയ് പ്രകൃതിപ്രകോപാ-
ലി-ച്ഛേതമെന്നെങ്ങിനിയെത്രതീരും? 3

എളുപ്പമോ, താദൃശനാമൊരാൾതൻ
സമുത്ഭവം മാനുഷമണ്ഡലത്തിൽ?
പിറന്നിതോ വർഷശതങ്ങൾകൊണ്ടും
രണ്ടാമതെങ്ങാനൊരു കാളിദാസൻ? 4

അങ്ങല്ലയോ നാടകമാദ്യമായി-
ക്കാണിച്ചതിക്കൈരളിയെസ്സലീലം?
അ,ത്തേതുരാജ്യത്തിലുമാദരിയ്ക്ക-
പ്പെടുന്ന ശാകുന്തളമാണു താനും. 5

ശാകുന്തളത്തിന്റെ വിവർത്തനത്താൽ
മയൂരസന്ദേശവിധായകതയാൽ,
അനന്യസാധാരണകാവ്യകാര-
നങ്ങുന്നു ഞങ്ങൾക്കൊരു കാളിദാസൻ 6

ആ [illegible]വരായില്യവിശാഖമൂല-
നക്ഷത്രജന്മാർ തിരുവഞ്ചിഭൂപർ
ത്രിശക്തിയായ് നിന്നു ദൃഢീകരിച്ച
സാഹിത്യസാമ്രാജ്യപദം ക്രമാൽ തേ. 7

അമർഷമുൾക്കൊണ്ടഹിതാരഭട്ട-
ത്തണച്ചൊരുഗ്രാഹിതയോപ[illegible]ൽ
ഭവാന്റെയാജന്മന[illegible]ശബ്ദം
നിരർത്ഥകംപോലെയിരുന്നതെന്നോ;

അന്നാളരിപ്പാട്ടരുളും പുരാന്റെ-
ശിവാംഗഭൂവാം ശിഖിവാഹനന്റെ
നിഷേവകാപദ്വിഷഹാരിയാകും
വിചിത്രവാത്സല്യമഹസ്സുപോലെ; 9

വന്നെത്തിയല്ലോ, വിരിപീലിപൂണ്ടൊ-
രോമന്മയൂരം തവ ദൃക്പഥത്തിൽ;
അതെങ്ങൾതൻവാങ്മയവാനിലെന്നും
മായാത്ത പുത്തന്മഴവില്ലിയറ്റി. 10

(വിശേഷകം)

അദ്ദിനം കേരളഭാസ്കരന്റെ
തേജസ്സിനെത്തെല്ലുമറച്ചുവെങ്കിൽ
മറ്റെന്തതിന്നും സുദിനത്വമേകി
മനോഹരം പൂർവമയൂരഗീതം! 11

രസോത്തരം സ്നിഗ്ദ്ധഗഭീരശബ്ദ-
മക്കാളിദാസോദിതമേഘമല്ലീ
നൃത്തം ചവിട്ടിച്ചു, ഭവൽകവിതാ-
പ്പൂങ്കോവിലീമഞ്ജുമയൂരകത്തെ? 12

സമൃദ്ധവിദ്യാധനനാം ഭവാന്റെ
സമർത്ഥമാം തൂവലെടുത്ത ഹസ്തം—
ആവഞ്ചിരാജേശ്വരിയായ ലക്ഷ്മി
തൃക്കയ്യിനാൽ ചേർത്തുപിടിച്ച ഹസ്തം. 13

സാഹിത്യരത്നങ്ങളെയെത്രനല്കീ-
ലി,കൈരളിക്കും സുരഭാരതിക്കും?
പൊൻവെള്ളിനാണ്യങ്ങളെയെത്രനല്കീ-
ല,പേക്ഷകർക്കും കവിസൂരികൾക്കും? 14
(യുഗ്മകം)

സമാനരാഗേഹ്യഭിരൂപമെവലേ,
[illegible]ഗൈര്വബുധീച ത്വയി കൈരളീ ച;
ഇഹാദ്യ[illegible]ൽകൃതിഷു പ്രസഹ്യ
ഹൃതാവകാ[illegible]ശവ കൃശ[illegible]ചിതീയാ. 15

[illegible]ാജ്യൈഃ പ്രവാളൈർമണിഭിർമിതൈശ്ച
ത്വ[illegible]യാ കൃതാഭിഃ കൃതിമാലികാഭിഃ
വിഭൂഷിതാംഗീ ഖലു കൈരളീയം
പ്രായേണ ദിവ്യാം ഗിരമന്വകാർഷീൽ. 16

വിശാഖഭൂഭൃദ്വിജയാദികാവ്യൈ-
ര്യ്യദായദാഽപൂജി ശുഭൈസ്ത്വയാസൌ
തദാതദാഽപ്രീയത മാഘമുഖ്യൈ-
രവിപ്രയുക്തേവ സുധാംശവാണി. 17

സ്വഭാഷ സംപോഷിതയായ് ഭവാനാൽ;
സ്വഭാഷ സംപൂജിതമായ് നികാമം;
ഐംഗ്ലേയിയോ, മാനിതയാ[illegible]് മുറയ്ക്കി,-
ബ്ഭാഷാത്രയം തേ പരമാം കു[illegible]ബം! 18

കാട്ടിൽച്ചിരംചുററിയ കൈരളിക്ക
രാജാർഹമാം നൂതനഗദ്യമാർഗ്ഗം
നിനച്ചു നിർമ്മിച്ചതു നിർവികല്പ-
സാഹിത്യശില്പൻ തിരുമേനിയ[illegible]. 19

വിദ്യാർത്ഥികല്പദ്രുമമേ, ത്വദീയ-
‘വിജ്ഞാനമഞ്ജൂഷ്യ,ദിതം മരന്ദം
നുകർന്നപോതേ, ശുചിഗദ്യതൃഷ്ണാ-
നിവൃത്തിയെക്കൈരളിനേടിയുള്ളൂ. 20

സ്വമാതൃഭാഷാഭജനോപദേശം
തരാനപേക്ഷിച്ചുതൊഴുന്ന ഞങ്ങൾ
ഭഞ്ജിയ്ക്കുകില്ലല്ലി, ഭരം ന്യസിച്ച
ഭവാന്റെയസ്സ്വസ്സുഖവിശ്രമത്തെ? 21

തൽപാദപീഠാർപ്പണയോഗ്യവാക്യ-
ഭിക്ഷയ്ക്കു തെണ്ടുന്ന കൃതജ്ഞതേ, നീ
അർത്ഥോത്തരോദാരതദീയസൂക്തി-
പ്പടിക്കലേ ചെന്നു കരംമലർത്തു! 22

സുപ്തോത്ഥിതേ, കേരളവർമ്മദേവ-
പാദസ്മൃതേ, ശാന്തിവിശുദ്ധികൾക്കായ്
തദന്ത്യശയ്യാഘനസാരസാര,-
മപ്പട്ടടച്ചാമ്പൽ ധരിയ്ക്കു നമ്മൾ! 23



നമ്മുടെ സാഹിത്യചക്രവർത്തി

ഉള്ളൂർ

കേര[ള]വർമ്മദേവൻ! എത്ര ശോഭനവും ശ്രുതിമധുരവും, പാവനവും പ്രാതഃസ്മരണീയവുമായ ഒരു നാമധേയമാണതു്! അൻപതു കൊല്ലത്തിലധികംകാലം അപ്രമേയപ്രഭാവനായ ആ അവതാരപുരുഷൻ ഗൈർവാണീദേവിയുടെ പ്രാണവല്ലഭനായും കൈരളീകുമാരിയുടെ പരിപോഷകനായും സാഹിത്യചക്രവർത്തിപദത്തിൽ സീമാവിഭാഗത്തിൻേറയോ ജാതിമതഭേദത്തിൻേറയോ ചിന്തകൂടാതെ അഭിഷിക്തനായി, വിവിധോപദാനങ്ങൾകൊണ്ടു വിശേഷാൽകൃഷ്ടമായ വിഖ്യാതിനേടി സകല കേരളീയർക്കും സർവ്വഥാ സമാരാധ്യമായ സ്ഥാനത്തിൽ സമുല്ലസിച്ചു, സഫലമായി ലോകസേവനംചെയ്തു. കേരളകാളിദാസനെന്നും മഹാകവിമൂർദ്ധന്യനെന്നും സകലകലാകുശലനെന്നും സർവ്വതന്ത്രസ്വതന്ത്രനെന്നും ഭാഷാഗദ്യപിതാവെന്നും പരിണതപ്രജ്ഞനെന്നും പണ്ഡിതപാരിജാതമെന്നും സഹൃദയശിരോമണിയെന്നും സൗജന്യരത്നാകരമെന്നും സമസ്തജനബന്ധുവെന്നും ആ മഹാത്മാവിനെ കണ്ടും കേട്ടും പരിചയമുള്ള എല്ലാ ഏതദ്ദേശീയരും വിദേശീയരും അതിശയോക്തിസ്പർശംകൂടാതെ ഐകകണ്ഠ്യേന പ്രശംസിച്ചു. അത്തരത്തിൽ സർവ്വസമ്മതനായ ഒരു സാഹിത്യനേതാവു് അതിനുമുൻപോ അതിൽ പിന്നീടോ നമ്മുടെയിടയിൽ ആവിർഭവിച്ചിട്ടില്ല. ആ പുണ്യശ്ലോകൻ കാലയവനികയ്ക്കുള്ളിൽ തിരോധാനംചെയ്തിട്ടു് ഇന്നേക്കു വർഷം നൂററൊന്നു്മേൽ കഴിഞ്ഞിരിക്കുന്നു എങ്കിലും അവിടുന്നു് ആത്മസാന്നിധ്യത്താൽ അലങ്കരിച്ച ആ രത്നസിംഹാസനം ഇപ്പോഴും ഒഴിഞ്ഞുകിടക്കുകയാണു്. ഇതു് ഒരാകസ്മികസംഭവമല്ല. അനുസന്ധാനംചെയ്യുംതോറും ഇതിൽ അന്തർഹിതമായ ഏതോ ഒരു വസ്തുതത്വമുണ്ടെന്നു നമുക്കു് അനുഭവപ്പെടാതെയിരിക്കുകയില്ല. എന്താണു് ആ തത്വം? അതു് അവിടത്തെ അദൃഷ്ടപൂർവ്വമായ വ്യക്തിമാഹാത്മ്യമല്ലാതെ മറെറാന്നുമല്ല. സഹവാസത്തിൻെറ ഗന്ധംപോലും സഹിക്കാത്ത വിവിധസിദ്ധികൾ ആ അനുഗൃഹീതപുരുഷനിൽ ഏകോപിച്ചു സൌഭ്രാത്രസുഭഗമായ രീതിയിൽ സമ്മേളിക്കുകനിമിത്തമാണു് ആ അത്യുൽകൃഷ്ടപദവി അവിടത്തെ സ്വയംഗ്രഹാശ്ലേഷംചെയ്തതു്. ഏതെല്ലാമാണു് ആ [സിദ്ധി]കളിൽ പ്രഥമഗണനീയങ്ങളെന്നു് അല്പമൊന്നു വിചിന്തനംചെയ്യാം.

ജീവിതം:— ഒന്നാമതായി ആ പൂജ്യപാദൻെറ ജീവിതചരിത്രത്തിലെ ചില സംഭവങ്ങൾ വിഷയഗ്രഹണത്തിൻെറ സൌകര്യത്തെ ഉദ്ദേശിച്ചു നാം പ്രകൃതത്തിൽ അ[നുസ്മരിക്കേണ്ട]തുണ്ടു്. കേരളവർമ്മവലിയ[കോ]യിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് [പ]ള്ളിപ്പുറ[ത്തു] വത്തു മുല്ലപ്പള്ളി നാരായണൻനമ്പൂരിയുടേയും [ചങ്ങനാ]ശ്ശേരി ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ ദേവിയം[മ]തമ്പുരാട്ടിയുടേയും ദ്വിതീയപുത്രനായി ൧൦൨൦-ാമാണ്ടു കുംഭമാസം ൧൦-ാനു അവതരിച്ചു. ൧൦൯൦-ാമാണ്ടു് കന്നിമാസം ൬-ാനു ഒരു മോട്ടോർ അപകടത്തിൽപെട്ടതിൻെറ ഫലമായി മാവേലിക്കരകൊട്ടാരത്തിൽവച്ചു ബ്രഹ്മസായുജ്യം പ്രാപിച്ചു. അറുപത്തൊൻപതിൽപരംകൊല്ലം നീണ്ടുനിന്ന ആ അനർഘജീവിതത്തെ അഞ്ചു ഘട്ടങ്ങളായി വിഭജിക്കാം. ൧൦൫൦-ാമാണ്ടു കർക്കടകം ൨൧-ാനു ആയില്യംതിരുനാൾ മഹാരാജാവു് അവിടത്തെ ബന്ധനസ്ഥനാക്കി ആലപ്പുഴകൊട്ടാരത്തിൽ താമസിപ്പിക്കുന്നതുവരെ പ്രഥമഘട്ടം. അവിടുന്നു് ൧൦൫൫-ാമാണ്ടു ഇടവം ൧൯-ാനു നാടുനീങ്ങി, വിശാഖംതിരുനാൾ മഹാരാജാവു് സിംഹാസനാരൂഢനായ ആ മാസം ൩൧-ാനു-ക്കു മുമ്പുതന്നെ, അവിടത്തെ ബന്ധവിമുക്തനാക്കി തിരുവനന്തപുരത്തുവരുത്തി പ്രേയസിയുമായി യോജിപ്പിക്കുന്നതുവരെ ദ്വിതീയഘട്ടം. ൧൦൬൨-ാമാണ്ടു കർക്കടകം ൩൨-ാനു അവിടത്തെ ബ്രഹ്മവിദ്യോപദേഷ്ടാവും സാഹിത്യദേശികനുമായ ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ ചരമഗതിപ്രാപിക്കുന്നതുവരെ തൃതീയഘട്ടം. ൧൦൭൬-ാമാണ്ടു മിഥുനം ൨-ാനു പ്രാണപ്രേഷ്ഠപ്രണയിനിയായ റാണി ലക്ഷ്മീബായി സി. ഐ. അവിടത്തെ എന്നെന്നേക്കുമായി വിട്ടുപിരിയുന്നതുവരെ ചതുർത്ഥ

ഘട്ടം. തദനന്തരമുള്ള താരതമ്യേന താന്തവും ശാന്തവുമായ ലോകയാത്ര പഞ്ചമഘട്ടം.

പ്രഥമഘട്ടം: – ഈ ഘട്ടങ്ങളിൽ ഒന്നാമത്തേതാണ് കഥാപുരുഷനെ ഭാഗധേയത്തിന്റെ പരമകാഷ്ഠയിൽ എത്തിച്ചതു്. കർമ്മഠനായ പിതാവിന്റേയും വിദുഷിയായ മാതാവിന്റേയും പ്രത്യേകശ്രദ്ധ ആ പുത്രനിൽ ശൈശവത്തിൽതന്നെ വ്യാപരിച്ചു. മാതാവിൽനിന്നും കുലഗുരുവായ തിരുവാപ്പു രാമവാരിയ[illegible]ൽ നിന്നും സംസ്കൃതത്തിലെ പ്രഥമപാ[illegible] അഭ്യസിച്ചതിനുമേൽ ൧൦൩൦-ാമാണ്ട കന്നിമാസത്തിൽ, അന്നു തന്റെ അമ്മാവൻ രാജരാജവർമ്മകോയിത്തമ്പുരാൻ റാണി ലക്ഷ്മീബായിയെ പള്ളിക്കെട്ടുകഴിച്ചു് തിരുവനന്തപുരത്തു താമസിച്ചുവന്നതിനാൽ, മഹാപണ്ഡിതനായ അദ്ദേ[illegible] അന്തേവാസിത്വം ലഭിക്കുന്നതിനുവേണ്ടി, അ[illegible]പോയി ആ കൊല്ലത്തെ വി[illegible]രംഭദിനം മു[illegible]ൽ [illegible]ഭാഷയിൽ ഉൽഗ്രന്ഥ[illegible] പഠിച്ചുതുടങ്ങി. ൧൦൩൪-ാമാണ്ട മീനമാസ[illegible]ിൽ ആ ഗുരുനാഥൻ കാലധർമ്മം പ്രാപ[illegible]കനിമിത്തം അവിടത്തെ ശിഷ്യനായി കഴി[illegible]ുവാൻ കേരളവർമ്മദേവനു നാലരക്കൊല്ലത്തെ ഇട[illegible]യ കിട്ടിയുള്ളു. എങ്കിലും ആ മുഹൂർത്തകല്പമായ കാലത്തിനുള്ളിൽ അവിടുന്നു് പ്രൌഢമനോ[illegible]മവരേയുള്ള ഗ്രന്ഥങ്ങൾ സാങ്ഗോപാങ്ഗമായി അഭ്യസിച്ചു് ഒരു കവീശ്വരനും വൈയാകരണശിരോമണിയുമായി വികസിച്ചുകഴിഞ്ഞിരുന്നു. സംസ്കൃതത്തിനുപുറമേ അമ്മാവനോടുതന്നെ ഇംഗ്ലീഷും വൈക്കത്തു പാച്ചുമൂത്തതിനോടു് ആയുർവ്വേദവും ഇതരഗുരുക്കന്മാരോടു ഹിന്ദുസ്ഥാനി, മഹാരാഷ്ട്രം തുടങ്ങിയ മററുചില ഭാഷകളും ആയിടയ്ക്കുതന്നെ അവിടത്തേക്കു വശമാക്കുവാൻ സാധിച്ചു. കായികാഭ്യാസപദ്ധതികളിലും അവിടുന്നു് അന്യാദൃശമായ കൗശലം സ്വായത്തമാക്കി.

൧൦൩൩-ാമാണ്ട ധനമാസം ൨൭-ാനു മാവേലിക്കര രാജകുടുംബത്തിൽനിന്നു ലക്ഷ്മീബായി എന്നും പാർവ്വതീബായി എന്നും തിരുനാമമുള്ള രണ്ടു രാജകുമാരിമാരെ ഉത്രംതിരുനാൾ മഹാരാജാവു സന്തതിവിച്ഛേദം വന്നുപോയ തന്റെ വംശത്തിന്റെ അഭിവൃദ്ധിക്കായി ദത്തെടുത്തു. റാണി ലക്ഷ്മീബായി ആററിങ്ങൽ മൂത്തതമ്പുരാനുമായി. ആ തമ്പുരാട്ടിക്കു് ഉചിതനായ വരനെ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ തിരുമനസ്സിലേക്കു യാതൊരു പ്രയാസവും നേരിട്ടില്ല. ആ ആകാരസൌഷ്ഠവം, ആ മേധാബലം, ആ വൈദുഷ്യധോരണി, ആ സൗശീല്യസമ്പത്തു്, ഇത്യാദി മനോവാക്കായശക്തികൾ അവിടുന്നു നമ്മുടെ രാജകുമാരനിൽ മാത്രമേ കണ്ടുള്ളു. എന്തിനു [illegible]ളരെ? ൧൦൩൪-ാമാണ്ട മേടം ൧൩-ാനു കേരള[illegible]ർമ്മദേവൻ ആററിങ്ങൽ മൂത്തതമ്പുരാനെ വ[illegible]വാഹംചെയ്തു വലിയകോയിത്തമ്പുരാൻ എന്നു വലിയ പദവിയിൽ ആരൂഢനായിത്തീർന്നു. സർവ്വാങ്ഗസുന്ദരിയും സൽഗുണസമ്പന്നയും സംഗീതാദികലാഭിജ്ഞയുമായ ഒരു മഹാരാജകുമാരിക്കു സകലപുരുഷസിദ്ധികളുടെയും [illegible]ങ്കേതസൌധമായും സാഹിതീപാരദൃശ്വാവുമായ ഒരു വീരക്ഷത്രിയകുമാരൻ ഭർത്താവായി ലഭിക്കുകയെന്നുള്ളതിനേക്കാൾ എന്തൊരു സൌഭാഗ്യമാണ് കൈവരാനുള്ളതു്? അതുപോലെതന്നെ മറിച്ചും. വധുവിനു സാഹിത്യഗുരു വരൻ; വരനു സംഗീതാചാര്യ വധു. സമഞ്ജസമായ ആ ദാമ്പത്യം അങ്ങനെ വളരെ വിരളമായിമാത്രം സഫലകർമ്മാവാകുന്ന പ്രപഞ്ചശില്പിയെപ്പോലും ചരിതാർത്ഥനാക്കിയിരിക്കണം.

ദ്വിതീയാശ്രമപ്രവേശംകൊണ്ടു കേരളവർമ്മദേവന്റെ ജ്ഞാനസമ്പാദനാസക്തി ശിഥിലമാകുകയല്ല, പ്രത്യുത ദ്വിഗുണീഭവിക്കുകയാണ് ചെയ്തതു്. അന്നു തിരുവനന്തപുരത്തു മഹാരാജാക്കന്മാരുടെ വിശേഷലാളനത്തിനു വിഷയീഭൂതമായി ഒരു അഖിലഭാരതപ്രശസ്തി നേടിയ വിദ്വൽസദസ്സുണ്ടായിരുന്നു. ആ സദസ്സിലെ അങ്ഗങ്ങൾ എല്ലാംതന്നെ പ്രായേണ ചതുശ്ശാസ്ത്രപണ്ഡിതന്മാരുമായിരുന്നു. അവരിൽ കടയം സുബ്ബാദീക്ഷിതർ, കുംഭകോണം ശ്രീനിവാസയ്യങ്കാർശാസ്ത്രികൾ, എന്നിവരിൽനിന്നു വ്യാകരണവും, പണ്ഡിതർ രാമസ്വാമിശാസ്ത്രികളിൽനിന്നു തർക്കവും, ഇലത്തൂർ രാമസ്വാമിശാസ്ത്രികളിൽനിന്നു വേദാന്തവും മന്ത്രശാസ്ത്രവും സമഗ്രമായി അഭ്യസിച്ചു് അക്കാലത്തെ മഹാവിദ്വാന്മാരിൽ അപശ്ചിമനായി. എങ്കിലും ആദ്യംപഠിച്ച വ്യാകരണശാസ്ത്രത്തിൽതന്നെയായിരുന്നു അവിടത്തേക്കു വിശേഷനൈപുണ്യം. ൧൦൩൬-ാമാണ്ടു് അവിടുന്നു രചിച്ച തിരുനാൾപ്രബന്ധവും ൧൦൩൯-ൽ നിർമ്മിച്ച ഹനുമദുത്ഭവം ആട്ടക്കഥയും വായിക്കുന്ന സഹൃദയന്മാർക്കു് ൨൦ വയസ്സു തികയുന്നതിനുമുമ്പിൽ തന്നെ എത്രമാത്രം വശ്യവചസ്സും പണ്ഡിതപ്രവേകനുമായ ഒരു മഹാനായി ആ ശബ്ദബ്രഹ്മ

വിത്തു് അഭ്യുത്ഥാനം ചെയ്തുകഴിഞ്ഞിരുന്നു എന്നു് അനായാസേന ബോധ്യമാകുന്നതാണു്. അതോടുകൂടി അന്നത്തെ ഡർബാർഫിസിഷൻ വെയറിങ്ങും വിശാഖംതിരുനാൾ ഇളയ തമ്പുരാനും മാധവരായർദിവാൻജിയുമായുള്ള നിത്യസഹവാസംകൊണ്ടും സർവോപരി നിസ്തന്ദ്രമായ സ്വപരിശ്രമംകൊണ്ടും ആംഗലഭാഷയിലും അവിടുന്നു് അസാമാന്യമായ പാണ്ഡിത്യം സമ്പാദിക്കുകയുണ്ടായി. ഇപ്രകാരം പ്രായത്തിൽ കവിഞ്ഞ ഒരു പ്രതിഭാവിജൃംഭണം കേരളത്തെ സംബന്ധിച്ചു്, ഒന്നോ രണ്ടോ ഐതിഹ്യങ്ങളെത്തള്ളിനോക്കിയാൽ, അശ്രുതപൂർവമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. അതിനു കേവലം ആചാര്യന്മാരുടെ അധ്യാപനനൈപുണ്യത്തേയോ ശിഷ്യന്റെ അഭ്യാസപൌനഃപുന്യത്തേയോ സാഹചര്യങ്ങളുടെ അനുഗ്രാഹകശക്തിയേയോ നിദാനമാക്കിക്കല്പിക്കുവാൻ നിർവാഹമില്ല. മഹാപുരുഷന്മാരായ ചിലർ അത്യന്തം വിരളമായി അങ്ങിങ്ങു് അവതരിക്കാറുണ്ടു്. പ്രാഗ്ജന്മങ്ങളിൽ സമാർജ്ജിച്ച പരിപൂർണ്ണമായ വിദ്യാസംസ്കാരത്തോടുകൂടിയാണു് അവരവരുടെ ജനനം. അങ്ങനെയുള്ളവരുടെ വിഷയത്തിൽ ആചാര്യന്റെ സമ്മുഖീനതയോ സകൃദുപദേശമോ മതി ആ തേജഃപുഞ്ജങ്ങളെ അവയുടെ സമഗ്രമായ ആകാരത്തിലും പരിമാണത്തിലും പ്രകാശിപ്പിക്കുവാൻ. അത്തരത്തിലുള്ള ഒരു മാഹാത്മ്യശാലിയായിരുന്നു വലിയകോയിത്തമ്പുരാൻ.

ഭാഗ്യവശാൽ ആ കാലഘട്ടത്തിൽ അവിടത്തെ സിദ്ധിവിശേഷങ്ങളേയെല്ലാം വേണ്ടവിധത്തിൽ അറിഞ്ഞു് അഭിനന്ദിക്കുന്നതിനും അനുഗ്രഹിക്കുന്നതിനും സകലകലാനിപുണനായ ഒരു മഹാരാജാവു് വഞ്ചിരാജ്യസിംഹാസനത്തെ അലങ്കരിച്ചിരുന്നു. ആയില്യംതിരുനാൾ തിരുമേനിക്കു ശാസ്ത്രജ്ഞഗോഷ്ഠിയിൽ വാക്യാർത്ഥവിവരണം ചെയ്യുന്നതിനും ഗായകഗോഷ്ഠിയിൽ രാഗാലാപംചെയ്യുന്നതിനും പര്യാപ്തമായ വാസനയും അഭ്യാസവും ഉണ്ടായിരുന്നു. ആ മഹാരാജാവു് വലിയകോയിത്തമ്പുരാന്റെ കായികവും മാനസികവുമായ പ്രാപ്തിയെ പല പ്രകാരത്തിൽ നിഷ്കൃഷ്ടമായി പരീക്ഷിച്ചു; ആ പരീക്ഷകൾ ഓരോന്നിലും അവിടുന്നു് ഉത്തരോത്തരം ഉത്തീർണ്ണനായതു കണ്ടപ്പോൾ ആനന്ദവിവശനായി അഭിമാനപുളകിതനായി അവിടത്തേക്കു് അനവധി അനർഘസമ്മാനങ്ങൾ നല്കി, തന്റെ നൈസർഗ്ഗികമായ വിദ്വൽപ്രണയത്തെ പ്രത്യക്ഷീകരിക്കുകയും ചെയ്തു.

കഥാനായകന്റെ സംസ്കൃതകാവ്യരചന അവിച്ഛിന്നധാരമായി പുരോഗമനംചെയ്തു. ഭാഷയിൽ അവിടുന്നു ഹംസദൂതത്തെ തുടർന്നു മററുചില ആട്ടക്കഥകളും തിരുവാതിരപ്പാട്ടുകളും എഴുതി. മല്ലയുദ്ധം, ശസ്ത്രപ്രയോഗം, അശ്വാരോഹണം, നളികവിദ്യ മുതലായി ക്ഷത്രിയോചിതങ്ങളായ പല ശാരീരികവ്യായാമങ്ങളിലും വൈദഗ്ധ്യം നേടി; മൃഗയാവിനോദത്തിനും ചതുരങ്ഗക്രീഡയ്ക്കുംകൂടി ആ പരിശ്രമങ്ങൾക്കിടയിൽ സമയമുണ്ടാക്കി. അപ്പോൾ വയസ്സു് ഇരുപത്തിരണ്ടേ കഴിഞ്ഞിരുന്നുള്ളു.

ആ അവസരത്തിലാണു് മാധവരായർ ദിവാൻജി താൻ നാട്ടുകാർക്കു് [illegible] ഏർപ്പെടുത്തിയ മലയാംപള്ളിക്കൂടങ്ങളിൽ പഠിക്കുന്ന അധ്യേതാക്കളുടെ ഉപയോഗത്തിനു് ആവശ്യമുള്ള പുസ്തകങ്ങൾ രചിക്കുവാൻ ബുക്കുകമ്മിററി സ്ഥാപിച്ചതു്. ആ പ്രസ്ഥാനത്തെ ആയില്യംതിരുനാൾ മഹാരാജാവിനോടൊപ്പം വിശാഖംതിരുനാൾ തമ്പുരാനും വലിയകോയിത്തമ്പുരാനും അനുകൂലിക്കുകയും, തിരുവനന്തപുരത്തെ പാഠശാലകളിൽ വിവിധവിഷയങ്ങളെ പുരസ്കരിച്ചു ഭാഷയിൽ പ്രസംഗിക്കുകയും ചെയ്തു. ആരംഭത്തിൽതന്നെ ഒരങ്ഗമായി നിയമിതനായ വലിയകോയിത്തമ്പുരാൻ ൧൦൪൨-ൽ ആ സമിതിയിലെ അധ്യക്ഷനായി. വിദ്യാർത്ഥികൾക്കെന്നപോലെ പൊതുജനങ്ങൾക്കും അത്യന്തോപയുക്തങ്ങളായ അനേകം പുസ്തകങ്ങൾ അവിടത്തെ മേൽനോട്ടത്തിൽ പ്രകാശിതങ്ങളായി. അവയിൽ പലതും അവിടുന്നുതന്നെ എഴുതിയുണ്ടാക്കിയവയും ബാക്കിയുള്ളവ അലകും പിടിയും മാററി പ്രസിദ്ധീകരണത്തിനുവേണ്ട സ്വരൂപയോഗ്യതവരുത്തിയവയുമായിരുന്നു. അങ്ങനെ ഒരു വ്യാഴവട്ടക്കാലം കേരളവർമ്മദേവനു് അഭിജ്ഞാഗ്രിമനായ വഞ്ചീശ്വരന്റെ ആദരാതിശയം, ആ തിരുമേനിയുടെ സഹൃദയധുരീണനായ അനുജന്റെ സൗഹാർദ്ദപാരമ്യം, സകലകലാകുശലയായ പ്രിയതമയുടെ സരസപരിചരണം, സർവതന്ത്രസ്വതന്ത്രന്മാരും കവികുലകൂടസ്ഥന്മാരുമായ നിരവധി സരസ്വതീദാസന്മാരുടെ നിത്യസമ്പർക്കം, സമുന്നതമായ സ്ഥാനലാഭത്തിനു് അനുഗുണമായ സൽകീർത്തിലാഭം—എന്നുവേണ്ട ഉത്ഥാനശീലനായ

ഒരു പുരുഷനു സ്പൃഹണീയങ്ങളായി ലോകത്തിൽ ഏതെല്ലാം വസ്തുക്കളുണ്ടോ അവയെല്ലാം യൌവനത്തിൽത്തന്നെ അധീനങ്ങളായിത്തീൎന്നു. മഹതിയായ മാതാവിനു കുടുംബച്ഛിദ്രം നിമിത്തം നേരിട്ട മനഃക്ലേശം ആയില്യംതിരുമനസ്സിലെ കാരുണ്യംമൂലം അവിടുന്നു ൧൦൪൦-ൽ പരിഹരിച്ചു് സ്വശാഖയെ കാൎത്തികപ്പള്ളിയിൽ മാററിത്താമസിപ്പിച്ചു. വിഖ്യാതഗുണിയും അഭിനവവാഗ്ഭടനുമായ തന്റെ ജ്യേ[illegible]ൻ രാജരാജവൎമ്മകോയിത്തമ്പുരാനു് ൧൦[illegible]-ൽ അവിടെ അനന്തപുരത്തുകൊട്ടാരം പ[illegible]ച്ചു് അതിൽ ആ ശാഖയെ പ്രതിഷ്ഠിക്കുന്നതിനുള്ള [illegible]രിതഃസ്ഥിതി ഉണ്ടാക്കിക്കൊടുത്തു. താൻ പിതൃനിൎവിശേഷമായി ആരാധിച്ചുപോന്ന ആ ജ്യേഷ്ഠന്റെ ഉപദേശവും ആശീൎവ്വാദവും അവിടത്തേ നിത്യസമ്പാദ്യങ്ങളായിരുന്നു. അക്കാലത്തു് [illegible]ത്തിൽ ആരാണു് അത്യന്തം [illegible]ാഗ്യവാൻ" [illegible] ചോദ്യത്തിനു "കേരളവൎമ്മ വ[illegible]ിയകോയിത[illegible]മ്പുരാൻ" എന്നല്ലാതെ ആ ൎക്ക[illegible] ഉത്തരംപറവാൻ തോന്നുമായിരുന്നില്ല.

[illegible]ിതീയഘട്ടം:— കാലംമാറി; കാർമേഘപടലങ്ങൾകൊണ്ടു് അന്തരീക്ഷം ഇരുണ്ടു. പ്രഥമഘട്ടത്തിൽനിന്നു ദ്വിതീയഘട്ടത്തിലേക്കു—കോടി സൂൎയ്യപ്രകാശത്തിൽനിന്നു കൊടുംകൂരിരുട്ടിലേക്കു—നാം പ്രവേശിക്കുകയാണു്. നിയതിയുടെ ദുൎഗ്ഗുണങ്ങളിൽ അതിപ്രധാനമായുള്ളതു് അതിന്റെ അസഹിഷ്ണുതയാണെന്നു ഞാൻ വിഭാവനംചെയ്യുന്നു. പ്രകൃത്യാ അതിന്റെ ചൎയ്യ ദാനവിമുഖമാണു്. അബദ്ധത്തിൽ അതു് ആൎക്കെങ്കിലും വിലപിടിച്ച സമ്മാനങ്ങൾ നല്കുന്നുവെങ്കിൽ അതു പലിശയോടും പലിശയ്ക്കുപലിശയോടുംകൂടി തിരിച്ചെടുക്കുന്നതായിരിക്കും അതിന്റെ ഉത്തരക്ഷണത്തിലേ വ്യവസായം. മാധവരായർ മഹാരാജാവുമായി പിണങ്ങി ഉദ്യോഗമൊഴിഞ്ഞുപോയി. അദ്ദേഹത്തിന്റെ സഹപാഠിയായ ശേഷയ്യാശാസ്ത്രികൾ ആ സ്ഥാനത്തിൽ ഉപവിഷ്ടനുമായി; ൧൦൪൭-ാമാണ്ടു ധനു ൯-ാംനു മഹാരാജാവു ഒരു ദീൎഘമായ ഭാരതപൎയ്യടനം കഴിഞ്ഞു വലിയകോയിത്തമ്പുരാനോടൊന്നിച്ചു രാജധാനിയിൽ തിരിച്ചെത്തി. അക്കാലത്തു തന്നെ തിരുമനസ്സിലേക്കു കഥാനായകന്റെ പേരിലുള്ള രസക്ഷയം അങ്കുരിതമായിക്കഴിഞ്ഞിരുന്നു. വിശാഖംതിരുനാൾ തമ്പുരാനും വലിയകോയിത്തമ്പുരാനും ശേഷയ്യാശാസ്ത്രികളും തന്നിക്കെതിരായി തിരുവനന്തപുരത്തു സുസംഘടിതമായ ഒരു ഉപജാപകസംഘത്തിന്റെ നേതാക്കന്മാരാണെന്നു മഹാരാജാവു തെററിദ്ധരിച്ചു. ആ വിരോധാഗ്നി വീശിക്കത്തിക്കുവാൻ വലിയ കോയിത്തമ്പുരാന്റെ ഭാഗ്യത്തിൽ അസൂയാലുക്കളായ പലകൎണ്ണേജപന്മാരും തിരുമേനിയുടെ ചുററും തിങ്ങിക്കൂ[illegible] വിശ്രുതവിദിതനായ വിശാഖംതിരുനാൾ ത[illegible]ുരാന്റെയോ ബ്രിട്ടീഷുഗവൎമ്മെന്റിന്റെ കണ്ണിലുണ്ണിയായ ശേഷയ്യാശാസ്ത്രികളുടേയോ നേൎക്കു തന്റെ കോപം നിഷ്ഫലമാണെന്നു ബുദ്ധിശാലിയായ മഹാരാജാവിനു് അറിവുണ്ടായിരുന്നു. തന്നിമിത്തം താരതമ്യേന അശരണ[illegible]ായ വലിയ കോയിത്തമ്പുരാനെ ലക്ഷ്യമാക്കി അവിടത്തെ വൈരനിൎയ്യാതനാസക്തി അതിന്റെ പ്രചണ്ഡരൂപത്തിൽ പാഞ്ഞു; ഉദാത്തമായ സൗഹാൎദ്ദം ഉൽക്കടവിദ്വേഷമായി മാറി. ൧൦൫൦-ാമാണ്ടു കൎക്കടകമാസം ൨൧-ാംനു മഹാരാജാവു കോയിത്തമ്പുരാനെ ബന്ധനസ്ഥനാക്കി ആലപ്പുഴ കൊട്ടാരത്തിൽ താമസിപ്പിച്ചു. ഇരുപത്തുകൊല്ലത്തോളം ഇടതടവില്ലാതെ നിലനിന്നുപോന്ന സ്നേഹാദരങ്ങൾക്കോ, പതിദേവതയായ ഭാഗിനേയിയുടെ പരിദേവനങ്ങൾക്കോ, പൌരജാനപദന്മാരായ സകലവഞ്ചിക്ഷിതിവാസികളുടേയും ആക്രോശങ്ങൾക്കോ ആ അപ്രതിമപ്രഭാവന്റെ ആജ്ഞാകാങ്ക്ഷ്യത്തെ മൂൎദ്ധകരിക്കുവാൻ സാധിച്ചില്ല. പതിനഞ്ചുമാസത്തോക്കു നീണ്ടുനിന്ന ആ കാരാഗൃഹത്തിലേ ഏകാന്തവാസത്തിനു മേൽ ൧൦൫൧ വൃശ്ചികത്തിൽ അരിപ്പാട്ടു സ്വഗൃഹത്തിൽപോയി താമസിച്ചുകൊള്ളുവാൻ കല്പനകിട്ടി. അങ്ങനെ അവിടത്തെ ബന്ദിശാല അല്പംകൂടി വിശാലമായി. അവിടെയിരുന്നുകൊണ്ടാണു് സാഹിത്യമാൎഗ്ഗത്തിൽകൂടി ആ ഏകശാസകനെ ഉപദൎപ്പണംചെയ്തു് കാരുണ്യപ്രാൎത്ഥനമൂലം അവിടത്തെ അശ്മഹൃദയത്തെ അലിയിച്ചു ബന്ധവിമോചനം സമ്പാദിക്കാമെന്നുള്ള പ്രത്യാശയിൽ "ക്ഷമാപണസഹസ്രം" എന്ന കരുണമയമായ കാവ്യതല്ലജം രചിച്ചു കഥാനായകൻ അങ്ങോട്ടേക്കയച്ചതു്. അവിടത്തെ കവിതയുടെ ശക്തിവിശേഷം പലപ്പോഴും അനുഭവവേദ്യമായിരുന്നമഹാരാജാവാകട്ടെ അഭീഷ്ടദാനംചെയ്യേണ്ടിവരുമെന്നു ഭയപ്പെട്ടു് അതു വായിച്ചുനോക്കിയതേയില്ല. ൧൦൫൫-ാമാണ്ടു ഇടവം ൧൮-ാംനു അവിടുന്നു നാടുനീങ്ങുന്നതുവരെ വലിയ കോയിത്തമ്പുരാനു് അനന്തപുരത്തുകൊട്ടാരം

തന്നെ ബന്ധനാലയമായി കഴിഞ്ഞുകൂടി. നാകത്തിലെ ആനന്ദം പതിനാറുകൊല്ലത്തേക്കു സമ്പൂണ്ണമായി ആസ്വദിച്ച കഥാപുരുഷൻ നരകത്തിലെ യാതനയും അതേവിധത്തിൽ തന്നെ അത്രദീർഘകാലത്തേക്കല്ലെങ്കിലും സമഗ്രമായി അനു[illegible]ച്ചു. അത്തരത്തിൽ ഒരത്യാഹിതം ഏ[illegible] കേരളീയകവിയെയെങ്കിലും അതിനുമുമ്പു ക്ലേശിപ്പിച്ചിട്ടുണ്ടോ? അതാണു് കേരളവമ്മദേവൻെറ ജീവിതകാലത്തിലെ ദ്വിതീയദശ. സങ്കല്പകഥയേക്കാൾ ഹൃദയദ്രവീകരണചണമായ ആ സാക്ഷാൽസംഭവം ഇന്നും വികാരാവേശം കൂടാതെയും ബാഷ്പധാര വാക്കാതെയും ആക്കു സ്മരിക്കാം? "കണ്ടാലാരുംകരയുമലിയും കല്ലൊന്നൊത്തോരു ഹൃത്തും" എന്നു് അവിടുന്നു വിരഹഖിന്നയായ തൻെറ പ്രേയസിയുടെ അവസ്ഥയെ വണ്ണിച്ചിട്ടുണ്ടു്. അതു തന്നെയാണു് ആ ആപൽകഥയെപ്പററി സ്മരിക്കുന്ന സഹൃദയൻേറയും അവസ്ഥ. ആ ഘട്ടത്തിൽ ക്ഷമാപണസഹസ്രത്തിനു പുറമേ, ശത്രുസംഹാരപ്രാത്ഥനാരൂപത്തിൽ യമപ്രണാമശതകം എന്നൊരു കൃതിയും അവിടുന്നു രചിക്കുകയുണ്ടായി. ഉപസ്ഥിതിക്കുവേണ്ടി ആക്കാലത്തിനു മുൻപെന്നപോലെ അന്നും പല ശാസ്ത്രഗ്രന്ഥങ്ങളും സ്വന്തം കൈപ്പടയിൽ പകത്തിയെഴുതി. അവയിൽ പരമപ്രധാനമാണു് മേല്പത്തൂർ ഭട്ടതിരിയുടെ പ്രക്രിയാസവ്സ്വം. അവിടുത്തേ ശിഷ്യന്മാരിൽ പ്രഥമഗണനീയന്മാരായ പ്രിയഭാഗിനേയൻ ഏ. ആർ. രാജരാജവമ്മകോയിത്തമ്പുരാനേയും തുറവൂർ നാരായണശാസ്ത്രികളേയും വ്യാകരണത്തിൽ ഉപരിഗ്രന്ഥങ്ങൾ പഠിപ്പിച്ചതും അരിപ്പാട്ടു താമസിക്കുമ്പോൾതന്നെയാണു്.

തൃതീയഘട്ടം:— അടുത്ത ഘട്ടം ആ വിനിപാതത്തിൽനിന്നുള്ള അഭ്യുത്ഥാനമാണു്. വലിയകോയിത്തമ്പുരാൻ തിരുവനന്തപുരത്തേക്കു തിരിയെപ്പോന്നു. അവിടുത്തേ പത്നീവിരഹദുഃഖം അവസാനിച്ചു; തൻെറ ബഹിശ്ചരപ്രാണനായ വിശാഖംതിരുനാൾ മഹാരാജാവിൻെറ സന്തതസഹവാസസൗഖ്യം വീണ്ടും ലബ്ധമായി. എങ്കിലും അതിനുമുൻപുള്ള വിധിയുടെ ആ കഠിനപ്രഹരം അവിടുത്തേക്കു് അനുനിമിഷം മമ്മഭേദകമായിത്തന്നെ അവശേഷിച്ചു. 'തേജോവധഃ പ്രാണവധാദ്ഗരീയാൻ' എന്ന ആപ്തവാക്യം അത്ഥശൂന്യമല്ല. ഗ്രാഹഗ്രസ്തനായ ആ യൂഥനാഥനെ വിശാഖംതിരുമനസ്സുകൊണ്ടു സങ്കടസരസ്സിൽനിന്നു സമുദ്ധരിച്ചതു ശരിതന്നെ; എന്നാൽ ബന്ധനസ്ഥനാകുന്നതിനുമുൻപുള്ള ആനന്ദമയനെയല്ല, പിന്നെയോ ആതങ്കമയനായ മറെറാരു പുരുഷനെയാണു് ബന്ധനമോക്ഷം ലഭിച്ച അവസരത്തിൽ ലോകം കണ്ടതു്. ആ തിരുമേനിയുടെ അപദാനങ്ങളെ വിശാഖവിജയം മഹാകാവ്യത്തിൽ അവിടുന്നു കീത്തനംചെയ്തു. പുനസ്സംഘടിതമാ[illegible] ബുക്കുകമ്മിററിയിൽ വീണ്ടും അദ്ധ്യക്ഷ[illegible]യി [illegible]ഭാഷാഗദ്യശാഖയെ പൂവ്വാധികം പോഷിപ്പി[illegible] വലിയകൊട്ടാരത്തിലെ ഗ്രന്ഥപ്പുരസ്വച്ഛവും പുഷ്ടിമത്തുമാക്കി. അഭിജ്ഞാനശാകുന്തളം വിവത്തനംചെയ്തു കേരളീയക്കു് ആനന്ദം വളത്തി. അങ്ങനെ പലപ്രകാരത്തിൽ സാഹിതീദേവതയെ സേവിച്ചുകൊണ്ടു് അഞ്ചുകൊല്ലം ഒരുവിധം മനശ്ശാന്തിയോട[illegible] കാലയാപനം ചെയ്തു.

൧൦൬൦-ാമാണ്ടു കക്കടകമാസം [illegible]-ാംനു-വിശാഖംതിരുനാൾ മഹാരാജാവു് [illegible]ശരീരനായി. ൧൦൬[illegible]-കക്കടകം [illegible]നു-ഇലത്തൂർ രാമസ്വാമിശാസ്ത്രികളും [illegible]ദേഹവിയോഗംചെയ്തു. അതോടുകൂടി അവിടുത്തേക്കു ബൃഹൽസാഹിത്യനിമ്മിതിയിലുള്ള ഔൽസുക്യം മിക്കവാറും അസ്തമിച്ചു. വിശാഖംതിരുമേനിയുടെ വാഴ്ചക്കാലത്തുതന്നെ അവിടുത്തേ മുഖപ്രസന്നതയുടെ അടിയിൽ പ്രേക്ഷകന്മാക്കു സാന്ദ്രവും സ്ഥായിയുമായി ഒരു മ്ലാനത ദൃശ്യമായിരുന്നതു് ആ രണ്ടു സംഭവങ്ങളോടുംകൂടി വളരെ വദ്ധിച്ചു.

ചതുത്ഥഘട്ടം:— അതുകഴിഞ്ഞു കേരളകാളിദാസൻെറ ജീവിതത്തിലെ ചതുത്ഥകക്ഷ്യയിലേക്കു നാം കടക്കുന്നു. ൧൦൭൨-ൽ വ്യാഘ്രാലയേശശതകം നിമ്മിച്ചതിൽ പിന്നെ സംസ്കൃതത്തിൽ അവിടുന്നു് ഒന്നാംകിടയിലുള്ള യാതൊരുഗ്രന്ഥവും രചിച്ചില്ല. ശ്രീമൂലകരാമവമ്മമഹാരാജപദപത്മശതകം ആയില്യംതിരുമേനിക്കു് ആദ്യകാലത്തു സമപ്പിച്ചിരുന്നതും പിന്നീടു് ആവശ്യമുള്ള ചില ചില്ലറ മാററങ്ങൾ വരുത്തി ശ്രീമൂലംതിരുനാൾ മഹാരാജാവിനു് ഉപായനീകരിച്ചതുമാണു്. വ്യാഘ്രാലയേശശതകത്തിൻെറ പീഠികയിൽതന്നെ "ഇൗയിടെ സാഹിത്യത്തിൽ അധികപരിശ്രമമില്ലാത്തതിനാലും .. മററും ഇതിനു കവിതാഗുണം അധികമായിട്ടൊന്നുമില്ല" എന്നു് ഔദ്ധത്യപരിഹാര

സൂചകമായെങ്കിലും അവിടുന്നു് പ്രസ്താവിച്ചിരിക്കുന്നു.

എന്നാൽ മലയാളത്തിന്റെ സ്ഥിതി അതല്ലായിരുന്നു. അവിടത്തേക്കു സുഹൃത്തുക്കൾ വൎദ്ധിച്ചു. അവരിൽ പ്രമുഖൻ ഇന്ദുലേഖാകൎത്താവായ ചന്തുമേനോനായിരുന്നു. ൧൦൬൪ മുതൽ ൧൦൭൪-ൽ ചന്തുമേനോൻ മരിക്കുന്നതുവരെ ആ സൗഹാൎദ്ദബന്ധം അഭംഗുരമായി നിലനിന്നു. അമരുകശതകം മലയാളത്തിലേക്കു തൎജ്ജമചെയ്തതു് "സുമതികൾ മണി ചന്തുമേനവൻതൻ കമനി മനീഷിണി[illegible]നിച്ഛയാലേ"യാണെന്നു് അവിടുന്നു് പ്രഖ്യാപിച്ചിട്ടുണ്ടു്. ൧൦൬൪-ാമാണ്ടു മേടമാസം ൨൧-ാം തീയതി കഥാപുരുഷന്റെ ചിരകാംക്ഷയുടേയും [illegible]പ്രണയത്തിന്റേയും ഫലമായി ശ്രീ[illegible]തിരുനാൾ തിരുമേനിയുടെ കാരുണ്യം കൊണ്ടു് [illegible]വനന്തപുരത്തു് ഒരു സംസ്കൃതപാഠ[illegible] സ്ഥാപിതമായി. ആ വി[illegible]ലയത്തിന്റെ പ[illegible]ക്ഷകത്വം കഥാപു[illegible]നിൽതന്നെ നിക്ഷിപ്തമാകുകയുംചെയ്തു. ൧൦൬൩-ാമാണ്ടു മീനമാസം ൧൦-ാംതീയ[illegible]കണ്ടത്തിൽ വറുഗീസ്മാപ്പിള കോട്ടയത്തു മലയാളമനോരമാപത്രം സ്ഥാപിച്ചതു ഭാഷയുടെ പുരോഗതിയിൽ ഒരു മഹാസംഭവമായി കരുതേണ്ടതാണു്. മനോരമയേത്തുടൎന്നു് ആ സതതോത്ഥായി ൧൦൬൭ വൃശ്ചികം ൧൧-ാംതീയതി കവിസമാജം സ്ഥാപിക്കുകയും അതു് ഉത്തരക്ഷണത്തിൽ ഭാഷാപോഷിണിസഭയായി വികസിക്കുകയുംചെയ്തു. സഭയുടെവകയായി ത്രൈമാസികരൂപത്തിൽ ആരംഭിച്ച ഭാഷാപോഷിണീപത്രിക ൧൦൭൩-മുതൽ ഒരു മാസികയായി വളൎന്നു. അവിടത്തേ ഭാഷാകൃതികളിൽ പലതുകൊണ്ടും പ്രധാനമായ മയൂരസന്ദേശത്തിന്റെ ആവിൎഭാവത്തിനു ഭാഷാപോഷിണിയാണു് കാരണം. വറുഗീസ്മാപ്പിള മനോരമയിൽ ഒരു കവിതാപംക്തി ഉൽഘാടനംചെയ്തു് അതിൽ കേരളത്തിന്റെ നാനാഭാഗങ്ങളിൽ താമസിക്കുന്ന കവികളെയെല്ലാം ആദരപൂൎവം പ്രവേശിപ്പിച്ചു് അവരുടെ വാങ്മയങ്ങൾ പ്രസിദ്ധീകരിച്ചു് അപരിചിതന്മാരായ സാഹിത്യകാരന്മാൎക്കു പരിചയത്തിനും പരിചിതന്മാൎക്കു സൗഹാൎദ്ദലാഭത്തിനും വഴിതെളിച്ചു തദ്വാരാ ഭാഷയ്ക്കു് ഉൽക്കൎഷവും അനുവാചകന്മാൎക്കു് ആ വിഷയത്തിൽ അഭിരുചിയും വൎദ്ധിപ്പിച്ചു. ആ പുതിയ പ്രസ്ഥാനത്തിന്റെ ജീവനാഡി വലിയകോയിത്തമ്പുരാനായിരുന്നു. അവിടത്തേ അനുയായിയും ആജ്ഞാകരനുമായി വറുഗീസ്മാപ്പിള ചെയ്ത സാഹിത്യകൈങ്കൎയ്യം സമൃദ്ധഫലമായി പരിണമിച്ചതിൽ ആശ്ചൎയ്യത്തിനു് അവകാശമില്ലല്ലോ. ആ ഹൃദയഹാരിയായ നഭോമണ്ഡലത്തിൽ നിരവധി നക്ഷത്രങ്ങൾ അത്യന്തം ജാജ്വല്യമാനങ്ങളായി പ്രകാശിച്ചിരുന്നു. [illegible]വയുടെയെല്ലാം മദ്ധ്യത്തിൽ അവ ഓരോന്നിന്റേയും പ്രകാശത്തെ ദശഗുണീകരിച്ചുകൊണ്ടു്, അഖണ്ഡവും അകളങ്കവുമായി ഒരു ചന്ദ്രബിംബം അതിന്റെ ശീതളകിരണങ്ങൾ ലോകമെങ്ങും വൎഷിച്ചു. ആ കലാനിധിയാണു് വലിയകോയിത്തമ്പുരാൻ. പക്ഷേ തന്നിമിത്തം ഒ[illegible] പുതിയ ഭാരം അവിടത്തേക്കു വഹിക്കേണ്ടിവന്നു. കേരളത്തിൽ പത്രങ്ങളും മാസികകളും എണ്ണത്തിലും വണ്ണത്തിലും പെരുകിത്തുടങ്ങി. അവ ഓരോന്നിനും ഏതെങ്കിലും ചെറുതരത്തിലുള്ള സാഹിത്യസാഹ്യമെങ്കിലും ചെയ്യുവാൻ അവിടുന്നു നിൎബ്ബന്ധിക്കപ്പെട്ടു. അതിനുപുറമേ അച്ചുകൂടങ്ങളുടെ സംഖ്യവൎദ്ധിച്ചപ്പോൾ അവയിൽനിന്നു ധാരാളം പുസ്തകങ്ങളും മുദ്രിതങ്ങളായിത്തുടങ്ങി. ആ പുസ്തകങ്ങൾക്കു് ഓരോന്നിനും അവിടത്തേ പരിശോധനവേണം; അവതാരികവേണം. "പോകെന്നുചൊല്ലിയാൽ പോകയില്ലാരുമേ" എന്നു ദേവന്മാരെപ്പററി നന്ദികേശ്വരൻ ഗിരിജാകല്യാണത്തിൽ ശ്രീപരമേശ്വരനോടു നിവേദനംചെയ്യുന്നുണ്ടു്. വലിയകോയിത്തമ്പുരാനു് 'പോകെന്നു'ചൊല്ലാൻതന്നെ അറിഞ്ഞുകൂടായിരുന്നു. അതുകൊണ്ടു് നാനാഭേദം കണ്ടുകൊണ്ടു് അവരും കഴിച്ചു. ആ പുതിയ പ്രാരബ്ധത്തെ അനുസ്മരിച്ചുകൊണ്ടാണു് കുഞ്ഞിക്കുട്ടൻതമ്പുരാനു് ൧൦൬൭-ാമാണ്ടുതന്നെ അയച്ച ഒരുകത്തിൽ "വിരളവിരളകാവ്യാലാപകേളിപ്രസംഗഃ-- പ്രചുരതരപരാൎത്ഥോദ്യോഗനിത്യപ്രവൃത്ത്യാ"എന്നു് അവിടുന്നു പരിദേവിച്ചിട്ടുള്ളതു്. ഗ്രന്ഥകാരന്മാരുടെ നിത്യശല്യംകൊണ്ടു് ഇരിക്കപ്പൊറുതിയില്ലാതെയായിട്ടും അവിടുന്നു നീരസമായ ആ പ്രവൃത്തി ആയുരന്തംവരെ അനുസ്യൂതമായി തുടൎന്നുകൊണ്ടുപോയി. ൧൦൭൯-ാമാണ്ടോടുകൂടി ബുക്കുകമ്മിററി പുതിയപുസ്തകങ്ങൾ എഴുതേണ്ടതില്ലെന്നു ഗവൺമെൻറു തീരുമാനിച്ചു. ആ വിഷയത്തിൽ അവിടത്തേ അഭിപ്രായം വിപരീതമായിരുന്നതിനാൽ അതുംമനോവ്യഥയ്ക്കു് ഒരുകാരണമായിത്തീൎന്നു. ആ കൊല്ലം കൎക്കടകമാസം ൧൯-ാംതീയതി അവിടത്തേ പ്രിയമാതാവു് ഐഹികവാസം വെടിഞ്ഞു. പ്രിയതമയുടെ

ആരോഗ്യവും ക്രമേണ ക്ഷയിച്ചുവന്നു. അനപത്യതാദുഃഖത്തിൻെറ ദാരുണത ഏതുതരത്തിലുള്ളതാണെന്നു് അതു് അനുഭവിച്ച മാതാപിതാക്കന്മാക്കേ അറിഞ്ഞുകൂട്ടു. റാണി ലക്ഷ്മിബായിക്കു സന്താനയോഗമില്ലെന്നു് ഉദ്ദേശം പത്തുകൊല്ലത്തിനുമമ്പുതന്നെ ആ തിരുമേനിയും വലിയകോയി[illegible]മ്പുരാനും ഗ്രഹിച്ചിരുന്നു. ആ മനോവേദന[illegible]ക്കിടയിൽ പത്നിക്കു സി. ഐ. എന്ന മഹോന്നതബിരുദവും ഭത്താവിനു സി. എസ്സ്. ഐ എന്ന ഉൽകൃഷ്ടബിരുദവും ഇതരബിരുദങ്ങളും ലഭിച്ചതുകൊണ്ടു എന്തുസന്തോഷമാണുണ്ടാകുക! ൧൦൭൬-ാമാണ്ടു മിഥുനമാസം ൨-ാംതീയതി ആ മനസ്വിനി അവിടത്തെ ഏകാന്തദുഃഖത്തിൽ പതിപ്പിച്ചു സ്വഗ്ഗാരൂഢയായി. "സീമാതീതേ കദനജലധൌ കേരളം തള്ളിവിട്ടാൻ" എന്നു നിഷ്കരുണനായ വിധിയെ സകലജനങ്ങളും പഴിച്ചു. ഫലമുണ്ടോ? വലിയകോയിത്തമ്പുരാൻ തിരുവനന്തപുരത്തു തന്മാത്രശേഷനായി.

പഞ്ചമഘട്ടം:—ആ സംഭവനിബിഡമായ ജീവിതത്തിൻെറ സായാഹ്നമാണു് പഞ്ചമഘട്ടം. കേരളവമ്മദേവൻെറ പ്രേയസി പരമപദത്തിൽ ലയിക്കുന്നതിനു സ്വല്പംമുമ്പു് ൧൦൭൬ വൃശ്ചികം ൧൫-ാംതീയതി മഹാരാജകുടുംബത്തിലേക്കു ദത്തെടുക്കപ്പെട്ട മഹാറാണി സേതുലക്ഷ്മീബായിയുടെയും മഹാറാണി സേതുപാവ്വതിബായിയുടേയും സമത്ഥവും സവ്വതോമുഖവുമായ പരിപോഷണത്തിനു ശ്രീമൂലംതിരുനാൾതിരുമേനി അവിടത്തെയാണു് ചുമതലപ്പെടുത്തിയതു്. അത്യന്തം ആത്മാത്ഥമായ ഭക്തിയോടും ശ്രദ്ധയോടുംകൂടി അവിടുന്നു് ആ കൃത്യം നിവ്വഹിച്ചു. ൧൦൮൦-ാമാണ്ടു് കഥാനായകൻെറ ഷഷ്ട്യബ്ദപൂത്തി നാടെങ്ങും കൊണ്ടാടി. ൧൦൮൭-ൽ ജ്യേഷ്ഠൻ യശശ്ശരീരനായി. ൧൦൮൮-ാമാണ്ടു തുലാമാസം ൨൨-ാംതീയതി മഹാറാണി സേതു പാവ്വതീബായിതിരുമനസ്സുകൊണ്ടു് ഇന്നു തിരുവിതാംകൂർരാജ്യം ജനകാദിരാജഷിമാരെപ്പോലെ വാണരുളുന്ന ശ്രീ ചിത്തിരതിരുനാൾ ബാലരാമവമ്മമഹാരാജാവുതിരുമേനിയെ പ്രസവിച്ചു. ആ സംഭവം കഥാപുരുഷൻെറ വാല്മക്യത്തെ ചരിതാത്ഥമാക്കി. ആ മാസം ൨൫-ാംതീയതി അവിടുന്നു് എനിക്കയച്ച ഒരെഴുത്തിൽ "൧൦൮൯-ാമാണ്ടിനിപ്പുറം ഈ രാജ്യത്തുണ്ടായിട്ടുള്ള ഒരു സന്തോഷവത്തമാനം കണ്ടു് ആനന്ദിക്കുവാൻ എൻെറ വാദ്ധക്യത്തിൽ സംഗതിയായതു ജഗദീശ്വരിയുടെ കാരുണ്യവിലാസംതന്നെ" എന്നു് ആ വൃത്താന്തത്തെപ്പററി പ്രസ്താവിച്ചിരുന്നു. ൧൦൮൯ വൃശ്ചികം ൯-ാംതീയതി അന്നത്തെ ആററിങ്ങൽ ഇളയതമ്പുരാൻ അശ്വതിതിരുനാൾ മാത്താണ്ഡവമ്മ ബി. എ. കൊച്ചുതമ്പുരാനെ പ്രസവിച്ചസംഭവമാണു് പ്രകൃതത്തിൽ സൂചിതമായിട്ടുള്ളതു്.

അക്കാലത്തു വലിയകോയിത്തമ്പുരാൻ [illegible]ർ[illegible]കമായ ശക്തിവൈകല്യംകൊണ്ടും മാനസ[illegible] ഉന്മേഷക്ഷയംകൊണ്ടും സാഹിത്യാദിവ്യാപാരങ്ങളിൽനിന്നു് ഉത്തരോത്തരം വി[illegible]മിച്ചു് അന്തർമ്മുഖനായി, വൈരാഗ്യധനനായി, ആയുശ്ശേഷം നയിക്കുകയായി[illegible] നീലകണ്ഠദീക്ഷിതരുടെ അന്യാപദേശശതകം വിവത്തനംചെയ്തു. ത[illegible]ൻെറ അ[illegible]നും ഗുരുവുമായ രാജരാജവമ്മകോ[illegible]മ്പുരാൻ അ[illegible]തിൽ നാല്പതിൽ[illegible] ശ്ലോകങ്ങൾ വ്യാഖ്യാനിച്ചിരുന്നു എന്നുള്ളതുകൊണ്ടാണു് ആ [illegible]ന്ഥത്തിൽ അവിടത്തേക്കു വിശേഷപ്രതി[illegible]ത്തി ജനിച്ചതു്. അതിൻെറ പ്രസ്താവനയിൽ [illegible]വിടത്തേക്കു സജാതീയദ്വിതീയാക്ഷരപ്രാസാഘടിപ്പിച്ചുകൊണ്ടുള്ള ഭാഷാകാവ്യരചനയിൽ ആദരാതിശയമുണ്ടെന്നു ഊന്നി[illegible]പ്പിച്ചു പറഞ്ഞിരുന്നു. ആ വിഷയം സംബന്ധിച്ചുള്ള വാദങ്ങളിൽ അവിടുന്നു് ആ നിലയിൽനിന്നു രേഖാമാത്രംപോലും വ്യതിചലിച്ചില്ലെങ്കിലും "പ്രാസപ്രയോഗനിയമത്തെയൊഴിച്ചു നവ്യം കാവ്യം" ഒന്നു രചിക്കണമെന്നു എതിർകക്ഷിയുടെ നേതാവായ തൻെറ ശിഷ്യാഗ്രഗണ്യൻ അപേക്ഷിച്ചപ്പോൾ അതിനു വഴിപ്പെട്ടു 'ദൈവയോഗം' എന്ന ലഘുകൃതി നിമ്മിച്ചു. പിന്നീടു് അവിടത്തെ ഭാഷാകൃതികളുടെ കൂട്ടത്തിൽ സ്മരിക്കേണ്ടതു ശ്രീപത്മനാഭപാദപത്മശതകവും സ്തുതിശതകവും മാത്രമാണു്.

"നാലഞ്ചുഭാഷകൾമുഷിഞ്ഞുവൃഥാപഠിച്ചേൻ;
പാലഞ്ചിടുംമൊഴിയുമായ്പലനാൾ-
കഴിച്ചേൻ;
കാലംചതിച്ചു; കരുണാകര! ഞാനിനിത്തു-
ക്കാലഞ്ചുവൻ; കനിവിനോടയികാത്തു
കൊൾക."

എന്നും മററുമാണു് അവിടത്തെ അനുതാപം അവയിൽ ആദ്യത്തെകൃതിയിൽ പൊട്ടിപ്പുറപ്പെട്ടതു്. സ്തുതിശതകമാണു് ഒടു

വില്ത്തേ വാങ്മയം. അതു് ൧൦൮൧-ൽ പ്രസിദ്ധീകൃതമായി. അന്നും അവിടത്തേ കവനകലാകൗശലം അതിന്റെ അത്യുച്ചകോടിയിൽ തന്നെ പരിലസിച്ചിരുന്നു എന്നുള്ളതിനു് അതിലെ പല ശ്ലോകങ്ങളും സാക്ഷ്യംവഹിക്കുന്നു. ഭൂതനാഥപരമായ താഴെക്കാണുന്ന ശ്ലോകം പരിശോധിക്കുക:—

"ശരചാപധരൻ നവീനധാരാ-
ധര ചാരുദ്യുതി ധാർമ്മികാഗ്രഗണ്യൻ
സുരചാരണസേവ്യനാശ്രയം മേ
വരചാമീകരഭൂഷനാഢ്യദേവൻ."

സ്വർഗ്ഗാരോഹണം:— കഴിഞ്ഞു. ആ മോഹനരങ്ഗത്തിനു മുന്നിൽ കാലയവനിക അപ്ര[illegible]ക്ഷിതമായി വീഴുന്നു. അതിൽ വിവിധഭൂമികകൾ [illegible]കരിച്ചു വി[illegible]ധനടനംചെയ്തു വിരനർത്തകനെ ഇ[illegible]പ്രേക്ഷകലോകത്തിനു സ്മരിക്കകല്ലാതെ [illegible]ക്കുവാൻ നിവൃത്തിയില്ല. ൧൦[illegible]൦-ാമാണ്ടു ചി[illegible]ങ്ങമാസം [illegible]വസാനത്തിൽ വൈ[illegible]ത്തുപോയി പെരുംതൃക്കോവിലപ്പനേ[illegible]തിരിയെ [illegible]രിപ്പാട്ടുവന്നു വേലായുധനേയും [illegible]തൊഴുതു[illegible]ണ്ടു തിരുവനന്തപുരത്തേക്കു മടങ്ങി[illegible]യ അവിടത്തേ മോട്ടോർകാർ കായംകുളത്തിനു സമീപം മറിയുന്നു. അയ്യോ! അവിടത്തെ ക്ഷീണ[illegible]ഹൃദയത്തിൽ അതിന്റെ കഠോരാഘാതം ഏല്ക്കുന്നു. തൽക്ഷണംതന്നെ കൂടെയുണ്ടായിരുന്ന ഭാഗിനേയൻ പ്രൊഫെസ്സർ രാജരാജവർമ്മകോയിത്തമ്പുരാൻ അവിടത്തേ പല്ലക്കിൽകയററി മാവേലിക്കരകൊട്ടാരത്തിലേക്കു കൊണ്ടുപോകുന്നു. ആ വിപത്തു സംഭവിച്ചതു കന്നി ൪-ാംതീയതിയാണു്. ൬-ാംതീയതി ആ കൊട്ടാരത്തിൽവച്ചു് ൭൦-ാമത്തെവയസ്സിൽ സകലഭിഷക്കുകളേയും നൈരാശ്യഭരിതരാക്കി, കന്യാകുമാരിമുതൽ കാസർഗോഡുവരെയുള്ള മലയാളികളെ ആകമാനം ദുരന്തദുഃഖത്തിൽ നിമഗ്നരാക്കി, ഗൈർവ്വാണീകൈരളീദേവിമാരെ ഗതഭർത്തൃകകളാക്കി, ദീനാക്രന്ദനംകൊണ്ടു ദിങ്മുഖങ്ങൾ മുഖരിതങ്ങളാകവേ, ആധുനികകാലത്തെ അവതാരപുരുഷന്മാരിൽ അഗ്രഗണ്യനെന്നു കേരളസാഹിത്യത്തെ സംബന്ധിച്ചിടത്തോളം നിസ്സംശയം ഉൽഘോഷിക്കാവുന്ന ആ മഹാത്മാവു് ദേഹത്തെ ചിതാഗ്നിക്കു് ആഹുതികരിച്ചു് ആത്മാവിനെ സച്ചിദാനന്ദജ്യോതസ്സിൽ ലയിപ്പിക്കുന്നു. ആക്കെന്തു ചെയ്യാം? 'പ്രാണിനാം ഗതിരീദൃശീ'! മരിക്കുന്നവർ മറയുന്നു; ഇരിക്കുന്നവർ കരയുന്നു.

സംസ്കൃതകൃതികൾ:— കേരളവർമ്മദേവന്റെ ദീർഘജീവിതംതന്നെ വിവിധരസശബളമായ ഒരു വിശേഷാത്തരകാവ്യമാണെന്നു നാം കണ്ടുവല്ലോ. ഓരോ ദേശത്തേയും സാഹിതീവല്ലഭന്മാരുടെ വാങ്മയങ്ങളെ വിലമതിക്കേണ്ടതു് അതാതു ദേശത്തേയും കാല[illegible]ത്തേയും വിമർശനസിദ്ധാന്തങ്ങളെ ആസ്പദമാക്കി[illegible]ല്ലെങ്കിൽ നാം സ്ഥലജലഭ്രമത്തിനു വിധേയരായി പരപരിഹാസത്തിനു പാത്രീഭവിക്കുകതന്നെ ചെയ്യും. ആ തത്വം അനുസ്മരിക്കാമെങ്കിൽ കഥാനായകനെ അന്നത്തെ സഹൃദയധുരീണന്മാർ അത്ര വളരെ മാനിച്ചിരുന്നതു് എന്തുകൊണ്ടെന്നു ഗ്രഹിക്കുവാൻ വൈഷമ്യമുണ്ടാക[illegible]ന്നതല്ല. എന്നാൽ പ്രകരണത്തിൽ പൗരസ്ത്യരീതി പരിത്യജിച്ചു പാശ്ചാത്യരീതിയെത്തന്നെ ആശ്രയിച്ചു് അവിടത്തേ സാഹിത്യസേവനത്തെ പൗരോഭാഗ്യപുരസ്സരമായി പരിശോധിച്ചാൽപോലും അതു മഹത്തമമാണെന്നു നിഷ്പക്ഷനായ ഏതു നിരൂപകനും ഹൃദയമെന്നു് ഒന്നുണ്ടെങ്കിൽ അതുകൊണ്ടെങ്കിലും സമ്മതിക്കാതെ നിവൃത്തിയില്ല...

ഇരുപത്തഞ്ചോളം കൃതികൾ അവിടുന്നു സംസ്കൃതത്തിൽ രചിച്ചിട്ടുള്ളവയിൽ ൧, വിശാഖവിജയം മഹാകാവ്യം; ൨, ക്ഷമാപണസഹസ്രം; ൩, യമപ്രണാമശതകം; ൪, കംസവധചമ്പു; ൫, തുലാഭാരശതകം; ൬, തിരുനാൾപ്രബന്ധം; ൭, ശൃങ്ഗാരമഞ്ജരിഭാണം; ൮, ശ്രീമൂലകമഹാരാജപാദപത്മശതകം; എന്നിവയ്ക്കു മാന്യസ്ഥാനം കല്പിക്കാവുന്നതാണു. ഇങ്ങനെ ഞാൻ പ്രസ്താവിക്കുമ്പോൾ ഇതരകൃതികൾ നിസ്സാരങ്ങളാണെന്നു് അനുവാചകന്മാർ തെററിദ്ധരിക്കരുതു്. അവിടുന്നു സരസവും സാരവത്തുമായല്ലാതെ ഒരൊററ ശ്ലോകംപോലും എഴുതിട്ടില്ലെന്നു് എനിക്കു സമർത്ഥിക്കുവാൻ സാധിക്കും. എഴുത്തുകളിൽക്കൂടിയും അന്യാദൃശമായ ആ വശ്യവചസ്ത്വം അവിടുന്നു പ്രതിഫലിപ്പിച്ചിരുന്നു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനു് എഴുതുന്ന ഒരു കത്തു് ആ

മഹാകവിക്കുടസ്ഥൻ ആരംഭിക്കുന്നതു് എങ്ങനെയെന്നു പരിശോധിക്കുക.

"കല്യാണമാവഹതു വഃ കരുണാകടാക്ഷ-
കല്ലോലധൂതചരണാനതകല്മഷൗഘം
കല്യാണഭൂമിധരകാർമ്മുകപൂർവ്വപുണ്യ-
ഹല്ലോഹ[illegible]ിതമുദാരതരം മഹസ്സൽ."

പോരെങ്കിൽ ഇതാ മറെറാരു ശ്ലോകം,

"പുഷ്ണാതു പുഷ്കലം വഃ
ശംഭോരംഭോരുഹാരികുചം
പുണ്യഫലം കിമപി മഹഃ
ശംഭോ[illegible]ംഭോരുഹരിമുഖം."

അവിടത്തേ സംസ്കൃതകാവ്യങ്ങളിൽ മികച്ചുനില്ക്കുന്ന ചില സിദ്ധികൾ രസാനുഗുണങ്ങളായ ശബ്ദങ്ങളുടെ വിസ്മയനീയമായ ഘടനാവിശേഷവും പണ്ഡിതമൂർദ്ധന്യന്മാരുടെ ആദരാതിശയത്തെ അനായാസേന ആവർജ്ജിക്കുന്ന മഹാവൈയാകരണത്വവുമാണു്. ആ സിദ്ധികൾ അതിനുമുൻപു കേരളം സമഗ്രമായിക്കണ്ടതു മേല്പത്തൂർ ഭട്ടതിരിയിലും ഒട്ടൊക്കെ അല്പായുസ്സായി അന്തരിച്ചുപോയ അശ്വതിതിരുനാൾ ഇളയതമ്പുരാനിലുമാണു്. കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാനേയും ഇലത്തൂർ രാമസ്വാമിശാസ്ത്രികളേയും അങ്ങിങ്ങു ബാധിച്ചു കാണുന്ന പദകാക്കശ്യം വലിയകോയിത്തമ്പുരാന്റെ സമീപത്തെങ്ങും ഒരവസരത്തിൽപോലും എത്തിനോക്കീട്ടില്ല. ആ അത്ഭുതശൈലി അവിടത്തേക്കു് ൧൦൩൬-ാമാണ്ടു മീനമാസത്തിൽ—കഷ്ടിച്ചു പതിനാറുവയസ്സുമാത്രം തികഞ്ഞപ്പോൾ പോലും—അധീനമായിരുന്നു എന്നു തിരുനാൾപ്രബന്ധം വായിച്ചിട്ടുള്ളവരോടു പറഞ്ഞറിയിക്കേണ്ടതില്ല.

"ദൃപ്യൽപ്രത്യർത്ഥിപൃഥ്വീപരിവൃഢമദസ-
ന്ദോഹനിഹാരധാരാ-
സംഹാരാക്കപ്രകാശായിതബഹുളഭുജാ-
ഗൌരവാടോപശാലീ
ക്ഷീരാംഭോരാശിവീചീവിസ്മരകരുണാ-
തുന്ദിലാപാംഗവിക്ഷാ-
മാധുര്യോദ്രേകദൂരീകൃതനതകദനോ-
രാജതേ രാമരാജഃ".

എന്നിത്തരത്തിൽ പതിനേഴാമത്തെവയസ്സിൽ ആരെങ്കിലും ഒരു ശ്ലോകമെങ്കിലും എഴുതിയതായി സാഹിത്യചരിത്രം നമുക്കു കാണിച്ചുതരുന്നുണ്ടോ? ഇല്ല. അതുമാത്രമല്ല, സംസ്കൃതത്തിലും ഭാഷയിലും ഒന്നുപോലെ ദ്രുതകവനംചെയ്യുന്നതിനും അവിടത്തേക്കു ബാല്യംമുതല്ക്കുതന്നെ കഴിവുണ്ടായിരുന്നു. അറുപത്തഞ്ചുപദ്യങ്ങളും ഒൻപതുഗദ്യങ്ങളും അടങ്ങിയതാണു് തിരുനാൾപ്രബന്ധം; അതു് അവിടുന്നു് ഒരു രാത്രിയിൽ മൂന്നോ നാലോ മണിക്കൂറുമാത്രംവിനിയോഗിച്ചാണു് ഉണ്ടാക്കിയതെന്നു് അറിയുമ്പോൾ ഭാ[illegible]കന്മാർക്കു രോമാഞ്ചമുണ്ടാകുന്നു. ധ്രുവച[illegible]ിത[illegible]ആട്ടക്കഥ പത്തുദിവസംകൊണ്ടും പര[illegible]യം ആട്ടക്കഥ ഒരു രാത്രികൊണ്ടും മയൂരസന്ദേശം വിവിധകൃത്യശതങ്ങളുടെ മദ്ധ്യത്തിൽ നാല്പത്തെട്ടുദിവസംകൊണ്ടും നിർമ്മിച്ചിട്ടുള്ളതാണെന്നും [illegible]ണു്. അവിടത്തേ [illegible]കൃതകാവ്യങ്ങളിൽ മജ്ജനോന്മജ്ജനത്തി[illegible] ഉത്ത[illegible]കാരികൾ മഹാഭാഷ്യാന്തം വ്യാകരണ[illegible] പഠിച്ചിട്ടുള്ള പണ്ഡിതസഹൃദയ[illegible]ണു്. അവിടുന്നുത[illegible]ന്ന ആ വസ്തുത ശൃംഗാരമഞ്ജരി[illegible]ണത്തിൽ,

"സാഹിത്യാമൃതവാരി[illegible]ധരസദൃശീ[illegible]
ഗംഭീരതാം മാനവാ-
വിജ്ഞായൈവ ഭുജംഗപുംഗ[illegible]ഗവീ-
സിദ്ധാന്തസാരാനപി
ദൂരോത്സാരിതമത്സരാഃ ക[illegible]ഗിരാം
ഗഹ്വാസ്ഥതീ കുർവ്വതാ-
മേതത് ദുഷ്ടമദുഷ്ടമേതദിതി ന
സച്ഛന്ദമുദ്ഘുഷ്യതാം."

എന്നപദ്യത്തിൽ മുക്തകണ്ഠം പ്രസ്താവിച്ചിട്ടുണ്ടു്. "അയ്യോ! ആ സംസ്കൃതകവിത!" എന്നു് ഒരിക്കൽ അവിടത്തേ സന്നിധിയിൽ അവിടുന്നു കേൾക്കാതെ എന്നോടു ഭാഷയിലെന്നപോലെ സംസ്കൃതത്തിലും മഹാകവിമൂർദ്ധന്യനായിരുന്ന കുഞ്ഞിക്കുട്ടൻതമ്പുരാൻ ഭയഭക്തിപരവശനായി പറഞ്ഞതു ഞാൻ ഇപ്പോഴും സ്മരിക്കുന്നുണ്ടു്.

ഭാഷാകൃതികൾ; പദ്യം — "സംസ്കൃതകൃതികൾ ഇരിക്കട്ടെ; ഭാഷാകൃതികളോ?" എന്നൊരു ചോദ്യം പൂർവ്വപക്ഷരൂപത്തിൽ ചിലർക്കു പ്രകൃതത്തിൽ ചോദിക്കാം. എനിക്കു് അവരോടു് ഒരു പരമാർത്ഥം പീഠികയായി പ്രസ്താവിക്കേണ്ടതുണ്ടു്. അവിടത്തെപ്പോലെയുള്ള മഹാപണ്ഡിതന്മാരായ കവിശ്രേഷ്ഠന്മാർ അക്കാലത്തു സംസ്കൃതത്തിൽ മാത്രമേ

കവനം ചെയ്തിരുന്നുള്ളു. താൻ ഒരു ഭാഷാകവിയാണെന്ന് അവിടുന്ന് ഒരിക്കലും അഭിമാനിച്ചിരുന്നില്ല. അപാംഗാലോകനംകൊണ്ട് ഭാഷാപദ്യസാഹിത്യത്തെ അനുഗ്രഹിക്കുകമാത്രമായിരുന്നു അവിടുന്നു ചെയ്തത്. "പ്രൗഢസ്ത്രീരസികസ്യ ബാലവനിതാസംഗഃ കഥം രോചതേ?" എന്ന് ഒരു ആപ്തവാക്യമുണ്ട്. അക്കാലത്തെ സാഹിത്യചക്രവർത്തിക്കു ഭാഷയിൽനിന്ന് ആക്രമണം വിട്ടുപിരിയുവാൻ നിർവാഹമില്ലാത്തതിനാലും സംസ്കൃതപണ്ഡിതന്മാരല്ലാത്ത ചില പ്രേഷ്ഠസുഹൃത്തുക്കളുടെ [illegible]ക്ഷകൾ നിരസിക്കുക സാദ്ധ്യമല്ല[illegible]ാലുമാണ് പത്തോളം ഭാഷാകാവ്യങ്ങൾ അവിടത്തേക്കു രചിക്കുവാൻ സംഗതിവന്നത്. അ[illegible]ങ്ങളായി ശോഭിക്കുന്ന [illegible] വാങ്മയങ്ങള[illegible] അഭിജ്ഞാനശാകുന്തളം വിവർത്ത[illegible]യും മയൂരസന്ദേശം സ്വതന്ത്രകൃതിയുമാണ്. [illegible] ഭാഷാസാഹിത്യത്തിൽ രണ്ടു നവീനപദ്ധതികൾ [illegible]ഘാടനംചെയ്തു. അവ[illegible] അവിടത്തെ സാഹിത്യനഭോവീഥിയിലെ [illegible]ർത്ത്യചന്ദ്രന്മാരായി പരിഗണിക്കാവുന്നതുമാണ്. ഉണ്ണുനീലിസന്ദേശം, കോകസന്ദേശം തുടങ്ങിയ ചില ഭാഷാസന്ദേശകാവ്യങ്ങൾ പ്രാചീനകവികൾ നിർമ്മിച്ചിരുന്നു എന്നുള്ളതു പിന്നീടുള്ള കണ്ടുപിടിത്തമാണ്. അഭിജ്ഞാനശാകുന്തളത്തിന് എത്രയോ തർജ്ജമകൾ പിന്നീട് ആവിർഭവിച്ചു. വലിയകോയിത്തമ്പുരാന്റെ തർജ്ജമയേക്കാൾ തങ്ങളുടേതു നന്നാകണമെന്നുവച്ച് അവരിൽ ഓരോരുത്തരും തങ്ങളാൽ കഴിയുന്നിടത്തോളം അതിലേക്കായി ശ്രമിച്ചുനോക്കി. എന്നിട്ടെന്തായി ഫലം? കാലംകൊണ്ട് ഒന്നാമതായ തർജ്ജമതന്നെ കാര്യംകൊണ്ടും ഒന്നാമതായി ഇന്നും അവശേഷിക്കുന്നു. ചില ശ്ലോകങ്ങളിൽ സംസ്കൃതപദപ്രയോഗം വേണ്ടതിലധികമായിപ്പോയെന്ന് അവിടുന്നുതന്നെ സമ്മതിച്ചിട്ടുണ്ട്. അതിനുള്ള മാർക്കു കുറച്ച് ആ തർജ്ജമയെ മററുള്ളവയുമായി തോലനം ചെയ്താലും എങ്ങനെയാണ് അതു പ്രഥമസ്ഥാനത്തിൽതന്നെ അടിയുറപ്പിച്ച് അജയ്യമായി നിലകൊള്ളുന്നത്? അതിന്റെ കാരണങ്ങളെ ഇവിടെ വിവരിക്കുന്നില്ല. ആ വസ്തുസത്ത ചൂണ്ടിക്കാണിക്കുകമാത്രമേ ചെയ്യുന്നുള്ളു.

മയൂരസന്ദേശത്തിന് അന്യത്ര ദർശനീയങ്ങളല്ലാത്ത ചില ഗുണവിശേഷങ്ങളുണ്ട്. മേഘസന്ദേശം അതിനെ അദ്ധ്യാസനം നല്കി ആദരിക്കണമെന്ന് ആരും വാദിക്കുന്നില്ല; വാദിക്കുകയുമില്ല. എന്നാൽ ഇതിവൃത്തത്തെ സംബന്ധിച്ചിടത്തോളം കാളിദാസകൃതി കേരളവർമ്മകൃതിക്കു വഴിമാറിക്കൊടുത്തേ മതിയാകൂ. ആദ്യത്തേതിൽ യക്ഷൻ മേഘത്തെ തന്റെ സന്ദേശഹരനാക്കുന്നു. രണ്ടാമത്തേ[illegible]ൽ കവിതന്നെയാണ് മയൂരത്തെ പ്രിയതമയു[illegible] സന്നിധിയിലേക്ക് അയയ്ക്കുന്നത്. ഒന്നു [illegible]ങ്കല്പചിത്രം; മറേറതു സ്വാനുഭവചിത്രം. അതുകൊണ്ടു മയൂരസന്ദേശത്തിനുണ്ടായിട്ടുള്ള മഹിമാതിശയം അനപലപനീയമാണ്. "സ്വാഭാവികാൽ കൃത്രിമമന്യദേവ" എന്ന ലോകനീതിക്കു സഹൃദയഹൃദയംതന്നെയാണു സാക്ഷി. കേരളവർമ്മദേവനെ ദുർവ്വിധി പതിപ്പിച്ച പങ്കത്തിൽനിന്ന് ഒരു ജഗന്മോഹനമായ ചെന്താമരപ്പൂവ് വിരിഞ്ഞു. അതാണ് മയൂരസന്ദേശം. അതിന്റെ കലാശില്പത്തിൽ കരുതിക്കൂട്ടി സ്വഭാവോക്തിസുന്ദരമായ വർണ്ണനത്തിനു പദേപദേ പ്രാധാന്യം നല്കീട്ടുണ്ട്. അരിപ്പാട്ടുനിന്നു തിരുവനന്തപുരത്തേക്കുള്ള മാർഗ്ഗവർണ്ണനത്തിന്റെ തന്മയത്വം [illegible] ആ സന്ദേശത്തിനു വിഷയീഭവിച്ച സംഭവം നടന്നതു എന്ന് അനുസ്മരിച്ച് അന്നത്തെ സ്ഥിതിഗതികൾ ഗ്രഹിച്ചു വായിക്കുന്നവർക്കു വിശിഷ്യ അനുഭവവേദ്യമായിരിക്കും.

"ലീലാരണ്യേ വിഹഗമൃഗയാ-
ലോലനായേകദാ ഞാൻ
നീലാപാംഗേ! കമപി നിഹനി-
ച്ചീടിനേൻ നീഡജത്തെ;
മാലാർന്നാരാൽ മരുവുമിണയെ-
ക്കണ്ടു നീ താം ച നേത്രം
കാലാഗാരം സപദി കൃപയാ
കാതരേ! ചൊല്ലിയില്ലേ?"

എന്ന അഭിജ്ഞാനശ്ലോകം ധ്വനികാവ്യത്തിനു മൂർദ്ധാഭിഷിക്തോദാഹരണമാണ്. ഏതു വൈകടികൻ ഏതു നികഷോപലത്തിൽ മാററുരച്ചുനോക്കിയാലും അതു പത്തരമാററു തങ്കമായി പരിലസിക്കുകതന്നെ ചെയ്യും.

ദൈവയോഗം:— ഉയർന്നുപറക്കാവുന്ന പക്ഷിക്കേ താണുപറക്കുവാനും കഴിയൂ. പ്രാസരഹിതമായി കേരളവർമ്മദേവൻ പുതിയമാതിരിയിൽ നിർമ്മിച്ച ദൈവയോഗത്തിലെ ഇതിവൃത്തഘടനയും പ്രതിപാദനരീതിയും പദപ്രയോഗഘടനയും എല്ലാംതന്നെ പുത്തനാണ്.

"ഉണ്ടായിപണ്ടു വിരുതേറിയ വിരളത്തു
വീട്ടിന്നുമെച്ചമെഴമീച്ചരനെന്നൊരീശൻ"

എന്നെഴുതുന്നതു് 'ധാതാവാദൗ ചമച്ചോരുദകം' എന്നെഴുതിയ കവിതന്നെയാണോ എന്നു് അനുവാചകന്മാൎക്കു പ്രഥമദൃഷ്ടിയിൽ സംശയം തോന്നുവാൻ അവകാശമുണ്ടു്. അത്രമാത്രം അഭിജ്ഞാനശാകുന്തളത്തിൽനിന്നു ഭിന്നമായ ഒരു കാവ്യശൈലിയാണു് കവി ദൈവയോഗത്തിൽ സ്വീകരിച്ചിരിക്കുന്നതു്.

"കൈക്കാണമേകിയവരായതുവാങ്ങുമെന്നു
ലോകപ്രസിദ്ധമതുതെല്ലുമബദ്ധമല്ല;
ഏറെപ്പറഞ്ഞുഫലമെന്തപരാധിയായി-
ജ്ജേലിൽക്കിടന്നുജളനീച്ചരപിള്ള ചത്തു."

എന്ന ഒഴുക്കൻ മലയാളശ്ലോകവും അതിലുള്ളതുതന്നെ. അത്തരത്തിലുള്ള അനേകം ശ്ലോകങ്ങൾ അവിടുന്നു സന്ദർഭവശാൽ വേറെയും രചിച്ചിട്ടുണ്ടു്. സംസ്കൃതത്തിൽ വലിയ വ്യുൽപത്തിയില്ലാതിരുന്ന നടുവത്തച്ഛൻനമ്പൂരിയും മററുമായി ആ ഔചിത്യവേദി അവരുടെ ലളിതഭാഷയിൽതന്നെയാണു് കത്തിടപാടു നടത്തിവന്നതു്. താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങളിൽ ആദ്യത്തേതു നടുവത്തച്ഛനും രണ്ടാമത്തേതു തരവത്ത് അമ്മാളുഅമ്മയ്ക്കും അയച്ചതാണു്.

"പട്ടില്ല നല്ലതിവിടങ്ങളിലൊന്നു പിന്നെ-
ക്കിട്ടി ക്ഷിതിശ്വരി മമ പ്രിയതൻ പ്രസാദാൽ;
കെട്ടിപ്പൊതിഞ്ഞമരുകത്തൊടതിന്നയച്ചേൻ;
പൊട്ടിച്ചുനോക്കിയിതമെങ്കിലെടുത്തുകൊൾക"

"അമ്മാവിനുള്ള തളിർ നവ്യവസന്തലക്ഷ്മി
സമ്മാനമേകുവതു തിന്നുകഴിഞ്ഞിടുമ്പോൾ
അമ്മാ! പുറപ്പെട്ടമിളങ്കുയിലിൻെറ പാട്ടു-
മമ്മാളുവമ്മയുടെ സൂക്തിയുമൊന്നുപോലെ."

ആട്ടക്കഥകൾ:—കേരളവൎമ്മദേവൻെറ ആട്ടക്കഥകൾക്കു പ്രചാരം കുറവായി കാണുന്നതിനു രണ്ടു പ്രധാനകാരണങ്ങൾ ഉണ്ടു്. അവയിൽ ഒന്നു് അവ ആവിർഭവിച്ചകാലത്തു കഥകളിയിൽ ജനങ്ങൾക്കു പൊതുവേ അരോചകം തോന്നിത്തുടങ്ങിയിരുന്നു എന്നുള്ളതും മറെറാന്നു് അവിടത്തേ പാണ്ഡിത്യമണ്ഡിതങ്ങളായ ശ്ലോകങ്ങളും പദങ്ങളും ആസ്വദിക്കുന്നതിനുള്ള സംസ്കൃതഭാഷാജ്ഞാനം അഭിനേതാക്കൾക്കു വളരെ കുറവായിരുന്നു എന്നുള്ളതുമാണു്. ആ കൃതികൾ പത്താംശതകത്തിൻെറ ഉത്തരാൎദ്ധത്തിലാണു് രചിക്കപ്പെട്ടിരുന്നതെങ്കിൽ അവയുടെ ഭാഗധേയം ഇതിനു നേരേ വിപരീതമാകുമായിരുന്നു. അശ്വതിതിരുനാൾ ഇളയതമ്പുരാൻെറ കൃതികളോടു് അവ കിടനില്ക്കുന്നുണ്ടെന്നു മാത്രമല്ല, ചില അംശങ്ങളിൽ ആ കൃതികളെ അതിശയിക്കുകകൂടിച്ചെയ്യുന്നു. നോക്കുക, പത്തൊൻപതാമത്തെ വയസ്സിൽ അവിടുന്നു രചിച്ച ഹനുമദുത്ഭവത്തിലെ ചില [illegible]കൾ!

"ഖണ്ഡിത[illegible]മരമണ്ഡലേഢിതചണ്ഡ
ശോണ്ഡിമമണ്ഡിതം
[illegible]ലാഗ്രമഖണ്ഡ[illegible]ണ്ഡ
ദീധിതിമണ്ഡ[illegible]
ഭുജപരിഘപരില[illegible]ളിതഭുജ[illegible]ജ്ഞ
സൌഭഗ[illegible]
ഭജതി താ[illegible]ഗളനിരൎഗ്ഗള[illegible]ളിത
വാതപിപാസുതാം.
അംബരേചരരിന്നുതൊട്ട[illegible]സ
മമഭേന വസിക്കണം;
ശംബസാദനദാനവൻ മമ സമ്മു[illegible]
സമുപാഗതൻ;
കഠിനതരഖരനഖരപാടിദലിത[illegible]ങ്ഗ
ഖണ്ഡകദംബിതം
ശഠ! നികൃന്തനമിന്നു നിൻെറ കരോമി
ഞാനവിളംബിതം."

ധ്രുവചരിതം, മത്സ്യവല്ലഭവിജയം, പ്രലംബവധം ഇവയും പ്രഥമകക്ഷ്യയിൽ നിലകൊള്ളുന്ന കഥകൾതന്നെയാണു്. ധ്രുവചരിതം ഇന്നും അങ്ങിങ്ങു് ആടാറുണ്ടെന്നു് അറിയുന്നു.

മണിപ്രവാളകവി:—കേരളവൎമ്മദേവൻെറ ഭാഷാകൃതികളെ പൊതുവേ ബാധിക്കുന്ന ഒരു ന്യൂനത അവയിൽ വെണ്മണിപ്രസ്ഥാനക്കാർ നിഷ്കൎഷിച്ച ചില രചനാപരിഷ്കാരങ്ങൾ സാൎവ്വത്രികമായി അങ്ഗീകരിക്കപ്പെട്ടിട്ടില്ല എന്നുള്ളതാണു്. ആ വിഷയത്തിലും സംസ്കൃതപദപ്രയോഗവിഷയത്തിലും അവിടുന്നു സ്വായത്തമായ ശൃങ്ഗാഗ്രത്തിൽനിന്നു കാലം നീങ്ങുംതോറും ഓരോപടിയായി താഴോട്ടിറങ്ങിക്കൊണ്ടുതന്നെ വന്നു; എന്നിട്ടും പിന്നെയും വല്ലപ്പോഴുമല്ലാതെ അവിടത്തേക്കു സാമാന്യജനങ്ങളുമായി

തോളോട്ടുതോളുരുമ്മുന്നതിനു സാധിച്ചില്ല. സ്തുതിശതകത്തിൽ മാത്രമേ പഴയ ശൈലി പാടേ ഭേദപ്പെട്ടിട്ടുള്ളൂ.

ഭാഷാകൃതികൾ, ഗദ്യം:— ഭാഷാഗദ്യത്തിന്റെ വളച്ചയ്ക്കും ഉയച്ചയ്ക്കും കേരളവർമ്മദേവൻ ചെയ്തിട്ടുള്ള സഹസ്രമുഖമായ സാഹായ്യം മനസ്സുകൊണ്ടു പരിച്ഛേദിക്കാവുന്നതോ വാക്കുകൊണ്ടു വർണ്ണിക്കാവുന്നതോ അല്ല. ഭാഷാഗദ്യത്തിന്റെ പിതാവു് എന്നു് അവിടത്തെ അഭിജ്ഞന്മാർ പ്രശംസിക്കുന്നതു് ആ കാലത്തി[...] ഭാഷയിൽ ഗദ്യമേ ഇല്ലായിരുന്നു[...] അർത്ഥത്തിലല്ല. ൧൦൪൨-ാമാണ്ടു മാധവരായർ സ്ഥാപിച്ച ബുക്കുകമ്മിററിയിൽ ആദ്യം അവിടു[...]ത്തുകൊല്ലത്തിൽ അധ്യക്ഷനമായി എന്നു [...]ർവ്വ സൂചിപ്പിച്ചുവല്ലോ. ആദ്യം അ[...]കൊല്ലത്തോളവും പിന്നീടു് ൧൦൫൫ മുതൽ ൧൦൭൦ [...]തിനഞ്ചുകൊല്ലത്തോളവും അവിടുന്നു് ആ[...]ലയിൽ അനേകം പുസ്തകങ്ങൾ വിദ്യാർത്ഥികളുടെ ആവശ്യത്തെ പ്രാധാന്യേന പുര[...]രിച്ചു് എഴുതിയുണ്ടാക്കി. ആ വിഷയത്തിൽ [...]ആയില്യംതിരുനാൾ മഹാരാജാവിന്റെയും വിശാഖംതിരുനാൾ മഹാരാജാവിന്റെയും പരിപൂർണ്ണമായ പ്രോത്സാഹനം അവിടത്തേക്കു സിദ്ധിച്ചിരുന്നു. അവരും ഭാഷാഗദ്യകാരന്മാരായിരുന്നു. പതിനഞ്ചു പുസ്തകങ്ങളോളം അവിടുന്നു ഗദ്യത്തിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ടു്. അവയിൽ ഭൂരിപക്ഷവും അവിടുന്നുതന്നെ ആദ്യന്തം രചിച്ചതും ഏതാനുംചിലതു മിക്കവാറും മാററിയെഴുതിയതുമാണെന്നു നിർദ്ദേശിച്ചുകഴിഞ്ഞു. എല്ലാ പുസ്തകങ്ങളിലും അവിടത്തെ വിദഗ്ദ്ധഹസ്തത്തിന്റെ മുദ്ര പ്രസ്ഫുടമായിത്തന്നെ പതിഞ്ഞിട്ടുണ്ടു്. പ്രയോജനോദ്ദേശമനുസരിച്ചു ശൈലി വ്യത്യാസപ്പെട്ടുകാണും. അക്ബർമുതൽ രണ്ടാംപാഠംവരെയുള്ള പുസ്തകങ്ങളിൽ ആ ശതാവധാനി ഏതെല്ലാം വിധത്തിലുള്ള രീതികളാണു് അംഗീകരിച്ചിട്ടുള്ളതെന്നു ഭാവുകന്മാക്കു് പരിശോധിക്കാവുന്നതാണു്. അക്ബറിലെ ഒന്നാം അദ്ധ്യായം ആരംഭിക്കുന്ന "അസ്തപർവ്വതനിതംബത്തെ അഭിമുഖീകരിച്ചു് ലംബമാനമായ അംബുജബന്ധുബിംബത്തിൽനിന്നും അംബരമദ്ധ്യത്തിൽ വിസ്രമരങ്ങളായി ബന്ധൂകബന്ധുരങ്ങളായ കിരണകന്ദളങ്ങൾ" എന്ന വാചകം വായിച്ചു ബുദ്ധിക്ഷയത്താൽ പുസ്തകം വലിച്ചെറിഞ്ഞുകളയാതെ അല്പം ക്ഷമയോടുകൂടി മേൽവായിച്ചു നോക്കിയാൽ അങ്ങോട്ടങ്ങോട്ടു സംസ്കൃതപദപ്രയോഗം കുറവാണെന്നു കാണുന്നതുകൂടാതെ തങ്ങളുടെ ശ്രമം നിഷ്ഫലമായി എന്ന പശ്ചാത്താപത്തിനു യാതൊരു വിധത്തിലും ഇടയില്ലെന്നു് അവക്കു് ഒടുവിൽ നിശ്ചയമായി ബോധപ്പെടുന്നതുമാണു്." എന്നു് അവിടുന്നു ന[...]ിട്ടുള്ള സാന്ത്വനം സ്മരിക്കാതെ കക്ഷിൽകാന്തു[...]യേന വിധിയെഴുതുവാൻ സാഹസപ്പെടുന്ന[...] അനുകമ്പനീയന്മാരാണെന്നേ പറയേണ്ടതുള്ളൂ. അക്ബർ എഴുതിയ കൈകൊണ്ടുതന്നെയാണു് ആ മഹാപുരുഷൻ രണ്ടാംപാഠത്തിൽ കൊച്ചുവേലുവിന്റെയും കരുവിക്കുട്ടിന്റെയും കഥയും എഴുതിയതു്. "കൊച്ചുവേലു എന്ന കു[...] ഒരു ദിവസം വൈകുന്നേരം ബദ്ധപ്പെട്ടു് ഓടിക്കൊണ്ടു വീട്ടിൽ വന്നു് അമ്മയോടു പറഞ്ഞു. "അമ്മേ! അമ്മേ! എന്റെ മടിയിൽ ഒരുസാധനം ഉണ്ടു്." എത്ര ലളിതവും പ്രസന്നവും സരസവുമായ വസ്തുസ്ഥിതികഥനമാണു് രണ്ടാംപാഠത്തിലും മൂന്നാംപാഠത്തിലുംനിന്നു് അത്തരത്തിലുള്ള പാഠങ്ങൾ പ്രത്യേകമെടുത്തു സാരോപദേശകഥകൾ ഒന്നാംഭാഗം എന്നപേരിൽ അവിടുന്നു പിൻകാലത്തു പ്രസിദ്ധീകരിച്ച പുസ്തകത്തിൽ നമുക്കു കാണാവുന്നതു്! ഇതൊരത്ഭുതമായി പ്രഥമദർശനത്തിൽ തോന്നാം. എന്നാൽ സാഹിത്യലോകത്തിൽ അണിമാദ്യഷ്ടസിദ്ധികൾ സ്വാധീനമാക്കിയ ഒരു അതിമാനുഷവ്യക്തിയെ സംബന്ധിച്ചുനോക്കുമ്പോൾ ഇതു് ഏററവും സ്വാഭാവികമാണെന്നും ഉത്തരക്ഷണത്തിൽ ബോധ്യമാകാതെ ഇരിക്കുകയില്ല. അവിടത്തെ ആദ്യകാലത്തെ സന്മാർഗ്ഗസംഗ്രഹവും വിജ്ഞാനമഞ്ജരിയും ൧൦൪൨-ൽ തന്നെ പാഠ്യപുസ്തകങ്ങളായിരുന്നതിനു രേഖയുണ്ടു്.

ചുരുക്കത്തിൽ അവിടുന്നു് അക്കാലത്തിനു മുൻപുള്ള ഗദ്യഗ്രന്ഥങ്ങളിൽ കണ്ട നാനാവിധങ്ങളായ വൈകല്യങ്ങൾ മനസ്സിലാക്കി അവയുടെ ഉന്മൂലനത്തിനായി പരികരബന്ധനം ചെയ്തു. സംസ്കാരസമ്പന്നവും ചമൽക്കാരപൂർണ്ണവും സർവ്വജനസമ്മതവുമായ ഒരു നവീനഗദ്യസരണി സമുൽഘാടനം ചെയ്തു. ആ സരണിയിൽക്കൂടിത്തന്നെയാണു് അപ്പോഴപ്പോൾ വീണ്ടും ചില പരിഷ്കാരങ്ങൾ ആവശ്യമനുസരിച്ചു വരുത്തി ആധുനികഗദ്യകാരന്മാർ സഞ്ചരിക്കുന്നതു്. അവിടുന്നു് ആദ്യമായി പ്രയോഗിച്ച സുശബ്ദങ്ങൾകൊണ്ടുതന്നെയാണു് അവർ ഇന്നും പല വിഷയങ്ങളിലും കൈകാര്യം ചെ

യുന്നതു്. അവിടത്തെ അഭിജാതമായ ജനനം, ഉൽകൃഷ്ടമായ സാഹചര്യം, സംസ്കൃതത്തിലും ഇംഗ്ലീഷിലുമുള്ള പ്രകൃഷ്ടമായ പാണ്ഡിത്യം, ഇവയെല്ലാം ആ സദ്വ്യവസായത്തെ സമർത്ഥമായി സഹായിച്ചു. അവിടുന്നു ഭാഷാഗദ്യത്തിന്റെ ജന്മദനായ പിതാവല്ലെങ്കിൽ സംസ്കർത്താവായ ആചാര്യൻ, ആയിക്കൊള്ളട്ടെ; ആ പദവിക്കെങ്കിലും അവിടുന്നു് അവകാശിയല്ലെന്നു് ആരെങ്കിലും വാദിക്കുമോ? ആർക്കെങ്കിലും വാദിക്കുവാൻ സാധിക്കുമോ?

അപ്രകാശിതകൃതികൾ:— അപ്രകാശിതങ്ങളായ പ്രാചീനകൃതികളുടെ പ്രസാധനവിഷയത്തിലും വലിയകോയിത്തമ്പുരാൻതന്നെയാണു് പറയത്തക്കനിലയിൽ ആദ്യമായി പരിശ്രമിച്ചതു്. സംസ്കൃതത്തിൽ ലക്ഷ്മീദാസന്റെ ശുകസന്ദേശവും മേല്പുത്തൂർ ഭട്ടതിരിയുടെ ഗോശ്രീനഗരവർണ്ണനവും മാടരാജപ്രശസ്തിയും ഭാഷയിൽ രാമപുരത്തുവാരിയരുടെ അഷ്ടപദിയും നൈഷധചമ്പു, ഭാരതചമ്പു, രാമായണചമ്പുവിലെ പല ഭാഗങ്ങൾ, ചെല്ലൂർ നാഥോദയം എന്നീ കൃതികളും കേരളീയർക്കു വായിക്കുവാൻ ഇടവന്നതു് ആ പരിശ്രമംകൊണ്ടാണു്. വിശാഖംതിരുനാൾ മഹാരാജാവിന്റെ വാഴ്ചക്കാലത്തു് ആയില്യംതിരുനാൾ മഹാരാജാവിന്റെ ശാകുന്തളഗദ്യം പ്രസിദ്ധീകരിച്ചതു് അവിടത്തെ ഭാഷാപോഷണതൽപരതയ്ക്കു് എന്നപോലെ മഹാമനസ്കതയ്ക്കും മകുടോദാഹരണമാകുന്നു.

ഗ്രന്ഥപരിശോധന:— എത്രമാത്രം ക്ഷമാശീലനായാലും ഒരാൾക്കു് ഹൃദയോദ്വേഗജനകമായ ഒരു പ്രവൃത്തിയാണു് മറ്റൊരുത്തന്റെ കൃതികൾ — പ്രായേണ അയാളുടെ കൈപ്പടയിൽ എഴുതീട്ടുള്ളവ — ആപാദചൂഡം പരിശോധിച്ചു തെറ്റുകൾ തിരുത്തി പാഠഭേദങ്ങൾ വരുത്തി കേടുപാടുകൾപോക്കി പ്രസിദ്ധീകരണത്തിനു വേണ്ട രൂപസമ്പത്തി അവയ്ക്കുനേടിക്കൊടുക്കുക എന്നുള്ളതു്; എങ്കിലും ആ ശുഷ്കവും ദുർവ്വഹവുമായ കൃത്യം അവിടുന്നു് ഒരു നിത്യകർമ്മംപോലെ, പ്രത്യവായചകിതനോ എന്നു തോന്നുമാറു്, ആജീവനാന്തം നിർവ്വിഘ്നമായി അനുഷ്ഠിച്ചുപോന്നു. എത്ര മലിനവസ്ത്രങ്ങളെ അവിടത്തെ പാണ്ഡിത്യം വെളുപ്പിച്ചു. എത്ര കുബ്ജകളേയോ അവിടത്തെ ദിവ്യഹസ്തം അപ്സരസ്ത്രീകളാക്കി. സമകാലികന്മാരായ സകലസാഹിത്യകാരന്മാരേയും അവിടുന്നു് സദുപദേശങ്ങൾകൊണ്ടും അവരിൽ അർഹത്തമന്മാരെ സമുചിതമായ സമ്മാനദാനംകൊണ്ടും അനുഗ്രഹിച്ചു. ആ പരഗുണകാംക്ഷിത്വത്തേയും ഭാഷാപോഷണവൈയഗ്ര്യത്തേയും അപൂർവ്വം ചിലർ ആദരിക്കുന്നതിനുപകരം അവഹേളനം ചെയ്യുവാൻകൂടി മുതിർന്നു. അവിടത്തേക്കു ദോഷം കണ്ടുപിടിക്കുവാൻ ശക്തിയില്ലായിരുന്നു എന്നും ആ നയനവ്യാധിക്കു 'കേരളവർമ്മീയം' എന്നു പേരിടാമെന്നുംകൂടി അവരിൽ ചില അപകട[illegible]തികൾ അപവാദം പരത്തി. വാസ്തവ[illegible] അവിടത്തേക്കു ഗുണങ്ങളോടൊപ്പമോ [illegible]മോ ദോഷങ്ങളേയും ദർശിക്കുവാൻ [illegible]ർഗ്ഗികമായ സൂക്ഷ്മദൃഷ്ടിയുണ്ടായിരുന്നു. [illegible]ക്ഷേ പ്രസിദ്ധീകരണത്തിനായി അയച്ചുതന്ന അഭിപ്രായ[illegible] [illegible]ങ്ങളെ പ്രശംസിക്[illegible] [illegible]ളെപ്പററി മൌനം ഭ[illegible] [illegible]ചെയ്തുവന്നു. അതോടുകൂടി കയ്യെഴു[illegible]ത്തന്നെ സകലസ്ഖലിതങ്ങളും ചൂണ്ടിക്കാ[illegible]നിക്കുകയും അവ ആവർത്തിക്കാതെയിരിക്കു[illegible]തിനുള്ള [illegible]ങ്ങൾ നിർദ്ദേശിക്കയും ചെയ്തിരുന്നു. [illegible] നിർദ്ദേശങ്ങളിൽ അസഹമാന[illegible]ന്മാരായി [illegible]തൊന്നും ചിലർ വീണ്ടെടുത്തുകിടന്നു വിദ്യ[illegible]യെടുത്തില്ലെന്നുമില്ല. അവരുടെ തദ്വിഷയക[illegible]മായ സാഹസത്തേയും ആ ഉദാരചരിതൻ [illegible]നുഗ്രഹബുദ്ധിയോടുകൂടി വീക്ഷിച്ചതേയുള്ളൂ. ദോഷപ്രഖ്യാപനവൈമുഖ്യം തനിക്കുണ്ടെന്നു് അവിടുന്നു സമ്മതിച്ചിട്ടുള്ളതാണു്. ദോഷങ്ങളുടെ പ്രകർഷേണയുള്ള ഖ്യാപനത്തെ അവിടുന്നു വർജ്ജിക്കുവാൻ ശ്രമിച്ചു എന്നേ അതിനർത്ഥമുള്ളൂ. പ്രഖ്യാപനം എന്ന പദം അവിടുന്നു പ്രകൃതത്തിൽ ഭാവഗർഭമായാണു് പ്രയോഗിച്ചിട്ടുള്ളതു്. കലാശില്പം എവിടെയുണ്ടായാലും അഭിനന്ദിക്കുന്നതിനുള്ള ഒരു ഹൃദയം അവിടത്തേക്കുണ്ടായിരുന്നു. അതു് പപ്പടകത്തിലായാലും വേണ്ടില്ല; പരസ്യപ്പലകയിൽആയാലും വേണ്ടില്ല; അവയുടെ നിർമ്മാതാക്കളെപ്പോലും പാരിതോഷികംകൊണ്ടു് അഭിനന്ദിക്കുവാൻ അവിടുന്നു് സന്നദ്ധനായിരുന്നു.

ഉന്നതമായ പ്രഭുത്വം, ഉൽകൃഷ്ടമായ ഐശ്വര്യം, അനുരൂപമായ ദാമ്പത്യം, അനന്യസുലഭമായ പാണ്ഡിത്യം, പ്രശസ്യമായ കവിത്വം, പ്രഭൂതമായ യശസ്സു്, ഇത്യാദി വിവിധാനുഗ്രഹങ്ങൾ ഈശ്വരൻ യൌവനാരംഭത്തിൽതന്നെ മുക്തഹസ്തമായി സമ്മാനിച്ചിരുന്ന കേരളവർമ്മ

ദേവനു വേണമെങ്കിൽ അവകൊണ്ടുതന്നെ ജന്മസാഫല്യം സിദ്ധിച്ചതായി കരുതി യാതൊരു കായക്ലേശവും കൂടാതെ കാലയാപനംചെയ്യാമായിരുന്നു. എന്നാൽ അവിടുന്നു സ്വജീവിതത്തെ ഭോഗസാധനമായല്ല പരിഗണിച്ചതു്. അതിനു ധാർമ്മികമായ ഒരു സന്ദേശവാഹകത്വമുള്ളതായി ബാല്യത്തിൽതന്നെ ധരിച്ചു; ആ ധാരണയ്ക്കനുസരിച്ച ദിനകൃത്യങ്ങൾ അനുഷ്ഠിച്ചു. അവിടത്തെ വ്യവസായശീലം സുപ്രസിദ്ധമായിരുന്നു. ഓരോ നിമിഷവും അവിടുന്നു് ഉപയോഗപ്രദമായ രീതിയിൽ [illegible]ഗിച്ചു. വേലതന്നെയായിരുന്ന[illegible] വിശ്രാന്തി; കർമ്മാന്തരം[illegible]യായിരുന്നു കർമ്മനിവൃത്തി. കൃത്യനിഷ്ഠയെ അവിടുന്നു് അ[illegible]ാലെ പാലിക്കുകനിമിത്തമാ[illegible]ങ്ങൾ ചെയ്യു[illegible] [illegible]ജീവം ആ സ്വതന്ത്രസ്വതന്ത്രൻ [illegible]ായ ഒരു വിദ്യാർത്ഥിയായിരുന്നു. [illegible]ഗ്രാഹ്യ[illegible]ളതു് എവിടെക്കണ്ടാലും ഗ്രഹിക്കും; സ്വന്തം മസ്തിഷ്കത്തിൽ എ[illegible]ടെ സംഭരിക്കണമോ അവിടെ സംഭരിക്കു[illegible] മധാബലത്താൽ അതിനെക്കൊണ്ടു് ആവശ്യപ്പെടുന്ന അവസരങ്ങളിലെല്ലാം കൈകാര്യം ചെ[illegible]കയും ചെയ്യും.

ഓരോ ദിവസവും തനിക്കു ലഭിക്കുന്ന ഓരോ നിമിഷകലയും ആ സുഗൃഹീതനാമാവു പരാർത്ഥമായി ഉഴിഞ്ഞുവച്ചു. "സന്ദേഹം വേണ്ട പരനുപകാരത്തിനാകാത്തതെങ്കിൽ— കിം ദേഹംകൊണ്ടൊരു ഫലമിഹ പ്രാണിനാം ക്ഷോണിതന്നിൽ?" എന്ന സദാചാരവാക്യം ആ ലോകഗുരു ഉച്ചരിച്ചതു് ഒരു അനുഭവജ്ഞന്റെ നിലയിലാണു്. ആരോടും ഹൃദയാവർജ്ജകമായ രീതിയിലല്ലാതെ അവിടുന്നു സംസാരിച്ചിരുന്നില്ല; ആദരപൂർവ്വമായല്ലാതെ പെരുമാറിയിരുന്നില്ല. പരേംഗിതജ്ഞാനം അവിടത്തെ പരമസിദ്ധികളിൽ ഒന്നായിരുന്നു. അത്യന്തം മിതമായിരുന്നു അവിടത്തെ സംഭാഷണം; എന്നാൽ വാണീദേവിയുടെ നൃത്തരംഗമായ ആ രസനാഗ്രത്തിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കും അർത്ഥപൂർണ്ണമായിരുന്നു. സ്വതസ്സിദ്ധമായ ഗാംഭീര്യംതോന്നിക്കുന്ന അധൃഷ്യതയെ കരുണാമസൃണമായ കടാക്ഷവീക്ഷണം അഭിഗമ്യതയായി രൂപാന്തരപ്പെടുത്തി. അസൂയ, മാത്സര്യം മുതലായ ദുർഗ്ഗുണങ്ങൾക്കുമാത്രമേ അവിടത്തെ വിശാലമായ ഹൃദയത്തിൽ പ്രവേശനം നിരോധിക്കപ്പെട്ടിരുന്നുള്ളു. സത്യമല്ലാതെ പറയുകയോ ധർമ്മമല്ലാതെ ആചരിക്കുകയോ ചെയ്യുകയില്ലെന്നു് ഒരു നിയമം അവിടത്തേക്കു നിരുപാധികമായി ഉണ്ടായിരുന്നു. ആത്മസാക്ഷിയ്ക്കു വിരുദ്ധമായി അവിടുന്നു കാമംകൊണ്ടോ, ലോഭംകൊണ്ടോ, ഭയംകൊണ്ടോ, യാതൊരു പരീക്ഷാഘട്ടത്തി[illegible] യാതൊന്നും പ്രവർത്തിച്ചില്ല. ആ കർക്കശമായ [illegible]ിർബന്ധത്തിനു വിധേയനാകുകനിമിത്തം തനിക്കു നേരിട്ട ഓരോ നഷ്ടത്തേയും അവിടുന്നു് ലാഭശതമായി പരിഗണിച്ചു. പരാഭ്യുദയകാംക്ഷ അവിടത്തെ [illegible] പ്രകൃതിദത്തമായ ഒരു ഗുണ[illegible]ായിരുന്നു. അതുകൊണ്ടുതന്നെയാണു് പ[illegible]ദോഷങ്ങളുടെ വിഷയത്തിൽ അവിടുന്നു് നയനവികലനും ഏഡമൂകനുമായിത്തീർന്നതു. ആശ്രിതവാത്സല്യം അവിടത്തേക്കുണ്ടായിരുന്നു. ഏതു സൽപുരുഷനാണു് അതില്ലാത്തതു്? എന്നാൽ അതു് 'രക്ഷിതാ സർവ്വലോകാനാം സ്വജനസ്യ ച രക്ഷിതാ' എന്നു വാല്മീകിമഹർഷി ശ്രീരാമനെപ്പറ്റി പറയുന്നവിധത്തിലുള്ള വാത്സല്യമേ ആയിരുന്നുള്ളു. ധനത്തിന്റെ സമ്പാദനത്തിലല്ല, സംവിഭാഗത്തിലാണു് അവിടുന്നു് ആനന്ദിച്ചതു്. സാഹിത്യത്തിന്റെ സമുൽകർഷത്തിനുവേണ്ടി ആത്മാവിനെപ്പോലും ബലികൊടുക്കുവാൻ സർവ്വദാ സന്നദ്ധനായിരുന്ന അവിടത്തേക്കു ധനംകൊണ്ടുള്ള മുഖ്യോപയോഗം സാഹിത്യകാരന്മാരുടെ പ്രോത്സാഹനമാണെന്നു തോന്നിയതിൽ ആശ്ചര്യമുണ്ടോ? തന്റെ സ്ഥാനമഹിമയ്ക്കും ആവശ്യനിർവ്വഹണത്തിനും പര്യാപ്തമായ ആദായമാർഗ്ഗം അവിടത്തേക്കു് ഒരു കാലത്തും ഉണ്ടായിരുന്നില്ല. തന്നിമിത്തം പ്രായേണ അവിടത്തെ വ്യയം ഓരോ മാസത്തിലും ആയത്തെ അതിവർത്തിച്ചിരുന്നു എന്നുള്ള പരമാർത്ഥം പലർക്കും അറിവുള്ളതാണു്. ആ ഒരു കാര്യത്തിൽമാത്രമേ അവിടുന്നു ഹ്രസ്വദൃഷ്ടിയായിരുന്നുള്ളു എന്നു ചിലർ അക്കാലത്തു പറയാറുണ്ടായിരുന്നു. അങ്ങനെ പറയുന്നവരാണു് ഹ്രസ്വദൃഷ്ടികൾ എന്നു വാസ്തവത്തിൽ ദീർഘദൃഷ്ടിയായ അവിടുന്നു കരുതിയിരിക്കണം. ആഡംബരഭ്രമം അവിടത്തെ തീണ്ടിയിരുന്നില്ല. സ്വസൌകര്യത്തിനുവേണ്ടിയുള്ള ചിലവു തുലോം തുച്ഛമായിരുന്നു. നല്ലകാര്യത്തിനു പരാർത്ഥമായി ചിലവുചെയ്യുന്ന പണം പലിശയോടുകൂടി കാലാത്മാവായ ജഗന്നിയന്താവു് ഒരുപ്രകാരത്തിലല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ, ഒരു സ്ഥലത്തല്ലെങ്കിൽ മറെറാരു സ്ഥലത്തു,

ഭാഷാവൃത്തങ്ങൾ

(ആററൂർ കൃഷ്ണപ്പിഷാരടി)

സം[illegible]വൃത്തശൃംഖലയുടേയും പദങ്ങൾ, കീർത്തനങ്ങൾ മുതലായ സംഗീതവൃത്തശൃംഖലയുടേയും ഇടയിൽ അവരണ്ടും കൂട്ടിയിണക്കുന്ന കണ്ണികൾപോലെയിരിക്കുന്നവയാണു ഭാഷാവൃത്തങ്ങളെന്നു പറയാം. ആദ്യമായി വൃത്തങ്ങൾ[illegible]ല്ലാംകൂടിയുള്ള സാമാന്യസ്വരൂപമെന്താണെന്നു നോക്കുക. വൃത്തമെന്ന സംസ്കൃതപദത്തിന്നു സമാനാർത്ഥകമായ ഭാഷാപദമാണു വട്ടം എന്നതു്. ഒരു പ്രത്യേകസ്ഥലത്തുനിന്നു പുറപ്പെട്ടു തിരിയേ വരാതെ മുമ്പോട്ടു സഞ്ചരിച്ചിട്ടും അതേ സ്ഥലത്തുതന്നെ എത്തുന്നതായാൽ ആ സഞ്ചാരമാർഗ്ഗം ഏതെങ്കിലും വൃത്താകൃതിയിലായിരിക്കണമെന്നു തീർച്ചയാണല്ലോ. മാർഗ്ഗത്തിന്നു വളവും ചെരിവുമുണ്ടായാലും ത്രികോണാകൃതിയായാലും സമചതുരാകൃതിയായാലും ഒരു കോണുമില്ലാതെ എല്ലാ ഭാഗവും ഒരേവിധത്തിൽ തന്നെയിരിക്കുന്ന സ്ഥിതിയായാലും വൃത്തശബ്ദത്തിൻെറ വ്യാപകാർത്ഥത്തിൽ എല്ലാം ഉൾപ്പെടുന്നതാണു്. വൃത്തവിശേഷങ്ങൾക്കു ത്രികോണം, ചതുരശ്രം മുതലായ വിശേഷപ്പേരുകളുള്ളതുകൊണ്ടു്, കോണൊന്നുമില്ലാത്ത വൃത്തത്തെ മാത്രമായി വൃത്തമെന്നുപറഞ്ഞുവരുന്നതാകട്ടേ സാമാന്യവാചകമായപദത്തെ വിശേഷാർത്ഥത്തിൽ പ്രയോഗിച്ചുവരാറുള്ള രീതിയനുസരിച്ചാണു്. മലയാളഭാഷയെ ഭാഷ എന്ന പദംകൊണ്ടു നിർദ്ദേശിച്ചു വരുന്നതുപോലെയാണെന്നർത്ഥം. അങ്ങനെ [illegible]ത്തശബ്ദത്തിൻെറ വ്യാപകാർത്ഥമായ [illegible]മെന്നും കാലികമെന്നും രണ്ടു വകയാ[illegible] പന്തു്, പപ്പടം, ചന്ദ്രൻ, പുസ്തകം [illegible]ദിയവയിലെ വൃത്തം ദൈശിക[illegible] മാണ്[illegible] നമുക്കു ബഹിരി[illegible] [illegible]യി ഗ്രഹിക്കാവു[illegible] വല[illegible] കാല[illegible]കവൃത്തമാകട്ടേ അ[illegible] ഭാരതം കി[illegible] യപ്രത്യക്ഷത്തിന്നു വി[illegible]ലായതി[illegible]തല്ല. മന[illegible]സ്സുകൊണ്ടു മാത്രമേ [illegible]ണ്ടു് ഗ്രഹിപ്പാൻ കഴി[illegible]ള്ളൂ. അവസാനമില്ലാതെ നീണ്ടുകിടക്കുന്ന [illegible] കാലശൃംഖലയെ അങ്ങനെയുള്ള ദേശ[illegible] [illegible]യെയെന്നപോലെ ദീർഘചതുരത്തിലാ[illegible] ഗ്രഹിച്ചുവരുന്നതെങ്കിലും, ദി[illegible]വസം,മാസം,വ[illegible]രം തുടങ്ങിയ മഹാകാലഭാഗങ്ങളെ വൃത്താകൃ[illegible]യിലായിട്ടാണു് സങ്കല്പിച്ചു വരുന്നതു്. ഉദയം [illegible]തൽ പിന്നത്തേ ഉദയംവരെയുള്ള കാലഭാഗമാണല്ലോ ഒരു ദിവസമെന്നതു്. അപ്പോൾ സൂര്യനെ ഒരു പ്രത്യേകസ്ഥലത്തു കണ്ടതുമുതൽ തുടങ്ങി ഉയർച്ച താഴ്ച്ചക്രമത്തിൽകണ്ടു, കാണാതായി, വീണ്ടും അതേസ്ഥലത്തുതന്നെ കാണുന്നതിന്നു വേണ്ടിവരുന്ന കാലഭാഗമാണു് ദിവസ

തിരിയെത്തരാതെയിരിക്കുകയില്ല. ആ ബാക്കിനെ ഏതു ത്യാഗിക്കും പരിപൂർണ്ണമായി വിശ്വസിക്കാം.

൧൧൧൦-ാമാണ്ടു കുംഭമാസം ൧൧-ാനു-യാണു് കേരളവർമ്മദേവൻെറ അവതരണാനന്തരമുള്ള ആദ്യത്തേ ശതാബ്ദം സമ്പൂർണ്ണമായതു്. ആ ശുഭാവസരത്തെ നാം സമുചിതമായ ആഡംബരത്തോടുകൂടി ആഘോഷിച്ചില്ലെന്നുള്ളതു നമ്മിൽ ഒരു തീരാക്കളങ്കമായി അവശേഷിക്കുന്നു. പക്ഷേ ഒന്നു ലോകം ഓർമ്മിക്കണം. അവിടത്തേ സജീവവും സഫലവും വിശാലവും വിശ്വതോമുഖവുമായ സാഹിത്യസേവനം കാലലൂതയ്ക്കു മറയ്ക്കുവാനോ കൃതഘ്നതാകിടത്തിനു ഗ്രസിക്കുവാനോ സാധിക്കുന്ന വിധത്തിൽ അത്ര മാത്രം അണുപ്രായമോ അകിഞ്ചിൽകരമോ അല്ല. അനന്തരകാലികന്മാർ ആരാധിച്ചാലും ഇല്ലെങ്കിലും സർവ്വജ്ഞനായ ആ മൃത്യുഞ്ജയൻെറ യശഃകൈലാസം അചഞ്ചലമായി, അഭംഗുരമായി, അമ്ലാനമായി, ആത്മവീര്യം ആവിഷ്കരിച്ചുകൊണ്ടു് ആചന്ദ്രതാരം സമുല്ലസിക്കുകതന്നെചെയ്യും.

മെന്നുള്ളതിനാൽ ദൈശികവൃത്തരീതിയനുസരിച്ച് അതു് ഒരു കാലികവൃത്തരൂപത്തിലാണെന്നും നാം ഗ്രഹിച്ചുവരുന്നു. അപ്രകാരം പല ദിവസവൃത്തങ്ങൾ ഒന്നോടൊന്നു ചേൎന്നുണ്ടായ ഒരു വലിയ കാലികവൃത്തമാണ് മാസം. അതു പലതുംചേൎന്നുണ്ടായ കാലികമഹാവൃത്തമാണ് സംവത്സരം. അനേകം പദ്യങ്ങൾചേൎന്നുണ്ടായ കാവ്യസൎഗ്ഗംപോലെയും അനേകം സൎഗ്ഗങ്ങൾചേൎന്നുണ്ടായ മഹാകാവ്യംപോലെയുമാണെന്നു താല്പൎയ്യം. അങ്ങനെ വൃത്ത[illegible]പങ്ങളായ കാലഭാഗങ്ങളിൽ നമ്മുടെ മ[illegible] ഗ്രഹിക്കാവുന്നേടത്തോളം [illegible] ചെറുതായ കാലികവൃത്തത്തിന്നാണ് നി[illegible]മെന്നും മാത്ര[illegible] പറയുന്നതു്. അതു് [illegible]പക്ഷ [illegible] വരുന്ന കാല[illegible] [illegible]രകാലോ നിമേഷോ മാത്രയാ സമ[illegible]ണം. വൃത്തസ്വരൂപങ്ങളായ മററു കാല[illegible]ങ്ങളിൽ ഒന്നോടൊന്നുള്ള താരതമ്യം അളന്നു[illegible]നാക്കാക്കാനുള്ള ഉപ[illegible]ണങ്ങളിൽവെച്ച് ഏററവും സൂക്ഷ്മമായിരി[illegible]ന്നതു് ഈ മാത്ര എന്ന മാനദണ്ഡമാണ് രണ്ടു ലഘ്വക്ഷരങ്ങൾ ഉച്ചരിപ്പാൻ വേണ്ടിവരുന്ന സമയംകൊണ്ടേ ഒരു ഗുൎവ്വക്ഷരം ഉച്ചരിപ്പാൻ സാധിക്കയുള്ളൂ. അപ്പോൾ ലഘ്വക്ഷരവൃത്തത്തേക്കാൾ ഇരട്ടി വലിപ്പമുള്ള കാലികവൃത്തമാണ് ഗുൎവ്വക്ഷരവൃത്തമെന്നായല്ലോ. ഇത്രയുംകൊണ്ടുതന്നെ ലഘുഗുരുക്കളുടെ ക്രമവ്യവസ്ഥയെക്കൂടി നിയതമാക്കീട്ടുള്ള ഗണവൃത്തങ്ങൾ, ആവക ക്രമത്തിൽ അധികം നിൎബ്ബന്ധമില്ലാതെ ലഘുഗുരുക്കളിൽ ഒന്നുതന്നെയായോ രണ്ടുംകലൎന്നോ ആകെ ഇത്രമാത്രകളുണ്ടായിരിക്കണമെന്നുമാത്രം നിയമമുള്ള മാത്രാവൃത്തങ്ങൾ, എന്നിങ്ങനെ സാമാന്യമായി രണ്ടുവകയായിത്തിരിച്ചിട്ടുള്ള സംസ്കൃതവൃത്തങ്ങളെല്ലാം തന്നെയും ചെറുതും വലുതുമായ ഓരോരോ കാലമാനങ്ങളെക്കാണിക്കുന്ന കാലികവൃത്തഭേദങ്ങളാണെന്നുള്ളതും സിദ്ധമായിക്കഴിഞ്ഞു. എന്നാൽ മനുഷ്യന്റെ ഇന്ദ്രിയങ്ങൾക്കു നിൎമ്മിച്ചിട്ടുള്ള വ്യാപനശക്തിയെന്നപോലെ ബുദ്ധിക്കുള്ള ഗ്രഹണവ്യാപനശക്തിയും ഏതു വിഷയത്തിലും ഒരു പരിമിതിയോടുകൂടിയ തരത്തിലേ ഈശ്വരൻ സൃഷ്ടിച്ചിട്ടുള്ളൂ. അതിനാൽ ലഘുഗുരുക്കൾ വളരെയധികം ചേരുന്നതായാൽ ആവക കാലമാനവൃത്തങ്ങൾ തമ്മിൽ ഒന്നോടൊന്നിന്നു് അല്പമായുള്ളവ്യത്യാസം കേൾക്കുമ്പോൾ തിരിച്ചറിവാൻ നമുക്കു സാധിക്കാതെ വരുന്നതാണു്'. എന്നുവെച്ചാൽ ലഘുഗുരുക്കളായി അമ്പതക്ഷരങ്ങൾ ചേൎന്നാലുണ്ടാകുന്ന കാലമാനവും അമ്പത്തിരണ്ടോ അമ്പത്തിനാലോ അക്ഷരങ്ങൾ ചേൎന്നാലുണ്ടാകുന്ന കാലമാനവും തമ്മിലുള്ളവ്യത്യാസം അക്ഷരങ്ങൾപ്രത്യേകം [illegible]ണ്ണിനോക്കാതെ രണ്ടും കേൾക്കുമ്പോൾത്തന്നെ [illegible]മുക്കു മനസ്സിലാക്കാൻ സാധിക്കുന്നതല്ലെന്നൎത്ഥം. അങ്ങനെയുള്ള കാലമാനങ്ങളുടെ പരസ്പരവ്യത്യാസം ഗ്രഹിപ്പാനാകട്ടെ, കേൾക്കുമ്പോൾതന്നെ വ്യത്യാസം മനസ്സിലാകത്തക്ക വിധത്തിലുള്ള പലഖണ്ഡങ്ങളായി ആവക കാ[illegible]മാനവൃത്തങ്ങളെപ്പിരിക്കേണ്ടിവരുന്നതാണ്. ഇരുപത്താറക്ഷരത്തിലധികം ചേൎന്നിട്ടുള്ള ഛന്ദസ്സുകൾ അധികം പ്രസിദ്ധമല്ലാതെ വരുവാനുള്ള കാരണവും ദണ്ഡകമെന്ന വൃത്തത്തിലെ ഓരോ പാദത്തേയും വീണ്ടും ഓരോമാതിരി വ്യവസ്ഥിതഖണ്ഡങ്ങളായിത്തിരിക്കുന്നതിന്നുള്ള യുക്തിയും മേൽപ്പറഞ്ഞ സംഗതിയാണെന്നു കരുതേണ്ടിയിരിക്കുന്നു. ലഘുഗുരുക്കളുടെ ക്രമവ്യവസ്ഥയെക്കൂടി അവലംബിച്ചോ മാത്രാസംഖ്യയെ മാത്രം അവലംബിച്ചോ ഉള്ള സംസ്കൃതവൃത്തങ്ങളിലെല്ലാംതന്നെയും ആവക ഓരോരോ കാലികവൃത്തങ്ങളേയും അളക്കുന്നതിനുള്ള മാനദണ്ഡമായി ഒരു മാത്രയുള്ള ലഘുവും രണ്ടുമാത്രയുള്ള ഗുരുവുമല്ലാതെ മറെറാരുപകരണത്തെ സ്വീകരിച്ചിട്ടുമില്ല. അങ്ങനെ ഉണ്ടാകുന്ന ഓരോ സംസ്കൃതപദ്യകാലികവൃത്തത്തേയും മുൻപറഞ്ഞ യുക്തിയനുസരിച്ചു നാലു ഭാഗവൃത്തങ്ങൾ ചേൎന്നതാക്കീട്ടാണ് പ്രാചീനന്മാർ നിശ്ചയിച്ചേൎപ്പെടുത്തീട്ടുള്ളതു്. അതുകൊണ്ടാണ് ആ ഓരോ ഭാഗത്തിനും കാൽഭാഗം എന്നൎത്ഥമായ പാദം എന്ന സംജ്ഞയും രണ്ടു കാൽഭാഗം ചേൎന്നതിന്നു പകുതി ഭാഗം എന്നൎത്ഥമായ അൎദ്ധമെന്ന സംജ്ഞയും കൊടുത്തിട്ടുള്ളതും. അപ്രകാരമുള്ള വിഭാഗത്തിൽ നാലു ഭാഗങ്ങളും എല്ലാ അംശങ്ങൾകൊണ്ടും തുല്യങ്ങളാണെങ്കിൽ സമവൃത്തമെന്നും തുല്യങ്ങളല്ലെങ്കിൽ വിഷമവൃത്തമെന്നും പറയുന്നു. ചുരുക്കത്തിൽ ഇങ്ങനെയെല്ലാമാണ് സംസ്കൃതസാഹിത്യവൃത്തങ്ങളിൽ അടങ്ങീട്ടുള്ള തത്വത്തിന്റെ സ്വഭാവം.

ഇനി സംഗീതത്തിലെ പദങ്ങൾ, വൎണ്ണങ്ങൾ, കീൎത്തനങ്ങൾ മുതലായതിന്റെ സ്വഭാവം പരിശോധിക്കാം അവയും കാലമാ

നസ്പത്രപങ്ങളായ ഓരോതരം വൃത്തങ്ങളിൽ നിബദ്ധങ്ങളായിത്തന്നെയാണിരിക്കുന്നതു്. ആ വക വൃത്തങ്ങൾക്കു 'താളവട്ടം' എന്നാണ് ഭാഷയിൽ സാധാരണമായി വ്യവഹരിച്ചുവരുന്നതെന്നേയുള്ളു. ഓരോ താളവട്ടത്തിന്റേയും കാലപരിമാണം സൂക്ഷ[illegible]മായി അളക്കുവാനുള്ള മാനദണ്ഡവും മാ[illegible]യെന്നു പേരായ ചെറിയ കാലികവൃത്തംത[illegible]യാണു്. പക്ഷേ ഒരു ലഘ്വക്ഷരം ഉച്ചരിപ്പാൻ വേണ്ടിവരുന്ന കാലം ഒരു മാത്ര എന്നല്ല അതിലേ സാധാരണനിയമം. ഭരതമുനി മുതലായ പ്രാചീനന്മാരുടെ മാർഗ്ഗസംഗീതമത[illegible]ിൽ അഞ്ചു ലഘ്വക്ഷരങ്ങൾ ഉച്ചരിപ്പാൻവേണ്ട [illegible]കാലമാനം ഒരു മാത്രയെന്നും ദക്ഷിണസംഗീതമതത്തിൽ നാലു ലഘ്വക്ഷരങ്ങൾ ഉച്ചരിപ്പാൻവേണ്ട കാലമാനം ഒരു മാത്രയെന്നുമാണു സാമാന്യനിയമം. അതനുസരിച്ചുനോക്കുമ്പോൾ സംഗീതവൃത്തമായ താളവട്ടത്തിന്റെ കാലപരിമാണം അളക്കാൻ നിയമിച്ചിട്ടുള്ള ഒരു മാത്രയുടെ സ്ഥാനത്തു സംസ്കൃതസാഹിത്യവൃത്തത്തിന്റെ കാലപരിമാണം അളക്കാൻ നിയമിച്ചിട്ടുള്ള മാത്രകൾ നാലോ അഞ്ചോ വരുന്നതാണെന്നു മാത്രമേ അതുകൊണ്ടു വ്യത്യാസം വരുന്നുള്ളു. എന്നുമാത്രമല്ല; സംഗീതവൃത്തങ്ങളായ താളവട്ടങ്ങളിൽ ഒരേജാതി താളംതന്നെ പതിഞ്ഞനിലയിലും മുറുകിയനിലയിലും വരുന്നതുകൊണ്ടു മേൽപ്രകാരമുള്ള മാത്രയുടെ പകുതിയായ രണ്ടു ലഘ്വക്ഷരോച്ചാരണകാലത്തിന്നു ദ്രുതമെന്നും അതിന്റെ പകുതിക്കു് അതിദ്രുതം അല്ലെങ്കിൽ അനുദ്രുതമെന്നും സംജ്ഞകൾ കല്പിക്കയും ഏററവും മുറുകിയനിലയിലുള്ള താളവട്ടത്തിൽ അതിദ്രുതത്തെ മാത്രാസ്ഥാനത്തു സ്വീകരിക്കയുംചെയ്തിട്ടുണ്ടു്. അതിനാൽ സംസ്കൃതസാഹിത്യവൃത്തത്തിലേ ലഘ്വും സംഗീതതാളവട്ടത്തിലെ അതിദ്രുതവും തുല്യമാനവുമാണു്. പ്രധാനമായി മറെറാരംശംകൊണ്ടാണ് സംസ്കൃതവൃത്തവും സംഗീതതാളവട്ടവും വ്യത്യാസപ്പെടുന്നതു്. സംസ്കൃതവൃത്തങ്ങളായ ഛന്ദസ്സുകളിൽ ഒരു മാത്രയുള്ള ലഘ്വോ രണ്ടു മാത്രയുള്ള ഗുരുവോ ആയ അക്ഷരങ്ങൾ ഒന്നിനൊന്നിടതുൻണ്ടായിരിക്കണമെന്നും രണ്ടിലധികം മാത്രകൾ ഒരക്ഷരത്തിന്നും ഉണ്ടായിരിക്കരുതെന്നും നിർബന്ധമായ നിയമമുണ്ടു്. സംഗീതവൃത്തമായ താളവട്ടത്തിലാകട്ടെ, ലഘ്വായും ഗുരുവായും മൂന്നുമാത്രയുള്ള പ്ലുതമായും എന്നല്ല എട്ടും പത്തും അതിലുമധികവും മാത്രകളുള്ളതായും ഒരക്ഷരത്തെ നീട്ടിപ്രയോഗിച്ചു താളവട്ടം ഒപ്പിക്കാവുന്നതാണു്. താളവട്ടത്തിൽ അക്ഷരങ്ങൾ അധികമുണ്ടായിരിക്കുന്നതിനേക്കാൾ ചുരുങ്ങിയിരിക്കുന്നതാണ് സംഗീതാംശഭംഗി വർദ്ധിപ്പിക്കുന്നതും. അതിനാൽ സംഗീതവൃത്തത്തിൽ ഛന്ദോവൃത്തത്തിലെപ്പോലെ അക്ഷരങ്ങൾക്കു സംഖ്യാവ്യവസ്ഥയോ ലഘ്വുഗുരുക്കൾ മാത്രമേ ഉണ്ടായിരിക്കാവൂ എന്ന വ്യവസ്ഥയോ ലഘ്വുഗുരുക്രമവ്യവസ്ഥയോ ഇല്ലെന്നും മാത്രാനുസൃതമായ കാലമാനവ്യവസ്ഥ മാത്രമാണ് [illegible]യിട്ടുള്ളതെന്നുമായല്ലോ.

ഭാഷാ[illegible]ങ്ങളിലാകട്ടേ, അക്ഷരസംഖ്യകൾക്കു [illegible]ന്യമായി ചില വ്യവസ്ഥകൾ കാ[illegible]ടെങ്കിലും [illegible] വല[illegible] നിര[illegible]ന്ധമില്ലെന്ന സം[illegible] ഭാരതം കിളിപ്പാ[illegible]ട്ടു്, കുറത്തിപ്പാട്ടുകൾ മ[illegible]ലായത[illegible] പല ഭാഗങ്ങളും തെളിയിക്കുന്നുണ്ടു്. ല[illegible]ുവിനെ ഗുരുവാക്കിയും ഗുരു[illegible]നെ ലഘ്വ[illegible]ാക്കിയും [illegible]ം പോലെ സ്വീകരിക്കാവുന്നതുകൊണ്ടു ല[illegible]ുഗുരുവ്യവസ്ഥയിലും നിർബന്ധ[illegible] തീരെയി[illegible]ുന്നു വരുന്നു. അവയുടെ ക്രമവ്യവസ്ഥയുടെ കാ[illegible]ര്യം പിന്നെ പറയേണ്ടതില്ലല്ലോ. സംസ്കൃതത്തിലേ മാത്രാവൃത്തങ്ങളിൽപോലും ലഘ്വുഗുരുക്കളെ പരസ്പരം മാററി മാത്ര ശരിയാക്കാൻ അനുവാദമില്ലാതെയാണിരിക്കുന്നതു്. ഇത്രയുംകൊണ്ടുതന്നെ അക്ഷരസംഖ്യയെ മാത്രം ആസ്പദമാക്കിയോ ലഘ്വുഗുരുവ്യവസ്ഥപ്രകാരമുള്ള മാത്രാസംഖ്യയെ ആസ്പദമാക്കിയോ ഭാഷാവൃത്തങ്ങളെ വിഭജിക്കുന്നതും അതനുസരിച്ചു് ഓരോരോ വൃത്തങ്ങൾക്കു ഓരോരോ പേരിടുന്നതും സൂക്ഷ്മസ്ഥിതിയിൽ വേണ്ടേടത്തോളം യുക്തിയുക്തമായിത്തീരില്ലെന്നു വരുന്നു. ഇനി സംഗീതവൃത്തങ്ങൾക്കു പ്രധാനാവലംബമായ കാലമാനമാത്രവ്യവസ്ഥയെപ്പററിയേടത്തോളം ഭാഷാവൃത്തങ്ങളുടെ നിലയെന്താണെന്നു നോക്കാം. സംസ്കൃതവൃത്തപാദത്തിന്റെ കാലമാനത്തെപ്പോലെ സമമോ വിഷമമോ ആയ നാലുഭാഗമായിട്ടല്ല ഭാഷാവൃത്തകാലമാനത്തെ വിഭജിച്ചിട്ടുള്ളതു്. സംഗീതവൃത്തങ്ങളിലെ പല്ലവി, അനുപല്ലവി, ചരണം എന്നീ ഭാഗങ്ങൾക്കു കാണുന്ന കാലമാനതാരതമ്യംപോലെയുള്ള കാലമാനതാരതമ്യവും ഭാഷാവൃത്തഭാഗങ്ങൾക്കില്ല. കാലമാനസമമായ രണ്ടുഭാഗമായിട്ടാണ് മിക്കതും ഭാഷാവൃത്തങ്ങളുടെ വിഭാഗം. ഒരുഭാഗത്തിൽ അക്ഷരസംഖ്യ ഒന്നോ രണ്ടോ പരമാവധിയായി മൂന്നോ മററേ

ഭാഗത്തുള്ളതിനേക്കാൾ കുറഞ്ഞിരുന്നാലും രണ്ടു ഭാഗത്തിന്റേയും കാലമാനം സമമായിരിക്കണമെന്നാണു് സാമാന്യനിയമം. അതുകൊണ്ടുതന്നെ 'പാദാന്തസ്ഥം വികല്പേന' എന്ന സംസ്കൃതവൃത്തന്യായത്താൽ സംസ്കൃതവൃത്തങ്ങളിൽ പാദാവസാനത്തിൽ വരുന്ന ലഘുവിനേയും രണ്ടുമാത്രയുള്ള ഗുരുവായി ഗണിച്ചു കാലമാനം ശരിയാക്കാമെന്നുള്ളതുപോലെ ഭാഷാവൃത്തങ്ങളിലും ഭാഗാവസാനാക്ഷരത്തെ നാലു ലഘ്വക്ഷരോച്ചാരണകാലമായ ഒരു സംഗീതവൃത്തമാത്രയുള്ളതായിട്ടോ പരമാവധിയായി ആറു ലഘ്വക്[illegible]രണകാലമായ ഒരു മാത്ര[illegible]ള്ളതായിട്ടോ കണക്കാക്കാവുന്[illegible]നന്നും അതിലധികം ദീർഘിപ്പിക്കുന്നതേ[illegible]ല്ലാതാവൂ[illegible]ങ്ങളിൽനിന്നു[illegible]വിധമാകുന്നുണ്ടല്ലോ. അ[illegible]ങ്ങനെ രണ്ടു സമഭാ[illegible] ചേർന്ന കാ[illegible]ലികവൃത്തത്തിനു് 'ഈരടി' എന്നാണു് സാധാര[illegible]മായിപ്പറഞ്ഞുവരുന്നതു്. അടി എന്നതിനു താ[illegible]വട്ടം എ[illegible]ർത്ഥം. രണ്ടു താളവട്ട[illegible]ങ്ങളടങ്ങിയ കാലികവൃത്തം എന്നു് ഈരടിശബ്ദ[illegible]ത്തിന്റെ പര്യവസിതാർത്ഥം. ഈരടി എന്നാ[illegible]ൽ "ബാഹുല്യേന വ്യവഹാരാസ്സംഭവന്തി" എന്ന ന്യായംവഴിക്കു ബാഹുല്യമനുസരിച്ചുമാത്രം വന്നുകൂടിയതാണു്. അതിനാൽ ചില ഭാഷാവൃത്തങ്ങ[illegible]ളായ ഈരടികളിൽ രണ്ടുഭാഗങ്ങളും കൂടിയ കാലമാനം ഒരു താളവട്ടം മാത്രമായിട്ടാണിരിക്കുന്നതെങ്കിലും ചിലതിൽ രണ്ടിലധികം താളവട്ടങ്ങൾ ദ്രുതകാലത്തിൽ വരുന്നുണ്ടെങ്കിലും വിരോധമില്ല. അല്ലെങ്കിൽ അടി എന്നതിനു താളമെന്നർത്ഥം. രണ്ടുവക താളങ്ങളടങ്ങിയ കാലികവൃത്തം എന്നു് ഈരടിശബ്ദത്തിന്റെ പര്യവസിതാർത്ഥം. മിക്ക ഭാഷാവൃത്തങ്ങളും രണ്ടുജാതി താളങ്ങൾക്കും യോജിച്ചിരിക്കുന്നതാണു്. ചില വൃത്തങ്ങൾ രണ്ടിലധികം താളജാതികൾക്കും യോജിച്ചുവരുന്നവയായിട്ടുണ്ടു്. ഒരു ജാതി താളത്തിൽ മറ്റൊരുജാതി താളത്തിന്റെ ദ്രുതകാലമാനം അംഗമായിച്ചേർത്തു പ്രയോഗിക്കുന്നതിനു് 'കൂറു്' എന്നു പറഞ്ഞുവരുന്നു. ആദിതാളമായ ഝമ്പടതാളത്തിൽ ഝമ്പതാളം അംഗമാക്കിച്ചേർത്തതു ഝമ്പക്കൂറു്. അടന്തതാളം (അട്ടതാളം) അംഗമാക്കിച്ചേർത്തതു് അടന്തക്കൂറു്. പഞ്ചാരിതാളം (രൂപകതാളം) അംഗമാക്കിച്ചേർത്തതു പഞ്ചാരിക്കൂറു്. ഝമ്പതാളത്തിൽ ഝമ്പടതാളത്തെയാണു് അംഗമാക്കിയതെങ്കിൽ ഝമ്പടക്കൂറു്:-എന്നീമാതിരിയിലെന്നു താൽപര്യം. ഭാഷയിലെ ഈരടികളിലോരോന്നും പല രീതിയിലും ചൊല്ലാവുന്നതാണു്. അങ്ങനെ ചൊല്ലിവരുന്നതുമുണ്ടു്. ചൊല്ലുന്ന രീതിയുടെ മാററംകൊണ്ടു് ഓരോന്നിന്റെയും കാലമാനം മാറുന്നതിനാൽ വൃത്തവും മാറുന്നതാണു്. ഒരു ഈരടിതന്നെ ഒന്നിലധികം വൃത്തങ്ങളായിട്ടാണിരിക്കുന്നതെന്നർത്ഥം. ആ അംശംകൊണ്ടാണു് പദങ്ങൾ, [illegible]ർത്തനങ്ങൾ മുതലായ പാട്ടുകളിൽനിന്നു ഭാഷ[illegible]വൃത്തങ്ങളായ ഈരടികൾ പ്രധാനമായി വ്യത്യാസപ്പെടുന്നതു്. ഓരോ പദവും ഓരോ കീർത്തനവും ഇന്ന രീതിയിൽ ചൊല്ലുകയെന്നും അതിന്നു് ഇന്നജാ[illegible] താളമെന്നും വ്യവസ്ഥയുണ്ടു്. [illegible]ഞ്ഞനിലയിലോ മുറുകിയനിലയിലോ [illegible]ചൊല്ലാമെന്നല്ലാതെ രീതിക്കോ താളജാതികൾക്കോ അവയിൽ മാററംവരുന്നതല്ല. ഈരടികളിൽ ആ വ്യവസ്ഥയില്ല. ചൊല്ലുന്ന രീതിയുടെ ഭേദത്താൽ താളജാതിയും അതിനാൽ വ്യവസ്ഥിതകാലമാനമായ വൃത്തസ്വരൂപവും മാറുന്നതാണെന്നു ചുരുക്കം. അതിനുംപുറമേ, പരമാവധിയായി ഒരു മാത്രയും ഒരു ദ്രുതവുംവരെയ്ക്കു മാത്രമേ ഈരടികളിൽ ഒരക്ഷരത്തിനു കാലമുണ്ടാകാവൂ എന്നും അതുതന്നെയും പ്രായേണ ഭാഗാന്താക്ഷരത്തിനു മാത്രമാണെന്നും മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. പദകീർത്തനാദികളിൽ അങ്ങനെയുള്ള വ്യവസ്ഥയില്ല. ഏതക്ഷരത്തിന്നും എത്രമാത്രയെങ്കിലുമുണ്ടാകാവുന്നതാണു്. ആ സംഗതിയും പദകീർത്തനാദികളിൽനിന്നു് ഈരടികളായ ഭാഷാവൃത്തങ്ങളെ വ്യാവർത്തിപ്പിക്കുന്നുണ്ടു്.

ഇനി ഈരടികൾ ചൊല്ലുന്നതിന്റെ രീതിഭേദത്താൽ വൃത്തവും മാറുമെന്നുള്ള സംഗതി ഒന്നുരണ്ടുദാഹരണങ്ങൾ കാണിച്ചു വിശദമാക്കാൻ നോക്കാം. അതിനു ചില താളങ്ങളുടെ സ്വരൂപങ്ങൾ അല്പമൊന്നു വിവരിക്കേണ്ടതുണ്ടു്. ഝമ്പതാളത്തിന്നു് ഏററവും ചുരുങ്ങിയ കാലമാനം അഞ്ചുമാത്രയാണു്. എല്ലാ ജാതി താളങ്ങൾക്കും കാലമാനം ക്രമത്തിൽ ഇരട്ടിച്ചിരട്ടിച്ചു പോകുന്നതനുസരിച്ചു് അതിധ്രുവം, ധ്രുവം, ചിത്രം, വാർത്തികം, ദക്ഷിണം ഇങ്ങനെ സംജ്ഞകളായി അഞ്ചുമാർഗ്ഗങ്ങളുണ്ടു്. അതുപ്രകാരം ഝമ്പതാളത്തിന്നു് അതിധ്രുവമാർഗ്ഗത്തിൽ അഞ്ചും ധ്രുവമാർഗ്ഗത്തിൽ പത്തും ചിത്രമാർഗ്ഗത്തിൽ ഇരുപതും വാർത്തികമാർഗ്ഗത്തിൽ നാല്പതും ദക്ഷിണമാർഗ്ഗത്തിൽ എൺപതും മാത്രകളാണു ഒരു താളവട്ടത്തിൽ വരുന്നതു്. മററുതാളങ്ങളുടെ സംഗതിയിലും മാർഗ്ഗ

ക്രമം ഈ ന്യായമനുസരിച്ചുതന്നെ കേരളത്തിൽ പ്രസിദ്ധങ്ങളായ പാണ്ടിമേളം, പഞ്ചാരിമേളം മുതലായ വാദ്യപ്രയോഗങ്ങളും സംഗീതത്തിൽ 'പല്ലവി' എന്നഗാനവിശേഷം പാട്ടുന്നതും ഈ മാത്രങ്ങളുടെ ക്രമം മറിച്ചിട്ടു പതിഞ്ഞനിലയായ ദക്ഷിണത്തിൽ തുടങ്ങി മുറുകിയ നിലയായ [illegible]ദ്ധ്രുവത്തിൽ കലാശിക്കുക എന്ന രീ[illegible]ലാണു്. ഝമ്പതാളത്തിന്റെ മുറുകിയ നിലയ്ക്കുള്ള അഞ്ചുമാത്രയിൽ ഒന്നാമത്തേ മാത്രയിലും മൂന്നാമത്തേ മാത്രയിലും കൊട്ടു്, അതായതു് താളം പിടിക്കൽ. ഇവിടെ മാ[illegible]യെന്നുപറഞ്ഞതു് ലഘ്വക്ഷരോച്ചാ[illegible]ണകാലത്തെ[illegible]യാണു്, സംഗീതവൃത്തമാത്രയായ നാലോ അഞ്ചോ ലഘുക്കൾ ചേർന്ന കാലത്തെയല്ല. അതുപ്രകാരമാകുമ്പോൾ ഓരോമാത്രത്തിലും നാലോ അഞ്ചോ ഇരട്ടിച്ച കാലമാനമായിത്തീരുന്നതാണു്. പഞ്ചാരിതാളത്തിന്നു് ആറുമാത്രയാണു കാലമാനം. ഒന്നിലും മൂന്നിലും കൊട്ടു്. അടന്തതാളത്തിന്നു് ഏഴുമാത്ര. ഒന്നിലും നാലിലും കൊട്ടു്. ത്രിപുടതാളത്തിന്നും ഏഴുമാത്രതന്നെ. ഒന്നിലും നാലിലും ആറിലും കൊട്ടുണ്ടെന്നുമാത്രം ഭേദം. ഒന്നു്, മൂന്നു്, നാലു്, ആറു് ഈ മാത്രകളിൽ കൊട്ടുള്ളതായും അതിന്നു പ്രസിദ്ധിയുണ്ടു്. ഝമ്പടതാളത്തിന്നു് എട്ടുമാത്ര. ഒന്നിലും അഞ്ചിലും ഏഴിലും കൊട്ടു്. ഈ താളങ്ങൾക്കാണു് ഭാഷാവൃത്തങ്ങളിൽ അധികം പ്രചാരമുള്ളതു്. ഇനി കൊട്ടുള്ള മാത്രകൾക്കു് 'x' എന്ന അടയാളവും അതില്ലാത്ത മാത്രകൾക്കു് 'l' എന്ന നേർവരയും ആയി, ഗാഥയുംമററും ചൊല്ലുന്ന രീതിഭേദത്താൽ വിഭിന്നകാലികവൃത്തങ്ങളിലായിത്തീരുന്നുണ്ടെന്നു കാണിക്കാം—

x l x l l, x l x l l, x l x l l, x l x l l.

ഇ ന്ദി രം , ത ന്നു ടേ , പു ഞ്ചി രി , യം യോ ര,

x l x l l, x l x l l, x l x l l, x l x l l.

ച ന്ദ്രി കം, മെ യ്യി ൽ പ, ര ക്ക യം, ലേ...

(ഝമ്പകാലവൃത്തം.)

x l x l l l, x l x l l l, x l x l l l, x l x l l l,

ഇ ന്ദി രാ , ത ന്നു ടേ , പു ഞ്ചി രി , യാ യേ ാരു,

x l x l l l, x l x l l l, x l x l l l, x l x l l l,

ച ന്ദ്രി കാ , മെ യ്യി ൽ പ, ര ക്ക യം, ലേ....

(പഞ്ചാരികാലവൃത്തം.)

x l l x l l l, x l l x l l l, x l l x l l l, x l l x l l l,

ഇ ന്ദി രം , ത ന്നു ടേ , പു ഞ്ചി രി , യാ യേ ാരു,

x l l x l l l, x l l x l l l, x l l x l l l x l l x l l l,

ച ന്ദ്രി കം , മെ യ്യി ൽ പ, ര ക്ക യം, ലേ...

(അട്ടകാലവൃത്തം.)

ഇവയിലോരോന്നും ഝമ്പടതാളത്തിന്റെ മാത്രാകാലമാക്കിയാൽ, അതായതു് അഞ്ചു ലഘുവിന്നു് ഒരു സംഗീതവൃത്തമാത്ര, ആറു ലഘുവി[illegible]ാരു മാത്ര, ഏഴു ലഘുവിന്നൊരു മാത്ര, [illegible]ത്തു് ഓരോന്നും എട്ടുമാത്രകളുള്ള [illegible]ടതാളവട്ടമാക്കിയാൽ ക്രമത്തിൽ [illegible]ടക്കുറുവൃത്തവും പഞ്ചാരിക്കുറു[illegible] [illegible]ടന്തക്കുറുവൃത്തവുമായി [illegible]രുന്നു. ഇതുപോലെ[illegible] കാകളി എന്[illegible] ങ്ങനെ പേരിട്ടിട്ടുള്ളവ[illegible]ലും.

x l l x [illegible], x [illegible] l x l x l

ശ്രീരാമ [illegible]ാമ രാമ , ശ്രീ[illegible]ാമചന്ദ്ര ജയ,

x l l x l x l, x l [illegible] x l x

ശ്രീരാമ രാമ രാമ , ശ്രീരാ[illegible]ഭദ്ര ജയ.

(ത്രിപുടകാലവൃത്തം)

x l l l x l x l, x l l l x l x l,

ശ്രീരാമരാമരാമ, ശ്രീരാമചന്ദ്ര ജയ,

x l l l x l x l, x l l l x l x l

ശ്രീരാമരാമരാമ, ശ്രീരാമഭദ്ര ജയ,

(ഝമ്പടകാലവൃത്തം)

എന്നമാതിരിയിൽ വൃത്തഭേദം വരുന്നുണ്ടു്. ദുർല്ലഭം ചിലതിൽ രണ്ടുവക താളങ്ങളുടെ കാലമാനങ്ങൾ മാത്രമേ യോജിക്കുന്നുള്ളു; ചിലതിൽ അതിലധികവും യോജിക്കും എന്നുള്ളവ്യത്യാസം മാത്രമാണുള്ളതു്. പാട്ടും താളവും പാടിയും കൊട്ടിയും കേൾപ്പിച്ചല്ലാതെ എത്രതന്നെ വരയും കുറിയുമിട്ടു കാണിച്ചാലും നല്ല പന്തിയാവില്ലെന്നു് എനിക്കറിയാഞ്ഞയില്ല. എങ്കിലും തൽകാലം വേറേ വഴിയൊന്നും തോന്നാത്തതുകൊണ്ടും ശബ്ദം കാററത്തു പറന്നുപോയേക്കാനെളുപ്പമുള്ളതുകൊണ്ടും അഭിജ്ഞന്മാരുടെ ആലോചനയ്ക്കു് ഈ വിഷയം ഒന്നു വിഷയമാക്കാൻവേണ്ടി ചിലതു കാണിച്ചുവെന്നേയുള്ളു.

നമോവാകം

(അനന്തപുരത്തുകൊട്ടാരത്തിൽ കാർത്തികനാൾ തമ്പുരാട്ടി)

ജാതഃ പപ്പ്നൃപാലനിർമ്മലകുലേ ശിക്ഷാഗുണാധിമതോഃ
പിത്രോരുൽബണസദ്ഗുണോജ്ജ്വലമതിഃ ശ്രീകേരളക്ഷ്മാപതിഃ
ആനന്ദം ജനയൻ ജനസ്യ സുതരാം സമ്മോഹനൈഃ ക്രീഡനൈ-
രാസ്ത്യോച്ചാരദപൂർവ്വപക്ഷ[illegible]വൃദ്ധിം വസൻ സ്വാലയേ. (൧)

അഭ്യസ്താക്ഷര[illegible]തിരനന്വയഗുരോ രാമാഭിധാനാൽ പുനഃ-
ശ്രീമന്മൂലകഭ്രമീപ[illegible]പിതുഃ ശ്രീരാജരാജാഹ്വയാൽ
സ്വ[illegible]യാദ്വത്സലമ[illegible]ഗതം പാണ്ഡിത്യമത്യുച്ഛ്രിതം
[illegible]ക്തിസമിദ്ധമാശ്ശു[illegible]ൻ രാജാ സ്മ രാജത്യസൌ. (൨)

[illegible]മാൻ മാ[illegible]ലലാളിതോതിലളിതോ വിദ്വന്മതസ്സംസ്ഥിത-
സ്സ്യാനന്ത്ര[illegible]തിമാത്രരുചിരോ വിദ്യാവിനോദേ രതഃ
പ്രീതിം സഞ്ജനയൻ നിജൈസ്സുചരിതൈഃ ശ്രീവഞ്ചിഭൂപസ്യ ത-
ത്സ്വസ്രീയാം സുഗുണോജ്ജ്വലാമുദവഹല്ലക്ഷ്മീധരാധീശ്വരീം. (൩)

മേൽക്കാണിച്ച സംഗതികളാൽ ഭാഷാവൃത്തങ്ങളെ അക്ഷരസംഖ്യയവലംബിച്ചോ ലഘുഗുരുക്കളെ അവലംബിച്ചോ വിഭജിക്കുന്നതു യുക്തമാവില്ലെന്നും താളകാലമാനങ്ങൾക്കാണ് അവയിൽ പ്രാധാന്യമെന്നും അതനുസരിച്ച് ഝമ്പകാലവൃത്തം, പഞ്ചാരികാലവൃത്തമെന്ന മാതിരിയിൽ വിഭജിക്കുന്നതാണ് അധികം യുക്തമെന്നും സ്പഷ്ടമായല്ലോ. അക്ഷരസംഖ്യയെ ആസ്പദമാക്കി മഞ്ജരി, കാകളി, കളകാഞ്ചി എന്നെല്ലാം പേരിട്ടു വിഭജിച്ചാലും ചൊല്ലുന്നതിന്റെ രീതിഭേദത്തിനാണ് അർത്ഥത്തെ അപേക്ഷിച്ചുപോലും ഭാഷാവൃത്തങ്ങളിൽ രസഭാവപ്രകാശകത്വവും രഞ്ജകതയും അധികമുള്ളതെന്ന സംഗതി അനുഭവമനുസരിച്ചു സമ്മതിക്കാതെ കഴിയുന്നതല്ല. വളരെക്കാലം മുമ്പൊരിക്കൽ ഒരു കവിശാർദ്ദൂലം കൃഷ്ണഗാഥയിലെ ഒരു ഭാഗം ഭരണിപ്പാട്ടുരീതിയിൽ ചൊല്ലുന്നതുകേട്ടപ്പോൾ ഉണ്ടായ ഭയകമ്പം അതു വിചാരിക്കുമ്പൊഴെല്ലാം ഇന്നും എനിക്കുണ്ടാകാറുണ്ട്. ഭാഷാവൃത്തങ്ങളിൽ കവിത നിർമ്മിപ്പാനെളുപ്പമുണ്ടെന്നു തെറ്റിദ്ധരിച്ച് ഓരോ വൃത്തത്തിലും ലയാസ്പദമായ യതിവിശേഷവും കാലമാനവും നോക്കാതെ കണ്ടമാനം എഴുതിവിടുന്ന ചില നവീനസൃഷ്ടികൾ കാണുമ്പോൾ യതികൾക്കു മാത്രമല്ല, പ്രാപഞ്ചികനായ ഈയുള്ളവനും വൈരാഗ്യം വന്നുപോകുന്നതുമുണ്ട്. അതുകൊണ്ടു ഭാഷാവൃത്തനിബദ്ധകവിതകളിൽ സാഹിത്യാംശത്തിനുള്ളതിനെക്കാൾ സംഗീതാംശത്തിന്നു പ്രാധാന്യം കൂടുതലല്ലാതെ ഒട്ടും കുറവല്ലെന്നു പറയേണ്ടിയിരിക്കുന്നു. ആ സ്ഥിതിക്കു, പ്രധാനമായി കാലമാനഭേദവും, വേണമെങ്കിൽ അക്ഷരസംഖ്യാദിഭേദവും, കാണിക്കുന്ന വിധത്തിൽ ഝമ്പാമഞ്ജരി, പഞ്ചാരിമഞ്ജരി, അട്ടമഞ്ജരി, അട്ടകാകളി, ഝമ്പാകാകളി എന്ന മാതിരിയിലെങ്കിലും ഭാഷാവൃത്തവിഭാഗവും അതനുസരിച്ചുള്ള ലക്ഷണപരിഷ്കാരങ്ങളും ചെയ്യേണ്ടതാണെന്നു തോന്നുന്നു.

(പകപ്പവക'ശം 'ലഖകായത്തം.)



ശ്രീമാർത്താണ്ഡനൃപാന്വയാംബുധിഭവാം ലക്ഷ്മീമിമാമുദ്വഹൻ
രേഖാത്രപദരാംബുജാദ്യപി കരേ ഭോഗേ മഹത്യാസ്ഥിതഃ
സൂര്യാലോകനകൌതുകീ കൃതഗുരുപ്രീതിഃ കുജാരാധിതോ
ഭൂമീശോ ബുധവന്ദിതശ്ചിരതരം ജേജീയതേ സ്മാജവൽ. (൪)

പ്രത്യക്ഷം നിജഭർത്തൃഗാസ്വതിതരാം തല്ലാളനാദന്വഹം
സംപ്രാപ്താഭ്യുദയാസ്വലം ബഹുലസത്സന്താനപൂർണ്ണാസ്വപി
കാലുഷ്യം ഹൃദി നൈവ ജാതു സമഭൂദ്ദേവ്യാഃ കുലസ്ത്രീമണേഃ
പ്രാണപ്രേയസി തത്പ്രിയാസ്വപി ഭൃശം ഭാഷാസപത്നീഷ്വഹോ. (൫)

ലക്ഷ്മീപക്ഷികുലേന്ദ്രവാഹനരുചേ[illegible]ന്ത്രിയോർ-
ഭ്രൂക്ഷീദ്വംശകരം ചിരാദപി തയോർന്നാഭൂദപ[illegible]ം;
ഏതേനൈവഹി ഹേതുനാത്ര ജഗതി ശ്ലാഘ്യ[illegible]വസ്യ ചാ-
പ്യാഖ്യാതം ബത സർവ്വഭാഗ്യസഹിതം [illegible]തം സ്വാദിതി. (൬)

യദ്യപ്യേവമുദാരധീരതരധീരന്യാസു ഭാഷാമയീ-
ഷ്വസ്തോകാദ്ഭുതസാരവന്തി ജനയൻ ഹൃദ്യാന്യപത്യാന്യയം
താന്യേതാന്യനസൂയയാ സഹ മഹാരാജ്ഞ്യാ ഭൃശം ലാളയൻ
നോ ഗൃഹ്ണന്നനപത്യതാശുചമതിപ്രീത്യാനയദ്വത്സരാൻ. (൭)

വാണീവൈഭവമേഷ പണ്ഡിതമണിശ്ശാസ്ത്രീയമസ്മൈ ദിശൻ
വീണാവാദനകൌശലം പ്രമുദിതഃ പ്രത്യർപ്പിതം കാന്തയാ
ഗൃഹ്ണൻ പുണ്യവിപാകമാത്രസുലഭം സംഗീതസാഹിത്യയോ-
രാസ്വാദ്യം രസമന്വഭൂച്ചിരതരം ദാമ്പത്യസാഫല്യദം. (൮)

ഇത്ഥം പ്രത്യഹമിദ്ധരാഗഭരയോഃ കൃത്യേഷ്വവിശ്ലിഷ്ടയോ-
രുത്തംസായിതയോരിളാജനിജുഷാം സംഖ്യാവതാം സന്തതേഃ
ദമ്പത്യോഃ പ്രഥമാ ഗതാ സ്വകമിതുഃ പ്രത്യുദ്ഗമാർത്ഥം പ്രിയാ;
സോപ്യേനാമവിളമ്ബിതം പ്രണയിനീവിശ്ലേഷഭീത്യാന്വഗാൽ. (൯)

ഭാഷാപോഷണമുല്ബണം വിരചയൻ സംഭൂഷയൻ സ്വാന്വയം
ശീതജ്യോതിരിവാംശുഭിസ്സ്വയശസാ കൃത്സ്നാം ഭുവം ഭാസയൻ
അസ്മന്മാതുല ഏഷ ഭൌതികതനും നിത്യേതരാമുത്സൃജൻ
സ്ഫായൽപ്രോജ്ജ്വലകീർത്തിനിത്യതനുഭാഗ്ഭാത്യേവ ഭൂമണ്ഡലേ. (൰)

അന്യാശക്യമഹാർഹകൃത്യശതനിർവ്വാഹാർത്ഥമസ്യാം ക്ഷിതൌ
യോ ജജ്ഞേ പുരുഷോത്തമോസ്യ ശരദാം പൂർണ്ണം ശതം സമ്പ്രതി
കിം കിം നാദ്യ യദീയപൂജനവിധൌ കുർവ്വന്തി ഭവ്യം ബുധാഃ?
ശ്രീമന്മാമകമാതുലായ മഹതേ മാന്യായ തസ്മൈ നമഃ. (൰൧)

ശ്രീമൽ കേരളവർമ്മദേവഭാഗിനേയീ
കൃത്തികാനക്ഷത്രജാതാ അംബാദേവി.

കേരളവമ്മദേവൻെറ ഭാഷ

(കല്യാണികൃഷ്ണമേനവന്മാർ)


മഹാ[...]ിമന്ത്രി വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ശതാബ്ദപൂർത്തിമഹോത്സവത്തെ അനവധിപണ്ഡിതന്മാരും കാവ്യരസികന്മാരും കവികളും അത്യുത്സാഹത്തോടുകൂടി കൊണ്ടാടാതിരിക്കുകയില്ല. ഞങ്ങൾക്കു കി[...]നമേയുള്ളു. ഞങ്ങൾ കവിക[...]ല്ല. അതിനാൽ, ഞങ്ങൾക്കു് അ[...] ഇടയിൽ പെ[...]മാറുന്നതിനു് അവകാശമി[...]ന്നിന്നു് [...]ബഹു[...] [...]ൈക[...]ന്ന [...]കൊണ്ടു് ആ ഉ[...]രണങ്ങളെ ആ[...] ന്നതിനേ [...]ൾക്കു് അധികാരമുള്ളു. സമസ്തകേരളസാഹ[...]്യപരിഷ[...]വക ത്രൈമാസികത്തിൽ, ഞങ്ങളുടെ അ[...]ഹയനസരിച്ചു്, ഒരു നെയ്‌വിളക്കും പുഷ്പാഞ്ജലിയും എന്ന മട്ടിൽ, ചിലതെല്ലാം പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ടു്. വിശേഷിച്ചു്, വാർദ്ധക്യദശകൊണ്ടുള്ള ക്ഷീണത ഞങ്ങളിരുവരെയും ബാധിച്ചുകഴിഞ്ഞിരിക്കുന്നു. ഒരാൾ ഒരു രോഗിയുമാണു. ഞ[...]ടെ പരമമിത്രമായ ഉള്ളൂരിനു് ഇതെല്ലാം നല്ലപോലെ അറിയാം. എന്നിരുന്നിട്ടും, ഉപഹാരമാലയ്ക്കു് കല്യാണികൃഷ്ണമേനോന്മാർ ഒരു പൂവുപോലും അയച്ചില്ലെന്നു് അദ്ദേഹം വ്യസനിക്കുന്ന കാരണംകൊണ്ടുമാത്രം ഇതു കുറിക്കുന്നതാകുന്നു.

പണ്ടൊരു കവിവയ്യൻ "കോയിപ്പണ്ടാല ശാകുന്തളത്തെ നുള്ളുകയും മാന്തുകയും ചെയ്തിരിക്കുന്ന"തായി പ്രസ്താവിച്ചു. അക്കാലത്തുതന്നെ, "അങ്ങു മൂലവും ഭാഷയുംകൂടി ഒത്തുനോക്കീട്ടാണോ അഭിപ്രായം പുറപ്പെടുവിച്ചതു്?" എന്നു് അദ്ദേഹത്തോടു ചോദിക്കുവാൻ ആളുണ്ടായിട്ടുണ്ടു്. "ഛെയി! അത്രയൊക്കെക്കായ്യമാക്കേണ്ട. ചിലരെ ചിരിപ്പിക്കുവാൻ ഒരു നമ്പൂരിപ്ഫലിതം എന്നു കരുതിയാൽമതി. ഭാഷ ഗംഭീരായിട്ടുണ്ടു്." എന്നായിരുന്നു മറുപടി. ഇക്കാലത്തേപോക്കു മറെറാരു തരത്തിലാണു്. പരിഹസിക്കുന്നതു് ഒരുതരം പുതിയ സാഹിത്യക്കാരാണു്. അവരിൽതന്നെ, മഹാന്മാരെ തെറിപറഞ്ഞു ബഹുമതിനേടുവാൻ പുറപ്പെട്ടിട്ടുള്ള ഒരുവകക്കാണു് ആക്ഷേപമുള്ളതു്. അത്ഥഗ്രഹണത്തിനായി ബുദ്ധിമുട്ടി കോട്ടുവായ ഇടുന്ന ഈ കൂട്ടർക്കും ഭാഷയി[...] സംസ്കൃതം കൂടിയെന്നല്ലാതെ അതിൽ [...] പററിട്ടുണ്ടെന്നു വാദമില്ല. കക്ഷിവഴക്കില്ലാത്ത[...]കാവ്യവിചക്ഷണന്മാരാരുംതന്നെ ഇതുവരെ ഇങ്ങ[...] ഒരു ആക്ഷേപം പുറപ്പെടുവിച്ചു കണ്ടി[...] [...]കിലും, നമുക്കു് ഈ പുറപ്പെട്ട[...]ിട്ടുള്ള ന്യൂനതയുടെ ഗുരുലഘുത്വത്തെ[...]ന്നു് ആലോചിച്ചുനോക്കാം.

അഭിജ്ഞാനശാകുന്തളത്തിലും അക്ബറിലുമാണു് ഈ കുററം കണ്ടുപിടിച്ചിട്ടുള്ളതു്.

ആഖ്യായികയെക്കുറിച്ചുള്ള പ്രഖ്യാപനത്തിനു് ഉടനേ മറുപടിപറയാം. അതിലേ പ്രാരംഭം കണ്ടു ഭയപ്പെട്ടിട്ടാണു് പ്രതിയോഗികൾ ആർഭാടത്തോടുകൂടി മുറവിളികൂട്ടുന്നതു്. ശേഷംഭാഗം ലളിതകോമളമായ മണിപ്രവാളത്തിലാണു് രചിച്ചിട്ടുള്ളതു്. ഹിമാചലമഹാഗിരിയുടെ സാനുപ്രദേശങ്ങളിലേ ഒരു സന്ധ്യാസമയത്തെ വർണ്ണിച്ചുംകൊണ്ടാണു് കഥ ആരംഭിക്കുന്നതു്. "നേരം ഇരുളടഞ്ഞുതുടങ്ങി. ആയി അട്ടപ്പാട്ടുകളത്തിൽ. മുതലാളി നശിക്കണം. തൊഴിലാളി വിജയിക്കണം." എന്ന മുദ്രാവാക്യത്തിന്റെ കൊടിയടയാളമെന്നവണ്ണം ഉടുപുട കൂടാതെ ഒരു പിച്ചക്കാരി കുടിലിലേക്കു കയറി." എന്നൊക്കെവേണമെന്നായിരിക്കാം നവീനമതം. പക്ഷേ, തിരുമനസ്സുകൊണ്ടു് ഒരു ഇംഗ്ലീഷ് കൃതിയുടെ വിവർത്തനമാണു് ചെയ്തിട്ടുള്ളതു്; വിഷയത്തിനു യോജിച്ച ഭാഷവേണമെന്നുള്ള സിദ്ധാന്തവും അവിടേയ്ക്കുണ്ടായിരുന്നു. അതുകാരണം, ആ പ്രൌഢരീതിയിൽ വർണ്ണനയ്ക്കു് ഒരുങ്ങി എന്നേയുള്ളു.

ശാകുന്തളം ഉണ്ടായ കാലത്തു്, ആട്ടക്കഥകളും ചമ്പൂപ്രബന്ധങ്ങളുമെല്ലാമായിരുന്നു നാട്ടിൽ നടപ്പിലിരുന്നതു്. ആദ്യമായി പരിഭാഷപ്പെടുത്തുന്ന ഈ അത്യുത്തമമായ നാടകത്തിന്റെ തർജ്ജമ എല്ലാപ്രകാരത്തിലും മൂലത്തോടു യോജിച്ചിരിക്കേണമെന്നു തിരുമനസ്സിലേക്കു മോഹമുണ്ടായിരുന്നു. അവിടേയ്ക്കു ഭാഷയിലധികം സ്വാധീനം സംസ്കൃതവുമായി



മാർത്താണ്ഡവർമ്മ ഇളയരാജാ തിരുമനസ്സുകൊണ്ടു്



മഹാറാണി സേതു ലക്ഷ്മീഭായി തിരുമനസ്സുകൊണ്ടു്



മഹാറാണി സേതു പാർവ്വതിഭായി തിരുമനസ്സുകൊണ്ടു്.

രുന്നു. "അന്നത്തെ കാലഗതിയനുസരിച്ച് ആ ഗ്രന്ഥം ഉണ്ടായി" എന്നും സമാധാനിക്കാം. ഏതായാലും "അഭിജ്ഞാനശാകുന്തളം" ജനസമ്മതത്താൽ അനുഗ്രഹിതമായിട്ടുള്ള ഒരു വിശിഷ്ടകൃതിയാണ്. അതിനുശേഷം എത്ര എത്ര ഭാഷാശാകുന്തളങ്ങൾ ഉണ്ടായിട്ടുണ്ട്? അവയൊന്നിനും ഇതിനോടു കിടപിടിക്കുവാൻ സാധി[illegible]ല്ലെന്നു സംശയംകൂടാതെ പറയാം. ഇന്നും പണ്ഡിതപാമരന്മാർ ഒരുപോലെ [illegible]ല്ലിരസിക്കുന്നതു് "അഭിജ്ഞാനശാകുന്തള"ത്തി[illegible] ശ്ലോകങ്ങളെയാണല്ലോ. ആ കൃതിയെ "മഹാജനങ്ങൾ ഭാഷാസാമ്രാജ്യത്തിൽ അഭിഷേകം ചെയ്തിരിക്കുന്നു. ആ ഉന്നതസ്ഥാനത്തുനിന്ന് അതിനെ ഇളക്കുവാനാർക്കും സാധിക്കുന്നതുമല്ല.

ഇതിനെ വായിച്ചു രസിക്കുകയില്ലെന്നു മുക്കടമുഷ്ടി പിടിക്കുന്നവർ "അന്യാപദേശ"ത്തേയും "മയൂരസന്ദേശ"ത്തേയും വായിച്ചു രസിച്ചുകൊള്ളട്ടെ. അതിനും തരമില്ലാത്തവർക്ക് "കൊച്ചുവേലു"വിന്റേയും "കിഴവൻശങ്കര"ന്റേയും മററും കഥകൾ കുട്ടികൾക്കായി തിരുമനസ്സുകൊണ്ടു് എഴുതിട്ടുള്ളതെങ്കിലും നോക്കിപ്പഠിക്കാമല്ലോ.

ഭാഷ അറിവിനെ പ്രചരിപ്പിക്കുവാനുള്ള ഒരു മാർഗ്ഗം എന്നേ വിചാരി[illegible]ക്കേണ്ട[illegible]ുള്ളൂ. ഒരാളെപ്പോലെതന്നെ മറെറാരാൾ [illegible]ി[illegible]ിക്കുമൊ? ഇല്ല.—അതുമാതിരി ഭാഷയ്ക്കും വ്യത്യാസം കാണും. ഉദ്ദേശനിവ്വഹണത്തിലോ രസാസ്വാദനത്തിലോ തടസ്സം നേരിടാതിരിക്കേണം. അസ്ഥിരമായ രുചിഭേദ[illegible]ത്തനുസരി[illegible]ച്ച് ഉത്തമമായൊ[illegible]ു പുസ്തകത്തിന്റെ [illegible]ഷമാററുക എന്നുള്ളതു സ്വീകാര്യ[illegible]ത്തക്ക ഒരു മര്‍[illegible]മല്ല. ഇ[illegible]ക്കാലത്തുകൂടി എല്ലാ മല[illegible]ളികുടുംബങ്ങളി[illegible]ലും നിത്യപാരായണം ചെയ്തുപോരു[illegible] [illegible] "[illegible]രാമായണം" ശുദ്ധമലയാളം വേണം[illegible] [illegible]പ്പോഴത്തേ ഭാഷാഭിമാനികൾക്കു രു[illegible]ാത്ത തരത്തിൽ സംസ്കൃതാംകലന്ന[illegible] [illegible] ഇതിനേയും "ന[illegible]ം" [illegible]യെയും ആരും [illegible]ുവാൻ ശ്രമിക്കു[illegible]ില്ല; അതിനാരു[illegible] അനുവദിക്കുകയില്ല; ചെയ്താലാരും ആദ[illegible]ിക്കുകയുമില്ല. ശാകുന്തളത്തിന്റെ നിലയും [illegible]തുപോലെയാകുന്നു. മഹാജനങ്ങളെ രസിപ്പിച്ചുകൊണ്ടിരിക്കുന്ന തിരുമനസ്സിലെ ഈ കേരളീയഭാഷാശാകുന്തളത്തിനു വേണ്ടി അവിടുന്നു ചെയ്തിട്ടുള്ള ശ്രമം ഒരിക്കലും നിഷ്ഫലമായി വരികയില്ല; നിശ്ചയം.

ടി. കെ. കൃഷ്ണമേനോൻ.
ടി. സി. കല്യാണി[illegible].



കാളിദാസനും കേരളകാളിദാസനും.

(വടക്കുംകൂർ രാജരാജവർമ്മരാജാ)

[illegible]കവികുലകൂടസ്ഥനും സർവ്വകലാവല്ലഭനും ആയിരുന്ന കേരളവർമ്മ വലിയകോയിത്തമ്പു[illegible]ളിദാസൻ എന്നൊരു ബിരുദപ്പേർ സുപ്രസിദ്ധവും പ്രതി[illegible]ിട്ടുണ്ടു്. ഈ വിശിഷ്ട[illegible]ഗുണങ്ങളെ ആസ്പദമാക്കി നിർമ്മത്സ[illegible]ും സമകാ[illegible] പണ്ഡിതന്മ[illegible]ഹമാനം അവിടത്തേ[illegible]കൊട്ടത്തതാണെ[illegible]സിക്കണം. അവിടത്തെ ജീവിതകാലത്തു തന്നെ ഈ നാമത്തിനു കേരളത്തിലെങ്ങും പൂൎണ്ണമായ ആദരവും പ്ര[illegible]വും ലഭിച്ചുകഴിഞ്ഞിരുന്നു. കാലഗതിയിൽ അതിൻെറ സ്ഥിതിക്കു് ഇളക്കംതട്ടുമെന്നു വിചാരിക്കാവുന്നതല്ല. ലോകത്തിൽ ഒരു കവിക്കു ലഭിക്കാവുന്ന സമ്പത്തുകളിൽ ഏററവും ഉത്തമവും അഭിമാനജനകവും ബഹുമതിദ്യോതകവും ദുർല്ലഭവും ആയിരിക്കുന്നതു കാളിദാസബിരുദമാകുന്നു. കവിതാമാഹാത്മ്യംകൊണ്ടു കാളിദാസൻെറ അർദ്ധാസനത്തിന്നു് അവകാശിയായ ഒരു കവിക്കു മാത്രമേ അതു കിട്ടുവാൻ പാടുള്ളൂ. കേരളവർമ്മ വലിയകോയിത്തമ്പുരാൻ പ്രസ്തുതബിരുദത്തിനു സർവ്വഥാ അർഹനായ ഒരു മഹാപുരുഷനായിരുന്നു. അതുകൊണ്ടു് അതു് ഉത്തരോത്തരം വർദ്ധമാനമായ ബഹുമതിയോടുകൂടി പണ്ഡിതലോകത്താൽ സ്മരിക്കപ്പെടുന്നു. കേരളകാളിദാസനാമത്തിനു ശാശ്വതാവകാശം കൈവന്നിരിക്കുന്ന ഒരു മഹാത്മാവു്, മലയാളികളുടെ ഇടയിൽ വലിയകോയിത്തമ്പുരാനല്ലാതെ മററാരും ഏതൽകാലപൎയ്യന്തം ഉണ്ടായിട്ടില്ല. ഭാവിയിൽ തത്തുല്യനായ ഒരു മഹാൻെറ ജനനം മിക്കവാറും അസാദ്ധ്യം എന്നും അഭിപ്രായപ്പെടാം.

വലിയകോയിത്തമ്പുരാൻ കേരളകാളിദാസപദത്തിന്നു് അർഹനെന്നു പറഞ്ഞുവല്ലോ. ഈ രണ്ടു മഹാകവികൾക്കും സാഹിത്യസാമ്രാജ്യത്തിൽ കിട്ടിയിരിക്കുന്ന സ്ഥാനം, ഇവരുടെ കാവ്യങ്ങളിൽ പ്രകാശിക്കുന്ന സാധർമ്മ്യവൈധർമ്മ്യങ്ങൾ, ഇവരിൽനിന്നു ഭാഷയ്ക്കു സംഭവിച്ചിരിക്കുന്ന അഭിവൃദ്ധിയുടെ സ്വരൂപം മുതലായവയെക്കുറിച്ചു ചിന്തിക്കുന്നതായാൽ [illegible]ിയകോയിത്തമ്പുരാൻെറ കാളിദാസനാമം അത്യന്തം അർത്ഥവത്തെന്നു വിശദമാകും. ഈ സ[illegible]ത്തിൽ അങ്ങിനെചെയ്യുന്ന ഒരു വിചി[illegible]ം സമുചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

മൂന്നു നാടകങ്ങളും അത്രയും കാവ്യങ്ങളും കാളിദാസകൃതികളിൽ അഗ്രഗണ്യങ്ങളായി മാനിക്കപ്പെട്ടുവരുന്നു. ഈ പ്രബന്ധങ്ങൾ കാവ്യഗുണനിബിഡങ്ങളായതുകൊണ്ടു പില്ക്കാലത്തു് കവികൾ യഥാശക്തി അവയെ അനുകരിക്കുവാൻ ഇടയായി. കാളിദാസൻെറ കാലത്തിനുശേഷം ഉണ്ടായ കവികളിൽ അധികംപേരും ഒരു രൂപത്തിലല്ലെങ്കിൽ മറെറാന്നിൽ ആ മഹാകവിയുടെ ശിഷ്യത്വം കൈക്കൊണ്ടിരിക്കുന്നവരെന്നു കാണുവാൻ സാധിക്കും. അവരുടെ കാവ്യങ്ങൾകൊണ്ടു ഗൈർവ്വാണിക്കു് അപരിമിതമായ അഭിവൃദ്ധികിട്ടിട്ടുണ്ടു്. സംസ്കൃതത്തെ സംബന്ധിച്ചിടത്തോളവും, ഏതാനും കാവ്യങ്ങളുടെ കർത്താവായ ഒരു മഹാകവിയുടെ മാത്രമല്ല, പില്ക്കാലത്തു് അനേകം സച്ഛിഷ്യപരമ്പരകളെ സമ്പാദിച്ചു തജ്ജനിതമായ പ്രബന്ധസമുച്ചയംകൊണ്ടു സാഹിത്യപോഷണം സാധിച്ച വിശ്വവന്ദ്യനായ ഒരു ആചാൎയ്യൻെറ നിലയിലും കാളിദാസൻ ആരാധിക്കപ്പെടുന്നു. 'കവികുലഗുരുഃ കാളിദാസോവിലാസഃ' എന്നു തുടങ്ങിയ അഭിജ്ഞവാക്യങ്ങൾക്കു് ഈ വസ്തുതയാണു് അടിസ്ഥാനം.

കാളിദാസനെപ്പോലെ കേരളകാളിദാസനും മഹാകാവ്യത്തിൻേറയും, നാടകത്തിൻേറയും, സന്ദേശത്തിൻേറയും കർത്താവാകുന്നു. രഘുവംശം, അഭിജ്ഞാനശാകുന്തളം, മേഘസന്ദേശം എന്നിവയുടെ സ്ഥാനം യഥാക്രമം വിശാഖവിജയത്തിനും ഭാഷാശാകുന്തളത്തിനും മയൂരസന്ദേശത്തിനും കൊടുക്കാം. ഇവയിൽ ശാകുന്തളംമാത്രം പരിഭാഷയെന്നൊരുവ്യത്യാസമുണ്ടു്. ഇങ്ങിനെ വിചാരിക്കുമ്പോൾ മഹാകാവ്യനാടകസന്ദേശങ്ങളുടെ കർത്തൃത്വത്തെ

സംബന്ധിച്ചിടത്തോളം അകേരളകേരളകാളിദാസന്മാർക്കു സാദൃശ്യമുണ്ടെന്നു സിദ്ധിക്കുന്നു.

രഘുവംശം കാളിദാസൻെറയെന്നപോലെ വിശാഖവിജയം വലിയകോയിത്തമ്പുരാൻെറ ഒരു മുഖ്യകൃതിയെന്നു പറയണം. മഹാകാവ്യസമുദായത്തിൻെറ മണിമകുടം എന്ന നിലയിൽ [illegible]വംശത്തിനു സംസ്കൃതസാഹിത്യത്തിൽ ലഭിച്ചിരിക്കുന്ന സർവ്വസമ്മതമായ സ്ഥാ[illegible]ൗന്നത്യം വിശാഖവിജയത്തിനു് അവകാശപ്പെ[illegible]വുന്നതല്ലെന്നു സമ്മതിക്കാം. എന്നാൽ കേരളീയ[illegible]വിവിരചിതങ്ങളായ സംസ്കൃതമഹാകാവ്യങ്ങളുടെ സംഘത്തിൽ വിശാഖവിജയംതന്നെ പ്രഥമഗണനീയമെന്ന അഭിപ്രായത്തിനു പക്ഷാന്തരം ഉണ്ടാകുമെന്നു തോന്നുന്നില്ല. രഘുവംശത്തിൽ കഥാവസ്തു പൌരാണികം, വിശാഖവിജയത്തിൽ നവീനം, ഇതു് ഇവയുടെ ഒരു വ്യത്യാസമാകുന്നു.

ഒരു മഹാകാവ്യത്തിനു സിദ്ധിച്ചിരിക്കേണ്ട ഗുണങ്ങൾ യാതൊരു ലോപവുമില്ലാതെ വിശാഖവിജയത്തിൽ പരിലസിക്കുന്നതായി സഹൃദയന്മാർക്കു് അനുഭവപ്പെടും. കവിയുടെ ഗംഭീരമായ പാണ്ഡിത്യം, അപ്രതിമമായ പ്രതിഭാബലം, പ്രതിപാദനകൌശലം, ലോകതന്ത്രജ്ഞത, ഔചിത്യശുദ്ധി മുതലായ ഗുണങ്ങൾക്കു വിജയം ഒരു മണിദർപ്പണമായിത്തീർന്നിട്ടുണ്ടു്. ദിഷ്ടക്കേടാൽ കവിക്കു നേരിട്ട രാജകോപത്തേയും തന്മൂലമായ അനിഷ്ടസംഭവത്തേയും (സ-൩-൪) ആയില്യംതിരുനാൾ മഹാരാജാവിൻെറ ചരമത്തേയും (സ-൫) വിശാഖംതിരുനാൾ മഹാരാജാവിൻെറ സ്ഥാനാരോഹണത്തേയും (സ-൬.) വിജയത്തിൽ ഏററവും ഹൃദയാകർഷകമായ വിധം പ്രതിപാദിച്ചു ഫലിപ്പിച്ചിരിക്കുന്നു.

ആയുസ്സുദീർഘമനപായമനാമയത്വ-
മൈശ്വര്യമക്ഷയമനന്തമഭീഷ്ടയോഗം
വിദ്യാമവദ്യരഹിതാം വിപുലാം ച കീർത്തിം
പുഷ്ണാതു വത്സ! സതതം തവ പദ്മനാഭഃ.

ധന്യോഹമദ്യ പരചിന്മയമേമി, ധാമ
കർമ്മക്ഷമേ ത്വയി സമർപ്പിതരാജ്യഭാരഃ
ധർമ്മോസ്മദീയകുലദൈവതമീത്യവേത്യ
നീത്യാ പ്രശാധി പൃഥിവീം കുലശേഖരസ്ത്വം.

* * *

ആനന്ദസാന്ദ്രമധുനാ പൂ[illegible]യം [illegible]ദീയം
നൂനം ദയേയമരവിന്ദവ[illegible]ലോച[illegible]സ്യ
ജ്ഞാനം ദധദ്വിമല[illegible]മേഷ[illegible]വാദ്വിമുക്തഃ
ശ്രീനന്ദനന്ദനമയേ പരധാ[illegible]മ്നി ലീയേ.
(സ-൫[illegible])

എന്നതു[illegible]ങ്ങിയ ഭാഗങ്ങൾ ഒ[illegible]ശുദ്ധി, [illegible]വഗാംഭീര്യം മു[illegible]ലായ ഗുണങ്ങൾ[illegible]ണ്ടു് അ[illegible]ന്തം സഹൃദയ[illegible]വ്യങ്ങളായിട്ടുണ്ടെ[illegible]ന്നു മാത്രമേ പറയുവാനുള്ളൂ.

[illegible]ഷതേസാദൃശ്യവിഭ്രുതിഭാ[illegible]
[illegible]ദ്ഭാരതചക്രവർത്തിനീ
യദീ[illegible]സാമ്രാജ്യമദീനമേധതേ
[illegible]തം ശശ്വദുദീതഭാവുകം.

* * *

രണായ സന്നാഹ[illegible]തി യോ ഭടാഗ്രണീഃ
സവീരവാദാ[illegible]ന വിധാതുമർഹതി;
അതഃ പ്രതിജ്ഞാം രചയാമി നോച്ചകൈഃ
കരിഷ്യമാണം പ്രതി സമ്പ്രതീഹ വഃ.

തദേവ മന്യേ വരമത്ര യൽ സ്വയം
മദീയകർമ്മാണി സമീക്ഷ്യ തത്ത്വതഃ
അപക്ഷപാതേന ജനേന ധിമതാ[illegible]
ക്രിയേത തേഷാം ഗുണ[illegible]ഷനിർണ്ണയഃ.

* * *

അജസ്രമേഷ്വാദരഭാരമേദുരാ
മമാപി വൃത്തിർഭവിതാ ന സംശയഃ
നിജപ്രജാനാം ച സുഖാഭിവൃദ്ധയേ
ശ്രമോ യഥാശക്തി വിധാസ്യതേ മയാ.

തഥാ സ പുഷ്ണാതു ന ഈശ്വരേശ്വരോ
വിവേകമുഖ്യാനനണീയസോ ഗുണാൻ
യഥാ പ്രഗല്ഭേമഹി വോഢുമീദൃശീം
ധുരം ഗരിഷ്ഠാമപി പുണ്യഭൂയസീം. (സ-൬)

ഇത്യാദി പദ്യങ്ങളും പ്രകൃതത്തിൽ ഓർമ്മയിൽ വരുന്നു. ഇവിടെ ഉദ്ധരിച്ച ഭാഗങ്ങളിൽ ആദ്യത്തേതു് ആസന്നമരണനായ ആയില്യംതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു് അടുത്ത അവകാശിയായ വിശാഖംതിരുനാളിനു ചെയ്തുകൊടുത്ത ഹിതോപദേശത്തേയും അടുത്തതു സ്ഥാനാരോഹണംചെയ്തു സന്ദർ

ത്തിൽ വി[illegible]ഖം[illegible]രുനാൾ തിരുമനസ്സുകൊണ്ടു മഹാജന[illegible]ളോടു ചെയ്ത [illegible]ിജ്ഞാപനത്തേയും പ്രതിപാദിക്കുന്നു. ഭഗ[illegible]ത്ഭക്തി, നീതിനിഷ്ഠ, വിനയം, പ്രജാവാത്സല്യം, ലോകതന്ത്രജ്ഞത, ജ[illegible]ക്ഷേമകാംക്ഷ [illegible]ന്നിങ്ങനെ തിരുവി[illegible]താംകൂർ മഹാരാ[illegible]ന്മാർക്കു പരമ്പരാസിദ്ധങ്ങളായ അ[illegible] വിശിഷ്ടഗുണങ്ങളുള്ളവയെ ഉദ്ധൃതപദ്യങ്ങൾ നല്ലപോലെ വെളിപ്പെടുത്തുന്നു. അവയിൽ ഒരോ ശ്ലോകത്തിന്റേയും [illegible]വമാധുര്യാദി[illegible]ങ്ങൾ സഹൃദയന്മാർ അനു[illegible]ത്തു് അറിയുന്നതു് യ[illegible]മി[illegible]ക്കും.

[illegible]രഘുവംശത്തിലെന്നപോലെ [illegible]ാഖവി[illegible]ത്തിലും [illegible]ളും ദൂര[illegible]ളായ അനേകം രാജധർമ്മങ്ങളെ ഉപദേശിക്കുന്നുണ്ടു്. കാളിദാസൻ രഘുവംശരാജാക്കന്മാരുടേയും കേരളകാളിദാസൻ വഞ്ചിമഹാരാജാവിന്റേയും ചരിതത്തെ രാജധർമ്മപ്രതിപാദനത്തിനു് അടിസ്ഥാനമാക്കിയിരിക്കുന്നു എന്നുമാത്രമേ വ്യത്യാസമുള്ളു. രണ്ടു മഹാകാവ്യങ്ങളിലും രാജധർമ്മോപദേശത്തിനു് അങ്ങിനെയൊരു മുഖ്യസ്ഥാനം ലഭിച്ചിട്ടുണ്ടു്.

[illegible]ക്കു ചുരുക്കം; അർത്ഥം അധികം; അസ്ഥാനത്തു് ഒരു പദത്തേയോ രസത്തേയോ അലങ്കാരത്തേയോ നിവേശിപ്പിക്കുകയില്ല. ഔചിത്യദീക്ഷയുടെ കാര്യത്തിൽ ക്രമത്തിലധികം ശ്രദ്ധവയ്ക്കും. ഇതൊക്കെ കാളിദാസന്റെ ജന്മസിദ്ധങ്ങളും മുഖ്യങ്ങളും ആയ ഗുണങ്ങളായി വിചാരിക്കണം. ഈ മേന്മകൾ തികച്ചും വലിയകോയിത്തമ്പുരാനും സിദ്ധിച്ചിട്ടുണ്ടു്. ഗദ്യമോ പദ്യമോ സാധാരണസംഭാഷണമോ ഏതായാലും ശരി, 'മിതം ച സാരം ച വചോ ഹി വാഗ്മിതാ' എന്ന കവിവാക്യത്തിന്റെ സാരം അവിടത്തേ വാക്കിനു പൂർണ്ണമായി യോജിക്കും. 'മഹീയാംസഃ പ്രകൃത്യാ മിതഭാഷിണഃ' എന്ന മഹാജനസ്വഭാവത്തിനും അവിടുന്നു് ഒരു ഉത്തമദൃഷ്ടാന്തമാകുന്നു. അവിടത്തെ പുസ്തകാഭിപ്രായം, മുഖവുര, ഉപന്യാസം മുതലായവയിലൊക്കെ ഈ സ്വഭാവം നല്ലപോലെ തെളിഞ്ഞുകാണാം.

അനുഷ്ടുപ്പ്, ഉപജാതി മുതലായ ചെറിയ വൃത്തങ്ങളോടു കാളിദാസനു പ്രകൃത്യാ പ്രീതികൂടുന്നു. രഘുവംശത്തിൽ അധികവും അത്തരം വൃത്തങ്ങൾ ഉപയോഗിച്ചിരിക്കുന്നു. കുമാരസംഭവത്തിലും അങ്ങിനെതന്നെ. വൃത്തം വലിയതോ ചെറിയതോ ഏതുതരമുള്ളതായാലും കേരളകാളിദാസനു് അതിലൊക്കെ ഒന്നുപോലെ കൗതുകാദരങ്ങൾ ഏറും. വിശാഖവിജയം, ക്ഷമാപണസഹസ്രം മുതലായ കൃതികളിൽ രണ്ടുതരം വൃത്തങ്ങളേയും ധാരാളമായി സ്വീകരിച്ചിരിക്കുന്നു. അല്പം [illegible]ഷ്ടമായി ആലോചിച്ചാൽ വലിയകോയിത്തമ്പുരാനു് സ്രഗ്ദ്ധരാദികളായ വലിയ വൃത്തങ്ങളോടല്ല[illegible] അധികം പ്രീതി എന്നു ശങ്കതോന്നും. മു[illegible]പറഞ്ഞ കൃതികളെത്തന്നെ ഇവിടെയും ഉദാഹരണത്തിനു സ്മരിക്കാം; വൃത്തത്തെ സംബന്ധിച്ചിടത്തോളവും രണ്ടു കാളിദാസന്മാർക്കും ഇങ്ങിനെ ഒരു വ്യത്യാസം കാണുന്നു.

വിചിത്രങ്ങളും വിദഗ്ദ്ധാദരണീയങ്ങളുമായ ശബ്ദാർത്ഥങ്ങളേയും വ്യാകരണപ്രയോഗങ്ങളേയും കാവ്യങ്ങളിൽ നിബന്ധിക്കുന്ന കാര്യത്തിൽ പൂർവകാളിദാസനു കൗതുകം കുറയും. ഈ സംഗതിയിൽ നേരേമറിച്ചാണു് നവീനകാളിദാസന്റെ നില. തന്റെ ശബ്ദശാസ്ത്രപ്രാവീണ്യത്തെ പ്രകാശിപ്പിക്കുന്നതിനു അവിടുന്നു എപ്പോഴും കുതുകിയും ജാഗരൂകനും ആണു്. അവിടത്തെ ഏതു കാവ്യം പരിശോധിച്ചാലും ഈ വസ്തുത എളുപ്പം ഗ്രഹിക്കാം. വൻതരം വൈയാകരണന്മാർക്കുമാത്രം സാധ്യങ്ങളും നൂതനങ്ങളും രസകരങ്ങളുമായ ശബ്ദങ്ങളെ അവിടത്തെപ്പോലെ കാവ്യങ്ങളിൽ നിബന്ധിച്ചിരിക്കുന്ന മറ്റൊരു കവി മഹാനായ മേല്പത്തൂർ നാരായണഭട്ടതിരിയ്ക്കുശേഷം കേരളത്തിൽ ഉണ്ടായിട്ടില്ലെന്നു് അഭിപ്രായപ്പെടണം. അത്തരത്തിൽ അചുംബിതങ്ങളായ അർത്ഥാലങ്കാരങ്ങളെ പ്രയോഗിക്കുന്ന വിഷയത്തിൽ മാഘശ്രീഹർഷബാണാദികൾക്കു തുല്യമായ സ്ഥാനം അവിടുത്തേക്കു കൊടുക്കണം. ചിത്രപ്രസ്ഥാനത്തോടു കാളിദാസനു പ്രീതിയില്ല. എന്നാൽ അതിൽ ഏററവും ശ്രദ്ധാലുവും അതിനിപുണനും ആണു് കേരളകാളിദാസൻ. ക്ഷമാപണസഹസ്രം ഇരുപത്തു്, നാല്പത്തേഴു്, എന്നീ വിംശതികൾ നോക്കുക. പ്രസിദ്ധങ്ങളായ ശബ്ദചിത്രങ്ങളധികവും ഈ വിംശതികളിൽ പ്രയോഗിച്ചിട്ടുണ്ടു്. ഇപ്രകാരം വിചാരിക്കുമ്പോൾ കാളിദാസന്റെ അർത്ഥാദരവും ആ മഹാകവിക്കില്ലാത്ത ശബ്ദാലങ്കാരപക്ഷപാതവും കേരളകാളിദാസനു കൈവന്നിട്ടുണ്ടെന്നു തെളിയും. ഈ

വസ്തുത വലിയകോയിത്തമ്പുരാന്, ശബ്ദപരമായി നോക്കുമ്പോൾ, ആദികാളിദാസനെക്കാൾ ശ്ലാഘ്യത കൂടുതലുണ്ടെന്നതിനു ലക്ഷ്യമാകുന്നു.

'അമൃതബിന്ദുസ്യന്ദി'കളായ 'ധ്വനി'കളുടെ പുഷ്ടി കാളിദാസകവിതയുടെ അന്തർമുഖവും മുഖ്യവും ആയ ഒരു ഗുണമാകുന്നു. ധ്വനിമാർഗ്ഗത്തി[illegible] സഞ്ചരിച്ച് കാളിദാസനെപ്പോലെ വിജ[illegible] നേടീട്ടുള്ള ഒരു മഹാകവി വേറെ ഉ[illegible]യിട്ടില്ലെന്നു ദൃഢമായി അഭിപ്രായപ്പെടാം. ധ്[illegible]ദ്ധ്വാവുമായി ഇപ്രകാരം ഒരു സംജീവബന്ധം കേരളകാളിദാസൻെറ കവിതയ്ക്കും സംഭവിച്ചിട്ടുണ്ട്. അവിടുത്തെ കൃതികളുടെ സർവ്വസാധാരണമായ ഒരു ഗുണമാകുന്നു ധ്വനിഗാംഭീര്യം. അതു വിശാഖവിജയം, അക്ബർ മുതലായ കാവ്യങ്ങളിൽ ഉച്ചദശയെ പ്രാപിച്ച് ശോഭിക്കുന്നതായി കാണുവാൻ കഴിയും.

സംസ്കൃതസാഹിത്യത്തിൽ മേഘസന്ദേശത്തിനും ഭാഷയിൽ മയൂരസന്ദേശത്തിനും ലഭിച്ചിരിക്കുന്ന സ്ഥാനം ഒരേവിധം ഉയർന്നതെന്നു പറയണം. ഇവയിൽ ആദ്യത്തേതു ശൈവാണിയുടെ എന്നപോലെ രണ്ടാമത്തേതു കൈരളിയുടേയും കബരീഭൂഷണമായി ഏതുകാലത്തും പരിലസിക്കുന്നതായിരിക്കും. രസോൽകർഷം, ആശയപ്രൌഢി, ധ്വനിഭംഗി മുതലായ ഗുണങ്ങൾകൊണ്ടു മേഘപദ്യങ്ങളുടെ സഹോദരസ്ഥാനത്തു നിൽക്കുവാൻ അർഹങ്ങളായ ഭാഗങ്ങൾ മയൂരസന്ദേശത്തിൽ ഒട്ടേറെയെണ്ണം ഉണ്ട്. ചില പദ്യങ്ങളെ ഉദാഹരിക്കാതെയിരിക്കുവാൻ മനസ്സുവരുന്നില്ല.

കോപത്താൽ നീ കുതിതുടരൊലാ
    പന്നഗത്തെക്കുറിച്ചാ-
ലാപത്തെക്കേട്ടതുമപകടം
    തന്നെയാം പന്നഗാരേ!
ആപല്ലാഭം ഫലമയി സഖേ
    ഭോഗഭൃക്കാം വയസ്സിൽ
ചാപല്യത്തെസ്സപദി നിയമി-
    ക്കായ്കിലെന്നാപ്തവാക്യം.

മാനാതീതപ്രഥിമ കലരും
    ബോട്ടു തണ്ടുംപിടിച്ച-
ന്യൂനാടോപത്തൊടു വിപുലമാം
    കായൽ താണ്ടുന്നകണ്ടാൽ
മൈനാകം ത[illegible]ചിറകുക[illegible] വി[illegible]-
    ച്ചാശു വാരാശിമദ്ധ്യ-
സ്ഥാനാനാദ്രുതിമണവ[illegible]നൊടു-
    മെ[illegible]ന്നതോന്നും.

സത്[illegible]രപ്പൊഴുതഹിഭുജ[illegible]
    നീലക[illegible]ഘഗാനാ-
മുത്തംസത്വം [illegible]മരികിൽ-
    ക്കണ്ടുസന്തുഷ്ടരാകും
നൃത്തംചെയ്യുന്നതിനിഹ യ[illegible]
    [illegible]മുത്സാഹവന്തം
[illegible]ഹനൊടധിക-
    പ്രേ[illegible]ം ഭവന്തം.

[illegible]ദ്യങ്ങളിൽ ഒ[illegible]ലെ ഉത്തരാർദ്ധം [illegible]ചിന്തകന്മാരെ കണ[illegible]ില്ലാതെ രസിപ്പിക്കും. അതിലെ 'ഭോഗഭൃക്കാം വയസ്സ്' ഏതു കവിക്കും അസൂയാജനക[illegible]മായ ഒരു പദകല്പനം എന്നു പറയണ[illegible]. മയിൽ, യൌവനം, എന്ന അർത്ഥങ്ങൾ പ്രകൃതത്തിൽ എത്ര ഭംഗിയായിട്ട് ഇണങ്ങുന്നു? യൌവനസഹജമായ ചേതശ്ചാപല്യത്തെ ശാന്തതയോടുകൂടി നിയന്ത്രിക്കണമെന്നും അല്ലെങ്കിൽ വിവിധങ്ങളായ ആപത്തുകൾ വന്നുചേരുമെന്നും ഒരു ഗംഭീരതത്വംകൂടി കവി സന്ദർഭാനുസാരമായി ഉപ[illegible]രിക്കുന്നു. സ്ഥാനം അറിഞ്ഞ[illegible] നാനാർത്ഥപദങ്ങൾ നിബന്ധിച്ച് അർത്ഥത്തിനു രസപുഷ്ടിയും ഗാംഭീര്യവും ജനിപ്പിക്കുന്നതിനു വലിയകോയിത്തമ്പുരാന് ഒരു പാടവം അന്യാദൃശമായിട്ടുണ്ട്. അതു് ഈമാതിരി സന്ദർഭങ്ങളിൽ പ്രകടമായി പ്രശോഭിക്കുന്നു. രണ്ടാമത്തെ ശ്ലോകത്തിൻെറ ഉത്തരാർദ്ധത്തെ കവിയുടെ ഭാവനാശക്തിക്ക് ഒരു ഉദാഹരണമായി ഗണിക്കാം. അതിലേ ഉൽപ്രേക്ഷ ഏററവും ഹൃദയംഗമവും സന്ദർഭോചിതവും ആയിരിക്കുന്നു. മൂന്നാമത്തേ പദ്യം സഹൃദയശ്ലാഘ്യമായ ഒരു സമാസോക്തിയായിട്ടുണ്ട്. അതിലെ 'അഹിഭുജം' മുതലായ പദങ്ങൾ രണ്ടു നീലകണ്ഠന്മാർക്കും ഒരുപോലെ ചേരുന്നു. ഇക്കൂട്ടത്തിൽ സ്മരിക്കേണ്ട ഒന്നാണ് താഴെ ഉദ്ധരിക്കുന്ന പദ്യവും.

ശ്രീമത്പത്താൽ മദമൊടു ജഗൽപ്രാ-
    ണനെ തിന്നുനന്നായ്
സാമർത്ഥ്യത്തോടഹിഭയമുദി-
    പ്പിച്ച ഭൂമീപതിക്കും

കേമത്ത...പൂണ്ട ...ജഗതിനം-
മണ...ളജംഗ...ിജിഹ്വ-
സ്തോ...ത്തോട...സ്ത...യി ...തവ സഖേ!
...സാധ...ബാധം വിരോധം...

ഇ...ൽ ദ്വി...ങ്ങളുടെയും ദ്വിജി...ഹ്വന്മാരു
...യും സ്...കൌടില്യത്തെ ...വി വളരെ ഭം
...ിയായി ...പ്രതിപാദിച്ചു ...ഫലിപ്പിച്ചിരിക്കുന്നു.
...ൽഭോചിതങ്ങളും ...സരസഗംഭീരങ്ങളും ആയ
...നിബന്ധിക്കുന്നതിൽ കവിയു
ടെ നൈ...ണ്യ...മായ പ്രാ...ത്തിന
...കവും ഉദാഹരണമാണു്.

...സന്ദേശത്തിൽ മേഘ... ...യിൽ
...ാത്തെടുത്തു ... ...ക്കുന്ന ചില ...
കവിയുടെ കാളിദാസസാദൃശ്യത്തെ വെളി...ാക്കു
ന്നവയാകുന്നു.

വിദ്യുത്വന്തം ലളിതവനി...താഃ
സ്സേന്ദ്രചാപം സചിത്രാഃ
സംഗീതായ പ്രഹതമുരജാഃ
സ്നിഗ്ദ്ധഗംഭീരഘോഷം
അന്തസ്തോയം മണിമയഭുവ-
സ്തുംഗമഭ്രം...ലിഹാഗ്രാഃ
പ്രാ...ദാസ്ത്വാം തുലയിതുമലം
യത്ര ...ൈ...സ്തൈർവിശേഷൈഃ.
(മേഘസന്ദേശം)

ശ്രീലാസ്യത്താലെഴുമഴകുട-
ഞ്ഞിച്ചുമൂർപ്പുക്കുമേവും
ലോലാക്ഷീണാമണികുഴലതി-
പ്പീലിപോലുല്ലസിച്ചും
നീലാശ്മശ്രീതിഴകിന തളം
നിൻഗളച്ഛായമായും
ലീലാസൌധപ്രകരമെതിരാം
തത്ര തേ ചിത്രപത്രി!
(മയൂരസന്ദേശം)

എന്ന പദ്യം ദൃഷ്ടാന്തത്തിനു സ്വീകരിക്കാം. ഇ
വിടെ പ്രഥമപദ്യത്തിന്റെ അക്ലിഷ്ടതയും അ
കൃത്രിമമായ രമണീയതയും മറ്റേതിനു കിട്ടീട്ടി
ല്ലെന്നു സമ്മതിക്കണം; എന്നാൽ മേഘപ്രാ
സാദങ്ങൾക്കു ധർമ്മങ്ങൾ ഇണക്കുന്നതിന് എളു
പ്പമുണ്ടെന്നും മയൂരസൌധങ്ങളിൽ അവ അങ്ങി
നെ ചേരുകയില്ലെന്നും ഓർമ്മിക്കണം. 'തുംഗ
മഭ്രംലിഹാഗ്രാഃ' ഇത്യാദിഭാഗങ്ങൾക്കു യോജി
പ്പും ഭംഗിയും സഹജമായിത്തന്നെ ഉണ്ടു്. ശ്രീ
ലാസ്യാദികൾക്കു് അതു് ആഹാര്യരൂപ
ത്തിൽ വരുത്തണം. അപ്പോൾ അല്പമെങ്ങാ
നും മുഴ പററിയാൽ അതിൽ കവിയെ കുററ
പ്പെടുത്താനില്ല. എന്നാൽ ശ്രീലാസ്യാദിപദ്യ
ത്തിനു അങ്ങിനെയുള്ള വൈകൃതമൊന്നും ബാ
ധിച്ചിട്ടില്ല.

രണ്ടുസന്ദേശങ്ങളിലേയും അഭിജ്ഞാ...പ
ദ്യങ്ങളെക്കൂടി ഉദ്ധരിക്കാം.

ഭൂയശ്ചാഹ ത്വമസിശയനേ
കണ്ഠലഗ്നാ പുരാമേ
നിദ്രാം ഗത്വാ കിമപി രുദതീ
സസ്വരം വിപ്രബുദ്ധാ
സാന്തർഹാസം കഥിതമസകൃൽ
പൃച്ഛതശ്ച ത്വയാ മേ
ദൃഷ്ടഃ സ്വപ്നേ കിതവ രമയൻ
കാമപി ത്വം മയേതി.
(മേ. സ)

ലീലാരണ്യേ വിഹഗമൃഗയാ-
ലോലനായേകദാ ഞാൻ
നീലാംപാംഗേ! കമപി നിഹനി-
ച്ചീടിനേൻ നീഡജത്തേ
മാലാന്നാരാൽ മരുവുമിണയെ-
ക്കണ്ടു നീ താം ച നേത്രം
കാലാഗാരം സപദി കൃപയാ
കാതരേ ചൊല്ലിയില്ലേ?
(മ. സ)

ഇവയിൽ ആദ്യത്തേതിന്റെ തോതിൽ
അതിന്റെ സ്ഥാനത്തു നിർമ്മിച്ചിരിക്കുന്ന ദ്വി
തീയപദ്യം ആശയഗാംഭീര്യാദിഗുണോൽകർഷം
കൊണ്ടു് 'തിരിയിൽനിന്നു കൊളുത്തിയ പന്തു'
മായിട്ടുണ്ടെന്നു സഹൃദയന്മാർക്കു ബോധപ്പെടും.
രണ്ടു പദ്യങ്ങളിലേയും അടയാളവാക്യങ്ങൾക്കു
സംഭാവ്യതയും തന്മൂലം സിദ്ധമായ ആസ്വാദക
ത്വവും ഏറും. എങ്കിലും ഭാവപുഷ്ടികൊണ്ടു്
രണ്ടാമത്തെ പദ്യം അധികം ശ്ലാഘ്യതയെ അ
വകാശപ്പെടുന്നതായി വിചാരിക്കണം. അതിൽ
പൂർവ്വാർദ്ധത്തിൽ നായകന്റെ മൃഗയാസക്തിയേ
യും വിഹഗവധത്തേയും പ്രതിപാദിച്ചു് അടു
ത്തതിൽ ഏതു ജീവിക്കും വിരഹദുഃഖത്തോടുകൂ
ടി ജീവിച്ചിരിക്കുന്നതിനെക്കാൾ മരണംതന്നെ
നന്നു് എന്ന നായികയുടെ അഭിപ്രായത്തെ വ്യ

ഞ്ജിപ്പിച്ചിരിക്കുന്നു. ഈ ആശയം അത്യന്തം രസാനുകൂലവും ഗംഭീരവും ആയിട്ടുണ്ട്.

ധ്വനിമധുരമായ ഒരു ശ്ലോകംകൂടി താഴെ ഉദ്ധരിച്ചു ചേർത്തുകൊള്ളുന്നു.

ലോകത്രാണോദ്യതനവിരതം
[illegible]വയാലാവയോര-
[illegible]സ്തോകപ്രീതാശയനുദയദ-
ക്ഷാഭനാം ശ്രീവിശാഖൻ
ശോകദ്വന്ദ്വത്തൊടു സദൃശമായ്
സന്തപിക്കും നമുക്കി-
ശ്ലോകത്തെത്തീർത്തരുളുമുടനേ
മംഗളം ഭംഗമെന്യേ.

ഈ പദ്യത്തിൽ കവി വിശാഖംതിരുനാൾ മഹാരാജാവുതിരുമനസ്സിലേയും വിശാഖനേയും (സുബ്രഹ്മണ്യൻ) ഒന്നായി കല്പിച്ചിരിക്കുന്നു. 'ലോകത്രാണോദ്യത'ാദി ധർമ്മങ്ങൾ രണ്ടു വിശാഖന്മാർക്കും എത്ര ഭംഗിയായി ഇണങ്ങുന്നു എന്നു നോക്കുക. പൂർവ്വാർദ്ധത്തിലേ 'ഉദയദക്ഷാഭ'യ്ക്കു ഒരു ആഭ വേറേയുണ്ടു്. ഉത്തരാർദ്ധത്തിലേ ആശയത്തിനു് ആസകലം അതു താങ്ങായി നില്ക്കുന്ന ഈ 'അക്ഷാഭ'യില്ലെങ്കിൽ ഉത്തരാർദ്ധം മാത്രമല്ല പൊതുവെ ശ്ലോകംതന്നെ എത്ര നിശ്ചേതനം, നിഷ്പ്രഭം, നിർജ്ജീവം, ആകുമെന്നു സഹൃദയന്മാർക്കു കാണാവുന്നതാണല്ലോ.

പദ്യങ്ങളിൽ നാനാർത്ഥങ്ങളെ യാതൊരു വൈകല്യവും തോന്നിക്കാത്തവിധത്തിലും ഏററവും രസകരവും സുന്ദരവും ആയും ധർമ്മങ്ങളെ അരച്ചുചേർത്തുപോലെ ഇണക്കിയും നിബന്ധിക്കുന്നതിനു കാളിദാസനു് അന്യാദൃശമായ ഒരു വൈഭവമുണ്ടു്. ആ ഗുണം കേരളകാളിദാസനും സിദ്ധിച്ചിരിക്കുന്നു. മുൻപു് ഉദ്ധരിച്ച പല പദ്യങ്ങളും ഈ അഭിപ്രായത്തിനു ലക്ഷ്യങ്ങളാണു്.

മയൂരസന്ദേശത്തിന്റെ ശബ്ദസിദ്ധമായ സൗന്ദര്യത്തെക്കുറിച്ചു പ്രത്യേകം പറയേണ്ടതില്ല. അതു് ഇക്കാര്യത്തിൽ മേഘസന്ദേശത്തെക്കാൾ അനേകംപടി ഉയൎന്നസ്ഥാനത്തു സ്ഥിതിചെയ്യുന്നു. കാവ്യത്തിൽ സർവ്വത്ര പ്രയോഗിച്ചിരിക്കുന്നതും സ്വരവ്യഞ്ജനാനുരൂപ്യത്തോടു കൂടിയതും ആയ ദ്വിതീയാക്ഷരപ്രാസവും ഔചിത്യമർമ്മം അറിഞ്ഞു നിബന്ധിച്ചിരിക്കുന്ന അനുപ്രാസാദികളും [illegible]യൂരസ[illegible]ശത്തിന്റെ ശബ്ദസൗന്ദര്യത്തിനു വരു[illegible]ത്തിയിരിക്കുന്ന [illegible]ൽക്കർഷം എത്രയെന്നു് ആസ്വദിച്ചുതന്നെ അറിയണം. ആശയഭം[illegible]ാണ്ടു് അതിവിശിഷ്ടമെന്നിരുന്നാലും ഏതാദൃശമായ ശബ്ദലാവണ്യംകൂടി കൈവ[illegible]ാതെയിരുന്നുവെങ്കി[illegible] കാവ്യര[illegible]നു ഭാഷയിൽ ഇന്നു കാണുന്ന [illegible]ദയാദരവും സ്ഥാനോന്നത[illegible] ലഭിക്കുമോ എ[illegible] കാര്യം സംശയമാണു്.

[illegible]സംസ്കൃതത്തിൽ മേഘസ[illegible] [illegible]വ്യങ്ങൾ ഉണ്ടാകുന്നതിനു അവയെ[illegible] സാഹിത്യത്തിനു് അ[illegible]ത മായ [illegible]നവും പരിഷ്കാരവും സിദ്ധി[illegible]ക്കുന്ന തി[illegible] [illegible]സന്ദേശ[illegible] [illegible]ളിക്കും അങ്ങിനെ ഒരു നില വന്നുകൂടി അതു ഭാഷയിലെ ആദ്യത്തേ സന്ദേശകാവ്യമെന്നു് ഏതാനും [illegible]ാലം മലയാളികൾ വിശ്വസിച്ചുവന്നു. ഉണ്ണുനീലിസന്ദേശം പ്രകാശിതമായപ്പോൾ ഈ മനഃസ്ഥിതിക്കു ഭംഗംനേരിട്ടു. എങ്കിലും ആധുനികകാലത്തു ഭാഷയിൽ സന്ദേശസരണി സഞ്ജാതമായി വളൎന്നുവന്നതു മയൂരകാവ്യം രചിച്ചതിനുശേഷം അതിനെ അനുകരിച്ചാകുന്നു എന്നതു മറക്കാവുന്നതല്ല. കൈരളിയുടെ സന്ദേശപ്രസ്ഥാനാഭിവൃദ്ധി [illegible]യൂരത്തോടു എങ്ങിനെ അടിസ്ഥാ[illegible]പരമായി കടപ്പെട്ടിരിക്കുന്നു എന്നു് ഈ വസ്തുത വെളിവാക്കും. ഇക്കാര്യത്തിലും മേഘമയൂരങ്ങൾക്കു സാധർമ്മ്യം സിദ്ധിച്ചിരിക്കുന്നു.

വലിയകോയിത്തമ്പുരാന്റെ കേരളകാളിദാസത്വം അനേകം കാര്യങ്ങളെ ആശ്രയിച്ചു സംഭവിച്ചതും നിലനില്ക്കുന്നതുമാണു്. അവയിൽ മയൂരസന്ദേശകർത്തൃത്വത്തെ ഏററവും മുഖ്യമായി വിചാരിക്കണം. ഇതരകൃതികൾ സർവ്വവും വിസ്മൃതങ്ങളെന്നുവന്നാലും മയൂരസന്ദേശം ഒരു കാവ്യം മാത്രമുണ്ടെങ്കിൽ അവിടത്തേ കവിയശസ്സു് അമ്ലാനകാന്തിയോടുകൂടി ഏതു കാലത്തും സമുല്ലസിക്കുകതന്നെ ചെയ്യും. കാളിദാസപ്രതിമനായ ഒരു മഹാകവിക്കല്ലാതെ അങ്ങിനെയൊരു കാവ്യം നിർമ്മിക്കാവുന്നതല്ല. ഈ കാവ്യം ഏതു ഭാഷയിലേക്കു തർജ്ജമ ചെയ്താലും അതിൽ ഉത്തമസ്ഥാനം കൈക്കലാക്കി ശോഭിക്കും. ഇംഗ്ലീഷ് മുതലായ ഭാഷകളിൽ ഇതിനു ഭാഷാന്തരമുണ്ടായിട്ടുണ്ടെന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

മയൂരസന്[illegible]ദേശ[illegible]ത്തെക്കുറിച്ച് ഈയിടെയുണ്ടായിരിക്കുന്ന ചില എതിര[illegible]ഭിപ്രായങ്ങളെ മറച്ചുവയ്ക്കുന്നില്ല. അവയിൽ ഒന്നിനെ ഇവിടെ സ്മരിക്കാം "മയൂരസന്ദേശം [illegible] കർത്താവു[illegible] കരുപ്പിടിപ്പിച്ചത[illegible]ണെങ്കി[illegible]ം അതേ[illegible]യുറവുതന്നെ വാങ്ങിയതായിട്ടാണ് മേ[illegible]ന്ദേശത്തോടൊത്തുവെച്ചു പഠിക്കുമ്പോൾ [illegible] സഹൃദയനു [illegible]ന്നുക. ഭാവോത്തേ[illegible]കങ്ങളായ വല്ല [illegible]സന്ദർഭങ്ങളും മയൂരസന്ദേ[illegible]ത്തിലുണ്ടെങ്കി[illegible] അതു കാളിദാസകൃതിയുടെ [illegible] പാട്ടുകൾ മാത്രം. ഒരു [illegible]നം. കാളിദാസൻ യക്ഷ[illegible] വച്ചുപിടിപ്പിച്ച "ഹസ്തപ്രാപ്യ[illegible]കനമിതോ ബാ[illegible]ന്ദാരവൃക്ഷഃ" കേരളവർമ്മ[illegible]വനന്ത[illegible]ത്തു പ്രിയത[illegible]

കയ്യാലെത്തിക്കുതുകമിയലും കുട്ടി-
കൾക്കും പറിക്കാൻ-
വയ്യാതല്ലാതുരുതരഫല[illegible]ത്തണി
തൂങ്ങിക്കിടക്കും

മാവിൻതയ്യായി ഒട്ടിച്ചുനിർത്തിയിരിക്കുന്ന ഈ മൂലവും തർജ്ജമയും മാത്രം വച്ചുകൊണ്ടു കാളിദാസകേരളകാളിദാസന്മാരുടെ ഭാവനയ്ക്കും ര[illegible] ഉള്ള ഉൽക്കർഷാപകർഷങ്ങൾ മനസ്സിലാക്കാം" എന്ന് ഒരു പുതിയ നിരൂപകൻ തന്റെ ഒരു പ്രസംഗത്തിൽ പറയുന്നു. ഈ അഭിപ്രായം പരമാബദ്ധവും മേഘമയൂരകാവ്യങ്ങൾ സശ്രദ്ധം പഠിച്ചിരിക്കുന്ന ഒരു സഹൃദയങ്കൽനിന്ന് ഒരുവിധത്തിലും സംഭവിക്കുവാൻ പാടില്ലാത്തതുമാകുന്നു. പോരാത്തതിന് അതു പരമാർത്ഥത്തിനു വിരുദ്ധവുമാണ്.

മേഘസന്ദേശത്തിന്റെ സ്വതന്ത്രമായ അനുകരണത്തിൽ മറ്റേതു കവിയ്ക്കും കൈവരാത്ത വിജയം വലിയകോയിത്തമ്പുരാനു സിദ്ധിച്ചിട്ടുണ്ടെന്നും പലഭാഗങ്ങളിലും അവിടുന്നു കാളിദാസനെ അതിശയിച്ചു ശോഭിക്കുന്നു എന്നും ഞാൻ മുൻപു സോദാഹരണം തെളിയിച്ചിട്ടുണ്ട്. 'ഭാവോത്തേജക......മാത്രം' എന്നും ആ നിരൂപകൻ പറയുന്നു. അങ്ങിനെയല്ല വസ്തുതയെന്നും സ്വാതന്ത്ര്യങ്ങളും അതിമനോഹരങ്ങളും ആയ അനേകം സന്ദർഭങ്ങൾ മയൂരസന്ദേശത്തിൽ ഉണ്ടെന്നും രണ്ടുകൃതികളും ഒരുതവണ വായിച്ചിട്ടുണ്ടെങ്കിൽ ഏതു സഹൃദയനും സമ്മതിക്കും. മയൂരസന്ദേശത്തിൽനിന്നു മുൻപ് ഉദ്ധരിച്ചുകാണിച്ച പദ്യങ്ങൾ പലതും സ്വതന്ത്രഭാവനാസന്താനങ്ങളെന്നു വ്യക്തമാണ്. "തിണ്ടാടീട്ടും പതഗമിതിനോടെന്റെ" "മംഗല്യാംഗീമണിമകുടമേ" "നിഷ്കാരുണ്യം" "നാമീവണ്ണം വൃഥാ" "ഓമൽപിച്ചിച്ചെടിലത" എന്നീ പദ്യങ്ങൾ മേഘസന്ദേശത്തിലെ ഏതേതു പദ്യങ്ങളുടെ നിഴല്പാടുകളാണെന്നു ചോദിക്കേണ്ടിയിരിക്കുന്നു. ഇവയിൽ ഒന്നിലു[illegible]ാവനോദ്ദീപകമായ യാതൊരു ആശയവും ഇല്ലയോ? മയൂരസന്ദേശത്തിലെ ഒരു സാധാരണപദ്[illegible]ന്നോ 'കയ്യാലെത്തി' ഇത്യാദി ഭാഗത്തെപ്പറ്റി പറയുവാനുള്ളൂ. എങ്കിലും അതു ധ്വനിപ്രധാനമാണ്. ഈ പദ്യത്തെ മേഘമയൂരങ്ങളുടെ ഉൽക്കർഷാപകർഷങ്ങൾ അളക്കുന്നതിനു മാനദണ്ഡമായി ഗ്രഹിപ്പിച്ചതു വിചിത്രംതന്നെ! ഒ. ചന്തുമേനോൻ, സി. അച്യുതമേനവൻ, ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ മുതലായ പണ്ഡിതപ്രവേകന്മാർ മയൂരസന്ദേശത്തെക്കുറിച്ച് അതു ഉണ്ടായകാലത്തു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന അഭിപ്രായങ്ങൾ ഇക്കൂട്ടർ ഒന്നു വായിച്ചാൽ കൊള്ളാം.

'പുരോഗമന'സാഹിത്യകാരന്മാരിൽ ചിലക്കു പൂർവ്വകവികളോടും അവരുടെ കൃതികളോടും തൽപ്രസ്ഥാനങ്ങളെ ആദരിക്കുന്നവരോടും അർത്ഥവും അടിസ്ഥാനവുമില്ലാത്ത ഒരു വൈരം മനസ്സിൽ തിങ്ങിവിങ്ങി കുടികൊള്ളുന്നുണ്ട്. അതു സ്ഥാനത്തും അസ്ഥാനത്തും വെളിപ്പെടുത്തുക അവരുടെ പതിവാണ്. കോയിത്തമ്പുരാനേയും മയൂരസന്ദേശത്തേയും കുറിച്ച് പറഞ്ഞ അഭിപ്രായത്തെ അതിന് ഒരു ദൃഷ്ടാന്തമായി ഗണിക്കാം. പൂർവ്വമഹാപ്രബന്ധങ്ങൾ വായിച്ചു ഗ്രഹിക്കുന്നതിനു വേണ്ട വ്യുൽപത്തിയും കാവ്യസംസ്കാരവും ക്ഷമയും ലഭിക്കുമ്പോൾ ഇവരിൽ കുറേപ്പേരുടെയെങ്കിലും അഭിപ്രായങ്ങൾക്കു മാററംവരുമെന്നു നമുക്ക് ആശംസിക്കാം.

വലിയകോയിത്തമ്പുരാന്റെ കേരളകാളിദാസത്വത്തിനു പൂർവ്വാധികം വെടിപ്പും തടിപ്പും വരുത്തുന്നതിന് അഭിജ്ഞാനശാകുന്തളത്തിന്റെ ഭാഷാന്തരവും ഒട്ടുവളരെ സാഹായ്യം ചെയ്തു. ഭാഷയിൽ നാടകം ഇല്ലാതെയും അതു ഉണ്ടാകുന്നതിനു ജനങ്ങൾ അതിരുകടാതെ ആഗ്രഹിച്ചും ഇരുന്ന കാലത്ത് അവിടുന്നു ശാകുന്തളം തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തി.

അന്നു ഗുണവിരളമായ ഒരു നാടകം ഉണ്ടായാൽ കൂടിയും ജനങ്ങൾ അതിനെ തലയിൽ കയററിവച്ചു ആദരിക്കുമായിരുന്നു. ആ സ്ഥിതിക്കു ശാകുന്തളംപോലെ സർവ്വഗുണപരിശോഭിതമായ ഒരു പ്രബന്ധം ഉണ്ടായാലത്തെ കഥ പ്രത്യേകം പറയേണമോ? അങ്ങിനെ ഒരു ലോകബഹുമതി അല്പകാലംകൊണ്ടു ഭാഷാശാകുന്തളത്തിനു [illegible]. അതിൻെറ ഈ നില അനേകം [illegible] മലയാളികളുടെ നവീനമായ നാട്യ[illegible]സ്ഥാനത്തിനു അഭിവൃദ്ധികരമായി പരിണമിച്ചു. [illegible]ആകപ്പാടെ 'നാടകമെല്ലാം നാടകമായി' എന്നു ചുരുക്കിപ്പറഞ്ഞാൽ ഭാഷാശാകുന്തളം സാഹിത്യത്തിൽ വരുത്തിയ മാററത്തിൻെറ നിലയെന്തെന്നു വിശദമാകും.

കാളിദാസൻേറയും കേരളകാളിദാസൻേറയും ശാകുന്തളങ്ങൾ ഗൈർവ്വാണിയിലും കൈരളിയിലും നാട്യപ്രബന്ധപ്രസ്ഥാനത്തിന് അന്യാദൃശമായ അഭിവൃദ്ധി വരുത്തിവച്ചു. അഭിജ്ഞാനശാകുന്തളം രചിക്കപ്പെട്ടതിനുശേഷം സംസ്കൃതത്തിൽ ഉണ്ടായിട്ടുള്ള നാടകങ്ങൾക്കു കണക്കില്ല. വലിയകോയിത്തമ്പുരാൻ അതു ഭാഷപ്പെടുത്തിയതിനുശേഷം മലയാളത്തിൽ ഈ ശാഖയിൽ ഉണ്ടായിരിക്കുന്ന കൃതികളുടെ നിലയും അതുതന്നെ. ഇക്കാലത്ത് അനേകം കവികൾ സ്വതന്ത്രവും ഭാഷാന്തരവും ആയി അനേകം കൃതികൾ നിർമ്മിച്ചു ഭാഷയിലേ പ്രസ്തുതശാഖയ്ക്കു വിപുലത വരുത്തി. അങ്ങനെയുണ്ടായവയിൽ അതിവിശിഷ്ടങ്ങളായ പലതും എന്നും ഭാഷയുടെ അമൂല്യഭൂഷണങ്ങളായി പരിലസിക്കുന്നവയായിരിക്കും. എന്നാൽ ധൃഷ്ടങ്ങളും ദുഷ്ടങ്ങളും ആയവയുടെ എണ്ണവും ദിനംപ്രതി വളൎന്നുവന്നു. രസികാഗ്രേസരനായ രാമക്കുറുപ്പിൻെറ ചക്കിചങ്കരം രംഗപ്രവേശം ചെയ്തതോടുകൂടി മാത്രമേ അത്തരം കൃതികളുടെ ദുർവ്വിലാസത്തിനു ശമനം വന്നുള്ളൂ.

ശാകുന്തളത്തിനു പില്ക്കാലത്ത് അനേകം ഭാഷാന്തരങ്ങൾ ഓരോ കവികളിൽനിന്നു ലഭിച്ചിട്ടുണ്ട് എന്നാൽ വലിയകോയിത്തമ്പുരാൻെറ ഭാഷാശാകുന്തളത്തോടു സഹൃദയസമുദായത്തിനു സംഭവിച്ചുകാണുന്ന പ്രീതിബഹുമാനങ്ങളുടെ ശക്തി ഒന്നു വേറെയാണ്; അത് എന്നും അങ്ങിനെതന്നെ സ്ഥിതിചെയ്യുമെന്നു വിശ്വസിക്കുകയും ചെയ്യാം.

വലിയകോ[illegible]ിത്തമ്പു[illegible]നെ [illegible]നങ്ങൾ മഹാകവിയായിട്ടുമാത്ര[illegible]ല്ല, [illegible]ാഹിത്യ[illegible]ിസർവ്വവിഷയ[illegible] ഒരു [illegible]രമാ[illegible]ാര്യനെ[illegible] നിലയിൽകൂടി ബഹുമ[illegible] വന്നു വ്യാക[illegible]ല കാരാ[illegible]ിശാസ്ത്രങ്ങളിൽ [illegible]ത്തേക്കു [illegible]ല്യന്മാരായ [illegible]ണ്ഡിതന്മാർ അക[illegible] ദുർല്ല[illegible]മായിരുന്നു. തര[illegible]ബന്ധങ്ങളായ [illegible]യങ്ങളിൽ അവിടുന്നു പുറപ്പെടു[illegible]ിച്ചിരിക്കുന്ന അ[illegible]ിപ്രായ[illegible]ങ്ങളെ വേദവാക്യംപോലെ[illegible]ന്നും അലംഘ[illegible]യമായി വിചാരിച്ചുവരുന്നു.

ഏ[illegible] പ്രകാശിപ്പിക്കുക, [illegible]ാരെ പഠിപ്പിച്ചു ഉയൎത്തി[illegible]ൊണ്ടുവരിക, പണ്ഡിതന്മാരെ പ്രോത്സാഹി[illegible]പ്പിക്കുക, [illegible]വൎത്തനങ്ങൾക്കു [illegible]ഷ്ടിവ[illegible]ചെയ്തുകൊടുക്കുക, [illegible]ന്യകവികളുടെ കൃതികൾ പരിശോധിച്ചു നന്നാക്കുക, എന്നിങ്ങനെ അനേകം മാൎഗ്ഗങ്ങളെ ആശ്രയിച്ചു ഗൈർവ്വാണിയുടേയും കൈരളിയുടേയും പോഷണത്തിനു ഏകദേശം അരശ്ശതാബ്ദം കാലത്തോളവും അവിടുന്നു നിരന്തരമായി പരിശ്രമം ചെയ്തിട്ടുണ്ട്. മലയാളഭാഷയ്ക്കു ഇന്നു ഉണ്ടായിക്കാണുന്ന അഭിവൃദ്ധിയുടെ ഒരു സാരമായ പങ്ക് അവിടത്തേ ഏതദ്വിധമായ ശ്രമത്തിൻെറ ഫലമെന്ന് ആരും സമ്മതിക്കും. സാഹിത്യത്തിൽ പില്ക്കാലത്ത് ഉന്നതനി[illegible] പ്രാപിച്ചുവന്നവരായ പണ്ഡിതന്മാരിൽ ഒട്ടധികംപേരും അവിടത്തേ സ്നേഹപൂർവ്വമായ സാഹായ്യംകൊണ്ടാണ് ആ സ്ഥിതിയിൽ എത്തിച്ചേർന്നതെന്നു പറയുന്നതിൽ പിശകില്ല. ഇങ്ങനെ ഏതുകൊണ്ടുവിചാരിച്ചാലും മലയാളഭാഷയ്ക്കു അവിടത്തേക്കാൾ ഒരു വലിയ ബന്ധു ഒരുകാലത്തും ഉണ്ടായിട്ടില്ലെന്നു കാണാവുന്നതാണ്. അവിടുന്നു കേരളസാഹിത്യസമ്രാട്ടായി ആരാധിക്കപ്പെട്ടുവരുന്നതിൻെറ കാരണവും ഇതുതന്നെ.

കാളിദാസൻ ഒരു കാളിദാസൻമാത്രമായിരുന്നു. എന്നാൽ വലിയകോയിത്തമ്പുരാൻ ഒരു കാളിദാസനും അതേസമയത്തു ഭോജനും കൂടിയായിരുന്നു.

"നന്നായ് കേരളകാളിദാസപദമേ-
റററ്റ്ഗ്രാസനാരൂഢനാ-
യ് നാരാലരുളുന്നതെന്നഭിനവ-
ശ്രീഭോജരാജൻ ദൃഢം"

എന്നിങ്ങനെ ഓരോ കവികൾ അവിടത്തെ വാഴ്ത്തിയിരിക്കുന്നതിൽനിന്നു ഈ തത്വം

ശാന്തരസവിചാരം

(വ്യാകരണസാഹിത്യശിരോമണി പി. കൃഷ്ണൻനായർ.)

രസപ്രഭേദങ്ങളെക്കുറിച്ചു പല അഭിപ്രായഭേദങ്ങളുണ്ടെങ്കിലും പ്രായേണ പ്രാമാണികന്മാരായ ആലങ്കാരികന്മാർ അംഗീകരിച്ചിരിക്കുന്നതും ...ലുള്ളതുമായവ ... വീരം, കരുണം, രൗദ്രം, അ..., ഹാസ്യം, ഭയാനകം, ബീഭത്സം, ശാന്തം എന്നീ ഒമ്പതു വക...ളാകുന്നു. ഭക്തിവാത്സല്യാദികളെ അധികംപേരും ...ത്തിലാണുൾപ്പെടുത്തിയിരിക്കുന്നതു്. എന്നാൽ, ഈ ഒമ്പതിൽ ശാന്തമൊഴിച്ചു മററുള്ള ശൃംഗാരാദികളെട്ടും, എല്ലാ ആലങ്കാരികന്മാരും,

> "രസേ സാരശ്ചമൽകാര-
> സ്സർവ്വത്രാപ്യനുഭൂയതേ
> തച്ചമൽകാരസാരത്വേ
> സർവ്വത്രാപ്യദ്ഭുതോ രസഃ."

എന്നിങ്ങിനെ വാസ്തവത്തിൽ രസം അത്ഭുതമെന്നൊന്നേയുള്ളുവെന്നു പറയുന്ന നാരായണ കവിപണ്ഡിതൻ, എന്നുവേണ്ട,

> "വീരാദ്ഭുതാദിഷു ച യേഹ രസപ്രസിദ്ധിഃ
> സ്സിദ്ധാ കുതോപി വടയക്ഷവദാവിഭാതി;
> ലോകേ ഗതാനുഗതികത്വവശാദുപേതാ-
> മേതാം നിവർത്തയിതുമേഷ പരിശ്രമോ മേ."

> "ശൃംഗാരവീരകരുണാദ്ഭുതഹാസ്യരൗദ്ര-
> ബീഭത്സവത്സലഭയാനകശാന്തനാമ്നഃ
> ആമ്നാസിഷുർദ്ദശരസാൻ സുധിയോ വയന്തു
> ശൃംഗാരമേവ രസനാദ്രസമാമനാമഃ."

എന്നു പ്രതിജ്ഞ ചെയ്തുകൊണ്ടു്, അതിലേക്കായി 'ശൃംഗാരപ്രകാശം' എന്നൊരു ...ഗ്രന്ഥം നിർമ്മിച്ചിരിക്കുന്ന ഭോജൻപോ... പ്രകാരാന്തരേണ സ്വീകരിച്ചിരിക്കുന്നതാ...ണറിയുന്നതു്. ശാന്തരസത്തിന്റെ സ്ഥിതി അതല്ല. അതിൽ പലൎക്കും പല വിപ്രതിപത്തികളും ഉള്ളതായിക്കാണുന്നു. അതുകൊണ്ടു് നമുക്കിവിടെ ശാന്തരസത്തെ സംബന്ധിച്ചു സ്വല്പമൊന്നു ചിന്തിക്കാം.

'സകലവിഷയാഭിലാഷങ്ങളുടേയും നിവൃത്തിരൂപവും സർവ്വഥാ സുഖമയവും ആയ നിർവ്വേദം സ്ഥായിയായിട്ടുള്ള രസമാണു് ശാന്തം' എന്നിങ്ങനെയാണു് ആലങ്കാരികപ്രപഞ്ചത്തിലേ പ്രാമാണികമൂർദ്ധന്യന്മാരായ ആനന്ദവർദ്ധനാചാര്യരുടേയും അഭിനവഗുപ്താചാര്യരുടേയും ശാന്തനിർവ്വചനച്ചുരുക്കം. ആനന്ദമയമായ സ്ഥായിരൂപനിർവ്വേദവും ദുഃഖമയമായ സഞ്ചാരിരൂപനിർവ്വേദവും പരസ്പരം ഭിന്നമാകുന്നുവെന്നാണു് അവരുടെ അഭിപ്രായം.

പക്ഷേ, ശാന്തമെന്നൊരു രസംതന്നെയുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ സ്ഥായിഭാവത്തെ ഭരതമഹർഷി നിർദ്ദേശിക്കാതെ വിടുമോ? രത്യാദികളായ എട്ടു സ്ഥായികളെ മാത്രമല്ലേ മഹർഷി പറഞ്ഞിട്ടുള്ളു?

പോരെങ്കിൽ,

> "ഏകോന പഞ്ചാശദിമേ യഥാവൽ
> ഭാവാ വ്യവസ്ഥാ ഗദിതാ മയേഹ."

മനസ്സിലാക്കാം. കാവ്യഗുണങ്ങൾകൊണ്ടു കാളിദാസന്റെ എന്നപോലെ, കവികളെ സഹായിച്ചും പ്രോത്സാഹിപ്പിച്ചും സാഹിത്യപോഷണത്തിനുവേണ്ടി ചെയ്തിരിക്കുന്ന പരിശ്രമം കൊണ്ടു് അവിടുന്നു ഭോജരാജാവിന്റേയും സാദൃശ്യം വഹിക്കുന്നു. സംസ്കൃതസാഹിത്യത്തിൽ കാളിദാസന്റെ എന്നപോലെ കേരളത്തിൽ വലിയകോയിത്തമ്പുരാന്റെ നാമവും കാവ്യങ്ങളും ഏതുകാലത്തും അഭംഗുരകാന്തിയോടുകൂടി പരിലസിക്കുന്നതായിരിക്കും.

എന്നിങ്ങിനെ ൮ സ്ഥായികളും ൩൩ വ്യഭിചാരികളും ൮ സാത്വികങ്ങളും കൂടി ആകെ ഭാവങ്ങൾ ൪൯ എണ്ണമാണെന്ന് അദ്ദേഹം കണക്കാക്കിക്കാണിച്ചിട്ടുമുണ്ടു്. അതിനാണല്ലോ ഭോജോക്തങ്ങളായ സ്ഥായ്യന്തരങ്ങളെ ഖണ്ഡിച്ചുകൊണ്ടു ശിംഗഭൂപതി,

"ത്വഷ്ടാവേവ വിജ്ഞേയാഃ
[illegible]സ്ഥായിനോ മുനിസമ്മതാഃ"

എന്നു സുസ്പഷ്ടമഭിപ്രായപ്പെട്ടിരിക്കുന്നതു്. സ്ഥായിതന്നെയില്ലെന്നിരിക്കേ ശാന്തരസത്തിനുണ്ടോ സദ്ഭാവം?—എന്നു പ്രതിപക്ഷികൾ ആശങ്കിച്ചേക്കാമെങ്കിലും അതിലേക്കു സമാധാനമില്ലെന്നില്ല. ശാന്തത്തിനു സ്ഥായിഭാവമുണ്ടെന്നും അതു നിർവ്വേദമാണെന്നും ധരിക്കണം. അങ്ങിനെ ഒരു സ്ഥായിഭാവം മഹർഷി നിർദ്ദേശിച്ചിട്ടില്ലെന്നു ശഠിക്കുന്നതും ശരിയല്ല; സ്ഥായിത്വവും സഞ്ചാരിത്വവുമുള്ളതുകൊണ്ടു. നിർവ്വേദത്തെ മദ്ധ്യമണിന്യായത്തിൽ രണ്ടുകൂട്ടത്തിലും യോജിക്കുമാറു രണ്ടുതരം ഭാവങ്ങൾക്കും മദ്ധ്യത്തിൽ നിർദ്ദേശിച്ചിരിക്കുന്നുവെന്നേയുള്ളൂ. നിർവ്വേദത്തിനു വ്യഭിചാരിത്വംമാത്രമേ ഉള്ളുവെന്നാണു മഹർഷിക്കഭിപ്രായമെങ്കിൽ അമംഗളപ്രായമായ ആ ഭാവത്തെ വ്യഭിചാരിഭാവങ്ങളിൽ ആദ്യമായി നിർദ്ദേശിക്കുമോ? സ്ഥായിയിലും സഞ്ചാരിയിലും ഉൾപ്പെടുന്ന നിർവ്വേദത്തിന്റെ സ്വരൂപഭേദം കാര്യമാക്കാതെ മാത്രമായിരിക്കണം 'ഏകോന പഞ്ചാശദിമേ—' എന്നു കണക്കാക്കിയിരിക്കുന്നതു്. ആകയാൽ മഹർഷി സർവ്വഥാ നിർദ്ദേശിച്ചിട്ടില്ലെന്നോ സംഭവിയല്ലെന്നോ ശഠിച്ചുകൂടാ. വ്യഭിചാരിഭാവമായ നിർവ്വേദത്തിന്നും സ്ഥായിഭാവമായ നിർവ്വേദത്തിന്നും സ്വരൂപത്തിൽ ഭേദമുണ്ടെങ്കിലും നിർവ്വേദത്വരൂപമായ പ്രവൃത്തിനിമിത്തം ഒന്നുതന്നെയാകയാൽ മഹർഷി പ്രത്യേകം ഗണിച്ചില്ലെന്നേയുള്ളൂ. നിർവ്വേദമെന്നതു നിഷ്ഫലത്വബുദ്ധിയാണെന്നുവേണം പറവാൻ.

"തത്വജ്ഞാനാച്ച ദൗർഗത്യാ-
ദാപദോ വിപ്രയോഗതഃ
ഈർഷ്യാദേരപി നൈഷ്ഫല്യ-
മതിർനിർവ്വേദ ഉച്യതേ."

എന്നു 'രസാർണ്ണവസുധാകര'ത്തിൽ വ്യഭിചാരിഭാവമായ നിർവ്വേദത്തെ നിർവ്വചിച്ചിരിക്കുന്നതു നോക്കുക. സ[illegible]ചാരി[illegible]ാവമായ ഈ നൈഷ്ഫല്യബുദ്ധി വിഷയ[illegible]ഭില[illegible]സങ്കുലവും വിഷയദ്വേഷഹേതു[illegible]മാകകൊണ്ടു് [illegible]തു ദുഃഖമയമാ[illegible]് അനു[illegible]വപ്പെടുക. [illegible]ന്നാൽ ന[illegible]ഫലത്വബുദ്ധി[illegible]രൂ[illegible]മാ[illegible] ആ നി[illegible]വ്വേദം നിത്യ[illegible]നിത്യവിവേകജന്യ[illegible]വാൾ വി[illegible]യാഭിലാഷനി[illegible]ശ്ശേഷനിവൃത്തിയാ[illegible]വരൂപമ[illegible]യി സ്ഥായിഭാവര[illegible] ഭജിക്കുന്നു: തൃ[illegible]ാനിവൃത്തി ഹേതുവായ നൈഷ്ഫല്യ[illegible]ബുദ്ധി തൃഷ്ണാനി[illegible]ത്തിരൂപമായിത്തന്നെ പ്രകാശി[illegible]വെന്നും അ[illegible] സുഖമയമാണെന്നും താൽപര്യ[illegible] ഏ[illegible]വും ലോകവ[illegible]വഹാരാനു[illegible]വും ആണല്ലോ. ഇതാ[illegible] സഞ്ചാരിയായ നിർവ്വേദത്തിനും സ്ഥായി[illegible]യായ നിർവ്വേദത്തി[illegible] തമ്മിൽ ഭേദം. വി[illegible]ലാഷനിവൃത്തിരൂപമായ നൈഷ്ഫല്യബുദ്ധി സുഖമയവും സഞ്ചാരിയായ നൈഷ്ഫല്യബുദ്ധി ദുഃഖമയവുമാകുന്നു. വിഷയതൃഷ്ണാനിവൃത്തിയിൽ ബാഹ്യവൈമുഖ്യത്താൽ ചിത്തവൃത്തി അന്തർമ്മുഖമാകുന്നതുകൊണ്ടു് അതിൽ ബ്രഹ്മരൂപാനന്ദം പ്രതിബിംബിക്കുമെന്നു് അദ്വൈതികൾ സിദ്ധാന്തിച്ചിട്ടുണ്ടുതാനും. തൃഷ്ണാക്ഷയം സുഖമയമാണെന്നതിലേക്കു,

"യച്ച കാമസുഖം ലോകേ
യച്ച ദിവ്യം മഹൽ സു[illegible]ം
തൃഷ്ണാക്ഷയസുഖ[illegible]സ്യൈതേ
നാർഹതഷ്ഷോഡശീം കലാം."

എന്ന മഹാഭാരതസൂക്തി പ്രമാണവുമാണു്. തൃഷ്ണകളുടെ=വിഷയാഭിലാഷങ്ങളുടെ; ക്ഷയം=നിവൃത്തിഹേതുവായ അഥവാ നിവൃത്തി-പ്രാധാന്യത്താൽ നിവൃത്തിരൂപമായ നിർവ്വേദാഖ്യനൈഷ്ഫല്യബുദ്ധി; തദ്രൂപമായ സുഖം—തൃഷ്ണാക്ഷയസുഖം. അതുതന്നെയാണു് സ്ഥായിയായ നിർവ്വേദം. ആ സുഖത്തിന്റെ പതിനാറിലൊരംശംപോലും ലൌകികമായ വിഷയസുഖവും മഹത്തായ സ്വർഗ്ഗാദിദിവ്യസുഖവും അർഹിക്കുന്നില്ലെന്നർത്ഥം. ഈ സ്ഥായിഭാവത്തിന്റെ ഉദ്ദീപനവിഭാവാനുഭാവസഞ്ചാരികളിൽ രസ്യമാനത്വകൃതപരിപോഷസ്വരൂപമായ രസംതന്നെയാണു് ശാന്തം. വിഷയതൃഷ്ണാനിവൃത്തിരൂപചിത്തവൃത്ത്യാത്മക സ്ഥായികമായ ശാന്തരസത്തിന്നു് ആലംബനവിഭാവം പ്രപഞ്ചമാണു്. പ്രായേണ നിത്യാനിത്യവിവേകജന്യമാണു് നിർവ്വേദം. എന്നാൽ, "തത്വ

ജ്ഞാനാച്ച ദ[illegible]ാത്യാൽ—"എന്നിങ്ങനെ രസാൎണ്ണവ[illegible]ധാക[illegible]കാരനും മററും തത്വജ്ഞാന[illegible]ത്തെ നിൎവ്വേദവി[illegible]ാവമായി നിൎദ്ദേശിച്ചിട്ടുണ്ട[illegible]ല്ലോ എ[illegible]നാണെ[illegible]ങ്കിൽ അ[illegible]യാക്കയും നിത്യാ[illegible]ത്യ[illegible]സ[illegible]ിചാരാദിപരമാ[illegible]ന്നു താദൃശ[illegible]വും വിവേകവും തൃഷ്ണാന്[illegible]ൃത്തിഹേ[illegible]കയാൽ വിഭാവമ[illegible]യി നിൎദ്ദേശ[illegible]ച്ചിരിക്ക[illegible]ണെന്നും ഗ്രഹ[illegible]ൽ മതിയാകുന്നതാ[illegible]ം. അഥവാ [illegible]ത്വജ്ഞാനംകൊണ്ടു [illegible]ക്ഷിച്ചിരിക്ക[illegible]തു ബ്രഹ്മാപരോക്ഷജ്ഞാ[illegible]ക്ഷജ്ഞാനമാണ് സാക്ഷാൽ മോക്ഷഹേതുവല്ലാത്ത[illegible] ന[illegible] പ്രപഞ്ചനിസ്സാരത്വബുദ്ധ[illegible] വൈരാഗ്യത്തി[illegible] മററും ഹേതുവാകാവുന്നതു[illegible]മാണ്. വിശേഷിച്ചു രസഭാവാദിവിഭാവ[illegible]ാനിയതമല്ലായ്കയാൽ സന്ദൎഭൌചിത്യവശാൽ കാരണാകാരണത്തിലും കല്പിക്കാവുന്നതും രസഭാവാദിപ്രതീതി സമുചിതസന്ദൎഭോക്തിവൈചിത്ര്യാനുസാരിയാകയാൽ അതിപ്രസ[illegible]ഗാശങ്ക അകിഞ്ചിൽകരമാണെന്നുമുള്ള വസ്തുതയും ഈ അവസരത്തിൽ ഓൎമ്മിക്കേണ്ടതാണ്. ഇത്രയുംകൊണ്ട് ഏതൊന്നാണ് സ്ഥായിയായ ഈ നിൎവ്വേദം? ദാരിദ്ര്യാദിപ്രഭവമോ? തത്വജ്ഞാനപ്രഭവമോ? ആദ്യത്തേതു ശോകപ്രവാഹപ്രസരരൂപമാ[illegible] ചിത്തവൃത്തിവിശേഷമാകയാൽ വ്യഭിചാരിഭാവമേ [illegible]കു. രണ്ടാമത്തേതാണെങ്കിൽ തത്വജ്ഞാനമൊന്നു[illegible]മാത്രമാണതിനു വിഭാവമെന്നായി. അപ്പോൾ വൈരാഗ്യാദികൾ എങ്ങിനെയാണ് വിഭാവമാവുക? തത്വജ്ഞാനോപയോഗിയാകകൊണ്ടാണെങ്കിൽ കാരണാകാരണത്തിലാണ്; താദൃശവ്യവഹാരമെന്നായി. അത് അതിപ്രസംഗാവഹവുമാണ്. അത്രയുമല്ല, നിൎവ്വേദമെന്നതു സൎവ്വത്തിലും അനുപാദേയത്വബുദ്ധിയാകയാൽ വൈരാഗ്യരൂപമാണതാനും അതിന്നു തത്വജ്ഞാനം ഹേതുവല്ല. നേരേമറിച്ച് അതു തത്വജ്ഞാനത്തിന്നു ഹേതുവാണ്. വിരക്തനാണല്ലോ തത്വജ്ഞാനത്തിന്നു പ്രയത്നിക്കുന്നതു്. അല്ലാതെ തത്വജ്ഞാനിയുണ്ടോ വൈരാഗ്യത്തിന്നു ക്ലേശിക്കുന്നു. തത്വജ്ഞാനി നിൎവ്വിണ്ണനാകുമോ? തത്വജ്ഞാനം മോക്ഷഹേതുവാണല്ലോ. തത്വജ്ഞാനിക്കു ദൃഢതരമായ വൈരാഗ്യം കാണുന്നുണ്ടല്ലോ എന്നാണെങ്കിൽ താദൃശവൈരാഗ്യം ജ്ഞാനത്തിന്റെ പരമകാഷ്ഠ മാത്രമാണ്; നിൎവ്വേദമല്ല. അതിനാൽ "നിൎവ്വേദം ശാന്തസ്ഥായി അല്ല" എന്നിങ്ങിനെയുള്ള ഹേമചന്ദ്രന്റെ വാദം പരാസ്തമായി എന്നറിഞ്ഞുകൊൾക. ആട്ടെ; തൃഷ്ണാനിവൃത്തിരൂപവും സുഖമയവുമായ ഒരു ചിത്തവൃത്തിയുണ്ടെന്നു സമ്മതിക്കാം. എന്നാൽ അതു ശാന്തരസസ്ഥായിയാണെന്നു പറയുക എങ്ങിനെ? അത്തരം ചിത്തവൃത്തികൊണ്ടു രസപ്രതീതിയുണ്ടാവാൻ വഴിയില്ലല്ലോ. രസപ്രതീതിക്ക് അനുഭാവാദികൾ കൂടാതെ കഴിയുമോ? സമസ്തവിഷയാഭിലാഷനിവൃത്തിരൂപനിൎവ്വേദത്തി[illegible] കാൎയ്യം ചേഷ്ടോപരമമാകയാൽ അതല്ലേ അ[illegible]വമാകേണ്ടതു്? അതു സംഭവിയാ[illegible] അത്തരം അനുഭാവത്തെ സാഹിത്യത്തിൽ വൎണ്ണിക്കുകയോ രംഗത്തിൽ പ്രയോഗിക്കുകയോ ശക്യമല്ലല്ലോ. അനുഭാവങ്ങളെ വൎണ്ണിക്കാതെയോ അഭിനയിക്കാതെയോ ഭാവുകന്മാൎക്കു രസപ്രതീതിയുണ്ടാകുമോ? അതിനാൽ ശാന്തമെന്നൊരു രസം സഹൃദയന്മാൎക്കു പ്രതീയമാനമല്ല എന്നു വീണ്ടും ആക്ഷേപിക്കുന്നുവെങ്കിൽ; കേൾക്കൂ: പറയാം—സൎവ്വചേഷ്ടോപരമം ശാന്തത്തിന്റെ പൎയ്യന്താവസ്ഥയിൽ മാത്രമാണ്. അതു വൎണ്ണിക്കുക ശക്യമല്ലെങ്കിൽ വേണ്ട. പൂൎവ്വാവസ്ഥകൾ മാത്രം വൎണ്ണിച്ചാൽ മതി. യമനിയമാദി ചേഷ്ടകൾ പൂൎവ്വാവസ്ഥാസാധാരണങ്ങളാണല്ലോ. അപ്പോൾ മതി, ധൃതി, സ്മൃതി മുതലായ വ്യഭിചാരികളും സംഭവിക്കാവുന്നതാണ്. ചിത്തത്തിന്റെ പ്രശാന്തവാഹിത്വം നിരോധസംസ്കാരാഭ്യാസപാടവത്താലാണെന്നും സമാധിച്ഛിദ്രങ്ങളിൽപോലും ക്ഷീയമാണബീജങ്ങളായ പൂൎവ്വസംസ്കാരങ്ങളെക്കൊണ്ടു വ്യുത്ഥാനരൂപങ്ങളായ ഞാനെന്നും എന്റെ എന്നും അറിയാമെന്നും അറിയുന്നില്ലെന്നും മററുമുള്ള ജ്ഞാനവിശേഷമുണ്ടാവുന്നതാണെന്നും മററും പതഞ്ജലി തന്റെ യോഗശാസ്ത്രത്തിൽ,

"തസ്യപ്രശാന്തവാഹിതാസംസ്കാരാൽ"
(യോഗശാസ്ത്രം—വിഭൂതിപാദം)

"തച്ഛിദ്രേഷു പ്രത്യയാന്തരാണി സംസ്കാരേഭ്യഃ"
(യോഗശാസ്ത്രം—കൈവല്യപാദം)

എന്നീ സൂത്രങ്ങളെക്കൊണ്ടു പ്രതിപാദിച്ചിരിക്കുന്നതു നോക്കുക. ബ്രഹ്മജ്ഞാനം ഉണ്ടായതുകൊണ്ടു മാത്രമായില്ല, അതിന്നു ദൃഢതവേണം. പ്രബലങ്ങളായ പ്രതിബന്ധങ്ങൾ പലതുമുള്ളതുകൊണ്ടു ദാൎഢ്യത്തിനായി വീണ്ടുംവീ

ണ്ടും ശ്രവണമനനാദികൾ നടത്തിക്കൊണ്ടിരിക്കണമെന്നു വേദാന്തികളും പറയുന്നുണ്ടു്.

"അഹം ബ്രഹ്മേതി വാക്യാർത്ഥ-
ബോധോ യാവദ്ദൃഢീഭവേൽ
ശമാദിസഹിതസ്താവ-
ദഭ്യസേച്ഛ്റവണാദികം.

...ധം സന്തിഹ്യദാർഢ്യസ്യ
ഹേതവഃ ശ്രുത്യനേകതാ
അസംഭാവ്യത്വമർത്ഥസ്യ
വിപരീതാ ച ഭാവനാ;

ശാഖാഭേദാൽ കാമഭേദാൽ
ശ്രുതം കർമ്മാന്യഥാന്യഥാ
ഏവമത്രാപിമാശങ്കി-
ത്യതഃ ശ്രവണമാചരേൽ.

ബഹുജന്മദൃഢാഭ്യാസാ-
ദ്ദേഹാദിഷ്വാത്മധീഃ ക്ഷണാൽ
പുനഃപുനരുദേത്യേവം
ജഗത്സത്യത്വധീരപി."

(പഞ്ചദശി—തൃപ്തിദീപപ്രകരണം)

ഇങ്ങിനെ പല പ്രതിബന്ധങ്ങളും ജാഗരിക്കുന്നതുകൊണ്ടു ബ്രഹ്മജ്ഞാനിപോലും ജ്ഞാനദാർഢ്യത്തിനായി ശ്രവണമനനാദിവഴിക്കു ബ്രഹ്മാഭ്യാസം ചെയ്യേണ്ടതാകുന്നു—എന്നാണല്ലോ വിദ്യാരണ്യസ്വാമികൾ അഭിപ്രായപ്പെട്ടിരിക്കുന്നതു്.

"തച്ചിന്തനം തൽകഥനം
അന്യോന്യം തൽപ്രബോധനം
ഏതദേകപരത്വഞ്ച
ബ്രഹ്മാഭ്യാസം വിദുർബുധാഃ"

എന്നിങ്ങിനെ ബ്രഹ്മാഭ്യാസം എന്നതു തച്ചിന്തനതൽകഥനാദിയാണെന്നും അദ്ദേഹം പ്രതിപാദിച്ചിട്ടുണ്ടു്. ഈവക ബ്രഹ്മാഭ്യാസവും ശ്രവണവുംമററും ചേഷ്ടാവശേഷമല്ലാതെ മറെറന്തൊന്നാണു്? സർവഥാ നിശ്ശേഷതയും നിർവ്വിത്തികതയും മുക്തിദശയിലും—വിദേഹമുക്തിയിലും—നിർവ്വികല്പകസമാധിയിലും മാത്രമല്ലേ? അതിലേക്കു വർത്തമാനമായ പ്രതിബന്ധംമാത്രമല്ല, ഭൂതവും ഭാവിയുംകൂടി വിരോധിയാണെന്നും അതുകൊണ്ടു പലർക്കും മുക... ...ന്നിലധികം ജന്മം വേണ്ടിവന്നേ...മെന്നു...മല്ലേ ...ദാന്തികളുടെ സിദ്ധാന്തം?

"അത്രേനാ...ി മ...ിഷ്...
...ഹേന പ്രതിബന്ധ...
ഭിക്ഷു...ത്ത...ം ന വേദേ...
ഗാഥാ ...ക പ്രഗീയതേ"

"ആഗാമിപ്രതിബന്ധ...
വാമദേവേ സമീരിതഃ
ഏ...
ഭരതസ്യ...ജന്മഭിഃ"

എന്നു വി...സ്വാമികൾ പറഞ്ഞി...ന്നതു നോക്കുക. പുറമേ സമാധിയിൽ പോലും യമനിയമാസനപ്രാണായാമാദിവ്യാപാരങ്ങളായ അനുഭാവങ്ങളും സംഭവിക്കയില്ലേ? എല്ലാംകൊണ്ടും തപോവനപുണ്യക്ഷേത്രപുണ്യതീർത്ഥതാപസാദിദർശനശ്രവണാദികളായ ഉദ്ദീപനവിഭാഗങ്ങളും ബ്രഹ്മാഭ്യാസരൂപങ്ങളായ സല്ലാപപ്രവചനാദികളും യമനിയമാദികളുംമററുമായ അനുഭാവങ്ങളും ഹർഷം, ധൃതി, മതി, ഉന്മാദം, സ്മൃതി, നിർവ്വേദം മുതലായ സഞ്ചാരിഭാവങ്ങളും ശാന്തരസത്തിൽ സംഭവി...വുന്നതുകൊണ്ടു ശാന്തരസസ്ഫൂർത്തിയെക്കുറിച്ചു സംശയിപ്പാൻ തീരെ അവകാശമില്ല തന്നെ.

പക്ഷേ, പൂർവാവസ്ഥ വർണ്ണിക്കാവുന്നതിനാൽ കാവ്യാദികളിൽ ശാന്തരസത്തിന്നു സ്വല്പം സ്ഫൂർത്തിയുണ്ടാവാമെന്നു സമ്മതിക്കാമെങ്കിലുംഫലഭൂമിയിൽ—പര്യന്തികാവസ്ഥയിൽ—സമസ്തചിത്തവൃത്തിചേഷ്ടകളും ഉപരതങ്ങളാവുന്നതിനാൽ ആ അവസ്ഥ വർണ്ണനീയമല്ലായ്കകൊണ്ടു പരിപൂർണ്ണതയ്ക്കവകാശമില്ല. നാടകാദികളിലാണെങ്കിൽ പരിപന്ഥികളായ ഗീതവാദ്യാദികളുള്ളതിനാൽ ഈഷൽസ്ഫൂർത്തിക്കു പോലും പ്രസക്തിയില്ല. വിശേഷിച്ചു, സർവ്വശ്ലാഘ്യമല്ലായ്കയാൽ അത്തരം ഒരു രസത്തിന്റെ സ്വീകാരം യുക്തമല്ലതാനും—എന്നും മററുമുള്ള ആക്ഷേപാന്തരങ്ങളും നിസ്സാരങ്ങളാകുന്നു. പര്യന്തികാവസ്ഥ വർണ്ണനീയമല്ലായ്കയാൽ ഉപേക്ഷിക്കേണ്ടതാണെങ്കിൽ ശൃംഗാരത്തേയും ഉപേക്ഷിക്കേണ്ടിവരും. ശൃംഗാരത്തിന്റെ ഫലഭൂമി വർണ്ണനീയമല്ലല്ലോ. പൂർവ്വഭൂമിയാകട്ടെ ശൃംഗാരത്തിന്റേതു പോലെ ശാന്തത്തി

ന്റേയും വർണ്ണ[illegible]മാണുതാനും. ഫലഭ്രമി വർണ്ണിച്ചാ[illegible] [illegible]ത്തിന്നു പരിപൂർണ്ണത സിദ്ധിക്കു[illegible] എന്നുമില്ല. പൂർവ്വഭ്രമിവർണ്ണനത്തിലും രസത്തിന്നു പൂർണ്ണത്വ[illegible] അനുഭവസിദ്ധ[illegible]ണു്. [illegible]തിൽ യമ[illegible]ിയ[illegible]ാദി[illegible]പ്രകാരങ്ങളായ അ[illegible]ഭവങ്ങളു[illegible]മതിധൃതിഹർഷാദി[illegible]ളായ [illegible]ഭിചാരി[illegible]ളും സംഭവികളാ[illegible]ന്നു മുമ്പു [illegible]ന്നെ [illegible]ർത്ഥിച്ചിട്ടുമുണ്ട്[illegible] നാഗാനന്ദം മുതലാ[illegible] അഭിനേ[illegible]പ്രകാരങ്ങളിൽനിന്നു സാമാജികന്മാർക്കു ശാന്താസ്വാദം അനുഭവ[illegible]ടുന്നതി[illegible] ഗീതവാദ്യാദികൾക്കു വിരോധ[illegible] വസ്തുത [illegible] ഫലബാ[illegible]്യവുമാണു്. ശാന്ത[illegible]വശ്ലാഘ്യമല്ലാ[illegible]യാൽ സ്വീകാര്യമല്ലെങ്കിൽ ശൃംഗാരാദികളു[illegible] സ്ഥിതിയും അതുതന്നെ. [illegible]ംഗാരം വീതരാഗന്മാർക്കു ശ്ലാഘ്യമാകുമോ? പ്രകൃതിഭീരുക്കൾക്കു വീരം, രൗദ്രം, ബീഭത്സം എന്നിവ ശ്ലാഘ്യമാവുമോ? അതിനാൽ ഈവക ആക്ഷേപങ്ങളൊക്കെയും അകിഞ്ചിൽകരങ്ങളാണു്. വരട്ടെ, നാഗാനന്ദത്തിലേ പ്രധാനരസം ശാന്തമാണെന്നെന്തിന്നു കല്പിക്കുന്നു? ദയാവീരമാണെന്നു പറയുകയല്ലേ സർവ്വഥാ യുക്തം? വീരപ്രഭേദമായ ദയാവീരത്തിൽ ശാന്തത്തിന്നു് അന്തർഭാവം സുവചമായിരിക്കെ, അതിനെ പ്രത്യേകമൊരു രസമാ[illegible]യെന്തിന്നു കല്പിക്കുന്നു?—എന്നു് ആശങ്കിക്കുന്ന[illegible]രിയല്ല. വീരത്തിന്റെ സ്ഥായി ഉത്സാഹമാണു്. [illegible]ത്സാഹം അഹങ്കാരാത്മകമാണല്ലോ. അതുകൊണ്ടു് 'ഞാൻ ഇതിലേക്കു ശക്തനാണു്' എന്നിവിധത്തിൽ വീരം അഭിമാനാത്മകമായിരിക്കും. ശാന്തസ്വരൂപം നേരേ മറിച്ചാണു്. അതിന്റെ സ്ഥായി തൃഷ്ണാനിവൃത്തിരൂപമാകയാൽ അഹങ്കാരപ്രശമസ്വരൂപമാകുന്നു. വിശേഷിച്ചു വീരം ഈഹാമയമായിരിക്കെ, ശാന്തം നിരീഹത്വരൂപവുമാണു്. ഇങ്ങിനെ പ്രകടമായ ഭേദമുണ്ടായിരുന്നിട്ടും രണ്ടും ഒന്നാണെന്നു ശഠിക്കയാണെങ്കിൽ വീരരൗദ്രാദികൾക്കും ഐക്യമാപതിക്കതന്നെ ചെയ്യും. വാസ്തവത്തിൽ ദയാവീരമെന്നതു ശാന്തത്തിന്റെ ഒരു പര്യായം മാത്രമാണു്. അതുകൊണ്ടാണു് ഭരതമഹർഷി, വീരത്തിനെ

"ദാനവീരം, ധർമ്മവീരം, യുദ്ധവീരം തഥൈവച
രസവീരമപിപ്രാഹ ബ്രഹ്മാ ത്രിവിധസമ്മിതം"

എന്നിങ്ങനെ ദാനവീരം, ധർമ്മവീരം, യുദ്ധവീരം എന്നു മൂന്നായിമാത്രം വിഭാഗിച്ചിരിക്കുന്നതു്. അല്ലെങ്കിൽ ദയാവീരമെന്നൊരു പ്രഭേദംകൂടി ചേർക്കാമായിരുന്നില്ലേ? പക്ഷേ, ദയാവീരചിത്തവൃത്തിവിശേഷം അഹങ്കാരമയമായിരുന്നെങ്കിൽ അതു വീരപ്രഭേദമായിക്കൊള്ളട്ടെ; അല്ലെങ്കിൽ—സർവ്വഥാ അഹങ്കാരശൂന്യമാണെങ്കിൽ—അതു ശാന്തംതന്നെ. ഏതായാലും പരസ്പരവ്യത്യാസമുള്ളതുകൊണ്ടു ശാന്തം വീരത്തിലന്തർഭവിക്കുകയില്ലെന്നതു തീർച്ചയാണു്. ശാന്തം വിഷയജുഗുപ്സാരൂപമാകയ[illegible] ബീഭത്സത്തിൽ ഉൾപ്പെട്ടുമെന്നുള്ള വിചാരവും [illegible]ദ്ധമാണു്. ജുഗുപ്സയ്ക്കു് അതിൽ സഞ്ചാരി[illegible]ത്വമല്ലാതെ സ്ഥായിത്വം സംഭവിക്കയില്ല. സ്ഥായിത്വം നിർവ്വഹിക്കയാണെങ്കിൽ അതു ശാന്തമായിട്ടല്ല, ബീഭത്സമായിട്ടാണു് ഭവിക്കുക. ശൃംഗാരത്തിൽ ഔൽസുക്യത്തിന്നും രൗദ്രത്തിൽ ഔഗ്ര്യത്തിന്നും കരുണത്തിൽ നിർവ്വേദത്തിന്നും വീരത്തിൽ ധൃതിക്കും ഭയാനകത്തിൽ ത്രാസത്തിന്നും കുറച്ചധികം പ്രകർഷമുള്ളതുപോലെ രാഗപ്രതിപക്ഷരൂപമായ ശാന്തത്തിൽ വ്യഭിചാരിഭാവമായ ജുഗുപ്സയ്ക്കും പ്രാബല്യം കൂടുമെന്നേയുള്ളു. കൃതകൃത്യനായവന്നു സ്വാത്മാർത്ഥമുദ്യമത്തിന്നവകാശമില്ലെങ്കിലും പരാർത്ഥഘടനാവിഷയമായ ഉദ്യമത്തിന്നു പ്രത്യേകിച്ചു പ്രസക്തിയുള്ളതുകൊണ്ടു പരോപകാരവിഷയേച്ഛാപ്രയത്നരൂപവും ദയാപരപര്യായവുമായ ഉത്സാഹവും ശാന്തത്തിൽ പ്രകൃഷ്ടമായിവരാം. അതുകൊണ്ടാണു് ചിലർ ശാന്തത്തെ ദയാവീരമെന്നപേരിലും മററുചിലർ ധർമ്മവീരമെന്നപേരിലും വീരപ്രഭേദമായി ഗണിച്ചിരിക്കുന്നതു്. എന്നാൽ നിരഹങ്കാരരൂപമായ ശാന്തത്തിൽ അഹങ്കാരപ്രാണമായ ഉത്സാഹം യോജിക്കായ്കയാൽ വീരരസപ്രഭേദത്വകഥനമാണു യുക്തമെന്നും വിചാരിക്കേണ്ട. ശാന്തത്തിൽ ഉത്സാഹം വ്യഭിചാരിഭാവം മാത്രമാണു്. അതിന്നു സാധാരണരീതിയിൽ കവിഞ്ഞു കുറച്ചു പ്രാബല്യം കൂടുമെന്നേയുള്ളു എന്നു പറഞ്ഞുവല്ലോ. വ്യഭിചാരിഭാവത്തിന്നു വ്യഭിചാരിത്വം അയുക്തമല്ലതാനും. രതിയും നിർവ്വേദവും പരസ്പരവിരുദ്ധമാണെങ്കിലും രത്യാത്മകമായ ശൃംഗാരത്തിൽ നിർവ്വേദത്തിന്നു വ്യഭിചാരിത്വം അയുക്തമല്ലല്ലോ. എങ്കിലും,

പച്ചപ്പുൽത്തറ മെത്ത ശുദ്ധശില നൽ-
പീഠം മരച്ചോടു വീ-
ടിച്ഛയ്ക്കൊത്ത ജലം കിഴങ്ങിവ കഴി-
പ്പാനും മൃഗം കൂട്ടിനും

ഇച്ചൊല്ലെല്ലാണ്ട വിഭൂതി വേണ്ടതു വശ-
ത്തുണ്ടെങ്കിലും കിട്ടുമോ
മെച്ചം കാട്ടിലലഭ്യയാചകതയാ-
ലന്യാർത്ഥകൃത്യങ്ങളിൽ?"

(നാഗാനന്ദം അങ്കം ർ)

ഇത്യാദി [illegible]ഥലങ്ങളിൽ ഉത്സാഹത്തിന്നുതന്നെ [illegible]ം കാണുന്നതുകൊണ്ടു നാഗാനന്ദത്തിലേ [illegible] വീരപ്രഭേദമാണെന്നു പറയാമല്ലോ എന്ന വിചാരവും ശരിയല്ല. ഉത്സാഹമെവിടേയും ഒന്നു മുന്നിട്ടുനില്ക്കാതിരിക്കയില്ല. ഉത്സാഹശൂന്യമായിട്ടൊരവസ്ഥതന്നെയില്ലെന്നുവേണംപറവാൻ ഇച്ഛാപ്രയത്നസ്വരൂപമാണ് ഉത്സാഹം. അതില്ലെങ്കിൽ പിന്നെ ഏതൊന്നും പാഷാണകല്പംതന്നെയല്ലേ? യോഗികളും തത്ത്വജ്ഞാനികളും പരിദൃഷ്ടപാരാവാരന്മാരാൽ കൃതകൃത്യന്മാരും പരിതൃപ്തന്മാരുമാകകൊണ്ടും അവൎക്ക് ആത്മാവിനെ ഉദ്ദേശിച്ചു കൎത്തവ്യമൊന്നുമില്ലായ്കകൊണ്ടും ശരീരരക്ഷണപരമായ വാക്യം തദ്വിഷയമല്ല; അകൃതകൃത്യവിഷയവുമാകുന്നു.

"ധൎമ്മാൎത്ഥകാമമോക്ഷാണാം
പ്രാണാസ്സംസ്ഥിതിഹേതവഃ
താന്നിഘ്നതാ കിം ന ഹതം?
രക്ഷതാ കിം ന രക്ഷിതം?"

എന്നിങ്ങനെ ശരീരരക്ഷണനിദാനമായി ചതുൎവ്വൎഗ്ഗസാധകത്വമാണല്ലോ പറഞ്ഞിരിക്കുന്നത്. അപ്പോൾ ഒന്നും സാധിക്കേണ്ടതായിട്ടില്ലാത്ത കൃതകൃത്യനായ സന്ന്യാസിക്കും മററും സാധനിഭൂതമായ ദേഹത്തിൻെറ രക്ഷണം ആവശ്യകമല്ലെന്നായി. അതുകൊണ്ടാണ് സന്ന്യാസിതയിൽ "ജലേഗ്നൗ ശ്വഭ്രേ വാ പതേൽ" എന്നിങ്ങിനെ ദേഹത്യാഗം വിധിച്ചിരിക്കുന്നതും. ഈ സ്ഥിതിക്ക്—അനാവശ്യകമാകയാൽ ശരീരം ത്യജിക്കേണ്ടതാണെന്നിരിക്കെ, ആ ത്യാഗം പരോപകാരപ്രദമാകുമെങ്കിൽ അങ്ങിനെയല്ലേ ചെയ്യേണ്ടതു്? അതല്ലേ ശ്ലാഘ്യം? ശരിതന്നെ; എന്നാൽ ജീമൂതവാഹനൻ സന്ന്യാസിയല്ലല്ലോ എന്നാണെങ്കിൽ അതുകൊണ്ടെന്തു്? തത്ത്വജ്ഞാനിയാണെന്ന കാൎയ്യം തീൎച്ചയല്ലേ? അല്ലെങ്കിൽ അന്യനുവേണ്ടി ദേഹത്യാഗത്തിനൊരുമ്പെടുന്നതല്ലല്ലോ. ദേഹത്യാഗോദ്യമം യുദ്ധത്തിലും വീരന്മാൎക്കു കാണുന്നുണ്ടല്ലോ എന്നും വിചാരിക്കേണ്ട. ആവക യൊക്കെയും പരവി[illegible]ജയോദ്ദേശത്ത[illegible]വാകയാൽ സ്വാൎത്ഥമൂലകമാണ്. സ്വാൎത്ഥോദ്ദേശലേശംക്രൂടാ[illegible]വലം പരാൎത്ഥസമ്പത്തിക്കായിട്ടുള്ള[illegible] ശരീരത്യാഗം [illegible]ത്ത്വജ്ഞാനികൾക്ക[illegible]ല്ലാതെ [illegible]ംഭാവ്യമല്ല. ആരമ[illegible]നിക്ക് ഏ[illegible]ാശ്രമവുമാക[illegible]:

"ദേവാൎച്ചനരത[illegible]ത്ത്വ-
ജ്ഞാനനിഷ്ഠോതിഥിപ്രി[illegible]
ശ്രാദ്ധം കൃത്വാ ദദൻ ദ്രവ[illegible]
ഗൃഹ[illegible]ച്യതേ"

ഇത്യാദി ശ്രൗതസ്മാൎത്തവചനങ്ങൾ അതി[illegible]ക്ഷപ്രമാണവു[illegible] ആകയാൽ, ജീമൂതവാഹനൻ ഗൃഹസ്ഥനാകകൊണ്ടു ശാന്തം യോജിക്കയില്ലെന്നു ശഠിക്കാനും വഴിയില്ല. ഇങ്ങിനെയെല്ലാമാണെങ്കിലും നായകനുണ്ടാകുന്ന ഫലം ത്രിവൎഗ്ഗസമ്പത്തിയല്ലാതെ കേവലം പരോപകാരമോ മോക്ഷമോ അല്ലായ്കയാലും നിൎവേദത്തെക്കാളും ദയാലക്ഷണമായ ഉത്സാഹത്തിന്നു പ്രാധാന്യമുള്ളതിനാലും നാഗാനന്ദത്തിലേ രസം ശാന്തമാവുക എങ്ങിനെയാണെന്നു വീണ്ടും ചോദിക്കുന്നുവെങ്കിൽ, അതും പറയാം:—കേവലം പരോപകാരമുദ്ദേശിച്ചു ദേഹത്യാ[illegible] ചെയ്കയാലും, പ്രാരബ്ധകൎമ്മം മുഴുവ[illegible] നശിച്ചിട്ടില്ലെന്നുവരികിൽ പരാൎത്ഥദേഹസന്ധിയിൽനിന്നുണ്ടായ ധൎമ്മത്താൽ വീണ്ടും മോക്ഷോചിതമായ ദേഹത്തിൻെറ പ്രാപ്തി ബോധിസത്ത്വന്മാരായ തത്ത്വജ്ഞാനികൾക്കുപോലും സംഭവിക്കുമെന്ന് ആഗമം ഘോഷിക്കുന്നുണ്ടു്. ആ സ്ഥിതിക്ക് ഇവിടേയും ശാന്തരസത്തിന്നു ഫലരൂപമായി പരോപകാരപ്രധാനമായ ത്രിവൎഗ്ഗസമ്പത്തിയുടെ നിബന്ധനം വിരുദ്ധമല്ല. ദയാലക്ഷണമായ ഉത്സാഹത്തിനു പ്രാധാന്യം അനുഭവപ്പെടുന്നുണ്ടെന്നതു ശാന്തത്തിനുള്ള വൈലക്ഷണ്യംമാത്രമാണ്. ശാന്തത്തിൽ തൃഷ്ണാക്ഷയനിവൃത്തിരൂപമോ ശമമോ ആയ സ്ഥായിക്കുതന്നെ പ്രാധാന്യം കൂടിയേകഴിയൂ എന്നില്ല. അതു ശാന്തത്തിനുള്ള സ്വഭാവവിശേഷവുമാകുന്നു. അതു് ആലോചിച്ചിട്ടുതന്നെയാണ് ശാന്തരസം പ്രതിപാദിച്ച ഭരതമഹൎഷി അതിൻെറ സ്ഥായിഭാവം പ്രത്യേകം നിൎദ്ദേശിക്കാഞ്ഞതും. അഥവാ, സ്വഭാവവൈചിത്ര്യംനിമിത്തം ചിലപ്പോൾ അംഗത്തിൽത്തന്നെ രസത്തിനു വിശ്രാന്തി വരുന്നതായും കാണുന്നുണ്ടല്ലോ. ശ്രീരാമൻ പിതാവിൻെറ സത്യത്തെ പരിപാ

ലിക്കുന്ന [illegible]ട്ടത്തിൽ വിരത്തിന്റെ വിശ്രാന്തിസ്ഥിതിരൂപമായ അംഗത്തിലല്ലേ പ്രായേണ കണ്ടുവരുന്നതു്? അതുപോലെ [illegible]യുടേയും വ്യഭിചാരിഭാവവും പ[illegible]പകാരേ[illegible]വ്യമ[illegible] ഉത[illegible]ലാണ് ശാന്തവിശ്രാന്തി എന്നു വി[illegible]ച്ചാലും വിരോധമില്ല. മററുള്ള വ്യഭിചാ[illegible]ൾ അപ്രധാ[illegible]ളായി യഥായോഗം വന്നും പോയ്ക്കൊണ്ടിരിക്കേ, ദയാല[illegible]ണമായ ഉത്സാഹവ്യഭിചാരിമാത്രം ദീർഘ[illegible]ത്തിച്ചു പ്രധാനമായി പ്രതിഭാസിക്കുന്നു. [illegible] ഒരു വൈശിഷ്ട്യംമാത്രമാണ്. ആക[illegible], നാഗാനന്ദത്തിലെ രസം ശാന്തംതന്നെയാകുന്നു. വിശേഷിച്ചു, വിവേകചന്ദ്രോദയം? [illegible]ലായവയിൽ ചർവണാവിഷയമാകുന്ന ശാന്തരസത്തെക്കുറിച്ച് ഈവക വിപ്രതിപത്തികൾക്കൊന്നും അവകാശമേ ഇല്ലതാനും. അപ്പോൾ ഏതായാലും ശാന്തരസം അനുഭവസിദ്ധമാണെന്നുള്ളതു തീർച്ചയല്ലേ?

ചിലർ, തൃഷ്ണാക്ഷയപദത്തെ ആധാരമാക്കി സർവ്വവൃത്തിപ്രശമനരൂപമായ ശമമാണ് ശാന്തസ്ഥായിഭാവമെന്നു പറയുന്നു. പക്ഷേ, ക്ഷയപദവിവരണരൂപമായ പ്രശമപദംകൊണ്ട് അവര വിവക്ഷിച്ചിരിക്കുന്നതു സർവ്വവൃത്തികളുടേയും അഭാവം മാത്രമോ പര്യുദാസന്യായമാശ്രയിച്ച് അധർമ്മാദിയെന്നപോലെ തൃഷ്ണാഭിന്നമായ വൃത്തിവിശേഷമോ എന്നാലോചിക്കേണ്ടതായിരിക്കുന്നു. ആദ്യത്തേതാണെങ്കിൽ അതു ഭാവമേ ആകയില്ല; പിന്നെ എങ്ങിനെയാണ് സ്ഥായിഭാവമാകുക? ചിത്തവൃത്തിസ്വരൂപമാണല്ലോ ഭാവം. രണ്ടാമത്തേപ്രകാരമാണെങ്കിൽ അതു നമ്മുടെ പക്ഷമാണുതാനും. മററുചിലർ,

"ന തത്ര ദുഃഖം ന സുഖം
ന ദ്വേഷോ നാപി മത്സരഃ
സമസ്സർവ്വേഷു ഭാവേഷു
സ ശാന്തഃ പ്രഥിതോ രസഃ.

ഭാവാ വികാരാ രത്യാദ്യാ-
ശ്ശാന്തസ്തു പ്രകൃതിർമ്മതഃ
വികാരഃ പ്രകൃതേർജാതഃ
പുനസ്തത്രൈവ ലീയതേ.

സ്വം സ്വം നിമിത്തമാസാദ്യ
ശാന്താദ്ഭാവഃ പ്രവർത്തതേ
പുനർനിമിത്താപായേതു
ശാന്ത ഏവ പ്രലീയതേ."

എന്ന ഭാരതീയവചനമനുസരിച്ചു ശാന്തം രസസാമാന്യസ്വരൂപമാണെന്നും അതിന്റെ സ്ഥായി അനുപജാതവിശേ[illegible]മായ ചിത്തവൃത്തിയാണെന്നും പറയുന്നു. ഈ[illegible]ത്തിൽ ശാന്തസ്ഥായി പ്രാഗഭാവത്തിലും [illegible]ടെ പക്ഷത്തിൽ പ്രധ്വംസാഭാവത്തിലുമാണ് പര്യവസാനിക്കുന്നതു്. ഇത്രമാത്രമേ ഭേദമുള്ളു. എന്നാൽ സ്ഥായി പ്രാഗഭാവരൂപമാണെന്നതിലും യുക്തം പ്രധ്വംസാഭാവമാണെന്നതാണു്. ജന്മമെടുത്തിട്ടുള്ളവർക്കു സദ്വൃത്തികളുടേയും പ്രധ്വംസാഭാവമല്ലാതെ പ്രാഗഭാവം സംഭവിക്കയില്ല. "വീതരാഗജന്മാദർശനാൽ" എന്ന ഗൌതമസൂത്രവും "സരാഗോ ജായതേ ഇത്യർത്ഥാദാപദ്യതേ. അയം ജായമാനോ രാഗാനുബദ്ധോ ജായതേ" എന്ന വാത്സ്യായനഭാഷ്യവും നോക്കുക. (രാഗശൂന്യനു ജന്മമില്ല. ജനിക്കുന്നവൻ സരാഗനായേ ജനിക്കൂ.) ഈ സ്ഥിതിക്കു തൃഷ്ണയുടെ പ്രധ്വംസാഭാവമല്ലാതെ പ്രാഗഭാവം യുക്തമല്ലല്ലോ. ഏതായാലും നിർവ്വേദമെന്നോ ശമമെന്നോ വൈരാഗ്യമെന്നോ പേരെന്തായാലും ശരി; വിഷയാഭിലാഷനിവൃത്തിരൂപവും സുഖമയവുമായ ചിത്തവൃത്തിവിശേഷം ശാന്തസ്ഥായിയായി ഭവിക്കാവുന്നതുകൊണ്ടു മഹർഷി സ്ഥായിഭാവം പ്രത്യേകം നിർദ്ദേശിച്ചിട്ടില്ലെന്ന കാരണത്താൽ അനുഭവസിദ്ധമായ ശാന്തരസം സംഭവിയല്ലെന്നോ ഹേയമാണെന്നോ ശഠിക്കുന്നതു യുക്തമല്ലതന്നെ, എന്നു ചുരുക്കം. ദിങ്മാത്രമുദാഹരിച്ചുകാണിക്കാം:—

"മട്ടമലർശയനംതാൻ
മുള്ളെഴും ഭൂതലംതാൻ
നെടിയൊരജഗരംതാൻ
നീണ്ട മുക്താസരംതാൻ
പ്രമദനൊരു പരൻതാൻ
പ്രേമവാൻ ബാന്ധവൻതാൻ
സമമിതി കരുതുന്നേൻ
സമ്മതം മേ സമസ്തം."

ഇവിടെ ...ലംബനം; ആക്ഷേ...പ്യമായ ഭോഗനി... തപം അനുഭാവം; മ... രിഭാവം; തൃഷ്ണാക്ഷയനിവൃത്തിരൂപ... ദം സ്ഥായി. എന്നാൽ,

"കാണക്കാണെമറഞ്ഞുപോയിതുതുലോം
ബന്ധുക്കളോരോവശേ
കാ...പ്യാപി ദശാബതാസ്യ ചരമാ
ചെമ്മേ ചമഞ്ഞാഗതാ
...ന്നാവോരു പുമർത്ഥമേതുമതിനും
വല്ലീലയെന്നാലിനി
ക്കാലംകാണയി ചിത്തമേ കലയിതും
കാലാരിപാദാംബുജം."

എന്നിങ്ങിനെ ലീലാതിലകത്തിലുദാഹരിച്ചിരിക്കുന്ന പദ്യം ഭക്താഖ്യഭാവപ്രധാനമാകയാൽ അതിന്നു ശാന്തരസോദാഹരണതപം സുവചമല്ലെന്നു ധരിക്കണം. നാലാംപാദംകൊണ്ടു വ്യഞ്ജിക്കുന്ന ഈശപരഭക്തിയിലാണല്ലോ ഭാവുകന്മാൎക്കു പ്രതീതിവിശ്രാന്തി വരുന്നതു്. മററു മൂന്നുപാദങ്ങളിലും വ്യഞ്ജിക്കുന്ന വക്തൃനിൎവേദമാകട്ടെ, ദുഃഖമയമായ വിഷയദേപഷാദി രൂപമായിട്ടാണനുഭവപ്പെടുന്നതു്; ...ല്ലാതെ, വിഷയാഭിലാഷനിവൃത്തിരൂപ...വും ...ഖമയ...മായ നി...ദ്ദമായിട്ടല്ല, ... പരിപൂൎണ്ണമായ ...ത്തിൽപെട്ടതല്ലാ ... അഥവാ...

"നായം ... കിന്തു-
... കതാ
ഭ്രാന്തിജ്ഞാനനിദാന...
...
...ഭി.........പ്രകരണം)

എന്നു വിദ്യാരണ്യസ്വാമികൾ അഭിപ്രായ...പ്പട്ടിരിക്കുന്നത...ച്ചു്, പ്രകൃതത്തിലെ പശ്ചാത്താപം ഭ്രാന്തിമൂലകമല്ലായ്കയാൽ വൈരാഗ്യരൂപമായ ശാന്തസ്ഥായിതന്നെയാണെന്നു പറയുന്നതായാലും അതു നാലാംപാദത്തിൽ വ്യഞ്ജിക്കുന്ന ഈശപരവിഷയരതിരൂപമായ ഭക്ത്യാഖ്യഭാവത്തിന്നു ഉപസ്കാരകമായി ഗുണീഭവിച്ചിരിക്കകൊണ്ടു പ്രസ്തുത പദ്യത്തിന്നു ശാന്തരസോദാഹരണതപം ചിന്ത്യംതന്നെയാകുന്നു. ഇത്തരം ഉദാഹരണപ്രത്യുദാഹരണവിവേകം സ്വയം നോക്കിക്കൊൾക.

മോവാകം II



(അനന്തപുരത്തുകൊട്ടാരത്തിൽ പൂയംനാൾതമ്പുരാട്ടി)

ലക്ഷ്മീവഞ്ചി ... ശ്വരിപരിണയാൽ പ്രജ്ഞാബലോപാർജ്ജിതാ-
ദ്വിജ്ഞാനാ ... വിപുലാത്സമസ്തജനതാഹൃദ്വൈശ്യ കൃത്യൈർന്നിജൈഃ
വിദ ... ാനിതഗദ്യപദ്യരചനാചാതുര്യ്യതശ്ചാതുലാ-
... താം യഃ ശതപൂർത്തിമദ്യ ശരദാം തസ്യാദ്രിയന്തേ ജനാഃ. (1)

ജജ്ഞേ ദൃപ്തസപക്ഷവിക്ഷതികൃതാം യഃ ക്ഷത്രിയാണാം കുലേ
വിജ്ഞാനാം പ്രവരാ പ്രവീരജനനീ പച്ച്ഛേശ്വരീ യൽപ്രസൂഃ
പുത്രഃ ശ്രോത്രിയസ ... ്യ യമിനഃ പ്രേയാൻ വരീയാൻ ഗുണൈഃ
സ്മർത്തവ്യസ്സവിശേഷമദ്യ സ കൃതീ ശ്രീകേരളക്ഷ്മാപതിഃ. (2)

വിശാഖജശ്രീകുലശേഖരപ്രഭോർവിശേഷതസ്സൽകൃതിമാപ്യ സംസദി
വിശാലധീസ്സ്യഃ ശുശുഭേ സമജ്ഞയാ വിശോഭിതാശേഷദിശാവകാശയാ. (3)

ആങ്ഗ്ലേയസാമ്രാജ്യധുരന്ധരശ്രീവിക്ടോറിയാവിശ്രുതഹൂണഭർത്ര്യാഃ
സുവർണ്ണമാലാബിരുദാർപ്പണേന സഭാജിതോ യഃ ശുശുഭേ സഭായാം. (4)

ഉപകൃതിരപരേഷാം പ്രാണിനാം പ്രാണവത്താ-
ഫലമിതി വരതത്ത്വം നിർദ്ദിശൻ പദ്യഭങ്ഗ്യാ
... ഇഹ ജനഹിതാർത്ഥേ യത്നവാൻ നിത്യമാസീ-
ജ്ജഗതി പരമധന്യാൽ കോ ന തസ്മാദപരോന്യഃ. (5)

വിസൃമരശുഭകീർത്തിജ്യോത്സ്നികാസ്നാപിതാശോ
വിബുധപുരവരസ്ത്രീഗീതപുണ്യാപദാനഃ
അനുദിനമനുഗൃഹ്ണൻ ഗീർഭിരാശീർഭിരസ്മാ-
നമരസദസി ശശ്വദ്ദിവ്യതാം മാതുലോ നഃ (6)

കേരളവമ്മദേവൻെറ ആട്ടക്കഥകൾ

(പി. അനന്തൻപിള്ള, എം. എ.)

...കൊല്ലം പതിനൊന്നാംശതകത്തി... ഉത്തരാദ്ധത്തിൽ കേരളസാഹിത്യചക്രവ...ിയായി വാണിരുന്ന കേരളവമ്മ വലിയകോയിത്തമ്പുരാൻെറ ആട്ടക്കഥകൾ ആ പ്രസ്ഥാനത്തിൽ അദ്വിതീയങ്ങളെന്നോ അതിവിശിഷ്ടങ്ങളെന്നോ സ്ഥാപിക്കുവാനല്ല ഈ ലേഖനമെഴുതുന്നതു്. പ്രത്യുത, ആ മഹാകവിയുടെ സവ്വതോമുഖമായ പാണ്ഡിത്യത്തിൻേറയും, സാഹിത്യപരിശ്രമങ്ങളുടേയും ഒരു ദർപ്പണമായിരിക്കണം ഈ സ്മാരകഗ്രന്ഥം എന്നുള്ള ഭാരവാഹികളുടെ നിർദ്ദേശമനുസരിച്ചു പലരെക്കൊണ്ടും ലേഖനങ്ങളെഴുതിച്ചകൂട്ടത്തിൽ വേറെ ആരുംതന്നെ ഈ വിഷയത്തിൽ കൈവയ്ക്കാത്തതുനിമിത്തം ആ ന്യൂനതയെ പരിഹരിക്കാനായിമാത്രം ഇതിനു തുനിഞ്ഞു എന്നേയുള്ളു.

കേരളവമ്മ വലിയകോയിത്തമ്പുരാൻ ആകെ അഞ്ചു് ആട്ടക്കഥകളാണു് എഴുതീട്ടുള്ളതു്. അവ ഹനുമദുത്ഭവം, ധ്രുവചരിതം, പ്രലംബവധം, മത്സ്യവല്ലഭവിജയം, പരശുരാമവിജയം എന്നിവയാകുന്നു. ഇത്ര ചെറുപ്പത്തിൽ ആട്ടക്കഥകൾ എഴുതുവാനുണ്ടായ കാരണമെന്താണു്? അന്നത്തെ സാഹിത്യത്തിൽ ആട്ടക്കഥാപ്രസ്ഥാനത്തിനു് ഒരു മുഖ്യസ്ഥാനമാണു കല്പിച്ചിരുന്നതു്. കഥകളി കണ്ടുരസിക്കയെന്നതു കേരളീയൎക്കു സാമാന്യമായും, ഹിന്ദുക്കൾക്കു പ്രത്യേകമായും പതിവായിത്തീൎന്നിരുന്നു. കൊട്ടാരക്കരത്തമ്പുരാൻെറ കഥകൾ ഭാഷാരീതികൊണ്ടു തുലോം മോശമായിരുന്നതിനാൽ അവയെ അഭിനയിക്കാതായിത്തുടങ്ങി എങ്കിലും; കോട്ടയത്തുതമ്പുരാൻ, ഉണ്ണായിവാര്യർ മുതലായ വടക്കൻകവികളുടെ കഥകൾ അൎത്ഥപുഷ്ടികൊണ്ടും, ശബ്ദസൌഷ്ഠവത്താലും കാണികളേയും ശ്രോതാക്കളേയും അപഹൃതചിത്തവൃത്തികളാക്കി രംഗസ്ഥലങ്ങളെ ജനനിബിഡമാക്കി വന്നിരുന്നതിനാൽ ഈ സാഹിത്യോപാധി തെക്കുള്ള ഉത്തമകവികളുടേയും മനോധൎമ്മവിലാസങ്ങൾക്കു പാത്രീഭവിച്ചതിൽ അൽഭുതപ്പെടുവാനില്ല. തൽഫലമായി കാൎത്തികതിരുനാൾ മഹാരാജ...വും, അദ്ദേഹത്തി...ൻെറ ഭാഗി...നേയനായ അശ്വതിതി...നാൾ ഇളയരാ... ഒന്നാംകിടയിൽ നില്ക്കുന്ന ചി... ആട്ടക്കഥ... രചിക്കയുണ്ടായി. വടക്ക... ...ടെ സ്ഥാനത്തു് ഇവ... ചിലതിനെ പ്രതിഷ്ഠിക്കണമെന്നുള്ള ഉദ്ദേശ്യം അത്ര സഫലമായില്ലെങ്കിലും പല പുതിയ ഗുണങ്ങളും ഈ... പ്രസ്ഥാനത്തിനു നൽകുന്നതിനു് അവർ വിജയപൂർവം ശ്രമിച്ചു എന്നുള്ളതിനു സംശയമില്ല.

കാൎത്തികതിരുനാൾ തമ്പുരാൻ 'ബകവധ'വും 'കല്യാണസൗഗന്ധിക'വും ആവൎത്തിച്ചെഴുതി താരതമ്യംകൊണ്ടു് അതേപേരുകളിലുള്ള വടക്കൻകഥകളെ അതിശയിക്കുവാൻ സാധിക്കുമോ എന്നു പരീക്ഷിച്ചതുപോലെ തോന്നുന്നു.

"വീരാഗ്രിയേഷു തേഷു പ്രതി...
പ്രേമയാ യാജ്ഞ...സേന്യാ
സാകം കാന്താരദേശേ മഹതി വിചരമാ-
ണേഷു ശാന്താധികേഷു
സ്മാരം സ്മാരം രിപൂണാമപനയചരിതം
സ്വാന്തരുജ്ജൃംഭമാണ-
ക്രോധാവേശാകുലാത്മാ സ തു ശമനസുതം
ഭീമസേനോ ബഭാഷേ."

തെക്കൻകല്യാണസൌഗന്ധികത്തിലെ ഈ പദ്യം അതേ സന്ദൎഭത്തിൽതന്നെ വടക്കനിൽ പ്രയോഗിച്ചിരിക്കുന്ന

"ശസ്ത്രാൎത്ഥം ശക്രസൂനൗ ഗതവതി ശകുനേ-
സ്താദൃശം ഛത്മവൃത്തം
സ്മാരം സ്മാരം സമസ്തപ്രതിഭടപടലീ-
ഘസ്മരോഷ്മാ സ ഭീമഃ."

ഇത്യാദി പദ്യവുമായി തട്ടിച്ചുനോക്കിയാൽ ഈ പരമാൎത്ഥം മനസ്സിലാക്കാവുന്നതാണു്. ഇതുപോലെ ബകവധത്തിലും സമാന്തരപ്രയോഗങ്ങൾ കാണാം.

രാജക[illegible]ീയപ്ര[illegible]ാദം [illegible]കഥകളിക്കു വേണ്ടുവോളം [illegible]ിദ്ധിച്ചിട്ടുള്ള [illegible] കാലഘട്ടമാണു് അന്നിവിടെ പ്രത്യക്ഷമായതു്. എന്തെന്നാൽ ഒന്നാംതരം ക[illegible]വ്യങ്ങളെഴുത[illegible] വാസനാവ[illegible]വും [illegible]ണ[illegible]ൃസമ്പത്തും തി[illegible]ഞ്ഞ അ[illegible]ശ്വതിതി[illegible] തമ്പുരാന്റെ രു[illegible]മിണീസ്വ[illegible]ംവരം മ[illegible]യ നാലു് ആ[illegible]ട്ടക്ക[illegible]കളും ഏതു സാഹിത്[illegible]ത്തിനും സാഭി[illegible]ം സ്വായത്തമാക്കാ[illegible]ുന്ന കൃതികളാണു്. അഭിനയാംശത്തി[illegible]െക്കാളും [illegible]കാവ്യഗുണാംശത്തിലാണു് ആ[illegible] ശ്രദ്ധ പതിഞ്ഞതെന്നു്

“സോൽക്കണ്ഠം കളകണ്ഠകണ്ഠമുരളീ-
നാളീഗളൽപഞ്ചമേ”

ഇത്യാദി രുക്മിണീസ്വയംവരത്തിലേയും,

“ഗാഢോല്ലുണ്ഠവിലാസിജാലവിവിധ-
ക്രീഡാന്വിതാനേ ദിനേ”

എന്നു തുടങ്ങുന്ന ‘അംബരീഷചരിത’ത്തിലേയും

“സ്വൈരം കൈരവബന്ധു ബന്ധുരകര-
ശ്രേണീ കൃപാണീ ലതാ-
[illegible]ഖണ്ഡതമസ്തമാലഗഹനേ
ഹാലാം [illegible]ിബൻ മോഹനേ”

ഇത്യാദി ‘പൗണ്ഡ്രകവധ’ത്തിലേയും ഓരോ പദ്യങ്ങളുദ്ധരിച്ചു തെളിയിക്കാവുന്നതാണു്. പദങ്ങളും ശ്ലോകങ്ങൾപോലെതന്നെ സാരസ്യം നിറഞ്ഞവയാണു്.

“വൎണ്ണവിജിതഹേമവൎണ്ണയായ്വിലസുന്ന
കൎണ്ണികാരമഞ്ജരി കാൺകയി വിപിനേ”

എന്നിങ്ങനെ വസന്തകാലം വൎണ്ണിച്ചിരിക്കുന്നതു കഥകളിസാഹിത്യത്തെ കാവ്യകലാവിശിഷ്ടമാക്കാനുള്ള യത്നമാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഇതിന്റെ ഫലമായി തെക്കൻദിക്കിൽ കഥകളിക്കു ശോഭനമായ ഒരു ഭാവിയാണുണ്ടായതു്.

സ്വാതിതിരുനാൾ മഹാരാജാവിന്റെ കാലത്തു സംഗീതസാഹിത്യങ്ങളുടെ പരസ്പരസമ്മേളനം ഈ പ്രസ്ഥാനത്തെ കുറേക്കൂടി ഉൽകൃഷ്ടമാക്കി. ഇരയിമ്മൻതമ്പിയുടെ നാലു് ആട്ടക്കഥകളും ഭാഷാസാഹിത്യത്തിനെന്നുമാത്രമല്ല, ആട്ടക്കാൎക്കും ഒരു അമൂല്യസ്വത്താണു്.

“ഉന്മിലൽപത്രവല്ലീം പൃഥുലകുചഭരാം”

ഇത്യാദി പദ്യങ്ങൾ കവിതാവിഷയമായും,

“കോകി നിന്മുഖം കണ്ടു ചന്ദ്രനെന്നു[illegible]ിന്തി-
ച്ചേകാന്തവിരഹത്തെശ്ശങ്കിച്ചിതാ”

ഇത്യാദി പദങ്ങൾ അഭിനയവിഷയമായും സഹൃദയരുടെ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ളവയാണു്. അന്നത്തെ രാജകീയസദസ്സിലെ ഒരു അംഗമായിരുന്ന വിദ്വാൻ കോയിത്തമ്പുരാൻ എഴുതിയ ‘രാവണവിജയം’ ആട്ടക്കഥയിലും ഈ തത്വം നല്ലപോലെ തെളിയിച്ചിട്ടുണ്ടു്.

“ആനീലനീരദദരാന്തരിതേന്ദുബിംബ-
ലീലാനുകാരി വദനം നിജമാദധാനാ”

എന്നിങ്ങനെ അതിലെ പദ്യങ്ങൾക്കുള്ള അൎത്ഥാലങ്കാരചമൽക്കാരവും ‘രാകാധിനാഥരുചി’, ‘ആശരനാഥ’, ‘പരഭൃതമൊഴി’ മുതലായ പാട്ടുകളുടെ സംഗീതമാധുൎയ്യവും സഹൃദയന്മാൎക്കു അനുഭവവേദ്യമായിട്ടുള്ളതാണല്ലോ. ഇത്രമാത്രം ഉൽക്കൎഷം സമ്പാദിക്കുവാൻകഴിഞ്ഞ ആട്ടക്കഥകളിലേക്കു പില്ക്കാലത്തെ കവികളും ആകൃഷ്ടരായിത്തീൎന്നു എങ്കിൽ എന്താണു് അത്ഭുതപ്പെടുവാനുള്ളതു്?

വലിയകോയിത്തമ്പുരാനു് കവിതാദേവി സ്വാധീനമായ കാലത്തു കഥകളിയെ ഒഴിച്ചുപോകാൻ കഴിയാത്തവിധത്തിൽ അതിന്റെ പ്രേരണ അത്ര ശക്തിമത്തായിരുന്നു. ൧൦൩൪-ാമാണ്ടു നാടുനീങ്ങിയ ഉത്രംതിരുനാൾ മഹാരാജാവുമൂലം അതിനു രാജകീയപ്രസാദം സുലഭമായിത്തീൎന്നു എന്നുള്ളതിലേയ്ക്കു് അന്നു പ്രസിദ്ധീകൃതമായ ആട്ടക്കഥകളുടെ സമാഹാരം നല്ല തെളിവായിരിക്കുന്നു. അടുത്തകാലത്തു് മഹാവിദ്വാനായ ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ തിരുവനന്തപുരത്തുവന്നു താമസിക്കുകയും, കാലോചിതമായി ജലന്ധരാസുരവധം എന്ന ആട്ടക്കഥ രചിക്കുകയുംചെയ്തു. ശാസ്ത്രികൾ വലിയകോയിത്തമ്പുരാന്റെ ഗുരുവായിരുന്നു എന്നു വായനക്കാർ ധരിക്കുമല്ലോ. ഇനിയും

മറെറാരു ഗുരുവായ മാതുലൻ ആട്ടക്കഥകളിൽ കഥാനായകനു പ്രത്യേകമായ രസം ജനിപ്പിച്ചതായി അദ്ദേഹംതന്നെ പ്രസ്താവിച്ചിട്ടുണ്ട്. 'സർവ്വജ്ഞവിജയം' എന്ന കഥയുടെ കത്താവായ ജ്യേഷ്ഠനും വേണ്ട പ്രചോദനം നല്കിയിരുന്നു.

ഈ സാഹചര്യങ്ങളിൽ, ചെറുപ്പമെങ്കിലും, പാണ്ഡിത്യവും കവിതാവാസനയും, വിശിഷ്യ മണിപ്രവാളകൃതിയുമായുള്ള പരിചയവും തികഞ്ഞിരുന്ന കവി ആട്ടക്കഥകൾ എഴുതിയില്ലായിരുന്നു എങ്കിൽ നമുക്ക് അത്ഭുതത്തിനവകാശമുണ്ടായിരുന്നു. എന്നുതന്നെയല്ല, കഥകളിയിലെ കൈമുദ്രകളും മററു സാങ്കേതികാംശങ്ങളും അദ്ദേഹം മനസ്സിരുത്തി പഠിച്ചുവന്നതായും തെളിയുന്നുണ്ട്. "കനകരുചിരുചിരാംഗിമാരെ" എന്നതിനുപകരം "കനകരുചിരുച്യാംഗിമാരെ" എന്നു കൈകാണിച്ച നടൻെറ അഭിനയവൈകല്യം വിമർശിച്ച കവി എത്രമാത്രം സൂക്ഷ്മദൃഷ്ടിയോടെ അതെല്ലാം കണ്ടിരിക്കണം എന്നു നമുക്കു ഊഹിക്കാമല്ലോ. ആകയാൽ തൻെറ ഗുരുവായിരുന്ന കിളിമാനൂർ കുഞ്ഞുണ്ണിക്കോയിത്തമ്പുരാൻ പ്രേരിപ്പിച്ചിട്ടാണ് ആദ്യത്തെ ആട്ടക്കഥയെഴുതിയതെന്ന് അതിൻെറ മുഖവുരയിൽ പ്രസ്താവിച്ചിരിക്കുന്നതു വിനയപ്രകടനമായി വിചാരിക്കാനേയുള്ളൂ. എന്നാൽ ആ ഗുരുവരൻെറ ആശ്രിതനായിരുന്ന അവനവഞ്ചേരി ഹരിഹരഭാഗവതർ 'പദങ്ങൾ' രചിക്കുന്നതിൽ സംഗീതവിഷയമായി സഹായിച്ചുകൊണ്ടിരുന്നു എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണ്.

കേരളവമ്മദേവൻ ആട്ടക്കഥകളെഴുതിയതു് മയൂരസന്ദേശം മുതലായ പ്രൌഢകൃതികൾക്കു ശേഷമായിരുന്നുഎങ്കിൽ തൻെറ പൂർവ്വഗാമികളെ അതിശയിക്കത്തക്ക മനോധമ്മവിലാസങ്ങൾ അവയിൽ പ്രകടിപ്പിക്കുമായിരുന്നു. കേവലാനുകരണത്തിനുപകരം പല സ്വാതന്ത്ര്യങ്ങളും പ്രയോഗിക്കുമായിരുന്നു. "അന്നത്തെ കവിത ഇപ്പോൾ നോക്കുന്നസമയം എനിക്കു് അതൃപ്തിതോന്നത്തക്ക പല ഭാഗങ്ങളും അതിലുണ്ടു്" എന്നു പില്ക്കാലത്തു് അദ്ദേഹംതന്നെ പശ്ചാത്തപിക്കുവാനും ഇടവരികയില്ലായിരുന്നു എന്നു നമുക്കു ഊഹിക്കാം. ചെറുപ്പത്തിൽ അലംഭാവമില്ലാത്തമാതിരിയിലാണു നാനാവിഷയകമായി കവിത എഴുതിയിരുന്നതു്. ആദ്യത്തെ ആട്ടക്കഥയായ ഹനുമദുദ്ഭവത്തിൽ വന്ന ശ്ലോകങ്ങൾതന്നെ പതി[illegible]ാലു[illegible]്. ഓരോ രംഗവും സാമാന്യം, ദീർഘമാക്കിയി[illegible]ുണ്ടെന്നതന്നെ [illegible]റയാം. ഇ[illegible]ിധത്തിൽ അതിൻെറ ദൃശ്യഗുണങ്ങ[illegible] [illegible]ട്ടു[illegible]്ടിട്ടു[illegible]്ടെന്നു [illegible] [illegible]ന്നവ[illegible] വായിച്ചു രസി[illegible] [illegible] ഉത്ത[illegible]മ[illegible]ന്നു പറയാതിരിക്കുന്നില്ല.

> 'ബാലേ! മാന[illegible]ിമാർകല-
> മൗലേ മാനനീയശീലേ
> ചാലേ വിലസതി മാധവ[illegible]ലം
> ചാരുതരം സുമശര[illegible]

ഇങ്ങനെ മറയ്ക്കു ശൃംഗാരപ്പദം തുടങ്ങുന്ന[illegible]ിൽ ഗതാനുഗതികത്വം അനുസരിച്ചു കോകി[illegible], മധുകരസഞ്ചയം, കല്പവല്ലി, മന്ദമാരുതൻ മുതലായ അംശങ്ങളെല്ലാം വന്നുചേരുന്നുണ്ടു്- നടൻെറ സാമർത്ഥ്യം ഇവിടെയാണു രസികന്മാർ പരിശോധിച്ചുനോക്കാറുള്ളതു്. അത്രമാത്രമേ ഈ ഭാഗത്തിനു പ്രാധാന്യം കല്പിക്കേണ്ടൂ. എന്നാൽ ശബ്ദപ്രയോഗത്തിൽ എത്ര ശ്രദ്ധിക്കുന്നുവോ അത്രയ്ക്കു് അതിനു മെച്ചം കൂടും. ഈ ഒരു സംഗതിയിൽ വലിയകോയിത്തമ്പുരാനെ അഭിനന്ദിച്ചേതീരൂ. കവി അശ്വതിതിരുനാൾതമ്പുരാനെയാണ് കഥകളിയിൽ മാർഗ്ഗദർശകനായി സ്വീകരിച്ചിരിക്കുന്ന[illegible] [illegible]ദ്യങ്ങളുടെ ശബ്ദാർത്ഥഗുണം[illegible]ൊണ്ടു നിർണ്ണയിക്കാം. ഈ കഥയിലെ

> "മദകളകളകണ്ഠിമഞ്ജുളാരാവരമ്യേ
> സുരഭിലതരുവല്ലീഭാസുരാരാമദേശേ"

ഇത്യാദി പല ശ്ലോകങ്ങളും

> "കാളാംഭോദസഞ്ചയത്തിൻകേളിതേടും സൂനപാളികൊണ്ടു ശോഭിച്ചിടും കേശപാശാ"

ഇത്യാദി പദങ്ങളും ഇതിലേയ്ക്കു തെളിവായി ഉദ്ധരിക്കാവുന്നതാണ്. യുദ്ധപ്പദം അഭിനയിക്കുന്നതിന് മററു ആട്ടക്കഥാകാരന്മാരെപ്പോലെ ഇതിൽ പ്രസക്തിവരുത്തിട്ടുണ്ടു്. വിശിഷ്യ, കായികാഭ്യാസപടുവും, മൃഗയാകുതുകിയും ആയിരുന്ന അദ്ദേഹത്തിന് കഥകളിയിലെ ദ്വന്ദ്വയുദ്ധവർണ്ണനയിൽ പ്രത്യേകപ്രതിപത്തിയുണ്ടായിരുന്നു എന്നു്

> "നില്ലെടാ നില്ലുനില്ലെടാ മർക്കടകീടാ
> നില്ലെടാ നില്ലുനില്ലെടാ"

എന്ന യുദ്ധപ്പടച്ചളരെ ... കൊണ്ടുപോയിരിക്കുന്നതിൽ നിന്നും ഊഹിക്കാവുന്നതാണ്. പടം തുടങ്ങുന്നതിനിടയ്ക്കുള്ള ഇളകിയാട്ടവും, കലാശങ്ങളും ... കൂടി ... ഒട്ടുവളരെ സമയം ... ചിലവിടേണ്ടിവരും. ... വീരബാഹുവിനെക്കൂടി പ്രവേശിപ്പി...

"വാനരാധമ നീ കടന്നിവിടെവന്നതെന്തിനു
മാനമേ ... ശങ്കയെന്നിയേ"

എന്ന് അതേയുദ്ധംതന്നെ ... ക്കൂടി ഭയങ്കരമാക്കിത്തീർക്കുന്നു. വീരരസത്തിന്റെ മൂർത്തീകരണം ... ന്നോണം ആ രംഗം അവസാനിപ്പിക്കുന്ന

"കല്പാന്തോച്ചണ്ഡചണ്ഡീശപരപടുനടനാം-
രംഭചഞ്ചൽപദാഗ്ര-
പ്രൌഢാഘാതപ്രഭിന്നസ്ഫടികഗിരിതട-
സ്ഫാരഗംഭീരനാദഃ"

ഇത്യാദി പദ്യം 'ഗോഗ്വാ'യും മററും കൂടാതെ എല്ലാവരേയും ഉറക്കമുണർത്താൻ മതിയാകുന്നതാണ്. ഹനുമാന്റെ ശൈശവവീര്യം ഒരു ദണ്ഡകത്തിൽ വർണ്ണിച്ചിരിക്കുന്നതു് അത്യന്തം ഉചിതമായി. ക്ലേശലില്ലാതെ പ്രാസം പ്രയോഗിക്കാനുള്ള കവിയുടെ അന്യാദൃശമായ പാടവം ഇവിടെ തെളിഞ്ഞുകാണാവുന്നതാണ്.

"ചേതോഹരസ്സ കപിപോതസ്തദാ ഭുവിപ-
പാതാഥ വായുരതിചണ്ഡൻ
ചലിതതരുഷണ്ഡൻ
സപദി വിജിഹിണ്ഡേ
പത്രമപി പാണിശതപത്രമതിലേററഥ നി-
രുച്ഛ്വസിതമാക്കി ജഗദണ്ഡം."

ലോകത്തിൽ വായുവില്ലാതായിത്തീർന്ന ആ സ്തംഭനാവസ്ഥ എത്ര ശാന്തഗംഭീരമായ വിധത്തിൽ

"തല്ക്കാലേ സർവ്വലോകങ്ങളുമനധിഗത-
ശ്വാസരായോരുനേര-
ത്തുൽക്കുലംതാപമുൾക്കൊണ്ടവിടെഹരിസരോ
ജാസനൻ, ശംഭുതാനും"

എന്ന പദ്യംകൊണ്ടു് അവതരിപ്പിക്കുന്നു എന്നു നോക്കുക.

അടുത്ത ആട്ടക്കഥയായ 'ധ്രുവചരിത'ത്തിൽ പാട്ടുകളിലെല്ലാം നിയതമായി പ്രയോഗിച്ചിരിക്കുന്ന അന്ത്യപ്രാസം വിശേഷമായി എടുത്തുപറയാവുന്നതാണ്. ഈ പ്രാസം പ്രയോഗിച്ചിട്ടുള്ളവരിൽ അഭിതീയനായ ഉണ്ണായിവാര്യർക്കും ക്ലിഷ്ടതകൂടാതെ അതു സാധിച്ചിട്ടുണ്ടോ എന്നു സംശയമാണ്.

ഉദാ:—"അപത്രപിച്ചീടേണ്ട ഞാനോ...
വനത്തിൽ മേവുന്നാണാളേ
ആരെന്നാലും രക്ഷിപ്പാനിനി
അപരൻ വരുമോ കേണാളേ"

"മരത്തിന്നിടയിൽ കാണാമേ
സുന്ദരത്തിനുടെ സാദൃശ്യേയം
കേന വിയോഗാൽ കേണീടുന്നിവൾ
കേനനുവിധിനാ പശ്യേയം"

ഉദാഹരണങ്ങൾ ദീർഘിപ്പിക്കുന്നില്ല. ഇങ്ങനെയുള്ള ക്ലേശങ്ങൾ ഒന്നുംകൂടാതെ ആദ്യന്തം ഈ പ്രാസം പ്രയോഗിച്ചിരിക്കുന്നതു ഭാവിയിൽ സകലരേയും വിസ്മയാകുലരാക്കിത്തീർക്കാനിരുന്ന പ്രൗഢകാവ്യരചനയ്ക്കുള്ള ഒരു പരിശീലനംപോലെ തോന്നും.

"ശീതകരോപമവദനേ!
നാമിഹ ശീതളവല്ലീസദനേ
മേദുരകൗസുമശയനേ
തുടരുക മന്മഥകേളികളുടനേ
ഭീതചമൂരുകിശോരവിലോചന
ഭർത്സനപടുതമമഞ്ജിമനയനേ!"

യുദ്ധമദ്ധ്യത്തിലും ഈ പ്രാസം ഇത്ര സാമർത്ഥ്യത്തോടുകൂടി പ്രയോഗിക്കുന്ന ഇതരകവിസേനാനികളെ കാണാൻ പ്രയാസമാണ്.

"മൃത്യുതൻരസനപോലെ കരാളം
ചേർത്തു പാണിയിലഹം കരവാളം
കൃത്തമാക്കുമിഹ നിൻഗളനാളം
മത്തനായൊരു കരീവ മൃണാളം"

അടുത്ത കൃതിയായ പ്രലംബവധം കഥകളി രംഗത്തിന്റെ ആവശ്യങ്ങളെല്ലാം പുരസ്കരിച്ചു രചിച്ചിട്ടുള്ളതാണെന്നു മുഖവുരയിൽ കാണുന്നു. ഈ കഥ ആദ്യമായി അരങ്ങേററം കഴിച്ചപ്പോൾ സദസ്സിലുണ്ടായിരുന്ന രണ്ടു സഹൃദയ

ന്മാർ—അണ്ണാജിരായരും, രഘുനാഥരായരും— അതിന്റെ സ്വാരസ്യത്തെ ഹൃദയംഗമമായി അഭിനന്ദിച്ചുവത്രേ.

ഇതിലും ഓരോ രംഗങ്ങളിൽ ആട്ടവാനുള്ള പദങ്ങൾ അസാമാന്യദൈർഘ്യത്തോടു കൂടിയവയാണു്. "ശബ്ദാഡംബരത്തെക്കുറിച്ചുണ്ടായിരുന്ന ഭ്രമം ക്ഷയിച്ചതിൽപിന്നെയാണു് ഈ ആട്ടക്കഥയെഴുതിയതെ"ന്നു മുഖവുരയിൽ [illegible]ണെന്നുണ്ടെങ്കിലും;

"ദാഢാകോടി ദൃഢോപലഗ്നകരടി-
പ്രൌഢാസ്ഥികൂടച്ഛടാ-
ഗാഢാപൂരിതവക്ത്രകോടരഗഭീ-
രാധൌകിതക്ഷ്വേളിതാ"

ഇത്യാദി ശ്ലോകങ്ങളും

"നല്ല സമയമിതു മല്ലലോചന പാര-
മുല്ലസതി ലളിതവല്ലികളിലതുല-
ഫുല്ലമൃദുകുസുമപല്ലവജാലം"

ഇങ്ങനെയുള്ള പദങ്ങളും കാണുമ്പോൾ വിപരീതാഭിപ്രായം ജനിക്കുന്നുണ്ടു്.

ഇനിയുള്ള രണ്ടു കഥകളും, അതായതു്, മത്സ്യവല്ലഭവിജയവും പരശുരാമവിജയവും ഓരോ സന്ദഭവശാൽ രചിച്ചിട്ടുള്ളവയാണെന്നു കാണുന്നു. മുമ്പു പ്രയോഗിക്കാൻ അവസരം കിട്ടാതിരുന്ന കുമ്മി, സാരി മുതലായവയും ചിലെടത്തു യമകവും ഈ കഥകളിൽ കാണാം.

"ഉപവനേ പവനേരിതസൌരഭേ
സരസമാരസമാകുലമാനസഃ (മത്സ്യ-വി-)

പാട്ടുകാരേയും നടന്മാരേ[illegible]ും സ[illegible]സ്യരേയും ഒരുപോലെ വിഷമിപ്പിക്കുന്ന ഉത്തര[illegible] പ്രയോഗങ്ങൾ ഇതിനുമുമ്പുള്ള ആട്ടക്കഥകളിലും കാണാവുന്നത[illegible] [illegible]തുകൊണ്ടു് [illegible]വയുടെ പ്രചാരത്തിനു് വലി[illegible]ബന്ധമൊ[illegible]ന്നും ഉണ്ടായിട്ടില്ലെന്നും പറഞ്ഞേ[illegible]. രാമായണം, മഹാഭാ[illegible]ം തുടങ്ങിയ ഇത[illegible]സങ്ങളിലേയും പുരാണങ്ങളി[illegible]യും പ്രസിദ്ധിയേ[illegible]യ കഥകൾ മിക്കതും ഓരോ ആട്ടക്കഥകൾക്കു വി[illegible]യീഭവിക്കയാൽ ഇതിവൃത്തത്തെ സംബന്ധിച്ചിടത്തോളം പില്ക്കാലത്തെ കവി[illegible]ല ക്ലൃപ്തികൾ വന്നു[illegible]ടി. അക്കാരണത്താൽ ജനസാമാന്യത്തെ ആകർഷിക്കുവാനും അവരുടെ കഥകൾക്കു കഴിഞ്ഞില്ലെന്നുവരാം. എന്നാൽ കാവ്യഗുണങ്ങൾ നിറഞ്ഞ അത്തരം കൃതികൾക്കും സാഹിത്യത്തിൽ എന്നും ഒരു സ്ഥാനമുണ്ടായിരിക്കുന്നതാണെന്നുള്ള പരമാർത്ഥം വിസ്മരിച്ചുകൂടാത്തതാകുന്നു. വലിയകോയിത്തമ്പുരാന്റെ മണിപ്രവാളശുദ്ധിയും, പദലാളിത്യവും, അർത്ഥകല്പനകളും സംഗീതമാധുര്യവും ഈ കൃതികൾമൂലമായി നമുക്കു് ആസ്വദിക്കുവാൻ കഴിയുമെങ്കിൽ അവയ്ക്കുള്ള പ്രാധാന്യം അനപലപനീയംതന്നെയാണു്. ഈയിടയുണ്ടായിട്ടുള്ള ചില ആട്ടക്കഥാചരിത്രഗ്രന്ഥങ്ങളിൽ ഈ ആട്ടക്കഥകളെ വിട്ടുകളഞ്ഞതിനു് ഒരു ന്യായവും കാണുന്നില്ല. [illegible]വയുടെ കർത്താക്കൾ ഏറിയകൂറും ഉത്തരകേരളീയരാകയാൽ, തെക്കരെപ്പററിയുള്ള അജ്ഞതയായിരിക്കാം അതിനു കാരണമെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു.

മണിപ്രവാളം

(ഡാക്ടർ കെ. ഗോദവർമ്മാ)

ഭാഷാസംസ്കൃതങ്ങളുടെ സമ്മേളനരൂപമായ നിബന്ധനരീതിക്കു് മണിപ്രവാളം എന്ന പേരു് ലീലാതിലകത്തിന്റെ ആവിർഭാവത്തിനു മുൻപുതന്നെ പ്രസിദ്ധമായിരുന്നു. ആലത്തൂരാദി മണിപ്രവാളങ്ങളിൽ മണിപ്രവാളലക്ഷണത്തെ സമന്വയിപ്പിക്കുന്നതിനു് ഉദ്യമിക്കുന്ന ലീലാതിലകകാരൻ ആ കൃതിക്കു് മണിപ്രവാളം എന്നുള്ള വ്യവഹാരം നിലവിലിരിക്കുന്നതിനെയാണല്ലോ അഭിമുഖീകരിക്കുന്നതു്. ഭാഷയെ മണിയായും സംസ്കൃതത്തെ പവഴമായും അധ്യവസാനംചെയ്തുള്ള 'തമിഴ്മണിസംസ്കൃതപവഴം കോക്കിന്റേറൻ വൃത്തമാനചെന്തുന്മേല്' എന്നൊരു പൂർവ്വവചനവും മണിപ്രവാളസംജ്ഞയ്ക്കു് ഉപോദ്ബലകമായി ആചാര്യൻ ഉപന്യസിച്ചിട്ടുണ്ടു്. 'തമിഴ്സംസ്കൃതമെൻറുള്ള സുമനസ്സുകൾകൊണ്ടൊരു ഇണ്ടമാലതൊടുക്കിന്റേറൻ പുണ്ഡരീക്ഷപൂജയാ' എന്നും

'സംസ്കൃതമായിന ചെങ്ങഴിനീരും
നററമിഴായിന പിച്ചകമലരും
ഏകകലൻകരമ്പകമാലാം
വൃത്തമനോജ്ഞാം ഗ്രഥയിഷ്യേതഃ' എന്നും

ഉള്ള ഉദാരണങ്ങളും ഭാഷാപദങ്ങളേയും സംസ്കൃതപദങ്ങളേയും ഇണക്കിച്ചേർത്തിട്ടുള്ള പൂർവ്വകൃതികളുടെ സത്തയെത്തന്നെയാണു് തെളിയിക്കുന്നതു്. ഭാഷാസംസ്കൃതയോഗത്തിനു് 'മണിപ്രവാളം' എന്നതു് ഉപചാരയോഗത്തോടുകൂടിയ രൂഢികൊണ്ടു വന്നുചേർന്നിട്ടുള്ള സംജ്ഞതന്നെയാണെന്നും ലീലാതിലകത്തിലെ വൃത്തിയിൽ സമർത്ഥിച്ചിരിക്കുന്നതും പ്രകൃതത്തിൽ സ്മർത്തവ്യമാണു്. ലക്ഷ്യങ്ങളുടെ പ്രചാരത്തിനുശേഷമായിരിക്കണം ലക്ഷണശാസ്ത്രത്തിന്റെ പ്രസക്തി എന്നുള്ളതും ലീലാതിലകത്തിനുമുൻപു് പല മണിപ്രവാളകൃതികളും ജനമധ്യത്തിൽ സുവിദിതങ്ങളായിരുന്നുവെന്നു നിഗമനംചെയ്യുവാൻ സഹായിക്കുന്നു. മണിപ്രവാളത്തിന്റെ ഘടകങ്ങളായ ഭാഷാപദങ്ങളുടേയും സംസ്കൃതപദങ്ങളുടേയും പൊരുത്തത്തെ വിശദീകരിച്ചു് എല്ലാത്തരം ഭാഷാസംസ്കൃതയോഗങ്ങളും മണിപ്രവാളസംജ്ഞയ്ക്കു വിഷയീഭവിക്കുന്നില്ല എന്നു വ്യവസ്ഥാപിക്കുവാനും ഒരു ലക്ഷണശാസ്ത്രം ആവശ്യകമായിത്തീർന്നതിന്റെ ഫലമാണു ലീലാതിലകം എന്നു് [illegible]തിൽ അപാകമില്ല. "[illegible] (മണിപ്രവാളത്തിൽ) സംസ്കൃതം ഭാഷപോലെ അതിപ്രസിദ്ധവും സുകുമാരാക്ഷരവും ആയിരിക്കണം; ഭാഷയും പ്രായേണ പാമരജനങ്ങളുടെഇടയ്ക്കുകൂടി പ്രചാരത്തിലിരിക്കുന്നതാകണം. അങ്ങനെയുള്ള സംസ്കൃതത്തിനും ഭാഷയ്ക്കും മാത്രമേ ഇണക്കം ഉണ്ടാവുകയുള്ളു. ആ ഇണക്കത്തിന്റെ സൗഷ്ഠവത്തെ പ്രതിപാദിക്കുന്നതിനു് മണിപ്രവാളം എന്നുള്ള ഈ പേരു പ്രയോജകീഭവിക്കുന്നു. ഒരേന്തുലിൽകോർത്ത മാണിക്യത്തിനും പവഴത്തിനും തുല്യമായവർണ്ണം ഉള്ളതുകൊണ്ടു് രണ്ടും അഭിന്നങ്ങളാണെന്നുള്ള പ്രതീതി ഉളവാകുമല്ലോ. മാണിക്യത്തിനും മുത്തിനുംതമ്മിലോ പവഴത്തിനും നീലത്തിനും തമ്മിലോ ആ പ്രതീതി ഉളവാകുന്നില്ലതന്നെ. ഭാഷയ്ക്കും സംസ്കൃതത്തിനും ഐക്യപ്രതീതിക്കു് അനുകൂലമായ സംശ്ലേഷം ഉണ്ടായിരിക്കണം; എങ്ങനെയായാൽ അല്പംപോലും വൈഷമ്യംതോന്നുകയില്ലയോ, അങ്ങനെ."

കവികൾ ഭാഷാസംസ്കൃതയോഗരൂപങ്ങളായ സ്വകൃതികളെ ഇണ്ടമാല, കരമ്പകമാല എന്നുംമററും ഔപചാരികമായി വ്യപദേശിച്ചിരുന്നുവെങ്കിലും അവയ്ക്കൊന്നും മണിപ്രവാളം എന്നുള്ള സംജ്ഞയ്ക്കെന്നപോലെ രൂഢി സിദ്ധിക്കുവാൻ ഇടവന്നില്ല. തമിഴിൽ 'ഇണൈടെ' എന്നതിനു് 'Circlet of flowers, variety of garland' എന്നീ അർത്ഥങ്ങൾ കാണുന്നു. ഭാഷാസംസ്കൃതങ്ങളെ പുഷ്പങ്ങളായി കല്പിച്ചു് അവയെക്കൊണ്ടു് ഗുംഫനംചെയ്ത കൃതിയെ ഇണ്ടമാല എന്നു് വ്യപദേശിച്ചിട്ടുള്ളതു് 'ഇണൈടെ' എന്നതു് മിശ്രണം എന്നുള്ള അർത്ഥത്തിൽ ഉപാദാനം ചെയ്തിട്ടായിരിക്കാം. സംസ്കൃതത്തെ ചെങ്ങഴിനീരായും ഭാഷയെ പിച്ചകമലരായും രൂപണംചെയ്തു്

അവ കലർത്തിയുള്ള കൃതിയെ കരമ്പകമാല എന്നു് നിർദ്ദേശിച്ചിട്ടുള്ളതും ഭിന്നജാതീയങ്ങളായ കുസുമങ്ങളെ കോർത്തിണക്കിയ മാലയ്ക്കു് 'കരമ്പകമാലൈ' എന്നു് [illegible] വ്യവഹരിക്കു[illegible]ള്ളതിനെ [illegible]ച്ചു് ഉപചാരരൂപത്തിൽ അ[illegible]ത്രേ. '[illegible]കം' എന്നതിനു് 'a kind of poem [illegible]mposed of different kinds of stanzas' എന്നു് തമിഴ്നിഘണ്ടുവിൽ അർത്ഥം കൊടുത്തുകാണുന്നു. 'കലമ്പകമാലൈ' എന്ന[illegible]നു് 'garland of many kinds of flowers' എന്നുള്ള[illegible]തെ 'a kind of poem formed of different kinds of verses' എന്നുള്ള അർത്ഥവുംഅതേഗ്രന്ഥത്തിൽനല്കപ്പെട്ടിട്ടുണ്ടു്. 'സംസ്കൃതമായിനു' ഇത്യാദി പദ്യത്തിലെ കരമ്പകമാലയാകട്ടെ സംസ്കൃതവും തമിഴും ആകുന്ന രണ്ടു ഭാഷകൾ ചേർന്നുള്ള ഒരു കാവ്യത്തെയാണു് കുറിക്കുന്നതു്. 'കലമ്പകം' എന്നതിനു് 'Mixture' എന്ന അർത്ഥത്തിലുള്ള 'കലപ്പു്' എന്ന വാക്കിനോടു് ആഗമികമായ ബന്ധം തമിഴ്നിഘണ്ടുവിൽ സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത പദത്തിൽ 'ക'പ്രത്യയം കാണുന്നതുകൊണ്ടു തമിഴിലെ 'കലപ്പു്' എന്നതിനോടു് അതിനു ബന്ധമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. സംസ്കൃതത്തിൽ കരംബ— എന്നും കരംബക—എന്നും 'മിശ്രിതം' എന്ന അർത്ഥത്തിൽ പ്രയോഗം ഉണ്ടു്. രേഫത്തിനു ലകാരമായുള്ള വിനിമയം സംഭാവ്യമാകയാൽ തമിഴിലെ കലമ്പകം എന്നുള്ള രൂപം സംസ്കൃതത്തിലെ കരംബക—എന്നതിൽനിന്നും ആഗമികമായി ഭിന്നമല്ലെന്നു നിശ്ചയിക്കാം. ഒരു പക്ഷേ 'മിശ്രം' എന്നു് അർത്ഥമുള്ള 'കലപ്പു്' എന്ന തമിഴ്പദം സംസ്കൃതത്തിലെ കരംബകശബ്ദം 'കലമ്പകം' എന്നായിത്തീരുന്നതിനു പ്രേരകമായി എന്നും വരാൻ വയ്യാതില്ല.

'മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേ-
ളനസുരഭിലയാസ്മത് കാവ്യവാണീ വിഭൂത്യാ
തെളിയുക പരമിന്നും മേദിനീചന്ദ്രികാതേൻ-
പൊഴിയുമൊരു കലമ്പന്മാലകൊണ്ടെന്ന-
[പോലെ.'

എന്നു ചന്ദ്രോത്സവത്തിൽ കാണുന്ന 'കലമ്പൻ' എന്ന പ്രയോഗം 'ക'പ്രത്യയംകൂടാതുള്ള 'കരംബ' എന്ന സംസ്കൃതപദത്തിന്റെ രേഫത്തിനു ലകാരംവന്നും ഭാഷയിലെ 'അൻ' പ്രത്യയം ചേർന്നും ഉണ്ടായിട്ടുള്ളതായി വേണം വിചാരിക്കുവാൻ. തമിഴിലെ കലമ്പകവും മലയാളത്തിലെ കലമ്പനും സംസ്കൃതതദ്ഭവമാണെന്നുള്ളതിനെ 'ഏകകലൻ കരമ്പകമാലാം' എന്നുള്ള പ്രയോഗം പ്രകടമാക്കുന്നുണ്ടു്. ചന്ദ്രോത്സവകർത്താവു് തന്റെ 'മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേളനം' ത്തെ കലമ്പന്മാലയോടു തുല്യപ്പെടുത്തിട്ടുള്ളതും ഇണ്ടമാല, കരമ്പന്മാല എന്നും മററും ഇതരകവികൾ സ്വകൃതികളെ വ്യപദേശിച്ചിരുന്നതിനോടു യോജിക്കുന്നു. മുഹൂർത്തങ്ങളെക്കുറിച്ചു് നിരൂപണംചെയ്യുന്ന ഒരു പഴയ താളിയോലഗ്രന്ഥത്തിൽ

'മൂഢോ മററും മുതല്മുടിവറി-
ഞ്ഞെന്നറിയേ കണ്ടുകേട്ടു-
ള്ളാചാരംകൊണ്ടപി ച മുനിഭിഃ പ്രോ-
ക്തമാലോച്യ കിഞ്ചിത്
ഭാഷാമിശ്രം പൊഴുതു കഥയാ-
മ്യദ്യ നാം പക്കമാത്രം
വല്ലം ലോകേ ഹിതമിതി തതഃ
ക്ഷന്തുമർഹന്തി സന്തഃ.'

എന്നൊരു പദ്യത്തിൽ തത്കർത്താവു ഭാഷയുടേയും സംസ്കൃതത്തിന്റേയും മിശ്രണമായ സ്വകൃതിയെ 'ഭാഷാമിശ്രം' എന്നു വിശേഷിപ്പിച്ചിരിക്കുന്നു. ലീലാതിലകകാരൻ ഭാഷാപദം കേരളഭാഷാപരമാണെന്നുള്ളതിനു നിദർശനമായിട്ടു് ഉദ്ധരിച്ചിരിക്കുന്ന 'ഭാഷാമിശ്രം പൊഴുതുകഥയാമി' എന്ന ഭാഗം പ്രസ്തുത പദ്യത്തിൽ ഉൾപ്പെട്ടിട്ടുള്ളതായിരിക്കുവാൻ വഴിയുണ്ടു്. 'ഭാഷാമിശ്രം' എന്ന വ്യവഹാരവും 'മണിപ്രവാളം' എന്നതുപോലെ സർവാദരണീയമായിത്തീർന്നിട്ടില്ല. ഒരു ഘടകം ഭാഷയാണെന്നു വ്യക്തമാകുന്നുണ്ടെങ്കിലും മറേറ ഘടകം സംസ്കൃതമാത്രമാണെന്നു് ഊഹിക്കുവാനേ നിവൃത്തിയുള്ളു. അതുമല്ല രണ്ടു ഘടകങ്ങൾക്കും വൈഷമ്യപ്രതീതി തോന്നാത്തവണ്ണം ഉള്ള സംയോജനം വ്യക്തമാക്കുവാൻ ഭാഷാമിശ്രപദത്തേക്കാൾ മണിപ്രവാളപദത്തിനു ശക്തിയുണ്ടെന്നുള്ളതും പറയേണ്ടതില്ലല്ലോ. ഏതായാലും ഭാഷാസംസ്കൃതയോഗത്തിനു സ്വേച്ഛാനുസാരം പലരും പലവിധത്തിൽ പേരുകൾ കല്പിച്ചിരുന്നുവെങ്കിലും അവയിൽ മണിപ്രവാളമെന്നതിനുള്ള സർവോത്തരമായ അഭിലഷണീയതയെ ആധാരമാക്കി ലീലാതിലകകാരൻ അതിനെത്തന്നെ സ്വീകരിച്ചു് ഏററെക്കുറെ സർവാംഗീണമായ ഒരു ലക്ഷണശാസ്ത്രം നിർമ്മിച്ചു.

ഘടകങ്ങളായ ഭാഷാസംസ്കൃതങ്ങൾക്ക വൈഷമ്യപ്രതീതിയുള്ള ഗ്രന്ഥങ്ങൾ മണിപ്രവാളകാവ്യത്തിൻെറ തത്ത്വം നോക്കുമ്പോൾ വികലങ്ങളാണെന്നും അദ്ദേഹത്തിന്ന ദൃഢമായ അഭിപ്രായം ഉണ്ടായിരുന്നിരിക്കണം. മണിപ്രവാളത്തിൻെറ പ്രശസ്തങ്ങളായ മാതൃകകളെ ധാരാളമായി ഉദാഹരിച്ചുകൊണ്ടുള്ള ഒരു ലക്ഷണശാസ്ത്രം നിർമ്മിക്കുന്നവിഷയത്തിൽ ആചാര്യൻെറ സമുദ്യോഗം അനന്തരകാലകവികളുടെ ഉച്ഛൃംഖലമായ പ്രവത്തനത്തെ സമത്ഥമായി പ്രതിരോധിച്ചിരിക്കുമെന്ന് ഊഹിക്കുന്നതിനും പഴുതില്ലാതില്ല.

ലീലാതിലകത്തിലെ ഉദാഹരണപദ്യങ്ങളെ ലക്ഷണപൂണ്ണങ്ങളായ മണിപ്രവാളങ്ങളായിട്ടാണല്ലോ വിചാരിക്കേണ്ടതു്. അവയിൽ ഒട്ടുമുക്കാലും നാരീപ്രശംസാപരങ്ങളായിട്ടാണ് നിബന്ധിക്കപ്പെട്ടിരിക്കുന്നതു് എന്നുള്ളതും മണിപ്രവാളത്തിന്ന പ്രചാരപ്രാചുര്യവും അത്തരം ലളിതവിഷയങ്ങളുടെ പ്രതിപാദനത്തിൽ ആയിരുന്നുവെന്നു സൂചിപ്പിക്കുന്നു.

'പുല്കിക്കൊണ്ടാളുറക്കെപ്പുനരപി മണിവാ
    നല്കിനാൾ മെല്ലെ മെല്ലെ-
ക്കാമക്രുത്തിന്നണഞ്ഞാൾ മദനപരവശാ
    കാന്ത കയ്മെയ്മറന്നാൾ
വീത്താളൊട്ടേവിയത്താൾ വിവശമരുതെടോ
    യെന്നെ വീയെന്നിരന്നാ-
ളെന്മാറിൽപോന്നുവീണ്ണപ്പൂരികുഴലകമേ
    മാഴ്കിനാളുണ്ണിനങ്ങ' എന്നും,

'കൺകൊണ്ടിന്ദീവരാണാം കുറിയശിരസിജൈഃ
    ശൈവലാനാംമുഖംകൊ-
ണ്ടംഭോജാനാമളീനാമളകരചനയാ കൊ
    ങ്കയാ കോരകാണാം
ഏതേഷാം കാന്തിമേതൈർഗതിമപി ഭവതാം
    കൾപ്പിതെന്നിന്നളിന്യാ-
മായാന്തീം നാരണീതൻദ്ദയിതരമരയ-
    ന്നങ്ങളേ കണ്ടതുണ്ടോ' എന്നും

'അംഗം തുംഗസ്തനഭരനതം
    പല്ലവാനോ ന നാവിൽ
പോരാപുണ്യപ്രസരമൊരുനാ-
    ളെന്നുടേ വല്ലഭായാഃ
നിന്നെക്കൊണ്ടെന്നഭിമതമെന്നി-
    ക്കെയ്യലാമെൻറിരിൻേറൻ
നിദ്രേ!ഭദ്രേ! ത്വമപി വിധിനാ
    ദുർലഭാ വല്ലഭേ.'

എന്നുംമററും ഉള്ള ലീലാതിലകപദ്യങ്ങളെ മാനദണ്ഡമാക്കിക്കൊണ്ടു മലയാളസാഹിത്യത്തിൽ മുൻപും പിൻപും ഉണ്ടായിട്ടുള്ള കൃതികളിലെ ഭാഷാസംസ്കൃതയോഗങ്ങളെ വിവേചനം ചെയ്യുന്നതു തത്വനിണ്ണയത്തിനു സഹായകമായിരിക്കും. കാമദഹനംചമ്പുവിൽ ഒരിടത്തു്

'സാരസ്യത്തിന്നുചെന്നൊരുത്തനുമിരി
    പ്പീലാരുമമ്മേനകാ-
ഗാരേ നാലുമണിപ്രവാളമുയരെച്ചൊ
    ല്ലുമില്ലാരുമേ
പാരിൽ കീത്തിമികത്തമന്നവർ മരിച്ചാ
    ഹന്ത ചെല്ലംവിധൗ
നാരീണാം കഥപോലുമില്ല പരലോ-
    കാധിശ ശൃംഗാടകേ'

എന്നു മേനകയുടെഗൃഹത്തിൽ നാലുമണിപ്രവാളങ്ങൾ ഉയരെച്ചൊല്ലുവാൻ ആരുമില്ലാതായി എന്നുപ്രസ്താവിച്ചിരിക്കുന്നതു മണിപ്രവാളങ്ങൾ പ്രയോഗിച്ചു നാരീപ്രശംസചെയ്യാറുണ്ടായിരുന്ന ഒരു രീതിയെ ആധാരമാക്കി ആയിരിക്കും എന്നുള്ളതിന്ന സംശയമില്ലല്ലോ. ചമ്പൂകാരന്മാർക്കു് അതിപ്രസിദ്ധങ്ങളായ സംസ്കൃതപദങ്ങൾമാത്രമേ മലയാളത്തോടുചേക്കുവാൻപാടുള്ളൂ എന്നുള്ള നിർബന്ധം കാണാത്തതുകൊണ്ടു് അവയിൽ മണിപ്രവാളത്തെക്കുറിച്ചു ലീലാതിലകകാരൻെറ മതം അനുസരിച്ചുള്ള ഭാഷാസംസ്കൃതയോഗമല്ല ആദരിക്കപ്പെട്ടിരുന്നതു എന്നു് പ്രസ്ഫുടമാകുന്നു. ചമ്പുക്കളിൽ ഒരിടത്തുംതന്നെ അവയിലെ ഭാഷാരീതിയെ മണിപ്രവാളം എന്നു് വ്യപദേശിച്ചിട്ടുള്ളതായോ അവയിലെ ഭാഷാസംസ്കൃതയോഗത്തെ ലീലാതിലകത്തിൽ ചെയ്തിട്ടുള്ളതുപോലെ വ്യാവത്തകധമ്മംകൊണ്ടെങ്കിലും നിർദ്ദേശിക്കുകയോ ചെയ്തിട്ടില്ലാത്തതും അവ സാകല്യേന മണിപ്രവാളങ്ങളല്ലെന്നുള്ളതിനല്ലയോ അനുകൂലമായി ഇരിക്കുന്നതു്?

ചന്ദ്രോത്സവകത്താവാകട്ടെ സ്വകൃതിയെ മണിപ്രവാളമെന്നു നാമകരണം ചെയ്തിട്ടില്ലെങ്കിലും 'മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേളനസുരഭിലയാസ്മത് കാവ്യവാണീവിഭൂത്യാ' എന്നു മണിപ്രവാളധമ്മത്തെ പൂണ്ണമായി അനുസരിച്ചുള്ളതാണു് തൻെറ ഭാഷാരീതി എന്നു വിശദീകരിച്ചിട്ടുണ്ടു്.

ചന്ദ്രോത്സവത്തിലെ

'ശശിമണിമയബിംബേ ഹന്തപൈന്തേനമാടി-
പ്പരിചിനൊടഭിഷേകംചെയ്ത...തോയൈഃ
കുരവകമലർചാത്തിപ്പഞ്ചതാരപ്പെരുംപാ-
യസമതിനു നിവേദ്യം കല്പിതം കംബുകണ്ഠ്യാ

എന്നും,

'പുരികുഴലിലിറങ്ങിത്തങ്ങളിൽ തിങ്ങിവിങ്ങും
...ളർമുലയിൽവിരുന്നുണ്ടേണശാബേക്ഷണാനാം
...ടിശിദ ...മാറിമേടിനിവെണ്ണിലാവിൻ
മുഖപരിമളവാഹിസ്സന്തതംഗന്ധവാഹഃ' എന്നും

അന്തിക്കങ്കമവള്ളിമേലഴകെഴും-
പൊല്പ്പൂംകുലപ്രായമായ്
മേളം താവിന ഭാനുബിംബമഖിലം
ചെങ്ങിച്ചുവക്കുംവിധൌ
സംവത്താംബുദനാദവത്പരമര-
ക്രുവിടട്ടത്താകുലം
കേൾക്കായീ പുനരൊച്ച വിശപ്തജനതാ-
വിസ്മാപകം ഭൂതലേ'

എന്നും മററുമുള്ള പദ്യങ്ങളെ പരിശോധിച്ചാലും തത്കർത്താവു് ലീലാതിലകകാരൻെറ മണിപ്രവാളലക്ഷണം സവ്വഥാ അനുസന്ധാനം ചെയ്തിട്ടുണ്ടെന്നുള്ളതു് വ്യക്തമാകും.

ഉണ്ണുനീലിസന്ദേശകത്താവു് 'കണ്ടിക്കാർക്കുന്തൽ കാലിൽത്തടവിന മടവാർനായികാ' യെ വാഴ്ത്തുവാനാണു് തൻെറ ഉദ്യോഗമെന്നു വിളിച്ചുപറഞ്ഞിട്ടുണ്ടല്ലോ. ആ കൃതിയിലെ ഭാഷാരീതിയും സമഞ്ജസമായ മണിപ്രവാളം തന്നെ.

'യത് സത്യം തദ് ഭവതു പുണർതംനാൾ
പിറന്നൊങ്ങൾകാന്തൻ
വന്നിട്ടിൻെറ മമമനസിജ-
ച്ചൂടൊഴിച്ചീടുമാകിൽ
തോഴീപൂച്ചൊല്ലെഴവതിതുന-
ൻറഷ്ടമേ ശുക്രചന്ദ്രൗ
ഭാഗ്യേ ജീവസ്സ്വപയമൊരുനരു-
ങ്ങാശപ്തസന്തിസ്ഥിതാ വാ'

എന്ന പദ്യം ഉണ്ണുനീലീസന്ദേശത്തിൽനിന്നു ലീലാതിലകകാരൻ ഉദ്ധരിച്ചിട്ടുമുണ്ടു്.

'നീത്താനിന്ദൂപലമിവതെളിഞ്ഞാ-
മ്പൽപോലെചിരിച്ചാ-
നാത്താൻ വണ്ടിൻകുലമിവവള-
ന്നാൻ പയോരാശിപോലേ
പീതപാ ത്രൂപാമൃതമിളകിനാ-
നേഷചെമ്പോത്തുപോലേ
കൃഷ്ണാൻ കാമീമദനനിവപോ-
ന്നാഗതേ വിരചന്ദ്രേ'

എന്നും,

'കാലിക്കാലിൽത്തടവിനപൊടി-
ച്ചാർത്തുകൊണ്ടാത്തശോഭം
പീലിക്കണ്ണാൽക്കലിതചികുരം
പീതകൗശേയവീതം
കോലും കോലക്കുഴലുമിയലും
ബാലഗോപാലലീലം
കോലം നീലം തവ നിയതവും കോ-
യിൽകൊൾകെങ്ങൾചേതഃ'
എന്നും

'ഒപ്പംനില്ലാമനസിജമണി-
ച്ചെപ്പുജാനുദപ്തയത്തോ-
ടപ്പാലാക്കും കരികരരുചിം
കമ്രമൂരുപ്രകാണ്ഡം
അപ്പുബാണന്നനുപമമഹാ-
രാജ്യമാമോമലംഗം
മത്പുണ്യാനാംപരിണതിപദം
ചൊല്ലവല്ലേൻ പ്രിയായാഃ'

എന്നും മററുമുള്ള പദ്യങ്ങൾക്കും ലീലാതിലകത്തിലെ ഉദാഹരണപദ്യങ്ങൾക്കും ഭാഷാരീതിവിഷയകമായുള്ള സാജാത്യം അനുഭവസിദ്ധമാകുന്നു. സംസ്കൃതഭൂയിഷ്ഠങ്ങളായ മണിപ്രവാളപദ്യങ്ങളിൽപോലും സൗകുമാര്യത്തിനു ഭംഗം ലീലാതിലകാദികളിൽ വന്നിട്ടില്ല.

ചമ്പൂഗ്രന്ഥങ്ങളിലുള്ള മിക്ക ഭാഗങ്ങളുടേയും സ്ഥിതി മേൽക്കാണിച്ചരീതിയിലുള്ളതാണോ എന്നു നിഷ്പക്ഷമായി അവലോകനം ചെയ്യുന്നതു കൊള്ളാം. ചമ്പുക്കളിൽ നല്ല മണിപ്രവാളം ഒട്ടുമില്ലെന്നു പറയുവാൻ സാധ്യമല്ലെങ്കിലും തത്കർത്താക്കളുടെ പദബന്ധനത്തിൽ മണിപ്രവാളപരിപാലനതല്പരത്തിനുള്ള നിഷ്കൃഷ്ടം സുദൃഢമായിരിക്കുന്നില്ലെന്നുള്ളതിനു നിരവധി ദൃഷ്ടാന്തങ്ങൾ കാണിക്കുവാൻകഴിയും.

'ക്രോധാദ്ധൃത്കൃത്യപാശാന്മുഖരഖരഖുരോ-
ത്തുംഗശൃംഗാഗ്രഘാതൈ-
ര്യോധാൻ വിദ്രാവയന്തീ ഝടിതി പരി-
വൃതാൻ ഘോര 'ഹുമ്പാ' നിനാദാ
നാസാഗ്രന്യസ്തഹസ്താങ്ഗുലിഷു സകലലോ-
കേഷു പശ്യത്സു വിശ്വ-
ഗ്വ്രാതക്ഷോഭംവളർത്തുജ്ജ്വലവിപുലവപു-
ർവ്വ്യോമവീഥിം പ്രപേദേ' എന്നും

'കല്പാന്തോദ്ദീപ്തവൈശ്വാനരതുലനകല-
ന്നാസ്ത്ര രോദോന്തരാളം
കത്തിക്കാളിച്ചു മൂളെന്നതികഠിനമിര-
ച്ചുച്ചകൈരുജ്ജ്വലാത്മാ
കെല്പേറും മുപ്പുരംചെന്നഴകൊടുപിടിപെ-
ട്ടൊക്കദഗ്ധ്വാത്രിലോകം
ഭസ്മീകത്തും ജഗദ്ഘസ്മരമുഖരശിഖഃ
കൃഷ്ണവർത്മാ ദിദീപേ' എന്നും

'ഖള്ളരിരണാടോപസംവൃത്തഷഡ്വക്ത്ര കണ്ഠഗ്രഹോദന്തകണ്ഠോക്തലോകത്രയിജൈത്രലക്ഷ്മീഗളന്മല്ലധമ്മില്ലമല്ലീമതല്ലിസ്രഗാമോദലുബ്ധാളിശങ്കാവഹോദഗ്രമൌർവീകിണശ്രേണികാമണ്ഡിതോച്ചണ്ഡദോർദണ്ഡ ജാലങ്ങളേറേററപാരം' എന്നും മററും ഉള്ള ഭാഗങ്ങളിൽ ഭാഷാചമ്പൂക്കൾ ദീർഘസമാസങ്ങളേയും ഉദ്ധതമായ രചനാരീതിയേയും ആദരിച്ചുകാണുന്നതു മണിപ്രവാളസ്വഭാവത്തിനു തികച്ചും വിരുദ്ധമാണു്.

'യോഗ ആദ്യ തൃതീയാഭ്യാ-
മന്ത്യയോരേണതുല്യയോഃ
ടാദിഃ ശഷൌവൃത്തിദൈർഘ്യം
ഗുംഫ ഉദ്ധത ഓജസി'

എന്നിങ്ങനെ സംസ്കൃതസാഹിത്യാചാര്യന്മാർ അനുശാസിച്ചിട്ടുള്ള ഓജോഗുണാനുഭാവങ്ങൾ മണിപ്രവാളത്തിൽ മുഴുവനുമേ പരിഹരിക്കപ്പെടേണ്ടതാണെന്നാണു് ലീലാതിലകകാരന്റെ ശക്തിയുക്തമായ വാദം. ഗുണനിരൂപണത്തിൽ 'ഓജസ്ത്വിഹനാംഗീ ക്രിയതേ, തസ്യ പഞ്ചമരഹിതൈഃ രേഫസഹിതൈസ്സംയുക്തവർഗ്ഗ്യൈർദീർഘസമാസേ നോദ്ധതരചനയാ ച നിവർത്ത്യമാനതയാതിഗംഭീരത്വാദ് ഭാഷായാ അതിവിരളത്വപ്രസംഗാച്ച' എന്നുള്ള ലീലാതിലകത്തിലെ പ്രസ്താവം മേല്പറഞ്ഞതരത്തിലുള്ള ചമ്പൂഭാഗങ്ങൾക്കു് മണിപ്രവാളത്വം ആചാര്യനു് അനനുമതമെന്നത്രേ വിളംബരം ചെയ്യുന്നതു്. സംസ്കൃതകാവ്യങ്ങളിൽ ശബ്ദനിഷ്ഠമായ ഓജോഗുണത്തിനു് പ്രസക്തി വീരരൌദ്രാദികൾ വ്യംഗ്യങ്ങളായി വരുമ്പോഴാണല്ലോ. ലീലാതിലകകാരൻ

'ദ്രോണായ ദ്രുപദം ധനഞ്ജയ ഇവ
ക്ഷ്മാപാലബാലോ ബലീ
വേണാട്ടിന്നുടയോരു വീരരവിവ-
ർമ്മാഖ്യോ യദൂനാംപതിഃ
പാണ്ഡ്യം വിക്രമപൂർവ്വകം പടയിൽവെ-
ച്ചാട്ടിപ്പിടിച്ചങ്ങനേ [illegible]
പാണ്ഡ്യേശായ കൊടുത്തു തസ്യ തനയാം പ-
ദ്മാനനാമഗ്രഹീത്'

എന്നു വീരരസത്തിനും

'ഏററം തിമത്തു തിറമുററണയും നൃപാൻ താൻ
കാററത്തു സംവലിതതൂലസമാൻ വിതേനേ
ചീററത്തിനാൽ മതിമറന്നു മഹാനുഭാവാൻ
ക്രൂരത്തിലും കൊടിയവിക്രമപാണ്ഡ്യസിംഹഃ'

എന്നു് രൌദ്രരസത്തിനും നൽകിയിരിക്കുന്ന ഉദാഹരണങ്ങളിൽ തത്തദ് രസവ്യഞ്ജകത്വം ശബ്ദത്തിനല്ല അർത്ഥത്തിനാണു് എന്നു മനസ്സിലാക്കുവാൻ യാതൊരു പ്രയാസവുമില്ല. ഭാഷാസംസ്കൃതയോഗത്തിലും ഭാഷാസന്ദർഭപ്രതീതി പരിരക്ഷിക്കുവാൻ മണിപ്രവാളകവികൾ ശ്രദ്ധിച്ചുകാണുന്നു. ചമ്പൂഗ്രന്ഥങ്ങളാകട്ടെ സാമാന്യേന സംസ്കൃതസന്ദർഭപ്രതീതിക്കു് ഉദ്രേകം ഉള്ള ഭാഷാസംസ്കൃതയോഗത്തെയാണു് ആശ്രയിച്ചിരിക്കുന്നതു്. പ്രൌഢമായ സംസ്കൃതപാണ്ഡിത്യമില്ലാത്തവർക്കു് അധൃഷ്യങ്ങളായ ഭാഗങ്ങൾ ഉള്ള ഗ്രന്ഥങ്ങളിലെ ഭാഷാസംസ്കൃതയോഗത്തിനും സുകുമാരാകൃതികൊണ്ടു് ഏതൊരു കേരളീയനേയും സമാകർഷിക്കുന്ന നിബന്ധനങ്ങളിലെ ഭാഷാസംസ്കൃതയോഗത്തിനും ഇടയ്ക്കു് വലിയ ഒരു ഉൾക്കടൽ ഉണ്ടെന്നുള്ളതു് അപലപിക്കാവുന്നതല്ല. കൈരളിയും ഗൈർവ്വാണിയും സപത്നീകാലുഷ്യം വെടിഞ്ഞു് ഉപചരിച്ചിരുന്ന അനുഗൃഹീതകവിവര്യന്മാർ നിർമ്മിച്ചിട്ടുള്ള ചമ്പൂപ്രബന്ധങ്ങളിൽ മണിപ്രവാളലക്ഷണത്തെ ആവഹിക്കുന്ന ഭാഗങ്ങൾ ഇടയ്ക്കും മുറയ്ക്കും കാണുവാൻ കഴിയുന്നതാകട്ടേ ചമ്പൂപ്രബന്ധങ്ങളുടെ സാമാന്യമായ ഉദ്ധതസ്വഭാവത്തെ അത്യല്പമായി മാത്രമേ കുറയ്ക്കുന്നുള്ളു.

എഴുത്തച്ഛന്റെ കൃതികളിൽ ഭാഷാസംസ്കൃതങ്ങളുടെ സുന്ദരമായ സമ്മേളനം പലയിടത്തും ദൃശ്യമാകുന്നതുകൊണ്ടു് അവയിലെ ഭാഷാരീതിയെ മണിപ്രവാളമെന്നു വ്യപദേശിക്കുന്നതിൽ യാതൊരു അനുപപത്തിയുമില്ല. എങ്കിലും വിഭക്ത്യന്തമായ സംസ്കൃതം കഴിയുന്നിടത്തോളം കുറച്ചു് സംസ്കൃതപദങ്ങളെ മലയാളപ്രത്യയങ്ങൾ ചേർത്തു ഭാഷാകവിതയ്ക്കു് ഏതു് ആശയത്തേയും ഉദ്വഹിക്കുവാനുള്ള പ്രാഭവം ഉണ്ടാക്കിക്കൊടുക്കുകയാണു് എഴുത്തച്ഛൻ നി[illegible]ട്ടുള്ള പ്രശസ്തമായ സാഹിത്യസേവനം എന്നു ഗ്രഹിക്കുവാനുള്ള ലക്ഷ്യങ്ങൾ വശ്യവാക്കായ ആ മഹാനുഭാവന്റെ കൃതികളിൽ പ്രചുരങ്ങളാണു്. ഭാഷാസംസ്കൃതയോഗത്തോടുകൂടിയ പദ്യങ്ങളും പദങ്ങളും ഉൾക്കൊള്ളുന്ന കഥകളിഗ്രന്ഥങ്ങളിൽ മണിപ്രവാളത്തിനുള്ളതിനേക്കാൾ ലക്ഷ്യങ്ങൾ സംസ്കൃതസന്ദർപ്രതീതികൂടിയായിരിക്കുന്ന രീതിക്കാണു്. ഗ്രന്ഥസംജ്ഞയോടുകൂടി മണിപ്രവാളം എന്നു ചേർത്തുള്ള കുഞ്ചൻനമ്പ്യാരുടെ ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിലെ ഭാഷാരീതി ലീലാതിലകകാരന്റെ മതത്തെ പൂർണ്ണമായി അനുവർത്തിക്കുന്നു.

‘മധുരിപുചരിതം മനോഭിരാമം
മധുരപദാകലിതം മണിപ്രവാളം’

എന്നു് ഗ്രന്ഥാരംഭത്തിൽ ആ കവിശ്രേഷ്ഠൻ സ്വകൃതിയിൽ ഉപയോഗിച്ചിട്ടുള്ള സംസ്കൃതപദങ്ങളും മലയാളപദങ്ങളും ഒന്നുപോലെ മധുരങ്ങളാണെന്നു പ്രതിജ്ഞചെയ്യുന്നതു മണിപ്രവാളത്തിന്റെ ഏകലക്ഷണശാസ്ത്രമായ ലീലാതിലകത്തിലുള്ള പരമാദരത്തെയാണല്ലോ വ്യക്തമാക്കുന്നതു്. അപ്പയ്യദീക്ഷിതരുടേയും ജഗന്നാഥപണ്ഡിതരുടേയും സാഹിത്യശാസ്ത്രഗ്രന്ഥങ്ങളെ ലീലാതിലകകാരൻ ഉപജീവിച്ചിട്ടുണ്ടെന്നുള്ളതിനു ചില ആഭ്യന്തരലക്ഷ്യങ്ങൾ ഈ ലേഖകൻതന്നെ മുമ്പൊരിക്കൽ എടുത്തുകാണിച്ചിട്ടുണ്ടു്. അതനുസരിച്ചു ലീലാതിലകകാരന്റെ കാലം കൊല്ലവർഷം [illegible]-നുശേഷം ആയിരിക്കാം എന്നുള്ളതിനു ലീലാതിലകകാരന്റെ പ്രാമാണ്യത്തെ സമ്മതിച്ചുകൊണ്ടു കുഞ്ചൻനമ്പ്യാർ തന്റെ കൃതിയെ മണിപ്രവാളം എന്നു വിളിക്കുകയും അതിലെ മണിപ്രവാളലക്ഷണത്തെ ‘മധുരപദാകലിതം’ എന്നു പ്രകാരാന്തരേണ അനുവദിക്കുകയും ചെയ്തിട്ടുള്ളതു കുറച്ചുകൂടി പ്രാബല്യം ഉളവാക്കുന്നു എന്നാണു് എനിക്കു തോന്നുന്നതു്. കുഞ്ചൻനമ്പ്യാരുടെ കാലത്തോടടുത്തു മുമ്പാണു ലീലാതിലകകാരൻ മണിപ്രവാളകാവ്യത്തിന്റെ വ്യവസ്ഥിതിവരുത്തിയതെന്നു് അഭ്യൂഹിക്കുന്നതിനു മതിയായ പിൻബലമുണ്ടു്. ലീലാതിലകത്തിൽ മണിപ്രവാളത്തിനു അഞ്ചു പ്രവിഭാഗങ്ങൾ കല്പിച്ചിട്ടുള്ളതിൽ ആദ്യത്തേതായ ഉത്തമത്തിനു ‘തത്രോത്തമം ഭാഷാരസപ്രാധാന്യേ’ എന്ന ലക്ഷണമാണല്ലോ നല്കിയിരിക്കുന്നതു്. ‘ഭാഷയേറിവരുന്ന നല്ല മണിപ്രവാളമതെങ്കിലോ ഭൂഷണം വരുവാനുമില്ല വിശേഷഭൂഷണമായ്വരും’ എന്നു കുഞ്ചൻനമ്പ്യാർ തനിക്കു സംസേവ്യമായിത്തോന്നിയ മണിപ്രവാളത്തിന്റെ ഭാഷാപ്രാധാന്യയുക്തതയെ നിർദ്ദേശിച്ചിട്ടുള്ളതു ലീലാതിലകവചനത്തിന്റെ മാറ്റൊലിയായിരിക്കുവാനേ തരമുള്ളു.

മലയാളസാഹിത്യത്തിൽ മണിപ്രവാളത്തിനു് അതിപ്രധാനമായ ഒരു സ്ഥാനം സംസിദ്ധമായിട്ടുണ്ടു്. മറ്റൊന്നിനുമില്ലാത്തവണ്ണം ഈ പ്രസ്ഥാനത്തിനു് ഒരു ലക്ഷണശാസ്ത്രംകൂടി കിട്ടിയപ്പോൾ നിർദ്ദോഷമായ പുരോഗതി അതിനു് സാധ്യപ്രായമായിത്തീർന്നു. കഥകളികർത്താക്കന്മാരുടെ സംസ്കൃതപക്ഷപാതം മണിപ്രവാളത്തിന്റെ സ്വച്ഛന്ദമായ പുലർച്ചയ്ക്കു ചിലപ്പോഴെല്ലാം പ്രതിബന്ധമായിരുന്നിട്ടുണ്ടെങ്കിലും ഉത്തമകവികളുടെ കരാവലംബം അതിനു് അവിച്ഛിന്നമായിരുന്നു. കവികളുടെ രുചിഭേദംകൊണ്ടു് ഇടക്കാലത്തു വല്ല മാന്ദ്യവും സംഭവിച്ചുപോയിട്ടുണ്ടെങ്കിൽ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ നേതൃത്വത്തിൽ അതിനു ഒരു നവജീവൻ സിദ്ധിച്ചുവെന്നുള്ളതിനു സംശയമില്ല. വിശാഖവിജയാദി സംസ്കൃതകൃതികളുടെ കർത്താവായ ആ മഹാനുഭാവനെ കേരളകാളിദാസപദത്തിലേക്കു് അധിരോഹണംചെയ്യിച്ചതു മണിപ്രവാളശാകുന്തളാദികളാണല്ലോ. അന്യാപദേശശതകം, അമരുകശതകം മുതലായി അവിടുത്തെ വിവർത്തനങ്ങളും മണിപ്രവാളരീതിയിൽ അവതരിച്ചവയാണു്. വലിയകോയിത്തമ്പുരാന്റെ മുഖ്യകൃതിയെന്നു് ഏതുകൊണ്ടും അഭിപ്രായപ്പെടാവുന്ന മയൂരസന്ദേശം മണിപ്രവാളപദ്യങ്ങൾക്കുള്ള ഹൃദ്യതയേയും ആ പ്രസ്ഥാനത്തിൽ അവിടുന്നു നേടിയിട്ടുള്ള വിജയത്തേയും ഏവർക്കും പ്രത്യക്ഷമാക്കുന്നുണ്ടു്.

'കൊണ്ടൽക്കോളാൽകലിതകുതുകം
പീലിയെല്ലാംപരത്തി-
ക്കൊണ്ടുകേകിപ്രവരനഴകോ-
ടാട്ടമാടുന്നഭങ്ഗീം
കണ്ടുകാമീനിജകമനിയാം
നീലവേണിംന്നിനച്ചി-
ട്ടിണ്ടൽക്കേററം വശഗനവിടെ-
ത്തന്നെമിണ്ടാതെനിന്നാൻ'

എന്നും

'കണ്ടുനാളമഴകിൽത്തിരിച്ചനുപദംരഥം
പിറകിൽനോക്കിയും
കുണ്ടുനായ്ശരഭയേന പൃഷ്ഠമതുപൂവ-
കായഗതമാക്കിയും
ഇണ്ടൽപൂണ്ടുവിവൃതാന്മുഖാത് പഥിചവച്ച
ദർഭകളംപതിക്കവേ
കണ്ടുകൊൾകകുതികൊണ്ടു ദിവി വന്നു
ഭൂശംനഭസിധാവതി'

എന്നും

'ക്ഷീരമുണ്ടുസരസം ഭുജിപ്പതിനിരിപ്പ-
തിന്നുമണിപഞ്ജരം
ദൂരവേ മശകദംശചിന്തയുമജസ്ര-
മെത്രപരിലാളനം
നേരതൊക്കെയുമഥാപികാനനവിഹാര-
മോർത്തുവിമനായിതാ
കീരസുന്ദരികൃതാർത്ഥഭാവമണയുന്ന-
തില്ലലവലേശവും'

എന്നും മററുമുള്ള ശ്ലോകങ്ങളിലെ പദബന്ധസൗഷ്ഠവം മണിപ്രവാളപ്രസ്ഥാനത്തിനു് ഉപഷ്ടംഭകമായിത്തീർന്നതിൽ ഒട്ടും ആശ്ചർയ്യപ്പെട്ടവാനില്ല.

മണിപ്രവാളം എന്ന സംജ്ഞയിൽ 'മണി' എന്ന പദംകൊണ്ടു് സംസ്കൃതത്തേയും 'പ്രവാളം' എന്നതുകൊണ്ടു ഭാഷയേയും അധ്യവസാനം ചെയ്തിട്ടുള്ളതായാണെല്ലോ ലീലാതിലകകാരൻ പ്രതിപാദിച്ചിട്ടുള്ളതു്. ആ വീക്ഷണത്തിനു്, കാലംചെന്നതോടുകൂടി ഒരു മറിവു സംഭവിക്കുവാൻ ഇടയായിത്തീന്നു. മലയാളശാകുന്തളത്തിൻെറ സമർപ്പണശ്ലോകങ്ങളിൽ

'മണേർമഹാർഘസ്യ ഗുണാനഭിജ്ഞൈഃ
പ്രവാളബുദ്ധ്യൈവപദപ്രയോഗം
ഗ്രന്ഥസ്യ തസ്യാഭിനവം വിവർത്ത-
മഭ്യർത്ഥിതോഽഹം യദജല്പമേവം' എന്നു്

പ്രൊഫെ‌സർ ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ സംസ്കൃതത്തെ മണിയായും മലയാളത്തെ പ്രവാളമായും നിർദ്ദേശിച്ചിട്ടുള്ളതു പ്രാചീനസങ്കല്പത്തിനു വിപരീതമായിട്ടാണു്. ഇങ്ങനെ മണിയുടേയും പ്രവാളത്തിൻേറയും സങ്കേതത്തിനു വ്യത്യാസം വന്നിട്ടുണ്ടെന്നല്ലാതെ മണിപ്രവാളരീതി തത്വത്തിൽ അന്നും ഇന്നും ഒന്നുതന്നെ.

നമോവാകം iii

(അനന്തപുരത്തുകൊട്ടാരത്തിൽ അനിഴംനാൾതമ്പുരാട്ടി)

ശ്രീമന്മാതുല! കൈരളീകമലിനീചണ്ഡാംശുനാ ഭാരത-
ക്ഷോണീ യേന വിനാ കൃതാസ്തമയതാ നൈവാപ ശാന്തിം ശുചഃ
തസ്യാദ്യോപനതേ യശോമയതനോശ്ശ്രീമച്ഛതാബ്ദാഹ്വയേ
നവ്യേ ലോകമഹോത്സവേ പ്രമുദിതാ പദ്യോപദാം തേഽർപ്പയേ. (൧)

ലക്ഷ്മീവാണ്യാവഭ്രതാം ത്വയി മഹിതതമേ സന്തതം ബദ്ധഭാവേ
ത്വാദ്യാ സാ വല്ലഭാ ത്വാമഭജത സശരീരാപരാന്തന്നിഗൂഢ-
ച്ഛന്നായാമപ്യശങ്കം മമ പതിരധികം വത്സലോ മത്സപത്ന്യാ-
മേവം സേർഷ്യേവ ലക്ഷ്മീസ്സുരപദമഗമദ്ധന്ത ജായാ തവാര്യ്യാ. (൨)

അന്യാപത്സ്വപി ഭീരുതാം ന ഭജതേ പ്രായോ ഹി ധീരാശയോ
ധത്തേ ചിത്തവിമൂഢതാം ന ച തഥേത്യസ്മാദൃശാൻ ശിക്ഷിതും
സന്ദേശവ്യപദേശതോ വിരചിതം നവ്യം സുധീമണ്ഡലാ-
സ്വാദ്യം സൂരികലാവതംസ! ഭവതാ കാവ്യം മയൂരാഹ്വയം. (൩)

പുണ്യാത്മാനോ മനുജപതയസ്സൽകൃതാ നാകിലോകൈ-
ശ്ശക്രത്വം ചാപ്യധൃത നഹുഷഃ കിം ന ജിഷ്ണൌ പ്രണഷ്ടേ
തദ്വദ്ബോദ്ധും ധുരമഥ ഗുരോർന്നിർജ്ജരാണാമഭാവേ
ദ്യാമാരൂഢഃ ഖലു സകലശാസ്ത്രാർത്ഥപാരംഗത! ത്വം. (൪)

വിദ്വന്മൌലിമണേരനല്പയശസശ്ശ്രീകേരളക്ഷ്മാപതേ-
ർവ്വക്തും യസ്യ ചതുർമ്മുഖോ ന ചതുരസ്താംസ്താൻ മഹിമ്നോഽഖിലാൻ
തസ്യ ശ്ലാഘ്യമതേസ്സകൃൽസ്മരണമപ്യത്യന്തമാനാസ്പദം
സർവ്വേഷാം പുളകപ്രദായി വിദുഷാം കിം കേരളാനാം പുനഃ? (൫)






ഒന്നാംകൂറ രാജകുമാരി
ശ്രീ കാർത്തികതിരുനാൾ തിരുമനസ്സുകൊണ്ടു്;




രാമവർമ്മ വലിയകോയിത്തമ്പുരാൻ



രവിവർമ്മ ബി. എ. കൊച്ചുകോയിത്തമ്പുരാൻ







മയൂരസന്ദേശം

(ഒരു നിരൂപണം)

(കെ. വി. മാനൻഗുരുക്കൾ, തലശ്ശേരി)

കേരളവർമ്മ വലിയകോയിത്തമ്പുരാൻതിരുമേനിയുടെ മഹത്വത്തെപ്പററി കേരളത്തിൽ അന്നുമിന്നുമാർക്കും വിസംവാദത്തിനു വഴിയുണ്ടായിട്ടില്ല. 'വാസന്തീമധു'വൊഴുകുന്ന മോഹനവാക്യത്തിൽ 'സജാതീയദ്വിതീയാക്ഷരപ്രാസം' ചേർത്തു നിർമ്മിച്ച മംഗല്യമാല കൈരളീകണ്ഠത്തിലർപ്പിച്ച് ആ മംഗലാംഗിയുടെ സ്വയംവരപതിയായി വർത്തിച്ചിരുന്ന പുണ്യശ്ലോകനെ കേരളഭൂമിയ്ക്ക് ഒരിക്കലുമൊരുവിധത്തിലും വിസ്മരിക്കാവുന്നതല്ല 'നാലഞ്ചു ഭാഷകൾ മുഷിഞ്ഞുപഠിച്ച്' സർവ്വംകഷവും ഇതരദുരവാപവുമായ വൈദുഷ്യം സമ്പാദിച്ച സകലകലാവല്ലഭനായി വാണരുളിയ ആ പൊന്നുതിരുമേനിയുടെ പാവനസ്മരണ ഏതു ഭാഷാഭിമാനിയുടേയും ഹൃദയത്തിൽ കറയൊഴിഞ്ഞ നവചൈതന്യം നല്കുന്നതായിരിക്കും. തിരുമേനിയുടെ മണിപ്രവാളശാകുന്തളത്തിന്റെ ആവിർഭാവത്തോടുകൂടിയാണു കൈരളീദേവിയ്ക്ക് ഒരു വിശ്വമഹാകവിയുടെ രൂപകരണം ഇദംപ്രഥമമായി ലഭിച്ചതു്. ഉണ്ണുനീലിസന്ദേശം ഏതോ ഗ്രന്ഥപ്പുരയ്ക്കുള്ളിൽ അജ്ഞാതവാസംചെയ്യുന്ന കാലത്തല്ലേ, മലയാൺമ, മയൂരസന്ദേശജനനത്താൽ സന്ദേശകാവ്യമാർഗ്ഗസഞ്ചാരം ഒന്നാമതായി ചെയ്തുതുടങ്ങിയതും? ഈ രണ്ടു നിബന്ധതല്ലജങ്ങൾ കണ്ടപ്പോഴാണു സഹൃദയലോകം ആ പുണ്യവിഗ്രഹത്തിൽ നിരതിശയമായ ബഹുമാനത്തോടുകൂടി കാളിദാസരൂപം സന്ദർശിച്ചതു്. അങ്ങിനെ അവിടുന്ന് കേരളകാളിദാസനായി. നാലുപാടുമുള്ള നാട്ടുഭാഷകളിലെല്ലാം പരിഷ്കൃതവുമുത്തമവുമായ ഗദ്യശൈലി നടപ്പിൽവന്നപ്പോഴും അതില്ലാത്ത കോട്ടം സ്വഭാഷയിൽ മുഴച്ചുകണ്ട ആ ഭാഷാമർമ്മവേദി തദ്ദോഷപരിഹരണത്തിൽ ഏർപ്പെട്ട് അതിലും സ്തുത്യമായ വിജയംനേടി. അപ്പോൾമുതല്ക്കാണ് അവിടുന്ന് നവീനഭാഷാഗദ്യത്തിന്റെ പിതൃസ്ഥാനം വഹിച്ചതു്. കവികളെയും, പണ്ഡിതന്മാരെയും ഗ്രന്ഥനിർമ്മാണത്തിന്നു നിപുണമായി പ്രോത്സാഹിപ്പിക്കുക, അർഹന്മാരെ സമഞ്ജസമായ സംഭാവനയാൽ സാഹിത്യോന്മുഖന്മാരാക്കിത്തീർക്കുക, സാഹിത്യസ്ഥാപനങ്ങൾക്കു ത്രിവിധകരണങ്ങൾകൊണ്ടും സമുചിതസാഹായ്യം നല്കുക മുതലായ മഹായജ്ഞങ്ങൾതന്നെയാണ് അവിടുന്ന് അനുഗ്രഹബുദ്ധ്യാ കേരളഭാഷയ്ക്കുവേണ്ടി അനുഷ്ഠിച്ചിരുന്നതു്. ശബ്ദബ്രഹ്മതത്വവേദിയും, സർവതന്ത്രസ്വതന്ത്രനുമായ തിരുമേനിയോട് അന്നത്തെ സഹൃദയലോകം പ്രദർശിപ്പിച്ച തങ്ങൾക്കുള്ള കൃതജ്ഞതയുടെ വിശിഷ്ടഫലമത്രേ അവിടുത്തേക്കു ലഭിച്ച അനന്യഗാമിയായ ഭാഷാസാഹിത്യചക്രവർത്തിപദം. തത്താദൃശനായ ആ മഹാനുഭാവന്റെ ശതാബ്ദപൂർത്തിമഹാമഹത്തിൽ സഭക്ത്യുദ്രേകം നടത്തുന്ന ഒരെളിയ ആരാധനമാത്രമാണ് അവിടുത്തെ സ്വതന്ത്രകൃതിയായ മയൂരസന്ദേശത്തെ അധികരിച്ചുള്ള ഈ ലഘുനിരൂപണമെന്നു സവിനയം പ്രസ്താവിച്ചുകൊള്ളട്ടെ.

സന്ദേശകാവ്യപ്രസ്ഥാനം ഭാഷയിലേക്കു സംക്രമിച്ചിട്ടുള്ളതു സംസ്കൃതഭാഷയിൽനിന്നാണല്ലോ. ആ കാവ്യകലയുടെ മാർഗ്ഗദർശകൻ ശ്രീ വാല്മീകിമഹർഷിയാണെങ്കിലും ശ്രീ കാളിദാസകവിഗുരുവിന്റെ പ്രതിഭാവിലാസത്തിന്ന് അതു വിഷയീഭവിച്ചപ്പോഴാണ് അതിന്നു സുഖസഞ്ചാരയോഗ്യമായ ഒരു പ്രത്യേക ഖണ്ഡാപഥമായി രൂപാന്തരംപ്രാപിക്കുവാനിടകിട്ടിയതു്. അതിൽപിന്നീട് ആ കവിപുംഗവനെ അനുസരിച്ചു പലരും യഥാശക്തി സന്ദേശകാവ്യങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അവയിൽ സർവ്വധാ പ്രാധാന്യമർഹിക്കുന്നതു വേദാന്തദേശികരുടെ ഹംസസന്ദേശമാണെന്നു തീർത്തുപറയാം. ഭാഷയിലാകട്ടെ, ഉണ്ണുനീലീസന്ദേശത്തിന്നുമുൻപു വല്ല സന്ദേശകാവ്യവുമുണ്ടായിട്ടുണ്ടോ എന്നു നിശ്ചയമില്ല. എങ്ങിനെയായാലും സംസ്കൃതത്തിലെന്നപോലെ ഭാഷയിലും സന്ദേശകാവ്യങ്ങൾ അത്ര വിരളങ്ങളാണെന്ന തത്വം സാഹിത്യച

രിത്രംതന്നെ കാണിക്കും. ഭാഷയിൽ അദ്യാവധി ലബ്ധോദയങ്ങളായ സന്ദേശകൃതികളിൽ വെച്ച് മെച്ചം, ഏതുവഴിയിൽക്കൂടെ നോക്കിയാലും, മയൂരസന്ദേശത്തിനുതന്നെയാണ്. ഭാഷയിലെന്നുവേണ്ട, സംസ്കൃതത്തിൽപോലുമുള്ള സന്ദേശകാവ്യങ്ങളിലെ ചില ഭാഗങ്ങളെ താരതമ്യപ്പെടുത്തിനോക്കുമ്പോൾ അവയെ സംബന്ധിച്ചേടത്തോളം മയൂരസന്ദേശത്തിന്ന് ഉച്ചസ്ഥാനം കല്പിക്കേണ്ടിവരും. ആവക അംശങ്ങളിൽ ഒന്നാണ് മയൂരസന്ദേശത്തിലെ ഇതിവൃത്തത്തിന്റെ സ്വതഃസംഭവിതത്വം. മേഘാദികളിലെന്നപോലെ പ്രമേയം കവികല്പിതമല്ലായ്കയാൽ മയൂരത്തിന്റെ സർവ്വാവയവങ്ങളിലും അകൃത്രിമമായ സവിശേഷശോഭയും, തജ്ജന്യമായ ആകർഷകത്വവും ലാലസിക്കുന്നുണ്ട്. ഇതാണു മയൂരത്തെ മേഘാദികളിൽനിന്നു വേർതിരിച്ചുനിർത്തുന്ന മർമ്മസ്പർശിയായ ധർമ്മം. ഇതിന്നൊരുദാഹരണമായി കേരളപാണിനി നിർദ്ദേശിച്ച,

> "ലീലാരണ്യേ വിഹഗമൃഗയാ-
> ലോലനായേകദാ ഞാൻ
> നീലാപാംഗേ! കമപി നിഹനി-
> ച്ചീടിനേൻ നീഡജത്തെ;
> മാലാന്നാരാൽ മരുവുമിണയെ-
> ക്കണ്ടു നീതാം ഷു നേത്രം
> കാലാഗാരം സപദി കൃപയാ
> കാതരേ! ചൊല്ലിയില്ലേ?"

എന്ന അഭിജ്ഞാനപദ്യംതന്നെ നാമൊന്നുപരിശോധിച്ചുനോക്കുക. ഈ പദ്യം സഹൃദയരിലുദിപ്പിക്കുന്നത്, വേടൻ ക്രൌഞ്ചമിഥുനത്തിൽ ഒന്നിനെ അമ്പെയ്തുകൊന്നപ്പോൾ ശ്രീവാല്മീകിമുനിയ്ക്കുണ്ടായ വികാരവിശേഷത്തിന്റെ സുന്ദരസ്മരണയാണ്. കൈശികീയും, വൈദർഭിയും സമ്മേളിച്ചപ്പോളുള്ള മധുരാകാരത്തിൽ വാർത്തെടുത്ത ഈ പദ്യത്തിൽ നായികയുടെ സ്വഭാവവൈശിഷ്ട്യംമാത്രമല്ല, നായകനിലുള്ള അനുരാഗപാരമ്യംകൂടി വ്യഞ്ജിപ്പിച്ചിരിക്കുന്നു. അതുമല്ല, വിരഹഭീരുത, നായകാഭാവത്തിൽ ക്ഷണമാത്രംപോലും സ്വജീവിതധാരണംചെയ്യാനുള്ള അശക്യത, സർവോപരി ദൃഢമൂലവും നിരുപാധികവുമായ ഭർത്തൃഭക്തി, നികാമപാവനമായ പാതിവ്രത്യം എന്നിവയും, ഇവനിമിത്തമുള്ള നായികയുടെ അപ്പോഴത്തെ വിവശസ്ഥിതിയും, തൽസ്മരണത്താൽ നായകനിഷ്ഠമായ സ്മൃതി, ചിന്ത മുതലായ ഭാവങ്ങളും അഭംഗുരമായി ധ്വനിക്കുന്നുണ്ട്. ഇവയെല്ലാം പുറമേ ആ മാതൃകാദമ്പതികൾ അവിരഹിതാവസ്ഥയിൽ കൂടിച്ചേർന്ന് വിവിധവിനോദങ്ങളിലേർപ്പെട്ടു സുകന്നിരുന്ന പരമനിർവൃതിയും, മറിച്ച് അപ്പോൾ അനുഭവിക്കുന്ന നിതാന്തദുഃഖവും ഈ പദ്യം പ്രകാശിപ്പിക്കുന്നു. ഇത്രയും വിചാരസുഭഗമായ ശില്പവൈചിത്ര്യം പ്രസ്തുത പദ്യത്തിൽ സ്ഫുരിച്ചതിന്നു കാരണം ഇതിലെ പ്രതിപാദ്യാംശത്തിന്റെ വാസ്തവികതത്വമല്ലാതെ മറെറാന്നല്ല. ഈ സന്ദർഭത്തിൽ, സ്ഥലവർണ്ണനത്തിലുള്ള മറെറാരു പദ്യംകൂടി നോക്കുക:—

> "സച്ചേലത്തെസ്സരസമരയിൽ-
> ച്ചേർത്തുടപ്പിട്ടുടത്തി-
> ട്ടച്ചേലൊത്തുള്ളൊരു കുടയുമാ-
> യത്തലക്കെട്ടുമായി
> കച്ചേരിക്കായ് പരിചൊടു ചെരി-
> പ്പിട്ടുപോകുന്ന ലോകം
> ത്വച്ചേതസ്സിൽ കുതുകമുളവാ-
> ക്കീടുമപ്പട്ടണത്തിൽ."

കൊല്ലംപട്ടണത്തിലെ വക്കീലന്മാരെ വർണ്ണിക്കുന്ന ഈ ശ്ലോകം എത്രമാത്രം സ്വഭാവോക്തിമധുരമായിരിക്കുന്നു. വക്കീലന്മാർ പലസ്ഥലത്തും ശരിക്കുള്ള പാശ്ചാത്യവേഷത്തിലാണ് ഇപ്പോൾ കോടതികളിൽ സന്നിധാനംചെയ്യാറുള്ളതെങ്കിലും അന്നത്തെ കൊല്ലംപട്ടണത്തിലെ അഭിഭാഷകന്മാരുടെ വേഷവിധാനം ഇത്രത്തോളമേ ഉണ്ടായിരുന്നുള്ളുവെന്നതു കവി കണ്ടറിഞ്ഞ വാസ്തവതത്ത്വമാണ്. ഇത്തരം വേഷക്കാർ ഒന്നിലധികംപേർ ഒന്നിച്ചു ചേർന്നുപോകുന്ന കാഴ്ച കൗതുകകരവുമായിരിക്കും. എന്നാൽ ഈ വർണ്ണനം "ശിപ്പായിമുതൽ ജഡ്ജിവരെയുള്ള ഏതുദ്യോഗസ്ഥനും പററുമെന്ന്"ഒരു സംശയം തോന്നുമെങ്കിൽ അതു ശരിയല്ല. ഇവിടെ ചേലത്തിന്റെ 'സത്' എന്നും, കുടയുടെ 'ചേലൊത്ത' എന്നും മററുമുള്ള വിശേഷണങ്ങളും ചുട്ടെഴുത്തുകളും വിശേഷ്യങ്ങളുടെ മോടിപ്പകിട്ടുകൊണ്ടുള്ള വൈശിഷ്ട്യത്തെ കാണിക്കുന്നവയാണ്. ഇത്തരത്തിൽ ധാടിയും മോടിയുമൊത്ത വേഷവിധാനത്തോടുകൂടി ഒരു ശിപ്പായി പതിവായി കച്ചേരിക്കു പോകുകയാണെങ്കിൽ അയാൾ സ്വതവേ പണക്കാരനല്ലെങ്കിൽ അയാളുടെ കുടുംബം പട്ടിണികിടന്നു കുട്ടിച്ചോറായി

പ്ലോകം. ജഡ്ജിക്കു പററുമെങ്കിൽ ആയിക്കൊള്ളട്ടെ. പക്ഷേ പദ്യത്തിലെ ലോകമെന്ന ശബ്ദം ജനങ്ങൾ എന്ന അത്ഥത്തെ കുറിക്കുന്നതുകൊണ്ടു തുല്യവേഷന്മാരായ ആ ആളുകൾ,—ജഡ്ജിമാർ അധികംപേർ ഉണ്ടാകുകയില്ലല്ലോ—വസ്തുസ്ഥിതി പരിചയിച്ചറിഞ്ഞ വ്യാഖ്യാതാവു പറഞ്ഞതുപോലെ വക്കീലന്മാരാവാനേ തരമുള്ളു. അനുവാചകന്മാക്കു് ഈ വേഷവർണ്ണനം ഹാസ്യരസസ്ഫോരകമായിരിക്കുന്നുവെന്നു് അഭിപ്രായമുണ്ടാകാമെങ്കിൽ അതും നിർമ്മൂലമാണെന്നു പറയണം. ഹാസ്യം ഒരുവിധത്തിലും ഇവിടെ ഉദ്ദിഷ്ടമല്ല. കവി ഹാസ്യരസസ്ഫോരകമായ ഒരു വർണ്ണംപോലും ഈ ശ്ലോകത്തിൽ നിബന്ധിച്ചിട്ടുമില്ല. ഭംഗിയുള്ള മുണ്ടുടുത്തു്, നല്ല ഷട്ടും, കോട്ടും, തലപ്പാവുംധരിച്ചു്, ചെരിപ്പിട്ടു്, കുട കൈയിൽപിടിച്ചു്, മോടികൂടിയമട്ടിൽ, പോകുന്ന ആളെ കാണുമ്പോൾ, ഒററമുണ്ടുചുററി ആവുമെങ്കിൽ ഷർട്ടിട്ടു രണ്ടാംമുണ്ടു് തോളത്തു തൂക്കുകയോ അരയിൽകെട്ടുകയോചെയ്തു മുറുക്കി മുഴപ്പിച്ചു കവിൾത്തട്ടോടുകൂടി നടക്കുന്ന മലയാളിക്കു ഹാസമുദിക്കാമെങ്കിൽ, ആയാൾ ആസ്ഥാനസ്ഥനായ ഏതു രാജാവിൻെറയും, ചക്രവത്തിയുടേയും സന്ദശനത്തിൽപോലും ഹാസ്യാവിഷ്ടനാകാതിരിക്കുകയില്ല. അപ്പോൾ പ്രകൃതശ്ലോകത്തിൽ വസ്തുസ്വഭാവവർണ്ണനയല്ലാതെ ഹാസ്യം ഉദ്ദിഷ്ടമല്ലെന്നുള്ള തത്വം സ്പഷ്ടമായി. ഇവിടെ മറെറാരു ശങ്കയുണ്ടാകാം: കാവ്യം ധ്വന്യാത്മകമല്ലേ? ഈദൃശവണ്ണനങ്ങളിൽ ധ്വനികാൎയ്യമെവിടെ? അപ്പോൾ ഇതിന്നു് ഉത്തമകാവ്യത്വം ഉണ്ടോ? ഇങ്ങനെ പറയുകയാണെങ്കിൽ മേഘദൂതം മുതലായ കൃതികൾക്കും ജാതിഭ്രഷ്ടു് കല്പിക്കേണ്ടിവരും. താദൃശകാവ്യങ്ങളിൽ ഭാവവസ്ത്വാദിധ്വനികൾ ഇല്ലാത്ത അനവധി പദ്യങ്ങൾ ധ്വനിമാൎഗ്ഗാധ്വനിനന്മാക്കു കാണാം. ഒരു കാവ്യത്തിലെ സവ്വപദ്യങ്ങളും ഒരുപോലെ രസഭാവാദിധ്വനിസുന്ദരങ്ങൾ ആയിരിക്കണമെന്നു വാദിക്കുന്നതു വെറും മൗഢ്യമാണു്. ഈ വർണ്ണനത്തിൽ ധ്വനികാൎയ്യമെവിടെയെന്ന കുട്ടത്തചോദ്യം നിരത്ഥകവും ശ്രദ്ധാനഹവുമത്രേ. ഇവിടെ പ്രതിപാദ്യാംശത്തിന്നുള്ള യാഥാത്ഥ്യമാണു സ്വഭാവസുന്ദരവും, ചമൽക്കാരജനകവുമായിരിക്കുന്നതു്. മാത്രമല്ല, കൗതുകാവേശത്താൽ അദ്ധ്വശ്രമപരിഹാരം, സന്ദേശഹരന്നും സിദ്ധിക്കും; അസാധാരണവേഷഭൂഷിതന്മാരുടെ സമവലോകനം കൗതുകകരവുമാകുമല്ലോ.

അതെല്ലാമാണു് ഈ ശ്ലോകത്തിൽ കാണുന്ന വിശേഷം. പോരെങ്കിൽ, കൊല്ലം പട്ടണത്തിൻെറ പരിഷ്കാരസ്ഥിതിയും, ഭരണകത്താക്കളുടെ നീതിസ്ഥാപനവ്യഗ്രതയും ഇതിൽ സ്ഫുരിക്കുന്നുണ്ടെന്നു പറയാം. ആകപ്പാടെ നോക്കുമ്പോൾ ചിലപ്പോൾ അശക്തന്മാരായ ചില കവികൾ ചെയ്യാറുള്ളതുപോലെ വൃത്തത്തിൻെറ ചട്ടക്കൂട്ടു ശരിപ്പെടുത്തുകമാത്രമല്ല മഹാപ്രാജ്ഞനായ കവിചക്രവത്തി ഈ പദ്യത്തിൽ ചെയ്തിട്ടുള്ളതെന്നും, ഒരക്ഷരംപോലും നീക്കിവെക്കുവാൻ സാധിക്കാത്തതരത്തിൽ പദസ്ഥൈൎയ്യം വരുത്തീട്ടുണ്ടെന്നും, നിരത്ഥകമോ അനാവശ്യകമോആയ ശബ്ദം ഒന്നുംതന്നെ ഇല്ലെന്നും പ്രേക്ഷാവാന്മാർ മനസ്സിലാക്കും. ഈ സന്ദഭത്തിൽ ഒരു പദ്യംകൂടി ഇവിടെ ഉദ്ധരിക്കാം:

"നാനാവർണ്ണപ്രകടിതചമൽ-
ക്കാരമാം വേഷമോടേ
സേനാവൃന്ദം പെരുവഴിപക-
ന്നീടവേ പാത്തുകണ്ടാൽ
ശൌനാസീരം സപദി നഭസ-
ശ്ചാപമിങ്ങാപതിച്ചോ
ജാനാമ്യേവം ജനമനമതിൽ-
ജ്ജാതമാകും വിതക്കം."

മയൂരമാൎഗ്ഗത്തിലെ വാസ്തവികമായ ഒരു സംഭവമാണു് ഇവിടെ വർണ്ണിതമായതു്. സ്വഭാവവിവരണത്താലും അതിചമൽക്കാരജനകമായ ഉൽപ്രേക്ഷണത്താലും ശബളിതവും, മനോമോഹനവുമായ ഒരു ഇന്ദ്രധനുസ്സാണു് ഈ വാങ്നിഷ്യന്ദമെന്നു് എടുത്തുപറയേണ്ടതില്ല. തിരുവനന്തപുരംപട്ടണത്തിൽ വിവിധവർണ്ണചിത്രിതമായ വേഷഭംഗിയോടുകൂടി അണിനിരന്നുനീങ്ങുന്ന പട്ടാളക്കാർ തെരുവുകളുടെമുക്കിൽ വളഞ്ഞു വിലങ്ങുന്നകാഴ്ച, ഈ ഉൽപ്രേക്ഷയിൽ അന്യൂനാനതിരിക്തമായി പ്രതിബിംബിച്ചിരിക്കുന്നു. ഇവിടെ തെരുവുകളുടെ വിശാലതയും സ്വച്ഛതയും രാജൈശ്വൎയ്യത്തിൻെറ മേന്മയും വ്യഞ്ജിക്കുന്നുണ്ടു്. ഈദൃശവർണ്ണനങ്ങളിലെ തന്മയതയ്ക്കും, മാധുൎയ്യത്തിന്നും മാററുകൂട്ടിയതു് വസ്തുസ്ഥിതിയുടെ അകൃത്രിമതയാണെന്നു പ്രസ്താവിക്കേണ്ടതില്ല. ഇങ്ങിനെതന്നെ മയൂരസന്ദേശത്തിലെ എല്ലാ വർണ്ണനകളെയും അകൃത്രിമത്വത്തിൻെറ രാമണീയകം മധുരീകരിച്ചിട്ടുണ്ടെന്നു സഹൃദയന്മാർ സമ്മതിക്കും. തന്മയത്വത്തിനു ഭംഗംവരുത്തുന്ന അതിശ

യോക്തിയോ, മററലങ്കാരങ്ങളോ അവയെ സ്പൎശിക്കുകകൂടി ചെയ്യിട്ടില്ലെന്ന വാസ്തവം കവിയുടെ ഔചിത്യബോധത്തിന്നും നിരീക്ഷണനിപുണതയ്ക്കും നിദൎശനമാണെന്നുകൂടി ഈ പ്രകരണത്തിൽ പറഞ്ഞുകൊള്ളട്ടെ. ഈ ദ്ദശഭാഗങ്ങളിൽ മാത്രമല്ല, സന്ദേശവാക്യം നായികയുടെ ചയ്യാവിമൎശനം, നായകാവസ്ഥാപ്രകാശനം തുടങ്ങിയ എല്ലാ അവയവങ്ങളിലും യാഥാൎത്ഥ്യത്തിൻെറ സുദുൎല്ലഭസൌന്ദൎയ്യം സവിശേഷമായി സന്ദൎശിക്കാം.

സന്ദേശകാവ്യത്തിൽ അത്യധികം അവധാനത്തോടും ഔചിത്യബോധത്തോടുംകൂടി കവിയ്ക്കു് നിബന്ധവ്യമായ ഒരു സന്ദൎഭമുണ്ടു്. അതിന്നു സന്ദേശകാവ്യത്തിൻെറ ഉത്തമാംഗമെന്നുതന്നെ നാമകരണം ചെയ്യാം. ദൂതനെ സന്ദേശഹരണത്തിൽ ഉത്സുകനാക്കിത്തീൎക്കുക, അവശ്യാനുഷ്ഠേയമാണെന്ന ബോധ്യം ദൂതനില്യുളവാക്കുക, നിൎദ്ദിഷ്ടദൂതനാൽമാത്രമേ സന്ദേശഹരണം സാദ്ധ്യമാവൂ എന്നു വരുത്തുക ദൌത്യനിൎവ്വഹണത്താൽ വരാവുന്ന ഗുണവും, അതില്ലാതിരുന്നാലുള്ള ദോഷവും ഉപക്ഷേപിക്കുക മുതലായവയാണു ആ സന്ദഭത്തിലെ പ്രതിപാദ്യവിഷയം. ആ സന്ദൎഭമാണു് മയൂരസന്ദേശത്തിൻെറ പൂൎവ്വഭാഗത്തിൽ ഒമ്പതുമുതൽ പതിനഞ്ചുവരെയുള്ള ഏഴുപദ്യംകൊണ്ടു നിബന്ധമായിരിക്കുന്നതു്. അനുവാചകന്മാരുടെ സൌകൎയ്യത്തിന്നുവേണ്ടി ആ ശ്ലോകങ്ങൾ ഇവിടെ ഉദ്ധരിയ്ക്കാം.

"ദൂനം ദൂരസ്ഥിതദയിതനാ-
യേതുമാശ്വാസമില്ലാ-
തേനം ദീനം ജനമനുകനി-
ഞ്ഞെന്നുചെയ്താലുമിപ്പോൾ:
സ്യാനന്ദൂരം പുരവരമതിൽ
ചെന്നു മൽപ്രാണനാഥ-
യ്ക്കാനന്ദം നീയരുളുക, പറ-
ഞ്ഞെൻെറ സന്ദേശവാക്യം.

"പക്ഷിശ്രേഷ്ഠ! സ്വയമവിടെ നീ
പോകിലെൻ പ്രാണനാഥാം
ലക്ഷിച്ചന്യാദൃശസുഷമകൊ-
ണ്ടാശു ഭൂലോകലക്ഷ്മീം
അക്ഷിദ്വന്ദ്വം തവ സഫലമാം
കിഞ്ചതൽ പ്രാണനെസ്സം-
രക്ഷിച്ചുണ്ടാമൊരു ഗുരുതരം
പുണ്യവും ഗണ്യമല്ലോ.

"കല്യാവേശാൽ കലുഷമതിയാ-
മെൻെറ ചാപല്യമൂലം
കല്യാണാംഗിക്കതികഠിനമാ-
മല്ലലേവം പിണഞ്ഞു
കല്യാ ദൈവാൽ കഥമപി സമു-
ന്മൂലിതസ്വാന്തശല്യാ
കല്യാ നിന്നാൽ പരമിഹ മമ
ക്ഷേമവാൎത്താം നിവേദ്യ.

"തത്താദൃക്കാം നരപതി ഭയം
കൊണ്ടു മററാരുമിപ്പോ-
ളെത്താനും തൽപുരമതിൽ മഹാ-
രാജ്ഞിയെക്കാണുവാനും,
വൃത്താന്തം മേ പറവതിനുമാ-
ളല്ല നീതന്നെവേണം
ചിത്താശ്വാസം രുചിരചികുര-
യ്ക്കേകുവാൻ കേകിവൎയ്യ!

"കോടക്കാർകൊണ്ടിരുളിയലുമി-
യംബരം കാണവേ മാൻ-
പേടക്കണ്ണാൾ വിരഹവിധുരീ-
ഭാവമാന്നെൻെറ നാഥാ
കൂടെക്കൂടെക്കരയുമതിനാ-
ലാശു നീയന്തികേ ചെ-
ന്നാടലെല്ലാമറുതിയുളവാ-
ക്കേണമെൻ ക്ഷേമമോതി.

"ഇക്കാലത്തെൻ കുശലമതിനാ-
യുൾക്കരുന്നിൽ കുമാരൻ
തൃക്കാലെത്താനൊരു ശരണമാ-
യോൎത്തു നിത്യം ഭജന്തി
മുക്കാലുംനാൾ വ്രതവുമൊരു തി-
ങ്കൾക്കു കൈക്കൊണ്ടിരിക്കു
ന്നക്കാൎവ്വേണിക്കകതളിർ തണു-
പ്പിക്ക ചിക്കെന്നു ചെന്നു.

"പ്രേയാനാമെൻ ചിരവിരഹമാം
പ്രൗഢചണ്ഡാതപത്താ-
ലായാസപ്പെട്ടതിവിവശയായ്
പിച്ചിപോൽ വാടി വാഴും
ജായായാ മേ പ്രിയസഖ! ഭവാ-
നെൻെറ സന്ദേശമാകും
തോയാസാരാൽ ത്വരിതമരുളീ-
ടേണമുത്താപശാന്തിം."

മയൂരസന്ദേശത്തിലെ സപ്തരത്നങ്ങളാണ് ഇവ. ഇവയിൽ ഓരോന്നും ഇതരവനിതാസാധാരണമല്ലാത്ത നായികയുടെ ഭർതൃപ്രേമത്തേയും, മഹത്ത്വത്തേയും, ദൃഢനിഷ്ഠയേയും വിശദീകരിക്കുന്ന എന്നുമാത്രമല്ല, അർത്ഥഗൌരവം, വ്യംഗ്യവൈഭവം, രചനാഭംഗി, പ്രാസസൗന്ദര്യം മുതലായ ഉത്തമകാവ്യഗുണങ്ങളാൽ സഹൃദയമനഃപ്രീണനവും, മഹാർഹവുംകൂടിയാണ്. സന്ദേശകാവ്യകർത്താക്കളിൽ പലരും കണ്ടെത്താഞ്ഞുയാലോ മറേറാ ശരിക്കു നിബന്ധിക്കാതിരുന്ന താദൃശസന്ദർഭം നമ്മുടെ സാഹിത്യചക്രവർത്തിക്ക് എത്ര മനോഹാരിതയോടുകൂടി ഗുംഫനംചെയ്യാൻ സാധിച്ചിരിക്കുന്നു! ഇവയുടെ സർവാംഗലാവണ്യം വെളിപ്പെടണമെങ്കിൽ ഒരു പ്രഗല്ഭസഹൃദയൻെറ വശ്യവാക്ത്വം വിളങ്ങുന്ന വിശദവ്യാഖ്യാനംതന്നെ വേണ്ടിവരും; അതങ്ങിനെയിരിക്കട്ടെ. ഇവിടെ ഒരാക്ഷേപമുണ്ടാകാം: 'ഈ പദ്യങ്ങളുടെ ചുവടേ വരച്ചിട്ടുള്ള ഭാഗം തുടർച്ചയായി ഒരേ ആശയം പ്രതിപാദിക്കുകയല്ലേ ചെയ്യുന്നത്? കവിയുടെ ആശയദാരിദ്ര്യം ഇവിടെ എത്ര സ്പഷ്ടമായിരിക്കുന്നു! ഇങ്ങനെ ചർവിതചർവണമലീമസമായ കാവ്യത്തിന്നു് എന്തുമെച്ചമാണുള്ളത്? അപ്പോൾ വ്യാഖ്യാതാവുതുടങ്ങിയ പലരും ഈ കാവ്യത്തെ പാടിപ്പുകഴ്ത്തിയതു് അസ്ഥാനത്തിലല്ലേ? ഈ ആക്ഷേപമൊന്നും യുക്തിസഹമല്ല. സൂക്ഷ്മമായി പരിശോധിച്ചാൽ ആശയദാരിദ്ര്യജന്യമായ ചർവിതചർവണത്താലുള്ള വൈരസ്യമല്ല, മറിച്ച, പ്രതിപാദ്യാംശത്തിൻെറ രാമണീയകത്താൽ ആവർത്തനത്തിൽ സ്ഫുരിക്കുന്ന കാമനീയകമാണു സഹൃദയദൃഷ്ടിയിൽ പതിയുന്നതെന്നുകാണാം. നോക്കുക: സന്ദേശഹരണം നായികാസാപേക്ഷമായും നായകസാപേക്ഷമായും രണ്ടുതരത്തിൽ വരാം. ഇവിടെ ഒന്നാമത്തെ ശ്ലോകത്തിൽ നായകസാപേക്ഷമായ സന്ദേശഹരണമാണു് വിവക്ഷിതം. ദൂതുപറയുന്നതു നായകൻെറ ദുഃഖശാന്തിയ്ക്കും, ആശ്വാസലബ്ധിയ്ക്കും, വേണ്ടിയാണെന്നു സ്പഷ്ടമായി കാണിച്ചിരിക്കുന്നു. നായകൻെറ ആശ്വാസരാഹിത്യത്തിന്നും, ദുഃഖാവേഗത്തിന്നും കാരണം, വിദൂരവർത്തിനിയായ നായിക ഭർതൃവൃത്താന്തമറിയായ്കയാൽ തീവ്രവൈവശ്യം പൂണ്ടിരിക്കുമെന്ന വിചാരമാണു്. സന്ദേശശ്രവണത്താൽ നായിക ആശ്വസ്തയാകുന്നതോടൊപ്പം നായകന്നും ആശ്വാസമുണ്ടാകും. അതുകൊണ്ടു സമഷ്ടിയായി "മൽപ്രാണന്യഥയ്ക്കാനന്ദം നീയരുളുക പറഞ്ഞെൻെറ സന്ദേശവാക്യം." എന്നു പറഞ്ഞിരിക്കുന്നു. രണ്ടാംശ്ലോകം, പൂർവപദ്യത്തിൽ പ്രസ്താവിച്ച സന്ദേശഹരണംകൊണ്ടു് ആ വിയുക്തദമ്പതികൾക്കു മാത്രമല്ല ദൂതന്നുകൂടി മികച്ച ചാരിതാർത്ഥ്യത്തിന്നു വകയുണ്ടെന്നും, ആ ചാരിതാർത്ഥ്യമാകട്ടേ നയനസാഫല്യത്താലും, അഗണ്യപുണ്യലാഭത്താലും സമ്പ്രാപ്തമാകുന്നതൊന്നാണെന്നും നിർദ്ദേശിച്ചു ദൂതനെ ഉന്മുഖീകരിക്കുന്നതാണു്. ഈ നിലയ്ക്കു്, "തൽപ്രാണനെസ്സംരക്ഷിച്ചുണ്ടാമൊരുഗുരുതരം പുണ്യവും ഗണ്യമല്ലോ." എന്ന അംശം ശ്ലോകത്തിലെ ജീവസ്ഥാനീയവും, അർത്ഥവൈശിഷ്ട്യവത്തും, അവശ്യവക്തവ്യവുമായി. അതിനാൽ ഈ ഭാഗം ആവർത്തനദോഷത്താൽ കലുഷമാണെന്നു് ഒരുവിധത്തിലും അഭിപ്രായപ്പെട്ടുകവയ്യാ. ഇനി മൂന്നാം പദ്യമെടുക്കുക, ഇതൊരു ചരിത്രാംശത്തെക്കൂടി ക്രോഡീകരിച്ചുകൊണ്ടാണു മനോമോഹനത വഹിക്കുന്നതു്. അതു് ആ സാഹിതീസാർവഭൗമൻ തന്നെ വിശാഖവിജയകാവ്യത്തിൽ,

"കേരളം രമണം രാജ്ഞീ
ചാപലാദ് ഭൂപകോപനാത്
ദ്യൂതാദിവ നളം ഭൈമീ
നിവർത്തയിതു മൈഹത.

ബലിനാ കലിനാ നീതോ
മലിനാ ശയതാ മയമ്
നാദക്രേ പ്രിയയാ രാജ്ഞ്യാ
ബഹുധാഭിഹിതം ഹിതമ്.

ഭൂയോപി ലക്ഷ്മീരമണോ
ഭൂപതേർഹൃദയാണ്ണവം
വ്യളീകമന്ദരേണോച്ചൈ-
വ്യലോഡയദകുണ്ഠിതഃ"

ഇത്യാദി സന്ദർഭംകൊണ്ടു വിശദീകരിച്ചിട്ടുമുണ്ടു്. ദാരുണമായ ആ രാജകോപത്തിന്നു പാത്രമായ നായകനു് ഏതാപത്താണു സംഭവിച്ചുകൂടാത്തതു് എന്ന വിചാരത്താൽ നായികയ്ക്കു ഗാഢമായേററ മനശ്ശല്യം ഉദ്ധൃതമാകേണമെങ്കിൽ "ദൈവഗത്യാ വിരഹമല്ലാതെ വേറെ ദോഷമൊന്നും എനിക്കു പററിയിട്ടില്ല" എന്നു് ആ മഹതിയെ അറിയിക്കുകതന്നെ വേണം. ഈ ആശയമാണു് ഈ പദ്യത്തിൽ

നാം കാണുന്നതു്. അതിനാലത്രേ "മമ ക്ഷേമവാർത്താം നിവേദ്യ" എന്നു വിശേഷിച്ചെടുത്തു പറഞ്ഞിട്ടുള്ളതും. അപ്പോൾ ആ കവികുലരത്നത്തിന്നു് ഇതിലും ആശയദാരിദ്ര്യം പിടിപെട്ടിട്ടില്ല എന്നു വ്യക്തംതന്നെ. നാലാമത്തെ ശ്ലോകം, അങ്ങിനെ ദുഃഖതപ്തമായ നായികാഹൃദയത്തിന്നു് ആശ്വാസം നൽകുവാൻ പ്രകൃതദൂതന്നല്ലാതെ മറ്റൊരാൾക്കും സാധ്യമല്ലെന്നു സമർത്ഥിക്കുന്നു. മാത്രമല്ല, നായകന്നു് നായികയുടെയോ, മറിച്ചു നായികയ്ക്കു നായകന്റെയോ അരികിലേയ്ക്കു വല്ല ആളേയും അയച്ചു വർത്തമാനമറിയാമെന്നുവെച്ചാൽ മഹാരാജാവു തിരുമനസ്സിലെ കരാളനിശ്ചയത്താലും, ഊഷ്മായമാണതയാലും അതു സർവ്വഥാ അശക്യമാകയാലാണു നായികയ്ക്കു് ഒരുതരത്തിലും ആശ്വാസത്തിന്നു വഴിയില്ലാത്തതെന്നു സൂചിപ്പിച്ചുകൊണ്ടത്രേ കവി, "നീതന്നെവേണം ചിത്താശ്വാസം രുചിരചികുരയ്ക്കേകുവാൻ" എന്നു പിണ്ഡീകരിച്ചു പറഞ്ഞതു്. അപ്പോൾ ഇവിടെയും ആവർത്തനദോഷമുണ്ടോ? അഞ്ചാംശ്ലോകം മുൻപുപറഞ്ഞതിൽനിന്നെല്ലാം വിഭിന്നമായ ആശയമാണു പ്രകാശിപ്പിക്കുന്നതു്. കാലം മാറിയതോടുകൂടി നായികയുടെ മനസ്സിന്നുള്ള മാറ്റമാണു് ഇതിലെ പ്രധാനമായ പ്രതിപാദ്യവിഷയം. ഈ വർഷാകാലത്തിൽ ആ സാദ്ധ്വീയുടെ ഉൽക്കണ്ഠയ്ക്കു് ഊക്കുകൂടുമെന്നും തന്നിമിത്തം വിരഹികളുടെ അന്തിമദശതന്നെ വന്നുചേരാൻ വഴിയുണ്ടെന്നും തൽപരിഹരണത്തിന്നു നായകന്റെ ക്ഷേമവൃത്താന്തമറിയിക്കുകയല്ലാതെ മാർഗ്ഗാന്തരമില്ലെന്നും സ്പഷ്ടമാക്കിയാണു കവി, "ആശു നീയന്തികേ ചെന്നാടല്ലെല്ലാമരുതിയുളവാക്കേണമെൻക്ഷേമമോതി" എന്നു് ഉപക്ഷേപിച്ചിട്ടുള്ളതു്. ഈ സ്ഥലത്തു് ആശു എന്ന പ്രയോഗത്തിന്റെ സ്വാരസ്യം അനുഭവവേദ്യമാണു്. ഇങ്ങനെ ഇതിൽ ആവർത്തനത്താൽ വൈരസ്യമല്ല സാരസ്യമേ സ്ഫുരിക്കുള്ളു. ആറാംപദ്യം വിരഹവേദന, വർഷർത്തുവിൽ മുഴുത്തപ്പോൾ, നായിക, സ്വപ്രാണനാഥന്റെയും നില അതുതന്നെ ആയിരിക്കുമല്ലോ എന്നു സ്വാത്മാനുമാനേന തീർച്ചപ്പെടുത്തി സ്വദുഃഖത്തെക്കാളും ഭർത്തൃദുഃഖം തനിക്കു് അസഹ്യമാകയാൽ തന്നിവാരണത്തിന്നു, ഗത്യന്തരശൂന്യയായി, "കുമാരൻ തൃക്കാലെത്താനൊരു ശരണമായോർത്തു", തീവ്രവ്രതാനുഷ്ഠാനത്തോടുകൂടി ഭജിക്കയാണെന്നും, നായകനെ സംബന്ധിച്ചു നായികയ്ക്കുള്ള സന്താപം മരണകാരണമാകുവാൻ പോലും ശക്തിമത്താണെന്നും, അതുകൊണ്ടു് ദൂതൻ ഉടൻതന്നെ ചെന്നു് ആ സുന്ദരിയുടെ "അകതളിർ തണുപ്പിക്ക"യാണു് വേണ്ടതെന്നുമുള്ള നായകചിന്തയെ ഉൾക്കൊള്ളുന്നതാണല്ലോ. അതിൽ എങ്ങിനെയാണു് ആവർത്തനദോഷത്തിന്നു പ്രസക്തി? നേരേമറിച്ചു്, "അകതളിർ തണുപ്പിക്ക ചിക്കെന്നു ചെന്നു" എന്ന ഭാഗം എത്ര ആലോചനാമധുരമായിരിക്കുന്നു! ഇതിലെ ഒരക്ഷരമെങ്കിലും എടുത്തുമാറ്റുവാൻ എങ്ങിനെയാണു് സാധിക്കുക? ഇനി ബാക്കിയുള്ളതു് ഏഴാമത്തെ ശ്ലോകമാണു്. ഈ പ്രകരണത്തിൽ വിരഹസ്വരൂപം വർണ്ണിക്കുന്നപദ്യം ഇതൊന്നുമാത്രമാണു്. വിരഹത്തിന്റെ ഭീകരാകാരവും, അതു് തദ്വസ്തുക്കളിൽ വരുത്തിക്കൂട്ടുന്ന വികാരവിഭേദവും ഇത്രത്തോളം ഭംഗിയിൽ വരച്ചുകാണിക്കുവാൻ വിരളോദയന്മാരായ കവിപ്രമുഖന്മാർക്കേ കെല്പുണ്ടാകുകയുള്ളു. കവി ഇവിടെ വിരഹത്തെ പ്രൗഢചണ്ഡാതപമാക്കിയും, സന്ദേശത്തെ തോയാസാരമാക്കിയും രൂപണംചെയ്തിരിക്കയാണല്ലോ. കടുത്ത വെയിൽതട്ടി വാടിക്കുഴഞ്ഞ പിച്ചിവള്ളിയോടു വിരഹവിദൂനയായ നായികയേയും ഉപമിച്ചിരിക്കുന്നു. ഇതിൽനിന്നു വിരഹക്ലിഷ്ടയായ നായികയുടെ താൽക്കാലികപ്രകൃതി അന്യൂനമായ രീതിയിൽ അഭിവ്യക്തമാകുന്നുണ്ടു്. മനസ്താപം നിമിത്തം ബാഹ്യവും ആഭ്യന്തരവുമായ സർവ്വശക്തികൾക്കും വമ്പിച്ചതോതിൽ കോട്ടംതട്ടി, ശരീരശോഷത്താൽ ലാവണ്യരേഖാമാത്രശേഷയായി, കാണികൾക്കേവർക്കും ദയനീയയായി വർത്തിക്കുന്ന നായികയെ സന്ദേശനിവേദനത്താൽ ആശ്വസ്തയാക്കുകയാണു് ദൂതൻ ചെയ്യേണ്ടതു്. വാടിയ പിച്ചിവള്ളി വീണ്ടുമധികസമയം പ്രൗഢചണ്ഡാതപമേറ്റുനില്ക്കുകയാണെങ്കിൽ പിന്നീടു് വെള്ളം നനച്ചാൽപോലും ശേഷിക്കാതെ കരിഞ്ഞുപോകുന്നതുപോലെ സന്ദേശഹരണത്തിന്നു് ഇനിയും കാലവിളംബം നേരിട്ടാൽ വിരഹോഷ്മാവു് താങ്ങുവാൻ ശക്തിയില്ലാതെ ആ പതിവ്രതാരത്നം നാമാവശേഷമാകുമെന്ന ആശങ്കയും, സംഭ്രമവും, വൈവശ്യവുമാണു് നായകഹൃദയത്തെ തുലോം അലട്ടുന്നതു്. അതുകൊണ്ടത്രേ 'ത്വരിത'മെന്നുകൂടി പറഞ്ഞതും. വാടിയ വള്ളിക്കു വെള്ളംനനച്ചാൽ പൂർവ്വചൈതന്യം വീണ്ടും ലഭിക്കുന്നതുപോലെ സന്ദേശശ്രവണത്താൽ സുഖിതഹൃദയയായ നായിക യഥാപൂർവ്വം സന്തൃപ്തയും, പുഷ്ടസൗഭാഗ്യയുമാകുമെന്നു താല്പര്യം. മാത്രമല്ല, പിച്ചിയുടെ ശോഷണം

പോകുവാൻ തോയാസാരമല്ലാതെ മററു വഴിയില്ലായ്കയാൽ വിരഹപീഡ അതിൻെറ പരമകാഷ്ഠയിൽ എത്തിയ ആ അവസരത്തിൽ നായികാനിർവ്വതിയ്ക്കു് സന്ദേശഹരണത്തെ ഒഴിച്ചു് ഉപായാന്തരമില്ലെന്നും വ്യക്തമായി. വല്ലിയോടു് ഉപമിച്ചതിൽനിന്നു നായികയുടെ സൗന്ദര്യം, സൗകുമാര്യം, പരാമാർത്ഥൈകഫലങ്ങളായ ഗുണങ്ങളുടെ പൌഷ്കല്യം മുതലായവ വ്യംഗ്യം. ഇതുപോലെ രൂപകങ്ങളിൽനിന്നു വിരഹത്തിൻെറ അസഹ്യത, അവശ്യാനുഭോക്തവ്യത, വസ്തുനാശകത്വം മുതലായവയും, സന്ദേശത്തിൻെറ പ്രാണനശക്തി, അത്യാവശ്യകത, ഹൃദ്യത, അന്യഥാസിദ്ധിവിരഹം മുതലായവയും വ്യഞ്ജിക്കുന്നു. കൂടാതെ, സ്മൃത്യാദികളായ വിവിധഭാവങ്ങളുടെ അഭിവ്യക്തിക്കൂടി സഹൃദയദൃഷ്ടിക്കു ഗോചരമാണു്. ഈവിധമെല്ലാം ആലോചിക്കുമ്പോൾ ആശയാവർത്തനജന്യമായ ഉദ്വേഗത്തിനു് ഇവിടെയും സ്ഥാനമില്ലെന്നു ഭാവുകന്മാർ ഗ്രഹിക്കുമല്ലോ. ഇങ്ങിനെ മനോമോഹനാംഗിയായ ഈ സപ്തശ്ലോകിയുടെ അന്തിമപാദങ്ങൾ ഒരേ ആശയംവഹിച്ചു വൈചിത്ര്യമില്ലാതെ നിശ്ചേതനങ്ങളായി നില്ക്കുന്നവയാണെന്നു് ആദ്യത്തെ നോട്ടത്തിൽ തോന്നാമെങ്കിലും ഒട്ടൊന്നു ചുഴിഞ്ഞുനോക്കിയാൽ അവയുടെ നികാമവിസ്മാപകമായ ചൈതന്യവും, വ്യാപാരവും വിഭിന്നവിഷയങ്ങളെ അവലംബിച്ചു് പ്രസരിക്കുകയാണു ചെയ്യുന്നതെന്നു മനസ്സിലാകും. ഈ വിഷയം ഇങ്ങനെ ഇരിക്കട്ടെ.

കേരളകാളിദാസൻ സന്ദേശകാവ്യമാർഗ്ഗത്തിൽ രണ്ടുപേരെയാണു് അനുയാനംചെയ്തിട്ടുള്ളതു്. ഒന്നു ശ്രീ കാളിദാസൻ, മററേതു ശ്രീ ലക്ഷ്മീദാസൻ. കാളിദാസൻ സന്ദേശകാവ്യത്തിൻെറ ഉപജ്ഞാതാവാകയാലും, ലക്ഷ്മീദാസൻ ആ സാരസ്വതാവതാരത്തിൻെറ കേരളത്തിലെ അടുത്ത അനന്തരഗാമിയാകയാലും അവരെ രണ്ടുപേരെയും പിന്നീടുള്ള സന്ദേശമാർഗ്ഗഗന്മാർ അനുവർത്തിക്കുന്നതു യുക്തംതന്നെ. അർത്ഥത്തിൽ കവികുലഗുരുവായ ശ്രീ കാളിദാസനെ എന്നപോലെ ശബ്ദബന്ധവിഷയത്തിൽ ലക്ഷ്മീദാസനെയും നമ്മുടെ സാഹിത്യചക്രവർത്തി അനുഗമിച്ചിരിക്കുകയാണു്. എന്നാൽ ആ അനുയാനത്തിൽ നമ്മുടെ കാളിദാസൻ ചിലപ്പോഴല്ല പലപ്പോഴും ആ പൂർവ്വഗാമികളെ പിൻതള്ളിക്കൊണ്ടുതന്നെയും യാത്രചെയ്തിട്ടുണ്ടു്. സൂചീകടാഹരീത്യാ ശുകസന്ദേശത്തെക്കുറിച്ചു് ഒന്നാമതായി ചിന്തിക്കുമ്പോൾ ആ കാവ്യതല്ലജം ശബ്ദഭംഗിക്കു സുപ്രസിദ്ധമാണെങ്കിലും ചിലയിടത്തു കവി തദ്വ്യവസ്ഥാദീക്ഷയിൽനിന്നു വ്യതിചലിച്ചുപോയിട്ടുണ്ടെന്നു കാണ്മാൻ പ്രയാസമില്ല. എന്നാൽ മയൂരസന്ദേശത്തിലാകട്ടെ, ശബ്ദസൗഷ്ഠവമില്ലാത്ത പദ്യം എത്രയും സുദുർല്ലഭമത്രേ. സരസപ്രസന്നകോമളപദാവലി കേരളവർമ്മദേവൻെറ തൂലികാഞ്ചലത്തിൽ ഇതര ദുരാസദമായരീതിയിൽ മോഹനലാസ്യകല പ്രദർശിപ്പിക്കുകയാണു് പതിവു്. കേരളവർമ്മപ്രാസമെന്നു പ്രഖ്യാതമായ സജാതീയദ്വിതീയാക്ഷരപ്രാസം അഭംഗുരമായ അർത്ഥഭംഗിയോടിണങ്ങി മയൂരശരീരത്തെ ആപാദചൂഡം അലങ്കരിച്ചിരിക്കുന്നു. "തവാമന്ദമാനന്ദമേകും" "ചോരൻ സമീരൻ" "വില്ലുതൻ തെല്ലുപോലെ" "ഏകുവാൻ കേകിവര്യ" എന്നിങ്ങനെയുള്ള അന്തിമപാദാന്ത്യപ്രാസത്തെ നമ്മുടെ തിരുമേനി പകർത്തിയതു ലക്ഷ്മീദാസനിൽ നിന്നായിരിക്കാം. "പള്ളിക്കൂടം പലതുവലുതാം പാളയം പള്ളി", "മുട്ടാളന്മാർ മതിമുഖികളേ മുക്കിൽമുട്ടുന്നകണ്ടാൽ" ഇത്യാദി പദാദിപ്രാസം ഭാഷാസമുദായത്തിൻെറ തറവാട്ടുസ്വത്താണെങ്കിലും ലക്ഷ്മീദാസൻ ധാരാളം എടുത്തുപയോഗിച്ചിട്ടുണ്ടു്. എന്നാൽ ഒന്നു തീർത്തുപറയാം. വശ്യവചസ്സുകളിൽ അഗ്രേസരനായ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്കു് ഏതുതരം ശബ്ദവൈചിത്ര്യവും, അർത്ഥവൈചിത്ര്യംപോലെതന്നെ ലാലാടികഭാവം വഹിക്കും. അവിടുത്തെ കമനീയാംഗിയായ കവിതാംഗന തിരിയിൽനിന്നു കൊളുത്തിയ പന്തംപോലെ എവിടെയും വിളങ്ങുകതന്നെ ചെയ്യും. പൂർവ്വസന്ദേശങ്ങളെയും, മയൂരസന്ദേശത്തെയും എടുത്തുവച്ചു സംവാദപരീക്ഷചെയ്യുന്ന ഏതു സഹൃദയനും ഈ തത്വം ബോധപ്പെടും.

കവീന്ദ്രനായ കാളിദാസൻ സന്ദേശമാർഗ്ഗം വെട്ടിത്തെളിയിച്ചതിനുശേഷം തന്മാർഗ്ഗസഞ്ചാരികളായ കവികൾ ആ പുണ്യമൂർത്തിയുടെ കാലടിപ്പാടുകളെ പിന്തുടരുകയേചെയ്തിട്ടുള്ളൂ. ദൂതനെ കണ്ടുപിടിക്കുക, ആയാളെ അനുനയിയ്ക്കുക, മാർഗ്ഗനിർദ്ദേശംചെയ്യുക, നായികയുടെ സ്ഥിതി ഗ്രഹിപ്പിക്കുക, സന്ദേശവാക്യം പറഞ്ഞുകൊടുക്കുക മുതലായ ചടങ്ങുകൾക്കു് അന്നുമുതൽ ഇന്നുവരെ സന്ദേശകാവ്യങ്ങളിൽ എള്ളളവും മാററംവന്നിട്ടില്ല. അങ്ങിനെ പ്രസ്തുത മഹാകവിയും ലക്ഷ്മീദാസാദികളെപ്പോലെ ആ

ആചാൎയ്യപാദരെ ഉപജീവിച്ചും അനുകരിച്ചുമാണു സ്വമയൂരസന്ദേശത്തെ നിൎമ്മിച്ചതു്. എന്നിരുന്നാലും അവിടുന്നു വേണ്ടസ്ഥലത്തു വേണ്ടതുപോലെ പ്രദൎശിപ്പിച്ച ശില്പകൗശലം ആൎക്കും ആശ്ചൎയ്യകരമായിരിക്കും. ഒരുദാഹരണംമാത്രം പറയാം:

“ആകാരത്തിൻ സുഷമയിതുപോ-
ലേതുപക്ഷിയ്ക്കുപാരിൽ?
കേകാരാവം ശ്രവണസുഖദം
കേൾക്കിലോ തൃപ്തിയാകാ;
ലോകാനന്ദപ്രദമസദൃശം
നൃത്തവും തേ ശകുന്തേ!
ശോകാനാം മേ ശുഭഗുണ! ഭവാ-
നീശനാം നാശനായ.”

മയൂരത്തെ ആവൎജ്ജനംചെയ്യുന്ന പദ്യങ്ങളിലൊന്നാണല്ലോ ഇതു്. ഇവിടെ കവി തനിയ്ക്കുപകൎത്താവാകുവാൻപോകുന്ന മയൂരത്തിൽ കാണുന്നതു് ഒരു മഹാപുരുഷന്റെ രൂപമാണു്. “ആകാരത്തിൻ സുഷമയിതുപോലേതുപക്ഷിയ്ക്കുപാരിൽ” എന്നതുകൊണ്ടു് ഇതുപോലെ ലക്ഷണസമ്പന്നമായ ആകാരഭംഗി മറെറാരാളിലുമുണ്ടാകയില്ലെന്നും, “കേകാരാവം ശ്രവണസുഖദം കേൾക്കിലോ തൃപ്തിയാകാ” എന്നതുകൊണ്ടു് അദ്ദേഹത്തിന്റെ വാക്‌ചാതുൎയ്യം ആൎക്കും അത്യന്തതൃപ്തികരമാണെന്നും, “ലോകാനന്ദപ്രദമസദൃശം നൃത്തവും” എന്നതുകൊണ്ടു് അദ്ദേഹമനുഷ്ഠിക്കുന്ന ലോകസംഗ്രഹപരവും, അസദൃശവുമായ കൎമ്മം സൎവ്വാനന്ദപ്രദമായിരിക്കുമെന്നും, “ശുഭഗുണ” എന്ന സംബോധനംകൊണ്ടു് ഈദൃശബാഹ്യഗുണങ്ങൾ മാത്രമല്ല, സത്യം, സൗജന്യം മുതലായ ആഭ്യന്തരഗുണങ്ങളും അദ്ദേഹത്തിനുണ്ടെന്നും സൂചിക്കുന്നു. ഇങ്ങനെ ആലോചിക്കുമ്പോൾ ഈ ശ്ലോകത്തിൽ ആജാനുബാഹുത്വാദിമഹാപുരുഷലക്ഷണങ്ങളൊത്തു്, വാങ്മാധുൎയ്യത്തോടുകൂടി ജനസമുദായത്തിനു ഹിതകരമായ അഭിപ്രായം പുറപ്പെടുവിച്ചു ജനങ്ങളെ വശവൎത്തികളാക്കി. സൎവ്വമനുഷ്യൎക്കും ഒരുപോലെ ക്ഷേമകരമായ പ്രവൃത്തിചെയ്തു സത്യസൗജന്യാദ്യാഭ്യന്തരഗുണങ്ങളോടുകൂടി പരിലസിക്കുന്ന പുരുഷധൗരേയൻ അന്യരുടെ ദുഃഖം പരിഹരിക്കുന്നതിനു പൎയ്യാപ്തനാകാതിരിക്കുകയില്ല എന്ന വ്യംഗ്യം എത്ര മധുരമായിരിക്കുന്നു! ഇതിനാൽ മേഘാദികളെ അപേക്ഷിച്ചു മയൂരത്തിനുള്ള ഉൽക്കൎഷം സ്പഷ്ടമായില്ലേ? സന്ദേശകാവ്യപ്രസ്ഥാനത്തിന്റെ കാളിദാസപ്രഹതമായ പദ്ധതിയിൽ സഞ്ചരിച്ചപ്പോൾ കേരളകാളിദാസൻ കൈക്കൊണ്ടിട്ടുള്ള ഔചിത്യബോധമാംസളമായ മറെറാരുതരം ശില്പകൗശലസമ്പ്രദായംകൂടി കാണിയ്ക്കാം:

“തത്രാഗാരം ധനപതിഗൃഹാ-
നുത്തരേണാസ്മദീയം
ദൂരാല്ലക്ഷ്യം സുരപതിധനു-
ശ്ചാരുണാ തോരണേന
യസ്യോദ്യാനേ കൃതകതനയഃ
കാന്തയാ വൎദ്ധിതോ മേ
ഹസ്തപ്രാപ്യസ്തബകനമിതോ
ബാലമന്ദാരവൃക്ഷഃ”

ഇതു് മേഘസന്ദേശപദ്യമാണല്ലോ. ശ്രീകാളിദാസന്റെ സ്വോപജ്ഞമായ നായികാഗൃഹപ്രദൎശനമാണു് ഇതിലെ പ്രതിപാദ്യവിഷയം. ആ ഗൃഹമാകട്ടെ “അസ്മദീയം” എന്ന വിശേഷണംകൊണ്ടു്, യക്ഷന്റെ പിതൃപിതാമഹാദികൾ പണ്ടേക്കുപണ്ടേ പാൎത്തുവന്നിരുന്ന ഒരു തറവാട്ടുവീടാണെന്നു കാണിക്കുന്നു. എന്നാൽ മയൂരസന്ദേശത്തിലെ നായികയുടെ പ്രാസാദം അങ്ങിനെയുള്ളതല്ല. ആ മഹാറാണി തിരുമനസ്സുകൊണ്ടു സ്വാവാസസൗകൎയ്യത്തിനു വേണ്ടി സ്വയമായിത്തന്നെ തീൎപ്പിച്ചതാണു്. അതുകൊണ്ടു നമ്മുടെ കവി കാളിദാസന്റെ വഴിയിൽനിന്നല്പമൊന്നു തെററി,

“വാസായാസ്മദ്ദയിത ഹിതമൊ-
പ്പിച്ചുതീൎപ്പിച്ചതാമ-
പ്രാസാദത്തിൻ ശബളമുകുര-
ശ്രേണി ക്ലപ്തം കവാടം
ഭാസാമുച്ചൈസ്തരവിസരണം
കൊണ്ടുനിൻ ബൎഹഭാര-
ശ്രീസാദൃശ്യം കലരുമതിസൌ-
ന്ദൎയ്യമാധുൎയ്യധുൎയ്യം.”

എന്നിത്തരത്തിൽ മാററി. അപ്പൊഴേയ്ക്കു് അതൊരു മഹാരാജ്ഞിയ്ക്കു പാൎക്കാൻ പററിയ കൊട്ടാരമായതുകൂടാതെ, ഉപമാലങ്കാരമെടുത്തുകാട്ടിയ മിലിതാലങ്കാരധ്വനിയാൽ അവിടെ വെച്ചു് ആരുമറിയാതെ ദൂതനു ദൂതു് പറവാനുള്ള സൗകൎയ്യവും,—പൂൎവ്വനിൎദ്ദിഷ്ടമായ രാജഭീതികൊണ്ടു് അങ്ങിനെ വേണമല്ലോ—സാധി

പ്പിച്ചു. പിന്നീട്, കാളിദാസപദ്യത്തിലുള്ള ഒരു ഭാഗമാണ് "യസ്യോദ്യാനേ കൃതകതനയഃ കാന്തയാ വർദ്ധിതോമേ ബാലമന്ദാരവൃക്ഷഃ" എന്നുള്ളത്. ഇതിലെ സ്വാരസ്യമോൎക്കുമ്പോൾ പുംസ്ത്വപ്രതീതിയുളവാക്കുന്ന ബാലമന്ദാരവൃക്ഷത്തിന്റെ സ്ഥാനത്തു ഒരു സ്ത്രീത്വപ്രതീതി സാധിക്കുന്ന പുഷ്പവല്ലിയെ വൎണ്ണിക്കുന്നതായിരിക്കും അധികം പ്രകൃതോചിതമാവുകയെന്നു കണ്ടറിഞ്ഞ ആ സാഹിത്യമൎമ്മജ്ഞാഗ്രഗണ്യനിൽനിന്നു സ്വപ്രതിഭാസന്താനമായി,

"അസ്ത്യാലസ്യം മമ കമനിതാൻ
നട്ട വാത്സല്യമോടെ
ഹസ്താബ്ജത്താലരുളുമുപചാ-
രങ്ങളാൽ പുഷ്ടശോഭം,
ശസ്താഭിഖ്യാ പരിമളമിളൽ
പുഷ്പവല്ലിസമൂഹം
വിസ്താരംപൂണ്ടൊരു തടമതിൽ
കാണുമന്നിഷ്കുടത്തിൽ"

എന്ന സൎവ്വാംഗസുന്ദരമായ പദ്യം വേറൊരു വഴിയിൽക്കൂടി പുറപ്പെട്ടു. ഇതിലെ ഓരോ ശബ്ദത്തിന്റെയും സാരസ്യവും, ഔചിത്യവും സഹൃദയന്മാൎക്കു പരിശോധനാൎഹമാണ്. വിസ്തരഭീരുതകൊണ്ടു് ഇവിടെ വിവരിയ്ക്കുന്നില്ല. എന്നാൽ ഒന്നുമാത്രം പറയാം. കാളിദാസന്റെ ഇതരകൃതികളായ ശാകുന്തളാദികളിലും ലബ്ധജന്മാവായ ആ "കൃതകതനയനെ"ക്കാളും "പുഷ്ടശോഭ"ങ്ങളായിരിക്കുന്നതു മഹാരാജ്ഞിയുടെ"വാത്സല്യ"ഭാജനങ്ങളായ വല്ലികൾതന്നെയാണ്. പിന്നീട് ആ പദ്യത്തിൽ, "ഹസ്തപ്രാപ്യസ്തബകനമിതഃ" എന്ന വിശേഷണമാണ് പ്രകൃഷ്ടസൌന്ദൎയ്യമായി പ്രശോഭിക്കുന്നതു്. ഔചിത്യവേദിയായ മഹാകവിയ്ക്കു അതും വിട്ടുകളവാൻ കഴിഞ്ഞില്ല. ആററിങ്ങൽ വലിയ തമ്പുരാൻ തിരുമനസ്സിലെ കൊട്ടാരത്തിന്റെ കിഴക്കുവശത്തു ആൎക്കും കാണാവുന്നതരത്തിൽ ആ ഒട്ടുമാവുകളിൽ അതിനെ സംക്രമിപ്പിച്ചു. അതാണ്,

"കയ്യാലെത്തിക്കുതുകമിയലും
കട്ടികൾക്കും പറിപ്പാൻ
വയ്യാതല്ലാതുരുതരഫല-
ശ്രേണി തൂങ്ങിക്കിടക്കും
തൈയായുള്ളോരനവധി രസാ-
ലാളി വിസ്മേരമാക്കി-
ച്ചെയ്യാതേകണ്ടവിടെയൊരുവ-
ന്റേയുമില്ലന്തരംഗം."

എന്ന സ്വഭാവോക്തിസുന്ദരമായ പദ്യത്തിൽ പ്രകാശിച്ചതു്. ഇങ്ങനെ തനിയ്ക്കു് അവശ്യസ്വീകരണീയങ്ങളായ ചില ഭാഗങ്ങളെ കാളിദാസപദ്യങ്ങളിൽനിന്നെടുത്തു സൂക്ഷിച്ചുനോക്കിയാൽപോലും തിരിച്ചറിവാൻ കഴിയാത്ത രീതിയിൽ അവയ്ക്കു രുചിരതമമായ രൂപാന്തരം നൽകി, മയൂരസന്ദേശത്തിൽ ഒതുക്കിവെച്ചതു് തൽകവിയുടെ മനോമോഹനമായ കലാശില്പത്തിന്നു നിദർശനമായിരിക്കുന്നു. ഈദൃശങ്ങളായ അനുകരണങ്ങൾ സൎവ്വഥാ ശ്ലാഘ്യങ്ങളുമാണ്. വിമർശകവരേണ്യനായ ആനന്ദവൎദ്ധനാചാൎയ്യർപോലും ഇതു സമ്മതിച്ചിട്ടുമുണ്ട്. ഈദൃശങ്ങളായ സൂക്ഷ്മരഹസ്യങ്ങളെപ്പററി പൎയ്യാലോചിക്കാതെ 'മയൂരസന്ദേശകവി കാളിദാസപദ്യമെടുത്തു മൎമ്മമറിവാൻ കഴിവില്ലായ്കയാൽ, തല്ലിപ്പരത്തിയപ്പോൾ പലതും നഷ്ടപ്പെട്ടുപോയി' എന്നുംമററും വല്ലവരും ജല്പിക്കുമെങ്കിൽ അതു അവരുടെ ദയനീയമായ അജ്ഞതയുടെ ദുർഗ്ഗസന്താനമെന്നേ പറവാനുള്ളു.

മയൂരസന്ദേശം പുഷ്ടരസമായ ഒരുത്തമകാവ്യമാണെന്നതിൽ വിപ്രതിപത്തിക്കു വഴിയില്ല. ആ രസം വേണ്ടസ്ഥലത്തു വേണ്ടപോലെ തെളിഞ്ഞു പ്രകാശിച്ചിട്ടുമുണ്ട്. രസാനുഗുണമായ വൃത്തി, രീതി, പാകം, ഗുണങ്ങൾ തുടങ്ങിയവയെ നിബന്ധിക്കുന്നതിലും കവിയുടെ നൈപുണി പ്രശംസാൎഹമാണെന്നു പറയേണ്ടതില്ല—കേരളകാളിദാസന്റെ രസബന്ധചാതുരി അന്നുമിന്നുമാരും പുകഴ്ത്തുന്നൊന്നുതന്നെയാണ്. ഇങ്ങേ അററം രസപോഷണത്തിന്നു സാധകമായവിധത്തിൽ അലങ്കാരങ്ങളെ വ്യഞ്ജിപ്പിക്കുന്നതിലും കവിയുടെ കൌശലം ആദരണീയമായിരിക്കുന്നുണ്ട്. ഇതിന്നുമൊരു ദൃഷ്ടാന്തം കാണിക്കാം:

"മല്ലീജാതിപ്രഭൃതികുസുമ-
സ്മേരമായുല്ലസിക്കും
സല്ലീലാഭിഃ കിസലയകരം-
കൊണ്ടു നിന്നെത്തലോടും

വല്ലീനാം നീ പരിചയരസം
പൂണ്ടു കൗതൂഹലത്താ-
ലുല്ലീഢാത്മാ ചിരതരമിരു-
ന്നങ്ങമാന്തിച്ചിടൊല്ലേ.”

വിപ്രലംഭശൃംഗാരത്തിന്നു മോടികൂട്ടുന്ന ഇതിലെ സ്മൃതിമദലങ്കാരധ്വനി സഹൃദയരഞ്ജകമാണു്. അവിരഹിതാവസ്ഥയിൽ നായികയൊന്നിച്ചു രമിച്ചിരുന്ന നായകന്റെ വിപ്രലംഭവേളയിലെ തത്സ്മരണം ആ ദശയിലെ അസ്വാസ്ഥതയ്ക്കു ശക്തിയുണ്ടാക്കുകയാണല്ലോ ചെയ്യുക. അപ്പോൾ രസാനുഗുണമാണു് ഈ അലങ്കാരധ്വനിയെന്നു സ്പഷ്ടമായി. പക്ഷേ ഇതിലൊരാക്ഷേപം പുറപ്പെടാം: “കുസുമസ്മേരം, കിസലയകരം, പരിചയരസം, വല്ലീനാം എന്നീപ്രയോഗങ്ങളുടെ സ്വാരസ്യംകൊണ്ടു വ്യഞ്ജിക്കുന്ന സ്മൃതിമദലങ്കാരം, വിലാസിനിമാരോടൊരുമിച്ചു രസിക്കുന്ന ദക്ഷിണനായകന്റെ അനുഭവം കാവ്യത്തിലെ നായകനുമുണ്ടായിരുന്നിരിക്കേണമെന്നോമ്മിക്കുന്നതു തല്പക്ഷത്തിൽ ഉല്ക്കർഷകരമാകുമോ?” ഇതായിരിക്കും ആ ആക്ഷേപസ്വരൂപം. ഇതു് അല്പമൊന്നു പരിശോധിക്കാം. ഇവിടെ കുസുമസ്മേരാദിശബ്ദസാമർത്ഥ്യംകൊണ്ടു സ്മൃതിമദലങ്കാരം ധ്വനിക്കുന്നുവെന്നു പറഞ്ഞതുതന്നെ ശരിയായില്ല. കുസുമസ്മേരാദിശബ്ദങ്ങൾ ആ അലങ്കാരത്തെ ധ്വനിപ്പിക്കേണമെങ്കിൽ വ്യംഗ്യാംശത്തിന്നു പ്രാധാന്യം സിദ്ധിക്കണം. ഇവിടെ വ്യംഗ്യാംശത്തിന്നു പ്രാധാന്യമില്ല. ഇതിലെ ദക്ഷിണനായകവൃത്താന്തരൂപമായ വ്യംഗ്യം വാച്യമാത്രാനുയായിത്വംകൊണ്ടു ചാരുതോൽക്കർഷഹീനമാകയാൽ ധ്വനിരൂപമവലംബിക്കാതെ കേവലാലങ്കാരമായി പരിണമിച്ചിരിക്കുകയാണു്. അതത്രേ സമാസോക്തി. ഈ തത്ത്വം ധ്വന്യാലോകത്തിൽ സ്പഷ്ടവുമാണു്.

“വ്യംഗ്യസ്യ യത്രാപ്രാധാന്യം
വാച്യമാത്രാനുയായിനഃ
സമാസോക്ത്യാദയസ്തത്ര
വാച്യാലംകൃതയഃ സ്ഫുടാഃ”
(ധ്വന്യാലോകം)

അതുകൊണ്ടു കിസലയകരാദിശബ്ദങ്ങൾ സ്മൃതിമദലങ്കാരധ്വനിപരങ്ങളല്ലെന്നും, അവ കേവലം വാച്യാലങ്കാരമായ സമാസോക്തിക്കു് ആത്മഭാവം നൽകിയവയാണെന്നും ധരിക്കണം. ആ സമാസോക്തി, വിയുക്തനായകോക്തിയാകയാൽമാത്രം സ്മൃതിമദലങ്കാരം വ്യഞ്ജിപ്പിച്ചു. ഇത്തരത്തിലാണു് ഇവിടെ സമാസോക്തിയും, തന്മൂലകമായ സ്മൃതിമദലങ്കാരധ്വനിയുമുണ്ടായതു്. ഇങ്ങനെയല്ലാതെ, കുസുമസ്മേരാദിശബ്ദപ്രയോഗസാമർത്ഥ്യംകൊണ്ടു സ്മൃതിമദലങ്കാരം ധ്വനിക്കുന്നുവെന്നു പറഞ്ഞതു തെററിപ്പോയി. ഇതുപോലെ വിലാസിനിമാരൊരുമിച്ചു രമിക്കുന്ന ദക്ഷിണനായകന്റെ അനുഭവം കാവ്യനായകനുമുണ്ടായിരുന്നു എന്നു് അഭിപ്രായപ്പെട്ടതും ചിന്ത്യമാണു്. അങ്ങനെയുള്ളതു സ്മൃതിമദലങ്കാരമല്ല. തത്സദൃശസ്മരണംമാത്രമേ സ്മൃതിമദലങ്കാരമാകുകയുള്ളൂ. ദക്ഷിണനായകന്റെ അവസ്ഥയെ തദ്രൂപത്തിൽ സ്മരിക്കുകയാണെങ്കിൽ തദവസ്ഥാസ്മരണമല്ലാതെ തത്സദൃശാവസ്ഥാസ്മരണമല്ല. അപ്പോൾ ദക്ഷിണനായകന്റെ അനുഭവം കാവ്യനായകനുമുണ്ടായിരുന്നുവെന്നുള്ളതല്ല ഇവിടെയുള്ള സ്മൃതിയെന്നു മനസ്സിലാക്കണം. വ്യഞ്ജകാലങ്കാരത്തിലെ വള്ളിപുള്ളികളെല്ലാം ഒന്നുപോലുമൊഴിയാതെ വ്യംഗ്യാലങ്കാരത്തിലും ചേരേണമെന്നു വിചാരിക്കുന്നതു് അശാസ്ത്രീയമാണു്. വ്യഞ്ജകാംശത്തിൽ പ്രാധാന്യമേതിന്നോ അതുമാത്രമേ വ്യംഗ്യാംശത്തിൽ പരാമൃശ്യമാകയുള്ളൂ. അതിനാൽ കാവ്യനായകൻ ദക്ഷിണനായകനനുഭവിക്കുന്നതുപോലെ സ്വകാന്താസന്നികർഷത്തിൽ സുഖവിശേഷങ്ങളനുഭവിച്ചിരുന്നുവെന്നാണു സ്മൃതിമദലങ്കാരംകൊണ്ടു സാധിക്കുന്നതു്. അങ്ങനെയല്ലാതെ, ദക്ഷിണനായകാനുഭവം കാവ്യനായകനുമുണ്ടായിരുന്നുവെന്നല്ല. ഇതു ‘മമ്മപ്രകാശ’ത്തിൽ വ്യക്തവുമാണു്. ഈ വിവരണത്തിൽനിന്നു, പൂർവ്വോക്തമായ ആക്ഷേപം കേവലം ദുർബ്ബലമാണെന്നു ഗ്രഹിക്കാമല്ലോ. ഇങ്ങനെയുള്ള അലങ്കാരധ്വനികൾക്കു പുറമേ വാച്യാലങ്കാരങ്ങളും മയൂരസന്ദേശത്തിൽ രസപോഷപര്യവസായികളായിട്ടുണ്ടു്. അവയിൽ ഒന്നാണു് “ഓമൽപിച്ചിച്ചെടിലത”—ഇത്യാദി പദ്യത്തിലെ സ്മൃതിമദലങ്കാരം. ഇങ്ങനെ സർവ്വാംഗസമ്പുഷ്ടമായ വിപ്രലംഭശൃംഗാരം യാതൊരു കോട്ടവുംതട്ടാതെ മയൂരസന്ദേശത്തിൽ സുപ്രസന്നമായി പ്രകാശിതമായിട്ടുണ്ടെന്നുമാത്രം പ്രസ്താവിച്ചുകൊള്ളട്ടെ.

പ്രസ്തുത സന്ദേശകാവ്യത്തിൽ പ്രധാനമായി പരീക്ഷിച്ചറിയേണ്ട ഒന്നാണു ദമ്പതിക

ളുടെ പരസ്പരപ്രേമബന്ധം. ഇവിടെ ആദ്യം ഉദ്ധരിച്ച സപ്തശ്ലോകിയിലും, സന്ദേശവാക്യങ്ങളിലും, നായികാവസ്ഥാവിവരണത്തിലും അതു സുവ്യക്തവുമാണു്. നായകനും നായികയിലുള്ള പ്രേമം ചില സന്ദേശകാവ്യങ്ങളിൽ കാണുന്നപോലെ വെറും മന്മഥോന്മാദത്തിൽനിന്നു പുറപ്പെട്ടതല്ല. അതു കേവലം സാത്വികവും, ശുദ്ധവുമാണു്. സ്വാർത്ഥപരതയുടെ കരിനിഴൽ തട്ടാത്ത പുണ്യപാവനമായ ആ പ്രേമം അതിന്നുയരാൻ കഴിവുള്ളേടത്തോളം വളർന്നുയർന്നിട്ടുണ്ടു്. ഇതുതന്നെയാണ് നായികയുടെയും പ്രേമത്തിന്റെ നില. അതിപരുഷമായ രാജനിർബ്ബന്ധത്തിന്റെ വജ്രാഘാതമേററിട്ടുകൂടി സ്വല്പംപോലും നുറുങ്ങിച്ചിതറാതെ പൂർവാധികപ്രൗഢിയോടെ ആ മാണിക്യമണി കാന്തികന്ദളം പരത്തുകയേ ചെയ്തിട്ടുള്ളൂ. ഇതുകാലത്തേക്കെന്നില്ലാതെ പ്രാണപ്രേഷ്ഠനിൽനിന്നകററിനിർത്തിയിട്ടും "യോഷാസ്വഭാവസുലഭ"മായ "കുതൂഹല"ത്തിന്നു സുസ്ഥിരമായ പ്രേമത്തിന്റെ കോമളവിഗ്രഹത്തെ ഒന്നു നുള്ളിനോക്കുവാൻപോലും സാമർത്ഥ്യമുണ്ടായിട്ടില്ല. അത്ര ദൃഢരൂഢമാണു് ആ അഭൗമമായ ശാശ്വതപ്രേമം.

സാഹിത്യം ജീവിതവിമർശനപരമായിരിക്കേണമെന്നാണല്ലോ ചില വിമർശകന്മാരുടെ സിദ്ധാന്തം. കവി, "തന്റെ ജീവിതചരിത്രത്തിന്റെ ഏതാനുമൊരംശം സ്വചിത്തവൃത്തിയിൽനിന്നു" പകർത്തിവെച്ച ഒരു കാവ്യത്തിന്നു് ആ വിഷയത്തിൽ മെച്ചമുണ്ടോ എന്നു പരിശോധിക്കേണ്ട ആവശ്യമില്ല. വാച്യമായും, വ്യംഗ്യമായും മനുഷ്യജീവിതത്തിന്റെ പകർപ്പായിട്ടാണു് ഇക്കാവ്യം നമുക്കു കാണാറാകുന്നതു് എന്നുമാത്രം പറയാം.

ഒരുകാലത്തു കേരളത്തിലെ സാഹിത്യകലയുടെ ആധാരസ്തംഭമായിരുന്ന ശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ മഹനീയാപദാനം നമുക്കു് എന്നും പ്രാതഃസ്മരണീയമാണു്. മയൂരസന്ദേശം പ്രസിദ്ധീകരിച്ച കാലത്തു വടക്കേമലയാളത്തിലെ ഒരു പ്രഗത്ഭപണ്ഡിതനായിരുന്ന എരഞ്ഞോളി കെ. കുഞ്ഞിരാമൻഗുരുക്കളവർകൾ തിരുമനസ്സിലേക്കയച്ചുകൊടുത്തതായറിയുന്ന ഒരു പദ്യം ഇവിടെ ഉദ്ധരിച്ചുകൊണ്ടു് ഈ ലഘുനിരൂപണം ഉപസംഹരിക്കട്ടെ.

"മൈത്രീ മേഘമയൂരയോഃ പ്രകൃതിജാ
യാ വാ പരം ഗീയതേ
താം പശ്യന്തി ബുധാസ്സമാനഗുണയോ-
സ്തൽപൂർവ്വസന്ദേശയോഃ;
തന്മന്യേ കവിവംശദേശികവരഃ
ശ്രീ കാളിദാസസ്സ്വയം
ശ്രീമത് കേരളവർമ്മ ഭൂപതിമിഷാ-
ദുദ്യോദിതഃ ക്ഷ്മാതലേ."

മാതൃഭാഷയും സംസ്കാരവും

(അമ്പാടി കാത്യായനിഅമ്മ ബി. എ., എൽ. ററി.)

മാതാവു്, മാതൃഭാഷ, മാതൃഭൂമി എന്നീപദങ്ങൾ, ശ്രവണമാത്രത്തിൽ വാഗ്രൂപമായി വൎണ്ണിക്കുവാൻ പ്രയാസമുള്ള ചില വികാരങ്ങളെ മനസ്സിൽ ഉദ്ദീപിപ്പിക്കുന്നു. ആഗ്രഹങ്ങളെ പ്രകാശിപ്പിക്കുവാൻ ഭാഷയില്ലാത്ത ശൈശവത്തിലും, ആശയപ്രകാശനം അപൂൎണ്ണവും അസ്ഫുടവും ആയിരിക്കുന്ന ബാല്യത്തിലും അന്തൎഗ്ഗതങ്ങളെ അറിഞ്ഞു് ആവശ്യങ്ങളെ നിൎവ്വഹിച്ചുതരുന്ന ഉത്തമബന്ധുവാണു് അമ്മ. "വനേ രണേ ശത്രുജലാഗ്നിമദ്ധ്യേ" എന്നുതുടങ്ങി ദുൎഗ്ഗമമായ ജീവിതമാൎഗ്ഗത്തിൽക്കൂടി പ്രയാണംചെയ്യുന്ന ഓരോ നിമിഷത്തിലും മാതാവിന്റെ പ്രേമമയമായ ദൃഷ്ടികളും പ്രാൎത്ഥനാപൂൎണ്ണമായ ആശംസകളും നമ്മെ അനുഗമിക്കുന്നു. "മകനേ!" എന്ന മനോഹരശബ്ദത്തിനു വാൎദ്ധക്യത്തെത്തന്നെ സ്വല്പനേരത്തേക്കു നീക്കിനിൎത്തുവാനുള്ള ശക്തിയുണ്ടു്. കരുണാമസൃണവും സ്വാൎത്ഥരഹിതവും, ത്യാഗഭൂയിഷ്ഠവുമായ മാതൃസ്നേഹത്തിന്റെ മഹിമയെ കീൎത്തനംചെയ്യാത്ത ദേശകാലങ്ങളില്ല. ത്യാഗത്തിൽനിന്നു തൃപ്തിയും ക്ലേശത്തിൽനിന്നു സുഖവും മാതൃഹൃദയത്തിനുമാത്രമേ ലഭ്യമാകുന്നുള്ളു. എന്നാൽ മാതൃമാഹാത്മ്യത്തെ ഏററവും പ്രത്യക്ഷപ്പെടുത്തുന്നതു മാതാവിന്റെ ക്ഷമാശീലമാകുന്നു. അമ്മയോടുചെയ്ത അപരാധത്തെ ആസ്പദമാക്കി, അന്യർ ചെയ്യുന്ന ആക്ഷേപങ്ങളിൽനിന്നുകൂടി മക്കളെ രക്ഷിക്കുവാൻ അശ്രാന്തപരിശ്രമം ചെയ്യുന്ന മാതാവിന്റെ സഹനശക്തിക്കും സുസ്ഥിരപ്രേമത്തിനും ഉപരിയായി മനുഷ്യവികാരപംക്തികളിൽ ഒന്നുംതന്നെയില്ല. അമ്മമാൎക്കു മക്കളോടുള്ള വാത്സല്യം വിദ്യാഭ്യാസത്തെയൊ സ്ഥാനവലിപ്പത്തെയൊ ആശ്രയിച്ചുനില്ക്കുന്ന ഒന്നല്ല. മാനസികമായ ഒരു പ്രയത്നവുംകൂടാതെ അനൎഗ്ഗളമായി പ്രവഹിക്കുന്ന ഈ പ്രേമം ദൈവദത്തമായ അനുഗ്രഹങ്ങളിൽ ഒന്നാണെന്നേ പറയുവാൻ തരമുള്ളു. അതുകൊണ്ടു് ഈവിഷയത്തിൽ പ്രത്യുപകാരചിന്തയ്ക്കു സ്ഥാനമില്ല. മാതാവിന്റെ ജീവിതകാലത്തും അതിനുശേഷവും, ദിനാരംഭത്തിലും ദിവസാവസാനത്തിലും മാതൃവന്ദനംചെയ്തു മാതൃസ്നേഹത്തിന്റെ ഉൽക്കൃഷ്ടഭാവങ്ങളെ സമസൃഷ്ടികളോടുള്ള പെരുമാററത്തിൽ പരിശീലിക്കുവാൻ ശ്രമിക്കുകയല്ലാതെ മറെറാന്നും നമുക്കു ചെയ്യുവാനില്ല.

മാതാവിനോടും മാതൃഭാഷയോടും നമുക്കുള്ള ബന്ധത്തിനു് ഐകരൂപ്യമുണ്ടു്. സ്തന്യത്തോടൊപ്പം ഉൾക്കൊള്ളുന്ന മാതൃഭാഷ നമ്മുടെ ജീവിതാനുഭവങ്ങളോടു അനുബന്ധിക്കപ്പെട്ടിരിക്കുന്നു. അമ്മയെ ഉപേക്ഷിച്ചു അകന്നുനില്ക്കുന്നവനിലും അമ്മയുടെ ദൃഷ്ടിപാതമുണ്ടാകുന്നതുപോലെ, മാതൃഭാഷയോടു വൈമുഖ്യം ഭാവിച്ചാലും ആ ദേവി ഒരുവനെ ജീവാവസാനംവരെ വിട്ടുമാറുന്നില്ല. ആരുടെ ജീവിതഗ്രന്ഥത്തിലേയും അതിപ്രധാനങ്ങളായ ഭാഗങ്ങൾ മാതൃഭാഷയിലായിരിക്കും ആലേഖനം ചെയ്തിട്ടുണ്ടായിരിക്കുക. കൊടുങ്കാററിൽപെട്ട തോണിയിലിരിക്കുന്ന മലയാളി എത്രപ്രാവശ്യം ആംഗലരാജ്യഗമനം ചെയ്തവനായാലും, "എന്റെ ദൈവമേ!" എന്നു ഇംഗ്ലീഷിൽ പ്രാൎത്ഥിക്കുകയില്ല. ഓരോ പദംവെച്ചു നടക്കുവാൻ ശ്രമിക്കുന്ന ശിശുക്കളെ മാതൃഹസ്തങ്ങൾ സഹായിക്കുന്നു. എന്നിരിക്കെ പദപ്രയോഗത്തിലുള്ള പരിചയക്കുറവു മാതൃഭാഷാവലംബികൾക്കു തരണംചെയ്വാൻ സാധിക്കാത്ത തടസ്സമാകുന്നതല്ല. സ്വരാജ്യത്തിൽനിന്നു പുറത്തുപോയാൽ കിട്ടുന്ന സമ്പാദ്യത്തിൽ പകുതികൊണ്ടു നാട്ടിൽ സുഭിക്ഷമായി കഴിഞ്ഞുകൂടാമെന്നുള്ളതു ഭാഷാവിഷയത്തിലും മിക്കവാറും വാസ്തവമാണു്. അന്യഭാഷയിൽ വളച്ചുകെട്ടി പറയുന്നകാൎയ്യം സ്വഭാഷയിൽ ചുരുക്കം ചില പദങ്ങൾകൊണ്ടു വ്യക്തമാക്കുവാൻ ആൎക്കും സാധിക്കും. പദങ്ങളുടെ സഹായമില്ലാതെ രാഗാലാപംകൊണ്ടു സ്തോഭം ജനിപ്പിക്കുവാൻ സംഗീതജ്ഞന്മാൎക്കു സാധിക്കുന്നതു്, രാഗത്തിനു ഭാവവും ഭാവത്തിനു വികാരദ്യോതകശക്തിയും ഉള്ളതുകൊണ്ടാണു്. സംഗീതത്തിൽ സാഹിത്യമുള്ളതുപോലെ സാഹിത്യത്തിൽ സംഗീതവുമ

ണ്ട്. കേവലം അപരിഷ്കൃതയായ ഒരു ആംഗ്ലേയഗ്രാമീണയുവതിയെ, ഉടുപ്പിലും നടപ്പിലും സംഭാഷണത്തിലും നാഗരികാംഗനമാരെ അതിശയിക്കത്തക്കവണ്ണം വ്യത്യാസപ്പെടുത്തുവാൻ ശ്രമിച്ച ഒരു രസികൻെറ കഥ ചലച്ചിത്രത്തിൽ കാണ്മാനിടയായി. "ഈ വിരുന്നു സല്ക്കാരത്തിന്നു വരുവാൻ ക്ഷണിച്ചതിനു വളരെ വന്ദനം" എന്ന വാചകം അതിഭംഗിയായി പറയുവാൻ അദ്ദേഹം പഠിപ്പിച്ചതു അതിൻെറ ശരിയായ ഉച്ചാരണശൈലിയെ സ്വരപ്പെടുത്തി 'പിയാനൊ' എന്ന സംഗീതയന്ത്രത്തിൽ പലപ്രാവശ്യവും വായിച്ചുകേൾപ്പിച്ചിട്ടാണ്. ഓരോ ഭാഷയിലേയും ഉച്ചാരണസ്വരങ്ങൾക്കു രാഗങ്ങളിലെന്നപോലെ, ചില ആരോഹണാവരോഹണങ്ങളുണ്ട്. ശബ്ദസഹായത്താൽമാത്രം പദങ്ങളില്ലാതെ സ്തോഭങ്ങൾ ശ്രോതാക്കളിൽ ജനിപ്പിക്കുവാൻ നമുക്കു സാധിക്കും. ഹാസ്യം, അഭിനന്ദനം, പരിഭവം, ആശ്ചര്യം എന്നീ വികാരങ്ങൾ ഉച്ചാരണരീതിഭേദംകൊണ്ടു പ്രകാശിപ്പിക്കാവുന്നതാണ്. പക്ഷേ ഇതു സാധ്യമാകുന്നതിനു ശ്രോതാവും വക്താവും ഒരു ഭാഷാകുടുംബത്തിലെ അംഗങ്ങളായിരിക്കണം. അന്യഭാഷകളിലെ പദങ്ങളും ശൈലികളും വ്യാകരണനിയമങ്ങളും അധ്യയനംചെയ്തു സമ്പാദിക്കാമെങ്കിലും, സംഭാഷണത്തിന്നു ജീവനും അർത്ഥപുഷ്ടിയും കൊടുക്കുന്ന രാഗവ്യത്യാസം അഭ്യാസസുലഭമല്ല.

മാതൃഭാഷയ്ക്കു നമ്മോടുള്ള അനിഷേധ്യബന്ധത്തിന് ഒരു ഉദാഹരണം പറയാം. ദൂരശ്രവണയന്ത്രത്തിൽക്കൂടി ഇംഗ്ലീഷിലുള്ള പല ലഘുപ്രസംഗങ്ങളും നാം കേൾക്കാറുണ്ട്. എന്നാൽ നാട്ടുഭാഷകൾ കേട്ടു ശീലമുള്ള ഒരുവന് ഇംഗ്ലീഷിൽ പ്രക്ഷേപണപ്രസംഗംചെയ്യുന്ന മനുഷ്യൻ മലയാളിയോ, തമിഴനോ, തെലുങ്കനോ എന്ന്, ഏകദേശം നിർണ്ണയിക്കുവാൻ സാധിക്കും. മാതൃസഹവാസത്തിൽനിന്നു ലഭിച്ച ശീലങ്ങൾ മാററുവാൻ സാധിക്കാത്തതുപോലെ മാതൃഭാഷയ്ക്കു സഹജമായ ചില ലക്ഷണങ്ങൾ അന്യഭാഷാപ്രയോഗത്തിലും അറിയാതെ വന്നുപോകുന്നതു സാധാരണമാണ്. ഓളംതല്ലുന്ന കായലുകളും കളഗാനംകലന്ന കിളിനാദവും ധാരാളമുള്ള കേരളത്തിൽ 'ള'കാരം വളരെ പ്രധാനമാണ്. അതുകൊണ്ടു "ല"കാരം ഉപയോഗിക്കേണ്ടതായ ഇംഗ്ലീഷുപദങ്ങളിൽ "ള"കാരം വരുത്തുന്നതു നമ്മുടെ ഒരു സ്വഭാവമാണ്. "കോളേജ്" എന്നു കേട്ടാൽ അതിൻെറ വക്താവ് ഒരു കേരളീയനാണെന്ന് ഊഹിച്ചാൽ മിക്കവാറും തെററുറില്ല. നമ്മുടെ ഭാഷയ്ക്കു "കളി"യായിട്ടുള്ളതു്, അന്യഭാഷയിൽ ചിലപ്പോൾ "കലി"യായിത്തീരുന്നതും ഇതുകൊണ്ടാണ്.

ഇതുകൂടാതെ ഓരോ ഭാഷാപദത്തിൻെറയും പശ്ചാത്തലത്തിൽ അതിനോടനുബന്ധിച്ചു അനേകം സ്മരണകൾ സംയോജിച്ചു നില്ക്കുന്നുണ്ട്. ഇവയുടെ പിൻബലംകൊണ്ടാണ് മാതൃഭാഷയിൽ ഉചിതപദപ്രയോഗം ക്ഷണസാധ്യമാകുന്നതും, അതിൽനിന്നു പരിപൂർണ്ണമായ രസാനുഭൂതി ഉണ്ടാകുന്നതും. ഈ സംഗതി ഒരു ഉദാഹരണംകൊണ്ടു വിശദീകരിക്കാം. "ഓണം വന്നാലും ഉണ്ണിപിറന്നാലും കോരനു കുമ്പിളിൽ കഞ്ഞി", എന്ന് ഒരു പഴഞ്ചൊല്ലുണ്ട്. ഇതിൽ 'ഓണം' 'ഉണ്ണിപിറക്കൽ', 'കോരൻ', 'കുമ്പിൾ' ഈ പദങ്ങൾക്ക് എത്ര വ്യാഖ്യാനമെഴുതിയാലും, ഒരു കേരളീയനല്ലാതെ ഈ പഴമൊഴിയുടെ പൂർണ്ണമായ പ്രതീതി ഉണ്ടാകുകയോ അതിൻെറ സ്വാരസ്യം അനുഭവവേദ്യമാകുകയോ ചെയ്യുന്നില്ല. ഓണമെന്ന ആഘോഷത്തെ എത്ര വർണ്ണിച്ചുകൊടുത്താലും ഓണമുണ്ട വനുണ്ടാകുന്ന അനുഭവജ്ഞാനം, ഓണവർണ്ണന മാത്രം കേട്ടവനുണ്ടാകയില്ല. ഓണമെന്നു കേൾക്കുമ്പോൾ, ഒരു കൊച്ചിക്കാരനാണെങ്കിൽ ആദ്യം അത്തച്ചമയം ഓർമ്മവരും. അതിനെത്തുടന്ന്, ഓണപ്പൂവ്, ഓണക്കാഴ്ച, ഓണക്കളി, ഓണപ്പുടവ ഇങ്ങിനെ അനേകം സ്മരണകൾ മനസ്സിൽ അതിവേഗത്തിൽ ഉദിച്ചുവരുന്നു. സന്താനസമൃദ്ധിയിൽ ഭയവും, സന്താനനിയന്ത്രണത്തിൽ വിശ്വാസവും വന്നുകൊണ്ടിരിക്കുന്ന ഇക്കാലത്തു് "ഉണ്ണിപിറന്നാലത്തെ" സന്തോഷം സങ്കല്പിച്ചറിയുവാൻതന്നെ പ്രയാസമാണ്.

"ഇല്ലത്തൊരുണ്ണി പിറന്നെന്നുകേട്ടപ്പോൾ
കൊല്ലത്തുനിന്നവരെല്ലാരുംവന്നു
കൊല്ലത്തുനിന്നവരെല്ലാരുംവന്നപ്പോൾ
കുന്നോളം പൊന്നുംപണവും പൊലിച്ചു"

എന്ന വരികൾ താളമേളത്തോടുകൂടി വേലന്മാർ പാടുമ്പോൾ, ഉണ്ണിപിറന്ന ഇല്ലവും, കൃഷ്ണൻ ജനിച്ച നന്ദഗൃഹവും മററും ഒരു ചലച്ചിത്രംപോലെ മനോമുകരത്തിൽ പതിയുകയും അവർണ്ണനീയമായ ഒരു ഉന്മേഷം തല്ക്കാലം നമുക്ക് അനുഭവപ്പെടുകയും ചെയ്യുന്നു. നാം ഉ

പയോഗിക്കുന്ന സാധനങ്ങളുടെ വിലയ്ക്കു വ്യത്യാസമുള്ളതുപോലെ, പദങ്ങളുടെ അൎത്ഥത്തിനും ഗുരുലഘുത്വമുണ്ടു്. വിലകൊടുത്തു വാങ്ങിയ ഒരു പുതിയ പുസ്തകംപോയാൽ, വേറൊന്നു വാങ്ങി ആ സ്ഥാനത്തുവെക്കാം. എന്നാൽ പരേതന്മാരായ പ്രിയജനങ്ങളുടെ കൈപ്പെരുമാററംകൊണ്ടു പഴകിയ ഒരു പുസ്തകത്തിന്റെ നഷ്ടം അപരിഹാൎയ്യമാണു്. അതുപോലെതന്നെയാണു്, പഴയ പദങ്ങളുടേയും പ്രാധാന്യം. കവിത കാന്തയെപ്പോലെ വ്യംഗ്യഭാഷയിൽ ഉപദേശിക്കുന്നുവെങ്കിൽ, മാതൃഭാഷ അമ്മയെപ്പോലെ ലളിതഭാഷയിൽ, ഗഹനവിഷയജ്ഞാനം പ്രദാനംചെയ്യുന്നു. വിദേശഭാഷവഴിക്കു മൂന്നുമാസംകൊണ്ടു സിദ്ധിക്കുന്ന വിഷയജ്ഞാനം മാതൃഭാഷാസഹായത്താൽ ഒരു മാസംകൊണ്ടു സമ്പാദിക്കാമെന്നു്, അദ്ധ്യാപകലോകം അഭിപ്രായപ്പെടുന്നുണ്ടു്. ലോകത്തിലെ വിജ്ഞാനസമ്പത്തു് എത്രയോ അപരിമിതം. മനുഷ്യജീവിതമോ, അത്യന്തം ക്ഷണഭംഗുരം. ഈ സ്ഥിതിക്കു്, കഴിയുന്നതും എളുപ്പത്തിൽ ജ്ഞാനസമ്പാദനം സാധിച്ചു, ജീവിതത്തെ സംസ്കരിച്ചു സഫലമാക്കുവാനല്ലേ ശ്രമിക്കേണ്ടതു്? നമ്മുടെ വിചാരഗതിയോടും അനുഭവങ്ങളോടും ഇത്ര അഭേദ്യബന്ധമുള്ള മാതൃഭാഷയിൽ നൈപുണ്യം നേടേണ്ടതു് അത്യാവശ്യവും, നൂതനങ്ങളും പ്രാചീനങ്ങളുമായ എല്ലാ വിഷയങ്ങളേയും സുവ്യക്തമായി പ്രതിപാദിക്കത്തക്കവിധത്തിൽ ഭാഷയെ പോഷിപ്പിക്കേണ്ടതു നമ്മുടെ പ്രധാനകൎത്തവ്യവുമാകുന്നു.

കഷ്ടകാലത്തിൽ സ്വജനങ്ങൾപോലും അനിഷ്ടകാരികളായിഭവിക്കുമെന്നു ഭാഷാചരിത്രവും സമൎത്ഥിക്കുന്നു. "വല്ലാത്ത ബാലപ്രഭവം"നിമിത്തം, പല സങ്കടങ്ങളും ഭാഷാദേവിയ്ക്കും അനുഭവിക്കേണ്ടതായിവന്നിട്ടുണ്ടു്. ആൎഷഭൂമിയുടെ ശിരോലങ്കാരമായ ഹിമവാന്റെ പാൎശ്വങ്ങളിലോ, മധുക്ഷീരദ്രാക്ഷാസമൃദ്ധമായ വക്ഷസ്സിലോ, കേരളത്തിനു സ്ഥാനമില്ല. ശ്രീരാമൻ ഭരിച്ച അയോദ്ധ്യയും ശ്രീകൃഷ്ണമുരളിയാൽ മുഖരിതമായ വൃന്ദാവനവും കേരളത്തിൽനിന്നു വിദൂരങ്ങളാണു്. അംബരചുംബികളായ അചലങ്ങളോ, അതിവിസ്തൃതങ്ങളായ നദികളോ നമുക്കില്ല. പച്ചപ്പുല്ലുനിറഞ്ഞ കുന്നുകളും, തണ്ടുകെട്ടിക്കളിക്കുന്ന വള്ളങ്ങൾക്കു തരണംചെയ്യാവുന്ന ചെറുപുഴകളുംമററുമാണു് പ്രകൃതി നമുക്കു തന്നിട്ടുള്ള അനുഗ്രഹങ്ങൾ. സംസ്കാരം, സാമുദായികാചാരങ്ങൾ, കലകൾ മുതലായ കാൎയ്യങ്ങളിൽ നമുക്കുള്ള ഒരു പ്രത്യേകത, വിദേശീയരുടെ വിസ്മയാദരങ്ങൾക്കു പലപ്പോഴും പാത്രീഭവിച്ചിട്ടുണ്ടു്. എന്നാൽ, നമ്മുടെ രാഷ്ട്രത്തിന്റെ വിസ്തൃതിപോലെ പരിമിതമായിരുന്നു നമ്മുടെ സാഹിത്യസമ്പത്തു്. ഹിന്ദി, തമിഴ്, തെലുങ്കു് മുതലായ ഭാഷകളെപ്പോലെ, നാടുവിടുമ്പോഴും കൂടെക്കൊണ്ടുപോകത്തക്ക പ്രചാരം മലയാളഭാഷയ്ക്കുണ്ടായിരുന്നില്ല. എന്നാൽ ഭാഷയുടെ ദുൎദ്ദശാപ്രാപ്തിയ്ക്കു പ്രധാനകാരണം ആംഗ്ലേയവിദ്യാഭ്യാസത്തിന്റെ ആവിൎഭാവവും, അതിനു് അനായാസേന ലഭിച്ച അഭിവൃദ്ധിയുമാണു്. ഈ ദശാസന്ധി ഏറെക്കുറെ എല്ലാ നാട്ടുഭാഷകളുടെ ചരിത്രത്തിലും കാണാവുന്നതാണു്. രാഷ്ട്രീയസ്വാതന്ത്ര്യമില്ലാത്ത നാട്ടിലെ ഭാഷകൾക്കു് "അടിമഭാഷകൾ" (Vernaculars) എന്ന നാമം സിദ്ധിച്ചു. വിദ്യാലയങ്ങളിൽ ഇന്നും നാട്ടുഭാഷകൾ രണ്ടാംഭാഷകളാണു്; ഭരണാധികാരികളെ അനുകരിക്കുവാനുള്ള വാസന ജനസാമാന്യത്തിനു സഹജമാണു്; വിശേഷിച്ചു് അനുകരണസാമൎത്ഥ്യവും അനുകരണഭ്രമവും കേരളീയൎക്കുള്ള പ്രത്യേകഗുണദോഷങ്ങളുമാണു്. ജീവികാസമ്പാദനത്തിനും ഉന്നതസ്ഥാനലബ്ധിക്കും ആംഗ്ലേയഭാഷ അത്യാവശ്യമായിവന്നപ്പോൾ, ആ ഭാഷ പഠിക്കുന്നതിൽ നാമും അത്യുത്സുകരായതിൽ അത്ഭുതമില്ല. പോററുവാൻ അശക്തയായ പെററമ്മയുടെ സാഹചൎയ്യത്തെക്കാൾ, ഭൗതികവിഭവപ്രദായിനിയായ വളൎത്തമ്മയുടെ മൈത്രി അഭികാമ്യമായിത്തോന്നി. ഇവയെല്ലാം അപ്രതിഹതമായ രാഷ്ട്രീയപാരതന്ത്ര്യത്തിന്റെ ഫലമാണെന്നു വിചാരിക്കാം. എന്നാൽ സ്വഭാഷയെ സ്നേഹിക്കുകയും പോഷിപ്പിക്കുകയുംചെയ്യേണ്ടവർ, ഭാഷയെ അനാദരിച്ചു തേജോവധംചെയ്യുവാൻ തുനിഞ്ഞതാണു് അതിദയനീയമായ സംഗതി. രാജകീയമഹായോഗങ്ങളിലും നീതിന്യായക്കോടതികളിലും മററും മാന്യസ്ഥാനം വിദേശഭാഷയ്ക്കായിക്കൊള്ളട്ടെ. നാട്ടുവൎത്തമാനം പറയുന്നതിനും വീട്ടിലേക്കു കത്തയയ്ക്കുന്നതിനുംകൂടി വകയില്ലാത്തഭാവത്തിൽ, അന്യഭാഷയിൽനിന്നു കടംവാങ്ങുവാൻ ഒരു ഭരണാധികാരിയും നമ്മെ നിൎബ്ബന്ധിച്ചിട്ടില്ല. രണ്ടു പന്തീരാണ്ടു പരിശീലിച്ച മാതൃഭാഷ രണ്ടോ മൂന്നോ കൊല്ലത്തെ ഉപരിവിദ്യാഭ്യാസാനന്തരം മറന്നതായി പ്രസ്താവിക്കുവാൻ ലജ്ജയില്ലാത്ത പരിഷ്കാരികളുടെ മാതൃ

ന്റെ അക്ഷന്തവ്യമാണ്. കാളിദാസനെപ്പററി കേട്ടു പരിചയമില്ലെങ്കിലും ഷേക്സ്പീയറുടെ കവനഖണ്ഡങ്ങൾ ഉദ്ധരിക്കുവാൻ സാധിക്കുന്ന ഒരു കാലമുണ്ടായിരുന്നു നമ്മുടെ ഭാഷയ്ക്കു പദസമൃദ്ധിയില്ല, ആശയഗാംഭീര്യമില്ല, വിഷയവൈവിധ്യമില്ല എന്നെല്ലാം നാംതന്നെ സ്ഥാനത്തും അസ്ഥാനത്തും പ്രസംഗിച്ചുതുടങ്ങി. ഈതരത്തിലുള്ള ആത്മവിമർശനം ഭാഷാപ്രണയികൾക്കു ദുസ്സഹമായി തോന്നിട്ടുണ്ടാകാം. എന്നാൽ ഗ്രഹസ്ഥിതി നന്നായപ്പോൾ, ഈ ദോഷാരോപണം ഭാഷാപോഷണപദ്ധതികളെ നിർദ്ദേശിക്കുന്നതിനു സഹായകമായി. ആംഗ്ലേയഭാഷാക്രമണം അല്പം പരിഭ്രമത്തിനു കാരണമാക്കിയെങ്കിലും, ആ ഭാഷയിലുള്ള പരിജ്ഞാനം ഇന്നു പലവിധത്തിലും മാതൃഭാഷയ്ക്കു പോഷകാംശങ്ങൾ നല്കുവാൻ പര്യാപ്തമായിട്ടുണ്ട്.

ഏതെങ്കിലും ധർമ്മത്തിനു ലോപം വരുമ്പോൾ അതിനെ പുനഃസ്ഥാപിക്കുവാൻ അവതാരങ്ങൾ ഉണ്ടാകുമെന്നു ഭാഷാചരിത്രവും പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. തമിഴ്ഭാഷയെ പലവിധത്തിലും സമാശ്രയിച്ചു ജീവിച്ചിരുന്ന കൈരളിയിൽ വ്യക്തിബോധം ഉണർത്തുവാനുള്ള പ്രഭാതഗീതമായിരുന്നു തുഞ്ചന്റെ കിളിപ്പാട്ടുകൾ. പച്ചമലയാളത്തിന്റെ ആശയപ്രകാശനചാതുര്യം തുള്ളൽകളികൾ വഴിയായി, നാടന്മാരായ 'കേളനും' 'കാളിക്കും' കൂടി മനസ്സിലായി. കൈരളിയുടെ ഭാഗ്യസൂര്യൻ ഉച്ചസ്ഥനായപ്പോൾ കാളിദാസമഹാകവിതന്നെ, 'കേരള'നാമധേയത്തിൽ ജന്മമെടുത്തു. ലത്തീൻ, ഗ്രീക്ക് മുതലായ ഭാഷകളുടെ നിർബ്ബന്ധമായ അദ്ധ്യയനം, ആംഗ്ലേയഭാഷയുടെ 'വ്യക്തി'ത്വത്തെക്കളയാതെ, അതിനെ അഭിവൃദ്ധിപ്പെടുത്തിയതുപോലെ, അക്ഷയവിഭവപ്രഭാവമായ സംസ്കൃതത്തിന്റെ സംസർഗ്ഗവും സഹായവും മലയാളഭാഷയുടെ ശക്തിയും സമ്പാദ്യവും വർദ്ധിപ്പിച്ചു. ക്ഷത്രിയസഹജമായ പൗരുഷത്തോടുകൂടി, വലിയകോയിത്തമ്പുരാൻ കൈരളിയുടെ സാമ്രാജ്യത്തിന്റെ അതിർത്തി വിസ്തൃതമാക്കി. സുഗമങ്ങളും സ്വതന്ത്രങ്ങളുമായ നൂതനമാർഗ്ഗങ്ങൾ തെളിയിച്ചു. സ്വാഭിപ്രായവും സ്വാഭിമാനവും കളയാതെതന്നെ അന്യഭാഷകളുമായുള്ള വിനിമയമാർഗ്ഗങ്ങൾ അദ്ദേഹം കാണിച്ചുതന്നു. പ്രൗഢവും ഉജ്ജ്വലവുമായുള്ള വർണ്ണനവും സംഭാഷണവും സംസ്കൃതമലയാളമൈത്രിക്കു സാദ്ധ്യമാണെന്ന് അദ്ദേഹം "അക്ബറെ"ക്കൊണ്ടു ഉൽബോധിപ്പിച്ചു. സംസ്കൃതപണ്ഡിതന്മാരായ അപൂർവ്വം ചിലരുടെ ഭാവനാലോകത്തിൽമാത്രം ദൃശ്യമായിരുന്ന നാടകരംഗങ്ങൾ, മലനാട്ടിലെങ്ങും അദ്ദേഹം അനുഭവസുലഭമാക്കിത്തീർത്തു. ഭാരതത്തിലേയും ലോകത്തിലേയും നാടകരത്നങ്ങളിൽവെച്ച് ഒന്നാമതായി ഗണിക്കപ്പെടുന്ന ശാകുന്തളംതന്നെ കേരളത്തിന്ന് ഒന്നാമതായി ദാനംചെയ്ത ആ ഭാഷാസാഹിത്യചക്രവർത്തിയുടെ ധീരതയേയും കലാമർമ്മജ്ഞതയേയും ഓർക്കുമ്പോൾ, ഏതു കേരളീയനാണു നമ്രശിരസ്കനാകാത്തത്?

ഗംഭീരങ്ങളും ഗഹനങ്ങളുമായ ആശയങ്ങളെ അവതരിപ്പിക്കത്തക്ക പ്രൗഢി നമ്മുടെ ഭാഷയ്ക്കുണ്ടെങ്കിൽ, അതുപോലെതന്നെ മൃദുലവും ഉൽക്കടവും ആയ വികാരത്തെ വഹിക്കുവാനുള്ള ലാളിത്യവും കൈരളിക്കുണ്ടെന്നുള്ള ഒരു മധുരസന്ദേശം അദ്ദേഹം മലയാളികൾക്കു നല്കി. അദ്ദേഹത്തിന്റെ മയൂരം ആശാഭരിതയായ ഭാഷാദേവിയുടെ സന്ദേശവാഹകനുംകൂടി ആയിരുന്നു. ഇങ്ങിനെ വിഭിന്നങ്ങളായി തോന്നുന്ന പല ഉപാധികളുടെ സാമരസ്യം എങ്ങിനെ സാധിക്കാമെന്ന് അദ്ദേഹം കാണിച്ചുതന്ന ആദർശം, ഭാഷയുടെ ഈ പരിവർത്തനകാലത്തിൽ പ്രത്യേകം സ്മർത്തവ്യമാണ്.

ഭാഷയുടെ ഒരു സുവർണ്ണകാലമാണിതു്. " നല്ലാകാരമതിന്നലങ്കരണമാമെല്ലാപ്പദാർത്ഥങ്ങളും". ഓജസ്സും തേജസ്സും വർദ്ധിച്ചുവരുന്ന ഭാഷയെ യഥാശക്തി അലങ്കരിക്കുവാൻ അനേകംപേർ സന്നദ്ധരായിരിക്കുന്നു. പുരാതനസാഹിത്യത്തിന്റെ ഉത്തമാദർശങ്ങളെ ഉപേക്ഷിക്കാതെ, കാലാനുപാതികങ്ങളായ ജീവിതപ്രശ്നങ്ങളെ ആസ്പദമാക്കിട്ടുള്ള നൂതനപ്രസ്ഥാനങ്ങൾ പ്രതിദിനം ആവിർഭവിച്ചുകൊണ്ടിരിക്കുന്നു. ആംഗ്ലേയസാമ്രാജ്യംപോലെ അതിവിസ്തൃതമായ ആംഗലഭാഷയിൽനിന്ന് ഏതെല്ലാംവിധത്തിലാണു സാഹായ്യം സ്വീകരിക്കേണ്ടതെന്നുള്ളതു സാഹിത്യമർമ്മജ്ഞന്മാരുടെ ഗാഢചിന്തയ്ക്കു വിഷയീഭവിക്കേണ്ടതാണ്. മലയാളത്തിലും ഇംഗ്ലീഷിലും ഒരുപോലെ പരിജ്ഞാനവും പരിചയവുമുള്ള പല സേവകന്മാരെയും കൈരളിക്കു ഭാഗ്യവശാൽ സിദ്ധിച്ചിട്ടുണ്ട്. സംഗീതത്തിലെന്നപോലെ സാഹിത്യത്തിലും ഹിന്ദിഭാഷാസമ്പ

ക്ത്തിന്റെ ലക്ഷണങ്ങൾ അനുക്രമമായി വർദ്ധിച്ചുവരുന്നു. ഭാരതീയഭാഷകളുടെ ജ്യേഷ്ഠസഹോദരിയാണ് ഹിന്ദി. അതിനുംപുറമേ, ചരിത്രപ്രധാനങ്ങളായ സംഭവങ്ങളാൽ സമ്പന്നമായ ഹിന്ദിഭാഷയുടെ സമ്പർക്കത്തിൽ നിന്നു്, മാതൃഭാഷയ്ക്കു് വിലയേറിയ പല നേട്ടങ്ങളും ഉണ്ടാകാവുന്നതാണ്. എന്നു മാത്രമല്ല, അഖിലഭാരതമനോഭാവം പ്രതിബിംബിക്കുന്ന ഹിന്ദി നമ്മുടെ ഭാഷയെ വിപുലമാക്കുവാൻ സർവ്വഥാ ശക്തയുമാണ്. ഭാഷാഭിവൃദ്ധിയ്ക്കുവേണ്ടി പല നൂതന പരീക്ഷണങ്ങളും നടത്തേണ്ടിവരും. ഭാഷയുടെ ഈ പുരോഗമനദശയിൽ നാം ഒരു കാര്യം ഓർമ്മവെച്ചാൽ നന്നായിരിക്കും. ഉൽകൃഷ്ടവികാരങ്ങൾക്കു നിദാനമായ പല പ്രസ്ഥാനങ്ങളും മനുഷ്യസ്വഭാവത്തിന്റെ വൈപരീത്യത്താൽ, അസന്മാർഗ്ഗികപഥങ്ങളിലേക്കു ലോകത്തെ നയിച്ചിട്ടുണ്ട്. മാതൃഭൂഭക്തിയുടെ പേരിലാണല്ലോ, ജർമ്മൻനേതാവായ ഹിററ്ലർ അതിഭയങ്കരമായ സമരസന്നാഹങ്ങൾകൂട്ടി, ലോകസമാധാനത്തെ തകർത്തുകളഞ്ഞതു്. തന്റെ മാതൃഭൂമിയോടുള്ള തീവ്രഭക്തിയാണത്രെ റഷ്യാക്കാരുടെ മാതൃഭൂമിയെ ചുട്ടെരിക്കുവാൻ പ്രേരകമായിത്തീർന്നതു്. പരദ്രോഹപരങ്ങളായ ചിന്തകളും, ഉദ്ദേശശുദ്ധിയില്ലാത്ത പ്രയത്നങ്ങളും ഒരിക്കലും ശുഭപരിണാമത്തെ പ്രാപിക്കുകയില്ല. സ്വരാജ്യത്തിന്നുവേണ്ടി അന്യരാജ്യങ്ങളെ ഹിംസിക്കുന്നതും, തൽക്കാലത്തെ സ്വാർത്ഥലാഭത്തിന്നായി ജന്മഭൂമിയെ വഞ്ചിക്കുന്നതും ഒരുപോലെ നിന്ദ്യമാണ്. രാഷ്ട്രീയജീവിതത്തിലും, സമുദായസേവനത്തിലും, ഭാഷാഭജനത്തിലും മേൽപ്പറഞ്ഞ സംഗതികൾ അവിസ്മരണീയങ്ങളാണ്.

എല്ലാ മലയാളികൾക്കും സമാവകാശമുള്ള സ്ഥലമാണു സാഹിത്യക്ഷേത്രം. അവിടെ ആരാധകന്മാർ എത്ര തിങ്ങിക്കൂടിയാലും സാമൂഹികമായോ, വ്യക്തിപരമായോ ഉള്ള വിദ്വേഷത്തിന്റെ നിഴൽപോലും വരാതിരിക്കുവാൻ സൂക്ഷിക്കേണ്ടതാണ്. പരിതഃസ്ഥിതികളുടെ താല്ക്കാലികമായ ആനുകൂല്യത്താൽ ചില പരിശ്രമങ്ങൾക്കു് അപ്രതീക്ഷിതമായ സ്ഥാനം ലഭ്യമായേക്കാം. എന്നാൽ ധർമ്മരാജാവായ കാലം, ആരുടെ പ്രാർത്ഥനയ്ക്കും പ്രശംസയ്ക്കും വിധേയനാകാത്ത സ്വേച്ഛാധികാരിയാണ്. സ്വാർത്ഥപരങ്ങളും കേവലം ലൗകികങ്ങളുമായ വ്യർത്ഥപ്രയത്നങ്ങളെ,—മഹാസാമ്രാജ്യങ്ങളെപ്പോലും,—വിസ്മൃതിയിലേയ്ക്കു താഴ്ത്തുവാനുള്ള ശക്തി കാലത്തിനുണ്ട്. വിനയാന്വിതമായ ഏതൊരു യഥാർത്ഥമഹത്വവും കാലത്തിന്റെ സൂക്ഷ്മദൃഷ്ടിയിൽപെടാതിരിക്കുകയില്ല. അതുകൊണ്ടു സാഹിത്യപരിശ്രമങ്ങൾക്കു നിലയും വിലയും കല്പിക്കേണ്ടകാര്യത്തിൽ, പരിമിതമായ പ്രാപ്തിയും അവകാശവുംമാത്രമേ സമകാലികന്മാരായ വിമർശകന്മാർക്കുള്ളൂ. ഭൗതികങ്ങളായ ശൃംഖലകളാൽ ബദ്ധന്മാരായ ഉൽകൃഷ്ടസാഹിത്യകാരന്മാരുടെ ആത്മചൈതന്യം സ്വതന്ത്രമായി പ്രകാശിക്കുന്നതു്, അവർ കാലയവനികയ്ക്കുള്ളിൽ തിരോഭവിക്കുമ്പോഴാണ്. ജീവിതകാലത്തു തപിപ്പിക്കുവാൻ പ്രയോഗിക്കുന്ന അഗ്നി തന്നെ യശശ്ശരീരന്മാരായ അവർക്കു സമർപ്പിക്കുന്ന നിരാജനത്തിന്നു് ഉപകരണമായിത്തീരുന്നു.

മഹത്തരമായ ഭാഷാസാഹിത്യസേവനത്തിന്നു കാലാന്തരത്തിൽ ലബ്ധമാകുന്ന ശാശ്വതപ്രതിഷ്ഠയ്ക്കു്, ഈ സ്മാരകഗ്രന്ഥംതന്നെ സാക്ഷ്യംവഹിക്കുന്നു. ഏതാദൃശങ്ങളായ അനേകം ശതവത്സരാഘോഷങ്ങളാൽ ഭാഷാദേവിയുടെ ഭാവി ഭാസുരമായിത്തീരട്ടെ!

നമോവാകം iv

(അനന്തപുരത്തുകൊട്ടാരത്തിൽ പൂരാടംനാൾ അംബികത്തമ്പുരാട്ടി)

വപ്പ്രാവനീശ പരിപാവനഗോത്രജാതഃ
സപ്പ്രാധിരാജശയദാസവിവർദ്ധിതാങ്ഗഃ
ലക്ഷ്മീസമേതമധുനാ ത്രിദിവാധിവാസീ
രക്ഷാം കരോതു സദസസ്സഹി കേരളേന്ദ്രഃ (൧)

അബ്ജാസനേന ദിവി വാസവദത്തഹസ്ത-
സ്സമ്മാനിതസ്സുരഗണൈശ്ച സുപൂജ്യമാനഃ
മന്മാതുലസ്സപദി കേരളകാളിദാസ-
സ്സർവ്വം പ്രപശ്യതു നിജം ശതവർഷഘോഷഃ (൨)

നാകം ഗതോ ദശരഥസ്സതു ദേവഭൃതോ
ഭൂമിം ജഗാമ നിജനന്ദനദർശനാർത്ഥം
ആഗത്യ തദ്വദിഹ കേരളകാളിദാസ-
സ്സന്ദർശനം സ്വസുഹൃദാം സദയം കരോതു. (൩)

ധാത്രീതലം സലളലസഞ്ചയസമ്പരീതം
കൃത്വാ വിചിത്രതരമാത്മകലാവിലാസൈഃ
ആർത്തിം ഹരൻ സുമനസാം ഹൃദയസ്യ നിത്യം
രാത്രിന്ദിവം ലസതു കേരളകീർത്തിചന്ദ്രഃ (൪)

അത്രാഗതസ്യ വിബുധൈഃ സഹ ദിവ്യഘോഷ-
സന്ദർശനാർത്ഥമമരേന്ദ്രപുരാധിവാസിൻ
അല്പാശയാഹമധുനാ ഭയഭക്തിപൂർവ്വം
പദ്യോപദാംപദയുഗേ ഭവതോപ്പ്യാമി. (൫)

ആ അക്ഷയപാത്രം

(എം. ആർ. ബാലകൃഷ്ണവാൎയ്യർ എം. എ.)

ഉത്തുംഗസ്ഥാനത്തിരിക്കുന്നവർ പലപ്പോഴും ഉദാരമനഃസ്ഥിതിയുള്ളവരല്ല. കോടീശ്വരനായ മുതലാളി കുചേലനായ കൂലിവേലക്കാരനോടു കൃപകാണിക്കുന്നതു് അപൂൎവ്വം. യുവസാഹിത്യകാരന്മാരെ കാണുമ്പോൾ മഹാകവികൾ നെററിചുളിക്കും; അവരെ ആട്ടിപ്പായിക്കും. സുഖത്തിലാറാടുന്നവൎക്കു ദുഃഖത്തിലാണ്ടുവിരണ്ടവരോടു സഹതപിക്കുവാൻ കരളില്ല; അവരുടെ ദൈന്യം കാണാൻ കണ്ണില്ല. ഉന്നതനിലയും ഉദാരമനഃസ്ഥിതിയും തമ്മിലുള്ള പൊരുത്തത്തിൻെറ സുമധുരഭാവങ്ങൾ കാണേണ്ടവർ കേരളവൎമ്മദേവൻെറ സാഹിത്യജീവിതത്തിലേക്കു കണ്ണോടിച്ചാൽ മതി. ആ കാഴ്ച ആരേയും കോൾമയിർക്കൊള്ളിക്കും; ആരുടേയും ചിന്ത ഉദ്ദീപിപ്പിക്കും; ആൎക്കും എന്നും ഒരു നിദൎശനമായിരിക്കും.

കേരളവൎമ്മദേവൻ അരശ്ശതവൎഷത്തോളം സാഹിത്യസമ്രാട്ടായി അരചാണ്ടു. അക്കാലം മുഴുവനും സാഹിത്യാരാമത്തിൽ കാലുവെച്ചവൎക്കെല്ലാം അവിടുന്നു് പ്രോത്സാഹനവും പ്രചോദനവും നല്കി. അവിച്ഛിന്നധാരമായി ആ കരുണാമസൃണത്വം പ്രവഹിച്ചു. ഫലഭരംകൊണ്ടു നമ്രമായ ആ കല്പദ്രുമത്തിൻെറ ശീതളച്ഛായയിൽ എല്ലാവരും വിഹരിച്ചു. വെറും പേരിനും പെരുമയ്ക്കുംവേണ്ടി 'ചൂണ്ടാ'ലിട്ടതല്ല; പരമാൎത്ഥമായി സ്വാൎത്ഥത്യാഗം സാധിക്കലാണു് അതിൻെറ ചുവടു്. സൌജന്യനിധിയായ കേരളവൎമ്മദേവൻ ആരേയും നിരുത്സാഹപ്പെടുത്തിയിട്ടില്ല; അൎത്ഥികളാരും വെറുംകയ്യായി പോയിട്ടുമില്ല. വന്നവൎക്കെല്ലാം ഉള്ളതുപോലെ വാരിക്കൊടുത്തു. വേണ്ട പ്രശംസയും പ്രോത്സാഹനവും സഹായവും ആൎക്കും ലഭിച്ചു. യുവസാഹിത്യകാരന്മാരെ ഉന്മേഷപ്പെടുത്താൻ ഇതുതന്നെയാണു് സിദ്ധൌഷധം. കേരളവൎമ്മദേവൻ അൎത്ഥികളെ ഒരിക്കലും നിരാശയിലേക്കു തള്ളിവിടുകയില്ല; പ്രത്യാശയിലേക്കു പിടിച്ചുകയററുകയേയുള്ളു. കവിതാമാൎഗ്ഗത്തിൽ കാലിടറുന്നവൎക്കു എപ്പോഴും ഹസ്താവലംബം നല്കും; അവരുടെ ഉയൎച്ചയ്ക്കു വഴികാട്ടും; അതത്രേ ആ സാഹിത്യസമ്രാട്ടിൻെറ വിജയത്തിൻെറ മൎമ്മം; ആ ചക്രവൎത്തിത്വത്തിൻെറ മനോജ്ഞത; അതിൻെറ സൎവ്വജനാകൎഷകത്വം.

സാഹിത്യനഭസ്സിലെ ആ 'പാലമൃതൂട്ടും പാൎവ്വണശശിബിംബത്തി'ൽ ആഹ്ലാദിക്കാത്തവരാരുണ്ടു്? ആ പ്രഭാപൂരത്തിൽ പുളകംകൊള്ളാതെ ആൎക്കെങ്കിലും കഴിയുമോ? കേരളസാഹിത്യത്തിനുവേണ്ടി ജീവിതം ആഹുതിചെയ്ത ആ നിസ്സ്വാൎത്ഥമൂൎത്തിയുടെ ഒററയുന്നം—

"സന്ദേഹംവേണ്ടപരന്നുപകാ-
രത്തിനാകാത്തതെങ്കിൽ
കിന്ദേഹംകൊണ്ടൊരു ഫലമിഹ
പ്രാണിനാം ക്ഷോണിതന്നിൽ"-

എന്നതായിരുന്നു. അക്ഷരംപ്രതി അതവിടുന്നു അനുഷ്ഠിച്ചു. ആ ഉന്നതാദൎശത്തിനു് അവിടുത്തെ ജീവിതം നൈവേദ്യവും ബലിദാനവുമായി. സ്വാൎത്ഥലാഭേച്ഛയൊ ചഞ്ചലത്വമൊ അതിനെ മലിനപ്പെടുത്തിയില്ല; വഴിപിഴപ്പിച്ചില്ല. നിവിരെ, നെട്ടായമായി ആ പാതയിൽതന്നെ സഞ്ചരിച്ചു. അവിടുത്തെ രക്ഷാഹസ്തവും ദയാദൃഷ്ടിയും എപ്പോഴും 'സാഹിത്യഭിക്ഷാംദേഹി'കളിൽ ലയിച്ചു. നിരുപാധികവും ഫലാപേക്ഷയില്ലാത്തതുമായ സഹൃദയത്വവും പരോപകാരതല്പരതയും ആ ഹൃദയവേദിയിൽ എന്നും കുടികൊണ്ടു. ആ വരദകരസ്പൎശത്തിൻെറ മൃദുത്വമറിയാത്ത ഏതു സാഹിത്യകാരൻ അന്നുണ്ടായി? ഭാഷാദേവിയുടെ ദിവ്യോപകരണമായി ജീവിതം നയിച്ച നിസ്സ്വാൎത്ഥകൎമ്മിക്കു സേവനത്തിൽനിന്നുള്ള ആനന്ദവും സംതൃപ്തിയുമത്രേ ലഭിച്ച സമ്മാനം.

കേരളവൎമ്മദേവൻെറ ഔദാൎയ്യവും സൌജന്യബുദ്ധിയും ബഹുമുഖമായി പ്രകാശിച്ചു. ആ സമുന്നതഹൃദയത്തിൽനിന്നു നിൎഗ്ഗളിച്ച കാരുണ്യപ്രവാഹം പലരുടേയും മനം കുളിൎപ്പിച്ചു;

അവരെ നിർവൃതികൊള്ളിച്ചു. ആണ്ടുതോറും ജന്മദിനംപ്രമാണിച്ച് ഏതാനും വിദ്വാന്മാൎക്ക പാരിതോഷികം നൽകുകയെന്ന പതിവ് നിൎവ്വിഘ്നം അവിടുന്നു നടത്തിവന്നു. ആൎക്കെല്ലാമാണ് സമ്മാനദാനം ചെയ്യേണ്ടതെന്നുള്ളതു വലങ്കയ്യായിനിന്ന വർഗ്ഗീസുമാപ്പിളയുമായി മുൻകൂട്ടി ആലോചിച്ചു നിശ്ചയിക്കും. അന്നത്തെ മിക്ക സാഹിത്യകാരന്മാരും ഓരോരോ അവസരത്തിൽ സമ്മാനാർഹരായവരാണ്. കവിസമാജാവസരങ്ങളിൽ നടന്ന കവിതാപരീക്ഷകൾക്കും കേരളവൎമ്മദേവൻ പല സമ്മാനങ്ങളും ഏൎപ്പെടുത്തി. മാസികകൾ, പത്രങ്ങൾ, വായനശാലകൾ, എന്നിവയ്ക്കു് അവിടുന്ന് ചെയ്തിട്ടുള്ള സംഭാവനകൾ ചില്ലറയല്ല. അവിടുത്തെ വരവിന്റെ ഒരു വലിയ അംശം ഇങ്ങനെ സാഹിത്യോപാസകന്മാൎക്കായി ചിലവഴിച്ചു. ചോദിച്ചവൎക്കെല്ലാം അവിടുത്തെ കൃതികളുടെ പ്രതികൾ വെറുതെ അയച്ചുകൊടുക്കും. പേട്ടയിൽ കുന്നുവിട്ടിൽ ജാനകിഅമ്മയ്ക്കു വൃ-ധനു ൪-ാംതീയതി അവിടുന്ന ഇങ്ങനെ എഴുതുന്നു:—

"ഹൃദ്യങ്ങളാം നീയയച്ച-പദ്യങ്ങളയി ജാനകി!
സദ്യസ്സന്തോഷമത്യന്തം ഹൃദ്യന്തർഭാവയന്തി മേ.
ഇല്ല കൈവശമിങ്ങക്ബറല്ലല്ലുണ്ടതിനാൽ മമ
അല്ലയോസ്വീകരിച്ചാലുംചില്ലറക്കൃതിയിത്രയും"

വൃ. കന്നി ൯-ാംതീയതി ചൊല്ലി ററി. എൻ. അനന്തൻനായൎക്ക്:—

"അലംകൃതം നിസ്തുലഹൃദ്യപദ്യൈ-
രലപ്സി ലേഖം ഭവദീയമദ്യ
യഥാ ഭവത്പ്രാൎത്ഥനമാദരേണ
മദീയമേതൽ പ്രഹിണോമി കാവ്യം"

എന്നെഴുതിക്കാണുന്നു. വൃ-ചിങ്ങം ൪-ാംനു- കൊല്ലങ്കോട്ടു കരുണാകരമേനവന്:—

"കല്ലോലയന്തി കരുണാകര! താവകാനി
പദ്യാനി മന്മനസി സമ്മദസിന്ധുമുച്ചൈഃ
മൽപക്ഷപാതപിശുനാനി മണിപ്രവാള-
സാഹിത്യസാധുതരണിപ്രണിദൎശകാനി.

പ്രായോ മദീയാഃ കൃതയോ
ന സന്ത്യേവ മദന്തികേ
വിദ്യമാനാസ്തു പദ്യകാശ്ചിൽ
പ്രേഷ്യന്തേ; പരിതുഷ്യതാം"

എന്ന മറുപടി അയച്ചുകാണുന്നു. ശ്രീമാൻ കുററിപ്പുറത്തു കേശവൻനായൎക്ക് വൃ-മകരം ൨൮-ാംനു-

'ആഖ്യായികാക്ബറാഖ്യേയം
കേശവായ വിതീൎയ്യതേ
തദീയകവിതാഭംഗിം
ബുധ്വാ കേരളവൎമ്മണാ'

എന്ന ശ്ലോകത്തോടുകൂടി അക്ബറിന്റെ ഒരു പ്രതി അയച്ചുകൊടുത്തു. മലബാർ ചെറവാററ ഗോവിന്ദൻ നംപൂതിരിക്കു വൃ.മിഥുനം ൧൯-ാംനു-

'ഗോവിന്ദശൎമ്മൻ! ഭവതഃ
പ്രാൎത്ഥനാമനുരുന്ധതാ
വിശാഖവിജയസ്യായ-
മാദൎശഃ പ്രേഷ്യതേ മയാ'

എന്നെഴുതുന്നു. ഇവയിൽനിന്നെല്ലാം അവിടുത്തെ ഔദാൎയ്യം സുവ്യക്തമാകും. കയ്യിലുണ്ടെങ്കിൽ ആൎക്കും കൊടുക്കും. കൊടുക്കാൻവേണ്ടി മാത്രമേ കൂടുതലുണ്ടാകണമെന്ന് ആശിച്ചുമുള്ളു.

പ്രശംസകൊണ്ടും അനവധി സാഹിത്യകാരന്മാരെ കേരളവൎമ്മദേവൻ പ്രോത്സാഹിപ്പിച്ചു. ആ വൎഷനിപാതത്തിനല്ലേ സാഹിത്യചാതകങ്ങൾ കൂടുതൽ വെമ്പുന്നതും? വിജ്ഞന്മാരുടെ അഭിനന്ദനത്തിലാണല്ലോ വിജ്ഞാനത്തിന്റെ സാധുത്വം. സഹൃദയന്റെ പ്രശംസയാണ് സാഹിത്യകാരന്റെ താങ്ങ്. യശോധനമത്രേ സാഹിത്യവ്യവസായത്തിന് എല്ലാവൎക്കും കിട്ടാവുന്ന പ്രതിഫലം. തരാതരംപോലെ പ്രശംസിക്കുന്നതിനുതന്നെ ഒരു പ്രത്യേകപാടവം വേണം. അല്ലെങ്കിൽ വെറും മുഖസ്തുതിയായി വേഷം മാറും. ഉചിതപ്രശംസയിലാണ് കേരളവൎമ്മദേവന്റെ ഉജ്ജ്വലശക്തി; അതിന്റെ പ്രകടനത്തിലും വിനിയോഗത്തിലുമത്രേ അവിടുത്തെ പ്രാഗത്ഭ്യം. വമ്പന്റെ പ്രശംസ ഏതൊരു യുവസാഹിത്യകാരനേയും ഉത്തേജിപ്പിക്കും; മുന്നോട്ടു പായിക്കും. ഈ പരമരഹസ്യമാണ് കേരളവൎമ്മദേവന്റെ നിരൂപണപദ്ധതിയുടെ അടിത്തട്ട്: അവിടുത്തെ പരിശോധനയ്ക്കും അഭിപ്രായത്തിനും കനുപോലെ കുമിഞ്ഞ കൃതികൾ കണക്കിലധികം. എന്നിട്ടും ആ സാഹിത്യപ്രണയി സത്വം ക്ഷയിക്കുന്നതുവ

രെ അതിൽനിന്നും പിൻതിരിഞ്ഞില്ല. എല്ലാവരോടും സ്മേരമുഖനായി വർത്തിച്ചു. എന്നാൽ ദോഷങ്ങളെ ചൂണ്ടിക്കാണിക്കാതിരുന്നുമില്ല. ഗുണഗ്രഹണത്തിലാണ് അവിടത്തെ പ്രധാന നോട്ടം; നട്ടുവളർത്താനാണ്, വെട്ടിക്കളയാനല്ല അവിടത്തെ മോഹം. തൊട്ടതിനൊക്കെ കുററം പറഞ്ഞു മേന്മനടിക്കുന്നതിനു് അവിടുന്നു അഭിലഷിച്ചില്ല. പ്രീണനമാണ് പീഡനമല്ല അവിടത്തെ ഉദ്ദേശം; അതത്രേ കേരളസാഹിത്യത്തിനു് അന്നു് ആവശ്യമായിരുന്നതും. അവിടത്തെ അഭിനന്ദനം പലപ്പോഴും പദ്യരൂപത്തിൽ പുറപ്പെട്ടു. ശ്രീനാരായണഗുരുവിൻെറ ശിവശതകത്തെപ്പററി:—

'ധന്യാത്മകൻ സുകവി നിശ്ചലദാസനാമാ
സന്ന്യാസിവര്യനതുലപ്രതിഭൻ ചമച്ച
അന്യാദൃശം ഗിരിശഭക്തിമയപ്രലാപം
മന്യാമഹേ പരശിവപ്രണയപ്രവാഹം

ഉക്തിപ്രസാദഗുണഭാസുരമായകാവ്യം
യുക്തിപ്രപഞ്ചവിശദീകൃതശൈവതത്ത്വം
മുക്തിപ്രസാധകതമം പ്രമഥാധിനാഥ-
ഭക്തിപ്രലാപമിദമപ്രതിമം പ്രതീമഃ'

ഇങ്ങനെ അവിടുന്നു് അഭിപ്രായപ്പെടുന്നു. 'കാദംബരികഥാസാര'ത്തെക്കുറിച്ചുള്ള അനുമോദനം ഇങ്ങനെ പ്രവഹിച്ചു:—

'ഭാഷകളനവധിയുണ്ടിഹ
ദോഷമകന്നെങ്കിലും നിരൂപിച്ചാൽ
ഈഷലിതിനീഷലില്ല വി-
ശേഷഗുണം ദേവഭാഷയതിലത്രേ.

അവികലകുശലതകലരും
കവികളിതിൽ കൃതികൾ പലതുതീർത്തവരിൽ
സവിശേഷമതിശയാഢ്യൻ
ഭുവി ശേമുഷികൊണ്ടു ബാണഭട്ടകവി.

തൽക്കൃതിയിൽ കാദംബരി
സൽക്കൃതിപാത്രം വിശിഷ്യ സൽക്കൃതീനാം
യൽക്കൃതകേതരസൂക്തി ച-
മൽക്കൃതമായു് വാണിടുന്നു കവിനിവഹം.

അലസതകൈവിട്ടതിലെഴ-
മലഘുരസാധാരമാം കഥാസാരം
മലയാളമാക്കിയ നൃപൻ
വിലസുന്നതിവേലമുലകിലമ്മാവൻ.

മൂലത്തിലുള്ള സദ്രസ-
ജാലത്തെയശേഷമിങ്ങു തർജ്ജമയിൽ
ലോലതപം ക്രൂടാതി-
ക്കാലത്തിനൃപതി ചേർത്തതത്ഭുതമേ.

അമ്മാമനാം മഹീപതി-
യിമ്മാതിരിയിനിയുമനവധിഗ്രന്ഥം
സമ്മാനനീയത ലഭി-
ക്കുമ്മാറുന്മേഷമൊടു തീക്കട്ടെ.

അതിവിശ്രുതബാണസൂരിതൻ
കൃതി കാദംബരി ഭാഷയാക്കയാൽ
ക്ഷിതിയിൽ പ്രഥയേററമീ ക്ഷമാ-
പതിയമ്മാമനമിന്നു നേടിനാൻ.

കാദംബരീരസവിശേഷമറിഞ്ഞു പക്ഷ-
ഭേദംവെടിഞ്ഞു മലയാളമനീഷിവർഗ്ഗം
മോദംവളർന്നു നരവര്യമമും കൃതശ്ശീ-
ർഷ്വാദം ബഹുപ്രണയമാർന്നു പുകഴ്ത്തിടട്ടെ."

'പുഷ്പബാണവിലാസ'ത്തെക്കുറിച്ചുള്ള അഭിനന്ദനം:—

'പുഷ്പബാണവിലാസമെത്രയുമ-
പ്രമേയരസോജ്ജ്വലം
ചിൽപുമാൻെറ വിഹാരവർണ്ണനയാൽ
പരം ഹൃദയംഗമം
അല്പമല്ലിതു ഭാഷയാക്കിയ മേ-
നവൻെറ പരിശ്രമം
സുപ്രശസ്യമതുറപ്രമോദമന-
ല്പമിന്നുളവാക്കിമേ'

എന്നിങ്ങനെ ഒരൊററ ശ്ലോകത്തിൽ അവിടുന്നു കഴിക്കുന്നു. ഇപ്രകാരം എത്രയെത്ര ഗ്രന്ഥങ്ങളെക്കുറിച്ചാണ് അഭിപ്രായങ്ങളും അനുമോദനങ്ങളും പുറപ്പെടുവിക്കേണ്ടിവന്നിട്ടുള്ളതു്. ഏതു ഗ്രന്ഥകാരനും അഭിപ്രായത്തിനായി അവിടത്തോടാണ് ആദ്യമായി അടുത്തിരുന്നതു്.

അവിടത്തെ അഭിനന്ദനവും പ്രശംസയും സാഹിത്യകാരന്മാൎക്കുമാത്രമല്ല പ്രചോദനവും പ്രേരണയും നല്കിയതു്. മററുചില കലാസക്തന്മാരുടെ വൈഭവവും കേരളവർമ്മദേവൻെറ പ്രോത്സാഹനംകൊണ്ടാണ് പുഷ്കലമായതു്. വാസനയുണ്ടായാലും തക്കസമയത്തു പ്രോത്സാഹനമില്ലെങ്കിൽ അതു വാടിത്തളർന്നുപോകും.

സുപ്രസിദ്ധനായ കിളിമാന്തൂർ ചിത്രമെഴുത്തു കോയിത്തമ്പുരാൻെറ വാസനയും കല്പനാശക്തിയും കണ്ടു് ഉള്ളഴിഞ്ഞു് ആദ്യമായി അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കയും ചെയ്തതു കേരളവമ്മദേവനാകുന്നു. വൃർ-കുംഭം ൧-ാംനു-കോഴിക്കോട്ടു് ഏട്ടൻതമ്പുരാൻ തിരുമനസ്സിലെ പേക്കു് അവിടുന്നു് ഇങ്ങനെ എഴുതുന്നു:—"ഈ എഴുത്തു കൊണ്ടുവരുന്ന മുകുന്ദൻതമ്പി എൻെറ വയസ്യനായ ഒരു മാവേലിക്കരരാജാവിൻെറ പുത്രനാണു്. പരേതനായ കിളിമാന്തൂർ കോയിത്തമ്പുരാനുപിന്നീടു രണ്ടു മൂന്നു ചിത്രകാരന്മാർ മുന്നിട്ടു നില്ക്കുന്നവരിൽ ഇയാംതന്നെയാണു് പ്രഥമഗണനീയനായിരിക്കുന്നതു്. അവിടുന്നു കഴിയുന്നസഹായംചെയ്കയും ഇഷ്ടന്മാരെക്കൊണ്ടു ചെയ്യിക്കയും ചെയ്താൽ അതു് അയാളുടെ കലാകൗശലത്തിനു് ഒരു ഹസ്താവലംബം കൊടുക്കുന്നതാണു്". വെണ്ണികതിലകങ്ങളായിരുന്ന വെങ്കടാദ്രിഭാഗവതരേയും കല്യാണകൃഷ്ണഭാഗവതരേയും പാരിതോഷികങ്ങൾകൊണ്ടും രാജസമ്മാനങ്ങൾകൊണ്ടും പലപ്പോഴും അവിടുന്നു പ്രോത്സാഹിപ്പിച്ചിരുന്നു.

അക്കാലത്തുണ്ടായ മാസികകൾ, പത്രങ്ങൾ, വായനശാലകൾ എന്നിവയ്ക്കായി ലേഖനങ്ങളും മംഗളശ്ലോകങ്ങളും സമസ്യാപൂരണങ്ങളും ചിത്രപ്രശ്നങ്ങളും ഉദാരമായി കേരളവമ്മദേവൻ അയച്ചുകൊടുത്തിരുന്നു. മനോരമയും ഭാഷാപോഷിണിയും അവിടുത്തെ സവിശേഷപ്രതിപത്തിക്കു പാത്രമായി.

'ഓത്തിടുമ്പോളിതേതൊരുത്തനധുനാ
സന്തോഷസമ്പൂത്തിയേ-
ച്ചേത്തീടാ മലയാളി മാന്യതമയായ്
വത്തിച്ചു വഷദ്വയം
താത്തിയീകമതായ ഹായനമതിൽ
പ്രാപിച്ചു പാൽപ്രായമായ്
തിത്തീടുന്ന സുകീത്തിതൻ ധവളിമ-
സ്ഫൂത്ത്യാ ധരിത്രീതലം.

ക്രമലസത്തരമംഗളതുംഗയായ്
കമലതൻ കണവൻെറയനുഗ്രഹാൽ
ശമലമെന്നമകന്നു സമഞ്ജയാ
വിമലയാ മലയാളി വിളങ്ങണം.'

എന്നു മലയാളിയിലും,

'വിനാവിതക്കം വിബുധക്മാന്യനാം
ജനാർദ്ദനൻ സാധുജനാവനത്തിനായ്
അനാകുലം താങ്ങിടുമിസ്സുദശ്നം
വിനാശമേകുന്നു തമസ്സിനാകവേ'

എന്നു സുദശ്നത്തിലും,

'നലമററുപകാരതൽപരന്മാർ
പലരുണ്ടായ്‌വരുമെങ്കിലും വിശിഷ്യ
വിലയേറിയ ബാലകൃഷ്ണസാഹ്യം
മലബാറിക്കു മഹത്വമേകുമെന്നും'

എന്നു മലബാറിയിലും,

'സുമാനസാഗ്രേസരദേശമംഗല-
ക്ഷമാസുപവ്വപ്രവരപ്രവത്തിതം
ക്രമാദവാപ്തോപചയോ വിഭാസതാം
സമാസഹസ്രം ഭുവി മംഗളോദയം'

എന്നു മംഗളോദയത്തിലും,

'ഭുജഗശയനനാം സരോജനാഭൻ
ഭജനപരായണഭവ്യദാനലോലൻ
വിജയമവികലം വിതത്യ നിത്യം
സുജനവിനോദിനിയെത്തുണച്ചിടട്ടെ'

എന്നു സുജനവിനോദിയിലും,

'കല്യാണാചലകാമ്മുകൻെറ കരുണാ
സമ്പുഷ്ടയായ് സൽഗ്ഗുണാ-
വല്യാധാരതപൂണ്ടു സവ്വകവിവയ്യാ-
നന്ദസന്ദാത്രിയായ്
കല്യാണം കവിതാവിലാസിനി കലം-
നുല്ലാസമോടേററവും
തുല്യാഭാവമെഴും യശസ്സിഹ പര-
ത്തീടട്ടെ ധാത്രീതലേ'

എന്നു കവിതാവിലാസിനിയിലും,

'ജനോപകാരം മലയാളപൂവ്വയാം
മനോരമേ ചേലൊടു ചെയ്തിടുന്നു നീ
അനോപമശ്ലോകഗണങ്ങളാൽ മനോ-
വിനോദവും സൽകവികൾക്കിടയ്ക്കിടെ.

ഗുരുത്വമേറുന്ന നിനക്കു പാക്കിലി-
ന്നൊരുത്തനുണ്ടോ ശുഭകാംക്ഷിയെന്നിയേ?
പെരുത്തുസമ്പത്തുകരുത്തുകീത്തിയും
വരുത്തിടും നിൻഗുണഗൌരവം തവ.

ജഗൽപതിശ്രീചരണാംബുരുട്ടതിൻ
യുഗത്തിൽ നിന്നേറെററാരനുഗ്രഹത്തിനാൽ
പ്രഗത്ഭരാം സൽക്കവികൾക്കു ശക്രരാം-
സഗർഭ്യവാചാ മുദമേകിടുന്നു നീ.

സദന്തരംഗത്തിനു മോദഹേതുവാം-
മുദന്തമോരോന്നുരചെയ്തു ഹന്ത നീ
ഹൃദന്തരത്തിങ്കൽ നിരന്തരായമായ്
മുദന്തരുന്നുണ്ടളവററു മാദൃശാം.

അതീവ വിദ്വജ്ജനമാദരിക്കയും
പ്രതീതപത്രാധിപർ ഭാരമേല്ക്കയും
ക്ഷിതീശർ മാനിക്കയുമോർത്തുകാങ്കില-
ദ്വിതീയയായിന്നു വിളങ്ങിടുന്നു നീ.

കനക്കമുത്സാഹമൊടസ്തശങ്കമായ്
നിനക്കുവേണ്ടിപ്പലരും ശ്രമിക്കയാൽ
അനല്പമാം ഭാവുകമുത്തരോത്തരം
ജനപ്രിയാത്ഥം തവ സിദ്ധമായ്‌വരും.'

എന്നു മനോരമയിലും, മംഗളശ്ലോകങ്ങളും,

'ആദ്യന്തം പത്രനാമം നടുവുമൊടുവു-
മോർത്തിടുകിൽ പങ്കനാമം
ചോദ്യത്തിന്നന്ത്യമാദ്യക്ഷരമൊരു പുരിയാ-
മുണ്ടനുസ്വാരമെങ്കിൽ
മദ്ധ്യാംഘ്രിചാദ്യങ്ങളൊന്നറിക ലിപി-
കൾ മൂന്നും ക്രമാൽ പുഷ്പഭേദം
വിദ്വാന്മാരിത്രിഭംഗിക്കുതവിയ പദ-
മേതെന്നുമോതീടവേണം'

അമാനുഷപ്രാഭവനായ വഞ്ചി
ക്ഷ്മാപനാത്മീയവചോരസത്തെ
സമാസ്വദിപ്പിച്ചു സമസ്തരേയും
'ക്രമാൽ സുധയ്ക്കും മധുരം കുറയ്ക്കും.'

എന്നീ ത്രിഭംഗികളും സമസ്യാപൂരണങ്ങളും മററും ചേർത്തിട്ടുള്ളതു് സമാഹരിക്കുന്നതു് അഭിലഷണീയമാണു്. അതിനാലത്രേ ഇത്രയെങ്കിലും ഈ ലേഖനത്തിൽ ഉദ്ധരിച്ചതു്.

ഇങ്ങനെ കേരളസാഹിത്യത്തിനായി ജീവിതാർപ്പണംചെയ്തു് പാരിതോഷികങ്ങൾകൊണ്ടും പ്രശംസകൊണ്ടും സൌഹൃദം കൊണ്ടും സാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിച്ചു് വിദ്യാവിഷയമായ എല്ലാസംരംഭങ്ങൾക്കും ഒത്താശചെയ്തു് സാഹിത്യസമ്രാട്ടായി പരിലസിച്ച കേരളവർമ്മദേവൻ ഏറിയകാലം സമാധാനത്തോടു് ചെങ്കോൽവഹിച്ചു.

സാഹിത്യോപാസകന്മാർക്കു് അവിടുന്നു് എന്നും ഒരക്ഷയപാത്രംതന്നെയായിരുന്നു.

നമോവാകം V

(അനന്തപുരത്തുകൊട്ടാരത്തിൽ പൂരംനാൾ അംബാലികതമ്പുരാട്ടി)

സാന്ദ്രാനന്ദം വളൎത്തുന്നൊരുസുദിനമിതേതാണു നാട്ടാരശേഷം
ചിന്തുന്നു ഹൎഷബാഷ്പം നഗരമിതുവിളങ്ങുന്നു നവ്യാഭയോടേ;
ചിന്താതീതപ്രഭാവൻ തിറവുകളെഴുമപ്പൂപ്പ്ഭൂപാലമുത്താം
വന്ദ്യശ്രീകേരളക്ഷ്മാപതിയുടെ ശതജന്മൎക്ഷസമ്പൂൎത്തിയല്ലോ. ൧

കൊണ്ടാടും ലോകരെല്ലാം ജനനസുദിനമജ്ജീവിതത്തിങ്കലെന്നാ-
ലുണ്ടായിട്ടില്ലിവണ്ണം മൃതജ്ജനനദിനാഘോഷമിന്നേവരയ്ക്കും
രണ്ടാംശ്രീകാളിദാസാഭിധനരുമഹിമാവോലുമിബ്ഭൂമിപാല-
നുണ്ടായി ഭാഗ്യമിപ്പോളതിനുമിഹ ജഗന്നാഥപാദം സഹായം. ൨

ആകാശം നീരദശ്രീതിരളമഭിനവസ്നിഗ്ദ്ധമേലാപ്പിടുമ്പോൾ
കേകാരാവം പൊഴിയ്ക്കും പരിചുശിഖികുലം നൃത്തമാടി പ്രകാമം
പാകാരാതിക്കുനേരാം നൃപനുടെയപദാനങ്ങൾ പാടുന്നു ഹൎഷ-
ശ്രീകാളും മാനസത്തോടിതുപൊഴുതു കവിവ്രാതമേകസ്വരത്തിൽ. ൩

ശ്രീലൻ ശ്രീമൂലഭൂമീവലമഥനമഹാസൗഹൃദാധാരഭൂതൻ
ശ്രീലക്ഷ്മീബായിവഞ്ചീശ്വരിയുടെ ദയിതൻ സൎവ്വസമ്മാനനീയൻ
കാലത്തിൻഘോരവാത്യാവലിയിലിതുവിധം ഭൂതലം കൈവെടിഞ്ഞെ-
ന്നാലും തൽക്കീൎത്തിസൂനം നവപരിമളമേന്തുന്നു ലോകത്തിലിന്നും. ൪

ദേവാചാൎയ്യൻമടങ്ങുന്നൊരുമതിവിഭവം നിസ്തുലൗദാൎയ്യശീലം
ഭൂവാണീകേളിപൊങ്ങുന്നൊരു കവനകലാകൗശലം സൗമ്യഭാവം
ആ വാങ്മാധുൎയ്യമെന്നീയവനിപമുടിമുത്തിന്റെ വൈശിഷ്ട്യമെല്ലാം
ഹാ! വാഴ്ത്താനായിരംനാവുടയൊരുഫണിരാജന്നുമിന്നാവതല്ലേ. ൫

കല്യാണാംഭോധിയാമീനൃപനുടെ കവിതാപാടവംകണ്ടു താനാ-
ണല്ലോ ശ്രീകാളിദാസാഭിധനവബിരുദം ലോകർ മാനിച്ചുനല്കി;
സ്വൎല്ലോകംപൂകിലെന്തിസ്സുകൃതികവിവരൻ തദ്യശസ്തംഭമായി-
ട്ടെല്ലാനാളും ലസിക്കും മഹിയിലിഹ മയൂരാദികാവ്യോത്തമങ്ങൾ. ൬

ഭാഷാസാഹിത്യസമ്രാട്പദവിയിലഭിശോഭിച്ച സൂരിപ്രവീരൻ
ദോഷാപേതം ലസിയ്ക്കും ലളിതകൃതികളാൽ കൈരളിപ്പെണ്മണിക്കായ്
ഭൂഷാമാല്യങ്ങളേറെ പ്രതിദിനമണിയിച്ചുള്ള സൽക്കാവ്യകാരൻ
ശേഷപ്രജ്ഞൻ നൃപൻ കേരളനുലകിനൊരുത്തംസമുത്തായിരുന്നു. ൭

മന്നെങ്ങും കേളിപൊങ്ങും മഹിതഗുണനിധേ! ത്വൽകഥാവൎണ്ണനത്തി-
നിന്നോൎക്കിൽ പുണ്ഡരീകോത്ഭവഗുരുമുഖരും മൂകരായ്ത്തന്നെതീരും
ധന്യാത്മാവേ! ഭവാനിൽ സുകവിവര! കവിഞ്ഞുള്ള ഭക്ത്യാദരത്താ-
ലിന്നൽപ്പപ്രജ്ഞയാം ഞാൻ കൃതിയിതു തിരുമുൽക്കാഴ്ചയായ്‌വച്ചിടുന്നു. ൮

സ്വാരാജ്യംപുക്കുവാഴും സഹൃദയഹൃദയാഹ്ലാദിപീയൂഷഭാനോ!
സാരാസാരംഗ്രഹിക്കാത്തൊരു ലഘുമതിഞാൻ ത്വൽപദാംഭോരുഹത്തിൽ
ഹേ! രാജോത്തംസ! ഭക്ത്യാദരമൊടിഹ സമൎപ്പിച്ച പദ്യോപഹാരം
സ്ഫാരാമോദം ഗ്രഹിച്ചാക്കഴലിണപണിവോരെന്നെയാശീൎവ്വദിക്കൂ. ൯

സംസ്കൃതനാടകങ്ങളുടെ അഭിനേയത

(ഈ. രാഘവവാരിയർ എം. ഏ., എൽ. റ്റി)

സംഭവങ്ങളുടെ വൈവിധ്യവും ത്വരിതഗതിയും, പാത്രങ്ങളുടെ തന്മയത്വവും, നാടകീയവസ്തുവിന്റെ രചനയിലുള്ള 'ഐക്യ'വും, ആവിഷ്കാരത്തിന്ന് അംഗീകരിച്ചിട്ടുള്ള സങ്കേതങ്ങളുടെ സ്വാഭാവികതയും ആശ്രയിച്ചാണ് ഒരു നാടകത്തിന്റെ അഭിനയാർഹത സ്ഥിതി ചെയ്യുന്നത്. ഈ തോതുവെച്ചുനോക്കുമ്പോൾ സംസ്കൃതനാടകങ്ങൾ നന്നായഭിനയിച്ചു ഫലിപ്പിക്കുവാൻ പ്രയാസമാണ്. സാമാന്യേന സംഭവദരിദ്രങ്ങളാണ് അവ. വികാരജനകങ്ങളും വൈചിത്ര്യയുക്തങ്ങളുമായ സംഭവങ്ങളുടെ വൈരള്യത്തോടൊപ്പം വിസ്തൃതങ്ങളായ വർണ്ണനങ്ങളും, വ്യംഗ്യപ്രധാനങ്ങളായ പദ്യങ്ങളും ഒന്നിച്ചുചേരുന്നതോടുകൂടി അവ 'രംഗ'ത്തിൽനിന്നകന്ന് ഗ്രന്ഥാലയത്തിൽ 'കൂട്ടുമുതലായിത്തീൻ കഴിഞ്ഞു. ചെറിയ രംഗങ്ങൾകൊണ്ടു വികാരങ്ങൾ തട്ടിയുണർത്തി, ആകാംക്ഷവളർത്തി, സന്ദർശകന്മാരെ ഉത്സാഹഭരിതരാക്കുന്നതിനുപകരം, സംസ്കൃതനാടകങ്ങളിൽ കാണുന്ന നീണ്ടുവലിഞ്ഞ അങ്കങ്ങൾ അലസവും നിരുന്മേഷവുമായ ഒരന്തരീക്ഷം നിർമ്മിക്കുകയാണ് ചെയ്യുന്നത്. നിത്യപരിചയമുള്ള ഭൂസങ്കേതങ്ങളിൽനിന്നു മനുഷ്യരെ ലോകാന്തരത്തിൽ വിഹരിപ്പിക്കുവാൻ നാടകകർത്താക്കൾക്ക് ഒട്ടും മടിയില്ല; കഥാപാത്രങ്ങളിൽ പല കൃത്രിമതകൾ കലർത്തുവാൻ കൂസലുമില്ല. പ്രകൃതിയിൽ കാണുന്ന അചേതനവസ്തുക്കളെപ്പോലും മനുഷ്യവേഷംകെട്ടിച്ചു രംഗപ്രവേശം ചെയ്യിക്കാൻ ഭാരതീയർക്ക് ഒരു പ്രത്യേകവാസനയുണ്ട്. ആലോചനാമൃതങ്ങളും ആനന്ദനിഷ്യന്ദികളുമായ ആശയങ്ങൾ അവരുടെ നാടകങ്ങളിലുണ്ടായിരിക്കാം; അവ ജീവിതത്തിന്റെ കണ്ണാടികളുമാവാം. എന്നാൽ അവ വായിച്ചു രസിപ്പാൻ പറ്റിയ വിശിഷ്ടസാഹിത്യഗ്രന്ഥങ്ങൾ മാത്രമല്ലാതെ, രംഗത്തിൽ അഭിനയിപ്പാൻ പറ്റിയവയല്ല. ഏതാണ്ടിവിധം ഒരഭിപ്രായമാണ് സംസ്കൃതനാടകങ്ങളെക്കുറിച്ചു ചില പാശ്ചാത്യവിമർശകന്മാരുടേയും, അവരുടെ പൌരസ്ത്യാരാധകന്മാരുടേയും ഇടയിലുള്ളത്.

ആചാരത്തിന്റെ അലസമായ നിയമത്തിൻകീഴിൽ, ദൃശ്യമായ ചലനംകൂടാതെ, ഇഴഞ്ഞുപോകുന്ന അന്ധജീവിതത്തിൽ പ്രകാശംപരത്തുന്ന വിശിഷ്ടവിനോദമാണ് നാടകാഭിനയമെന്നു ഭാരതീയർ അറിയാത്തതല്ല. പഴയകാലംമുതല്ക്കുതന്നെ അവർ നാടകങ്ങൾ രചിച്ചും അവ അഭിനയിച്ചും വിനോദിപ്പിച്ചിരുന്നു എന്നു വിശ്വസിപ്പാൻ മതിയായ തെളിവുകൾ ധാരാളമുണ്ട്. ഗ്രീസിലെന്നപോലെ ഭാരതത്തിലും സ്വതന്ത്രമായ നാട്യവേദിയുണ്ടായിരുന്നു; മാത്രമല്ല, ശാസ്ത്രീയവും കലാസൗഭഗത്തിന്ന് അനുകൂലവുമായ രീതിയിലാണ് അവ നിർമ്മിച്ചിരുന്നതെന്ന് 'നാട്യശാസ്ത്രം' മുതലായ ഗ്രന്ഥങ്ങൾ വ്യക്തമാക്കുന്നുമുണ്ട്. ആംഗികം, ആഹാര്യം തുടങ്ങിയ അഭിനയവിഭാഗംതന്നെ രംഗപ്രയോഗൗചിത്യത്തിന്ന് ഉത്തമസാക്ഷ്യംവഹിക്കുന്നുണ്ടല്ലോ. ദൃശ്യം, ശ്രാവ്യം എന്ന സാഹിത്യവിഭജനം ദർശനയോഗ്യമായ ഒരു കലാവിഭാഗത്തിന്റെ പ്രചാരത്തെ ആണല്ലോ കുറിക്കുന്നത്. ലാസ്യതാണ്ഡവാദി നൃത്തവിശേഷങ്ങൾ അഭിനയവേദിയിൽ പ്രയോഗിച്ചാലല്ലാതെ അനുഭവഗോചരമാവാനിടയില്ല. ഉൽകൃഷ്ടനാടകങ്ങൾ രചിച്ച് യഥാർത്ഥാനുഭവമുണ്ടാക്കുന്നവനാണ് ഉത്തമകവി. "നാടകാന്തം കവിത്വം" എന്ന വാക്യത്തിന്റെ ആശയവും ഇതുതന്നെ.

ഏതുകലയിലും താൽകാലികവും പ്രാദേശികവുമായ അംശങ്ങൾ കലർന്നിരിക്കുന്നതാണ്. എന്നാൽ ഒരു കലയുടെ ശാശ്വതികമായസ്ഥിതി അതിൽ പ്രതിബിംബിച്ചുകാണുന്ന സാർവ്വദേശികവും, സാർവ്വകാലികവുമായ ജീവിതാംശങ്ങളേയും വികാരവിചാരഭാവനകളേയും അവലംബിച്ചിരിക്കുന്നു പ്രാദേശികമായ അംശങ്ങൾ ഒഴിച്ചുനിർത്തിയാൽ സംസ്കൃതനാടകങ്ങൾ ഉൽകൃഷ്ടകലാവിഷ്കരണങ്ങളെന്നുപറയാം; ആധുനികലോകത്തിൽ ഏതുരംഗത്തിലും അവയെ വിജയപൂർവ്വം അഭിനയിക്കാവുന്നതുമാണ്. ഭാരതത്തിൽതന്നെ, പ്രതിനിമിഷം രുചിഭേദമുണ്ടായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ

പോലും, നാടകങ്ങളിൽപ്രതീക്ഷിച്ചിട്ടുള്ള ഒരുസദസ്സിന്റെമുമ്പിൽ അവ ഒരിക്കലും പരാജയപ്പെടുന്നതുമല്ല. വികാരാധീനന്മാരായ സാധാരണജനങ്ങളല്ല സംസ്കൃതനാടകങ്ങളുടെ ലക്ഷ്യം. അവരെ വിനോദിപ്പിക്കുവാൻ നാടൻരീതിയിൽ പല നാടകങ്ങളുമുണ്ട്. അതുകൊണ്ടുതന്നെയാണ് സംസ്കൃതത്തിലുള്ള നാടകീയപ്രസ്താവനകൾ അഭിരൂപഭൂയിഷ്ഠമായ സദസ്സിനെ പ്രത്യേകം നിർദ്ദേശിക്കുന്നതും. സംസ്കാരവികസിതമായ ഹൃദയവും പ്രശാന്തപ്രസന്നമായ മനോഭാവവും തികഞ്ഞ സന്ദർശകന്മാരുടെ അഭിപ്രായമാണല്ലൊ ആദരണീയം. തന്മൂലം തഥാവിധമുള്ളവരുടെ അഭിരുചിയും ഗ്രഹണപാടവവും അനുസരിച്ചിരിക്കണമല്ലൊ നാടകനിബന്ധനം.

നാടകം കാവ്യത്തെക്കാൾ മേന്മകൂടിയതാണ്. നാടകത്തിൽ സംഭവങ്ങളുടെ ചിത്രീകരണത്തിന്നും, വികാരങ്ങളുടെ ആവിഷ്കരണത്തിന്നും കൂടുതൽ അവകാശമുണ്ട്; എന്നുമാത്രമല്ല, നാടകത്തിനാണ് ജീവിതത്തോട്അധികം അടുപ്പവും. സാരാംശങ്ങളുടെ സ്വീകരണം കലയുടെ ദിവ്യാനുഗ്രഹമാണ്. ജീവിതത്തിലുള്ള എല്ലാസംഭവങ്ങളും ചിത്രീകരിച്ചതുകൊണ്ടു കലയാകുന്നതല്ല. കലാപരമായ ആസ്വാദനത്തിന്ന് അവസരം നല്കുകമാത്രമല്ല, മനസ്സിന്റെ സംസ്കാരത്തിന്നും ചിന്തയുടെ വികാസത്തിന്നും ഉപയുക്തമാകുകകൂടിചെയ്യുന്നതാണ് കലയുടെ വിശിഷ്ടധർമ്മം. ധർമ്മോൽബോധകത്വം ഹൈന്ദവതത്വശാസ്ത്രത്തിന്റെ പ്രാണനത്രെ. അതുകൊണ്ടു ജീവിതചിത്രീകരണത്തോടൊപ്പം ഉൽകൃഷ്ടവികാരങ്ങളുടെ വളർച്ചയ്ക്കുപറ്റിയ വാസനാവിശേഷങ്ങളെ തട്ടിയുണർത്തുവാൻ നാടകത്തിന്നു സാധിക്കേണ്ടതാണ്. നികൃഷ്ടാംശങ്ങളെ നിഷ്കാസനംചെയ്ത് മനുഷ്യരുടേയും സമുദായത്തിന്റെയും പുരോഗതിക്കു സഹായകമായ സദ്വാസനകൾ നിലനിർത്തുന്നതാകണം നാടകം. ഭയങ്കരമായ യുദ്ധം, ദീനമായ മരണംമുതലായ ആവേശജനകങ്ങളായ സംഭവങ്ങൾ മനസ്സിനെ ക്ഷോഭിപ്പിക്കും. സ്ഥായിഭാവത്തെ ദൂഷിപ്പിക്കും. ജുഗുപ്സാവഹങ്ങളെ കാണുന്നതിൽ ഒരാഹ്ലാദമുണ്ടാവാം; പക്ഷേ അതു ക്ഷണികമാണ്; പുറമെ അംഗീകൃതമായ ജീവിതരീതിക്ക് അപകർഷവുമായേക്കാം. ഇതായിരിക്കണമല്ലൊ 'ദൂരാഹ്വാനാദി വർജ്ജിത'മാകണം നാടകം എന്ന നിബന്ധനത്തിന്റെ മർമ്മം. പാണ്ഡിത്യവും, പരിപാകവും സിദ്ധിച്ച സദസ്യർക്കു നഗ്നമായ പ്രകടനത്തേക്കാൾ വിശിഷ്ടമായ സൂചനയായിരിക്കും അധികം അഭികാമ്യം. സംസ്കൃതനാടകങ്ങൾ സംഭവദരിദ്രങ്ങളെങ്കിൽ, അവ ഭാവസമ്പന്നതയുടെ വിളനിലമാണ്. വസ്തുസ്വഭാവവും, ചിത്രീകൃതമായ ജനസമുദായവും, പരാമൃഷ്ടങ്ങളായ ദേശകാലാദികളും അനുസരിച്ചുള്ള വൈചിത്ര്യവും വൈവിധ്യവും എല്ലാനാടകങ്ങളിലും ഉണ്ടായിരിക്കുന്നതുമാണ്.

പൗരസ്ത്യഹൃദയത്തിനു പ്രകൃതി കേവലം ജഡമായ ശക്തിയോ രൂപമോ അല്ല. ആത്മസാധാരണങ്ങളായ വികാരഭാവനകളോടുകൂടിയ വ്യക്തികളായിട്ടാണു പ്രാകൃതികഭാവങ്ങളെ ഭാരതീയർ ദർശിക്കുന്നതു്. ഹിമവാൻ പാർവ്വതിയുടെ പിതാവെന്നു വിശ്വസിപ്പാൻ അവർക്കു പണിയില്ല. മേഘത്തിന്നോ, മഴയ്ക്കോ അപ്പുറം ഒരു വ്യക്തിബോധം—ദേവതാബുദ്ധി—ഭാരതീയർക്കു സഹജമാണ്. അവരുടെ ജീവിതം ഭൂമാത്രപരിമിതമല്ല. ഉപരിതലത്തിൽകാണുന്ന ശക്തിവിശേഷങ്ങൾക്കു വിധേയരാണു മനുഷ്യർ എന്ന ദൃഢവിശ്വാസം ആർഷസംസ്കാരത്തിന്റെ ഒരു പ്രധാനഘടകമാണ്. ഈ തത്വം ഹൈന്ദവസാഹിത്യത്തിലെങ്ങും പ്രകാശിച്ചുകാണുന്നുണ്ട്. രാജർഷിമാരുടെ സ്വർഗ്ഗയാത്രയും, ദേവന്മാരുടെ ലോകവിഹാരവും അന്നത്തെ ഭാരതീയസന്ദർശകന്റെ സ്വാഭാവികത്വബോധത്തെ വ്രണിതമാക്കിയിരുന്നില്ല. കൂടാതെ, കഥാവസ്തുക്കൾ അധികവും പുരാണേതിഹാസങ്ങളിൽനിന്നെടുത്ത പരിചിതചരിത്രങ്ങളായിരിക്കും. ജീവിതതത്വങ്ങളടങ്ങിയ പരിചയമുള്ള ഒരു കഥ, വേണ്ടുന്ന മാറ്റങ്ങളോടുകൂടി നാടകമാക്കി, നന്നായി അഭിനയിച്ചുകാണുമ്പോൾ ഏതു സന്ദർശകന്റെ മനസ്സാണു കുളുർക്കാതിരിക്കുക! ഇങ്ങനെയുള്ള നാടകങ്ങൾ കണ്ടുരസിപ്പാൻ സാധിക്കുന്ന ഒരു ജനസമുദായം പണ്ടുണ്ടായിരുന്നുവെന്നതു് എത്ര അഭിമാനജനകമാണ്! ജീവിതത്തിന്റെ ജീവനാഡി മതമാണല്ലോ. ഹൈന്ദവനാടകങ്ങളിൽ കാണുന്ന അമാനുഷാംശങ്ങൾ ജനതയുടെ സംസ്കാരത്തിന്റെയും മതവിശ്വാസത്തിന്റെയും സന്തതികളാണ്. ഭൂമിയിലോ ആകാശത്തിലോ ഉള്ള ഏതു രംഗവും കാണിപ്പാൻ പ്രത്യേകവിധാനങ്ങൾ അക്കാലത്തുണ്ടായിരുന്നു. ഇല്ലെങ്കിൽതന്നെ അഭിനയംകൊണ്ടുമാത്രം തന്മയത്വപ്രതീതിയു

ണ്ടാക്കുവാൻ അന്നത്തെ കുശലന്മാരായ കുശീലവന്മാൎക്കു സാധ്യവുമായിരുന്നു. പ്രത്യക്ഷപ്രകടനം വേണ്ട, ഭാവവ്യഞ്ജകമായ അവസ്ഥാനുകരണം മതി, സദസ്യന്മാൎക്കു കൗതുകാധിക്യം ഉളവാക്കുവാൻ.

വിമശകന്മാർ ആക്ഷേപിക്കുന്നതുപോലെ സംസ്കൃതനാടകങ്ങളുടെ അങ്കങ്ങൾക്കു അസാധാരണമായ ദൈർഘ്യമോ അസാംഗത്യമോ ഒരിക്കലും ഇല്ല. വസ്തുവിനെ വ്യക്തമായി വിഭാവനംചെയ്തു്, അപഗ്രഥിച്ചു്, പഞ്ചസന്ധികളിൽ ഇണക്കി ഓരോ അങ്കങ്ങളിലും സംയോജിപ്പിക്കുന്നതിൽ നാടകകൎത്താക്കന്മാർ അന്യാദൃശമായ ഔചിത്യബോധവും അസാധാരണമായ കലാചാതുരിയും പ്രദർശിപ്പിച്ചിട്ടുണ്ടു്. ഓരോ അങ്കവും സ്വയമേവ പരിപൂൎണ്ണമാണു്, അതിലെ സംഭവങ്ങൾ ഒരേകാലത്തു് ഒരേസ്ഥലത്തു നടക്കുന്നവയുമാണു്. ഭാരതീയരംഗം ഒരിക്കലും പാത്രശൂന്യമല്ല. നാടകാവസാനംവരെ ആകാംക്ഷവളൎത്തുവാൻ വേണ്ടുന്നവിധം വസ്തുവിഭാഗംചെയ്യുന്നതിൽ ഉത്തമമായ കലാരസികതയാണു രചയിതാക്കൾ പ്രകടമാക്കീട്ടുള്ളതു്. ചെറിയ രംഗങ്ങൾ യഥേഷ്ടം ഉണ്ടാക്കുവാൻ നാടകങ്ങളിൽ തന്നെ കൊടുത്തിട്ടുള്ള രംഗനിർദ്ദേശങ്ങൾ അനുസരിച്ചാൽ മതിയാവുന്നതാണു്. അസൂചിതകഥാപാത്രപ്രവേശനം ഇല്ലെന്നുള്ളതും ഈ നാടകങ്ങളുടെ മറെറാരു പ്രത്യേകതതന്നെ. ആസ്വാദനത്തിനു വിളംബമോ വിഘാതമോ വരുത്താതിരിപ്പാനാണല്ലോ പാത്രപ്രവേശനം സൂചിപ്പിക്കുന്നതു്. "പ്രസ്താവന"യുടെ പ്രാധാന്യവും ഈയവസരത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഉത്തമകഥാപാത്രങ്ങൾക്കു സംസ്കൃതഭാഷയും, സ്ത്രീകൾക്കും നീചപാത്രങ്ങൾക്കും പ്രാകൃതവും നിശ്ചയിച്ചിട്ടുള്ളതു നാടകത്തിന്റെ തന്മയത്വം വൎദ്ധിപ്പിക്കുമെന്നതിനു സംശയമില്ല.

പാശ്ചാത്യനാടകങ്ങളിലുള്ളതുപോലെ ദുഃഖപൎയ്യവസായികളായ നാടകങ്ങൾ ഹൈന്ദവസാഹിത്യത്തിൽ ഇല്ല. ദുഃഖത്തിൽചെന്നവസാനിക്കുന്ന ഒന്നല്ല ഭാരതീയൎക്കു ജീവിതം. കാളിദാസനോ, ഭവഭൂതിയ്ക്കോ അത്തരം ഒരു ട്രാജെഡി നിൎമ്മിക്കാൻ ആവില്ലെന്നുകരുതുന്നതു സാഹസമാണല്ലോ. ട്രാജെഡിയുടെ "രേചകത്വം" കോമെഡികൾകൊണ്ടുതന്നെ നിൎവ്വഹിപ്പിക്കുവാൻ ഭാരതീയൎക്കു് ഏതും പ്രയാസമില്ല. ഇതിനുംപുറമേ ശൃംഗാരമോ വീരമോ നാടകത്തിലെ അംഗിരസമാക്കുവാനാണു് അവൎക്കു് ഇഷ്ടവും വാസനയും. വാസ്തവത്തിൽ ഈ രണ്ടു വികാരങ്ങളെപ്പോലെ സാൎവ്വലൗകികതയും ശാശ്വതികത്വവും മറെറാന്നിനും ഇല്ലെന്നുപറയാം. അതാണു മററു രസങ്ങളെ അംഗങ്ങൾമാത്രമാക്കുവാൻ കാരണം.

ഇത്രയും പറഞ്ഞതിൽനിന്നു ഭാരതീയരുടെ സംസ്കാരം, മതവിശ്വാസം, ജീവിതനിരീക്ഷണം ഇവയെ അവലംബിച്ചുനോക്കുന്നതായാൽ അവരുടെ കലാസമ്പത്തുകൾ പ്രകാരാന്തരത്തിലാവാൻ ഇടയില്ലെന്നു ഊഹിക്കാമല്ലൊ. ഭാരതീയമായ ഹൃദയത്തെ ആഹ്ലാദിപ്പിക്കുവാൻ അവ ഒരിക്കലും പോരാതെവരുന്നതുമല്ല. പദ്യങ്ങളും വൎണ്ണനങ്ങളും കഥാഗതിയെ തടയുന്നതായി തോന്നാം; പക്ഷേ അവ സന്ദൎഭം വ്യക്തമാക്കാനും, സദസ്സിൽ ഉന്മേഷം നിറയ്ക്കാനും അത്യാവശ്യമാണു്. രംഗവിധാനംകൊണ്ടു് ആ ഭാഗങ്ങൾ മനോഹരമായി അഭിനയിക്കാം; നന്നായഭിനയിച്ചുതന്നെ അവ ആസ്വദിപ്പാനും പ്രയാസമുള്ളതല്ല. സദസ്യന്മാരുടെ മനോഭാവവും ആസ്വാദനശക്തിയും വിജ്ഞാനംകൊണ്ടും അനുഭവംകൊണ്ടും അളന്നുനോക്കി, പാകത്തിൽ രചിച്ചിരിക്കുന്ന നാടകങ്ങൾ അഭിനയയോഗ്യങ്ങളല്ലെന്നുതോന്നുന്നതു ദേശകാലാദികൾ വരുത്തുന്ന രുചിഭേദംകൊണ്ടുമാത്രമാവണം.

കേരളവർമ്മദേവൻ

(കോയിപ്പള്ളി പരമേശ്വരക്കുറുപ്പ്)

ഭാഷാഭാമിനിയാൾ ഭജിച്ചു, ഭവികത്തിന്നായി നേർന്നപ്പൊളുൾ-
ത്തോഷാൽ ദൈവമനുഗ്രഹി,ച്ചവതരിപ്പിച്ചോരു സൽപൂരുഷൻ
"ഭാഷാദേവി" കനിഞ്ഞു തൻനിലയമായ്ക്കല്പിച്ച കല്യൻ, സുധീ-
ഭൂഷാമൌലി, ലസിപ്പൂ വിണ്ണിൽ വിമലൻ, "ശ്രീകേരളക്ഷ്മാവരൻ!" ൧

മുൻപുള്ളോരു കവിപ്രവീരർ മുറപോൽ മുഗ്ദ്ധാംഗിയാം ഭാഷയോ-
ടൻപുള്ളിൽക്കരുതീടിലും, പലനിലയ്ക്കുള്ള സ്വാതന്ത്ര്യസ്ഥിതി
പിമ്പുണ്ടായവരിൽ പ്രമാണിയവിടുന്നാണെന്നനിക്കി, ക്രമാൽ
സമ്പുഷ്ടിക്കൊരു മാർഗ്ഗമേകിയതവൾക്കെന്നോർക്കമോർക്കാം ദൃഢം. ൨

സർവ്വാഭീഷ്ടവുമേകിയാ വരമൊഴിത്തയ്യായ സൽഭാഷയെ-
"ഗ്ഗൈർവ്വാണി"ഗ്ഗുണധോരണീരുചിരമാം സ്ഥാനത്തിലാക്കിജ്ജവാൽ
അർവ്വാചീനപരിഷ്കൃതിപ്പൊലിമയിൽപ്പൊന്തിച്ചൊരദ്ദിവ്യനെ-
സ്സർവ്വാമാമണിമാരകൈതവരസാൽപ്പാടിസ്തുതിപ്പൂ സദാ. ൩

ത്രാണിപ്പെട്ടതരത്തിലന്നു പരിലാളി,ച്ചാമനോജ്ഞാംഗിയാം
"ഹൈൗണി"ക്കുള്ളഭിനന്ദനീയവടിവും കാലോചിതം ചേർത്തുടൻ
പ്രീണിച്ചാപ്രിയഭാഷയെ, പ്രഥിതയാക്കീടാനുറച്ചെപ്പൊഴും
കാണിച്ചൂ തിരുമേനി നൈകവിധമാം സാഹിത്യശിക്ഷാക്രമം. ൪

ശ്രീമൽ"കേരളകാളിദാസ"ബിരുദം വിദ്വജ്ജനം നല്കുമാ-
റോമൽക്കോമളകാന്തിയേന്തിവിലസും "ശാകുന്തളം" നാടകം
സാമർത്ഥ്യത്തൊടു ഭാഷയാക്കിയലിവാന്നൊന്നാമതായ്ക്കൈരളി-
ക്കാമ,ട്ടഞ്ചിതരത്നഭൂഷയഴകോടർപ്പിച്ചതദ്ധന്യനാം. ൫

'പദ്യശ്രീമണിഭൂഷണങ്ങൾ മതിയാവോളം ധരിച്ചീടിലും
ഗദ്യപ്പണ്ടമണിഞ്ഞിടാതെ വളരാനാവില്ല ഭാഷയ്ക്കിനി;
അദ്യപ്രൌഢിയതിൻപ്രകാരമവളിൽക്കാണട്ടെ'യെന്നോർത്തതൻ
വിദ്യയ്ക്കുള്ള വിശിഷ്ടമായ ഫലമായിട്ട"ക്ക്ബ"റുൽഭൂതമായ്. ൬

"സന്ദേശാമലകാവ്യമാല" പലതും "ഗൈർവ്വാണി"ചാർത്തിസ്സദാ
തൻദേഹത്തിനു മോടികൂട്ടുവതുപോലിക്കൈരളിപ്പൈതലും
സന്ദേഹം കലരാതെ സൽകൃതി "മയൂരാഭിഖ്യ"യാൽ,സ്സാഹിതി-
പ്പൊൻദേവാലയസീമ്നി മിന്നിവളരുംമട്ടാക്കിനാനാമഹാൻ. ൭

രാജിക്കും "രസചക്രവർത്തി"ശരീയായ് "ശൃംഗാര"മാ,ണാകയാൽ
പൂജിച്ചാനതിനെജ്ജവാ"ലമരുകം" ഭാഷപ്പെടുത്തിസ്വയം
യോജിച്ചോരണിഭൂഷയാകുമതിനാൽ ശ്രീകൈരളിത്തയ്യലാൾ
ഭ്രാജിക്കും പ്രഭയേൽപ്പതോർക്കിലവിടുന്നാരാദ്ധ്യനാണാർക്കുമേ. ൮

മാനംപൂണ്ടു, "മണിപ്രവാള"കവനപ്പൂമാല നാനാതരം
താനന്യൂനരസാലണിഞ്ഞുവളരാനക്കൈരളിക്കുഞ്ഞിനെ
ആനന്ദത്തോടനുഗ്രഹിച്ചനഘമായിട്ടും കവിതാത്തിനും,
ജ്ഞാനത്തിന്നുമതുല്യമായ നിധിയായ് വാണീടിനാനസ്സുധി. ൯

സത്തായുള്ള പദാൎത്ഥഭംഗി സതതം ചേൎത്തേററവും മാറെറഴും
വൃത്താലംകൃതിയാൽ വിചിത്രതരമാം ഭാവപ്രഭാവോദയം
ഒത്താദ്യന്തമമേയമാകിയരസം നല്കുന്ന സാഹിത്യസ-
മ്പത്താസ്സൽക്കവിസാൎവ്വഭൗമനനിശം വൎഷിച്ചു വാണാൻ ചിരം. ൧൦

സാഹിത്യത്തിലകൈതവാഭിരുചികൈക്കൊൾവോരെയെല്ലാരെയും
സ്നേഹിച്ചൻപിലനുഗ്രഹങ്ങളരുളിക്കൊൾകെന്ന മുഖ്യവ്രതം
സൌഹിത്യാൽ മുറുകെപ്പിടിച്ചൊരു മഹാ"രാജൎഷി"യദ്ധന്യനെ-
ന്നൂഹിക്കാതെ,യുറച്ചുതന്നെ പറയാമെല്ലാൎക്കുമെക്കാലവും. ൧൧

നാനാപത്രഗണങ്ങൾ, മാസികകൾ,ളെന്നല്ലേതുകാലത്തുമ-
ന്യൂനാപേതമനൎഘമാം കവിസമാജൌഘങ്ങളെന്നിങ്ങിനെ
ജ്ഞാനാധിക്യമിയററിടുന്ന പലതും സൎവ്വത്രസംരക്ഷചെ-
യ്താനാമാന്യസുധീന്ദ്രനെന്നചരിതം നാട്ടാൎക്കു പാട്ടായ്സദാ. ൧൨

മട്ടാതാ"മലയാള"മാകിയ മഹാഭാഷാകുടുംബം, പുകൾ-
പ്പെട്ടാകെബ്ബഹുപുഷ്ടിപൂണ്ടുവിലസാൻ വിദ്യാധനം നാൾക്കുനാൾ
മുട്ടാതേകി,യതിൻെറ കാരണവനായ്"കൈക്കോയ്മ"മോരോന്നുചെ-
യ്തിട്ടാണൂഴിയിൽ വാണിരുന്നതമലൻ, "വഞ്ചീശപരീ"വല്ലഭൻ. ൧൩

വാരാശിക്കിയലും ഗഭീരതയു,മാവാചസ്പതിക്കുള്ളതാ-
യോരാവിദ്യയു,മുല്ലസൽസുരഭിതൻ ദാനാപദാനങ്ങളും
താരാൎമാനിനിതൻ പ്രിയൻെറ കൃപയും വിത്തേശവിത്താദിയും
നേരായ് മൂൎത്തിയെടുത്ത പൂജ്യനവിടുന്നല്ലാതെയല്ലാരുമേ. ൧൪

അൻപാലൎത്ഥികൾ വിദ്യയാകിയ ധനത്തിന്നായടുക്കൊമ്പൊ,ള-
മ്പമ്പാ! തന്നുടെ ദാനവായ്പുവഴിപോൽക്കാണിക്കയാൽ "കൺ്ണ"നും
തൻപാദം പണിയുന്നതിന്നിടവരുത്തിത്തന്നെയാണന്നു, ധി-
വമ്പാലുമ്പർവരപ്രതാപി സുചിരം ശോഭിച്ചതബ്ഭൂമിപൻ. ൧൫

ഈമട്ടുത്തമചാരുസൽ"ക്കല"കളാൽ സൎവ്വത്രശോഭിച്ച ഭൂ-
സോമൻ, "കേരളവൎമ്മദേവ",നമലൻ ശ്രീ"വിഷ്ണുപാദങ്ങളിൽ"
ക്ഷേമത്തോടുലയിക്കിലും, "കുവലയ"ക്കൂട്ടങ്ങളൊട്ടാകവേ
ഹാ! മങ്ങാനിടയായി; തസ്സുകൃതിതൻ വേൎപാടിലുള്ളാടലാൽ! ൧൬

ഹാ! കാവ്യാംഗനകണ്ണുപൊട്ടിയനിലയ്ക്കായ്, കൈരളിക്കുട്ടിയൊ
ധികാ, ഞത്തലതീവമൂ,ത്തവശയായാലംബനാശത്തിനാൽ;
ആർ, കാരുണ്യരസാൎദ്രനായതുവിധം കാക്കാനവ, ക്കായതാ-
ണാകാംക്ഷാകുലരാക്കിവെച്ചിഹ വലയ്പിക്കുന്നതിന്നാരെയും. ൧൭

എന്നാലും, മഹനീയനാകുമവിടുന്നെപ്പോഴുമപ്പേരെഴും
സ്വന്നാരീമണിമാർ നിരന്നു രസമായ്പ്പാടുന്ന പാട്ടിൽ പരം
നന്നായ് കൈരളിതൻ മഹത്വവുമെടുത്തോതീടവേ, തൃപ്തനാ-
യൊന്നാകെപ്പുളകാങ്കുരത്തൊടരുളുന്നുണ്ടെന്നുറയ്ക്കാമിനി. ൧൮

വാനിൽക്കൂടി വരാംഗി കൈരളി വിശേഷിച്ചും സ്തുതിക്കർഹയായ്
മാനിക്കപ്പെട്ടുമെന്നു കണ്ടറികയാൽ, തൽഭാവിയിൽ ഭാവുകം
താനിമ്പത്തൊടു നേർന്നുകൊണ്ടരുളുമദ്ധന്യൻ നമുക്കൊക്കെയും
തേനിൻമാധുരിയൊത്ത വാക്കുവഴിയായാശിസ്സുണയ്ക്കും സദാ. ൧൯

ഏവം ശോഭനമായ തൻമഹിമയെപ്പററി പ്രശംസിക്കുവാൻ
കൈവന്നോരു രസാൽ "ശതാബ്ദ"മിവിടെക്കൊണ്ടാടുമീവേളയിൽ
ദൈവപ്രാർത്ഥനയോടതിന്നു വിജയം നേർന്നീടുകെന്നുള്ളതാ-
ണേവക്കും ചരിതാർത്ഥതയ്ക്കുവഴിയെന്നെല്ലാരുമോരേണ്ടതാം. ൨൦

നാട്ടിന്നും, നവകാന്തിചിന്തിവിലസും ഭാഷയ്ക്കുമേററം ഗുണം
നാട്ടി, പ്പാരിൽ വിശിഷ്ടനായി വിജയിച്ചോരാവിശുദ്ധാംഗനെ
കൂട്ടിക്കൊണ്ടുവരാനൊരാൾക്കുമിനിമേലാകായ്കയാ, ലന്വഹം
കാട്ടിക്കൊൾകതിയായ ഭക്തിയവിടുത്തെപ്പേരിൽ നാമെപ്പൊഴും!! ൨൧

കേരളവർമ്മപ്രസ്ഥാനം

(ചിറയ്ക്കൽരാമവർമ്മ വലിയരാജാവ്,

എം. ആർ. എ. എസ്സ്., എഫ്. ആർ. എച്ച്. എസ്സ്., എഫ്. ആർ. എസ്സ്. എ.)

വിവാഹബന്ധം നിമിത്തം എനിക്ക് എത്രയും അടുപ്പമുള്ള ഒരു കുടുംബത്തിലെ ഒരാളെപ്പറ്റി, അദ്ദേഹം എത്രതന്നെ വരിഷ്ഠനും കീർത്തനീയനുമായിരുന്നാലും ശരി, ഞാൻ വല്ലതുമെഴുതുന്നതു വളരെ ആലോചിച്ചു വേണമെന്നായിരിക്കുന്നു. പ്രത്യേകിച്ചു കായികമായ അലോസരങ്ങൾക്കിടയിൽ, എഴുതുകയെന്നത് എന്റെ ദൌർബ്ബല്യത്തെ എടുത്തുകാട്ടുമല്ലോ എന്ന വല്ലായ്മയ്ക്കു പുറമെ പ്രയാസമായും തീർന്നിരിക്കുന്നു. പക്ഷേ, അപേക്ഷകന്മാരുടെ മധുരവും ഉദാരവുമായ നിർബ്ബന്ധത്തെ തട്ടിമാറ്റുവാൻ എനിക്കാവുകയില്ലല്ലോ. അതിനാൽ മാത്രം, എന്റെ കേരളവർമ്മതമ്പുരാനെപ്പറ്റിയുള്ള ഈ ഗ്രന്ഥത്തിൽ ഞാനും ചിലതെല്ലാം കുത്തിക്കുറിക്കട്ടെ.

“നമ്മുടെ തലയ്ക്കുമുകളിൽക്കൂടി കാണാൻ കഴിയാതെ കടന്നുപോകുന്നകാലം നമ്മുടെ ആകൃതിയിലെന്നപോലെ ആഡംബരത്തിലും ആചാരത്തിലും സ്വഭാവത്തിലും പരിവർത്തനമുണ്ടാക്കുന്നു. ഓരോ അയ്യാണ്ടുകാലത്തിന്റെ അറുതിയിലും നമ്മുടെ വ്യക്തിത്വത്തിൽ എങ്ങിനെയോ ഒരു അന്തരം സംഭവിക്കുന്നുവെന്നും, വിശ്വാസത്തിലും വീക്ഷണത്തിലുമെന്നല്ല ഉദ്ദേശത്തിലും വ്യാപാരത്തിലുംകൂടി നാം പണ്ടത്തെപ്പുതനത്തിൽനിന്നും, വളരെ വ്യത്യസ്തപ്പെട്ടിരിക്കുന്നുവെന്നും കാണാവുന്നതാണ്.” ഏതാണ്ടിങ്ങിനെയുള്ള വാക്യങ്ങൾ സുപ്രസിദ്ധ ആംഗ്ലേയാഖ്യായികാകാരനായ ‘സ്കോട്ടിന്റെ’ ആബട്ട്’, എന്ന നോവലിൽ തുടക്കത്തിൽഉള്ളതായി ഞാൻ ഇപ്പോൾ ഓർക്കുന്നു. കേരളവർമ്മകോയിത്തമ്പുരാൻ ജനിച്ച് നൂറാണ്ടുകൾ കഴിഞ്ഞു; അന്തരിച്ചിട്ടിപ്പോൾ മുപ്പതു കൊല്ലങ്ങളായി. ആ മഹാനുഭാവന്റെ കാലശേഷം കേരളം, കാലത്തിന്റെ പിഞ്ഛികോച്ചാലനത്തിൽ എങ്ങനെയെല്ലാം മാറീട്ടില്ല!

പല മാതിരിയിലുള്ള കലഹങ്ങളും സൌന്ദര്യപ്പിണക്കങ്ങളും, അന്നൊന്നപോലെ, അന്നത്തെക്കാളും ചുറുക്കോടെ, ഇന്നും കേരളത്തിൽ നടന്നുവരുന്നു. മതപരമായ മത്സരങ്ങൾ സാമുദായികമായ സൌഹാർദ്ദക്കുറവുകൾ, ആർത്ഥികമായ അനർത്ഥങ്ങൾ, രാഷ്ട്രീയമായ കുഴപ്പങ്ങൾ എന്നിവയെല്ലാം മറുദേശങ്ങളെയെന്നപോലെ കേരളത്തേയും സ്തംഭിപ്പിക്കുന്നു. ഒരേ സംസ്കാരപരിഷ്കാരത്തിൽ, ദേശത്തെ ഉയർത്തുവാൻ പരിശ്രമിക്കേണ്ടുന്ന കേരളീയർ ഇപ്പോൾ ഇങ്ങനെ നാനാപഥങ്ങളിൽക്കൂടി സഞ്ചരിക്കുകയും ഏകകേരളത്തിന്റെ സംസ്ഥാപനത്തിൽ ശ്രദ്ധാലുക്കളാകാതിരിക്കുകയും ചെയ്യുന്നതു, കരളിനെപ്പുണ്ണാക്കുന്നു. എന്നാൽ പരീക്ഷണകുതുകിയായ മനുഷ്യന്റെ അതിരില്ലാത്ത ആശ നൂറായിരം വിചാരവികാരങ്ങളിലൂടെ പലമട്ടിലും പായുന്നതു മാനവമനസ്സിന്റെ സഹജമായ സ്വഭാവമാണല്ലോ എന്നു മനശ്ശാസ്ത്രദൃഷ്ട്യാ സമാധാനപ്പെടുകതന്നെ. കേരളീയരുടെ അഭിപ്രായപ്രകടനങ്ങൾ,വ്യക്തികളുടെ വൈവിധ്യമനുസരിച്ച് എത്രതന്നെ ബഹുമുഖങ്ങളാണെങ്കിലും, കേരളീയജനതയുടെ സുഷുമ്നാനാഡിയായി വർത്തിക്കുന്ന മലയാളസാഹിത്യത്തിന്റെ പരിപുഷ്ടിയിലും, മലയാൺമയുടെ ഐകരൂപ്യത്തിലും, മലയാളികളെല്ലാം മനസ്സുചെലുത്തേണ്ടതും, സാഹിത്യപരമായ സാത്വികസംസ്കാരത്തിൽ ഒരു ഐക്യസുഭഗമായ കേരളത്തെസ്സൃഷ്ടിക്കേണ്ടതുമാകുന്നു. കേരളവർമ്മ കോയിത്തമ്പുരാൻ ഈ ഒരു സംഗതിയിൽ എങ്ങിനെ നമുക്കെല്ലാം ആദർശപുരുഷനും ഗുരുഭൂതനുമാകുന്നുവെന്നു ഒന്നു നോക്കാം.

സാഹിത്യപരമായ പല പല വഴക്കുകളും പൊട്ടിപ്പുറപ്പെട്ടിരുന്ന ഒരുകാലത്തു, സ്വവാദങ്ങളുടെ സാധുതയും ഇതരാഭിപ്രായങ്ങളുടെ ആസ്വാദ്യതയും കൂട്ടിയിണക്കി മനോരഞ്ജ

കമായ പുതുതിരുമാനങ്ങൾ വരുത്തുന്നതിൽ കേരളവർമ്മതമ്പുരാൻ അവധാനപരനും ധാർമ്മികനുമായ ന്യായസ്ഥനായി പരിശോഭിക്കുന്നു. അവിടുത്തെ ആ ശാന്തഗംഭീരമായ സമ്പ്രദായത്തിൽ നിന്ന് ഇന്നത്തെ സാഹിത്യപടക്കൾ എത്ര വിപരീതമായ നിലയെ അവലംബിച്ചിരിക്കുന്നു.! സമുദായവാദികളാവുക, സുപ്രതിഷ്ഠലഭിച്ചുകഴിഞ്ഞിട്ടുള്ള ഉൽകൃഷ്ടകാവ്യങ്ങളെ, വ്യക്തിവിദ്വേഷത്തിന്റെ തള്ളിച്ചയിൽ, കക്ഷിനിരൂപണങ്ങൾ ചെയ്തു തനിക്കുചുററും സ്വാഭിപ്രായാനുവർത്തികളുടെ വിചിത്രപരിവേഷം നിർമ്മിക്കുന്നതിൽ ശ്രദ്ധാലുക്കളാകുക, കാലപ്പകർച്ചയേയും അവസ്ഥാന്തരത്തേയും ഗൌനിക്കാതെ, മൺമറഞ്ഞുപോയ വിമർശകന്മാരുടെ നിരൂപണങ്ങൾ ആധുനികമാനദണ്ഡത്തെമാത്രം അവലംബിച്ചുകൊണ്ടു അങ്ങേയററം ആക്ഷേപിക്കുന്ന റെളിച്ചപ്പാടന്മാരാവുക എന്നിങ്ങനെ പലതരത്തിലും ഇന്ന് സാഹിത്യകാരന്മാർ വ്യാപരിച്ചുപോരുന്നു. ഈ ഒരുനില തുടൎന്നുകൊണ്ടിരിക്കുവാൻ ഒരിക്കലും പാടുള്ളതല്ല. ഗരുഡസർപ്പങ്ങളോ, കുബേരകുചേലരോ ഇല്ലാത്ത ഒരു സാഹിത്യലോകത്തെ സൃഷ്ടിക്കുവാൻ നാം വെമ്പുന്നില്ലെങ്കിൽ ദേശഭക്തിയെന്നോ ഭാഷാഭിമാനമെന്നോ ഉള്ള ഉൽകൃഷ്ടഗുണങ്ങൾ നമ്മിൽ തൊട്ടുതെറിപ്പിച്ചിട്ടില്ലെന്നായിത്തീരും.

വടക്കു ചന്ദ്രഗിരിപ്പുഴമുതൽ തെക്കു കന്യാകുമാരിവരെ, കുന്നുകളുടെ ഇടയിൽ നീണ്ടു വിശാലമായിക്കിടക്കുന്ന കേരളത്തിലെ ജനത രാഷ്ട്രമെന്ന നിലയിൽ മൂന്നു നാട്ടുവാഴികളുടെ ഭരണമണ്ഡലങ്ങളിൽ വർത്തിക്കുന്നു. എന്നാൽ തിരുവിതാംകൂറുകാരനും കൊച്ചിക്കാരനും ബ്രിട്ടീഷുമലബാറുകാരനും എല്ലാം അടിമുതൽ മുടിയോളം. മലയാളിയായിത്തന്നെയിരിക്കുന്നതേയുള്ളൂ ഇന്നത്തെക്കാളും ദേശാഭിമാനവും ഭാഷാഭിനിവേശവും പണ്ടെത്തെക്കാലത്തുണ്ടായിരുന്നു എന്നു തെക്കുവടക്കെന്നു വ്യത്യാസം ഇല്ലാതെ പണ്ഡിതന്മാരും കവികളും കൂടിക്കഴിഞ്ഞുപോന്നിരുന്നതിന്നു ഗവേഷണകുതുകികൾക്കു തെളിവുകൾ അനേകം കണ്ടുകിട്ടിക്കൊണ്ടിരിക്കുന്നു. ആ നല്ലനിലയിൽനിന്നു കുറേയേറെ ഇറങ്ങിപ്പോയില്ലയോ എന്നു ശങ്കിക്കേണ്ടുന്ന ഒരു അവസ്ഥയിലാണ് നാം ഇന്നു എത്തിയിരിക്കുന്നതു്. ദേശഭേദത്തോടൊപ്പം ഭാഷാഭേദം വാമൊഴിയിൽ വന്നുചേരുന്നതു സംഭാവ്യവും ക്ഷന്തവ്യവുമാകുന്നു. പക്ഷേ, സാഹിത്യത്തിൽ ചേരിപിരിയലും, തൊഴുത്തിൽക്കുത്തും സംഭവിക്കുന്നത് എങ്ങനെ സഹനീയമാകും.!

വയോധികനായ എന്നെ സംബന്ധിച്ചേടത്തോളം നമ്മുടെ സാഹിത്യഗുരുഭൂതന്മാരായി പരിലസിക്കുന്ന പാവനാത്മാക്കളിൽ കേരളവർമ്മകോയിത്തമ്പുരാൻ കേരളപ്പഴമയേയും കേരളപ്പുതുമയേയും കൂട്ടിയിണക്കി അവതരിപ്പിച്ച സംക്രമപുരുഷനാകുന്നു. അവിടുന്നു വ്യക്തിത്വത്തിൽനിന്നുയൎന്നുവന്ന ഒരു പ്രസ്ഥാനമാകുന്നു. ആ പ്രസ്ഥാനത്തിന്റെ പരിപൂതമായ പരിപാടിയാകുന്നു ധന്യമായ സാഹിത്യവ്യവസായം. അതിന്റെ അക്ഷയമായ ഉദ്ദേശം ജ്ഞാനസാക്ഷാൽകാരമാകുന്നു. അതിന്റെ ഉൽകൃഷ്ടമായ ഫലം നീതിയും നെറിയും നിറഞ്ഞ ഏകകേരളസ്ഥാപനമാണെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

കലയിലേ ഒരു നവീനപ്രസ്ഥാനം

(പി. സി. ദേവസ്യ എം. എ.)

“ഇംപ്രഷണിസം”—പാശ്ചാത്യരുടെ സാഹിത്യത്തിലും ആലേഖ്യവിദ്യയിലും പ്രസിദ്ധമായ ഒരു പ്രസ്ഥാനവിശേഷത്തിന്റെ നാമധേയമാണിതു്. ഇതിനേക്കുറിച്ചു ചിന്തിച്ചിട്ടില്ലാത്ത സഹൃദയന്മാർക്കു, നാമശ്രവണത്തിലുണ്ടായേക്കാവുന്ന വൈമുഖ്യം കാര്യഗ്രഹണത്തോടുകൂടി ശമിക്കുമെന്നു വിശ്വസിക്കുന്നു. എന്നാൽ കാര്യം ഗ്രഹിപ്പിക്കുവാൻ തുടങ്ങുന്നതിനുമുൻപു് ‘ഇംപ്രഷണിസം’ എന്ന പേരിന്റെ ആഗമം സൂചിപ്പിക്കുന്നതു് ഉചിതമായിരിക്കുമല്ലോ.

1874-ൽ ഫ്രാൻസിൽ നാഡർചിത്രശാലയിൽ എഡ്വർഡ്മാനേ (Manet) എന്ന പ്രസിദ്ധചിത്രകാരന്റെയും അദ്ദേഹത്തിന്റെ സംഘത്തിൽപെട്ടവരുടേയും ചിത്രങ്ങൾ പ്രദർശിപ്പിക്കുകയുണ്ടായി. മാനേയുടെ ചിത്രത്തിന്റെ വിഷയം ‘കടലിലെ സൂര്യോദയ’മായിരുന്നു. എന്നാൽ അതിനു ചിത്രനാമസൂചിയിൽ കൊടുത്തിരുന്ന പേരു് Une Impression എന്നായിരുന്നു. സൂര്യോദയത്തിന്റെ ഒരു ചിത്രം ഒററനോട്ടത്തിൽ പ്രേക്ഷകന്റെ ഹൃദയത്തിൽ മുദ്രിതമാക്കുവാൻ (Impress) സമർത്ഥമായമട്ടിലായിരുന്നുവത്രേ അതിന്റെ വിലേഖനം. മാനേയുടെ കൂട്ടുകാരുടെ തത്സദൃശങ്ങളായ ചിത്രങ്ങൾക്കും ഇതുപോലെ വിചിത്രങ്ങളായ പേരുകളാണു നൽകപ്പെട്ടിരുന്നതു്. തന്നിമിത്തം പ്രേക്ഷകന്മാരുടെകൂട്ടത്തിൽ അവിടെ സന്നിഹിതനായിരുന്ന ഫ്രഞ്ചുസാഹിത്യവിമർശകൻ മോൺഷ്യർ യൂളേ ക്ലാറെററി ആ പ്രദർശനത്തിനു് ‘ഇംപ്രഷണിസ്ററുകാരുടെ പ്രദർശനം’ എന്നു നാമകരണംചെയ്തു. ഈ പേരു് അപ്പോൾത്തന്നെ പത്രലേഖകന്മാരുടെ കൈയിൽ കിട്ടി. അവർ അതു പ്രചരിപ്പിക്കുകയും, അതിന്റെ ഔചിത്യംനിമിത്തം ചിത്രകാരന്മാർതന്നെ അതു സ്വീകരിക്കുകയുംചെയ്തു. ഇങ്ങനെയാണു് ഈ നാമധേയം ലബ്ധപ്രതിഷ്ഠമായതു്.

ഇനി ഈ പ്രസ്ഥാനത്തിന്റെ സ്വഭാവമെന്തെന്നു വിശദമാക്കാം. പ്രായേണ സമകാലികസംഭവങ്ങൾ ചിത്രങ്ങൾക്കു വിഷയമാക്കിയിരുന്ന ‘റിയലിസ’ത്തിന്റെ സന്താനംതന്നെയാണു് ഇംപ്രഷണിസം. എന്നാൽ ഇതിന്റെ പുതുമ വിലേഖനീയവസ്തുവിലല്ല, വിലേഖനരീതിയിലാണു സ്ഥിതിചെയ്യുന്നതു്. ഈ രീതിയ്ക്കുതന്നെ രണ്ടു വശങ്ങളുണ്ടു്: രൂപസംബദ്ധമെന്നും, വർണ്ണസംബദ്ധമെന്നും. ഇവയിൽ രൂപസംബദ്ധമായ ഇംപ്രഷണിസത്തിന്റെ തത്വം മാത്രമാണിവിടെ വിവരിക്കുവാൻപോകുന്നതു്. ഇംപ്രഷണിസ്ററുകാർ വാദിക്കുന്നതിങ്ങനെയാണു്: ഒരു ചിത്രത്തിന്റെ സകല വിസ്തരാംശങ്ങളും ഒരേസമയത്തു് ഒററനോട്ടത്തിൽ കാണുവാൻ മാനുഷചക്ഷുസ്സിനു ശക്തിയില്ല. ഓരോ അംശത്തിന്റെയും പൂർണ്ണരൂപം കാണുവാൻ കണ്ണിനെ ക്രമേണ ഓരോസ്ഥാനത്തുനിന്നുമിളക്കി മറേറാരോന്നിൽ നിക്ഷേപിച്ചെങ്കിൽമാത്രമേ അതു സാധിക്കുകയുള്ളു. തന്നിമിത്തം ഒരു ചിത്രത്തിന്റെ സകല ഭാഗങ്ങളും സമഗ്രമായി ദർശിക്കുവാൻ അവിച്ഛിന്നമായും പരമ്പരിതമായുമുള്ള വീക്ഷണം വേണ്ടിവരുന്നു. രുഗ്മിണിയെക്കണ്ട രാജാക്കന്മാരുടെ സതൃഷ്ണങ്ങളായ ലോചനങ്ങൾ

‘മുററും താൻ ചെന്നുള്ളോരംഗത്തെക്കൈവിട്ടു
മറെറാന്നിൽ ചെല്ലുവാൻ വല്ലീലപ്പോൾ’

എന്നു കവി പരിഹസിക്കുന്നതിൽ ഹാസ്യം മാത്രമല്ല, മനുഷ്യന്റെ മാനസികവും ചാക്ഷുഷവുമായ ദൗർബല്യവും ദ്രഷ്ടവ്യമാണു്. ഈ ന്യൂനതയെ രൂപസംബദ്ധമായ ഇംപ്രഷണിസം പരിഹരിക്കുന്നു. ചിത്രത്തിലെ വസ്തു വിശാലമായും, പ്രത്യേകാംശങ്ങളിൽ പ്രേക്ഷകന്റെ ദൃഷ്ടി തറഞ്ഞുപോകുന്നതിനിടയാക്കാതെ ഒററനോട്ടത്തിൽ അയാൾക്കു വസ്തുസ്വരൂപം ഗ്രഹിക്കത്തക്കവിധത്തിലും, ലേഖനംചെയ്തിരിക്കേണ്ടതാണെന്നാണു്. അവരുടെ സിദ്ധാന്തം. മുൻപറഞ്ഞ പരമ്പരിതദർശനം (consecutive vision) എന്നതിനു വിപരീതമായി, ഈ രീതിക്കു്—അതായതു് ഇങ്ങനെ തൽക്ഷണംതന്നെ പരപ്പിൽകാണുന്ന

സമ്പ്രദായത്തിന്—തൽക്ഷണികദർശനം (Instantaneous vision) എന്നു പേർ പറയാം. കലാവിദ്യയിൽ ഇതൊരു പുതിയ കണ്ടുപിടുത്തമൊന്നുമല്ല. പ്രാചീനകലാവിദഗ്ദ്ധന്മാർ, വിശിഷ്യ വെലാസ്ക്കേ, ഈ രീതി പ്രയോഗിച്ചിട്ടുണ്ട്. എന്നാൽ ചിത്രങ്ങളിൽ അനവധി വിസ്തരാംശങ്ങൾ നിരത്തിവയ്ക്കുന്ന പഴയ രീതി കണ്ടു സഹൃദയന്മാർ മുഷിഞ്ഞുവശായ ഒരു ഘട്ടത്തിൽ വിസ്ലർ എന്ന കലാകുശലൻ ഈ സമ്പ്രദായം പ്രചരിപ്പിച്ചപ്പോൾ ഇംഗ്ലൻഡിലാകെ വലിയൊരു കോളിളക്കമുണ്ടായി. വസ്തുവിൻെറ സകലാംശങ്ങളും വിസ്തരിച്ചുകാണിക്കാത്ത ചിത്രങ്ങളെ പഴയ ഗണത്തിൽപ്പെട്ട വിമർശകന്മാർ 'അസമാപ്തങ്ങൾ' (unfinished) എന്നു പറഞ്ഞ് അവഹേളിക്കയുണ്ടായിട്ടുണ്ട്. ഹാംലററിലെ നായികയായ ഒഫീലിയ അരുവിയിൽവീണ് മുങ്ങിമരിക്കുന്ന ചിത്രം മില്ലിയാ (Millias)എന്ന ചിത്രകാരൻ ലേഖനംചെയ്തിട്ടുള്ളതും, അതേ വിഷയംതന്നെ ഡെലക്രോ (Delacroix) ചിത്രണംചെയ്തിട്ടുള്ളതും മുൻപറഞ്ഞ രണ്ടു പ്രസ്ഥാനങ്ങൾക്കും യഥാക്രമം ഉദാഹരണങ്ങളാണെന്നു പറയാം. ആദ്യത്തേതിൽ പ്രകൃതിയും അതിലേ സുന്ദരാംശങ്ങളും സവിസ്തരമായും താദാത്മ്യത്തോടുകൂടിയും ചിത്രീകരിച്ചിട്ടുണ്ട്. എന്നാൽ ആ പ്രകൃതിവിഭവങ്ങൾ നമ്മുടെ ശ്രദ്ധയെ ഒഫീലിയയിൽനിന്നും അകററിക്കളയുന്നു. രണ്ടാമത്തേതായ, ഡെലക്രോവിൻെറ ചിത്രമാകട്ടെ, ഒററനോട്ടത്തിൽ ഒഫീലിയയെ നമ്മുടെ ദൃഷ്ടിപഥത്തിൽ കൊണ്ടുവരുന്നു. പ്രകൃതിയുടെ കഥ അവിടെ നാം സ്മരിക്കുന്നേയില്ല. ഒഫീലിയയുടെ വീഴ്ചയാണു ഒന്നാമതായി നമ്മുടെ മനസ്സിൽ മുദ്രിതമായിത്തീരുന്നത്. തന്നിമിത്തം രണ്ടാമത്തേതു ഇംപ്രഷണിസ്റ്റ്"പ്രസ്ഥാനത്തിൽപ്പെട്ട ഒരു ചിത്രമാണെന്നു നിസ്സംശയം പറയാം.

കലാപ്രസ്ഥാനങ്ങൾക്കെല്ലാം സാഹിത്യത്തോടു വളരെ ബന്ധമുള്ളതിനാൽ ഇംപ്രഷണിസത്തിൻെറ സ്വഭാവം ഉപരി വിശദീകരിക്കുവാൻ മലയാളസാഹിത്യത്തിൽനിന്നു സ്വല്പം ഉദാഹരിച്ചുകൊള്ളുന്നു. കോപപ്രകടനം മൂന്നു മഹാകവികൾ മൂന്നു ഘട്ടങ്ങളിൽ വർണ്ണിച്ചിട്ടുള്ളതു് പ്രകൃതത്തിൽ താരതമ്യം അർഹിക്കുന്നു. ആദ്യം വിസ്തരപ്രിയനായ കുഞ്ചൻനമ്പിയാരുടെ വർണ്ണനമെടുക്കാം. ഗൃഹനായകനായ ഭടൻ വിശന്നുവലഞ്ഞു വീട്ടിലേക്കുവരുമ്പോൾ അവിടെ

കായക്കഞ്ഞിക്കരിയിട്ടില്ല
ആയതുകേട്ടുകലമ്പിച്ചെന്നവ-
നായുധമുടനേ കാട്ടിലെറിഞ്ഞു;
ചട്ടുതിളയ്ക്കും വെള്ളമശേഷം
കുട്ടികൾതന്നുടെ തലയിലൊഴിച്ചു;
കെട്ടിയപെണ്ണിനെ മടികൂടാതെ
കിട്ടിയവടികൊണ്ടൊന്നു പിടച്ചു;
ഉരുളികൾ കിണ്ടികളൊക്കെയുടച്ചു;
ഉരലുവലിച്ചു കിണററിൽമറിച്ചു;
ചിരവയെടുത്തഥ തീയിലെരിച്ചു;
അരകല്ലങ്ങു കുളത്തിലെറിഞ്ഞു
അതുകൊണ്ടരിശം തീരാഞ്ഞവ-
നപ്പുരയുടെചുററും പാഞ്ഞുനടന്നു.

ഇവിടെ വർണ്ണനത്തിൻെറ പരപ്പുമൂലം നമ്മുടെ ശ്രദ്ധ കോപിഷ്ഠനായ ഗൃഹനായകനിൽനിന്ന് ഇടയ്ക്കിടക്കു മാറി, അയാളുടെ കോപത്തിൻെറ രുചി അനുഭവിക്കുന്ന കുട്ടികൾ, ഭാര്യ, ഉരുളി, ഉരൽ, ചിരവ, അരകല്ല് മുതലായ ചേതനാചേതനങ്ങളുടെമേൽ പതിയുന്നു. ഇതിൽനിന്നു ഭിന്നമായി മഹാകവി വള്ളത്തോളിൻെറ 'ശിഷ്യനും മകനും' എന്ന കൃതിയിൽ കോപപ്രകടനത്തിൻെറ ഒരു രംഗം വർണ്ണിച്ചിരിക്കുന്നതു് ഇവിടെ ഉദ്ധരിക്കാം. പാർവ്വതീപരമേശ്വരന്മാർ കൈലാസത്തിൽ വിഹരിക്കുന്നു. ആരും അവിടെ കടന്നുചെന്ന് അവർക്കു വിശ്രമഭംഗംവരുത്താതിരിക്കാനു പുത്രനായ ഗണപതിയെ കാവൽനിറുത്തിട്ടുണ്ട്. ഈ സന്ദർഭത്തിലാണു പരമേശ്വരശിഷ്യനായ പരശുരാമൻെറ ഗുരുസന്ദർശനത്തിനായുള്ള പുറപ്പാട്. അകത്തേക്കു കടക്കാൻ വെമ്പുന്ന പരശുരാമനെ ഗണപതി തടയുന്നു. 'പോകട്ടെ ഞാൻ, വിടു!' എന്നു ഭാർഗ്ഗവൻ. 'വിടില്ല, കടന്നുകൂടാ!' എന്നു ഗണപതി. 'ഛീ! വക്രവൃത്തി തുടരുന്നതു രാമനോടോ?' എന്ന് ഉദ്ധതനായ പരശുരാമൻ. 'ഏവംപറഞ്ഞു മുറുകി ദ്വിജദേവർ തമ്മിൽ ഭാവംപകന്നു പിടിയുംവലിയുംതുടങ്ങി' യതിന്നിടയ്ക്ക് ഗണേശൻ തുമ്പിക്കരംകൊണ്ടു പരശുരാമൻെറ കാലിൽ പിടികൂടി അദ്ദേഹത്തെ വട്ടംകറക്കിത്തുടങ്ങി. അതിദീർഘവിഗ്രഹനായ ഭാർഗ്ഗവരാമൻ ചക്രവാളപരിധിയെ അതിക്രമിച്ചു കറങ്ങിത്തുടങ്ങി. എന്നാൽ തക്കംനോക്കി രാമനു മഴുകൊണ്ട്ആഞ്ഞൊരുവെട്ട്! ഗണപതിയുടെ കൊമ്പുമുറിഞ്ഞു താഴെവീണപ്പോൾ 'ബ്രഹ്മാണ്ഡമൊട്ടുക്കൊരു ഞെട്ടൽഞെട്ടി'. ഈ ശബ്ദംകേട്ടു പരിഭ്രമിച്ചു രങ്ഗത്തേ

കഴവന്ന പാർവ്വതി കണ്ടതു മകൻ പരിക്കേററ് ചോരയൊഴക്കി കിടക്കുന്ന കാഴ്ചയാണ്. ഇവിടെ കവി പാർവ്വതിയുടെ കോപം ഒരു പൊടി കൈക്കൊണ്ട ഭംഗിയായി പ്രകാശിപ്പിക്കുന്നു. പാർവ്വതിക്കു കോപം പരശുരാമനോടല്ല, പ്രത്യുത ആ ശിഷ്യന് അതിസ്വാതന്ത്ര്യം അനുവദിച്ചുകൊടുത്ത തൻെറ ഭർത്താവിനോടാണ്:

ഉടൻ മഹാദേവിയിടത്തുകയ്യാ-
ലഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി
ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി-
പ്പാശ്വസ്ഥനാകും പതിയോടുരച്ചു.

"കിട്ടീലയോ ദക്ഷിണ വേണ്ടുവോളം
വിശിഷ്ടനാം ശിഷ്യനിൽ നിന്നിദാനീം..."

ഇത്യാദി.

ഇവിടെ ദേവിയുടെ 'ജ്വലിച്ച കൺകൊണ്ടുള്ള നോട്ടം' അവരുടെ കോപത്തെ സമഗ്രമായി പ്രകാശിപ്പിക്കുമാറ് ആ രംഗം മുഴുവൻ പരന്നുകിടക്കുന്നു. കോപത്തിൻെറ ഇതരാനുഭാവങ്ങളായ പുരികംചുളിക്കൽ, അധരംവിറയ്ക്കൽ കണ്ണിനററംകലങ്ങൽ ഇവയൊന്നും കവി വിസ്തരിച്ചു വർണ്ണിക്കുന്നില്ല. ദേവിയെ തുള്ളിച്ചാടിക്കുന്നുമില്ല. 'ആ ജ്വലിച്ച കൺകൊണ്ടുള്ള നോട്ടം' ഒന്നുമാത്രം, ഒരിംപ്രഷണിസ്റ്റ്ചിത്രം ദൂരവർത്തിയായ പ്രേക്ഷകനിലെന്നപോലെ, വായനക്കാരനിൽ തൽക്ഷണാനുഭവമുണ്ടാക്കുവാൻ ധാരാളം പര്യാപ്തമാണ്.

ചിത്രമെഴുത്തിലെ പ്രസ്ഥാനവിശേഷങ്ങളെ ഭാഷാസാഹിത്യത്തിൽ ഇണക്കിക്കാണിക്കുവാൻ ആദ്യമായി പുറപ്പെടുന്ന ഒരുവൻെറ പ്രയാസമേറിയ ചുമതലയാണ് ഉചിതങ്ങളായ ദൃഷ്ടാന്തങ്ങൾ തേടിപ്പിടിച്ചു പ്രകൃതം വിശദീകരിക്കുക. ഭാഷാകാവ്യസാമ്രാജ്യത്തിൽ മഹാകവി ഉള്ളൂർ നിർമ്മിച്ചിട്ടുള്ള വിചിത്രവിശാലമായ ചിത്രശാലയിൽ കടന്നു നോക്കിയാൽ ഏതുതരം പ്രസ്ഥാനങ്ങൾക്കും മാതൃകകൾ കണ്ടെത്താൻ കഴിയും. ആഖ്യാനപരമായ കവനങ്ങളിൽ ഉൽക്കടഭാവങ്ങൾ അനുവാചകഹൃദയങ്ങളിൽ മുദ്രണംചെയ്യാൻ ചില നാടകീയകൗശലങ്ങൾ ഉള്ളൂരിനുണ്ട്. അദ്ദേഹത്തിൻെറ ഒരിംപ്രഷണിസ്ററുചിത്രം —രോഷാകുലനായ രാമശാസ്ത്രിയുടെ ചിത്രം— ഇനി വായനക്കാരുടെ സമക്ഷം പ്രദർശിപ്പിക്കാം, സന്ദർഭം ഇതാണ്:—പേഷ്വാ രഘുനാഥരായർ കിരീടാവകാശിയായ നാരായണറാവുവിനെ ഗൂഢമായി വധിപ്പിച്ചു സിംഹാസനം കരസ്ഥമാക്കി. മററുവല്ലവൻേറയും തലയിൽ ഈ അപരാധം കെട്ടിവച്ച് ലോകസമക്ഷം മര്യാദക്കാരനാവാനുറച്ച രഘുനാഥരായർ ഈ വധത്തേക്കുറിച്ചന്വേഷണം നടത്താൻ ബഹുജനസമ്മതനും ധർമ്മധീരനുമായ രാമശാസ്ത്രി എന്ന വൃദ്ധന്യായാധിപനെ നിയോഗിച്ചു. ഏതാനും ദിവസങ്ങൾകൊണ്ട് അന്വേഷണമെല്ലാം കഴിച്ചു ശാസ്ത്രി രഘുനാഥനും സദസ്യരുമിരുന്ന മണ്ഡപത്തിൽ പ്രവേശിക്കുന്നു. ഉള്ളിലുള്ള സംഭ്രമം ഗാംഭീര്യനാട്യം കൊണ്ടു മറച്ച് ദുഷ്ടനായ രഘുനാഥൻ ശാസ്ത്രിയോടു ചോദിക്കുകയാണ്: "എന്തായി, അന്വേഷണത്തിൽ സൂക്ഷ്മമെല്ലാമറിഞ്ഞോ? ആരാണ് ആ ഓമനബാലൻെറ ഘാതകൻ? കാര്യം ശരിക്കറിഞ്ഞെങ്കിൽ പറഞ്ഞാൽമതി. അല്ലെങ്കിൽ മൗനമായിരിക്കും ഭേദം. എൻെറ നില, എൻെറ കുലം, കാര്യത്തിൻെറ ഗുരുത്വം, ഭവിഷ്യത്ത് ഇതൊക്കെ ആലോചിച്ചു വേണം അങ്ങു വിധിക്കുവാൻ."

എന്താണിതിനു ശാസ്ത്രിയുടെ മറുപടി?

'സാക്രന്ദമാമമ്മൊഴി കേട്ടു തൻെറ
ധർമ്മാസനംവിട്ടെഴുന്നേററു ശാസ്ത്രി
അപ്പാപിയിൽച്ചേർത്തു തദക്ഷിരണ്ടു-
മാഗ്നേയമാം ഗോളയുഗംകണക്കേ!'

നോക്കുക, ഈ അവസാനത്തെ വരികൾ ധാർമ്മികരോഷാവിഷ്ടനായ ആ വൃദ്ധൻെറ ദഹിപ്പിക്കുന്ന നോട്ടം അദ്ദേഹത്തിനഭിമുഖമായിരിക്കുന്ന ആ ഖലൻതന്നെയാണ് കുമാരൻെറ ഘാതകനെന്നു വിളിച്ചുപറയുന്നില്ലേ? അതെ, രണ്ടു നിമിഷത്തെ നിശ്ശബ്ദതയ്ക്കുശേഷം അദ്ദേഹത്തിൻെറ മുഖത്തുനിന്നും മേഘഗർജ്ജിതമെന്നപോലെ പൊട്ടിപ്പുറപ്പെടുന്ന,

'മഹാപ്രഭോ! കശ്മലനങ്ങുതന്നെ
മത്സ്വാമിതൻ മാരണഹേതുഭൂതൻ!'

എന്ന ധീരവാക്യം തന്നെയാണ് കനൽപ്പൊരിപാറുന്ന ആ കണ്ണുകളിൽ നമുക്കു വായിക്കാവുന്നതു്. 'ആഗ്നേയമാം ഗോളയുഗംകണക്കെ!'—ഇതുമാത്രം കിട്ടിയാൽമതി സന്ദർഭവേ

കേരളോപഹാരം

(വെണ്ണിക്കുളം ഗോപാലക്കുറുപ്പ്)

ആരംലിഞ്ഞരുൾകയാൽ നുകർന്നുവോ,
കേരളം, സരസനാടകാമൃതം;
ഭൂരമാവരണമാല്യമാണൊരാ-
വീര'കേരള'കവിയ്ക്കു വന്ദനം. ൧

നാളിൽനാളിലഭിവൃദ്ധിയാർന്നു നീ
കേളിപെററ മൊഴിയായി, കൈരളി!
വേളിതൊട്ടു, മലയാളമേദിനീ-
കാളിദാസകരലാളനങ്ങളാൽ. ൨

തുള്ളിനിന്ന തിമിരത്തെ മാച്ചുകൊ-
ണ്ടുള്ളിലുജ്ജ്വലവെളിച്ചമേററുവാൻ,
പള്ളിവാനിലെതിരററ താരമാം
വെള്ളിപോലുദയമാർന്നു തമ്പുരാൻ. ൩

അന്നു പുസ്തകദരിദ്രയായ് സ്വയം
നിന്നുതേങ്ങിയ കുമാരി കൈരളി,
ഇന്നു മുന്നിലഴകുററ പുസ്തക-
ക്കുന്നുകാൺമൂ, തിരുമേനികാരണം. ൪

വാരിവററിയ സരസ്സിനംബുദം
മാരിപോലെ, മധുരാക്ഷരങ്ങളാൽ
ഭൂരിദീനത കലർന്ന കൈരളി-
ക്കാരിവണ്ണമരുളീ വിഭൂതികൾ? ൫

മന്ദിയാതൊഴുകിയിങ്ങു പൂമധു-
സ്യന്ദി'മംഗള'മയൂര'ഭാഷണം;
നന്ദി! വന്ദ്യകവിചക്രവർത്തിയെ-
ബ്ഭന്ദിയാക്കിയ മഹാധികാരമേ! ൬

ഏതുതൃക്കരമിണങ്ങി ലക്ഷ്മിതൻ
കൌതുകോൽപുളകമായ പാണിയിൽ;
ശ്രീതുളമ്പുമതിൽ വാണതൂലികേ!
ചാതുരിക്കു വിളഭൂമിയായി നീ. ൭

ദേവി സംസ്കൃതസരസ്വതിയ്ക്കുമുൾ-
പ്പൂവിനുത്സവമണച്ചുകൊള്ളുവാൻ
ഈ വിശിഷ്ടകവിശില്പി നൽകിനാൻ
ശ്രീ'വിശാഖവിജയാ'ദി ഭൂഷകൾ. ൮

എത്ര നിസ്സ്വകവിയെന്നിരിക്കിലും
മിത്രമെന്നു കരുതീ മഹാശയൻ;
അത്ര സാഗരവിശാലചിത്തനിൽ-
ക്ഷത്രഗൌരവമൊതുങ്ങിനിന്നുതേ. ൯

അൻപിയന്നൊരവിടു'ന്നനന്ത'യിൽ-
ത്തൻപിറപ്പു ചരിതാർത്ഥമാക്കിനാൻ;
കുമ്പിടുന്നു —, ശതവർഷപൂർത്തിതൻ
മുമ്പിലിസ്മരണ കാഴ്ചവെച്ചു ഞാൻ. ൧൦

ദിയായ ഒരു ചിത്രകാരനു് ഒന്നാന്തരമൊരു ഇംപ്രെഷണിസ്റ്റ്ചിത്രം രചിക്കുവാൻ. വിശന്നുവലയുന്ന ആ പരുക്കൻ പട്ടാളക്കാരന്റെയോ, മകൻ പരിക്കേററു കിടക്കുന്നതു കണ്ട പുത്രവത്സലയായ മാതാവിന്റെയോ സ്വാർത്ഥജന്യമായ കോപത്തിൽനിന്നെത്രയോ ഭിന്നമാണു്, അധർമ്മവിദ്വേഷിയായ ഒരു ശമധനന്റെ ധാർമ്മികകോപം! ഗൃഹനായകനായ ഭടന്റെ രോഷകോലാഹലം നമ്മെ ചിരിപ്പിക്കുന്നു; ദേവിയുടെ ജ്വലിച്ചകൺകൊണ്ടുള്ള നോട്ടം രസിപ്പിക്കുന്നു; ശാസ്ത്രിയുടെ ആഗ്നേയഗോളസദൃശമായ അക്ഷികൾ വിറപ്പിക്കുന്നു. അപരാധികളിൽ സംഭ്രാന്തിയുളവാക്കുന്ന മർമ്മവേധികളായ ആ നേത്രങ്ങളുടെ ജ്വാലയിൽ രഘുനാഥരായരും അയാളുടെ ഗാംഭീര്യവുമെല്ലാം ഉരുകിപ്പോയില്ലെങ്കിൽ അത്ഭുതമല്ലേ? അല്പസാമഗ്രികൊണ്ടു് അധികഫലംകാട്ടുന്ന കവിയുടെ ഇന്ദ്രജാലം! — ഇതാണു് ഇംപ്രെഷണിസം.

The
Travancore Forward Bank Ltd.,

(ESTABLISHED 1929)

KOTTAYAM.

CAPITAL:

Authorised	Rs. 25,00,000
Issued, & Subscribed	Rs. 25,00,000
Paid up	Rs. 15,00,000
Reserves	Rs. 2,36,000
Total Resources (June 30th, 1946)	Rs. 2,20,00,000

HEAD OFFICE: KOTTAYAM, TRAVANCORE.

BRANCHES:

Adoor
Alleppey
Alwaye
Calicut
Cochin
Chalai
Changanacherry
Chengannur
Chirayinkil
Coimbatore
Ernakulam
Kayamkulam
Kothamangalam
Kottayam
K. K. Road (Kottayam)
Kozhencherry
Kottarakara
Madras
Marthandam
Mavelikara
Madura
Munnar
Mundakayam
Muvattupuzha
Nagercoil
Ootacamund
Palai
Parur
Perumbavoor
Punalur
Ponkunnam
Palghat
Quilon
Shertallai
Shenkottai
Thiruvalla
Thirupur
Thodupuzha
Trichur
Trivandrum
Vaikom

PAY OFFICES:

Aiyroor
Colachal
Edappally
Karunagappally
Kumbanad
Kuthiathode
Kundara
Mallappally
Nedumangad
Nedunganda
Pattom (Trivandrum)
S. Paravoor
Vadaserry

BOARD OF DIRECTORS:

K. K. Thomas, B. A. B. L., Retd. Dist. & Sessions Judge, Kottayam.
K V. Chidambara Iyer, Banker & Landlord, Vaikom.
A. V. George, Ancheril House, Kottayam.
Dewan Bahadur Dr. V. Varughese, "Pearl Moore", Thiruvalla.
K. A. Paulose, Retd. High Court Judge, Chembukave, Trichur.
M. C. Mathew, Kottayam. *(Managing Director).*
C. M. Cherian, M. A., Kottayam. *(Secretary)*

ALL KINDS OF BANKING BUSINESS TRANSACTED.

STATEMENT OF PROGRESS

Year	Capital paid up	Reserves	Deposits	Cash Balance	Investments	Dividend	Total Resources
1930	26,750	1,300	33,069	10,126	Nil	15%	67,205
1933	35,750	2,800	48 652	2,849	Nil	15%	91,572
1936	41,950	8,500	1,51,816	41,056	28,866	10%	2,07,173
1939	54,910	11,500	3,97,112	88,094	76,085	10%	5,39,834
1942	61,561	31,500	15,87,900	7,51,274	142,414	10%	17,87,028
1943	1,50,000	45,000	31,72,010	14,99,384	339,194	10%	37,25,200
1944	5,00,000	62,500	71,84,897	28,58,183	1,823,206	10%	86,54,672
1945	5,00,000	86,000	1,28,88,860	44,53,488	3,013,984	10%	1,54,35,680
1946 (June 30th)	15,00,000	2,36,000	1,47,39,776	40,34,542	5,915,983	10%	2,20,08,628

കേരളവമ്മ ശതവത്സരാഘോഷം

(പി. വി. കൃഷ്ണവാരിയർ)

കേരളവമ്മ, സി. എസ്. ഐ. വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ജനിച്ചതു് 1020-ാംമാണ്ടു് കുംഭം 10-ാംനു-ആയിരുന്നു; 1090 കന്നി 6-ാംനു- ദിവംഗതനാകയുംചെയ്തു. അന്നുമുതല്ക്കു കഴിഞ്ഞ 30 സംവത്സരത്തിനകം, പ്രസ്തുത മഹാപുരുഷന്റെ സ്മാരകമായി ഒരു വാഷികാഘോഷംപോലും നടത്തിയതായി അറിഞ്ഞിട്ടില്ല. എന്നാൽ ഇപ്പോൾ ആ മഹാൻ ജനിച്ചു് 100 സംവത്സരം തികയുന്ന ഈ അവസരത്തിലെങ്കിലും, പ്രസ്തുതചരിത്രനായകന്റെ സ്മാരകമായി ഒരു ശതവത്സരാഘോഷം നടത്തുവാൻ നമ്മുടെ നാട്ടുകാൎക്കു തോന്നിയതും, അതിന്നു പലദിക്കിലും പലരൂപത്തിലും ചില ഏൎപ്പാടുകൾ ചെയ്തിട്ടുള്ളതും, ഏററവും ഉചിതമായിട്ടുണ്ടെന്നു് ആദ്യംതന്നെ പ്രസ്താവിച്ചുകൊള്ളട്ടെ.

ഓരോ മഹാന്മാരുടെ പാവനസ്മരണയുടെ പ്രേരണയാലാണല്ലോ നാം ജന്മദിനാഘോഷവും മററും നടത്തുന്നതു്. മഹത്വത്തിന്റെ മാനദണ്ഡം ഒരേകണക്കിലല്ല. ചിലർ ജനനാൽതന്നെ മഹാന്മാരായി ഗണിക്കപ്പെടുന്നു. അവരുടെ മഹത്വം അവരുടെ കാലത്തോടുകൂടി കഴികയുംചെയ്യും. ചിലൎക്കു ഭാഗ്യവശാൽ മഹത്വം ദാനമായി കിട്ടുന്നു; അല്ലെങ്കിൽ മഹത്വം അവരുടെമേൽ ചിലർ വെച്ചുകെട്ടുന്നു. ഇതും ക്ഷണഭംഗുരമാണു്. ചിലർ ലോകോപകാരപ്രദമായ കമ്മംകൊണ്ടു മഹത്വം സമ്പാദിക്കുന്നു. ഇതു് ശ്ലാഘ്യവും സ്ഥിരവുമാണു്. ജന്മംകൊണ്ടും പിന്നെ ഉൽകൃഷ്ടങ്ങളായ അനേകം കമ്മങ്ങൾകൊണ്ടും മഹത്വം സമ്പാദിക്കുന്ന അപൂവംചില മഹാപുരുഷന്മാരുണ്ടു്. ആ മഹത്വം സുസ്ഥിരവും സവഥാ ശ്ലാഘ്യതമവുമാണെന്നു് ആരും സമ്മതിക്കാതെ കഴിയില്ല. എന്നാൽ അത്തരത്തിലുള്ള മഹത്വംസിദ്ധിച്ച ഒരു വിശിഷ്ടപുരുഷനായിരുന്നു കേരളവമ്മ വലിയ കോയിത്തമ്പുരാൻതിരുമേനിയെന്നു് കുറച്ചെങ്കിലും വിശദമാക്കുവാനാണു് ഈ ഉപന്യാസം കൊണ്ടു് ഉദ്ദേശിക്കുന്നതു്.

ഇപ്പോഴുള്ള പരപ്പനങ്ങാടി തിവണ്ടിയാപ്പീസ്സും പരിസരങ്ങളും മററും ഉൾപ്പെട്ടതായിരുന്നു പണ്ടത്തെ പരപ്പനാട്ടുരാജ്യം. ആ രാജ്യം വാണിരുന്ന രാജവംശം 964-ലെ ഛേലക്കലാപത്തിന്റെ ആരംഭത്തിൽ തിരുവിതാംകൂറിൽ ചെന്നു് അഭയംപ്രാപിച്ചു. ധമ്മരാജാവു് എന്നപേരിൽ പ്രഖ്യാതനായ അന്നത്തെ തിരുവിതാംകൂർമഹാരാജാവു് ഈ രാജകുടും

ബത്തിന്നു് തന്റെ രാജ്യത്തു് അഭയംകൊടുത്തു എന്നുമാത്രമല്ല, അവക്കു് ചങ്ങനാശേരിയിലുള്ള നീരാഴിക്കൊട്ടാരം താമസിക്കുവാൻ ഏല്പിച്ചുകൊടുക്കുകയും, ചിലവിന്നുവേണ്ട വകകൾ കല്പിച്ചനുവദിക്കുകയും ചെയ്തു. മൂന്നു പുരുഷന്മാരും അഞ്ചു സ്ത്രീകളുമാണു് അന്നു് ഈ രാജവംശത്തിലുണ്ടായിരുന്നതു്. അവരിൽ ഇളയതമ്പുരാട്ടിയുടെ സീമന്തപുത്രനായ രാജരാജവർമ്മ കോയിത്തമ്പുരാനായിരുന്നു തിരുവിതാംകൂറിലെ സാക്ഷാൽ ലക്ഷ്മീരാജ്ഞി തിരുമനസ്സിലെ ഭർത്താവാകുവാൻ ഭാഗ്യം സിദ്ധിച്ചതു്. പരപ്പനാട്ടു രാജാക്കന്മാരുടെ ചങ്ങനാശ്ശേരിയിലുള്ള കൊട്ടാരത്തിനു ലക്ഷ്മീപുരത്തുകൊട്ടാരം എന്നു് പേരിട്ടതുതന്നെ ഈ രാജ്ഞിയുടെ സ്മാരകമായിട്ടത്രെ. ഈ കോയിത്തമ്പുരാന്റെ മരുമകന്റെ മരുമകനായിരുന്ന രാജരാജവർമ്മകോയിത്തമ്പുരാനായിരുന്നു നാടുനീങ്ങിയ ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ പിതാവു്. ആ രാജരാജവർമ്മയുടേയും മരുമകനായിരുന്നു ചരിത്രനായകനായ കേരളവർമ്മവലിയകോയിത്തമ്പുരാൻ. ഇങ്ങനെ ബ്രിട്ടീഷ്മലബാറിൽ രാജത്വവും, തിരുവിതാംകൂറിൽ പ്രഭുത്വവും, അവിടത്തെ രാജകുടുംബത്തോടു് അടുത്ത ബന്ധവുമുള്ള കുടുംബത്തിൽ ജനിച്ച പുരുഷനു ജനനംകൊണ്ടുതന്നെ മഹത്വമുണ്ടെന്നു പറയേണ്ടതില്ലല്ലൊ.

പൂരംതിരുനാൾ ദേവി അംബത്തമ്പുരാട്ടിയുടേയും തളിപ്പറമ്പത്തു മല്ലപ്പള്ളി നമ്പൂതിരിയുടേയും ദ്വിതീയസന്താനമായിരുന്നു കേരളവർമ്മ. പ്രഥമസന്താനമായിരുന്നതു് അഭിനവവാഗ്ഭടനെന്നു പ്രസിദ്ധനായിരുന്ന രാജരാജവർമ്മ മൂത്തകോയിത്തമ്പുരാൻ തിരുമേനിയായിരുന്നു. മാതാപിതാക്കന്മാരുടെ സൌശീല്യസൌഭാഗ്യാദിഗുണങ്ങൾ അവരുടെ സന്താനങ്ങളിൽ തികച്ചും സംക്രമിച്ചിരുന്നു. വിദുഷിയായ അമ്മത്തമ്പുരാട്ടി രാമായണം, ഭാരതം മുതലായ പുരാണങ്ങളിലെ വീരചരിതങ്ങൾ കഥയായി പറഞ്ഞുകൊടുത്തിരുന്നതു് മൂന്നുനാലു വയസ്സുപ്രായത്തിൽ ഈ ഉണ്ണി ശ്രദ്ധവെച്ചു കേൾക്കുകയും, അവരെ അനുകരിക്കുവാനുള്ള ഉത്സാഹം പ്രദർശിപ്പിക്കുകയും പതിവായിരുന്നുവത്രെ.

യഥാകാലം കുലഗുരുവിന്റെ അടുക്കൽ അക്ഷരാഭ്യാസം ആരംഭിച്ച ഈ ബാലൻ ഒമ്പതുവയസ്സുവരെ അദ്ദേഹത്തിന്റെ അടുക്കൽതന്നെ പഠിച്ചു. അതിന്നിടയിൽതന്നെ ലഘുത്രയിയും മാഘവും നൈഷധവും പഠിച്ചുകഴിഞ്ഞിരുന്നു. തന്റെ മരുമകന്റെ ബുദ്ധിശക്തി മനസ്സിലാക്കിയിരുന്ന അമ്മാമനായ രാജരാജവർമ്മ കോയിത്തമ്പുരാൻ ഈ ബാലനെ തിരുവനന്തപുരത്തേക്കു കൂട്ടിക്കൊണ്ടുപോകയും അവിടെവെച്ചു താൻതന്നെ നിഷ്കൃഷ്ടിച്ചുപഠിപ്പിക്കുകയും ചെയ്തുതുടങ്ങി. ചതുശ്ശാസ്ത്രപാണ്ഡിത്യവും, സംഗീതത്തിൽ നല്ല പരിജ്ഞാനവും, ഇംഗ്ലീഷിൽ സാമാന്യം പരിചയവുമുണ്ടായിരുന്ന ആ അമ്മാമന്റെകീഴിൽ കേരളവർമ്മ കിരാതാർജ്ജുനീയംകാവ്യവും, അനേകം നാടകങ്ങളും, അനവധിചമ്പുക്കളും, കുവലയാനന്ദം, ചിത്രമീമാംസ മുതലായ അലങ്കാരഗ്രന്ഥങ്ങളും, സിദ്ധാന്തകൌമുദി, പ്രൌഢമനോരമ എന്നീ വ്യാകരണഗ്രന്ഥങ്ങളുംമററും നല്ലവണ്ണം പഠിച്ചു. ഇതോടുകൂടി കുറെശ്ശ ഇംഗ്ലീഷ്പഠിച്ചുതുകൂടാതെ കൊട്ടാരംവൈദ്യനായ പാച്ചുമൂത്തതിന്റെ അടുക്കൽ അഷ്ടാംഗഹൃദയവും അഭ്യസിച്ചു. ൧൦൩൪-ൽ മാതുലൻ മരിക്കുമ്പോൾ പതിന്നാലുവയസ്സുമാത്രം പ്രായമായിരുന്ന പ്രസ്തുതചരിത്രനായകൻ ഈ ചുരുങ്ങിയ കാലത്തിന്നിടയ്ക്കുതന്നെ മഹാപണ്ഡിതൻ എന്ന പേരു സമ്പാദിച്ചുകഴിഞ്ഞിരുന്നു.

ഈ സംവത്സരത്തിൽതന്നെയാണു് കേരളവർമ്മയുടെ ഉപനയനവും വിവാഹവും നടന്നതു്. ലക്ഷ്മീരാജ്ഞി എന്ന പേരിൽ സുപ്രസിദ്ധയായിരുന്ന ആററിങ്ങൽ മൂത്തതമ്പുരാന്റെ പള്ളിക്കെട്ടിന്നു് കാലമായതിനാൽ അവിടെയ്ക്കനുരൂപനായ വരൻ ചരിത്രനായകൻതന്നെയാണെന്നു സർവ്വസമ്മതമായിരുന്നു. പള്ളിക്കെട്ടിന്നു ദിവസം നിശ്ചയിച്ചതു പെട്ടെന്നാകയാൽ അതിനുമുമ്പു കഴിയേണ്ടതായ ഉപനയനത്തിന്നു സ്വഗൃഹമായ ചങ്ങനാശ്ശേരിക്കു പോകുവാൻ ഇടയില്ലെന്നുവെച്ചു കിളിമാനൂർ കൊട്ടാരത്തിലേക്കയച്ചു് അവിടെവെച്ചാണു് കേരളവർമ്മയുടെ ഉപനയനം നടത്തിച്ചതു്. ആവകചടങ്ങെല്ലാം കഴിച്ചു് തിരുവനന്തപുരത്തു മടങ്ങിയെത്തിയപ്പോഴെയ്ക്കും ഒരുക്കങ്ങളെല്ലാം പൂർത്തിയായിരുന്നതിനാൽ ൧൦൩൪ മേടം ൧൩-ാംതീയതി സകല രാജകീയാഘോഷങ്ങളോടുംകൂടി പള്ളിക്കെട്ടും കഴിച്ചു. ഇതോടുകൂടിയാണു് കേരളവർമ്മ വലിയകോയിത്തമ്പുരാനായതു്. കമനീയമായ രത്നം കാഞ്ചനത്തോടുതന്നെചേർന്നു.

"വധൂവരന്മാരിവർതമ്മിലിവിധം
മുദാ ഘടിക്കാതെയിരുന്നവെങ്കിലോ
വൃഥാ ഭവിച്ചേനെ, വിരിഞ്ചനിത്രയും
ശ്രമിച്ചിവർക്കേകിന രൂപധോരണി"

ഇങ്ങനെ അന്നു മഹാജനങ്ങൾ ഘോഷിച്ചിരുന്നു.

ഇതുപ്രകാരം അതിബാല്യത്തിൽ വിവാഹകർമ്മം നടന്നു എങ്കിലും പ്രകൃതകഥാനായകന്റെ വിദ്യാവിഷയകമായ പരിശ്രമങ്ങൾക്ക് ഇതൊരു പ്രതിബന്ധമായിരുന്നില്ല. ജന്മനാ തനിക്കു സിദ്ധിച്ച പ്രഭുത്വം തിരുവിതാംകൂർ രാജവംശത്തിലെ സന്താനതന്തുവായ ഒരു സ്ത്രീരത്നത്തിന്റെ ലാഭത്തോടുകൂടി ദ്വിഗുണീഭൂതമാകയും, രാജപ്രീതിയും തന്നിമിത്തം സകലരാജകീയസുഖാനുഭവങ്ങളും തനിക്കു സിദ്ധിക്കുകയും ചെയ്തുവെങ്കിലും ഇതെല്ലാം ഉപരിവിദ്യാഭ്യാസത്തിന്നും, ഇതിലും ഉയൎന്ന പദവികൾ സിദ്ധിക്കുവാനും ഉപയോഗപ്പെടുത്തുകയാണ് ഈ മഹാൻ ചെയ്തിട്ടുള്ളതു്. ഭാഗ്യവശാൽ ഈ പ്രഭുകുമാരന്റെ കൃത്യങ്ങളോരോന്നും സൂക്ഷ്മമായി പരിശോധിക്കുവാനും, യഥാകാലം വേണ്ടതുപദേശിക്കുവാനും ഭ്രാതൃവത്സലനായ ജ്യേഷ്ഠനും, പ്രാണപ്രേഷ്ഠസുഹൃത്തായ വിശാഖം തിരുനാൾ രാജകുമാരനും, ഗുരുതുല്യനായ സർ. ടി. മാധവരായരും ഉണ്ടായിരുന്നു. എന്നാൽ ഇവരിലാരുടേയും സഹായസഹകരണങ്ങളില്ലാതിരുന്നെങ്കിൽകൂടി സ്വകൃത്യത്തിൽനിന്നു സ്വല്പമെങ്കിലും വ്യതിചലിക്കാത്തതായിരുന്നു ചരിത്രപുരുഷന്റെ പ്രകൃതി. അതുകൊണ്ടു് മാതുലൻ സമ്പാദിച്ചുകൊടുത്ത വിദ്യാധനം സകലവിധത്തിലും പരിപുഷ്ടമാക്കുകതന്നെയാണ് വിവാഹാനന്തരം ഈ പ്രഭുകുമാരൻ ചെയ്തതു്. ശിനവയ്യങ്കാർശാസ്ത്രികൾ, സുബ്ബാദീക്ഷിതർ ഈ രണ്ടു പണ്ഡിതന്മാരുടെ അടുക്കൽനിന്നു വ്യാകരണത്തിൽ ഉപരിഗ്രന്ഥങ്ങൾ പഠിച്ചു. പണ്ഡിതർ രാമസ്വാമിശാസ്ത്രികളുടെ അടുക്കൽനിന്നു തൎക്കശാസ്ത്രവും, ഇലത്തൂർ രാമസ്വാമിശാസ്ത്രികളുടെ അടുക്കൽനിന്നു വേദാന്തവും അഭ്യസിച്ചു. ആദ്യം അമ്മാമൻ വളരെ കുറച്ചേ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നുള്ളു. അതിന്നുശേഷം ചില തമ്പിമാരൊരുമിച്ച് വേറിങ്ങ്സായ്പിന്റെ അടുക്കൽ ഏതാനുംകാലം ആ ഭാഷ അഭ്യസിച്ചു. വേറെ ചിലപഴയ ഇംഗ്ലീഷുകാരും ഈ പഠിപ്പിന്ന് അല്പാല്പം സഹായിച്ചിട്ടില്ലെന്നില്ല. എങ്കിലും ഇംഗ്ലീഷിൽ അപാരമായ പാണ്ഡിത്യം സമ്പാദിച്ചതു് അധികവും സ്വപ്രയത്നം കൊണ്ടുതന്നെയാണ്. അക്കാലത്തു റസിഡണ്ടുമാരായി വന്നിരുന്ന സായ്പന്മാരോടും, ഹൈക്കോട്ടു ജഡ്ജിമാർ, ദിവാൻജിമാർ മുതലായവരോടും ഇംഗ്ലീഷിൽകത്തെഴുത്തുകൾ ചെയ്യാനും, പ്രസിദ്ധപ്പെട്ട ഇംഗ്ലീഷ്പത്രങ്ങൾക്കു ലേഖനങ്ങളെഴുതുവാനും, പ്രസംഗങ്ങൾ ചെയ്യാനും, പ്രസ്തുത ചരിത്രനായകനു പ്രയാസമുണ്ടായിരുന്നില്ല. ഇതിന്നിടയ്ക്കുതന്നെ തമിഴ്, തെലുങ്ക്, ഹിന്തുസ്ഥാനിമുതലായ പരദേശഭാഷകളിലും കഥാനായകൻ അത്യാവശ്യമായി വേണ്ട പാണ്ഡിത്യം സമ്പാദിച്ചു.

ഇങ്ങനെ നിരന്തരമായ മാനസികവ്യായാമംചെയ്യുന്നതിനൊപ്പം കായികവ്യായാമത്തിലും പ്രസ്തുതയുവാവു പരിശ്രമിച്ചുകൊണ്ടിരുന്നു. ചാട്ടം, മറിച്ചൽ, ഗുസ്തി ഇതിലൊക്കെയും ഇദ്ദേഹം അദ്വിതീയനായിരുന്നു. അശ്വാരോഹണവിഷയത്തിൽ അന്ന് ഈ യുവാവിന്ന് ആരും കിടനിന്നിരുന്നില്ല. യുവസഹജമായ ഭ്രമംകൊണ്ടു പലതരത്തിലുള്ള തോക്കുകൾ സമ്പാദിച്ചു വെടിവെയ്ക്കുന്നതിൽ അതിസമൎത്ഥനായിത്തീൎന്നു. "എന്റെ മൃഗയാസ്മരണകൾ"എന്നൊരു ലേഖനം ചരിത്രനായകൻതന്നെ പണ്ടു 'ഭാഷാപോഷിണി'യിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു വായിക്കുവാനിടവന്നിട്ടുള്ളവൎക്ക് അവിടെയ്ക്കു നായാട്ടിലുണ്ടായിരുന്ന അഭിരുചിയും, വൈദഗ്ദ്ധ്യവും എത്രമാത്രമായിരുന്നു എന്നു മനസ്സിലായിരിക്കും. ഇക്കാലത്തു് അധികമാളുകളും വിശ്വസിക്കയില്ലെങ്കിലും മന്ത്രംകൊണ്ടു മൃഗങ്ങളെ വരുത്തി വെടിവെച്ചുകൊല്ലുവാൻകൂടി ഇവിടേയ്ക്കു വശമായിരുന്നു എന്നു പറയുന്നതു പരമാൎത്ഥംമാത്രമാണ്.

മേൽവിവരിച്ച പ്രകാരം സകലശാസ്ത്രങ്ങളിലും, അനേകം കലകളിലും പാണ്ഡിത്യം നേടിയിരുന്നു എങ്കിലും കഥാനായകൻ ആദ്യകാലത്തു സംഗീതത്തിൽ അശേഷം ശ്രദ്ധിച്ചിരുന്നില്ല. അവിടുന്നു സകലകലാവല്ലഭനല്ലെന്നു വാദിക്കുവാൻ ചില രന്ധ്രാന്വേഷികൾക്കു ഇതൊരു തരമായിത്തീൎന്നു. എന്നാൽ അതിലും അവിടുന്നു സ്വല്പകാലംകൊണ്ടു പ്രാവീണ്യം സമ്പാദിച്ചു. വൈണികതിലകമായിരുന്ന ജ്യേ

ഷ്ണനാണ് ആദ്യംഇതിൽ പ്രോത്സാഹിപ്പിച്ചതു്. പിന്നെ വെങ്കിടാദ്രിഭാഗവതർ ക്രമമായി അഭ്യസിപ്പിച്ചു. വൈണികാഗ്രേസരനായിരുന്ന കല്യാണകൃഷ്ണഭാഗവതരാണ് പൂർത്തിയാക്കിയതു്. തിരുമനസ്സിലെ ഇഷ്ടപ്രാണേശ്വരിയായ ആററിങ്ങൽ മൂത്തതമ്പുരാൻ തിരുമേനിയും ഇതിലേക്കു വലിയൊരു സഹായമായിരുന്നു. ചരിത്രനായകൻ ശാസ്ത്രങ്ങളും മററും തൻെറ പ്രിയതമയെപഠിപ്പിച്ചതിനു ഗുരുദക്ഷിണയായി ചെയ്തതു തനിക്കുള്ള അപാരമായ സംഗീതശാസ്ത്രജ്ഞാനം ഭർത്താവിനു പകർന്നുകൊടുക്കുകയായിരുന്നു എന്നു പറഞ്ഞാൽ വളരെ ശരിയായിരിക്കും.

ഇതുകൂടാതെ പലതരം രത്നങ്ങൾ, കുസവുകൾ ഇവയുടെ ഗുണദോഷങ്ങൾ അറിയുവാനും കഥാനായകനു് അസാമാന്യമായ വൈദഗ്ധ്യമുണ്ടായിരുന്നു. സാധാരണക്കാർക്ക് കണ്ടാൽ ഒരുപോലെ ഇരിക്കുന്നതായ തങ്കക്കസവും ചെമ്പുകസവും ഈ കലാകുശലൻ ഒരൊററനോട്ടത്തിൽ തന്നെ വേർതിരിച്ചറിഞ്ഞിരുന്നതായും, അതുപോലെ രത്നങ്ങളുടെ ഗുണദോഷവും വിലയും ക്ഷണത്തിൽ മനസ്സിലാക്കി പറഞ്ഞിരുന്നതായും ചില അനുഭവസ്ഥന്മാർതന്നെ ഈ ലേഖകനോടു് ഒരു കാലത്തു പറകയുണ്ടായിട്ടുണ്ടു്. ഇത്രയും പ്രസ്താവിച്ചതുകൊണ്ടുതന്നെ ചരിത്രനായകൻ യുവാവായപ്പോഴെയ്ക്കും സർവ്വതന്ത്രസ്വതന്ത്രനും സകലകലാവല്ലഭനുമായിട്ടാണ് കർമ്മോദ്യുക്തനായതെന്നു സ്പഷ്ടമായല്ലൊ.

"ആകാരസദൃശപ്രജ്ഞഃ
പ്രജ്ഞയാ സദൃശാഗമഃ
ആഗമൈഃ സദൃശാരംഭഃ
പ്രാരംഭസദൃശോദയഃ."

കാളിദാസമഹാകവിയുടെ ഈ വാക്യം കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിനെസ്സംബന്ധിച്ചിടത്തോളം പ്രത്യക്ഷരം പരമാർത്ഥമായിരുന്നു എന്നു ചുരുക്കത്തിലൊന്നു പറഞ്ഞു് ഈ മഹാൻെറ സാഹിത്യപരിശ്രമത്തിലേക്കു കടക്കാം.

ആദ്യകാലങ്ങളിൽ കോയിത്തമ്പുരാൻ തിരുമേനി സംസ്കൃതത്തിലാണ് അധികമായി കവിതകളെഴുതിയിരുന്നതു്. തിരുനാൾപ്രബന്ധമാണ് ആദ്യമായി പുസ്തകരൂപത്തിൽ രചിച്ചതെന്നുതോന്നുന്നു. ൧൦൩൩-ൽ ആയില്യം തിരുനാൾ കുലശേഖരപ്പെരുമാളായശേഷം അവിടത്തെ ഒന്നാമത്തെ ആട്ടത്തിരുനാൾക്കു കാഴ്ചവെക്കാൻ ഒരു രാത്രിയിലെ മൂന്നോനാലോ മണിക്കൂറിനിടയ്ക്കു് എഴുതിയതത്രെ ഈ പ്രബന്ധം. അറുപത്തഞ്ചു പദ്യങ്ങളും ഒമ്പതു ഗദ്യങ്ങളും ഉൾപ്പെട്ടിരിക്കുന്ന പ്രസ്തുതകൃതി സംസ്കൃതഭാഷയിലുള്ള ഏതു ചമ്പുവിനോടും കിടപിടിക്കുന്നതാണ്. കേവലം ഷോഡശവയസ്കനായ ഒരു ബാലൻെറ കൃതിയാണിതെന്നു പറഞ്ഞാൽ ആരാണത്ഭുതപ്പെടാത്തതു്. ആയില്യം തിരുനാൾമഹാരാജാവിൻെറയും പിന്നെ വിശാഖംതിരുനാൾമഹാരാജാവിൻെറയുംആജ്ഞകൾ അനുസരിച്ചു് ഓരോസന്ദർഭം പ്രമാണിച്ചു് അനവധി കവിതകൾ ഈ മഹാൻ നിർമ്മിക്കുകയും, അവരുടെപ്രീതിബഹുമാനങ്ങൾക്കു പ്രത്യേകം പാത്രീഭവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുതചരിത്രനായകൻെറ സംസ്കൃതകവനങ്ങളെക്കുറിച്ചു മഹാകവി ഉള്ളൂർ സവിസ്തരം ഒരു പ്രത്യേകലേഖനം ഈയിടയിൽ ത്രൈമാസികത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനാൽ ആ ഭാഗം ഇവിടെ ചർവ്വിതചർവ്വണം ചെയ്യുന്നില്ല. നക്ഷത്രമാല, ഗുരുവായുപുരേശസ്തവം, ശൃംഗാരമഞ്ജരീഭാണം, ചിത്രശ്ലോകാവലി, തുലാഭാരശതകം, പാദാരവിന്ദശതകം, വ്യാഘ്രാലയേശശതകം, കംസവധചമ്പു, സർവ്വസ്പടീക, ക്ഷമാപണസഹസ്രം, യമപ്രണാമശതകം, വിശാഖവിജയം മഹാകാവ്യം ഇൗവകയാണ് സ്മാർത്തമഹാപുരുഷൻെറ പ്രധാനസംസ്കൃതകൃതികൾ. ഇവയിൽ പലതും ഓരോകാലത്തു് അച്ചടിച്ചിട്ടുണ്ടെങ്കിലും ചിലതെല്ലാം ഇപ്പോൾ സുദുർല്ലഭമായിട്ടാണിരിക്കുന്നതു്. അതുകൊണ്ടു് മേൽപറഞ്ഞതിൽ ചിലതൊന്നും ഈ ലേഖകനു കാണ്മാൻ കഴിഞ്ഞിട്ടില്ല. ക്ഷമാപണസഹസ്രം അയച്ചിട്ടും ആയില്യം മഹാരാജാവിനു മനസ്സലിയാത്തതിലുള്ള നൈരാശ്യത്താൽ ഉടനടി എഴുതിയതാണ് യമപ്രണാമശതകം. ഈ കൃതിയുടെ സടിപ്പണമായ ഒരുപ്രതി സ്വഹസ്താക്ഷരത്തിലെഴുതിയതു ചരിത്രനായകൻതന്നെ മററാരെയും കാണിക്കുന്നതിനുമുമ്പു സർവ്വതന്ത്രസ്വതന്ത്രനായിരുന്ന കൈക്കുളങ്ങര രാമവാരിയർക്കയച്ചിരുന്നതു് സംഗതിവശാൽ ഈ ലേഖകൻെറ കൈവശത്തിൽവന്നുചേർന്നിട്ടുണ്ട്. അതിൽ ആദ്യഭാഗത്തു് ഇങ്ങനെ എഴുതിക്കാണുന്നു:—

ശ്രീഃ

ഇയമസ്മൽ കൃതിർവ്വമല്പ്രണാമശതകം കണ്ഠേചിദപ്യദർശിതചരം വിലോകനേനാനുഗ്രാഹ്യമിതി പ്രാർത്ഥനാപുരസ്സരം യുഷ്മത്സമീപേ സമർപ്യതേ.

Kerala Varma,
൧൦൬൮-൧൨-൨൨

വിദ്യ വിനയത്തോടുകൂടിയിരിക്കണമെന്നുള്ള അഭിജ്ഞവചനത്തെ ദൃഷ്ടാന്തപ്പെടുത്തുകയാണല്ലോ ഈ കത്തു ചെയ്യുന്നതു്. തിരുമനസ്സിലെ കവനങ്ങൾ സാമാന്യേന ഓജഃപ്രധാനങ്ങളെങ്കിലും, സന്ദർഭാനുസാരേണ രസാനുഗുണങ്ങളായ ശബ്ദങ്ങളെ തിരഞ്ഞെടുക്കുന്നതിൽ അവിടുന്നു് എപ്പോഴും മനസ്സിരുത്തുമാറുണ്ടെന്നു് രസജ്ഞന്മാൎക്കറിയാം. ശത്രുനാശത്തിന്നു് അന്തകനോടു പ്രാൎത്ഥിക്കുന്ന പ്രസ്തുതകൃതിയിലാകട്ടെ ഓരോ പദവും എത്രമാത്രം നിഷ്കൎഷിച്ചിട്ടാണു് പ്രയോഗിച്ചിട്ടുള്ളതെന്നു പരിച്ഛേദിക്കുവാൻ പ്രയാസം. ഇതിലെ ഓരോശ്ലോകവും കേട്ടാൽ തന്നെ ഞെട്ടത്തക്കവയാണു്.

"അങ്ഗശേഷേ തസ്യ ഭംഗാകടപടലപിശംഗതാ ഭംഗീധുരീണാം
കാഞ്ചിൽ കാദംബരാഡംബരഹരണചണാ-
പാണ്ഡുവൎണ്ണാം ച കാഞ്ചിൽ
കാഞ്ചിൽ കാത്യായനീകാമുകകബളിതക-
ണ്ഠസ്ഥകാകോളകാളീം
കാളിന്ദീഭ്രാതരാശു പ്രകടയപിടകാ-
പാളിമേഷ പ്രണാമഃ."

ഇത്തരത്തിലാണു് ഇതിലെ സകല ശ്ലോകങ്ങളും ബന്ധിക്കപ്പെട്ടിരിക്കുന്നതു്.

സാഹിത്യവിഷയത്തിൽ ഈ പറഞ്ഞതെല്ലാം അനിതരസാധാരണങ്ങളും അത്ഭുതാവഹങ്ങളുമാണെങ്കിലും മലയാളികൾ ഈ മഹാനെ സ്മരിക്കുവാനിടയായതു് ഇദ്ദേഹം ഭാഷാസാഹിത്യത്തിന്നുവേണ്ടി ചെയ്തിട്ടുള്ള മഹത്തായ പോഷണവും സഹായവുമാണു്. സർ. ടി. മാധവരായർ തിരുവിതാംകൂറിൽ ദിവാൻജിയായിരുന്ന കാലത്തു് അവിടെ മലയാംപള്ളിക്കൂടങ്ങളേർപ്പെടുത്തുകയും, മലയാളഭാഷ പഠിക്കുവാൻ കുറെ നല്ല പാഠപുസ്തകങ്ങളുണ്ടാക്കുന്നതിന്നു് ഒരു ബുക്കുകമ്മററി നിശ്ചയിക്കുകയുംചെയ്തതിൽ ആദ്യം ഒരംഗമായും പിന്നീടു് അതിന്റെ അദ്ധ്യക്ഷനായും ഇരുന്നു് പ്രസ്തുത ചരിത്രനായകൻ പ്രവൎത്തിച്ചതിന്റെ ഫലമായിട്ടാണു് പരമാൎത്ഥത്തിൽ ഇന്നു നമ്മുടെ ഗദ്യശൈലി ഇത്രയും പുഷ്ടിപ്പെട്ടതു്. തിരുമനസ്സുകൊണ്ടുതന്നെ സ്വന്തമായി പല പുസ്തകങ്ങളും എഴുതി ഉണ്ടാക്കുകയും, മററു ചിലരെഴുതിയതു പരിശോധിച്ചു ശരിപ്പെടുത്തുകയും ചെയ്തുകൊണ്ടു ഭാഷയിൽ ഗദ്യപുസ്തകങ്ങളുടെ ദാരിദ്ര്യം തീൎത്തു. അക്കാലത്തു് അവിടുന്നെഴുതിയ വിജ്ഞാനമഞ്ജരിയും മററും ഇന്നും വിദ്യാൎത്ഥികൾക്കും വിദ്വാന്മാൎക്കും വിജ്ഞാനപ്രദങ്ങളായിത്തന്നെ പരിലസിക്കുന്നുണ്ടല്ലൊ. ഇതെല്ലാം ൬൦ സംവത്സരങ്ങൾക്കു മുമ്പു കഴിഞ്ഞ സംഭവങ്ങളാണെന്നുകൂടി നാം മനസ്സിലാക്കണം.

മേൽകാണിച്ചപ്രകാരം കോയിത്തമ്പുരാൻതിരുമേനി ആധുനികഭാഷാഗദ്യത്തിന്റെ പിതൃസ്ഥാനത്തിന്നെന്നപോലെ, പദ്യസാഹിത്യത്തിന്റെ അഭിവൃദ്ധിക്കും തുല്യാവകാശിയാണു്. കൊല്ലവൎഷം പതിനൊന്നാം നൂററാണ്ടിന്റെ പൂൎവാൎദ്ധാവസാനത്തിൽപോലും നമ്മുടെ ഭാഷയിൽ ഒരുരൂപത്തിലുള്ള രൂപകങ്ങളും ഉണ്ടായിരുന്നില്ല. ൧൦൪൫-ൽ കോയിത്തമ്പുരാൻതിരുമേനി ശാകുന്തളം ഭാഷ പ്രസിദ്ധപ്പെടുത്തി മലയാളികൾക്കു നാടകത്തിന്റെ രസം ഇദംപ്രഥമമായി മനസ്സിലാക്കിക്കൊടുത്തു. അതു് ആദ്യമായി പുറത്തുവന്നതു വിദ്യാവിലാസിനി എന്ന മാസികയിലായിരുന്നു. അതാണു തിരുമനസ്സിലേക്കു "കേരളകാളിദാസൻ" എന്ന ബിരുദം കേരളീയർ കൊടുക്കുവാനുള്ള കാരണം. ഇതിനുശേഷം തൎജ്ജമയായും കല്പിതങ്ങളായും അനേകം നാടകങ്ങൾ ഭാഷയിലുണ്ടായിട്ടുണ്ടെങ്കിലും അവയ്ക്കെല്ലാം മാൎഗ്ഗദൎശിയായതു് ഈ ശാകുന്തളമാണല്ലോ. ഏറക്കുറെ അടുത്ത കാലത്തായി ശാകുന്തളത്തിനുതന്നെ പല വിവൎത്തനങ്ങളും പുറത്തുവന്നിട്ടുണ്ടെങ്കിലും കേരളവൎമ്മശാകുന്തളം ഇന്നും അധൃഷ്യമായിത്തന്നെ നിലകൊള്ളുന്നു.

സന്ദേശകാവ്യങ്ങളുടെ കാൎയ്യത്തിലും ഇതേ സ്ഥിതിതന്നെയാണുള്ളതു്. സുമാർ നാല്പത്തിരണ്ടുവൎഷത്തിന്നുമുമ്പു് 'ഉണ്ണുനീലിസന്ദേശം' എന്ന പഴയ സന്ദേശകാവ്യം കണ്ടുകിട്ടിയെങ്കിലും അതിന്നും മുമ്പേയാണല്ലോ തിരുമനസ്സിലെ "മയൂരസന്ദേശം" പ്രസിദ്ധപ്പെടുത്തി

യതു്. ഇങ്ങനെ ഭാഷാപദ്യസാഹിത്യത്തിൽ ചില പുതിയ പ്രസ്ഥാനങ്ങളുണ്ടാക്കുകയും, പഴയതു പലതും പരിഷ്കരിക്കുകയും ചെയ്തിട്ടുള്ളതും മററും തിരുമനസ്സിലെ മഹൽകൃത്യങ്ങളായിത്തന്നെ മലയാളഭാഷയുള്ളകാലമത്രയും സ്മരിക്കപ്പെടുന്നതാണല്ലോ. ആദ്യകാലത്തു പഴയരീതിക്കനുസരിച്ചു ഹനുമദുൽഭവം, മത്സ്യവല്ലഭവിജയം, പ്രലംബവധം, ധ്രുവചരിതം പരശുരാമവിജയം മുതലായി ആറോളം ആട്ടക്കഥകൾ കോയിത്തമ്പുരാൻ ഉണ്ടാക്കുകയുണ്ടായിട്ടുണ്ടു്. പിന്നീടു ശാകുന്തളവും മയൂരസന്ദേശവുംകൂടാതെ, അമരുകശതകംഭാഷ, അന്യാപദേശംഭാഷ, ശ്രീപത്മനാഭപാദപത്മശതകം, ദൈവയോഗം, സ്തുതിശതകം, അക്ബർ (നോവൽ), മഹച്ചരിതസംഗ്രഹം ഇങ്ങനെ പല വിശിഷ്ടകൃതികളും തിരുമനസ്സിലെ വകയായി നമ്മുടെ ഭാഷയ്ക്കു ലഭിച്ചിരിക്കുന്നു.

ഭാഷാപോഷണവിഷയത്തിൽ സ്വന്തമായി ഇത്രമാത്രമേ കോയിത്തമ്പുരാൻതിരുമേനി പ്രവത്തിച്ചിട്ടുള്ളു എന്നു് ആരും വിചാരിച്ചുപോകരുതു്. പണ്ഡിതസാവ്ഭൗമനായ തിരുമനസ്സുകൊണ്ടു് ആദികാലംമുതൽക്കേ വിദ്വാന്മാക്കും കവികൾക്കും കല്പകവൃക്ഷമായിരുന്നു. ഓരോ വിദ്വാന്മാക്കും കവികൾക്കും അവിടുത്തെ അടുക്കൽനിന്നു ലഭിച്ചിട്ടുള്ള പാരിതോഷികങ്ങളും പ്രോത്സാഹനങ്ങളും എണ്ണിക്കണക്കാക്കാവുന്നതല്ല. അവിടുത്തെ അവസാനകാലംവരെ ഭാഷാഗ്രന്ഥകാരന്മാർ അവിടുത്തെ കാണിക്കാതെ അല്ലെങ്കിൽ അവിടുത്തെ അഭിപ്രായം വാങ്ങിക്കാതെ സ്വന്തംകൃതികൾ പ്രസിദ്ധപ്പെടുത്തുന്നതു പ്രായേണ ദുർല്ലഭമായിരുന്നു. ഭാഷാപോഷിണിസഭയുടെ സ്ഥിരാദ്ധ്യക്ഷനെന്ന നിലയിൽ അതിൻെറ ജീവനാഡി തന്നെ തിരുമേനിയായിരുന്നു. തിരുവനന്തപുരത്തെ ഗ്രന്ഥപ്പുരയുടെ ഭരണകത്താവിൻെറ നിലയിലിരുന്നു് പല പ്രാചീനഭാഷാഗ്രന്ഥങ്ങളും അവിടുത്തെ മേൽനോട്ടത്തിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ടു്.

മേൽവിവരിച്ചപ്രകാരം സകല യോഗ്യതകളും തികഞ്ഞ നമ്മുടെ ചരിത്രനായകനെ കേരളീയർമാത്രമല്ല, കലാശാലകളും, ഗവമ്മെണ്ടും വിദേശങ്ങളിലെ പല പരിഷത്തുകളും ബഹുമാനിക്കുവാനിടയായതിൽ അത്ഭുതമില്ലല്ലൊ. ൧൮൯൨-ൽ മദിരാശി സവ്കലാശാലക്കാർ അദ്ദേഹത്തെ ഒരു ഫെല്ലൊ ആക്കി. ൧൮൯൯-ൽ അവിടേയ്ക്കു് എം. ആർ. ഏ. എസ്സ്. എന്ന ബിരുദവും, ൧൮൯൬-ൽ എഫ്. ആർ. എച്ച്. എസ്. ബഹുമതിയും സിദ്ധിച്ചു. വിക്ടോറിയാ മഹാരാജ്ഞിയിൽനിന്നു് സി. എസ്. ഐ. എന്ന മഹനീയസ്ഥാനവും ലഭിച്ചു. ഇങ്ങനെ ജന്മനാ ലഭിച്ച മഹത്വത്തെ കമ്മംകൊണ്ടു യഥാത്ഥമാക്കിത്തീത്ത ഒരു മഹാനായിരുന്നു കേരളവമ്മ വലിയകോയിത്തമ്പുരാൻ തിരുമേനി.

കോയിത്തമ്പുരാൻ തിരുമനസ്സിലെക്കുറിച്ചു പല അത്ഭുതകഥകളും ബാല്യകാലത്തുതന്നെ ഞാൻ കേട്ടിട്ടുള്ളതിൽ രസകരമായ രണ്ടു സംഗതികൾകൂടി ഇവിടെ പ്രസ്താവിച്ചു് ഇതവസാനിപ്പിക്കട്ടെ. ഒരിക്കൽ ബ്രിട്ടീഷ്മലബാറിൽ തിരുവില്വാമലക്കാരനോ മറേറാ ആയ ഒരു ഭാഗവതർ (പേർ മറന്നുപോയി) തൻെറ യോഗ്യതയെ പ്രദശിപ്പിക്കുവാൻ തിരുവനന്തപുരത്തു ചെല്ലുകയുണ്ടായി. അതു് ആയില്യം തിരുനാൾ മഹാരാജാവുള്ള കാലത്തായിരുന്നു. ഭാഗവതരുടെ വായ്പാട്ടു വളരെ വിശേഷമാണെന്നു രാജസദസ്സിൽ എല്ലാവരും സമ്മതിച്ചു. അദ്ദേഹത്തിന്നു വായ്പാട്ടും കുറവായിരുന്നില്ല. താൻ വലിയ അഭ്യാസിയും, കയ്യാങ്കളിക്കാരനുമാണെന്നുകൂടി അദ്ദേഹത്തിന്നു ഗർവുണ്ടായിരുന്നു. വിവരം മഹാരാജാവിനെ ധരിപ്പിച്ചപ്പോൾ അടുത്തദിവസം കയ്യാങ്കളി വേണമെന്നു തീച്ച്യാക്കി. അതിന്നു വേണ്ടുന്ന ഏപ്പാടുചെയ്തു. ആജാനുബാഹുവായ ഭാഗവതർ അരങ്ങത്തു വന്നു. കയ്യിളക്കം കണ്ടപ്പോൾ പ്രതിമല്ലനായിറങ്ങുവാൻ അവിടെ ഒരാളും ധൈര്യപ്പെട്ടില്ല. മഹാരാജാവു് അടുത്തുനില്ക്കുന്ന കഥാനായകൻെറ നേക്കു ഒന്നു നോക്കി, "ഇദ്ദേഹത്തോടു് നേരിട്ടു ഒരുകൈ നോക്കുവാൻ ഇവിടെ ആരുമില്ല അല്ലെ?" എന്നു ചോദിച്ചപ്പോൾ "ഞാനൊന്നു നോക്കാം" എന്നുപറഞ്ഞു് കോയിത്തമ്പുരാൻ നേരെ അങ്ങുചെന്നു. രണ്ടാളും നേരിട്ടുനിന്നു എതിരാളിയെ തുലനംചെയ്തു പഴുതുനോക്കുന്നതിന്നിടയ്ക്കു വലിയകോയിത്തമ്പുരാൻ ഭാഗവതരുടെ നാഭിക്കുനേരെ ഒന്നു താങ്ങിക്കൊടുത്തു. അടി കിട്ടേണ്ട താമസം അദ്ദേഹം മറിഞ്ഞുവീണു. ഇതിൽ മഹാരാജാവും മററു കാണികളും കഥാനായകനെ വളരെ അഭിനന്ദിച്ചു എന്നു പറയേണ്ടതില്ലല്ലൊ. അതിൽ പററിയ ഉളുക്കുനിമിത്തം ഭാഗവതക്കു പിന്നെ ആജീവനാന്തം പണ്ടത്തെപ്പോലെ ശബ്ദം പുറപ്പെട്ടിരുന്നില്ലത്രെ.

൧൦൩൮-ൽ തിപ്പെട്ട ഏറാൽപ്പാട്ടതമ്പുരാന്റെ കാലത്തു് കുംഭകോണത്തുകാരനോ മറേറാ ആയ ഒരു മഹാപണ്ഡിതൻ ഒരിക്കൽ ഇവിടെ കോട്ടയ്ക്കൽ കോവിലകത്തുവന്നിരുന്നു. തനിക്കു വിശേഷവിധിയായ ഒരു ദേവീപൂജ അറിയാമെന്നും, പൂജയുടെ അവസാനത്തിൽ ദേവി സ്വയമേവ തന്നിൽ ആവേശിച്ചു് ഏതു വിഷയത്തിൽ ആർ എന്തുചോദിച്ചാലും ഉടനടി സംസ്കൃതത്തിൽ ശ്ലോകരൂപേണ ഉത്തരം പറയുമെന്നുംമററും ശാസ്ത്രികൾ തമ്പുരാനെ ധരിപ്പിച്ചു. അതുപ്രകാരം ഇവിടെ പരീക്ഷിച്ചതിൽ പരക്കെ തൃപ്തിപ്പെട്ടുകയും ചെയ്തു. ഇവിടെനിന്നു പുറപ്പെട്ടു വടക്കു തൃപ്പൂണിത്തുറയിലുംമററും ഇതേവിദ്യ കാണിച്ചു് ഒടുവിൽ അദ്ദേഹം തിരുവനന്തപുരത്തുചെന്നുചേൎന്നു. അതും ആയില്യം തിരുനാളിന്റെ കാലത്തായിരുന്നു. അവിടെയും ശാസ്ത്രികളുടെ പൂജയ്ക്കും മററും ഏൎപ്പാടുകൾ ചെയ്തു. അദ്ദേഹത്തിന്റെ ഈ പൂജ സാധാരണപോലെയൊന്നുമല്ല, വിശാലമായ ഒരു സ്ഥലവും, അനവധി സാധനങ്ങളും വേണമെന്നാണു് നിശ്ചയം. അതൊക്കെ തയാറാക്കി പ്രസന്നപൂജ കാലമായപ്പോഴേയ്ക്കും മഹാരാജാവും പരിവാരങ്ങളും കൂട്ടത്തിൽ നമ്മുടെ ചരിത്രനായകനും ഹാജരായി. സ്വാമികൾക്കു ഭഗവതിയുടെ ആവേശം കയറുകയും ആൎക്കു എന്തുവേണമെങ്കിലും ചോദിക്കാമെന്നു് അരുളപ്പാടുണ്ടാകയും ചെയ്തു. ഉടനെ ഓരോരുത്തർ ഓരോന്നു ചോദിച്ചുതുടങ്ങി. ഒരാൾ തന്നെ വളരെക്കാലമായി ഉപദ്രവിച്ചുകൊണ്ടിരിക്കുന്ന ഒരു രോഗത്തിനു് എന്തു ചികിത്സ ചെയ്യേണമെന്നുചോദിച്ചു. വേറെ ഒരാൾ തന്റെ ഗ്രഹപ്പിഴയെപ്പററി അറിയുവാനാവശ്യപ്പെട്ടു. ഇങ്ങനെപലരും പലചോദ്യങ്ങളും ചോദിച്ചതിനെല്ലാം ശരിയായ ഉത്തരം ശാസ്ത്രികൾ—അല്ല ദേവിതന്നെ—അരുളിച്ചെയ്തുകൊണ്ടിരുന്നു. ആളുകളെല്ലാം അത്ഭുതപരതന്ത്രരായി ശാസ്ത്രികൾ സരസ്വതിയുടെ അവതാരംതന്നെ എന്നു മുക്തകണ്ഠം ഘോഷിച്ചുതുടങ്ങി. ഈ ബഹളമൊക്കെ കണ്ടുംകേട്ടും അവിടെത്തന്നെ നിന്നിരുന്ന കോയിത്തമ്പുരാനുമാത്രം ഒരു ഭാവഭേദവും ഉണ്ടായിരുന്നില്ല. അതു കണ്ടപ്പോൾ ശാസ്ത്രികളുടെ പൂജയുടെ വിശേഷവും അതുനിമിത്തം ദേവിയുടെ ആവേശംകൊണ്ടു് അദ്ദേഹത്തിന്നു സിദ്ധിക്കുന്ന ദിവ്യജ്ഞാനവും അത്ഭുതംതന്നെ അല്ലേ? എന്നു മഹാരാജാവുചോദിച്ചു. "കല്പിച്ചതുശരിയാണു്. പക്ഷേ എനിക്കും ഈ വിശേഷപൂജ അറിയാം. അതിന്റെ അവസാനത്തിൽ ദേവിയുടെ ആവേശംകൊണ്ടു ചോദ്യങ്ങൾക്കെല്ലാം സമാധാനം പറയുവാനും സാധിക്കും എന്നു കോയിത്തമ്പുരാൻ സംശയംകൂടാതെ പറഞ്ഞു. "എന്നാൽ നാളെത്തന്നെ അതൊന്നു കാണണം" എന്നു മഹാരാജാവിന്റെ കല്പനയും കിട്ടി. അതേസ്ഥലത്തുതന്നെ പിറേറന്നു കോയിത്തമ്പുരാൻ തിരുമേനിയും വിശേഷവിധിയായി പൂജകഴിച്ചു് അതിന്റെ അവസാനത്തിൽ ദേവിയുടെ ആവേശം പൂണ്ട നിലയിൽ ആൎക്കു് എന്തുവേണമെങ്കിലും ചോദിക്കാം" എന്നുകല്പിച്ചു. അന്നും രാജാവും പരിവാരങ്ങളും അവിടെ തയ്യാറുണ്ടായിരുന്നതിനാൽ തലേദിവസത്തേക്കാളധികമായിട്ടു് ആളുകൾ ഓരോ ചോദ്യം ചോദിച്ചു വിഷമിപ്പിക്കുവാൻ തുടങ്ങി. ആർ എന്തുചോദ്യം ചോദിച്ചാലും ഉടനടിസംസ്കൃതശ്ലോകരൂപത്തിൽ ശരിയായ ഉത്തരം കിട്ടിക്കൊണ്ടിരുന്നു. ഇങ്ങനെ കുറെകഴിഞ്ഞപ്പോൾ കല്പനപ്രകാരം പൂജ സമാപ്തിവരുത്തുകയുംചെയ്തു. ഇതൊക്കെ എവിടെനിന്നു പഠിച്ചു എന്നുമഹാരാജാവുചോദിച്ചപ്പോൾ, "വൈദ്യം ജ്യോതിഷം മുതലായ ശാസ്ത്രങ്ങളിലെല്ലാം സാമാന്യമായ ഒരു ജ്ഞാനവും സംസ്കൃതഭാഷയിൽ നിമിഷകവനസാമൎത്ഥ്യവും നെഞ്ഞുറപ്പും ഉണ്ടെങ്കിൽ ഇതൊന്നും പ്രത്യേകം പഠിക്കേണ്ടതായിട്ടില്ല" എന്നത്രേ കോയിത്തമ്പുരാന്റെ വിനീതമായ മറുപടി. ഈ സംഭവങ്ങളെല്ലാം മറവിൽനിന്നു നോക്കിക്കൊണ്ടിരുന്ന ശാസ്ത്രികൾ തൽക്ഷണം പോയവഴി പിന്നെ ആരും കണ്ടിട്ടില്ല.

ഈ സംഭവം പിന്നെ ഇവിടെകേട്ടപ്പോൾ "കോയിപ്പണ്ടാലയെപ്പോലെ ഒരാൾ ഇവിടെയെങ്ങുമില്ലെന്നു തീൎച്ചയായി" എന്നത്രേ ഏറാൽപ്പാട്ടതമ്പുരാൻ പ്രസ്താവിച്ചതു്. ഇങ്ങനെ ഓരോ കഥകളെടുത്തു നോക്കിയാൽ കേരളവൎമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സിലെപ്പോലെ ഒരു മഹാപുരുഷൻ അടുത്തകാലത്തൊന്നും കേരളത്തിലുണ്ടായിട്ടില്ലെന്നു് ആൎക്കും ബോധപ്പെടുന്നതാണു്. എന്നാൽ ഇനിയെങ്കിലും ഈ മഹാന്റെ ശതവത്സരാഘോഷംകൊണ്ടുമാത്രം നാം തൃപ്തിപ്പെട്ടിരിക്കാതെ സംവത്സരംതോറും പ്രസ്തുതമഹാന്റെ സ്മരണയ്ക്കു പ്രത്യേകം ആഘോഷം വേണ്ടതാണെന്നു കൂടി പറഞ്ഞുകൊള്ളട്ടെ.



വക്രോക്തിയും മയൂരസന്ദേശവും

(മഹോപാധ്യായൻ പി. വി. കൃഷ്ണൻനായർ ബി. ഒ. എൽ.)

കാവ്യത്തിൻെറ ജീവനെന്തു്? ഈ ചോദ്യത്തിനു സംസ്കൃതാലങ്കാരികന്മാരിൽ പലരും സമാധാനം പറയാൻ ശ്രമിച്ചിട്ടുണ്ടു്. രീതിയാണു് കാവ്യത്തിൻെറ ജീവനെന്നു് ഒരു കൂട്ടർ. ആത്മസ്ഥാനീയം ധ്വനിയാണെന്നു വേറൊരു പ്രസ്ഥാനക്കാർ. ഇങ്ങനെ ഭിന്നഭിന്നമാണു് ഓരോരുത്തരുടേയും അഭിപ്രായം. രാജാനക കുന്തകൻെറ മതപ്രകാരം വക്രോക്തിയാണു് കാവ്യജീവിതം.

വക്രോക്തിക്കു വ്യക്തമായ ഒരു ചരിത്രം തന്നെയുണ്ടു്, ഭാമഹൻെറ കാലംതൊട്ടു്,

"സൈഷാ സർവ്വൈവ വക്രോക്തി-
രനയാർത്ഥോ വിഭാവ്യതേ
യത്നോസ്യാം കവിനാ കാര്യഃ
കോലങ്കാരേഽനയാ വിനാ."

ഇതാണു് വക്രോക്തിയെക്കുറിച്ചു് ആ പ്രാചീനാലങ്കാരികൻെറ സിദ്ധാന്തം. വക്രോക്തി ഒരലങ്കാരമല്ല, ഭാമഹനു്. അലങ്കാരസാമാന്യത്തിൻെറ മൗലികധർമ്മവും തദ്വാരാ കാവ്യത്തിൻെറതന്നെ അതിപ്രധാനമായ ഒരു ഘടകവുമാണു് അതു്. വക്രോക്തിയല്ലാതെ ഒരലങ്കാരവുമില്ലെന്നാണു് അദ്ദേഹത്തിൻെറ നിഗമനം. വാസ്തവകഥനംമാത്രമായ സ്വഭാവോക്തിയെ അലങ്കാരകുടുംബത്തിൽനിന്നു ബഹിഷ്കരിച്ചിരിക്കുന്നു, ആ നിരൂപകപിതാമഹൻ.

ആചാര്യദണ്ഡി ഭാമഹനെ മിയ്ക്കവാറും അനുസരിച്ചിട്ടുണ്ടു്, വക്രോക്തിയുടെ കാര്യത്തിൽ. അദ്ദേഹത്തിൻെറ മതത്തിൽ, വാങ്മയംതന്നെ രണ്ടുപ്രകാരത്തിലേ സംഭവിക്കൂ; ഒന്നുകിൽ സ്വഭാവോക്തിയായിട്ടു് അല്ലെങ്കിൽ വക്രോക്തിയായിട്ടു്. സ്വഭാവോക്തിയല്ലാത്തതൊക്കെ വക്രോക്തിയാണു്, ദണ്ഡിക്കു്. സാഹിത്യത്തിൻെറ അടിസ്ഥാനംതന്നെ വക്രോക്തിയാണെന്നു വാദിക്കുന്നു, ഭാമഹൻ. സ്വഭാവോക്തിയെക്കൂടി അതിൽ ഉൾപ്പെടുത്തുവാൻ ഒരുമ്പെടുന്നു, ദണ്ഡി. ഇതാണു് ആ പ്രാചീനാചാര്യന്മാർ തമ്മിലുള്ള പ്രധാനവ്യത്യാസം.

ഇതിൽനിന്നു തുലോം വ്യത്യസ്തമായ അർത്ഥത്തിലാണു്, വാമനൻെറ വക്രോക്തിനിർവ്വചനം. "സാദൃശ്യാല്ലക്ഷണാ വക്രോക്തിഃ" ഇതാണു് അദ്ദേഹത്തിൻെറ ലക്ഷണം. സാദൃശ്യനിബന്ധനമായ ലക്ഷണയാണു് വക്രോക്തിയെന്നർത്ഥം. അദ്ദേഹത്തിനു് അതൊരു അലങ്കാരവിശേഷംമാത്രമാണു്. വക്രോക്തിയുടെ ദീർഘമായ സ്വരൂപത്തെ, ഇപ്രകാരം, വാമനമാക്കാൻ ശ്രമിച്ച ആദ്യത്തെ ആലങ്കാരികൻ വാമനനാണെന്നു തോന്നുന്നു.

ഭാമഹമതപ്രതിഷ്ഠനടത്തിയ തന്ത്രിവര്യനാണു് രാജാനകകുന്തകൻ.

"വക്രോക്തിരേവ വൈദഗ്ധ്യ-
ഭംഗീഭണിതിരുച്യതേ."

അദ്ദേഹത്തിൻെറ വക്രോക്തിനിർവ്വചനം ഇതാണു്. പ്രതിഭാശാലിയും വ്യുത്പന്നമതിയുമായ ഒരു കവിയുടെ വൈദഗ്ധ്യവിച്ഛിത്തിയോടുകൂടിയ ഏതൊരു ഭണിതിയും വക്രോക്തിയാണു്, കുന്തകൻെറ ദൃഷ്ടിയിൽ; അതുതന്നെയാണു് കവിതയുടെ ജീവിതവും.

'വക്രോക്തിജീവിത'ത്തിൽ വക്രോക്തി ആറുപ്രകാരം സംഭവിക്കുമെന്നു് ആചാര്യൻ പ്രസ്താവിച്ചിരിക്കുന്നു. വർണ്ണവിന്യാസവക്രത, പദപൂർവ്വാർദ്ധവക്രത, പദപരാർദ്ധവക്രത, വാക്യവക്രത, പ്രകരണവക്രത, പ്രബന്ധവക്രത ഇവയാണു് ആ പ്രഭേദങ്ങൾ.

ശ്രീകേരളവർമ്മവലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ മയൂരസന്ദേശത്തെ അവ

ലംബമാക്കി വക്രോക്തിപ്രകാരങ്ങളെ വിവരിക്കാനാണ്, എന്റെ ശ്രമം. "ലോകോത്തരചമൽകാരകാരിവൈചിത്ര്യ"ത്തോടുകൂടി കവിവ്യാപാരം ചെയ്തിട്ടുള്ള ഒരു ദേഹമാണല്ലോ, അവിടുന്ന്.

എ) വർണ്ണവിന്യാസവക്രതയാണ് പ്രഥമം. വ്യഞ്ജനവിന്യസനംകൊണ്ടു സമ്പാദിച്ചിട്ടുള്ള വിച്ഛിത്തിവൈശിഷ്ട്യമാണ് ആ വക്രഭാവം. ഈ ശീർഷികയിൽ അന്തർഭവിക്കുന്നു, ശബ്ദാലങ്കാരം മുഴുവൻ.

"വാസന്തീമധുവാന്ന വാക്കിനു സജാ-
തീയദ്വിതീയാക്ഷര-
പ്രാസം ചേർപ്പതു കൈരളീമഹിളതൻ
മംഗല്യമാണോർക്കണം"

എന്നിങ്ങനെ ദ്വിതീയാക്ഷരപ്രാസത്തെപ്പോലും മുക്തകണ്ഠം അഭിനന്ദിച്ചിട്ടുള്ള കേരളകാളിദാസൻ, അനുപ്രാസാദി ശബ്ദാലങ്കാരങ്ങളുടെ വിഷയത്തിൽ ബദ്ധശ്രദ്ധനായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ.

മയൂരസന്ദേശത്തിലെ,

"പാലിക്കാനായ് ഭുവനമഖിലം
ഭൂതലേ ജാതനായ-
ക്കാലിക്കൂട്ടം കലിതകുതുകം
കാത്ത കണ്ണന്നു ഭക്ത്യാ
പീലിക്കോലൊന്നടിമലരിൽ നീ
കാഴ്ചയായ്‌വച്ചിടേണം
മൗലിക്കെട്ടിൽത്തിരുകുമതിനെ-
ത്തീർച്ചയായ് ഭക്തദാസൻ"

എന്ന പ്രസിദ്ധപദ്യം അനുപ്രാസഭാസുരമാണ്. ഇതിലെ അനായാസപ്രസൃമരവും മധുരകോമളവുമായ പ്രാസവിലാസം ശ്രീകൃഷ്ണവിഷയകമായ ഭക്തിഭാവത്തിനു പരിപോഷകമായി ലാലസിക്കുന്നുണ്ട്.

ബി) പദപൂർവാർദ്ധവക്രതയാണ് അടുത്തതു്. സുബന്തമോ തിങന്തമോ ആയ പദത്തിലെ പ്രാതിപദികലക്ഷണമോ ധാതുലക്ഷണമോ ആയ പൂർവാർദ്ധത്തിന്റെ വിന്യാസവൈചിത്ര്യമാണ്, പദപൂർവാർദ്ധവക്രത. ബഹുപ്രകാരമാണ് അതും.

കൊല്ലംപട്ടണത്തിലെ മുട്ടാളന്മാരായ പട്ടാളക്കാരുടെ തെമ്മാടിത്തം തടയണമെന്നു നായകൻ ദൂതനോടു അഭ്യർത്ഥിക്കുന്നു.

"പട്ടാളക്കാരതിപരുഷരാ-
യങ്ങുമിങ്ങും നടക്കും
മുട്ടാളന്മാർ മതിമുഖികളെ
മൂക്കിൽ മുട്ടുന്നകണ്ടാൽ
തട്ടാതപ്പോളവമതിയവ-
ർക്കായവരേറെയടെ കണ്ണും
പൊട്ടാനാകുംപടി രട സഖേ-
ദ്ധീര, മാർജ്ജാരകണ്ഠ!"

ഈ ശ്ലോകത്തിലെ "മാർജ്ജാരകണ്ഠ!" എന്ന സംബോധനം പദപൂർവാർദ്ധവക്രതയ്ക്കു ഉദാഹരണമായി കണക്കാക്കാം. ഇവിടെ ഈ പദം കേകിപര്യായമായി പ്രയോഗിച്ചതിന്റെ ഔചിത്യത്തെക്കുറിച്ചു കേരളപാണിനി പറയുന്നതു കേൾക്കുക:—"ഇതിന്റെ ആഗമം കേകയ്ക്കും മാർജ്ജാരശബ്ദത്തിനും ഉള്ള സാമ്യമായിരിക്കണം. പൂച്ചയുടെ കരച്ചിലിനു് ഭാഷയിലെ അനുകരണം 'ഇങ്ങേയാവോ' എന്നാണല്ലോ. അതിനാൽ കേകയ്ക്കു് 'ഇങ്ങേ,' ഈ പരസ്ത്രീകളുടെ അടുക്കലേ, 'ആവോ,' ഈവക പ്രവൃത്തി പാടുള്ളോ? എന്ന അർത്ഥം കല്പിക്കാവുന്നതിനാൽ മയിലിനു ഇവരെ തടുക്കാൻ സൗകര്യാതിശയവുംകൂടി ഉണ്ടാക്കിത്തീർക്കാമെന്നു തോന്നുന്നു." മററു പര്യായപദങ്ങൾ പ്രയോഗിക്കാമെന്നിരിക്കേ ഈപദംതന്നെ ഉപയോഗിച്ചതു് കേരളപാണിനി പറഞ്ഞ ഉദ്ദേശ്യം കവിക്കുണ്ടായിരുന്നതുകൊണ്ടായിരിക്കണം.

സി) പദത്തിന്റെ പരഭാഗമായ പ്രത്യയത്തെ ആധാരമാക്കിനില്ക്കുന്നവിച്ഛിത്തിവിശേഷമാണ് പദപരാർദ്ധവക്രതയെന്ന മൂന്നാം പ്രകാരം. സംഖ്യ, കാരകം, ലിംഗം മുതലായവയുടെ വൈചിത്ര്യങ്ങളെ അടിസ്ഥാനമാക്കി ഈ വക്രതയ്ക്കു് അനേകം പ്രഭേദങ്ങൾ സംഭവിക്കാം.

ഓരോ ഉപാധിയെ ആലംബമാക്കി തിരുവനന്തപുരത്തെ വർണ്ണിക്കുന്നു, കവി.

"മാരക്രീഡാമഹലഹളയിൽ-
ജ്ജാലമാർഗ്ഗേണ ലീലാ-
ഗാരക്രോഡേ നിഭൃതഗതിയാ-
യെത്തി നിത്യം നിശായാം

വാരസ്ത്രീണാം വപുഷിവിലസും
സ്വേദബിന്ദുക്കളാകും
ഹാരസ്തോമം ഹരതി വിരുതേ-
റുന്നചോരൻ സമീരൻ."

അതിലൊരുഭാഗമാണ് ഈ ശ്ലോകം. "വായു സുരതശ്രാന്തകളായ സ്ത്രീകളുടെ ദേഹത്തിലുള്ള വിയർപ്പുതുള്ളികളെ ശമിപ്പിക്കുന്നു" എന്ന ആശയമാണ് ഇതിലെ പ്രതിപാദ്യം. ഉത്സവലഹളയ്ക്കിടയിൽ മുത്തുമാല ചോരനപഹരിക്കുന്നതു പോലെയാണ് സമീരന്റെ വ്യാപാരമെന്ന്, 'സമീര'പദത്തിന്റെ പുംസ്ത്വവും കർത്തൃത്വവും നിമിത്തം, സിദ്ധിക്കുന്നു. ചൈതന്യരഹിതവും ഹരണവ്യാപാരാസമർത്ഥവുമായ കാററിനെ ചൈതന്യസഹിതനും ഹരണവ്യാപാരസമർത്ഥനുമായ സമീരനായി കവി നിബന്ധിച്ചിരിക്കുന്നു. ഇതു വൈചിത്ര്യാധായകമായിട്ടുണ്ട്. അതിനാൽ, കാരകവൈചിത്ര്യത്തേയും ലിംഗവൈചിത്ര്യത്തേയും അവലംബിച്ചുകൊണ്ടുള്ള പദപരാർദ്ധവക്രതയ്ക്കു വിഷയമാകുന്നു, ഈ പ്രയോഗം.

ഇതേവരെ ക്രോഡീകരിച്ചിട്ടുള്ള വക്രോക്തിപ്രകാരങ്ങൾ വർണ്ണസമൂഹമായ പദത്തെ അടിസ്ഥാനമാക്കി നില്ക്കുന്നവയാണ്. ഇനിയത്തെ മൂന്നു പ്രഭേദങ്ങൾ വാക്യത്തേയോ വാക്യസമൂഹത്തേയോ നിമിത്തമാക്കിയാണ് സംഭവിക്കുന്നത്.

൪) വാക്യവക്രതയാണ് തുരീയപ്രകാരം. ഉപകരണകലാപത്തിൽനിന്നു വ്യതിരിക്തമായി ചിത്രകാരകൗശലം ഉത്ഭാസനംചെയ്യുന്നതുപോലെ, മാധുര്യാദിപദാർത്ഥസാർത്ഥത്തിൽനിന്നു വിഭിന്നമായി കവിവൈദഗ്ദ്ധ്യം പ്രത്യക്ഷീഭവിക്കുന്നു. ഇതാണ് സഹൃദയസംവേദ്യമായ വാക്യവക്രതയായി രൂപമെടുക്കുന്നത്. അർത്ഥാലങ്കാരസാമ്രാജ്യംമുഴുവൻ ഈ ചക്രവർത്തിനിയുടെ അധികാരപരിധിയിൽ അന്തർഭവിക്കുന്നു. ഭാമഹാനുഗാമിയായ കുന്തകൻ സ്വഭാവോക്തിയെ ഈ സാമ്രാജ്യത്തിൽനിന്നു നിശ്ശേഷം നാടുകടത്തിയിട്ടുണ്ട്.

വഞ്ചിയുടെ പാമരത്തിന്മേലിരുന്നു വഞ്ചിരാജധാനിയിലേക്കുപോകുമ്പോൾ മയിൽ ചില അപകടങ്ങളെക്കരുതേണ്ടതുണ്ടെന്ന് നായകൻ ഉൽബോധിപ്പിക്കുന്നു:—

"കോപത്താൽ നീ കുതിതുടരൊലാ
പന്നഗത്തെക്കുറിച്ചാ-
ലാപത്തെക്കേട്ടുമപകടം
തന്നെയാം പന്നഗാരേ!
ആപല്ലാഭം ഫലമയി സഖേ,
ഭോഗഭുക്കാം വയസ്സിൻ
ചാപല്യത്തെസ്സപദി നിയമി-
ക്കായ്കിലെന്നാപ്തവാക്യം."

വഞ്ചിക്കാർ പന്നഗത്തെ (പന്നകത്തെ) കുറിച്ച് പല സന്ദർഭത്തിലും സംസാരിച്ചേക്കാം. അതുകേട്ട് സർപ്പത്തെക്കുറിച്ചാണ് സംസാരിക്കുന്നതെന്നു തെററിദ്ധരിച്ചു കുപിതനായി ചാടിപ്പുറപ്പെട്ടാൽ അപകടംതന്നെ സംഭവിക്കും. ഭോഗഭുക്കായ വയസ്സിന്റെ ചാപല്യത്തെ നിയമിക്കാഞ്ഞാൽ ആപല്ലാഭം ഫലമെന്നാണല്ലോ ആപ്തവാക്യം. സുഖങ്ങളനുഭവിക്കുന്ന യൗവനത്തിന്റെ മദംകൊണ്ടു വല്ല സാഹസവും പ്രവർത്തിച്ചാൽ ആപത്തകപ്പെട്ടുമെന്നും അതിനാൽ മയിൽ കോപിച്ചു പെട്ടെന്ന് ഒന്നും തന്നെ ചെയ്യരുതെന്നും ഭാവം. ഭോഗശബ്ദത്തിന് സർപ്പശരീരമെന്നും വയശ്ശബ്ദത്തിനു പക്ഷി എന്നുംകൂടി അർത്ഥമുള്ളതുകൊണ്ടു്, സർപ്പശരീരം ഭക്ഷിക്കുന്ന മയിലിന്റെ ചാപല്യം ഉടനെ നിയന്ത്രിച്ചില്ലെങ്കിൽ ആപത്തുളവാകുമെന്നു മറെറാരർത്ഥവുംകൂടി ശ്ലേഷശക്തികൊണ്ടു കിട്ടുന്നു. ഈ രണ്ടർത്ഥവും പ്രകൃതമാകയാൽ അലങ്കാരം പ്രകൃതശ്ലേഷം. ഈദൃശപ്രയോഗം വ്യുൽപത്തി സാദ്ധ്യമാകയാൽ വ്യുൽപന്നന്മാരായ സഹൃദയന്മാർക്ക് ആഹ്ലാദജനകമാകുന്നു. അതാണല്ലോ വൈചിത്ര്യത്തിന്റെ ബീജം. അതിനാൽ, വാക്യവക്രതയ്ക്കു നിദർശനമാകുന്നു പ്രസ്തുതപദ്യം.

൫) അടുത്തതു് പ്രകരണവക്രത. ഭാവനാസമ്പന്നനായ കവിയുടെ നിരർഗ്ഗളവും അസാധാരണവുമായ ഉത്സാഹപരിസ്പന്ദത്തിന്റെ ഫലമായി, പ്രബന്ധത്തിലെ ഏതെങ്കിലും ഒരു സന്ദർഭത്തിൽ, രസികജനത്തിനു് നിസ്സീമമായ ആമോദം ജനിക്കത്തക്കവിധം നിബദ്ധമായ വൈചിത്ര്യംതന്നെയാണ് പ്രകരണവക്രത. അനേകശാഖമായ ഈ വക്രഭാവത്തെ ഇദംതയാ പരിച്ഛേദിക്കുക സാദ്ധ്യമല്ല. ശാകുന്തളത്തിലെ ദുർവ്വാസശ്ശാപസന്ദർഭമാണ് ഇതിനുള്ള ഉദാഹരണങ്ങളിലൊന്നായി 'വക്രോക്തിജീവിത'ത്തിൽ പ്രദർശിപ്പിക്കപ്പെട്ടിട്ടുള്ളതു്. അ

ങ്ങനെയുള്ള ദൃഷ്ടാന്തം നാടകങ്ങളിലോ മഹാകാവ്യങ്ങളിലോമറേറാ അല്ലാതെ സന്ദേശകാവ്യങ്ങളിൽ കാണക പ്രയാസമാണ്.

മയിൽ തിരുവനന്തപുരത്തേക്കുപോകുന്ന വഴി വക്കലെച്ചെല്ലുമ്പോൾ അവിടത്തെ തുരങ്കത്തിൻെറപണി സന്ദശിക്കണമെന്ന സന്ദേഷ്ടാവ് നിർദ്ദേശിക്കുന്നു:—

"കല്യൻ ഹൂണപ്രവരനൊരുവൻ
കാരുധൌരേയനാരാൽ
കല്യയ്ക്കായിഗ്ഗിരിനിര തുര-
ക്കുന്നതും ചെന്നുകാൺക
തുല്യം മററില്ലുലകിലതിനൊത്ത-
ത്തുരങ്കങ്ങൾ തിന്നാൽ
ശല്യംവേണ്ടാ സരണിമുഴവൻ തോ-
ണിയിൽത്തന്നെ പോകാം."

സംഭ്രമമായ കഥാവസ്തുവിനെ അംഗീകരിച്ചു രചിക്കപ്പെട്ട കാവ്യത്തിൻെറ പരമമായ ആസ്വാദനത്തിന് യാഥാതഥ്യപരമായ വർണ്ണനം ആത്യന്തികമായി ഉപകരിക്കുന്നതാണല്ലോ. "തിരുപ്പാണ്ടി മുതൽ തിരുവനന്തപുരം വരെ ഒന്നായി ജലമാർഗ്ഗേണ സഞ്ചരിക്കാം"എന്നുള്ള സൗകര്യംനല്കുന്ന ഈ തുരങ്കത്തിൻെറ നിർമ്മാണം വഞ്ചിരാജ്യചരിത്രത്തിൽ അതിപ്രാധാന്യമർഹിക്കുന്ന ഒരു സംഭവമാണ്. അതിനെ സന്ദർഭാനുസാരം കാവ്യത്തിൽ ഔചിത്യപൂർവ്വം ഉപനിവേശിപ്പിച്ചതാണ് ഇവിടെ രാമണീയകാധായകം. തന്മൂലം പ്രസ്തുതശ്ലോകം പ്രകരണവക്രതയ്ക്ക് ഉദാഹരണവുമാകുന്നു.

൬) പ്രബന്ധവക്രതയാണ് ആറാമത്തേതു്. പ്രബന്ധത്തിൻെറ 'സഹജാഹാര്യസൗകുമാര്യമനോഹര'മായ വക്രഭാവമാണ് പ്രബന്ധവക്രത. അതു് ഇന്നരൂപത്തിലേ സംഭവിക്കൂ എന്നു നിർണ്ണയിക്കുക അസാധ്യം. മഹാകവിപ്രബന്ധങ്ങളിലെല്ലാം ഈ മേന്മ കാണപ്പെടുമെന്നാണ് കുന്തകൻെറ അഭിപ്രായം. അതുകൊണ്ടുതന്നെയാണ് ആചാര്യൻ, പ്രബന്ധവക്രതയുടെ പിരിവുകളെ പരിഗണനം ചെയ്തതിനുശേഷം,

"നൂതനോപായനിഷ്പന്ന-
നയവർത്മോപദേശിനാം
മഹാകവിപ്രബന്ധാനാം
സർവ്വേഷാമസ്തി വക്രതാ"

എന്നിങ്ങനെ ഉപസംഹരിച്ചിരിക്കുന്നതു്.

കവികുലഗുരുവായ കാളിദാസമഹാകവിയുടെ മേഘസന്ദേശത്തെ അനുകരിച്ച് അനവധി സന്ദേശകാവ്യങ്ങൾ, സംസ്കൃതത്തിലും ദേശഭാഷകളിലുമായി, സമുത്ഭവിച്ചിട്ടുണ്ട്. അവയിൽ ഭൂരിപക്ഷത്തിനും സങ്കല്പസൃഷ്ടമായ കഥാവസ്തുവാണ് ആധാരം. കൃത്രിമമായ ഒരന്തരീക്ഷമാണ് അവയിലെല്ലാം. മയൂരസന്ദേശത്തിൻെറ നില അതല്ല. അതാകട്ടെ, കവിയും നായകനുമായ മഹാനുഭാവന് ദുർദ്ദൈവവശാൽ സംഭവിച്ച ആപത്തിനെ ഇതിവൃത്തമായി സ്വീകരിച്ചു രചിച്ചിട്ടുള്ള ഒരു ഉത്തമഖണ്ഡകാവ്യമാകുന്നു. അനുഭവത്തിൽ തൂലിക മുക്കി എഴുതിട്ടുള്ള ഈ കാവ്യത്തിൻെറ ആസ്വാദ്യത ഒന്നു പ്രത്യേകംതന്നെയാണ്. വാസ്തവകൃതിമങ്ങൾ തമ്മിലുള്ള അന്തരം മയൂരസന്ദേശത്തിനും ഇതരസന്ദേശകാവ്യങ്ങൾക്കുമുണ്ടെന്നുതാല്പര്യം. ഇതു വൈചിത്ര്യനിദാനമായ പ്രബന്ധവക്രതതന്നെയാണ്.

അനുഗൃഹീതമഹാകവിയായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ പ്രധാനകൃതിയായ മയൂരസന്ദേശം, രാജാനക കുന്തകൻെറ അഭിപ്രായംവെച്ചു നോക്കിയപ്പോൾ സർവ്വഥാ വക്രോക്തിസുന്ദരമായ ഒരു കാവ്യതല്ലജമാണെന്നു കണ്ടുകഴിഞ്ഞു. അതിൻെറ രാമണീയകത്തെക്കുറിച്ചു ചർച്ചചെയ്യുന്ന അവസരത്തിൽ,

"വാഗവല്യാഃ പദപല്ലവാസ്പദതയാ
യാ വക്രതോദ്ഭാസിനീ
വിച്ഛിത്തിഃ സരസത്വസമ്പദുചിതാ
കാപ്യുജ്ജ്വലാ ജൃംഭതേ
താമാലോച്യ വിദഗ്ദ്ധഷട്പദഗണൈ-
ർവ്വാക്യപ്രസൂനാശ്രയം
സ്ഫാരാമോദമനോഹരം മധുനവോൽ-
കണ്ഠാകുലം പീയതാം"

എന്ന മനോഹരമായ 'വക്രോക്തിജീവിത' പദ്യമാണ് സ്തുതിപഥത്തെ പ്രഥമമായി ആരോഹണംചെയ്യുന്നതു്.

കേരളപ്രാർത്ഥന

(വാരനാട്ടു കെ. പി. ശാസ്ത്രികൾ)

വാരാളും കഞ്ചുകച്ഛായൊത്തൊട്ടു മണിമകുടം ചൂടി മൂക്കിൻവലത്താ-
യാരാൽ കൃഷ്ണാഭമാകും മറുവൊടുവിലസും വക്ത്രമൊട്ടൊന്നുയർത്തി
നീരാളപ്പൊൻകസേരത്തലയിലിടതുകൈയ് വച്ചെഴുന്നള്ളിനില്പൂ
ധീരാകാരാവലോകൻ ഭുവനവിദിതനാം കൈരളീകാളിദാസൻ! ൧

പല്പക്ഷോണീശവംശപ്രവിലസിതമഹാരത്നമേ! വഞ്ചിരാജ്ഞീ-
ഹൃൽപത്മപ്രേമമാദ്ധ്വീപ്രസരസമഭിഷിക്താന്തരാത്മാനുവൃത്തേ,
തല്പത്തിൽ കൈരളിക്കും സമനിലയരുളിക്കാത്തുപാലിച്ചൊരങ്ങേ-
ത്തൃപ്പത്തിൽ കൈയ്കൾകൂപ്പിത്തൊഴുതിടുമടിയാക്കേകുകാശിസ്സമോഘം. ൨

തുഞ്ചൻ കുഞ്ചൻതുടങ്ങിപ്പലരുമരുമയിൽപ്പോററിയാത്മാഭിമാന-
ത്തുഞ്ചത്തെത്തിച്ചിരുന്നെങ്കിലുമുദിതകൃപം കൈരളിത്തയ്യലാളെ
പഞ്ചംപോയ് കാലദേശപ്രകൃതിസുഭഗയായ് ലോകരംഗത്തിറങ്ങാൻ
തഞ്ചംകാണിച്ച ധന്യൻ കൃപണസദയനാമങ്ങുതാനായിരുന്നു! ൩

തത്താദൃങ്മാന്യനാനാഗുണമുടയമഹാരാജ്ഞിയോടുള്ളതേക്കാൾ
ചിത്താവേശം ഭവാനിപ്രകൃതികൃപണയാം കൈരളിപ്പെൺകിടാവിൽ
സത്തായുണ്ടായിരുന്നെന്നതുബത! വെറുതേ വാഴ്ത്തീയോതീടുവോന്ന-
ല്ലോത്താരും സമ്മതിക്കുന്നൊരുതെളിവടിയൻതന്നെ നേരിട്ടുണർത്താം. ൪

തൻപുത്രൻ നീർത്തകൊററക്കുടയുടെതണലിൽപ്പാർത്തു കാന്തയ്ക്കുതുല്യം
വൻപുണ്ടാം രാജ്യലക്ഷ്മിക്കിനിയവപുകളിനായല്ല, തൻജീവിതത്തെ
അൻപുററങ്ങാത്മസന്തത്യനുഭവമഖിലം കൈരളീദേവിയാളിൽ
സമ്പുഷ്ടപ്രേമപൂർവ്വം വളരുവതിനുതാ,നന്നിയർപ്പിച്ചിരുന്നു! ൫

ആരുണ്ടീക്കേരളത്തിൽ, കവിയുടെനിലയിൽ തെല്ലു കുത്തിക്കുറിച്ചാൽ
പോരും, സമ്മാനമാശിസ്സോടുമുടനെ ലഭിക്കാതെ, തൃക്കൈയ്യിൽനിന്നും
പേരും തൻരാജകീയപ്പെരുമയുമിവിടുന്നെന്റെ പൊൻതമ്പുരാനേ,
ചാരുശ്രീകൈരളിപ്പെൺകൊടിയുടെ വിജയത്തിന്നു കൈക്കൊണ്ടിരുന്നു. ൬

മുത്തേകുന്നുണ്ടിദാനീമപി പുളകമൊടും, മുപ്പതാണ്ടാകുമിന്നേ,-
യ്ക്കത്തേവാരത്തുകോയിയ്ക്കലെ നടയിലെഴുന്നള്ളിനിന്നന്നകസ്മാൽ
“മത്തേജോലേശമേററിങ്ങിനെയിനിയിവനും പദ്യകൃത്തായ് വരട്ടെ”-
ന്നുദ്ദേശിച്ചോണമുന്നിസ്സദയമടിയനിൽച്ചേർത്തൊരാതൃക്കടാക്ഷം. ൭

ആകല്പം വാണു വിഷ്വഗ്ജയമൊടുമലയാം സാഹിതീമണ്ഡലത്തി-
ന്നേകച്ഛത്രാധിപത്യത്തൊടു സുകൃതി ഭവാൻ നിസ്സപത്നം നിരീഹം!
പാകത്തിൽ പൂജ്യമാകും പദവിയെവിടെയും കൈരളീസേവകർക്കാ-
ലോകത്തുണ്ടായിരുന്നു ഭവദുപചിതമാം നിത്യനിഷ്കർഷമൂലം!! ൮

ഒരു മഹച്ചരിതം

(കുന്നേഴത്തു പരമേശ്വരമേനോൻ)

സാമാന്യവിശേഷഭാവം ലൌകികപദാർത്ഥങ്ങളിലെല്ലാം വ്യാപിച്ചുകാണുന്ന ഒരു അവസ്ഥയാണ്. സാധാരണസംഭവങ്ങളെയൊക്കെ സാമാന്യങ്ങളെന്നും സാമാന്യാതീതമായിട്ടുള്ളവയെ വിശേഷങ്ങളെന്നും പറയുന്നു. ലോകത്തിലുള്ള വസ്തുക്കളിൽ ഭൂരിപക്ഷവും സാമാന്യങ്ങളിൽപെടും. വിശേഷങ്ങളുടെകൂട്ടത്തിൽ ഗണിക്കപ്പെടേണ്ടുന്നവ വളരെ കുറഞ്ഞിരിക്കും. വിശേഷസംഭവങ്ങളുടെ ചരിത്രം ലോകത്തിൽ പ്രസിദ്ധമായിരിക്കും. സാമാന്യസംഭവങ്ങളെ ആരും അത്രശ്രദ്ധിക്കാറില്ല. സകലമനുഷ്യരും ജനിക്കുകയും മരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അവരിൽ ചിലരുടെപേർ കാലാന്തരത്തിലും നശിക്കാതെ നിലനിന്നു വരുന്നുണ്ടല്ലോ. അങ്ങിനെയുള്ളവരെ മഹാന്മാരെന്നോ, ദിവ്യന്മാരെന്നോ കല്പിച്ച്, അവരുടെ ചരിത്രങ്ങളെ രേഖപ്പെടുത്തുകയും മററുള്ളവർ അവരെ മാതൃകയാക്കിപ്രവർത്തിച്ചുപോരുകയുംചെയ്യുന്നു. ഇതിഹാസാദികളിൽ അധികഭാഗവും ഇങ്ങിനെയുള്ള മഹാപുരുഷന്മാരുടെ ചരിത്രങ്ങളാണല്ലോ! ഈ നായകന്മാരിൽ ഓരോരുത്തരും ഓരോ ഗുണങ്ങൾക്കു പ്രത്യേകം കേൾവിപ്പെട്ടിരിക്കും. അതുകൊണ്ടാണ് നായകന്മാർക്കു യുദ്ധവീരൻ, ദാനവീരൻ, ധർമ്മവീരൻ, ദയാവീരൻ എന്നിത്യാദിഭേദങ്ങൾകല്പിക്കപ്പെടുന്നതു്.

നവീനങ്ങളായ യന്ത്രങ്ങൾ, ശാസ്ത്രങ്ങൾ മുതലായവയുടെ നിർമ്മാതാക്കളും മേൽപ്പറഞ്ഞപ്രകാരം കാലദേശാദികളുടെ പരിധിയെ അതിക്രമിച്ചു ജീവിക്കുന്നവരായിരിക്കും. സഹൃദയസമ്മതന്മാരായ സാഹിത്യകാരന്മാരും ഇതിൽനിന്നു വ്യത്യസ്തന്മാരല്ല. അവർക്ക്സാഹിത്യവീരന്മാരെന്നു പേർകൊടുപ്പാൻ വിരോധമില്ല.

'കേരളകാളിദാസ'നെന്നു പ്രസിദ്ധനായ 'കേരളവർമ്മവലിയകോയിത്തമ്പുരാൻ' ഇത്തരത്തിലുള്ള ഒരു മഹാപുരുഷനായിരുന്നു. സാഹിത്യവിഷയമായ പരിശ്രമത്തിൽ അവിടുന്നു കേരളീയർക്ക് അനുകരണീയനും ആരാധ്യനുമായ ഒരാചാര്യനായിട്ടാണ് വർത്തിച്ചിരുന്നതു്. ആദ്യകാലങ്ങളിൽ അവിടുന്നുണ്ടാക്കിട്ടുള്ള കൃതികൾ മിക്കതും സംസ്കൃതഭാഷയിലാണ്. വിശാഖവിജയംമഹാകാവ്യം, തുലാഭാരശതകം മുതലായ സംസ്കൃതകൃതികളെപ്പററി സംസ്കൃതപണ്ഡിതന്മാർ വളരെ ശ്ലാഘിച്ചിട്ടുണ്ട്. രഘുവംശം, മാഘം, കിരാതാർജ്ജുനീയം, കുമാരസംഭവം, നൈഷധം മുതലായകാവ്യരത്നങ്ങളെക്കൊണ്ടു ഭൂഷിതയായ ഗൈർവ്വാണീദേവിക്ക് ആവക കൃതികളെക്കൊണ്ട് അനിർവ്വചനീയമായ സൌന്ദര്യാതിശയമൊന്നും സംഭവിച്ചിട്ടില്ലെങ്കിലും ആ മഹാകവിവരനിൽനിന്നു സിദ്ധിച്ചിട്ടുള്ള ഭാഷാശാകുന്തളം, മയൂരസന്ദേശം, അന്യാപദേ

സാനന്ദം തുല്പദത്താരിണയിലമലമാം സാഹിതീഭക്തനാഥ-
സ്ഥാനം നിഷ്കൃഷ്ടമാം തൽപുരുഷപദസമാസത്തിൽ വർത്തിച്ചിരുന്നു!
നൂനം ദിനം സുദൃനം പദമതിഹ ബഹുവ്രീഹിനിഷ്ഠാർത്ഥമായി-
ത്താനഹിക്കാത്തതാശിച്ചിരുവശവുമൊരേമട്ടു നിന്നാഥമായി!! ൯

വ്യാമിശ്രൻ കോവിദാരൻ ഹൃദയകരടകൻ തൊട്ടസാഹിത്യലോക-
പ്രേമിപ്പാഴ്ക്കോമരപ്പേപ്പടയണിനിലമായ്ത്തീർന്നൊരിക്കേരളത്തിൽ
പേർമിന്നും കൈരളിക്കാത്തനിമപുലരുവാൻ കൈരളീകാഴ്ച്ചദാസ-
സ്വാമിൻ! വീണ്ടും ഭവാനൾക്കനിവൊടവതരിക്കേണമേ! തമ്പുരാനേ!! ൧൦

ശശതകം, അമരുകശതകം മുതലായ അമൂല്യ ഭൂഷണങ്ങളെക്കൊണ്ടു് കേരളഭാഷായോഷയ്ക്കു് അപരിമിതമായ സൌഭാഗ്യമുണ്ടായിട്ടുണ്ടു്. അവിടത്തെ ശാകുന്തളതജ്ജമയാണു് മലയാളഭാഷയിൽ ഒന്നാമതായി ഉണ്ടായ ഒരു നാടകം. അതു പുറത്തുവന്നിട്ടു് ഇപ്പോഠം ഏകദേശം അഞ്ചു പന്തിരാണ്ടു കഴിഞ്ഞിരിക്കുന്നു. അതിന്നുശേഷം സംസ്കൃതത്തിൽ പ്രസിദ്ധങ്ങളായ നാടകങ്ങഠം മിക്കതും പലരും ഭാഷാദേവിക്കു് ഉപഹാരമാക്കിച്ചമച്ചിട്ടുണ്ടു്. ജാനകീപരിണയം, ഉത്തരരാമചരിതം, വിക്രമോർവ്വശീയം, മാളവികാഗ്നിമിത്രം, മാലതീമാധവം, ചണ്ഡകൌശികം, വേണീസംഹാരം, ആശ്ചയ്യചൂഡാമണി, നാഗാനന്ദം, മുദ്രാരാക്ഷസം മുതലായ നാടകങ്ങളെല്ലാം അതിൽപ്പെട്ടവയാണു്. ഇതുകൂടാതെ പ്രതിഭാശാലികളായ പല കവികളും സ്വതന്ത്രങ്ങളായ പല നാടകങ്ങളും ഉണ്ടാക്കീട്ടുണ്ടു്. കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻെറ കല്യ്യാണിനാടകം, മധുരമംഗലം, ഉമാവിവാഹം, കുഞ്ഞിക്കുട്ടൻ തമ്പുരാൻെറ ലക്ഷണാസംഗം, ചന്ദ്രിക, നടുവത്തു് അഛൻ നമ്പൂതിരിയുടെ ഭഗവദ്ദൂതു്, കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ദേവീവിലാസം, കുചേലഗോപാലം, തോട്ടയ്ക്കാട്ടു് ഇക്കാവമ്മയുടെ സുഭദ്രാജ്ജുനം മുതലായവ ഇത്തരത്തിൽ പെട്ടവയാകുന്നു.

കോയിത്തമ്പുരാൻ അക്ബർ എന്ന ആഖ്യായിക ആരംഭിച്ചതിന്നുശേഷമാണു് ഇംഗ്ലീഷിൽ നോവൽ എന്നപേരിൽ പ്രസിദ്ധമായിട്ടുള്ള കേവലഗദ്യസാഹിത്യഗ്രന്ഥങ്ങളുടെ രീതിയിലുള്ള ആഖ്യായികകഠം അധികമായി മലയാളത്തിൽ ആവിർഭവിച്ചതു്. ഒ. ചന്തുമേനോൻെറ ഇന്ദുലേഖ, ശാരദ, ചാത്തുനായരുടെ മീനാക്ഷി, സി. വി. രാമൻപിള്ളയുടെ മാത്താണ്ഡവമ്മ, ധമ്മരാജാ, അപ്പൻതമ്പുരാൻെറ ഭാസ്കരമേനോൻ, ഭൂതരായർ മുതലായ ഗദ്യകാവ്യപരമ്പരകളെല്ലാം അക്കൂട്ടത്തിൽ പെട്ടവയാണു്.

പ്രസ്തുത മഹാശയൻെറ ഉത്സാഹത്താൽ തിരുവനന്തപുരത്തുനിന്നു കൊല്ലവഷം ൧൦൫൫,— [illegible] എന്നിക്കാലത്തു നടത്തിവന്നിരുന്ന വിദ്യാവിലാസിനി എന്ന മാസികയെ അനുകരിച്ചു തൃശ്ശിവപേരൂർനിന്നു് സി. പി. അച്യുതമേനോൻ 'വിദ്യാവിനോദിനി' എന്നൊരു മാസിക ആരംഭിച്ചു. അതിന്നുശേഷമാണു ഭാഷാപോഷിണി, രസികരഞ്ജിനി, മംഗളോദയം, ലക്ഷ്മീഭായി, കവനകൌമുദി, കൈരളി, കേസരി, ഗുരുനാഥൻ, സദ്ഗുരു ഇത്യാദിയായി പല മാസികകളും പുറപ്പെട്ടതു്.

ചമ്പൂകാരന്മാരുടെ കാലംമുതൽ മലയാളത്തിൽ പദ്യസാഹിത്യസമ്പത്തു് വദ്ധിച്ചിരുന്നു എങ്കിലും ഗദ്യം, സംഭാഷണങ്ങളിൽനിന്നു പുറപ്പെട്ടു് സംസ്കൃതത്തിലുള്ള ചില ശാസ്ത്രഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങഠംവരെ എത്തിയിരുന്നതല്ലാതെ സാഹിത്യസരണിയിൽ പ്രവേശിച്ചു് അതിൻെറ സൌഭാഗ്യവിലാസം പ്രകടിപ്പിപ്പാൻ തക്കതാണെന്നു് മലയാളികളെ ഗ്രഹിപ്പിപ്പാൻ ആചാര്യനായിത്തീന്നതു് ഈ മഹാകവിതന്നെയാണെന്നാണു് വിചാരിക്കേണ്ടതു്. തിരുവിതാംകൂറിൽ നവീനവിദ്യാഭ്യാസപരിഷ്കാരാരംഭത്തിൽ മലയാംപള്ളിക്കൂടങ്ങളിലെ പാഠ്യവിഷയങ്ങളെ നിണ്ണയിക്കുവാനും, പാഠപുസ്തകങ്ങളെ നിർമ്മിക്കുവാനുംവേണ്ടി ഏർപ്പെടുത്തപ്പെട്ട ബുക്കുകമ്മററിയിലെ പ്രധാനാംഗമായും, അദ്ധ്യക്ഷനായും ഇരുന്നു് ഈ തിരുമനസ്സുകൊണ്ടു് ചെയ്തിട്ടുള്ള അതിപരിശ്രമങ്ങളുടെ ഫലമാണു് ആ രാജ്യത്തെ നാട്ടുഭാഷാവിദ്യാഭ്യാസത്തിൽ ഇന്നു കാണുന്ന ഉൽക്കർഷം.

മദിരാശിസവ്വകലാശാലയിലും അവിടത്തെ ഉപദേശംനിമിത്തം മലയാളഭാഷാവിദ്യാഭ്യാസത്തിന്നു വലിയ ഒരു നിലയും, വിലയും സിദ്ധിച്ചിട്ടുണ്ടു്. ഇങ്ങനെ കേരള സാഹിത്യസാമ്രാജ്യനായകൻ എന്നനിലയിൽ മാത്രമല്ല, ജന്മനാ രാജവംശത്തിൽ ജനിക്കുകയും, തിരുവിതാംകൂറിലെ മഹാരാജ്ഞിയുടെ ഭത്തൃസ്ഥാനം ലഭിക്കുകയും, അവിടത്തെ ഒന്നിലധികം മഹാരാജാക്കന്മാരുടെ സ്നേഹബഹുമാനപാത്രമായി ഭവിക്കുകയുംചെയ്തു. സാഹിത്യനഭോമണ്ഡലമദ്ധ്യത്തിൽ വിളങ്ങിയ ആ "കേരളവമ്മസൂയ്യ"ൻെറ പ്രോത്സാഹനരൂപങ്ങളായ കിരണകന്ദളങ്ങളുടെ സമ്പക്കംനിമിത്തം കേവലം സ്വയംപ്രകാശശൂന്യന്മാരായിരുന്ന പല കവിതാരങ്ങളും സാഹിത്യകാരഖേചരന്മാരും ലോകപ്രകാശകന്മാരായിത്തീന്നു് അസ്തമിക്കുകയും ഇന്നും മിന്നിത്തിളങ്ങിക്കൊണ്ടിരിക്കുകയുംചെയ്യുന്നുണ്ടു്.

എത്ര എളിയനിലയിലുള്ളവരും ആ മഹാത്മാവിന്നു ഗദ്യരൂപമായോ പദ്യരൂപമായോ സാഹിത്യവിഷയത്തിൽ വല്ല സാഹാ

യ്യവും അപേക്ഷിച്ചുകൊണ്ടു് എഴുതി അയയ്ക്കുകയോ സ്വകീയങ്ങളായ വല്ല കൃതികളും അവിടുത്തെ അഭിപ്രായത്തിനായി സമർപ്പിക്കുകയോ ചെയ്താൽ അവിടുന്നു സദയം അവയെല്ലാം സ്വീകരിച്ചു് അനുഗ്രഹബുദ്ധിയോടുകൂടി ഉടനെ അഭിപ്രായം സ്വഹസ്താക്ഷരത്തിൽത്തന്നെ എഴുതി അയയ്ക്കുകയും യഥായോഗ്യം സംഭാവനകൾ നല്കുകയുംചെയ്തിട്ടുള്ളതിനു പല ദൃഷ്ടാന്തങ്ങളുമുണ്ടു്.

ഈ മഹാപുരുഷന്റെ നിർവ്വാണവൃത്താന്തം ഞാൻ ഒരു വർത്തമാനപ്പത്രത്തിൽ കണ്ടിട്ടു് ആ വിവരം കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ സന്നിധിയിൽ അറിയിച്ചപ്പോൾ ഭാവിതാത്മാവായ അവിടുന്നു ക്ഷണമാത്രം ധ്യാനസ്തിമിതലോചനനായിരുന്നു് ഒന്നു നിശ്വസിച്ചിട്ടു് 'ആ, കേരളത്തിന്റെ തെക്കേത്തല ഉയർന്നു' എന്നു് അല്പം വികാരഭേദത്തോടുകൂടി എന്നോടു കല്പിച്ചതു് അന്നത്തെപ്പോലെതന്നെ ഇന്നും എന്റെ മനസ്സിൽ സ്ഫുരിക്കുന്നുണ്ടു്.

ഇപ്രകാരം മൂന്നു പന്തീരാണ്ടിലധികം കാലം കേരളഭാഷാസാഹിത്യസാമ്രാജ്യചക്രവർത്തിയായി വാണിരുന്ന ആ ദിവ്യപുരുഷന്റെ സാഹിത്യവിഷയങ്ങളായ സുചരിതങ്ങളെ ഓരോന്നായി എണ്ണിയെണ്ണിപ്പുകഴ്ത്തുവാൻ പുറപ്പെട്ടാൽ അവസാനമില്ലാത്തതുകൊണ്ടും ഇന്നത്തെ നിലയിൽ എന്റെ കണ്ണും കരളും കൈയും അതിനു് അനുകൂലമല്ലാത്തതുകൊണ്ടും തൽക്കാലം ഇവിടെ വിരമിച്ചുകൊള്ളുന്നു.

ഹാസ സാഹിത്യം

(വിദ്വാൻ, എം. ഓ. അവരാ)

നവരസങ്ങളിൽ ഒന്നായ ഹാസ്യത്തിൻെറ സ്ഥായിഭാവം ഹാസവും ഹാസത്തിൻെറ പ്രകഷം ഹാസ്യവുമാകുന്നു. ഹാസ്യരസസ്വരൂപത്തെപ്പററി രുദ്രഭട്ടൻ,

വികൃതാംഗവചഃ കൃത്യ
വേഷേഭ്യോ ജായതേ രസഃ
ഹാസ്യോയം ഹാസമൂലത്വാത്
പാത്രത്രയഗതോ യഥാ
കിം ചിദ്വികസിതൈർഗ്ഗണ്ഡൈ;
കിഞ്ചിദ്വിസ്ഫാരിതേക്ഷണൈഃ"

ഇങ്ങനെ ആരംഭിക്കുന്നു. ഇതിൽനിന്നും ഹാസ്യഹേതുക്കൾ അഥവാ വിഭാവാദികൾ ഇന്നിന്നവയാണെന്നു കാണാം. അംഗാദികളുടെ വികൃതതയിൽനിന്നാണ് ഹാസ്യം ഉത്ഭവിക്കുന്നതു്.

ഉല്ലാസം നിറഞ്ഞ മനോഭാവത്തിൻെറ ഒരു പ്രതിഫലനം അഥവാ ബഹിഃസ്ഫുരണം ആണ് ഹാസം. ഹാസത്തെ ജനിപ്പിക്കുന്നവയെല്ലാം ഹാസ്യവുമാകുന്നു. ഹാസത്തിൽ നിന്നുദിയ്ക്കുന്ന ചിത്തവൃത്തിയത്രേ വിനോദം. ഹൃദയവേദിയിൽ മുളച്ചുവളരുന്ന സന്തോഷവല്ലരിയുടെ പുഷ്പം ഹാസവും ഫലം വിനോദവുമാണെന്നു പറയാം.

ക്ലേശഭൂയിഷ്ഠമായ ജീവിതകാര്യങ്ങളിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്ന ലോകത്തിനു് വിശ്രമത്തോടൊപ്പം വിനോദഹാസങ്ങൾ അത്യന്താപേക്ഷിതമാകുന്നു. ആനന്ദപൂർണ്ണമായ മനോഭാവം ക്ലേശസങ്കുലമായ സംസാരസാഗരത്തെ തരണംചെയ്യുവാൻ ജനതയെ സവിശേഷം സഹായിക്കുന്നുണ്ടു്. സംസ്കൃതനായ ഒരു മനുഷ്യൻെറ ലക്ഷണമായി കാർലൈൽ കരുതുന്നതു ഹാസത്തേയാണ്. പണ്ഡിതപാമരപര്യന്തമുള്ള സകലരും ഹാസവും വിനോദവും സദാ ഇഷ്ടപ്പെടുന്നു. "ചിരിക്കാനറിയാമെങ്കിൽ മരിക്കാതെ കഴിക്കാമെ"ന്നാണല്ലൊ പഴമൊഴി. മിതഭാഷികൾപോലും ഉചിതാവസരങ്ങളിൽ സുലഭമായി ചിരിക്കുന്നുണ്ടു്.

"ചിരിക്കുന്നകഥകേട്ടാലിരിക്കമായതല്ലെങ്കിൽ
തിരിയ്ക്കുമങ്ങനെ ഭാവിച്ചിരിക്കുന്നു ഭടന്മാരെ
ചിരിക്കാതെ രസിപ്പിപ്പാനൊരിക്കലു-
(മെളുതല്ലെ-
നിരിക്കുന്നൊങ്കിലമ്മാത്രമുരയ്ക്കാമെന്നതേ-
(വേണ്ടൂ"

എന്നാണു് നമ്പ്യാർ ചിരിയെപ്പററി ചിത്രീകരിച്ചിരിക്കുന്നതു്. മനുഷ്യരെ സന്താപത്തിൽനിന്നു വിരമിപ്പിക്കുകയും സന്തോഷത്തിൽ ആമഗ്നമാക്കുകയും ചെയ്യുന്നതോടുകൂടി ഹാസ്യത്തിൻെറ ശക്തി ശമിക്കുന്നില്ല. വിജ്ഞാനഗ്രഹണത്തിനും ഈ മനോഭാവം ഉപകരിക്കുന്നുണ്ടു്. ആനന്ദിതമാനസനാണ് അഭിനന്ദ്യങ്ങളായ സാഹിത്യഗ്രന്ഥങ്ങളെ ലോകസമക്ഷം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നതു്. വിനോദരഹിതൻ അരസികനായി എണ്ണപ്പെടുന്നുവെന്നുമാത്രമല്ല, സമുദായം അവനെ ആശങ്കയോടെ വീക്ഷിക്കുകയും ചെയ്യുന്നു.

ഹാസ്യപ്രധാനങ്ങളായ ഫലിതങ്ങളും വിനോദപ്രകടനങ്ങളും സാഹിത്യത്തിൽ സ്ഥലം പിടിച്ചതോടുകൂടി അവയ്ക്കുചില പ്രത്യേകതകൾ ഉണ്ടായിത്തുടങ്ങി. ഇപ്രകാരം പൊട്ടിപ്പുറപ്പെട്ടഹാസസാഹിത്യശാഖയുടെ പൂർവ്വരൂപം നാം ദർശിക്കുന്നതു് ശാസ്ത്രക്കളിഅഥവാ സംഘക്കളിയിലാണു്. അഭ്യസ്തവിദ്യരായ നമ്പൂതിരിമാർ ഈശപരപൂജാർത്ഥം രചിച്ച ഒരുതരം ഗാനങ്ങളാണ് ഈ കളിയിൽ പ്രധാനം. ഇതിൽ ഒടുവിലായി ഹാസ്യം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. കൊല്ലവർഷത്തോടടുത്ത് ഉത്ഭവിച്ചതായി ഭാഷാചരിത്രംകൊണ്ടു കാണുന്ന അതിൻെറ സ്വരൂപം നോക്കുക.

മൂട്ടകടിച്ചല്ലൊ വലിയാനത്തലവൻ ചത്തു;
മൂട്ടിൽക്കിടന്നോരു മുതുകയ്യൻ പറന്നേപോയി
കാട്ടിൽക്കിടന്നരണ്ടെലിക്കുടിക്കടലുഴുതു.
കാലത്തിളവിത്തുവിതച്ചപ്പോളടയ്ക്കാ കാച്ചു

ഒരു പടികൂടിഉയൎന്നഹാസ്യസ്വരൂപം പിന്നീട് നാം കാണുന്നതു് ചാക്യാന്മാരുടെ കൂത്തും കൂടിയാട്ടവും എന്ന നാട്യകലയിലാണു്. വാഗ്മികളും മനോധൎമ്മസമ്പന്നന്മാരുമായ ചാക്യാന്മാർ കൂടിയാട്ടത്തിനിടയ്ക്കു്, ശ്ലോകം ചൊല്ലിവ്യാഖ്യാനിച്ചു് ശ്രോതാക്കളെ ചിരിപ്പിക്കുകയും രസിപ്പിക്കുകയും കളിയാക്കുകയുംചെയ്തിരുന്നു. താദൃശമായ ഹാസ്യപ്രകടനത്തിന്റെ മൂൎത്തിമത്തായ ഒരു സ്വരൂപത്തിന്നു് രാജസദസ്യനായിരുന്ന തോലകവി ഉത്തമദൃഷ്ടാന്തമാണു്. ചാക്യാന്മാരുടെ പ്രയോജനത്തെ ഉദ്ദേശിച്ചു ഫലിതാത്മകങ്ങളായ പലശ്ലോകങ്ങളും ആ പണ്ഡിതവിദൂഷകൻ രചിച്ചിട്ടുണ്ടു്. ചാക്യാന്മാരുടെ ഉപയോഗത്തിനു വേണ്ടിത്തന്നെ മേല്പത്തൂർ നിൎമ്മിച്ച പ്രബന്ധങ്ങളിലും ഹാസ്യപ്രധാനങ്ങളായ ഭാഗങ്ങൾ കാണാം.

ഇനി ഇതിന്റെ വളൎച്ചയെപ്പററിയാണു് ആലോചിക്കേണ്ടതു്. ശാകുന്തളത്തിലെ മാഢവ്യൻ എന്നപോലെ, കേവലം മുഷിവുതോന്നുന്ന അവസരങ്ങളിൽ വിദൂഷകന്മാർ സ്തുതിപാഠകന്മാർ തുടങ്ങിയവർ രംഗപ്രവേശം ചെയ്തുംമററും ഹാസ്യരസപ്രകടനം നിൎവ്വഹിക്കപ്പെട്ടുകമാത്രമേ പ്രായേണ സംസ്കൃതസാഹിത്യത്തിൽ ചെയ്തുകാണുന്നുള്ളു. "ദേശോപദേശം" തുടങ്ങിയ ചുരുക്കം കൃതികൾ ഹാസ്യപ്രചുരങ്ങളായി കാണുന്നുണ്ടെങ്കിലും അവയിലും ആ രസത്തിന്നു് അംഗിഭാവം നല്കിട്ടില്ല. ഗുരുതരങ്ങളും ചിന്താത്മകങ്ങളുമായ കാൎയ്യങ്ങളെ ആധാരമാക്കിയാണു്സംസ്കൃതകവനം പ്രസരിച്ചിരുന്നതു്. അതുകൊണ്ടുതന്നെയായിരിക്കണം ഹാസ്യരസം പ്രസ്ഫുരിക്കുന്ന ഭാഗങ്ങൾ ആ സാഹിത്യത്തിൽ ഗംഭീരങ്ങളായിക്കാണുന്നതു്. ഈ പ്രസ്ഥാനത്തെ പരിപോഷിപ്പിക്കുന്ന വിഷയത്തിൽ ആംഗലേയസാഹിത്യം കൈരളിയെ ഗണ്യമായി സഹായിച്ചിട്ടുണ്ടു്. ഭാഷയിൽ ഇന്നുകാണുന്ന പ്രഹസനങ്ങൾ അധികവും ആംഗലേയാനുകരണങ്ങളാകുന്നു. ഈ ശാഖ ഒരു പ്രധാനസാഹിത്യവിഭാഗമായി ആ ഭാഷയിൽ പണ്ടേ ഉറച്ചുവളൎന്നിട്ടുണ്ടു്. നമ്മുടെ ഭാഷയിലും കുഞ്ചൻ,നായനാർ,നാരായണൻനമ്പിയാർ,സഞ്ജയൻ, ഈ. വി. മുതലായഗ്രന്ഥകാരന്മാരുടെ പരിസേവനംമൂലം പരിപോഷണത്തെ പ്രാപിച്ചുപോരുന്ന ഭാഷാഹാസ്യസാഹിത്യത്തിന്റെ ആമുഖത്തെ ഏതാണ്ടീരൂപത്തിൽ സംഗ്രഹിക്കാം.

പ്രസ്തുത സാഹിത്യത്തിന്റെ പ്രധാനവിഭാഗങ്ങളിലേക്കാണു് ഇനി എത്തിനോക്കേണ്ടതു്. അനുകരണഭ്രമത്താലും പുതുമയിലുള്ള കൗതുകത്താലും ഏതു പ്രസ്ഥാനവും അല്പാല്പമായി ദൂഷിക്കുക സഹജമാണല്ലൊ. ഹാസ്യസാഹിത്യത്തിൽ കടന്നുകൂടിയ ഈ മാലിന്യത്തെ മാററുവാൻ വൈദഗ്ദ്ധ്യവും രസികത്വവും ഒത്തിണങ്ങിയ സാഹിത്യോപാസകന്മാർ പ്രഹസനഗ്രന്ഥങ്ങളെയാണു് പ്രഥമതഃ ആയുധമാക്കിയതു്. പണ്ഡിതാഗ്രേസരരായ രാമക്കുറുപ്പും പള്ളിച്ചിക്കോത്തു് അമ്മുണ്ണിഅമ്മ എന്ന തൂലികാനാമധാരിയും 'ചക്കീചങ്കരം' എന്നപേരിൽ ഓരോ ഹാസ്യനാടകം തെക്കുനിന്നും വടക്കുനിന്നും പ്രസിദ്ധീകരിച്ചു. മി. അന്തപ്പായിയുടെ "നാലുപേരിലൊരുത്തനും" ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നുണ്ടു്. "നാടകാന്തം കവിത്വം" മെന്നുള്ളതു പോയി നാടകാദ്യം കവിത്വമെന്നുള്ള ഭാവത്തിൽ പേനയെടുക്കുന്നവരെല്ലാം നാടകകൎത്താക്കളായിരുന്ന ഒരു ദുസ്സന്ധിയിലാണു്, പ്രസ്തുത ഗ്രന്ഥങ്ങളുടെ ആവിർഭാവം. "പദ്യത്തിലേ ചൊല്ലുന്നതെല്ലാം കവിതയാം" എന്നുള്ള കുറുപ്പിന്റെ ചോദ്യവും "വേലിത്തറികളിന്മേലും നാടകം സുലഭം പ്രിയേ" എന്നുള്ള അമ്മുണ്ണിഅമ്മയുടെ ശകാരവും നാടകക്കാരെ നന്നാലജ്ജിപ്പിച്ചു. ദ്വിതീയാക്ഷരപ്രാസഭ്രമക്കാരെ അപഹസിക്കുവാൻ അന്തപ്പായിയുടെ നാലാംപാദത്തിലെ "ഞ്ചെ"യ്ക്കുള്ള അന്വേഷണവും അതറിഞ്ഞുവന്ന പരിചാരകന്റെ സ്ഥാനത്തിനാണെന്നു വിചാരിച്ചു് ഇഞ്ചികൊണ്ടുചെന്നു കൊടുക്കുന്നതുമായ ഭാഗങ്ങളും ഹാസ്യരസാത്മകങ്ങളാകുന്നു.

മയൂരസന്ദേശാദി മനോഹരകാവ്യതല്ലജങ്ങൾകൊണ്ടു് കൈരളിയെ അലങ്കരിക്കുവാൻ കേരളകാളിദാസൻ ഉദ്യമിച്ചപ്പോൾ തൽപ്രസ്ഥാനത്തെ ദുരനുകരണംമൂലം ദൂഷിപ്പിക്കുവാൻ ചില അനഭിജ്ഞന്മാർ ഉദയംചെയ്തു.

ചൂലും ചുണ്ണാമ്പുരലുമികലം
ചട്ടി, പാ, വട്ടി, കട്ടിൽ.........
....
കോലായൊട്ടുക്കവിടെ വളരെ-
സ്സാധനം സാധു കാണാം"

ഈദൃശപദ്യവരികളടങ്ങിയ, ശീവൊള്ളി നമ്പൂതിരിയുടെ ദാത്യൂഹസന്ദേശമാണ പ്രസ്തുതപ്രസ്ഥാനത്തിനും അല്പമൊരുവിരാമമുണ്ടാക്കിയതു്. ഹാസ്യരസം വഴിഞ്ഞൊഴുകുന്ന വളരെ പദ്യങ്ങൾ ദാത്യൂഹസന്ദേശത്തിൽ കാണാം.

നാടകത്തിലും സന്ദേശത്തിലും കാലുവെയ്ക്കുന്നതു് നല്ലപന്തിയല്ലെന്നു വന്നപ്പോൾ നോവലിലേയ്ക്കായി എഴുത്തുകാരുടെ എടുത്തുചാട്ടം. ക്രമേണ നോവൽപ്രസ്ഥാനവും വഷളാകാൻതുടങ്ങി. ഈ വിഷമസന്ധിയിലാണ പറങ്ങോടീപരിണയം ഉദയം ചെയ്തതു്. സുപ്രശസ്തങ്ങളായ നോവലുകളിൽപ്പോലും കാണപ്പെട്ടിരുന്ന അനാശാസ്യവിവരണങ്ങളെ തൽകർത്താവു് കണക്കിനു് അപഹസിച്ചിട്ടുണ്ടു്.

എല്ലില്ലാത്ത വൃത്തമെന്ന ധാരണയിൽ എന്തുമെങ്ങിനേയുമെഴുതാമെന്നു ഭാവിച്ചു ഗാഥകൾ രചിക്കപ്പെട്ടപ്പോൾ അവിടെയും ഒരു നിയന്ത്രണം ആവശ്യമായിത്തീർന്നു. ഭേകത്തെ ഉപദ്രവിക്കാൻ ഉദ്യമിച്ച നാഗത്തെ നശിപ്പിക്കുവാൻ "അയ്യോ വരുവിൻ വരുവിനെല്ലാവരും" എന്നുവിളിച്ചുകൊണ്ടു പുറപ്പെട്ട സാഹിത്യപഞ്ചാനനന്റെ ഭേകഗാഥ സുപ്രസിദ്ധമാണല്ലൊ.

സമുദായദോഷപരിഹാരകങ്ങളായ കൃതികളുടെ ഗണനയിൽ നാം ഒന്നാമതായി വീക്ഷിക്കുന്നതു്, ഭാഷാസാഹിത്യഹാസസമ്രാട്ടു എന്നു നിർവ്വിവാദം പറയാവുന്ന മഹാകവി കുഞ്ചൻനമ്പ്യരുടെ തുള്ളലുകളാണു്. തച്ഛാഖയിൽനമ്പ്യാർക്കുള്ളസ്ഥാനം അദ്വിതീയമാകുന്നു. എത്രയെത്ര അമൂല്യങ്ങളായ നേട്ടങ്ങളാണു് സമുദായത്തിനു് തുള്ളലുകളിൽനിന്നു സിദ്ധിച്ചിരിക്കുന്നതു്. ദോഷന്മരേ രസിപ്പിക്കുന്നതിനുവേണ്ടിയാണത്രേ അദ്ദേഹം സാഹിത്യത്തിനു് പ്രാധാന്യം നൽകിയിരുന്നതു്. ഏതുവിഷയത്തിലും ഹാസോദ്ദീപകങ്ങളായ സംഗതികളിലാണു് കുഞ്ചന്റെ കണ്ണുപതിയുന്നതു്. ഹാസത്തിനു വേണ്ട സന്ദർഭം അദ്ദേഹം സ്വയം സൃഷ്ടിക്കും. നമ്പ്യാരുടെ ഹാസശകാരമേൽക്കാത്ത സമുദായമുണ്ടാവില്ല.

"ഹാസേന ലജ്ജിതോത്യന്തം—ന ദോഷേഷു പ്രവത്തതേ" എന്നുള്ള തത്ത്വം നമ്പ്യാർ നല്ലപോലെ ഗ്രഹിച്ചിരുന്നു. പരിഹസിക്കപ്പെട്ടന്നവർ പിന്നീടു നിന്ദ്യകർമ്മങ്ങളിൽ നിരതരാകുകയില്ലെന്നു് അദ്ദേഹം മനസ്സിലാക്കി.

"പരമാർത്ഥം പറയാമടിയെന്നൊരു പരന്ദ്രാദികൾ നാവിലുമില്ല." ഈ ഭാഗം നമ്പ്യാരുടെ നിഷ്പക്ഷതയെ വ്യക്തമാക്കുന്നുണ്ടു്. ഹാസ്യരസത്തിന്റെ ഒരുപര്യായമായിട്ടാണു തുള്ളലുകളെ നാം ഇന്നുഗണിക്കുന്നതു്. തുള്ളൽക്കവിതകളുടെ ജീവൻതന്നെ ഫലിതവും ഹാസ്യവുമാകുന്നു. നമ്പ്യാർ, ശൃംഗാരാദികളായ വർണ്ണനകളെ തുള്ളലുകളിൽ വിവരിക്കുന്നുണ്ടെങ്കിലും മുഴച്ചു നിൽക്കുന്നതു ഹാസ്യമാകുന്നു. പോപ്പു്, സ്വിഫ്റ്റ മുതലായവർക്കു് ആംഗലേയസാഹിത്യത്തിലുള്ള സ്ഥാനമാണ നമ്പ്യാർക്കു് ഭാഷയിലുള്ളതു്. അതിരുമെതിരുമില്ലാത്തസംസ്കൃതസാഹിത്യം മുഴവൻ പരിശോധിച്ചാലും നമ്പ്യാരെപ്പോലെ, ഹാസ്യത്തിനു രസചക്രവത്തിത്വം നൽകി വിജയിയായിട്ടുള്ള ഒരു കവിയെ കാണുകയില്ലെന്നാണു്, മഹാശയന്മാരുടെ മതം.

ചിത്രസേനനോടു തോറേറാടുന്ന ദുര്യോധനഭടന്മാരും, സ്വയംവരസഭയിലേക്കു പോകുന്ന ഇന്ദ്രാദികളും എത്ര തന്മയത്വത്തോടുകൂടിയാണു് വർണ്ണിക്കപ്പെട്ടിരിക്കുന്നതു്. കല്യാണസൗഗന്ധികത്തിലെ പൊണ്ണത്തടിയനായ ഭീമസേനന്റെ കഥയും അങ്ങിനെതന്നെ. ആർക്കും പരിഭവമുണ്ടാകാത്തവണ്ണം പരിഹസിച്ചു കാര്യംകാണുന്നതിലാണു് ഫലിതകഥയുടെ മർമ്മം സ്ഥിതിചെയ്യുന്നതു്. ഫലിതാന്തർഭൂതമായ ഹാസ്യഭാവം ശരിയായി മനസ്സിലാക്കുവാൻ രസികത്വവും പ്രതിഭാവിലാസവും ആവശ്യമാണു്. ഫലിതങ്ങൾക്കു് അവരവരുടെ ഭാഷയോടും ആചാരങ്ങളോടും സ്വഭാവത്തോടും യോജിപ്പുണ്ടായിരിക്കണം. താദൃശഫലിതങ്ങളാണു് സംസ്കാരത്തിനു പ്രേരകങ്ങളാകുന്നതു്.

പിന്നീടു് ഈ ശാഖയിൽ സൈ്വരവിഹാരം ചെയ്തിട്ടുള്ളവരാണു് വെൺമണി, പൂന്തം, ഒറവങ്കര, ഒട്ടവു് തുടങ്ങിയകവികൾ.

സി. വി. യുടെ പ്രഹസനങ്ങളും ഹാസ്യവിഭാഗത്തെ പരിപോഷിപ്പിച്ചിട്ടുണ്ടു്. ശാരദയിലെ വായനശാലയെന്നപോലെ, സ്ഥലകാലഭേദാദികൾകൊണ്ടു് അതിരിടാതെ, സാർവ്വ

ത്രികസമ്പ്രദായത്തിലാണ്, പ്രഹസനങ്ങളിൽ ഹാസ്യം പ്രകടിതമാകേണ്ടതു്. ഈയൊരു ന്യൂനത സി. വി. കൃതികളിൽ ആരോപിക്കാമെങ്കിലും ഈ ഘട്ടത്തിന്റെ ജനയിതാക്കളിൽ സി. വി. യെ ഒരിക്കലും വിസ്മരിച്ചുകൂടാ.

കേസരിയെന്ന അപരനാമത്താൽ സുപ്രസിദ്ധനായ കുഞ്ഞുരാമൻനായനാരുടെ രസാത്മകങ്ങളായ ലേഖനങ്ങൾ പ്രത്യേകം സ്മരിക്കപ്പെടേണ്ടവയാകുന്നു. മലയാളമുൻഷിമാരും കപടവേദാന്തികളും ആമുഖോപന്യാസകന്മാരും സമസ്യാപൂരണക്കാരും അദ്ദേഹത്തിന്റെ തൂലികാഖഡ്ഗത്തിനു് ഇരയായിത്തീർന്നിട്ടുള്ളവരാണ്. വിശാഖംതിരുനാളിന്റെകാലത്തു് മുറജപം നടന്നുകൊണ്ടിരുന്നപ്പോൾ അലക്ഷ്യമായി ചീട്ടുകളിയിലേർപ്പെട്ടിരുന്ന ഒരു നമ്പൂതിരിയും തിരുമേനിയുംതമ്മിൽ നടന്ന സംഭാഷണത്തെ കേസരി അത്യന്തം രമ്യമായ രീതിയോടെ ചിത്രീകരിച്ചിരിക്കുന്നു.

ആളെത്തൊടാതെ രസിപ്പിച്ചു് കാര്യം പറയുകയാണ് ചവറുകൊട്ടയിലെ ലേഖനങ്ങൾകൊണ്ടു് തൽകർത്താവു സാധിച്ചിരിക്കുന്നതു്. നിരൂപകന്മാരും വൃത്താന്തപത്രപ്രവർത്തകന്മാരും അവരുടെ ധർമ്മത്തെ കാര്യക്ഷമമാംവണ്ണം പരിപാലിക്കണമെന്നു് ഹാസ്യം വഴിഞ്ഞൊഴുകുന്ന ഭാഷയിൽ ഉപദേശിക്കുകയാണു്, പ്രപുല്ലാചാര്യരുടെ ലക്ഷ്യം.

കളിയാക്കിയും ഫലിതം കലർത്തിയും പ്രയോഗിക്കുന്ന ഹാസ്യോക്തികളെ ആസ്വദിക്കുവാനും അതിൽ അടങ്ങിയിരിക്കുന്ന ആശയം മനസ്സിലാക്കുവാനും പലരും സന്നദ്ധരായിക്കാണാത്തതു് സംസ്കാരത്തിന്റെ അഭാവംകൊണ്ടാണെന്നുള്ളതിനു സംശയമില്ല. സംസ്കാരത്തിന്റെ മാനദണ്ഡങ്ങളിലൊന്നു്, ഒരുവൻ എത്രമാത്രം അപഹാസ്യനായാലും അതുകൊണ്ടൊന്നും അക്ഷോഭ്യനാകാതെയിരിക്കുക എന്നുള്ളതാകുന്നു. അവനവനെത്തന്നെ പരിഹാസപാത്രങ്ങളാക്കുന്ന മനഃസ്ഥിതിക്കാരെ കുറച്ചുകൂടി ഉയർന്ന സംസ്കാരസമ്പന്നന്മാരായി കണക്കാക്കുവാൻ ക്രൈസ്തവയോഗിവര്യനായ സെൻറ് ഫ്രാൻസിസ് അസ്സിസി സ്വന്തം ശരീരത്തെ "സഹോദരനായ കഴുതേ" എന്നു സദാ സംബോധനചെയ്തിരുന്നുവത്രേ. ലോകത്തിന്റെ ഇന്നത്തെ അനാശാസ്യസ്ഥിതിക്കു കാരണവും നിവാരണവും ആവശ്യപ്പെട്ട ഒരാളോടു് "ബർണാഡ്ഷായെ പഠിക്കുക" എന്നാണത്രേ സുപ്രസിദ്ധനായ നാടകകർത്താവു പ്രവചിച്ചതു്.

വിനോദസങ്കലിതങ്ങളായ ഫലിതങ്ങളും മന്ദഹാസമധുരങ്ങളായ ഹാസ്യോക്തികളും പ്രയോഗിക്കുവാൻ പ്രതിഭാശാലികൾക്കുമാത്രമേ സാധിക്കുകയുള്ളൂ. അധർമ്മം, അസത്യം മുതലായവയോടു് നീരസം ജനിപ്പിച്ചു് സാധുക്കളുടേയും ദുർബലന്മാരുടേയും നേർക്കു് ലോകത്തിന്റെ സ്നേഹാദികളെ ആകർഷിക്കുന്ന സാഹിത്യകാരനെയാണ് യഥാർത്ഥഹാസസാഹിത്യകാരനെന്നു് ആംഗലേയഗ്രന്ഥകാരനായ താക്കറെ നിർവ്വചിച്ചിരിക്കുന്നതു്. മനുഷ്യന്റെ സകലവിധവികാരങ്ങളേയും പ്രവൃത്തനങ്ങളേയും ഹാസകാരൻ കണ്ടറിയുന്നു. നിരൂപകനേക്കാൾ ഒരു പടികൂടി ഉയർന്ന ഭാവനയും ഭാവവും അപഹാസകനു് കൂടിയേകഴിയൂ. നിരൂപകൻ ഗുണദോഷങ്ങളെ ഉള്ളതുപോലെ എടുത്തു പറയുമ്പോൾ അപഹാസകൻ ഇവരണ്ടിനേയും തുല്യനിലയിൽഗ്രഹിച്ചു്, ദോഷത്തെ പ്രത്യേകമെടുത്തു് മനോധർമ്മത്തിൽകുഴച്ചു് വെളിപ്പെടുത്തുകയാണു ചെയ്യുന്നതു്. ഇരുവരുടേയും പ്രവൃത്തി ഗുണദോഷവിവേചനവും ഉദ്ദേശം ദോഷപരിഹാരവുമാകുന്നുവെങ്കിലും അപഹാസകനോളം നിരൂപകൻ മനസ്സിരുത്തേണ്ടതില്ല; എന്നുപറഞ്ഞാൽ, നിരൂപകൻ അപഹാസകനാകണമെന്നില്ലെന്നും അപഹാസകൻ നിരൂപകൻകൂടിയായിരിക്കണമെന്നും സാരം. ധൈര്യം, നിഷ്പക്ഷത, ഗുണദോഷവിവേചനസാമർത്ഥ്യം എന്നീ ഗുണവിശേഷങ്ങളാണ്, അപഹാസകനിൽ അത്യന്താപേക്ഷ്യമായിരിക്കുന്നതു്. സാഹിത്യസർക്കസ്സിലെ ഒരു വിദൂഷകനാണ് അപഹാസകൻ. ഹ്യത്ര സമർത്ഥനായ അപഹാസകനും ബുദ്ധിക്കുവിശ്രമവും ആനന്ദവുമുള്ളപ്പോൾമാത്രമേ ഹാസ്യം പ്രകടിപ്പിക്കുവാനും ഫലിപ്പിക്കുവാനും സാധിക്കുകയുള്ളൂ എന്നതിനു് മഹാനായ എച്ച്. ജി. വെത്സിന്റെ ജീവിതം ഉദാഹരണമാണ്. മഹാന്മാരായ അപഹാസകന്മാർ ലോകത്തെ ശിശുക്കളുടെ കേളീരംഗമായിട്ടാണു കാണുന്നതും കാണേണ്ടതും. ഇത്രമാത്രം സുന്ദരമാക്കാവുന്ന ഒരു രസവിശേഷത്തെ ദൂഷിപ്പിക്കുന്നവരുണ്ടെങ്കിൽ, അവരെ സത്യത്തെ അസത്യമായി ദർശിക്കുന്ന അന്ധന്മാരായിട്ടേ കണക്കാക്കേണ്ടതുള്ളൂ.

കേരളകാളിദാസൻ

(എം. പി. അപ്പൻ എം. ഏ., എൽ. റ്റി.)

സാമഞ്ജസ്യ വിലാസമാർന്നനുപമാനന്ദം തരും സൽകലാ-
സ്തോമത്തിൻ വിളഭൂമിയായ്, ഗുണഗണം തങ്ങുന്ന സങ്കേതമായ്,
ഈ മന്നിൻ മണിദീപമായ് ചിരതരം ഭാസിച്ച വിഖ്യാതനാം
ശ്രീമൽകേരളകാളിദാസസുകൃതിപ്പൂൺപേ, ജയിപ്പൂ ഭവാൻ! ൧

വിൺഗംഗാനദിയെന്നപോലൊഴുകുമാശബ്ദപ്രവാഹത്തിനാൽ
തുംഗാനന്ദരസാമൃതാംബുധിയിലീ വംശം ലയിപ്പിച്ചഹോ!
ഭംഗംവിട്ട സമസ്തകേരളകവിശ്രേണിക്കുമാചാര്യനായ്
തങ്കപ്പൊൻതിരുമേനി വാണു നെടുനാളുജ്ജ്വലപ്രൗഢിയിൽ. ൨

സാഹിത്യത്തിനു ജീവനാഡി, സമമായെപ്പോഴുമെല്ലാരെയും
സ്നേഹിക്കുന്ന നിസർഗ്ഗസൗഹൃദസുധാവീചീവിലോലാംബുധി
മോഹിക്കുന്നതു നൽകുവാൻ മികവെഴും മന്ദാരമീരീതിയിൽ
സൗഹിത്യാത്മകനായ് വിളങ്ങിയവിടുന്നത്യുജ്ജ്വലപ്രാതിഭൻ. ൩

തുംഗപ്രാഭവമാളുമങ്ങയുടെയാനേതൃത്വമെല്ലായ്പൊഴും
താങ്ങായും തണലായുമെത്ര സുഖമായ്ത്തോന്നീ കവീന്ദ്രർക്കഹോ!
മങ്ങിക്കണ്ട പലേതരം തിരികളും പന്തങ്ങളായ്ക്കത്തുവാൻ
തിങ്ങും പ്രീതിയൊടെത്രകാലമൊരുപോൽ സ്നേഹം പകർന്നു ഭവാൻ! ൪

അങ്ങിങ്ങായ്ച്ചില പച്ചിലച്ചെടിയെഴും ശ്രീകൈരളിമണ്ഡലം
തിങ്ങും നവ്യവസന്തകാന്തികലരും പൂവാടിയായ്ത്തീരുവാൻ
അങ്ങാത്മാർത്ഥമചഞ്ചലവ്രതമിയന്നർപ്പിച്ചതാം സേവനം
ഭംഗിക്കാകരമായ തങ്കലിപിയിൽക്കാൺമൂ ചരിത്രങ്ങളിൽ. ൫

വാരഞ്ചും ചെറുതൂവലാൽ സരസമാം കാവ്യം കുറിച്ചീടുവാൻ
വാളിൻവായ്ത്തലയാലരാതിപടലം വെട്ടിത്തകർത്തീടുവാൻ
വീരക്ഷത്രിയനാം ഭവാങ്കലൊരുപോലുത്തുംഗമായ്നിന്നൊരാ-
വൈദഗ്ധ്യം പുളകോദ്ഗമപ്രദമഹോ! വാഴ്ത്തുന്നിതെല്ലാവരും. ൬

ഭ്രാജിക്കും കുതിരപ്പുറത്തുകയറി സ്വച്ഛന്ദമായ്പ്പോകുവാ-
നോജസ്സാൽ പുലി, പന്നിയെന്നിതുകളെക്കൊല്ലാന്നു നായാടുവാൻ;
രാജൽകാവ്യസദസ്സിലുത്തമകലാസാരം പ്രസംഗിക്കുവാൻ
യോജിക്കും പ്രതിഭാവിലാസമെഴുമാ മാഹാത്മ്യമന്യാദൃശം. ൭

ഹാ! കണ്ണിന്നമൃതംപൊഴിച്ചരുളിടും ഭാവൽകമാം ഭാസ്സിനാൽ
നാകസ്ത്രീഹൃദയങ്ങളും പ്രണയമാർന്നാർദ്രീഭവിച്ചൂ വിഭോ!
ലോകത്തിന്നു മറക്കുവാൻ കഴികയില്ലാപ്രൗഢമന്ദസ്മിതം
തൂകും താവകവിശ്വവശ്യവദനം രാജന്യതേജോനിധേ! ൮

'കദനജലധൗ കേരളം തള്ളിവിട്ടാൻ'

(ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ നായർ. ബി. ഏ.

I

കേരളവർമ്മവലിയകോയിത്തമ്പുരാൻ.—പറഞ്ഞറിയിക്കാനാകാത്ത ഒരു ചേതോവികാരമാണ് ഈ നാമശ്രവണമാത്രയിൽ ഭാഷാഭക്തനായ ഏതു മലയാളിക്കും ഉളവാകുന്നതു്. ഇക്കഴിഞ്ഞകുംഭം ൧൦-ാംതിയതിയോടുകൂടി നൂറുകൊല്ലം തികഞ്ഞു അവിടുന്നു ജനിച്ചിട്ടു്; 1090ലാണു് അന്തരിച്ചതു്. എഴുപതുകൊല്ലം നീണ്ടുനിന്ന ഒരു ജീവിതം കേവലം സാധാരണന്നുപോലും, തനതുസ്ഥിതിക്കനുസരിച്ചു, സംഭവബഹുലമായിത്തന്നെയിരിക്കും. കേരളവർമ്മദേവനെപ്പോലുള്ള ഒരു അസാധാരണമനുഷ്യനെക്കൊണ്ടു് എഴുപതാണ്ടുകൾ, വിസ്തൃതികൊണ്ടും വിവിധരൂപമായ ആകർഷകത്വംകൊണ്ടും, എന്തെല്ലാം ചെയ്യിച്ചിട്ടില്ല!

ധന്യവും മാന്യവുമായ ഒരു രാജന്യകുടുംബത്തിലേ പിറവി; മാനികളും ജ്ഞാനികളുമായ ആചാര്യന്മാരുടെ ശിഷ്യത്വം; മഹതിയും മനസ്വിനിയുമായ മഹാരാജ്ഞിയുടെ പ്രിയതമത്വം; ഭവ്യവും ദിവ്യവുമായ സ്ഥാനമഹത്വം; വിശിഷ്ടവും വിപുലവുമായ ബാന്ധവസമൂഹം—ഒരു പുരുഷനെ മഹാഭാഗ്യവാന്മാരുടെ ചക്രവർത്തിയാക്കുവാൻ ഈ മഹാസമ്പത്തുക്കളിലേതാനും മതി. കേരളവർമ്മകോയിത്തമ്പുരാനു് ഇതെല്ലാം ഉണ്ടായിരുന്നു; ഇതിലുപരിയായും ചില സിദ്ധികളുണ്ടായിരുന്നു. എന്നിട്ടും അവിടുന്നു വിലപിച്ചു, "കദനജലധൗ കേരളം തള്ളിവിട്ടാൻ" എന്നു്. സ്വന്തം ആയുഷ്കാലത്തിന്റെ അത്യുച്ചാവസ്ഥയിൽ, അസാധാരണമായ ഓജസ്സും തേജസ്സും, അന്യാദൃശമായ സൗന്ദര്യവും സൗജന്യവും ഉടലെടുത്തവതരിച്ച ലക്ഷ്മീകല്പയായ ആത്മവല്ലഭയെ കാണാൻ തരമില്ലാത്ത വിധത്തിൽ ഏകാന്തവാസത്തിന്നു തന്നെ വിധേയനാക്കിത്തീർത്ത രാജശാസനത്തിലുള്ള അമർഷവും, വേദനയുംകൊണ്ടുമാത്രമാണു്, "കദനജലധൗ കേരളം തള്ളിവിട്ടാൻ" എന്നവിടുന്നു് ആക്രോശിച്ചതെന്നു പറയുന്നതു അക്കാലത്തു ശരിയായിരിക്കുമെങ്കിലും ഇക്കാലത്തു് അങ്ങനെയായിരിക്കുകയില്ല. അക്കാലത്തെ കേരളവർമ്മ വലിയകോയിത്തമ്പുരാനെയല്ല നാം നോക്കുന്നതും, കാണുന്നതും; ആയിരത്തൊരുനൂററിരുപതാമാണ്ടിൽ, യശോരൂപിയായി സാഹിത്യക്ഷേത്രത്തിൽ പരിലസിക്കുന്ന കേരളവർമ്മദേവനെയാണു്.

മനുഷ്യന്റെ നാനാമുഖങ്ങളായ തികവുകളെക്കുറിക്കുന്നതു് അവയിൽ നിന്നുടലെടുക്കുന്ന ഫലങ്ങളാകുന്നു. രോഗം തീണ്ടാത്ത ദൃഢശരീരവും, കറകേറാത്ത ഉറച്ച ബുദ്ധിയും പതറാത്ത ബ്രഹ്മചര്യത്തിന്റെയും, സുഖസമന്വിതമായ ദിനചര്യയും, വാത്സല്യയുക്തമായ അപത്യസമ്പത്തിയും ഭാസുരമായ ഗാർഹസ്ഥ്യ

പേരാളും ശതവത്സരോത്സവമിതിൽ ശ്രീഭാർഗ്ഗവക്ഷോണിതൻ
വീരാരാധനസാർത്ഥമാ,യുചിതമായ് പ്രത്യക്ഷമാകുന്നതേ;
ഈരാജ്യത്തിലഭൂതപൂർവ്വമിതു ഹാ! ഭാവൽകസിദ്ധിക്കെഴും
തീരാതുള്ള മഹത്വമാണു വെളിവാക്കീടുന്നതോർത്തീടുകിൽ. ൯

ഹാ! ഞങ്ങൾക്കഭിമാനമേ, പുകളെഴും ത്വന്നാമമോർക്കുമ്പൊഴേ-
യ്ക്കാനന്ദോദധിയിങ്കൽ നീളെ മുഴുകിപ്പൊങ്ങുന്നൊരീബ്ഭക്തരിൽ
ആശിസ്സേകുക; കൈരളീപദയുഗം കുമ്പിട്ടുകൂപ്പുന്നതാ-
ന്നാർദ്രാന്തഃകരണൻ ഭവാനരുളണേ ചൈതന്യമസ്മൽഗുരോ! ൧൦

ത്തിന്റെയും, അകല്മഷമായ സാത്വികതയും, അപരിമിതമായ ആസ്തിക്യവും, അനുഭാവപൂർണ്ണമായ സമസ്തസൃഷ്ടിസ്നേഹവും മററു രണ്ടു് ആശ്രമവൃത്തികളുടേയും ഫലങ്ങൾ തന്നെ. വംശം നിലനിർത്തുവാൻ സന്തതികളില്ലാതിരിക്കുമ്പോൾ പിതൃക്കൾപോലും ആതുരരായിത്തീരുന്നു എന്നു മഹാഭാരതത്തിലെ ജരൽക്കാരുവിന്റെ കഥയിൽനിന്നും മററും അറിയുന്നു. ഊർജ്ജസ്വലനായ വലിയകോയിത്തമ്പുരാനു ശപ്തമായ അനപത്യത എത്രമേൽ കഠിനവും, മർമ്മസ്പൃക്കുമായ കദനത്തിന്നു കാരണവുമായിത്തീർന്നിരിക്കണം! ഇതിനെ സംബന്ധിക്കുന്ന ചില പ്രസ്താവനകൾ, അവിടുത്തെ ഡയറികളിൽ കുറിച്ചിട്ടുള്ളതു വായിക്കുമ്പോൾ ആരുടേയും മനസ്സു വിണ്ടുപോകും. തങ്ങൾക്കു മകനോ, മകളോ ഉണ്ടാവുക; മകൻ മഹാരാജാവാവുക; മകൾ രാജപരമ്പരയ്ക്കു വിളഭൂമിയാവുക;— ഇങ്ങനെ എത്രയെത്ര ആശകൾ ലക്ഷ്മിബായിത്തമ്പുരാട്ടിയുടേയും, കേരളവർമ്മ വലിയകോയിത്തമ്പുരാന്റെയും തപ്തഹൃദയങ്ങളിൽ പടം വിരിച്ചാടീട്ടുണ്ടാവില്ല! പക്ഷേ, ആ ആശകളൊന്നും പൂത്തുമില്ല, ഫലിച്ചുമില്ല. “ആശയ്ക്കു, സൃഷ്ടിക്കു ജഗൽപിതാവുമാശിച്ചു” എന്നിങ്ങനെയെല്ലാം ശ്രുതികൾ ഘോഷിക്കുന്നുവെങ്കിലും, കേരളവർമ്മദേവനെ സംബന്ധിച്ചേടത്തോളം സന്തത്യാശആകാശകുസുമംപോലെയിരുന്നതെയുള്ളു. നിഷ്ഫലമായ ആശ മനുഷ്യനെ നിശിതമായ നിരാശതയിലേക്കാഴ്ത്തുന്നു. അപ്പോൾ നിസ്സഹായനായ അവൻ കൈമലർത്തി കരയുകയല്ലാതെ മറെറന്തുചെയ്യും? “കദനജലധൌ കേരളം തള്ളിവിട്ടാൻ”— തപിക്കുന്ന ദീർഘോച്ഛ്വാസങ്ങളുടെ കടുംചൂടേററു നീറുന്ന പതിമ്മൂന്നക്ഷരങ്ങൾ!

എന്നാലും, കേരളവർമ്മദേവൻ, അസഹനീയമായ അനപത്യതാദുഃഖത്തെ, “ഉണ്ണിക്കൃഷ്ണൻ മനസ്സിൽ കളിക്കുമ്പോൾ, ഉണ്ണികൾ മററുവേണമോ മക്കളായ്” എന്നു ഭക്തകവി പൂന്താനം സമാധാനിച്ചതിനേയും അതിശയിച്ചു്, “ഈ ലോകത്തിൽ സുഖമസുഖവും മിശ്രമായ്ത്താനിരിക്കും” എന്നു സമാശ്വസിച്ചു്, “സന്ദേഹംവേണ്ടപരനുപകാരത്തിനാകാത്തതെങ്കിൽ കിം ദേഹംകൊണ്ടൊരു ഫലമിഹ പ്രാണിനാം ക്ഷോണിതന്നിൽ” എന്ന പ്രശ്നത്തെ ദീനാനുകമ്പാമൂർത്തിയായി സമുചിതമാംവണ്ണം അഭിമുഖീകരിച്ചു്, അർത്ഥസാർത്ഥസുധാർണ്ണവമായി, സർവ്വാരാധ്യനായി, പരിലസിച്ചു. അവിടുത്തേക്കു സാഹിതീക്ഷേത്രം രാജധാനിയായി; ഭാഷാഭിമാനികളായി പ്രിയവത്സലന്മാർ, അങ്ങനെയല്ലായിരുന്നുവെങ്കിൽ, “നാനാജാതിമതസ്ഥന്മാരായ ഭാഷാഭിമാനികൾ അഹമഹമികയാ വന്നു തിക്കിത്തിരക്കിയിരിക്കുന്ന ഈ മാന്യസദസ്സിനെ നോക്കിയാൽതന്നെ കാളിദാസമഹാകവി ശാകുന്തളം ആറാമങ്കത്തിൽ വർണ്ണിക്കുന്ന അനപത്യതാദുഃഖത്തിന്നു, മാതൃഭാഷയെ സംബന്ധിച്ചേടത്തോളമെങ്കിലും, എനിയ്ക്കവകാശമില്ലെന്നു സ്പഷ്ടമാകുന്നു” എന്നു ഭാഷാപോഷിണിസഭയുടെ അവസാനയോഗത്തിൽ പ്രസംഗിക്കുവാനും, ശ്രീരാമന്റെ യൌവരാജ്യാഭിഷേകം സംബന്ധിച്ചു ദശരഥമഹാരാജാവു പറഞ്ഞമാതിരി, “അഹോസ്മിപരമപ്രീതഃ പ്രഭാവശ്ചാതുലോ മമ” എന്നു ചാരിതാർത്ഥ്യമടയുവാനും സാധിക്കുമായിരുന്നുവോ?

II

മുപ്പത്തിനാലുകൊല്ലത്തെ സുദൃഢവും സുദീർഘവുമായ ദാമ്പത്യം, അതും കുഞ്ഞുന്നാൾ തുടങ്ങി സമാരംഭിച്ച വിശിഷ്ടബന്ധം, ഒരു ചില്ലറക്കാര്യമല്ല. പതിന്നാലാംവയസ്സുചെന്ന ഒരു കുമാരനെന്നനിലയിൽതന്നെ, ഗാർഹസ്ഥ്യത്തിന്റെ ഭദ്രാസനത്തിൽ, കേവലം ഒരു പിഞ്ചുബാലികയെങ്കിലും കാലാന്തരത്തിൽ, കലാസമ്പൂർണ്ണയായ മുഴമതിയെന്നോണം കർപ്പൂരപരിമളവും കനകകാന്തിയും തൂകിയ ലക്ഷ്മീമഹാരാജ്ഞിയോടൊപ്പം ഉപവിഷ്ടനായ കേരളവർമ്മദേവൻ വഞ്ചിമഹാരാജവംശത്തിന്റെ ഭാവിഭാഗധേയത്തിന്നു് കാരണപുരുഷനെന്ന പ്രശംസയ്ക്കു പാത്രീഭവിച്ചു. പക്ഷേ വിധിവൈപരീത്യത്തിന്റെ പ്രചണ്ഡമായ പരിണാമം ആ ജായാപതികളേയും, കേരളീയരേയും ആശിരസ്കം നൈരാശ്യസിന്ധുവിലാഴ്ത്തിക്കളയുകയല്ലേ ചെയ്തതു്!

മക്കളില്ലെന്ന വല്ലായ്മ, അപത്യസിദ്ധിയുണ്ടാകുമെന്ന ആശയിൽ ശിഥിലീഭവിക്കുമെങ്കിലും, ഭാര്യാഭർത്തൃബന്ധത്തെ അതു കുറെയെല്ലാം തളർത്തിക്കളയുകതന്നെ ചെയ്യുമെന്നതു മനശ്ശാസ്ത്രപരമായ പരമാർത്ഥമാകുന്നുവെങ്കിൽ മക്കൾ പിറക്കുകയേയില്ലെന്നു ബോധ്യപ്പെട്ടുകഴിഞ്ഞ ദമ്പതിമാരുടെ മനഃസ്ഥിതി എത്രമേൽ ദയനീയമായിരിക്കും! തീർച്ചയായും വേദനാജ

നകമായ ആ വിചാരം അവരുടെ അന്തഃകരണസൌഹാർദ്ദത്തിന്നു്, ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ, ഒരുവിധത്തിലല്ലെങ്കിൽ വേറൊരുതരത്തിൽ, അയവുപെടുത്തിക്കളയും. എന്നാൽ ലക്ഷ്മിരാജ്ഞിയേയും കേരളവമ്മദേവനേയും സംബന്ധിച്ചിടത്തോളം പ്രസ്തുത സിദ്ധാന്തം പാച്ചപ്പൊളിയായിപ്പോയി.

മയൂരസന്ദേശത്തിൽ – ആ പരിണതപ്രജ്ഞന്റെ കലാകൗശലം തികഞ്ഞ ആ മഹാകാവ്യത്തെപ്പററി ഒന്നുംതന്നെ പറയുവാനുള്ള തികവോ, കഴിവോ എനിക്കില്ലല്ലോ—ആപാദചൂഡം ഉറക്കൊണ്ടിരിക്കുന്ന കരുണരസം, ധമ്മദാരങ്ങളോടുള്ള ഭക്തിപ്രേമപാരവശ്യത്തെ പ്രദശിപ്പിക്കുന്നതോടുകൂടി, അതിലെ ഓരോ പദ്യവും 'കദനജലധൌ കേരളം തള്ളിവിട്ടാൻ" എന്ന പാദത്തിന്റെ വിസ്തൃതമായ വ്യാഖ്യാനംകൂടിയായിത്തീരുന്നുവെന്നു് ആക്കും മനസ്സിലാക്കുവാൻ സാധിക്കുന്നതാണു്. സ്വജീവിതത്തെ സ്പശിക്കുന്ന കൃതികളിലെല്ലാം, കേരളവമ്മദേവൻ മഹാരാജ്ഞിയായ സ്വകാന്തയോടുള്ള സ്വാതിശായിയായ പ്രേമത്തെ ആവിഷ്കരിക്കുവാൻ യത്നിക്കുകയും, ആ യത്നത്തിൽ അനന്യസാധാരണമായി വിജയിച്ചരുളുകയും ചെയ്തിട്ടുണ്ടു്. എങ്ങനെയെല്ലാമാണു്, എത്രയെല്ലാമാണു് ആത്മവല്ലഭയെ ആ പ്രിയതമൻ ഉള്ളഴിഞ്ഞു് അഭിസംബോധനംചെയ്തിരിക്കുന്നതു്! അഭിമാനത്തോടെ സ്തുതിച്ചിരിക്കുന്നതു്! 'മംഗല്യാംഗീമണിമകുടമേ', 'പ്രൗഢസ്ത്രീകൾക്കണിതിലകമേ', 'നിഷ്കാലുഷ്യേ', 'പ്രാണേശിത്രി', 'പ്രണയമസൃണേ', നിരുപമഗുണേ', —ഇങ്ങനെയുള്ള പുളകോൽഗമകാരികളായ സംബോധനകളുടെ ഉറവിടം, അമ്പോ! എത്രമേൽ പ്രേമപരാധീനമായിരിക്കണം!

൧൦൭൯-ലാണു്—അവിടുത്തെ അമ്പത്താറാമത്തെ വയസ്സിൽ—കേരളവമ്മദേവന്നു ലക്ഷ്മീമഹാരാജ്ഞിയുടെ നിത്യവിയോഗം സംഭവിച്ചതു്. ഈ സംഭവം അവിടുത്തെ നിലം പൊത്തിച്ചുകളഞ്ഞു. കേരളവ്യാസനായ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ,

"കവി കേരളവമ്മദേവനാ-
മവിടത്തെ പ്രണയൈകഭാജനം;
അവിനാശിവിയോഗസങ്കടേ
ഭുവി ജീവച്ഛവമദ്യ നിശ്ചയം'

എന്നപദ്യം അക്ഷരംപ്രതി അർത്ഥവത്തായിത്തീന്നു. കരം പിടിച്ചനാൾമുതൽ, ശൈശവകൌമാരദശകളിലൂടെ, കാമിനിയെന്നും സ്വാമിനിയെന്നും ഉള്ള വിപരീതഭാവങ്ങളെ, സാരസ്യസമ്പൂർണ്ണമായ സാമഞ്ജസ്യത്തോടെ കൂട്ടിയിണക്കി പദാനുപദം ദാമ്പത്യബന്ധത്തിന്റെ പരമപാവനതയെ പ്രത്യക്ഷീഭവിപ്പിച്ചുകൊണ്ടിരുന്ന കേരളവമ്മദേവൻ ഭാര്യാമൃതിക്കുശേഷം ജീവച്ഛവമായിയെന്നു പറയുന്നതു അവാസ്തവകഥനമല്ലേയല്ല. സഹചാരിണിയുടെ സന്തതസാന്നിദ്ധ്യത്തിലെങ്കിലും ജീവിതത്തിൽ തെല്ലൊരാശ്വാസം നേടാമെന്നു കരുതിയിരുന്ന കേരളവമ്മദേവൻ, മുമ്പെങ്ങാനും ഉണ്ടായ ഒരു നിഷ്ടസംഭവത്തെ പുരസ്കരിച്ചു് 'കദനജലധൌ കേരളം തള്ളിവിട്ടാൻ' എന്നു വിലപിച്ചതു്, അവിടുത്തെ ജീവിതത്തെയാകമാനം കടന്നാക്രമിച്ച കദനക്കയത്തിന്റെ ഭയാനകതയെയും, കണ്ണുനീരിലാണ്ടുവീർത്ത പരമദയനീയതയേയും എത്ര സ്പഷ്ടമായി എടുത്തുകാട്ടുന്നു!

III

രാജ്യഭരണം നടത്തുന്ന ഒരു രാജകുടുംബവുമായുള്ള വേഴ്ചയിൽ ഒരു വ്യക്തിക്കു പേർ നിലനിത്തത്തക്ക പല സദ്വ്യാപാരങ്ങളിലും ഏപ്പെടുവാനുള്ള അവസരങ്ങൾ സിദ്ധിക്കുക സാധാരണമാണു്. അങ്ങനെയൊരു ചാച്ചയിൽ ആത്മനാ അഭിമാനംകൊള്ളുന്നതും പതിവുതന്നെ.

വിവാഹമെന്നതു് അത്ര ലഘുവായ ഒരു കാര്യമല്ലല്ലോ. അതിന്റെ അനന്തരകാര്യസരണി, ഗാഹസ്ഥ്യനിയമോദ്ദിഷ്ടമായ ധമ്മത്തെ അവലംബിക്കേണമെങ്കിൽ ആ മംഗളകമ്മത്തിൽ അന്യോന്യബദ്ധരാകുന്ന വ്യക്തികൾക്കു, മരണംവരെയും, അതിനപ്പുറവും, ശാശ്വതസൌഹാർദ്ദത്തോടെ വത്തിക്കുമാറാകത്തക്ക മനഃസ്ഥൈര്യവും, ലോകപരിചയവും ഉണ്ടായിരിക്കേണ്ടതുമാണു്. അതൊന്നുമില്ലാത്ത ബാല്യവിവാഹം നിശിതമായ ആക്ഷേപത്തെ തികച്ചും അർഹിക്കുന്നു. ലക്ഷ്മീമഹാരാജ്ഞിയും കേരളവമ്മകോയിത്തമ്പുരാനും തമ്മിലുള്ള വിവാഹം ബാല്യവിവാഹത്തിന്റെ ഒരൊന്നാന്തരം മാതൃകയായിരിക്കുന്നു. അവരുടെ വിവാഹത്തിൽ, അവക്കുണ്ടായിരുന്ന അഭിപ്രായം എന്താണെന്നു നമുക്കറിവില്ല. 'രണ്ടു പാവ

ങ്ങളായ ചെറുകുട്ടികളെ ജീവിതസാഗരത്തിലേക്കു പെട്ടെന്നു പിടിച്ചുതള്ളുക' എന്നതിൽ കവിഞ്ഞ ഒരു നില അവരുടെ വിവാഹത്തിനുണ്ടായിരുന്നുവെന്നു തോന്നുന്നില്ല. പരാഭിപ്രായംമാത്രമായിരിക്കണം അവരെ അങ്ങനെ കൂട്ടിക്കെട്ടിയതു്. ശാരീരികമായൊ, ധാമ്മികമായൊ ഉള്ള യാതൊരു ചിന്തയും ആ ബന്ധത്തെ സംബന്ധിച്ചുണ്ടായിരുന്നിരിക്കയില്ലെന്നു കരുതാം. ചോദ്യം ചെയ്യാവതല്ലാത്ത രാജകല്പന ആ രണ്ടു കൊച്ചുതിരുമേനിമാരെയങ്ങു സംഘടിപ്പിച്ചു എന്നേ പറയേണ്ടതുള്ളൂ. അങ്ങനെ ബലാൽകാരമായി ഇണക്കപ്പെട്ട രണ്ടു വ്യക്തികൾ, വ്യത്യസ്തപഥാനുവത്തികളാകാതെ, ഏകാശയാനുവാദികളായിത്തീന്നതിൽ അത്ഭുതപ്പെടുകതന്നെ വേണം. സംസ്കാരവിശേഷത്താൽ ആ ബന്ധം ധന്യമായി എന്നു പറഞ്ഞാൽ മതി. വ്യക്തിസ്വാതന്ത്ര്യത്തെ അപ്രധാനമാക്കിത്തള്ളി, രാജാധികാരത്തെ മുൻനിത്തി, സൃഷ്ടിക്കപ്പെട്ട ആ ബന്ധം അന്യോന്യസാഹചര്യത്തിൽ, അഷ്ടബന്ധമിട്ടുറപ്പിച്ചതുപോലെ തലനാരിഴയെങ്കിലും ഇളക്കംതട്ടാത്ത നിലയിലുറച്ചതും, അനന്തരമുണ്ടായ രാജകോപത്തിലും, കഠിനനിർബ്ബന്ധത്തിലും തെല്ലുപോലും അയവുപെടാതിരുന്നതും മഹാരാജ്ഞിയുടെ ധമ്മസക്തിയുടേയും കേരളവമ്മദേവന്റെ മനഃശക്തിയുടേയും നിദശ്നങ്ങളാകുന്നു.

ഏതുവിധത്തിൽ നോക്കിയാലും, വിഭവസമ്പൂർണ്ണവും, അത്യുന്നതവുമായ സ്ഥാനത്തെ അലങ്കരിച്ച കേരളകാളിദാസൻ, 'കദനജലധൌ കേരളം തള്ളിവിട്ടാൻ' എന്നു ആകസ്മികമായി വന്നുപെട്ട ഒരു കഷ്ടകാലത്തെക്കുറിച്ചു മാത്രം വിലപിച്ചതാണെങ്കിലും, അതു സ്വജീവിതത്തെ ആദ്യന്തം പരിശോധിച്ചുകൊണ്ടു ചെയ്യു ഒരു വിമശ്നമായിപ്പരിണമിച്ചുപോയി!

കല്പദ്രുമവും, മംഗളദേവതയും, പീയൂഷകുംഭവുംമററും തന്റെ അപത്യങ്ങളായതിലുള്ള അമിതാഭിമാനം, മൂലോകം മുച്ചൂടും ചാമ്പലാക്കുവാൻ ശക്തിയുള്ള ഹാലാഹലത്തിന്റേയും, സർവ്വജനഗഹിതയായ ജ്യേഷ്ഠയുടേയും ആവിർഭാവത്തോടുകൂടി നിശ്ശേഷം നശിച്ച പാൽപെരുങ്കടൽ സങ്കല്പമാത്രാവലംബിയായി സ്ഥിതിചെയ്യുന്നേയുള്ളൂ. 'കദനജലധി'യാകട്ടെ, മലയാണ്മയിലെ ആദിസന്ദേശകാവ്യമായ 'മയൂരസന്ദേശത്തിന്റേയും മററു മനോമോഹനങ്ങളായ കൃതികളുടേയും ജനയിതാവായി ധ്രുവവും, സ്വച്ഛവുമായ കീത്തിയെ പ്രസരിപ്പിച്ചുകൊണ്ടു, നമുക്കെല്ലാം എപ്പോഴും പ്രത്യക്ഷീഭവിച്ചു വിളങ്ങുന്നു.

ശോകാത്മകമായ ഐഹികജീവിതത്തിൽ, മനുഷ്യനിലുണ്ടാകുന്ന ഉൽകൃഷ്ടവിചാരങ്ങളും, പാവനവികാരങ്ങളും ഉൽകടമായ വിഷാദത്തിന്റെ സംസ്കൃതഫലങ്ങളാകുന്നു. ആദികാവ്യമായ രാമായണംതൊട്ടു് ഇന്നുവരെയുണ്ടായിട്ടുള്ള ഉത്തമകൃതികളെല്ലാം പ്രസ്തുത പരമാർത്ഥത്തിന്നു് അനിഷേധ്യമായതെളിവു തരുന്നുണ്ടു്. 'രാമായണം' എന്ന നാലക്ഷരങ്ങളിലൊന്നെങ്കിലും കലരാത്ത പദ്യം പാണ്ഡിത്യപ്രകടനത്തെ ലാക്കാക്കിക്കൊണ്ടുള്ള വൈഷമ്യം പിടിച്ച വല്ല ഏകാക്ഷരശ്ലോകങ്ങളൊ മറെറാ ഒഴിച്ചുമാററിയാൽ സംസ്കൃതസാഹിത്യത്തിലങ്ങോളം തപ്പിനോക്കിയാലും കാണുന്നില്ലെന്ന വസ്തുത എങ്ങനെ ആ ആദികാവ്യത്തിന്റെ സാർവ്വത്രികതയെ സമർത്ഥിക്കുന്നുവൊ, അതുപോലെതന്നെയാണു് കേരളവമ്മദേവന്റെ കൃതിസമുച്ചയം, അനന്തരഗാമികളായ ഭാഷാപ്രണയികളുടെ സാഹിത്യസരണിയെ വിളക്കുന്നതും, ആധുനികസാഹിത്യപ്രഭാവത്തിന്നു നിദാനമായി വത്തിക്കുന്നതും. സവ്വഥാ നമസ്കരണീയനായ കേരളകാളിദാസൻ സാഹിതീഭക്തന്മാക്കെന്നുമെങ്ങും മാഗ്ഗദർശിയായിത്തീരട്ടെ!



സ്മരണകൾ

(മാവേലിക്കര കൊട്ടാരത്തിൽ ഭാഗീരഥിഅമ്മതമ്പുരാട്ടി)

കേരളവർമ്മ ശതവത്സരാഘോഷക്കമ്മിററിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന സ്മാരകഗ്രന്ഥത്തിലേക്കു് ആ പുണ്യശ്ലോകനെക്കുറിച്ചു് ഒരു ലേഖനം ക്ഷണിച്ചുകൊണ്ടുള്ള എഴുത്തു കിട്ടിയപ്പോൾ, ആദ്യമായി എനിക്കൊരു സംഭ്രമമാണു് ഉണ്ടായതു്. അവിടുത്തെ അപദാനങ്ങളെപ്പററി എത്രപേർ എഴുതിക്കഴിഞ്ഞിരിക്കുന്നു! ഒന്നിലധികം ജീവചരിത്രങ്ങൾ തന്നെ പ്രസിദ്ധപ്പെടുത്തീട്ടുള്ള സ്ഥിതിക്കു്, അവയിൽപ്രതിപാദിതമായിട്ടില്ലാത്ത ഒരു പുതിയ സംഗതി എനിക്കു കിട്ടുമോ? പണ്ടു് അവിടുത്തെ ഷഷ്ട്യബ്ദപൂർത്തിമഹോത്സവകാലത്തു്, മംഗളാശംസാരൂപത്തിൽ ചില പദ്യങ്ങൾ എഴുതി അയച്ചുകൊടുക്കണമെന്നു് എന്റെ വന്ദ്യപിതാവു് ആജ്ഞാപിച്ചപ്പോൾ എനിക്കുണ്ടായ പരിഭ്രമം ഈ അവസരത്തിൽ ഞാൻ സ്മരിച്ചു. എന്നാൽ അന്നത്തെ സ്ഥിതിയും ഇന്നത്തെസ്ഥിതിയുമായിട്ടു് എത്രയോ അന്തരമുണ്ടു്. അന്നു് എന്റെ ഉള്ളിലുള്ള പരിഭ്രമം വിളിച്ചറിയിച്ചുകൊണ്ടു് 'അബദ്ധം വാ സുബദ്ധം വാ' ചിലതൊക്കെ കുത്തിക്കുറിച്ചയച്ചതിൽ "കനിഷ്ഠമാതാമഹ! ബാല്യചാപലം മദീയമേതൽ കവിതോദ്യമാത്മകം ക്ഷമസ്വ ധീമൻ!" എന്നു പ്രാർത്ഥിച്ചതു് "പ്രവയോജനസ്യ ഹി പ്രിയം ശിശോർമ്ലിഷ്ടമപി പ്രജല്പിതം" എന്നൊരു സമാധാനത്തോടും ഏതാണ്ടൊരു ധൈര്യത്തോടുംകൂടി ആയിരുന്നു. ഇന്നോ? വിഷയം അവിടുത്തെപ്പററിയാണെങ്കിലും ആ സന്നിധാനത്തിലല്ല, മഹാജനസമക്ഷമാണല്ലോ സമർപ്പിക്കേണ്ടതു് എന്നോർക്കുമ്പോൾ അധൈര്യമാണുണ്ടാകുന്നതു്.

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ സ്വഭാവവൈശിഷ്ട്യത്തേയും മഹാമനസ്കതയേയുംപററി പലർക്കും പലതും ഇനിയും എഴുതുവാനുണ്ടാവാം. ആ മഹാനുഭാവനെപ്പററി ചില സ്മരണകൾ എനിക്കും എഴുതാൻ കണ്ടേക്കും. എന്നാൽ കേരളവർമ്മ വലിയകോയിത്തമ്പുരാനെക്കുറിച്ചെഴുതുമ്പോൾ അവിടുത്തെ പ്രിയഭാഗിനേയനായ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാനേക്കൂടി സംബന്ധിക്കാത്ത സ്മരണകളൊന്നും എനിക്കില്ല. മാതുലന്റെ ചരിത്രത്തിൽ ഭാഗിനേയനെക്കുറിച്ചുള്ള പ്രസ്താവം അസംഗതമായിരിക്കുകയുമില്ലല്ലോ.

ദ്വിതീയാക്ഷരപ്രാസം, ശാകുന്തളതർജ്ജമ ഈ രണ്ടുസംഗതികളിലുള്ള അഭിപ്രായഭേദം നിമിത്തം സാഹിത്യലോകത്തിൽ പൊതുവേ തന്നെ ഉണ്ടായ കലക്കവും കലശലും ആണു് ആദ്യമായിട്ടോർമ്മവരുന്നതു്. ഭാഷാപ്രണയികളും ഭാഷാകവികളും രണ്ടു ഭാഗമായിപ്പിരിഞ്ഞു. ചിലർ വലിയകോയിത്തമ്പുരാന്റെയും മററു ചിലർ രാജരാജവർമ്മകോയിത്തമ്പുരാന്റെയും പക്ഷംപിടിച്ചു വാദിച്ചു, വഴക്കുപറഞ്ഞു. ഇക്കാരണത്താൽ മാതുലഭാഗിനേയന്മാർ തമ്മിലുണ്ടായിരുന്ന ദൃഢമായ സ്നേഹബന്ധം അല്പം ശിഥിലമായില്ലയോ എന്നുകൂടി സംശയത്തിനിടയായി. അത്രത്തോളമായപ്പോഴേക്കും ഭാഗിനേയന്റെ അപേക്ഷയനുസരിച്ചു കേരളകാളിദാസൻതന്നെ മദ്ധ്യസ്ഥനായിനിന്നു വാദം കലാശിപ്പിക്കയുംചെയ്തു. കേരളകാളിദാസന്റെ നേർക്കു്, അവിടത്തെ പ്രിയഭാഗിനേയനും പ്രധാനശിഷ്യനുമായിരുന്ന കേരളപാണിനിയ്ക്കു് ഉണ്ടായിരുന്ന ഭക്തിസ്നേഹാദരങ്ങളും, വലിയകോയിത്തമ്പുരാനു ഭാഗിനേയന്റെനേർക്കുണ്ടായിരുന്ന വാത്സല്യാതിരേകവും എത്രത്തോളം ആണെന്നുള്ളതു്, അവരുടെ അന്യോന്യമുള്ള പെരുമാററം കണ്ടും സംഭാഷണം ശ്രവിച്ചും ചിലപ്പോൾ അടുത്തു പരിചയിക്കാനുള്ള ഭാഗ്യം സിദ്ധിച്ചിട്ടുള്ളതിനാൽ ഏറെക്കുറെ ഈയുള്ളവൾക്കറിയാം. ഇങ്ങനെയൊക്കെയായിരുന്നിട്ടും അപൂർവം ചില സന്ദർഭങ്ങളിൽ ചില ചില്ലറ രസക്കേടുകൾ ഉണ്ടായിട്ടില്ലെന്നുമില്ല. അതു മനുഷ്യസഹജമാണെന്നുമാത്രമേ വിചാരിക്കാനുള്ളു. ദ്രുതഗതിയിൽ ഉണ്ടാകുന്ന കോപം അതുപോലെ ശമിക്കയും ചെയ്യും. ദൃഷ്ടാന്തമായി രാജരാജവർമ്മകോയിത്തമ്പുരാൻ ൧൦൭൯-ാമാണ്ടിടയ്ക്കു നടന്ന ഒരു സംഭവത്തെപ്പററി

"ഇയമഞ്ജലിജാലപൂർവ്വികാ
ദയനീയസ്യ വടോന്നിവേദനാ
കരുണാമസൃണാന്തരാത്മഭിർ-
ഗ്ഗുരുപാദൈഃ പ്രണയാന്നിശമ്യതാം"

എന്നു തുടങ്ങി ഏഴുപദ്യങ്ങൾ എഴുതി അയച്ചു അമ്മാവൻതിരുമനസ്സിനോടു ക്ഷമായാചനം ചെയ്കയും,

"ലേഖസ്തവ മയാലാഭി
വിസ്മൃതാഹ്യസ്തനീകഥാ
തവാവിമൃശ്യവാദിതാ-
മീദൃശം മാസ്മ പിതഃ പരം"

എന്നു് അപ്പോൾ തന്നെ മറുപടി കിട്ടുകയും ചെയ്തു. രസക്ഷയമെല്ലാം തീർന്നു പൂർവ്വാധികം സന്തോഷവുമായി. പ്രാസവാദത്തിലും ശാകുന്തളകാര്യത്തിലും ഇതുപോലെ മാതുലഭാഗിനേയന്മാർ തന്നിയെ പറഞ്ഞുതീർക്കുകയായിരുന്നെങ്കിൽ!! പക്ഷേ മലയാളഭാഷയ്ക്കു ഈ വിഷയത്തെപ്പററി അനേകം സാഹിത്യകാരന്മാരുടെ ലേഖനപരമ്പരകൾ അടങ്ങിയ ഒരു സമ്പാദ്യം നഷ്ടമാകുമായിരുന്നല്ലൊ. അതോർക്കുമ്പോൾ വാദം ഉദ്ഭവിച്ചതു ഭാഷയ്ക്കൊരു ലാഭമായെന്നും പറയാം. ചില ഗുണകാംക്ഷികളുടെ പ്രയത്നംമൂലം മാതുലഭാഗിനേയന്മാർ താമസമെന്യേ രാജിയായി എല്ലാം ശുഭമായി പര്യവസാനിക്കുകയുംചെയ്തു. തെററിദ്ധാരണകൾ നീക്കി, ഭാഗിനേയൻ ചെന്നു മാതുലപാദങ്ങളിൽ സാഷ്ടാംഗം പ്രണമിക്കുകയും മാതുലൻ അനുഗ്രഹിച്ചു് എഴുന്നേല്പിക്കുകയുംചെയ്തപ്പോൾ രണ്ടുപേരുടേയും നേത്രങ്ങൾ അശ്രുപൂർണ്ണങ്ങളായിരുന്നു എന്നു ഒരു ദൃക്‌സാക്ഷി പറയുകയുണ്ടായിട്ടുണ്ടു്:—"പ്രണിപാതപ്രതീകാരഃ സംരംഭോഹി മഹാത്മനാം."

കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെനേരെ സഹോദരിയുടെ പുത്രനായ ഭാഗിനേയനല്ലായിരുന്നു രാജരാജവർമ്മകോയിത്തമ്പുരാൻ. എങ്കിലും † "കൊച്ചപ്പനെ എന്റെ സ്വന്തം മരുമകനായിട്ടാണു ഞാൻ കരുതിയിരിക്കുന്നതു്" എന്നു് അവിടുന്നു പലരോടും പ്രസ്താവിച്ചിട്ടുള്ളതായി കേട്ടിട്ടുണ്ടു്. അതുപോലെ തന്നേ അവിടത്തേസന്താനാഭാവത്തേപ്പററിയും അവിടുന്നു സമാധാനപ്പെട്ടിരുന്നതു്-"എനിക്കു പുത്രന്മാരില്ലെന്നു് ഞാൻ വെച്ചിട്ടില്ല. എന്റെ ജ്യേഷ്ഠന്റെപുത്രന്മാർ * എന്റെയും പുത്രന്മാർ തന്നെ"എന്നായിരുന്നു. "മാവേലിക്കരയുംഅരിപ്പാട്ടുമായിട്ടു എനിക്കു വ്യത്യാസമൊന്നുമില്ല" എന്നു സംഭാഷണമദ്ധ്യേ ഞങ്ങളോടുതന്നെ അവിടുന്നു പറഞ്ഞിട്ടുണ്ടു്. കവികുലസമ്രാട്ടല്ലേ അവിടുന്നു്? വശ്യവചസ്സുകളായ കവികളുടെ വാക്കിൽ അല്പം അതിശയോക്തി കലന്നിരുന്നേക്കാം, എന്നായിരുന്നു അവിടത്തെ ഈ അഭിപ്രായം കേട്ടിട്ടു് അന്നു ഞാൻ വിചാരിച്ചിരുന്നതു്. പക്ഷേ അവിടുന്നു പറഞ്ഞതു വെറും ഭംഗിവാക്കല്ല. ആത്മാർത്ഥമായിട്ടുള്ളതുതന്നെയായിരുന്നു എന്നുള്ളതിന്നു് അനന്തരസംഭവങ്ങൾ സാക്ഷ്യം വഹിക്കുന്നു.

൧൦൮൦-കന്നിമാസം ൩-ാംതീയതി ആയിരുന്നു ആ വന്ദ്യപുരുഷന്റെ നിര്യാണം. ആ തീയതിയും മോട്ടാരപകടം സംഭവിച്ച ൪-ാംതീയതിയും മരണംവരെ മറവിവരാത്ത രണ്ടു ദിനങ്ങളാണു്. കുററിത്തെരുവിൽവെച്ചു മോട്ടാർഅപകടമുണ്ടായി കേരളവമ്മ വലിയ കോയിത്തമ്പുരാൻ ശിരസ്സിൽ ക്ഷതമേററും, രാജരാജവമ്മ കോയിത്തമ്പുരാന്റെ കാൽമുട്ടുകൾ കാറിനടിയിൽ അകപ്പെട്ടു ഞെരിഞ്ഞുതകന്നും രണ്ടാളും ബോധഹീനരായി കിടക്കുന്നു എന്നായിരുന്നു മാവേലിക്കരയിൽ ഞങ്ങൾക്കു ആദ്യമായി ലഭിച്ച വാർത്ത. കാഴ്ചയിൽ കാണാത്തക്കവണ്ണം രണ്ടുപേക്കും പരുക്കേററില്ലെന്നു പിന്നീടു മനസ്സിലായി. എങ്കിലും യഥാർത്ഥമറിയുന്നതുവരെ കഴിച്ചുകൂട്ടിയ ആ രണ്ടു മണിക്കൂറുകൾ! ഈശ്വരാ! ഇന്നും സ്മരിക്കവെയ്യ. ആണ്ടുതോറും അവിടുന്നു വൈക്കത്തു സ്വാമിദശനത്തിനായി പോകുകയും അതുകഴിഞ്ഞു അരിപ്പാട്ടെത്തി സൌകര്യംപോലെ അഞ്ചോ ആറോദിവസം അവിടെ താമസിച്ചതിന്റെശേഷം മടക്കത്തിൽ മാവേലിക്കരയിൽ ഇറങ്ങി ഒരു നേരമെങ്കിലും താമസിക്കുകയും വളരെക്കാലമായിട്ടുള്ള പതിവായിരുന്നു. അത്തവണ വൈക്കത്തുദശനം കഴിഞ്ഞു പതിവിൻപടി ബോട്ടിൽ യാത്രചെയ്തു അരിപ്പാട്ടെത്തിയ പിറേറദിവസം തന്നെ-"ദേഹാസ്വാസ്ഥ്യംമൂലം താമസം ദീർഘിപ്പിക്കുന്നില്ല. നേരത്തേ തിരുവനന്തപുരത്തെത്തണമെന്നു് ആഗ്രഹിക്കുന്നു. മോ

† കേരളപാണിനിയുടെ ഓമനപ്പേര്.

* മാവേലിക്കര ഉദയവമ്മതമ്പുരാനേയും സഹോദരനേയുമാണു ഉദ്ദേശിച്ചിരിക്കുന്നതു്.

ട്ടാർകാറുംകൊണ്ടു് ഉടൻ വന്നുചേരണം"—എന്നു രാജരാജവമ്മ കോയിത്തമ്പുരാനു കമ്പികൊടുക്കുകയാണു് ചെയ്യതു്. അതനുസരിച്ചു രാജരാജവമ്മ കോയിത്തമ്പുരാൻ എത്തി അമ്മാവനെ മുഖംകാണിക്കാൻ ചെന്നപ്പോൾ—"അട്ടത്തകൊല്ലംമുതൽ പെരുംതൃക്കോവിലപ്പനെ തിരുവനന്തപുരത്തിരുന്നു ധ്യാനിക്കയേയുള്ളു. വെക്കത്തുപോയി തൊഴാൻ എന്നേക്കൊണ്ടു സാധ്യമല്ലാതായിരിക്കുന്നു. തൊഴുതുകൊണ്ടുനില്ക്കുമ്പോൾ എനിക്കൊരു തലചുററലോ ക്ഷീണമോ എന്തോ ഒന്നുണ്ടായി. ദേഹത്തിനൊട്ടും സുഖം തോന്നുന്നില്ല. എത്രയുംവേഗത്തിൽ തിരുവനന്തപുരത്തെത്തണം. അതുകൊണ്ടു മാവേലിക്കരെ ഇറങ്ങുന്നമില്ല" എന്നുള്ള കല്പന കേട്ടിട്ടു് ഭാഗിനേയനു് അല്പമൊരു വല്ലായ്മ തോന്നിയില്ലെന്നില്ല. അട്ടത്തദിവസംതന്നെ തിരുവനന്തപുരത്തേക്കു പുറപ്പെട്ടു. പക്ഷേ വിധിബലം ആരുകണ്ടു! മാവേലിക്കരെ ഇറങ്ങേണ്ടെന്നുവെച്ചു നേരേ തിരുവനന്തപുരത്തേക്കു പുറപ്പെട്ട കേരളകാളിദാസൻ രണ്ടു മണിക്കൂറിനകം മഞ്ചലിൽ മാവേലിക്കരയിലേക്കുതന്നെ നയിക്കപ്പെട്ടു. ആ മഹാനുഭാവൻെറ അന്ത്യവിശ്രമസ്ഥാനമാകുവാനുള്ള യോഗം മാവേലിക്കരയ്ക്കായിരുന്നു വിധിച്ചിരുന്നതു്. ഡാക്ടർമാക്കുതന്നെ യഥാത്ഥസ്ഥിതി മനസ്സിലാകാഞ്ഞിട്ടോ അതോ അവർ മനഃപൂൎവ്വം മറച്ചിട്ടോ, ഏതായാലും പെട്ടെന്നു് എന്തെങ്കിലും സംഭവിക്കുമെന്നു ആരും പ്രതീക്ഷിച്ചിരുന്നില്ല. ദേഹസ്ഥിതിക്കു അല്പം സുഖം കിട്ടിയിട്ടു അവിടത്തേ പോയി കാണാമെന്നാഗ്രഹിച്ചിരുന്ന ഈയുള്ളവരെല്ലാം ആ മഹാൻെറ ചരമവാത്ത കേട്ടു സ്തബ്ദരായിപ്പോയി. പുത്രനിർവിശേഷം സ്നേഹിച്ചിരുന്ന 'വല്യ്യനിയൻെറ'യും (മാവേലിക്കര ഉദയവമ്മതമ്പുരാൻ) പ്രിയഭാഗിനേയനായ 'കൊച്ചപ്പ'ൻെറയും ശുശ്രൂഷയിൽ, ഭാഗിനേയൻെറ മാറത്തു ചാരിക്കിടന്നുകൊണ്ടായിരുന്നു ആ മഹാത്മാവു സ്വൎഗ്ഗാരോഹണം ചെയ്യതു്. മാവേലിക്കരദിക്കിനേപ്പററിയും, രാജരാജവമ്മകോയിത്തമ്പുരാൻ, ഉദയവർമ്മതമ്പുരാൻ എന്നിവരേക്കുറിച്ചും അവിടുന്നു പ്രകടിപ്പിച്ചിട്ടുള്ള പ്രതിപത്തി ആത്മാർത്ഥമായിരുന്നുഎന്നുള്ളതിനു് ഇതിലധികം എന്തു തെളിവുവേണം? ആ അത്യാഹിതം സംഭവിച്ചിട്ടു് ഇപ്പോൾ മുപ്പതിലധികം വഷം കഴിഞ്ഞു എങ്കിലും അതു ഇന്നലെനടന്നതുപോലെ തോന്നുന്നു. അവിടുത്തേപ്പോലെയുള്ള "മഹാന്മാരുടെ ഭൂലോകവാസം അവസാനിച്ചാലും അവർ മരിച്ചു എന്നു പറയാൻപാടില്ല. നമ്മുടെ ഓമ്മയിലും അവർ ചെയ്തിട്ടുള്ള ശ്ലാഘ്യകൃത്യങ്ങളിലും അവർ എന്നും ജീവിച്ചിരിക്കതന്നെ ചെയ്യുന്നു. അവരേക്കുറിച്ചുള്ള വിചാരം അവരുടെ നിൎയ്യാണാനന്തരം ജീവിക്കുന്നവരേയും ഉജ്ജീവിപ്പിക്കുന്നു." അവിടുത്തേ 'അക്ബർ' എന്ന ആഖ്യായികയിൽ സിദ്ധരാമൻ ചോദിക്കുന്നതുപോലെ 'അതല്ലയോ വാസ്തവമായ അനശ്വരത്വം?'

കേരളകാളിദാസൻ

(നാലാങ്കൽ കൃഷ്ണപിള്ള എം. ഏ.; എൽ. ററി.)

തുഞ്ചത്തേഗ്ഗുരുപാദരും സരസനാം നമ്പ്യാരുമിക്കേരളം
വഞ്ചിച്ചിട്ടു വിയത്തിൽ വാഴവതിനായ്പ്പോയ് വത്സരം നീങ്ങവേ,
നെഞ്ചിൽക്കൈരളിദേവിയാൾക്കു കുതുകം വീണ്ടും കൊടുത്തീടുവാൻ
വഞ്ചിക്ഷോണിയിൽ വന്നിതങ്ങു പുതുതാം പൊൽത്താരകംപോലവേ. ൧


പാണ്ഡിത്യം, കവിതാവിലാസമിവയാലാശ്ചര്യമേററിബ്ഭവാൻ,
പാരിൽ 'ക്കേരളകാളിദാസ'ബിരുദം കൈക്കൊണ്ടുമിന്നീപരം;
പാലൊക്കുന്നൊരു കീർത്തിയും, വിനയവും; കാരുണ്യവും, സ്നേഹവും
മൂലം ഭോജനതുല്യനായ് സുദൃഢമങ്ങേററം വിരാജിച്ചിതേ. ൨.

ചേണഞ്ചുന്ന മണിപ്രവാളകവിതാഹാരങ്ങളങ്ങെത്രയോ
ചേർത്തു കൈരളിതൻെറ ഗാത്രലതയിൽ സമ്പൂർണ്ണരാഗാന്വിതം;
സാഹിത്യത്തിനുമമ്പിലങ്ങു വിലയേറീടും ഭവജ്ജീവിതം
സൗഹിത്യത്തൊടു കാഴ്ചവെച്ചു; നെടുനാൾ സേവിച്ചു ഹാ, ഭാഷയേ. ൩

പേരാളുന്ന കവീശ്വരർക്കു നിതരാം നേതാവുമാലംബവും,
സാരള്യം കലരുന്ന ഗദ്യകലതന്നോമൽപ്പിതാവും പരം
വാണീവല്ലഭനും, നിശാന്തമതിയും മററും പലേമട്ടില-
ങ്ങാനന്ദത്തൊടു കൈരളിക്കഭിമതം നൽകീ മഹാകീർത്തിമാൻ. ൪

നിർജ്ജീവസ്ഥിതിയാർന്നഗദ്യമവിടത്തെപ്പൊന്നൊളിക്കൈക്കൾതൻ
സ്പർശത്താലെഴനേററമൂല്യതരമാം വിജ്ഞാനരത്നങ്ങളെ,
ഭക്ത്യാ, ശൂന്യതയാർന്ന മാതൃമൊഴിതൻത്ത്യക്കോവിലിൽത്തഞ്ചിടും
ഭണ്ഡാരത്തിൽ നിറച്ചു; കൈരളി പരം സന്തുഷ്ടിപൂണ്ടീടിനാൾ. ൫

കാലത്തിൻ കരിനേർമഷിക്കു കഴുകാൻ വയ്യാത്തമട്ടങ്ങയേ,-
ച്ചേലഞ്ചും സ്മരണപ്രദീപമഴകിൽത്തൂകും മയൂഖാവലി,
മേലും കേരളപാണിയാൾക്കനുപമശ്രേയസ്സിനാലംബമായ്,
ക്കോലും ശ്രീയൊടു ഭംഗമററവിരതം മിന്നിക്കണം മേല്ക്കുമേൽ. ൬



ക്യാപ്ററൻ ഗോദവർമ്മരാജാ



സചിവോത്തമഃ സർ സി. പി. രാമസ്വാമി അയ്യർ

കേരളകാളിദാസൻെറ മാഹാത്മ്യം

(എം. പി. ഭദ്രാമ്മ എം. ഏ)

മലയാളസാഹിത്യത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള പല പൂർവ്വകവികളും ഇരുന്നരുളുന്ന പീഠങ്ങൾ പിടിച്ചിളക്കാൻ ഇപ്പോൾ ചിലർ തുടങ്ങീട്ടുണ്ടല്ലോ. ഇക്കൂട്ടർ കേരളവർമ്മ വലിയ കോയിത്തമ്പുരാനേയും ഈ സാഹസത്തിൽ നിന്നു വിട്ടൊഴിക്കുന്നില്ല. തുഞ്ചൻദിനം കൊണ്ടാടിയതിൽ ഒരു ലേഖകൻ സുഖമില്ലായ്മ പ്രദർശിപ്പിക്കുകയുണ്ടായി. തുഞ്ചൻദിനത്തിലൂടെ പല ദിനങ്ങളേയും അസുഖത്തോടെ ആ ദീർഘദർശി പ്രതീക്ഷിക്കുന്നുണ്ടാവാം. തുഞ്ചൻ തുടങ്ങിയ നമ്മുടെ പൂർവ്വാചാര്യന്മാരെ ഈവക അലങ്കോലങ്ങൾകൂടാതെ ആദരിക്കത്തക്ക അനുസ്സാരവും സംസ്കാരവും നമുക്കില്ലെന്നോ? കേരളവർമ്മദേവൻെറനേരെയും ചന്ദ്രഹാസമിളക്കാൻ ചില സാഹസികന്മാർ മുതിർന്നേക്കാം. അതും കൗതുകത്തോടെ നമുക്കു കാണാം.

ഈവക സംരംഭങ്ങൾ അനുചിതമാണെന്നു വിചാരിക്കുന്നവരുണ്ടെങ്കിൽ, ലോകം മുഴുവൻ ഒന്നു കണ്ണോടിക്കണമെന്ന് അവരോട് അപേക്ഷിക്കുകയേ നിവൃത്തിയുള്ളൂ. പലർക്കും സമ്മതനായ ഒരു മഹാനെപ്പററി കുററംപറയുന്നതു് ഒരു രസമായിക്കരുതുന്ന ചില വ്യക്തികളുണ്ടു്. അക്കൂട്ടർ എല്ലാ രാജ്യങ്ങളിലുമുണ്ടു്. ലോകൈകമഹാകവികളെന്നു പല ശതാബ്ദങ്ങളായി നാനാരാജ്യങ്ങളിലും വിളികൊള്ളുന്ന കാളിദാസനും ഷേക്സ്പീയറും ഇരുന്നരുളുന്ന പീഠങ്ങൾ അവർ അർഹിക്കുന്നില്ലെന്നുകൂടി പറയുവാൻ ചിലർ ഒരുങ്ങീട്ടുണ്ടല്ലോ. ഷേക്സ്പീയറും ബർനാഡ്ഷായും ഒരേ ഇതിവൃത്തത്തെപ്പററി നാടകങ്ങളുണ്ടാക്കീട്ടുണ്ടു്. അതിൽ ഷായുടെ കൃതിക്കു മെച്ചമേറുമെന്നു് അദ്ദേഹം അഭിമാനിക്കുന്നുമുണ്ടല്ലോ. എന്നാൽ ഷേക്സ്പീയറുടെ കൃതിക്കു നാടകവേദിയിലുണ്ടായിട്ടുള്ള പ്രശസ്തി മറേറ കൃതിക്കു സ്വപ്നത്തിലുമായിട്ടുമില്ല. കാളിദാസൻ വാല്മീകിയെ ഉപജീവിച്ചു കവിതയെഴുതി. പിന്നീടുള്ള കവികൾക്കു് അദ്ദേഹം വഴിതെളിച്ചു. വാല്മീകിയും പൂർവ്വകവികളെ ആശ്രയിച്ചിരുന്നിരിക്കും. വേടൻെറ അമ്പേററുമരിച്ച ക്രൗഞ്ചപ്പക്ഷിയെക്കണ്ടില്ലെങ്കിൽ അദ്ദേഹത്തിനു കവിത വരുമായിരുന്നോ എന്നു സംശയിക്കുവാനിടയുണ്ടു്. അമ്പേററ പക്ഷിയെക്കണ്ടു് അകം നൊന്ത മനസ്സു് കാവ്യനിർമ്മാണത്തിനു സന്നദ്ധമാകാൻ ബ്രഹ്മാവുവന്നു കഥപറയേണ്ടതായുംവരുന്നു. ഇങ്ങിനെ നാം ആലോചിച്ചുതുടങ്ങിയാൽ അതിനു് "അണ്ടിയോ മൂത്തതു് മാവോ മൂത്തതെ"ന്ന വാദത്തിൻെറ അവസാനമായിരിക്കുമുണ്ടാവുക. എന്നാൽ പുതുമ എവിടെയും കണ്ടില്ലെന്നുംവരാം. പക്ഷേ ഇവരുടെ വ്യക്തിമാഹാത്മ്യം കൃതികളിൽ തെളിഞ്ഞുകാണുന്നുണ്ടെന്നു സമ്മതിക്കാതെ തരമില്ല. ഈ വാദമുഖം കേരളീയകവികളെയും ബാധിക്കുന്നതാണു്. നമുക്കു കേരളകാളിദാസനെപ്പററി ചിന്തിക്കാം

സംസ്കൃതത്തിലും മലയാളത്തിലും കൈകാര്യംചെയ്തു പ്രശസ്തിനേടിയ ഒരു മഹാനായിരുന്നു കഥാപുരുഷൻ. കേരളകവികളിൽ പലരും ഇത്തരക്കാരായിരുന്നുതാനും. രണ്ടു വഞ്ചികളിലായി കാലുകൾ വെക്കുന്നവരുടെ വിഷമാവസ്ഥ വലിയകോയിത്തമ്പുരാനു വന്നുചേർന്നിട്ടില്ലെന്നു ഒരു വിശേഷവിധിയുമുണ്ടു്. എന്നുമാത്രമല്ല, കൈകാര്യംചെയ്ത രണ്ടു ഭാഷകളിലും ഒരുപോലെ മെച്ചം നേടിയിരിക്കുന്നതു് അദ്ദേഹത്തിനും നമുക്കും അഭിമാനംകൊള്ളാവുന്ന വസ്തുതയുമാണു്.

സംസ്കൃതനാടകാഭിനയത്തിൻെറ രീതി ചാക്യാരുടെ കൂടിയാട്ടത്തോടുകൂടി കേരളീയർക്കു സുപരിചിതമായിട്ടുണ്ടല്ലോ. പക്ഷേ, അതു കൂത്തമ്പലങ്ങളിലാണു് പ്രായേണ കഴിഞ്ഞുകൂടിയതു്. കൂടിയാട്ടത്തിനുശേഷം കഥകളി രംഗപ്രവേശംചെയ്തു. എന്നാൽ ഇവയൊന്നും സാധാരണക്കാർക്കു കണ്ടുരസിക്കാനോ കൊണ്ടറിയാനോ പററിയതല്ലായിരുന്നു. ചുരുക്കിപ്പറയുന്നതായാൽ "ആടിരസിപ്പിക്കാനുള്ള അധികാരികളും രസം അനുഭവിച്ചു സുഖിക്കാനുള്ള ആളുകളും ചുരുങ്ങിയതോടുകൂടി" കൂടിയാട്ടവും കഥകളി

യും അന്തർദ്ധാനം ചെയ്തു ദിക്കായി. ഈ ഘട്ടത്തിലാണ ഭാഷാനാടകത്തിന്റെ ആവിർഭാവം. പണം കൊടുത്തിട്ടെങ്കിലും കാണാനും രസിക്കാനുമുള്ള ഒരു കലയുണ്ടാവുന്നതിന് കേരളീയർ ഉററുനോററുകൊണ്ടിരുന്ന ആ സന്ദർഭത്തിൽ കേരളവർമ്മദേവന്റെ ശാകുന്തളം കേരളീയരുടെ തദ്വിഷയകമായ ഉൽക്കണ്ഠയെ സഫലമാക്കി. സുപ്രസിദ്ധനായ നാരായണപിള്ള തുടങ്ങി ആ നാടകം അഭിനയിച്ച നടന്മാർ മിക്കവരും പരിപ്പുള്ളവരായിരുന്നതിനാൽ അവരുടെ അഭിനയചാതുരി ബഹുജനങ്ങളെ കണക്കിലധികം രസിപ്പിച്ചു. കേരളമെങ്ങും ശാകുന്തളം വിളികൊണ്ടു. പലദിക്കിലും ആളുകൾ ശാകുന്തളനാടകസംഘത്തിന്റെ വരവു കാത്തിരിക്കാൻ തുടങ്ങി. നാരായണപിള്ളയുടെ സംഘത്തെ കിട്ടുവാൻ എപ്പോഴും സാധ്യമല്ലാതിരുന്നതിനാൽ, അവിടവിടെയായി ഓരോ ശാകുന്തളനാടകസംഘങ്ങൾ പൊട്ടിപ്പുറപ്പെട്ടു. ചന്തുമേനോന്റെ മേൽനോട്ടത്തിൽ ഒരു നാടകസംഘം കോഴിക്കോട്ടു രൂപീകൃതമായി. അതിലെ നായകവേഷക്കാരനായ വേക്കോട്ടു ശങ്കരമേനോൻ ശ്ലോകം ചൊല്ലിയിരുന്ന രീതി ഇന്നും ഉത്തരകേരളത്തിൽ ഒരു മാതൃകയായി കരുതി വരുന്നു. ഈ ശങ്കരമേനവൻ കഥകളിയിൽ നിന്നു നാടകത്തിലേക്കു ചാടിയ രസികനാണെന്നുകൂടി ഓർക്കണം. ഇങ്ങിനെ ഗോകണ്ണംമുതൽ കന്യാകുമാരിവരെയുള്ള ജനങ്ങളെ ഇളക്കിമറിച്ചതും, അവർ തികച്ചും അനുഭവിച്ചു രസിച്ചിരുന്നതുമായ ഒരു കൃതിയാണ് മണിപ്രവാളശാകുന്തളം. അതിൽ ചില ശ്ലോകങ്ങളുടെ കാഠിന്യം സംഗീതമാധുര്യംകൊണ്ടും നടനപാടവം കൊണ്ടും നടന്മാർ കുറച്ചുവന്നു. ആകപ്പാടെ, പണ്ഡിതപാമരന്മാരെ ഒരുപോലെ രസിപ്പിക്കാനുള്ള ഒരു നാടകം കേരളകാളിദാസൻ കൈരളിക്കു സമ്മാനിച്ചു. ശാകുന്തളത്തിലെ ശ്ലോകങ്ങൾ അക്ഷരജ്ഞാനമില്ലാത്തവർകൂടി മനഃപാഠമാക്കി. "ഭക്ത്യാ സേവിക്ക പൂജ്യാൻ ......"ഇത്യാദി ശ്ലോകങ്ങൾ വിവാഹാവസരങ്ങളിൽ ചൊല്ലുക ഒരു ചടങ്ങുതന്നെയായി. ഇങ്ങനെ കേരളീയരെ ആകമാനം ആനന്ദലഹരിയിൽ ആഴ്ത്തിയ ഒരു മഹാനെ കേരളസാഹിത്യചക്രവർത്തിയായും, കവിസാർവ്വഭൗമനായും കേരളീയർ ആരാധിച്ചുവരുന്നതിൽ അത്ഭുതപ്പെടാനുണ്ടോ? ശാകുന്തളത്തിന് അനവധി തർജ്ജമകൾ പിന്നീടുണ്ടായിട്ടുണ്ട്. പക്ഷേ അവയൊന്നും ജനഹൃദയങ്ങളിൽ ഇത്രത്തോളം പതിഞ്ഞിട്ടില്ല. കേരളകാളിദാസൻതന്നെ തന്റെ പരിഭാഷ കുറേക്കൂടി ലളിതമാക്കാൻ ഏതാനുംകൊല്ലങ്ങൾക്കുശേഷം ശ്രമിച്ചപ്പോൾ, ആദ്യത്തെപ്പതിപ്പ് പൊതുജനസ്വത്തായി തീർന്നുകഴിഞ്ഞിരുന്നതിനാൽ ബഹുജനങ്ങളുടെ ഹിതമറിയാതെ അതു തിരുത്തിക്കൂടെന്നു അങ്ങിങ്ങു ചിലർ സംസാരിച്ചതായി കേട്ടിട്ടുണ്ട്. ഇങ്ങിനെ എല്ലാവരുടേയും കണ്ണിലുണ്ണിയായിത്തീർന്ന ശാകുന്തളം അതിന്റെ കർത്താവിനെ സകലജനാരാധ്യനാക്കി. ഇതിവൃത്തത്തിന്റെ മാഹാത്മ്യം ആ പദവിക്കു മാററു കൂട്ടുകയും ചെയ്തു. ആശയസൌകുമാര്യം നാടകകർത്താവിന്റെ സംഗീതക്കൊഴുപ്പിൽ കലർന്നിണങ്ങിയപ്പോൾ പാലിൽ പഞ്ചസാരചേർത്താലത്തേപ്പോലുള്ള ആസ്വാദ്യതയാണനുഭവമായതു്. നടിക്കാത്ത നാടകം എടുക്കാത്ത നാണ്യംപോലെ ഉപയോഗശൂന്യമെന്ന തത്ത്വം ധരിച്ചിരുന്ന തിരുമേനി നാടകപ്രസ്ഥാനത്തിൽ പരിപൂർണ്ണവിജയം നേടി.

അദ്ദേഹത്തിന്റെ സർവ്വാദരണീയമായ മയൂരസന്ദേശത്തിന് മററുസന്ദേശങ്ങളെ അപേക്ഷിച്ചു വിലകൂടുവാനുള്ള കാരണവും അതിലെ അനുഭവരസികത്വമാണ്. "പ്രേമാവാസപ്രിയയുടെ വിയോഗത്തിനാലാർത്തനായി" "ഒരു നാലഞ്ചുകൊല്ലം"ആ വീരകേസരി കഴിച്ചുകൂട്ടേണ്ടിവന്നു. അന്നനുഭവിച്ച കഠിനസങ്കടത്തെ വിഷയീകരിച്ച് ഒരു സന്ദേശകാവ്യമെഴുതി. കാളിദാസനുതന്നെ തന്റെ സന്ദേശകാവ്യരചനയിൽ ഇങ്ങനെയൊരനുഭവം ഉണ്ടായതായി കേട്ടിട്ടില്ല. ആ കവീശ്വരനെ അനുകരിച്ച മററുള്ളവർക്കും ഈ ദുർയ്യോഗം വന്നതായി അറിയുന്നില്ല. ഇതു് ഒരു വിചിത്രസംഭവമാണല്ലൊ. വിരഹദുഃഖമനുഭവിച്ചവർ ലോകത്തിൽ എത്രയെങ്കിലുമുണ്ടാകും. അവർക്കാർക്കും തങ്ങളുടെ മനോവേദന രേഖപ്പെടുത്താൻ സാധിച്ചിട്ടില്ല. വലിയകോയിത്തമ്പുരാനെപ്പോലെ സംസ്കൃതചിത്തനും കവിപുംഗവനുമായ ഒരു മഹാന് ആ സങ്കടം നേരിട്ടപ്പോൾ ലോകഭിത്തിയിൽ അതു് എന്നെന്നേക്കുമായി ലിഖിതമായി. തിരുമേനിക്കു തട്ടിയ യാതന നമുക്കു പരമാനന്ദമനുഭവിക്കാനുള്ള ഒരു കാവ്യമായി രൂപാന്തരപ്പെട്ടു. നോക്കണേ പ്രകൃതി പ്രദർശിപ്പിക്കുന്ന വിരോധാഭാസം! മാത്രമോ, വഞ്ചിശ്വരീപ്രിയതമൻ, സകലകലാവല്ലഭൻ, പണ്ഡിതാഗ്രേസരൻ, കവിസാർവ്വഭൗമൻ ഇങ്ങിനെ പ

ശതവത്സരാഘോഷം

(ലേഡിവിദ്വാൻ, മുതുകുളം പാർവ്വതിഅമ്മ)

ആര്യകേരളചാരുസാഹിതീമലർക്കാവി-
ലാരമ്യകളഗീതമാലപിച്ചനാരതം

ഏററമാനന്ദാബ്ധിയിലാരെയുമാറാടിച്ച
പേരെഴും മഹാകവികോകിലതിലകമേ!

'കേരളകാളിദാസ'! കൈരളീമാതാവിനെ
വീരസൂവാക്കിത്തീർത്ത സൂരിന്ദ്രമാണിക്യമേ!

ഭാരതീപദഭക്ത!, ഭാഷാസാമ്രാജ്യാധീശ!
പാരെങ്ങും കീർത്തിജ്യോൽസ്ന ചിന്തിയ കലാനിധേ!

ആരാധ്യനാകുമങ്ങിബ്ഭുവനാന്തരിക്ഷത്തിൽ
സൗരഭ്യപൂർണ്ണങ്ങളാം കനകാംശുക്കൾ തൂകി

നൂറുവർഷങ്ങൾക്കുമുൻപൊരുനാൾ സുദിനത്തിൽ
നേരിലിങ്ങുദിച്ചേററമുജ്ജ്വലിച്ചെന്നാകിലും,

നീലവിണ്ടലത്തിങ്കൽ വിരിയും താരാസൂനം-
ജാലത്തെമാത്രമല്ല സൂര്യചന്ദ്രരെപ്പോലും

കാലമെത്തിടുംനേരം തിമിരാബ്ധിയിലാഴ്ത്തി-
മാലേററും മൃത്യു കഷ്ടം! മർത്ത്യനാം ഭവാനെയും,

ലനിലകളിൽ നിന്നരുളിയ കേരളവർമ്മദേവന്നു വന്ന ദുഃഖം മയൂരസന്ദേശത്തിൽക്കൂടി പ്രഖ്യാപിതമായപ്പോൾ കാവ്യത്തിനേയും, കവിയേയും അതിലെ നായികയേയും അതിശയിച്ച ഒരു തീവ്രവികാരതരളത കേരളമെങ്ങും മാറെറാലിക്കൊണ്ടു. ആ ശോകഗാനം കേരളീയരെല്ലാം ഏററുപാടി. മഹാന്മാരുടെ മനസ്സ് ഒരു വൈദ്യുതകേന്ദ്രംപോലെയാണ്. അതൊന്നമർത്തിയാൽ അതിൻെറ പ്രഭാപൂരം എവിടെയെല്ലാമാണെത്തുകയെന്നു നിർണ്ണയിക്കാവുന്നതല്ല. ഒരു രാജവ്യക്തിയുടെ സങ്കടപത്രംമാത്രമായിട്ടല്ല ആ കൃതിയെ കേരളം കൈക്കൊണ്ടതു്. വിലമതിക്കാൻ കഴിയാത്ത ഒരു ചരിത്രരേഖയുടെ പ്രാധാന്യവും അതിന്നു വന്നുചേർന്നു. ഒരു മഹാൻെറരോദനം എന്ന നിലയിലും, ഒരു ചരിത്രലക്ഷ്യം എന്ന നിലയിലും മയൂരസന്ദേശത്തെ കേരളീയർ എക്കാലവും സ്മരിക്കുകയും ആദരിക്കുകയും ചെയ്യുന്നതായിരിക്കും.

തുഞ്ചത്തെഴുത്തച്ഛൻെറ കൃതികൾക്കുശേഷം കേരളീയരെ ഒട്ടാകെ ആവേശംകൊള്ളിച്ച രണ്ടു കൃതികളാണു് മണിപ്രവാളശാകുന്തളവും മയൂരസന്ദേശവും. അവയെ നമുക്കു സമ്മാനിച്ച കേരളവർമ്മദേവന്നു നമോവാകം.

കേവലമജ്ഞേയമാമിരുളിൻമറയാലീ-
ഭൂവിൽനിന്നതിശിഘ്രമപ്രതീക്ഷിതമായി

ആ വഴിമധ്യത്തിലെ‘ക്കാറപകട’മെന്ന-
ഭാവത്താലെന്നെന്നേക്കുമായ് മറച്ചല്ലോ; പക്ഷേ,

കാലത്തിൻ പ്രവാഹത്തിൽ മുഴുകിമായാത്തോരാ-
യീലോകംവിട്ടും ദിനം നവമായുദിപ്പോരായ്

ചേലെഴും ഭൂജീവിതചലനചിത്രത്തിങ്കൽ
പാലൊളിവീശിമിന്നുമുജ്ജ്വലതാരങ്ങളായ്,

നിസ്തുലനിത്യകീർത്തിചാർത്തിടും കവീന്ദ്രരി-
ലദ്വിതീയനാമങ്ങിദ്ധരയിൽ മുന്നേതിലും

മേൽത്തരം പ്രഭവീശി വിലസുന്നതുനോക്കി-
യുൾത്തടം വിബുധന്മാരൊരുപോൽ കുളിർപ്പിപ്പൂ.

ഓർക്കുകിൽ; ‘രണ്ടാമൂന്നോതവണ കൃഷിയേറവും’
ചൊല്ലുകൊള്ളും ‘കണ്ടങ്ങ’ളിൽ; ‘വണ്ടുമാ ഞണ്ടും’ സമം

തക്കത്തിൽക്കളിയാടി മരുവും ‘കച്ഛ’ങ്ങളി-
ലൊക്കെയുമൊരുപോലെ മാറ്റൊലി മുഴക്കീടും

ദിവ്യമാം ‘മയൂര’ത്തിൻ ‘സന്ദേശ’കളനാദം—
ദൈവയോഗത്താൽ കവിവര്യനാമങ്ങേയ്ക്കേഴും

അവ്യാജമധുരമാം‘മാത്മഗീത’മായ്പൊങ്ങി—
നിർവൃതികൊള്ളിക്കുന്നു, കൈരളീമാതാവിനെ.

സംഗീതസാഹിത്യങ്ങളേകത്രസമ്മേളിച്ച
മംഗളസദനമേ! ലക്ഷ്മീശ! മഹാമതേ!

തുംഗമാം കാരുണ്യത്തിൻ സ്വർഗ്ഗംഗാപ്രവാഹമേ!
മങ്ങാത്ത മഹസ്സേലുമങ്ങേയ്ക്കുനമസ്കാരം.

കേരളക്കരെയ്ക്കുമക്കൈരളീമാതാവിനു-
മാരോമൽത്തിലകമായ് നിത്യവും പ്രകാശിക്കും

‘കേരളവർമ്മപപ്പ്ക്ഷോണീശന്നോ’ഴന്നൊരി-
ച്ചാരുവാം ‘ശതവത്സരാഘോഷം’ ജയിക്കട്ടെ!!



ഭാഷാസാഹിത്യത്തിലെ പരിവർത്തനഘട്ടങ്ങൾ

(ജെ. ജോൺ, കട്ടക്കയം)

മലയാളഭാഷയുടെ ഉത്ഭവം മുതല്ക്കുള്ള ചരിത്രം പരിശോധിച്ചുനോക്കുകയാണെങ്കിൽ ഓരോ സന്ദർഭത്തിലും സംഭവിച്ചിട്ടുള്ളപരിവർത്തനങ്ങൾ വിശദമാകും.

തമിഴിന്റെ സംരക്ഷണത്തിൽ (കളിത്തോഴിയായി) വളന്ന കൈരളിക്ക് ഒരു പ്രാചീനചരിത്രമുണ്ടായിരുന്നു എന്നുള്ളതിനു തർക്കമില്ല. ചെറുശ്ശേരി നമ്പൂരിയുടെ കൃഷ്ണപ്പാട്ട് ഭാഷാദേവിയുടെ ബാല്യകാലത്തിന്റെ സൗന്ദര്യമഹിമയെ സ്പഷ്ടമാക്കുന്നു. എഴുനൂറുകൊല്ലം മുൻപു വിരചിതമായ ഉണ്ണുനീലിസന്ദേശത്തിലെ പദ്യങ്ങൾ കേരളസാഹിത്യത്തിന്റെ സൗഭാഗ്യസമഞ്ജസമായ കാലത്തെയല്ലയോ ചിത്രീകരിക്കുന്നതു്?

കാളംപോലെ കുസുമധനുഷോ
ഹന്ത പൂങ്കോഴിക്കുകി;
ചോളംപോലേ ചിതറി വിളറീ
താരകാണാം നികായം;
താളംപോലേ പുലരിവനിത-
യ്ക്കാഗതൗ ചന്ദ്രസൂര്യൗ;
നാളംപോലേ നളിനകുഹരാ-
ദുൽഗതാ ഭൃംഗരാജിഃ

ഇങ്ങനെയുള്ള പദ്യരത്നങ്ങൾ സ്വായത്തമാക്കിയ കൈരളി ഭാഗ്യവതിയല്ലേ? തുഞ്ചത്തെഴുത്തച്ഛന്റെ കാലംവരെ ഭാഷാസാഹിത്യം പല തരത്തിലുള്ള വേഷഭൂഷാദികളോടേ വളന്നുവന്നു. രാമാനുജപ്പൈങ്കിളി സാഹിത്യവൃന്ദാവനത്തിലിരുന്നു് ആനന്ദഗാനം പാടിത്തുടങ്ങിയപ്പോൾ കൈരളി കോൾമയിർക്കൊള്ളുകയായി. അദ്ധ്യാത്മചിന്താസമ്പന്നമായ ഒരു മഹനീയപദ്യസാഹിത്യം തുഞ്ചത്താചാര്യൻ ആ ദേവിക്കു നല്കി. കൈരളിക്കു സുന്ദരമായ ഒരു സാഹിത്യസാമ്രാജ്യവും സ്ഥാപിച്ചു. അതിലൊരു രാജധാനി നിർമ്മിച്ച് കെടാവിളക്കുകൾ കത്തിച്ചുവച്ച മഹാൻ എഴുത്തച്ഛനായിരുന്നു. തുഞ്ചത്താചാര്യന്റെ കാലത്തിനുശേഷം ഭാഷയ്ക്കു പല പരിവർത്തനങ്ങളുണ്ടായതിൽ പ്രധാനമായ ഒന്നു കേരളവർമ്മദേവന്റെ കാലത്തായിരുന്നു. കൈരളിയ്ക്കു് എഴുത്തച്ഛൻ സ്ഥാപിച്ച സാമ്രാജ്യത്തിന്റെ പലഭാഗത്തും അദ്ദേഹം സാഹിത്യമന്ദിരങ്ങൾ നിർമ്മിച്ചു. ഗദ്യസാഹിത്യവീഥി നൂതനമായി ഏർപ്പെടുത്തി. പദ്യോദ്യാനങ്ങളും നിർമ്മിച്ചു. വാസനാസമ്പന്നന്മാരായ സാഹിതീഭക്തന്മാരെ പ്രോത്സാഹിപ്പിച്ചു സാഹിത്യഭൂവിൽ ബഹുവിധമായ കർഷണം ചെയ്യിച്ചു. ഇങ്ങനെ കേരളകാളിദാസന്റെ പാവനമായ സേവനം കൈരളിയെ എന്നെന്നും ആനന്ദിപ്പിക്കത്തക്കവിധത്തിലായിരുന്നു. ഏ. ആർ തിരുമേനിയുടെ സാഹിത്യശാസ്ത്രഗ്രന്ഥങ്ങൾ മാതൃഭാഷയുടെ നിറംമാറാത്ത രത്നാഭരണങ്ങളായി ശോഭിച്ചു.

അന്നു ഭാഷയിൽ അവതരിച്ച മുഖ്യമായ ഒരു പ്രസ്ഥാനം മഹാകാവ്യമാണു്. രാമചന്ദ്രവിലാസം, ചിത്രയോഗം, ഉമാകേരളം, കേശവീയം, രുക്മാംഗദചരിതം എന്നിങ്ങനെ പ്രശംസാർഹങ്ങളായ പല നേട്ടങ്ങൾ കേരളഭാഷയ്ക്കുണ്ടായി.

പിന്നീടു് ഖണ്ഡകാവ്യകാലം സമാഗതമായി. കൈരളിയുടെ സുവർണ്ണകാലം അപ്പോൾ തെളിഞ്ഞുകാണായി. കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ എന്നീമഹാകവികൾ ഖണ്ഡകാവ്യവൃന്ദാവനത്തിലെ മുരളീധരന്മാരായി വിലതീരാത്ത കവനഹാരങ്ങൾ അവർ കൈരളിയുടെ കണ്ഠത്തിൽ അർപ്പിച്ചു. അനേകം യുവകവികൾ മഹാകവികളുടെ ഖണ്ഡകാവ്യവൃന്ദാവനത്തിൽ സമ്മേളിച്ചു. മനോഹരഗാനങ്ങൾ ആലാപിച്ചു; സഹൃദയന്മാർ രസിച്ചു; കേരളഭാഷയുടെ അസൂയാർഹമായ അഭിവൃദ്ധിയിൽ ഭാഷാഭക്തന്മാർ പുളകംകൊണ്ടു. മധുരമധുരമായ കാവ്യ

വസന്തം കൈരളിയെ സുപ്രസന്നയാക്കി. കാലം പിന്നെയും കഴിഞ്ഞു; കഥകൾ നിറഞ്ഞ കാലങ്ങളും പലതുപോയി.

പാണ്ഡിത്യത്തോടുള്ള വെല്ലുവെളി—ഒരു കൊടുങ്കാററ്—കൈരളിയുടെ ഉദ്യാനത്തെ ഇളക്കിമറിക്കുകയായി. ജ്ഞാനസമ്പാദനം ഒരു കുററമായിപ്പോലും ചിലർ പ്രസംഗിച്ചുതുടങ്ങി. സംസ്കൃതഭാഷാഭ്യസനം ഒരു കുറവായി ചിലർ വ്യാഖ്യാനിച്ചു. ഒരുതരം ഉപരിപ്ലവബുദ്ധികൾ പറയുകയാണ്, "പാണ്ഡിത്യം സാഹിത്യത്തിന് ആവശ്യമില്ലെ"ന്ന്. യോഷിത്തിനു ചാരിത്ര്യം വേണ്ടെന്നും അവർ വാദിച്ചു. മലയാളത്തിൽ ഒരു യഥാർത്ഥസാഹിത്യകാരനാകണമെങ്കിൽ സംസ്കൃതഭാഷാഭ്യസനം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്ന് അഭിജ്ഞന്മാക്കറിയാം. സാഹിത്യത്തിൻെറ പാലാഴിയാണ് സംസ്കൃതമെന്നു പറഞ്ഞാൽ അത് അതിശയോക്തിയാകയുമില്ല. എന്നാൽ ചിലയുവാക്കന്മാക്കു സംസ്കൃതം അരോചകമായിത്തീന്നു. സാഹിത്യസിനിമയുമായി ഓടിനടക്കുന്നവക്ക്, തിരതല്ലിക്കളിക്കുന്ന സംസ്കൃതരത്നാകരത്തിലിറങ്ങുവാൻ സാധ്യമല്ല. അപ്രാപ്യമായുള്ളതിനോട് ആദ്യം ആഗ്രഹവും പിന്നീട് വെറുപ്പും തോന്നുക, ലോകസാധാരണമാണ്.

സദാചാരവിധ്വംസകങ്ങളും, സാഹിത്യധർമ്മവിഹീനങ്ങളുമായ ചെറുകഥകളും, പ്രസംഗങ്ങളും, കവിതകളും പൊട്ടിപ്പുറപ്പെടുന്നതിൽ പോലും ആക്കും അസഹിഷ്ണുതയുണ്ടാകയില്ല. എന്നാൽ ഋഷിതുല്യരായ സാഹിത്യാചാര്യന്മാരെ അവഹേളിക്കുന്ന അജ്ഞന്മാരുടെ ജിഹ്വാചാപലം അസഹ്യമാകാതിരിക്കുമോ? തുഞ്ചത്തെഴുത്തച്ഛൻ കവിയല്ലെന്നും, അദ്ദേഹം മലയാളഭാഷയെ ദ്രോഹിച്ചു എന്നും പറഞ്ഞാൽ ആക്കും ക്ഷമിക്കുവാൻ സാധിക്കുന്നതല്ല.

പുതിയ പ്രസ്ഥാനങ്ങൾക്കു അതു കൊള്ളാം. അവയ്ക്കു ഏതുപേരു കൊടുത്താലും തരക്കേടില്ല; അവയുടെ ഉദ്ദേശം സംശുദ്ധമായിരിക്കണം; പ്രവത്തനം പാവനമായിരിക്കണം. അവശലക്ഷങ്ങളെ സമുദ്ധരിക്കുന്ന ഒരു സാഹിത്യപ്രസ്ഥാനത്തെ ഹൃദയമുള്ളവർ എതിക്കുകയില്ല; പഴിക്കുകയില്ല; പ്രത്യുത, സഹഷം സ്വാഗതംചെയ്യുകയേയുള്ളു. മഹാകാവ്യകാലത്ത് ഉത്ഭൂതമായ ഉൽപതിഷ്ണുതയെത്തെ അന്നാരും എതിത്തിട്ടില്ല. ആ കാലത്തെ, യാഥാസ്ഥിതികമാക്കിക്കൊണ്ട് ഖണ്ഡകാവ്യസുവർണ്ണകാലം സമാഗതമായപ്പോഴും സഹൃദയന്മാർ സ്വാഗതാശംസചെയ്യുതേയുള്ളു. പക്ഷേ നന്മയെ നശിപ്പിച്ചിട്ട് തിന്മയെ പുണരുവാൻ അന്നുള്ളവർ മുതിന്നില്ല. പാവങ്ങളുടെമേൽ കാരുണ്യവാഗ്വഷം തൂകുവാൻ ആശാനോ, ഉള്ളൂരോ, വള്ളത്തോളോ അലസത പ്രദശിപ്പിച്ചിട്ടില്ല. നേരെമറിച്ച് അവശരുടെ നേരെ അനുകമ്പാകരം നീട്ടി അവരെ സമുദ്ധരിക്കാൻ ആ മഹാകവികൾ ഉത്സുകരുമായിരുന്നു. സാഹിത്യം അവശക്കു മാത്രമായി അവർ ഉഴിഞ്ഞുവച്ചില്ല എന്നു മാത്രം; വികാരാത്മകവും ആനന്ദദായകവും, വിജ്ഞാനഭാസുരവുമായ ഖണ്ഡകാവ്യങ്ങൾ വിരചിച്ചു നമ്മുടെ കവിത്രയം കേരളീയസഹൃദയരെ അനുഗ്രഹിക്കതന്നെചെയ്തു.

കേരളവർമ്മവലിയകോയിത്തമ്പുരാന് സാഹിത്യമില്ലെന്നും അദ്ദേഹം കവിയല്ലെന്നും കൂടി എഴുത്തച്ഛനെ ആക്ഷേപിച്ചകൂട്ടരിൽ ചിലർ പ്രലപിച്ചു തുടങ്ങിയിരിക്കുന്നു. ശാന്തം! പാപം!

പരിശുദ്ധമായ നിരൂപണത്തിൻെറ സന്മാർഗ്ഗസരണിയെപ്പററി ആരും ചോദ്യംചെയ്യുന്നില്ല. ഏ. ആർ. തിരുമേനി സാഹിത്യവിമശനത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ ഏവയെന്നു "സാഹിത്യസാഹ്യ"ത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. സ്വപ്രത്യയസ്ഥൈര്യം, ഔദ്ധത്യപരിഹാരം, പ്രതിപക്ഷബഹുമാനം, സംരംഭത്യാഗം, പുരുഷദ്വേഷവർജ്ജനംതുടങ്ങിയ പല കാര്യങ്ങളിലും ദത്താവധാനനായിവേണം ഒരു സാഹിത്യകാരൻ വിമശനത്തിനു തൂലിക കയ്യിലെടുക്കേണ്ടതു്. അല്ലാതെ പകവീട്ടലിനു മാത്രമാകരുതു്.

ഇന്നത്തെ യുവാക്കന്മാർ വിനയാന്വിതരായിട്ടു കവികളെ വിമർശിക്കട്ടെ ; അഹങ്കാരം അകററീട്ടു സാഹിത്യസരണിയിൽക്കൂടി പുരോഗമിക്കട്ടെ;

"നമിക്കിലുയരാം, നടുകിൽത്തിന്നാം
നല്കുകിൽ നേടിടാം.
നമുക്കു നാമേ പണിവതു നാകം
നരകവുമതുപോലെ"

കേരളഗാനം

(വിദ്വാൻ, പുത്തൻകാവ്വ് മാത്തൻതരകൻ ബി. ഒ. എൽ.)

(മഞ്ജരി)

I

വെല്ലു, നീ, വെല്ലുനീ കേരളമാതാവേ,
വിശ്വപ്രകീർത്തിതസച്ചരിതേ,
പശ്ചിമവാരിധിയാകിന പാവന-
പ്പാലംഭോരാശിയിൽ നിന്നുതാനേ,
ദേവാസുരന്മാർ മഥിക്കാതെ, സാനന്ദ-
മാവിർഭവിച്ച ജഗജ്ജനനി!
എത്രയൊ ധന്യരിഞ്ഞങ്ങൾ നിന്നോമന-
പ്പുത്രരായ് വന്നു പിറക്കുകയാൽ.
വെല്ലുനി, വെല്ലുനീ, കേരളമാതാവേ
വിശ്വപ്രകീർത്തിതസച്ചരിതേ,

II

ദിവ്യമാം രാമായണത്തിലും വാല്മീകി
ഭവ്യമാമാരുടെ പേരുവാഴ്ത്തി.
സർവവിജ്ഞാനസമുദ്രമാം സോളമ-
സാർവഭൗമൻതൊട്ട വിശ്രുതന്മാർ
ആരുടെ വാണിജ്യവിജ്ഞരാം മക്കളെ-
ക്കാരുണ്യപൂർവ്വകം സൽക്കരിച്ചു,
'പേർഷ്യ'യു'മീജിപ്തും''ഗ്രീസു'മെന്നല്ലയി-
പ്പാരിൽപ്പണ്ടെത്രയും വിഖ്യാതങ്ങൾ
രാജ്യങ്ങളൊക്കെയുമാരുടെ നിസ്സീമ-
സൗജന്യദാനത്താൽ പുഷ്ടിയാന്നു.
അമ്മഹാറാണിയാം ഭാർഗ്ഗവഭൂദേവി!
നിന്മഹിമാവാർക്കു വാഴ്ത്തിടാവൂ!
വെല്ലുനീ, വെല്ലുനി, കേരളമാതാവേ
വിശ്വപ്രകീർത്തിതസച്ചരിതേ,

III

സന്താനവത്സലേ! വീരജനയിത്രി!
സർവമതാഗമസാരജ്ഞനീ
സ്വപ്രജാസ്വാതന്ത്ര്യരക്ഷണദക്ഷനാം
സത്വഗുണാഢ്യനുദയൻതാനും
പാർവതിതാതനാം പർവതാധീശന്റെ
പാദംവരയ്ക്കുള്ള ദേശമെല്ലാം
പ്രാജ്യമാം പ്രാഭവശക്തിയാൽ നേടിയ
രാജാ "വിമയവർമ്മാ"ഭിഖ്യനും
സോമയശസ്വി"നെടുഞ്ചേരലാത"നും
ശ്രീമയൻ"ചേരൻ ചെങ്കുട്ടവനും"
കീർത്തിപെരുത്ത "ചിലപ്പതികാര"ത്തിൻ
കർത്താ"വിളംകോവടി"നൃപനും
ക്രൈസ്തവർക്കേറെപ്പദവിയരുളിയ
"ശ്രീവീരരാഘവ"മന്നവനും
ആകവേയിച്ചൊന്ന മന്നവരെല്ലാരും
സാഗരഗംഭീരസ്വാന്തേ! തായേ!
നിൻ ചരണാംഭോരുഹാരാധനത്തിനാൽ
നിർവൃതിപൂണ്ടൊരു ഭക്തരല്ലീ?
വെല്ലുനീ, വെല്ലുനീ, കേരളമാതാവേ
വിശ്വപ്രകീർത്തിതസച്ചരിതേ,!

IV

സാഹിത്യസംഗീതസൽകലാധ്യാപികേ,
സംസ്കാരസാരസുഗന്ധവതി!
വേദാന്തസിന്ധുവിൽ ഭാരതഭൂവെങ്ങും
വിദ്യോതിപ്പിച്ചോരു വിശ്രുതാഗ്ര്യൻ
സർവജ്ഞനാകുമശ്ശ്രീശങ്കരാചാര്യർ
ദേവി നിന്നോമനപ്പുത്രനല്ലീ!
ഭക്തിവളർത്തിടും ശംഖൊലിയാലിന്നും
മർത്ത്യരെപ്പൂതരായ്ത്തീർക്കും ധന്യൻ
'തുഞ്ച'നും ഞങ്ങളെപ്പൊട്ടിച്ചിരിപ്പിക്കും
'കുഞ്ചനും' ശ്രീലൻ 'ചെറുശ്ശേരി'യും
താരകവൈരിതൻ വാഹനമാകിന
ചാരുമയൂരത്തെക്കൊണ്ടു ഭംഗ്യാ
കീർത്തനം പാടിച്ചു ഭാർഗ്ഗവക്ഷേത്രമാ-
രത്യന്തമാഹ്ലാദലോലമാക്കി,
ലോകവിഖ്യാതമാം 'ശാകുന്തള'ത്തിലെ
രാഗത്താൽ ഞങ്ങളെ പ്രീതരാക്കാൻ
ശ്രീകാളിദാസാവതാരമെടുത്തതാ-
രാക്കവിസഞ്ചയചക്രവർത്തി.
'കേരളവർമ്മാ'ഭിധാനനാം ദേവനും
കാവ്യകർത്താക്കളാം മററുള്ളോരും
യാതൊരു ഭാവുകരൂപിണിതന്നുടെ
പാദസംസേവാനിരതരായി;
ആസ്സുകുമാരിയാം കൈരളിക്കെന്നെന്നു-
മാധാരഭൂതയാം പുണ്യശീലേ!
വെല്ലുനീ, വെല്ലുനി, കേരളമാതാവേ!
വിശ്വപ്രകീർത്തിതസച്ചരിതേ!

കേരളസാഹിത്യസാർവ്വഭൗമൻ

(വിദ്വാൻ റ്റി. എം. ചുമ്മാർ)

ഏതുസാഹിത്യത്തിൻെറയും ചരിത്രത്തിൽ, അതതിൻെറ വളൎച്ച പരിതഃസ്ഥിതികൾക്കനുകൂലമായിട്ടാണ് സംഭവിച്ചിട്ടുള്ളതെന്നു കാണാം. സംസ്കൃതസാഹിത്യം അതിൻെറ ശൈശവദശയിൽനിന്നും ഉയൎന്നപ്പോൾ, അതു് പ്രഭുക്കന്മാരെ ആശ്രയിച്ച് വളരുവാൻതുടങ്ങി. അക്കാലത്തെ സാഹിത്യരസാസ്വാദനകുശലന്മാരും, സാഹിത്യപ്രോത്സാഹകന്മാരും പ്രായേണ അവരായിരുന്നു. തന്നിമിത്തം അവരുടെ ചേതോഗതിക്കനുകൂലമായിട്ടാണ് അന്നത്തെ സാഹിത്യവും മിക്കവാറും പുരോഗമിച്ചിരുന്നതു്.

മലയാളസാഹിത്യത്തിൻെറ ഗതിയും മേൽപറഞ്ഞ സംസ്കൃതസാഹിത്യചരിത്രത്തിൻേറതിൽനിന്ന് അധികം ഭിന്നമല്ല. കൈരളി പ്രാകൃതാവസ്ഥയിൽനിന്നും പ്രാഭവാവസ്ഥയിലേയ്ക്കുകടന്നതോടെ, അവൾ പ്രഭുക്കന്മാരുടെ സംരക്ഷണയിൽ ആയിത്തീൎന്നു. സാമൂതിരിപ്പാട്ടും പതിനെട്ടരക്കവികളും, ഭോജനേയും അദ്ദേഹത്തിൻെറ സദസ്യന്മാരേയും അനുസ്മരിപ്പിക്കുവാൻപോരുന്ന ഒന്നുതന്നെ. ചെറുശ്ശേരി, തുഞ്ചൻ, കുഞ്ചൻ, ഉണ്ണായിഎന്നുതുടങ്ങിയ മഹാകവികളുടെ കൃതികൾ, മലയാളസാഹിത്യത്തിൻെറ പ്രാഭവാവസ്ഥയെ വിളംബരപ്പെടുത്തുന്ന വിജയകാഹളങ്ങൾതന്നെ. ഗാഥ, കിളിപ്പാട്ട്, തുള്ളൽ, കഥകളി എന്നീശാഖകളിൽ മുന്നിട്ടുനില്ക്കുന്ന കാവ്യങ്ങളുടെ നിൎമ്മാതാക്കളും, മിക്കവാറും ആ പ്രസ്ഥാനങ്ങളുടെഉപജ്ഞാതാക്കളും പ്രസ്തുത ആ മഹാകവികൾതന്നെ. കോലത്തുനാട്ട്, ചെമ്പകശ്ശേരി, തിരുവിതാംകൂർ എന്നീരാജാക്കന്മാരുടെ ആശ്രിതന്മാരും ആസ്ഥാനകവികളുമായിട്ടാണ് അവർ ഏറിയകൂറും ജീവിച്ചിരുന്നതു്. രാമായണം, രാജരത്നാവലീയം, നൈഷധംമുതലായ പ്രശസ്തഭാഷാചമ്പൂപ്രബന്ധങ്ങൾ ചമച്ചിട്ടുള്ളപുനം,മഴമംഗലംമുതലായകവികൾ കൊച്ചീരാജസ്ഥാനത്തെ അവലംബിച്ചാണുകാലയാപനംചെയ്തിരുന്നതെന്നുള്ളതു സുപ്രസിദ്ധമാണല്ലോ. ഇങ്ങനെ നോക്കുന്നതായാൽ, കേരളസാഹിത്യത്തിൻെറ വളൎച്ചയും ഭരണവും ഏറെക്കാലം പ്രഭുക്കന്മാരുടേയും രാജാക്കന്മാരുടേയും ആതപത്രച്ഛായയിൽ ആയിരുന്നുവെന്നും, ആ കാലഘട്ടത്തിൽ മലയാളസാഹിത്യത്തിനു ഗുരുതരമായ അഭിവൃദ്ധി സംജാതമായിരുന്നുവെന്നും കാണാവുന്നതാണ്.

മേൽപ്രകാരം മലയാളസാഹിത്യം അതിൻെറ പ്രാഭവകാലത്തു കേരളത്തിലെ ഓരോരാജാക്കന്മാരുടെ സംരക്ഷണയിൽ ഓരോമണ്ഡലങ്ങളിലായി നീണാൾ വളൎന്നുപോന്നു എന്നുള്ളതു് ശരിതന്നെ. എന്നാൽ ഇതിനിടയിൽ ഈ രക്ഷാപുരുഷന്മാരിൽ ഒരാൾക്കെങ്കിലും, കേരളസാഹിത്യസാമ്രാജ്യത്തിൽ ഏകച്ഛത്രാധിപതിയായി ഭരണംനടത്തുവാൻ കഴിഞ്ഞിട്ടുണ്ടോഎന്നു സംശയമാണ്. കവികുലഗുരുവായ കുലശേഖരപ്പെരുമാൾ, പക്ഷേ, കേരളഭൂമിയുടെ എന്നപോലെതന്നെ, കേരളസാഹിത്യത്തിൻെറയും ഏകച്ഛത്രാധിപതിയായിരുന്നുവോ എന്നു സംശയിക്കാം. എന്തുകൊണ്ടെന്നാൽ, കവിമൂൎദ്ധന്യനായ ആ ചക്രവൎത്തിയും, അദ്ദേഹത്തിൻെറ നൎമ്മസചിവനുമായിരുന്ന തോലനും കൂടിയായിരുന്നല്ലൊ ചാക്യാർകൂത്തിൽ പല പരിഷ്കാരങ്ങളുംചെയ്തതു്. സംസ്കൃതനാടകങ്ങൾ അഭിനയിക്കുമ്പോൾ സംസ്കൃതശ്ലോകങ്ങളെ അനുകരിച്ചു മണിപ്രവാളശ്ലോകങ്ങൾ ചൊല്ലുക എന്ന പതിവും ഈ ചക്രവൎത്തിയുടെ കാലത്താണ് കേരളമൊട്ടുക്കു നടപ്പിൽ വരുത്തിയതു്. സമസ്തകേരളമണ്ഡലേശ്വരനായിരുന്ന ഈ പണ്ഡിതരാജൻ, ഇങ്ങനെ, സമസ്തകേരളസാഹിത്യസാർവ്വഭൗമൻ എന്ന ഒരു പദവിയെക്കൂടി അൎഹിച്ചിരുന്നു എന്ന് ഊഹിക്കുകയാണെങ്കിൽ പോലും അതു് ഇന്നൊരു പഴങ്കഥയായിട്ടുമാത്രമേ പരിഗണിക്കേണ്ടതുള്ളു എന്നും തോന്നിപ്പോകാതിരിക്കുന്നില്ല.

പെരുമാൾഭരണത്തിനുശേഷം കേരളം ഭിന്നഭിന്നസ്വരൂപങ്ങളായിത്തീരുകയാണല്ലൊ ഉണ്ടായതു്. ഓരോസ്വരൂപത്തിൻെറയും അഥവാ സംസ്ഥാനത്തിൻെറയും ഭരണം, ഓരോ

രാജാക്കന്മാർ സ്വതന്ത്രമായി ഏററെടുത്തതോടുകൂടി, അതുവരെ പലകാര്യങ്ങളിലുമുണ്ടായിരുന്ന ഐക്യം അസ്തോന്മുഖമായി. കൈരളിക്കുമാത്രം തൽക്കാലം മാററമൊന്നും സംഭവിച്ചില്ലെങ്കിലും, അതിൻെറ വികാസം ഓരോ സാഹിത്യമണ്ഡലങ്ങളിലേയും അധിശന്മാരുടെ അധികാരപരിധികളിൽമാത്രമായിത്തീൎന്നു. കോഴിക്കോട്ടു കൃഷ്ണനാട്ടം ആരംഭിച്ചപ്പോൾ കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടം പ്രത്യേകം രചിക്കേണ്ടിവന്നതു്, ഈ വിഭിന്നഭരണകാലത്തുണ്ടായ സാഹിത്യപ്രചാരത്തിൻെറ ഗതി സൂചിപ്പിക്കുന്നു. കേരളത്തിലെ സാഹിത്യകാരന്മാർ ഇങ്ങിനെ ഭിന്നഭിന്നദേശങ്ങളിലും സംവൃതമണ്ഡലങ്ങളിലുമായി കഴിഞ്ഞുകൂടിയിരുന്ന ഒരു കാലസന്ധിയിലാണു്—1020-ാമാണ്ടു് കുംഭമാസം 10-ാംതീയതി പൂയംനക്ഷത്രത്തിൽ—കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ചങ്ങനാശേരിലക്ഷ്മീപുരത്തു കൊട്ടാരത്തിൽ അവതരിച്ചതു്. കേരളത്തിലെ വിദ്യാഭ്യാസസമ്പ്രദായത്തിനും സാഹിത്യത്തിനും ഇക്കാലത്തു ചിലവ്യതിയാനങ്ങൾ സംഭവിച്ചുതുടങ്ങിയിരുന്നു. ചില ആംഗലേയപാഠശാലകൾ ഭാരതത്തിലെന്നപോലെതന്നെ കേരളത്തിലും ഉദിച്ചുതുടങ്ങി. ആംഗലഭാഷാഭിജ്ഞന്മാരായ ചിലർ ആ സാഹിത്യത്തിലെ ചില പ്രസ്ഥാനങ്ങളുടെനേരെ കൂടുതൽ ആദരവു പ്രകടിപ്പിക്കുവാനും ആരംഭിച്ചു. മലയാളത്തിൽ അക്കാലത്തു ഗദ്യപ്രസ്ഥാനം തിരെവിരളവും, പ്രത്യുത ആംഗലേയസാഹിത്യത്തിൽ അതു സുലഭവുമായിരുന്നു. മനുഷ്യൻെറ ജീവിതാവശ്യങ്ങൾ വൎദ്ധിച്ചുവരുന്ന ദശാസന്ധിയിൽ പദ്യത്തേക്കാൾ ഗദ്യത്തിനാണല്ലൊ ആവശ്യവും പ്രചാരവും വന്നുകൂടാറുള്ളതു്. നവീനവിദ്യാഭ്യാസം സിദ്ധിച്ചചിലർ മലയാളത്തിലെ അന്നത്തെ ഗദ്യദാരിദ്ര്യം മനസ്സിലാക്കി, ചില കൃതികൾ രചിക്കുവാനും തുടങ്ങിയിരുന്നു. ഏതാദൃശമായ സംഭവവികാസങ്ങൾക്കു മദ്ധ്യേയായിരുന്നു വലിയകോയിത്തമ്പുരാൻതിരുമനസ്സുകൊണ്ടു സാഹിത്യവ്യവസായത്തിനായി മുന്നോട്ടിറങ്ങിവന്നതും.

സംസ്കൃതഭാഷയിലും ആ ഭാഷയിലെസാഹിത്യത്തിലും തിരുമനസ്സിലേയ്ക്കു തുല്യമായ നിഷ്ണാതതനേടിയവർ വളരെ ചുരുക്കംപേർ മാത്രമേ കേരളത്തിൽ അക്കാലത്തുണ്ടായിരുന്നുള്ളു. കാലോചിതമായ ആംഗലേയഭാഷാജ്ഞാനത്തിലും അവിടുന്നു് അദ്വിതീയമായ ഒരു സ്ഥാനത്തെ അൎഹിച്ചിരുന്നു. അന്യാദൃശമായ ഈ വിദ്യാലാഭത്തിൻെറ മദ്ധ്യത്തിൽ അവിടത്തേക്കു ജന്മസിദ്ധമായിരുന്ന കലാവാസന, അന്നത്തെ സാഹിത്യലോകത്തെ ഉത്തരോത്തരം പുളകംകൊള്ളിച്ചു. ഈദൃശമായ ഒരു പരിതഃസ്ഥിതിയിലത്രെ അഗ്നിക്കു വായുഎന്നപോലെ അവിടത്തെ വാസനാസമ്പത്തിനെ കേരളമൊട്ടുക്കുപരത്തുവാനും, കേരളീയരെക്കൊണ്ടു ഒട്ടാകെ ആസ്വദിപ്പിക്കുവാനും സഹൃദയരത്നമായ കണ്ടത്തിൽ വറുഗീസുമാപ്പിളഅവൎകൾ സാഹിത്യലോകത്തിൽ പരിശ്രമം ചെയ്തുതുടങ്ങിയതും. 1065-മീനമാസം 10-ാംതീയതിയായിരുന്നല്ലൊ മലയാളമനോരമയുടെ ആവിൎഭാവം. കേരളഭാഷയ്ക്കും സാഹിത്യത്തിനും കാൎയ്യമായഎന്തെങ്കിലും പുരോഗതി വരുത്തണമെന്നുള്ളതായിരുന്നു മനോരമയുടെ നടത്തിപ്പിൽ വറുഗീസുമാപ്പിളയ്ക്കുണ്ടായിരുന്ന മനോഭിലാഷം. ആ ആദൎശത്തെ മുൻനിറുത്തി മലയാളമനോരമയും, വറുഗീസുമാപ്പിളയും കേരളത്തിൽ ഒരററംമുതൽ മറെറാരററംവരെ സഞ്ചരിക്കുവാൻതുടങ്ങിയതുമുതൽ, അതുവരെ ഘടദീപങ്ങൾ എന്നപോലെ ഓരോസാഹിത്യമണ്ഡലങ്ങളിലും അവിടത്തെ നായകന്മാരുടെ കീഴിലും മാത്രമായി കഴിഞ്ഞുകൂടിയിരുന്ന കേരളീയവിദ്വജ്ജനങ്ങൾ, കേരളസാഹിത്യമണ്ഡലമൊട്ടുക്കു പ്രകാശിക്കുവാനും തുടങ്ങി. അക്കാലംവരെ പരസ്പരം അറിയുകയൊ ആദരിക്കുകയൊചെയ്യാതെ കഴിഞ്ഞുകൂടിയിരുന്ന അനേകം സാഹിത്യകാരന്മാരും കവികളും അന്യോന്യം അറിയുന്നതിനും ആദരിക്കുന്നതിനും വറുഗീസുമാപ്പിളയുടെ ഈ യത്നംഏററവും പ്രയോജനപ്രദമായിത്തീൎന്നു. അദ്ദേഹത്താൽ പിന്നീടുസമാരംഭിക്കപ്പെട്ട ഭാഷാപോഷിണിസഭ കേരളത്തിലെ സാഹിത്യകാരന്മാരെ അന്യോന്യംരഞ്ജിപ്പിക്കുന്നതിനു് അത്യന്തം കരുത്തുള്ള ഒരു പ്രേരകശക്തിയായിച്ചമഞ്ഞു.

വടക്കെമലയാളത്തിൽ കടത്തനാട്ടു് ഉദയവൎമ്മ തമ്പുരാനും, തെക്കെമലയാളത്തിൽ കോഴിക്കോട്ടു മാനവിക്രമ ഏട്ടൻതമ്പുരാനും, കൊച്ചിയിൽ, കൊടുങ്ങല്ലൂർത്തമ്പുരാക്കന്മാരും (കൊച്ചുണ്ണിത്തമ്പുരാനും കുഞ്ഞിക്കുട്ടൻതമ്പുരാനും) തിരുവിതാംകൂറിൽ കോയിത്തമ്പുരാക്കന്മാരും (വലിയകോയിത്തമ്പുരാനും ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാനും) കേരളത്തിൽ അ

ന്നാത്തെ സാഹിത്യമണ്ഡലേശ്വരന്മാരിൽ പ്രാമാണികന്മാരായിരുന്നു. ഇവരും ഇവരുടെ അനുയായികളും വറുഗീസുമാപ്പിളയുടെ അക്ഷീണയത്നത്താൽ ഒരു ചരടിലിണക്കിക്കോൎത്ത പുഷ്പങ്ങളെപ്പോലെ സംഘടിക്കുകയും സമ്മേളിക്കുകയും ചെയ്തുതുടങ്ങി. അതിന്റെ ഫലം വാചാമഗോചരമെന്നേ പറയാവൂ. കേരളഭാഷാസാഹിത്യചരിത്രത്തിൽ, ഇതിനേക്കാൾ വലിയൊരു സംഭവമൊ നേട്ടമൊ അടുത്ത ഏതാനും ശതവൎഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ളതായി ചൂണ്ടിക്കാണിക്കുവാൻ പ്രയാസമുണ്ടു്. ഈ ഘട്ടംമുതല്ക്കാണു് കേരളസാഹിത്യലോകത്തിൽ ഏതെങ്കിലും ഒരു സംഘടിതശക്തി സമുൽഭൂതമായിട്ടുള്ളതു്. ഭാഷയിലെ ഗദ്യപദ്യശാഖകൾക്കു സത്വരമായ പ്രചാരവും വികാസവും സിദ്ധിക്കുവാനും ഈ യത്നം കാരണമായിത്തീൎന്നു.

മേൽപ്രകാരം സാഹിത്യപ്രണയിയും ഭാഷാഭിമാനിയുമായ വറുഗീസുമാപ്പിളയുടെ മഹോദ്യമം സഫലമായതോടുകൂടി വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ യഥാൎത്ഥയോഗ്യത, മററുള്ളവർ ശരിക്കറിയുവാനും, സാഹിത്യലോകം അദ്ദേഹത്തെ മുക്തകണ്ഠം അഭിനന്ദിക്കുവാനും ആരംഭിച്ചു. ഹൈറൗണി, ഗൈൎവ്വാണി, കൈരളി എന്നീഭാഷകൾ മൂന്നിലും അപ്രതിമൻ എന്നനിലയിൽ അവിടുന്നു കേരളത്തിലെ അന്നുള്ള സാഹിത്യമണ്ഡലാധിശന്മാരുടെ മദ്ധ്യത്തിൽ അഗ്രപൂജയെ അൎഹിച്ചിരുന്നു. പപ്പ്വംശജനായ അവിടുത്തെ അഭിജാതത്വം ആരും ആദരിക്കുന്നതുതന്നെയാണല്ലൊ. വഞ്ചീശ്വരിയുടെ പ്രാണേശ്വരൻ, വഞ്ചിരാജസദസ്സിലെ പ്രധാനപണ്ഡിതൻ, അവിടത്തെ ഭാഷാവകുപ്പിന്റെ പരമാദ്ധ്യക്ഷൻ വിദ്വദഗ്രഗണ്യനായ ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാന്റെ ആചാൎയ്യവൎയ്യൻ, ഭാഷാപോഷിണീസഭയുടെ സ്ഥിരാദ്ധ്യക്ഷൻ, സാഹിത്യത്തിന്റെ ഗദ്യപദ്യശാഖകൾ രണ്ടിലും സവ്യസാചിപ്രഭാവത്തോടുകൂടി വിഹരിച്ചുകൊണ്ടിരിക്കുന്ന സാഹിത്യകേസരി എന്നീപ്രത്യേകതകളും കേരളീയരുടെ ബഹുമാനാദരങ്ങൾക്കു് അവിടുത്തെ പാത്രീഭൂതനാക്കിത്തീൎത്തു. സൎവ്വോപരി, തിരുമനസ്സിലെ സൗഹാൎദ്ദം, സൗമനസ്യം, കാരുണ്യം, ആശ്രിതവാത്സല്യം തുടങ്ങിയ മഹനീയഗുണങ്ങൾ, കേരളീയരുടെ ഹൃദയങ്ങളെ ആസകലം കോരിത്തരിപ്പിക്കുവാനും, അവരെക്കൊണ്ടു അവിടത്തെ സമച്ചൎനചെയ്യിക്കുവാനും ശക്തങ്ങളുമായി.

"അപ്പാണ്ഡിത്യവിശേഷമാവിനയമാ-
ഗ്ഗാംഭീൎയ്യമദ്ധൈൎയ്യമ-
ത്തൃപ്പാദാശ്രിതവത്സലത്വമികവാ-
ലോകോപകാരവ്രതം
അപ്പാരായണയോഗ്യസൽകവനമ-
ദ്ദാക്ഷിണ്യമസ്സൗഹൃദം
പപ്പ്വാധീശ! ഭവൽഗുണങ്ങളിൽ മറ-
ന്നേയ്ക്കാവതെന്തെന്തുവാൻ!"

എന്നു് ഒരു മഹാകവി സ്സൎയ്യപുരുഷനെപ്പററി ഒരിക്കൽ പാടിയിട്ടുള്ളതു് ഈ പ്രകൃതത്തിൽ സവിശേഷം സ്മരണീയമായിരിക്കുന്നു. ഏവംവിധമുള്ള ഗുണഗണങ്ങളും യോഗ്യതകളുമാണു് സാഹിത്യലോകത്തിൽ തിരുമേനിയുടെ നേതൃത്വത്തെ ഔത്തരാഹന്മാരും ദാക്ഷിണാത്യന്മാരുമായ കേരളീയർ ഒന്നുപോലെ സൎവ്വസമ്മതമായി സമാദരിക്കുവാനും, കേരളഭാഷാസാഹിത്യസാൎവ്വഭൗമനായി അവിടുത്തെ കൊണ്ടാടുവാനും ഇടയാക്കിത്തീൎത്തിട്ടുള്ളതു്. അവിടുത്തെ വാക്കിനും തൂലികയ്ക്കും അന്നുണ്ടായിരുന്ന വിലയും ഘനവും ഒന്നു വേറെതന്നെയായിരുന്നു. സാഹിത്യത്തിന്റെ സകല ശാഖകളിലും അവിടുന്നു് അധിരോഹണംചെയ്തു വിജയശ്രീലാളിതനായിത്തീൎന്നു. ആധുനികഗദ്യസാഹിത്യത്തിന്റെ പ്രചാരകനും, മിക്കവാറും അതിന്റെ ജനയിതാവും അവിടുന്നുതന്നെയായിരുന്നു എന്നുള്ളതിനു സംശയമില്ല. സാഹിത്യലോകത്തിൽ അവിടുന്നു ചെയ്തിരുന്ന ഏതു തീരുമാനവും കേരളീയർ ആകമാനം ആദരിക്കുകയും അനുസരിക്കുകയും ചെയ്യുവാൻ സദാ സന്നദ്ധരായിരുന്നു. അത്യന്തം അഭിപ്രായഭേദമുള്ള സംഗതികളിൽപ്പോലും, അവിടുത്തെ വിധിയെ ഉല്ലംഘിക്കുവാൻ അന്നാൎക്കും ധൈൎയ്യമുണ്ടായിരുന്നില്ല. ചുരുക്കത്തിൽ, ഭിന്നഭാഗങ്ങളിലായി വേർപിരിഞ്ഞു കിടന്നിരുന്ന സാഹിത്യകാരന്മാരെയും, സാഹിത്യമണ്ഡലങ്ങളേയും സംയോജിപ്പിച്ചു് ഒരു സാമ്രാജ്യമാക്കിത്തീൎത്തു്, അഭൂതപൂൎവ്വമാകുംവണ്ണം ഒരൊററച്ചെങ്കോലിൻകീഴിൽ ഭരണംനടത്തുവാൻ, സാക്ഷാൽ കേരളകാളിദാസനായ ഈ സാഹിത്യചക്രവൎത്തിക്കുമാത്രമല്ലാതെ കേരളസാഹിത്യലോകത്തിൽ മററാൎക്കും സാധിച്ചിട്ടില്ലതന്നെ. ഒരു ചക്രവൎത്തിക്കുചേൎന്ന അന്തസ്സും ആഭിജാത്യവും അവിടുത്തെ ഉടുപ്പിലും നടപ്പിലും, നോക്കിലും, വാക്കിലും, ഭാവത്തിലും, ഭംഗിയിലും

കൈരളീമംഗളം

(വിദ്വാൻ, കെ. എൻ. പരമേശ്വരൻപിള്ള, തൊടുപുഴ.)

I

മാതൃദേവി; വിജയസംവർദ്ധിനി;
സ്ഫീതസുന്ദരാനന്ദസ്വരൂപിണി;

ഭാവുകാത്മികേ! വിജ്ഞാനദായിനി!
ശ്രീവിലാസിനി! കൈരളി! കൈതൊഴാം!

ഉണ്മയോടംബ! ഞങ്ങളവിടത്തെ
നിർമ്മലപാദപത്മങ്ങൾ കൂപ്പിടാം!

മഞ്ജുളഭക്തിമാധ്വീമനോഹര-
മംഗളസൂനമാല്യമർപ്പിച്ചിടാം!

മാതൃഭാഷയാമമ്മേയവിടത്തെ
പ്രീതിവാത്സല്യകാരുണ്യഹസ്തത്താൽ

ഓമൽപ്പുഞ്ചിരിതൂകി വിളമ്പുന്ന
തൂമധുരാർദ്രപാവനഭോജനം

ആകുവോളവുമാസ്വദിച്ചാശ്വസി-
ച്ചാനന്ദിപ്പാനനുഗ്രഹിക്കേണമേ!

മോഹനമാം വിഭാതകാലത്തിലെ-
സ്സൗഹൃദോദാരകോകിലഗാനവും

ശാന്തരമ്യശരൽകാലചന്ദ്രികാ-
കാന്തികന്ദളപീയൂഷയൂഷവും

എന്നല്ല എല്ലാററിലും ഒന്നുപോലെ വിളങ്ങിയിരുന്നു.

'ശ്രീരാഗത്തിനൊരാസ്പദം ശ്രിതജന-
സ്വാരാജ്യസൗഖ്യപ്രദം
മാരാരിദ്രുഹിണാദിനിർജ്ജരവര-
ന്മാരാൽ സമാരാധിതം
വാരാളും മുകിലോടെതിർത്തു പൊരുതും
ധാരാളദേഹദ്യുതിം
നേരായുള്ളിലുപാസ്മഹേ ത്രിജഗതീ-
വേരായ നാരായണം.'

എന്നിങ്ങനെ ഈശ്വരസ്തോത്രങ്ങളിൽപ്പോലും അഴകും അന്തസ്സും ഒന്നുപോലെ പ്രസ്ഫുരിപ്പിക്കുവാൻ അവിടുത്തേയ്ക്കല്ലാതെ മററാർക്കാണു് കഴിയുക? തിരുമനസ്സിലെ കാലശേഷം ആ ചക്രവർത്തിപദത്തിൽ എത്തിച്ചേരുവാൻ ഇന്നോവരെ യാതൊരാൾക്കും സാധിച്ചിട്ടില്ലെന്നുള്ളതുതന്നെ, അവിടുത്തെ അന്യാദൃശമഹിമാതിരേകത്തെ കേരളക്കരെമുഴുക്കെ മുഴക്കുവാൻ പര്യാപ്തമായിരിക്കുന്നു.

സുന്ദരാരാമസൂനവിലാസിയാം
മന്ദമാരുതമഞ്ജുളലാസ്യവും

കൈരളി! തവ പുത്രർ നുകരുന്നു
ചേലെഴും തവ സാഹിത്യദാനത്താൽ

എത്രയോ ശതവർഷം പിറകോട്ടു
ബുദ്ധിപൂർവ്വം ഗവേഷണംചെയ്കിലും

അംബ! താവകസ്വാതന്ത്ര്യനിർമ്മല-
രമ്യചാരിത്രമൂർത്തി ദർശിച്ചിടാം.

ധീമതിയാം 'തമിഴ്'വരം സൈരന്ധ്രി-
പോലെയമ്മയെ പ്രീണനംചെയ്കതും

ശ്രീമതിയായ സംസ്കൃതവാണിയാൾ
സീമയില്ലാത്തൊരാഭരണങ്ങളാൽ

പ്രൗഢശാന്തമനോഹരപ്രാഭവാ-
രൂഢയാക്കിപ്പരം സുഖിപ്പിച്ചതും

ആംഗലവാണിയാനന്ദസംശ്ലേഷ-
തുങ്ഗസൗഭാഗ്യമർപ്പണംചെയ്തതും

ആരുമേതും മറക്കാതെതന്നെയാ-
ണാര്യയാം ഭവൽസ്വാതന്ത്ര്യരൂപത്തെ

കാണ്മതെന്നു ധരിക്കണേ! കൈരളി!
കണ്മയക്കുന്ന കമ്രപ്രഭാവതി!

നിന്നഭിവൃദ്ധി, ഞങ്ങൾക്കഭിവൃദ്ധി;
നിന്നഭിമാനം, ഞങ്ങൾക്കഭിമാനം;

നിൻെറ ചാരിത്രം, ഞങ്ങൾക്കു ചാരിത്രം;
നിൻെറയാനന്ദം, ഞങ്ങൾക്കുമാനന്ദം;

മാതൃദേവി! വിജയസംവർദ്ധിനി!
സ്ഫീതസുന്ദരാനന്ദസ്വരൂപിണി!

ഭാവുകാത്മികേ! വിജ്ഞാനദായിനി!
ശ്രീവിലാസിനി! കൈരളി! കൈതൊഴാം!

II

ആരോമൽക്കൈരളീദേവിയാരേയുംതാൻ കൂട്ടാക്കാതെ-
യോരോ ലീലാകലവികളാടിയങ്ങനെ

കന്യകയായ്,ക്കാർവേണിയാൾ കല്യയായ് കഴിയുംകാലം
വന്ദ്യകവികൾപലരുമാഗതരായി

മനോഹരയാമവളെയോമനിച്ചനുപമമങ്ങ-
ളനഘഗാനങ്ങൾപാടിയാനന്ദിപ്പിച്ചു,

അപ്പോഴേയ്ക്കു മാരിയെക്കണ്ടല്ലേതരകാവ്യഗാഥ-
പ്പൊൽപ്പതക്കം 'ചെറുശ്ശേരി'യവൾക്കു നൽകി

സഹൃദയരമണീയമായൊരാമണിപ്പതക്കം
സാദരമണിഞ്ഞോമലാൾ വിളങ്ങിടുമ്പോൾ

സാഹിതീമഹർഷിവര്യൻ സൽഗുണശ്രീധരൻ 'തുഞ്ചൻ'
മഹാഗുരുദേവൻ വന്നീ മഞ്ജുവാണിയെ

എഴുത്തിനിരുത്തിപ്പുത്തനെഴുത്തക്ഷരമാലയു-
മഴകിലണിയിച്ചധ്യാപനം തുടങ്ങി;

ചിന്താസന്താനസുന്ദരം; സ്വാന്താനന്ദമഹോദാരം,
'ചിന്താരത്ന'ഗ്രന്ഥരത്നം ശിരസ്സിൽ വച്ചു;

ഹരിഭക്തിജ്ഞാനഗുണസ്ഫുരിതപാഠങ്ങൾ ചേരും
'ഹരിനാമകീർത്തന'ങ്ങളഭ്യസിപ്പിച്ചു;

കൗമാരകാലമകന്നു; സുകുമാരതാരുണ്യത്തിൽ
വിമോഹനകിരണങ്ങൾ വീശുകയായി;

'മണിപ്രവാള'മനോജ്ഞസാരിചുററി യൗവനത്തിൻ-
മണികുംഭങ്ങൾ കുചങ്ങൾ മറയുംവിധം

'രാമായണ''ഭാരതാ'ദിഭൂഷണഗണമണിഞ്ഞു
കാമിനിയായ് കൈരളിയാൾ പ്രൗഢയുമായി;

'കുഞ്ചാ'നഞ്ചിതാഹ്ലാദത്താൽ ധരിപ്പിച്ച കാഞ്ചനശ്രീ
തഞ്ചിടും നൂപുരമിട്ടു കിലുക്കുവാനും

മററു മഹാകവിമുഖ്യരിടുവിച്ച കങ്കണങ്ങ-
ളേററവുമാഹ്ലാദംകൈക്കൊണ്ടണിയുവാനും

മധുരസ്മിതം പൊഴിക്കും കൈരളിക്കു ഭാഗ്യംവന്നു
മനീഷികൾ നല്കും ഗദ്യപ്പൂക്കൾ ചൂടാനും.

III

പ്രാചീനഭാസുരകാലം കഴിഞ്ഞപ്പോൾ കൈരളിക്കു
'കാളിദാസ''പാണിനി'മാരാലംബമായി!

'വ്യാസ'നുമനുഗ്രഹിച്ചു വെൺമണിമാർ രസിപ്പിച്ചു
കേ. സി.; സീ. വി.; നടുവന്മാർ; ചന്തുമേനോനും,

ഉണ്ണായി, പന്തളം, രാമപുരം, മന്നാടിയാർ, രാമ-
കൃഷ്ണസാഹിതീഭക്തന്മാർ ഭൂഷകൾ ചാർത്തി

കേരളവമ്മദേവൻെറ പ്രാസപ്രയോഗം

(വിദ്വാൻ, ചെന്നിത്തല കെ. കൃഷ്ണയ്യർ)

"ശബ്ദാത്ഥൗ സൽകവിരിവ ദ്വയം വിദ്വാനപേക്ഷതേ" എന്നുള്ള മഹാകവി മാഘൻെറ ആശയമനുസരിച്ചു ശബ്ദാത്ഥങ്ങൾ രണ്ടിലും ഒന്നുപോലെ അഭിനിവേശവും പ്രാവീണ്യവും ഉള്ള ഒരു പണ്ഡിതകവിസാവ്ഭൗമനായിരുന്നു മഹാമഹിമശ്രീ കേരളവമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു്. അവിടത്തെ വിശങ്കടമായ ശബ്ദപ്രവാഹം വിദ്വാന്മാരെ വിസ്മയസ്തിമിതന്മാരാക്കിത്തീത്തിട്ടുണ്ടു്. അവിടുന്നു കവിതയെഴുതുവാൻ ആരംഭിക്കുമ്പോൾ പ്രകൃതത്തിനു് അത്യന്തം യോജിക്കുന്ന ശബ്ദപരമ്പരകൾ അവിടത്തെ തൂലികാഞ്ചലത്തിൽ അഹമഹമികയോടെ തിക്കിത്തിരക്കുകയാണു ചെയ്യുന്നതു്. വാഗ്ദേവതയുടെ മണിമഞ്ജീരശിഞ്ജിതം പ്രകടമായി കേൾക്കണമെങ്കിൽ ഭാവുകന്മാർ കേരളവർമ്മദേവൻെറ കൃതികൾതന്നെ വായിക്കണം. എന്തൊരു ശയ്യാഗുണമാണു് അവിടത്തെ പദ്യങ്ങൾക്കുള്ളതു്! "വൈദഭീം സരസംപുണർന്നു മൃദുവാം ശയ്യേലിരുന്നീടുമപ്പുണ്യശ്ലോകമിയന്ന" കവിമൂദ്ധന്യൻെറ ഗങ്ഗാതരങ്ഗതുല്യമായ ശബ്ദകോലാഹലം കേൾക്കുമ്പോൾ ഏതു പണ്ഡിതസഹൃദയനാണു് പരമാനന്ദതുന്ദിലനായി അവിടത്തേക്കു നമോവാകം പറയാത്തതു്? പദങ്ങളുടെ പരസ്പരമൈത്രീബന്ധത്തെക്കുറിച്ചു അവിടത്തേക്കുണ്ടായിരുന്ന അറിവു് അന്യാദൃശമായിരുന്നു. ഒരിക്കൽ തിരുമനസ്സുകൊണ്ടു് അനന്തഭട്ടകവിയുടെ ചമ്പൂഭാരതത്തിലുള്ള

"ദീപ്രൈരഗാരമണിഭിർദിവസായമാനാം
നിശ്ചിന്വതേ മനസി യത്ര നിശാം യുവാനഃ
കാത്താന്തികൈരഖിലകാലനിവേദനായ
ഘണ്ടാമണേരഭിഹതസ്യ ഘനാരവേണ."

എന്ന പദ്യത്തിൻെറ അന്ത്യപാദത്തിലെ "ഘനാരവേണ" എന്ന അന്ത്യപദത്തെ "ഘണാരവേണ" എന്നു തിരുത്തിവായിക്കേണ്ടതാണെന്നും, "വാചാമനന്തസുകവേവ്സുധൈവമൂല്യം" എന്ന ബഹുമതിക്കു പാത്രീഭൂതനും ദിഗന്തരലസൽകീത്തിയും ആയ ആ കവിപുങ്ഗവൻ അ

ആധുനികകാലത്തുമാദ്ദേവിയെപ്പരിചരിപ്പാൻ
മാധുരീധുരീണകലാലാലസരായി

'ഉള്ളൂരാ'ശാൻ' 'വള്ളത്തോളും' മററനേകം കവികളു-
മുള്ളഴിഞ്ഞ രാഗത്തോടെ സപര്യചെയ്തു.

മലയാളഭാഷയ്ക്കൊരു മഹനീയ ഖണ്ഡകാവ്യ-
മലർവാടിയുളവായി മനോഹരമായ്!

പുതുമണം പുലരുന്ന പുതിയ പുഷ്പങ്ങളിലെ
സ്മിതരുചി കവരുന്ന ചെറുപവനൻ

ഇളംകുളിർക്കരങ്ങളാൽ സഹൃദയനികരത്തെ
മിളൽപ്രഭം തലോടിനാൻ സുഹൃൽപ്രഭാവൻ.

കൈരളി! മങ്ഗളം ധന്യേ! കൈരളി! മങ്ഗളം! ഭദ്രേ!
കൈരളി! മങ്ഗളം ദേവി! കല്യാണഗാത്രി!

പ്രകാരമല്ലാതെ പ്രയോഗിച്ചിരിക്കാൻ ഇടയില്ലെന്നും സമർത്ഥിച്ചതായിക്കേട്ടിട്ടുണ്ടു്. അത്രയ്ക്കു പരിനിഷ്ഠിതമായിരുന്ന അവിടത്തെ പദഘടനാസൗന്ദര്യബോധം!

അർത്ഥത്തിന്നു് അല്പംപോലും ക്ലിഷ്ടത വരുത്താതെ ശബ്ദാലങ്കാരങ്ങൾ പ്രയോഗിക്കുന്നതിൽ കേരളവർമ്മദേവൻ അദ്വിതീയനായിരുന്നു. അവിടത്തെ ഏതുകൃതി പരിശോധിച്ചാലും ഈ വസ്തുത വ്യക്തമാകുന്നതാണു്. തൻെറ ഭാഷാന്തരകൃതികളിൽപോലും അവിടുന്നു ശബ്ദാലങ്കാരപ്രയോഗത്തിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ടു്. തന്മൂലം തിരുമനസ്സിലെ ചില ഭാഷാന്തരപദ്യങ്ങൾ മൂലത്തെക്കാൾ സ്വാദിഷ്ഠങ്ങളായി ഭാവുകന്മാൎക്കു തോന്നാം. ദ്വിതീയാക്ഷരപ്രാസം, അനുപ്രാസം, യമകം മുതലായവയാണു കേരളവർമ്മദേവൻെറ കൃതികളിൽകാണുന്ന പ്രധാന ശബ്ദാലങ്കാരങ്ങൾ. എങ്കിലും, ദ്വിതീയാക്ഷരപ്രാസത്തോടു് അവിടത്തേക്കു കൂടുതൽ പ്രതിപത്തിയുണ്ടായിരുന്നതായിക്കാണുന്നു. ദ്വിതീയാക്ഷരപ്രാസവാദം നടന്നുകൊണ്ടിരുന്നകാലത്തു് അവിടുന്നു പ്രസിദ്ധീകരിച്ച

"വാസന്തീമധുവാന്ന വാക്കിനു സജാ-
തീയദ്വിതീയാക്ഷര-
പ്രാസന്തിപ്പതു കൈരളീമഹിളതൻ
മങ്ഗല്യമാണോൎക്കണം;
ഹാ സംസത്തിലസംശയം പഴിയതിൽ-
പ്പാഴായുറഞ്ഞാൽ പരി-
ഹാസം സത്തുകളുംതടത്തിലതിയാ-
യ്ചെയ്യുന്നതാശ്ചര്യമോ?"

എന്ന സരസപദ്യം ഈ അഭിപ്രായത്തെ ഉപോദ്ബലനം ചെയ്യുന്നുണ്ടല്ലോ.

"പ്രാസനിർബന്ധമില്ലാതെ
നിർമ്മിച്ചേൻ കാവ്യമിങ്ങനെ
കവിപുങ്ഗവരേ! നോക്കി-
ക്കൊള്ളാമെങ്കിൽ ഗ്രഹിക്കുവിൻ."

എന്ന ദൈവയോഗത്തിലെ ഉപസംഹാരശ്ലോകത്തിൽ "കൊള്ളാമെങ്കിൽ" എന്ന സംഭാവനകൊണ്ടു ദ്വിതീയാക്ഷരപ്രാസം ഭാഷാകവിതയിൽ അനുപേക്ഷണീയമാണെന്നു കവിക്കു വിവക്ഷയുള്ളതായി വിചാരിക്കുന്നതിൽ അസാങ്ഗത്യത്തിനു് അവകാശമില്ല. "വശ്യവചസ്സുകളായ മഹാകവികൾ സരസങ്ങളായ ദ്വിതീയാക്ഷരപ്രാസങ്ങളോടുകൂടി ചമയ്ക്കുന്ന മണിപ്രവാളശ്ലോകങ്ങൾക്കുള്ള രാമണീയകവിശേഷം ഒരിക്കലും ആൎക്കും അപലപനീയമാകുന്നതല്ല" എന്നു കേരളപാണിനി അഭിപ്രായപ്പെട്ടിട്ടുള്ളതു കേരളകാളിദാസൻെറ വിഷയത്തിൽ എത്രയോ വാസ്തവമാണു്. തിരുമനസ്സിലെ ഭാഷാകൃതികളിലാണു് ഈ പ്രാസം സാർവ്വത്രികമായി കാണപ്പെടുന്നതു്. തൻെറ ആദ്യഭാഷാകൃതിയായ കേരളീയഭാഷാശാകുന്തളത്തിലും അനന്തരഭാഷാകൃതിയായ അമരുകമണിപ്രവാളത്തിലും മിക്ക പദ്യങ്ങളിലും സ്വരവ്യഞ്ജനങ്ങൾക്കു ഐകരൂപ്യം വരുത്തി ദ്വിതീയാക്ഷരപ്രാസം പ്രയോഗിച്ചിട്ടുണ്ടെങ്കിലും, ഉദാസീനതമൂലം സാർവ്വത്രികമായി ആ നിബന്ധങ്ങളിൽ മേൽ പ്രസ്താവിച്ചതരത്തിൽ പ്രാസപ്രയോഗത്തെ അവിടുന്നു് അനുവർത്തിച്ചിട്ടില്ല. കേരളപാണിനി ദ്വിതീയാക്ഷരപ്രാസം അത്ര ആദരണീയമല്ലെന്നുള്ള അഭിപ്രായത്തോടുകൂടി ഭാഷാമേഘസന്ദേശവും ഭാഷാകുമാരസംഭവവും രചിച്ചപ്പോൾ ദ്വിതീയാക്ഷരപ്രാസത്തെ ഉപേക്ഷിക്കാതെതന്നെ മയൂരസന്ദേശം എന്ന സരസസാഹിതീസർവ്വസ്വമായ ഒരു സ്വതന്ത്രകൃതി അവിടുന്നു നിർമ്മിച്ചു. എന്നാൽ, ഭാഷാന്തരകൃതിയായ അന്യാപദേശമണിപ്രവാളത്തിലും മേൽപറഞ്ഞവിധത്തിൽ ദ്വിതീയാക്ഷരപ്രാസം പ്രയോഗിക്കുവാൻ അവിടുന്നു യത്നിക്കുകയും, ആ യത്നം അനായാസേന സഫലമായിത്തീരുകയും ചെയ്തു. പ്രാചീനന്മാരായ ഭാഷാകവികൾ അവ്യഭിചാരേണ ആദരിച്ചുവന്ന ദ്വിതീയാക്ഷരപ്രാസത്തെ സ്വരവ്യഞ്ജനങ്ങൾക്കു് ഐകരൂപ്യം വരുത്തി കഴിവുള്ളിടത്തോളം സ്വകൃതികളിൽ ആധുനികകവികൾ പ്രയോഗിക്കേണ്ടതാണെന്നായിരുന്നു ആ പണ്ഡിതശിഖാമണിയുടെ മതം. ആ മതത്തെ ഇദാനീന്തനന്മാരായ കവിശ്രേഷ്ഠന്മാർ ആദരിക്കുന്നുമുണ്ടു്.

കേരളവർമ്മദേവനു് ഏതു പ്രാസവും പ്രയോഗിക്കുവാൻ യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ലെന്നു മുമ്പു സൂചിപ്പിച്ചുവല്ലോ. ഒരേ പദ്യത്തിൽത്തന്നെ ദ്വിതീയാക്ഷരപ്രാസം, അനുപ്രാസം, ആദിപ്രാസം മുതലായി അനേകം ശബ്ദാലങ്കാരങ്ങൾ കാണുമെന്നുള്ളതാണു് അവിടത്തെ പദ്യങ്ങൾക്കുള്ള ഒരു വിശേഷം. പ്രലംബവധം, മത്സ്യവല്ലഭവിജയം മുതലായ ആട്ടക്കഥകളും വിശാഖവിജയം, തുലാഭാരശ

തകം, ക്ഷമാപണസഹസ്രം, യമപ്രണാമശതകം, തിരുനാൾപ്രബന്ധം ഇത്യാദി വാങ്മയങ്ങളും ശ്രീപത്മനാഭപദപത്മശതകം, വ്യാഘ്രാലയേശശതകം, ശോണാദ്രീശപരീസ്തോത്രം (ആര്യാശതകം) തുടങ്ങിയ സ്തുതിതല്ലജങ്ങളും പരിശോധിച്ചുനോക്കിയാൽ ആക്കും ആ മഹാപുരുഷന്റെ അനന്യസുലഭമായ വശ്യവചസ്കത്വം നിഷ്പ്രയാസം ബോധപ്പെടുന്നതാണ്. ചില ദൃഷ്ടാന്തങ്ങൾ അടിയിൽ പ്രദർശിപ്പിക്കാം

ഒരേ വ്യഞ്ജനവർണ്ണത്തെ അടുത്തടുത്ത് ആവർത്തിക്കുന്നതാണല്ലോ അനുപ്രാസം. ഛേകാനുപ്രാസവും വൃത്ത്യനുപ്രാസവും അവിടത്തെ കൃതികളിൽ അനസ്യൂതമായിക്കാണാം. ഛേകാനുപ്രാസത്തിന് ഉദാഹരണം:—

"ഏവം നിതാനമമൃതമധുരം
ചൊല്ലവേ പല്ലവാങ്ഗീ
സാ വന്നീടും കുതുകമൊടടുത്തെത്രയും ചിത്രമോടേ
ഭാവം നന്നായ്ത്തെളിയുമളിവേണിക്കു വേലായുധൻതാ-
നിവണ്ണം മേ ശുഭമരുളിയെ-
ന്നാർത്തിവിട്ടോർത്തിടും സാ"

(മയൂരസന്ദേശം)

ഇവിടെ ല്ല, ത്ര, ത്ത ഇതുകൾക്ക് ആവൃത്തി.

വൃത്ത്യനുപ്രാസത്തിന്:—

"നിരന്ധ്രനീലനവനീരദചാരുദേഹ-
സ്ഫാരപ്രഭാനികരയാമുനവാരിപൂരേ
സാരസ്യമേറുമൊരു കോകനദപ്രകാണ്ഡ-
ശ്രീരമ്യമാം തവ പദം ഭഗവൻ ഭജേഹം."

(ശ്രീപത്മനാഭപദപത്മശതകം.)

ഈ ശ്ലോകത്തിൽ രേഫത്തിന് ആവൃത്തി. ഇതിലെ ശബ്ദപ്രവാഹം നോക്കുക!

വൃത്ത്യനുപ്രാസത്തിന് ഉദാഹരണമായി ഒരു സംസ്കൃതപദ്യംകൂടി ഉദ്ധരിച്ചുകൊള്ളട്ടെ.

"ദംഷ്ട്രാഘട്ടനനിഷ്ഠുരാട്ടഹസിതാ-
സ്ഫോടസ്ഥവിസ്താരവൈ-
രുത്സായ്യാശു ഗരിഷ്ഠഭീതിചപലാൻ
നേദിഷ്ഠ കണ്ഠീരവാൻ
പൃഷ്ഠേ മാല്യവതസ്തപചിഷ്ഠവിടപി.
ദ്രാഘിഷ്ഠശാഖാച്ഛടാ-
ബംഹിഷ്ഠേ വിജഹാര കോപി കപിവൃ-
ന്ദിഷ്ഠഃ പ്രഥിഷ്ഠശ്രിയാ."

(ഹനുമദുദ്ഭവം)

ദ്വ്യക്ഷരാനുപ്രാസത്തിന്:—

"ശരൈരശിശിരൈശ്ശൗരൈരരേരാശു ശരീരശീഃ
ശ്രീരാശിരാശരാരീശ ശ്ശൂരശ്ശൗരിശ്ശിരശ്ശശീ."

(തുലാഭാരശതകം)

ഇവിടെ ശ, ര ഈ രണ്ടക്ഷരങ്ങൾക്ക് ആവൃത്തി.

നാലുപാദങ്ങളിലും പ്രഥമദ്വിതീയാക്ഷരങ്ങൾക്ക്:—

"കുംഭീസുതൻ മുനി കയർത്തു ശപിക്കമൂലം
കുംഭീന്ദ്രനായ നിജസേവകപാണ്ഡ്യരാജം
കുംഭീരസങ്കടമകററിയനുഗ്രഹിച്ച
കുംഭീനസേന്ദ്രശയനന്റെ പദം തൊഴുന്നേൻ."

(ശ്രീപത്മനാഭപദപത്മശതകം.)

നാലു പാദങ്ങളിലും ദ്വിതീയതൃതീയാക്ഷരങ്ങൾക്ക്:—

"ഏകാന്തപ്രതിപത്തിയോടു സതതം
സേവിപ്പവർക്കഞ്ജസാ
ശോകാന്തത്തെയുമന്തമററൊരു പരാ-
നന്ദാനുഭോഗത്തെയും
ഏകാന്തന്നൊ കൃതാവതാരദശകൻ-
കാരുണ്യപൂർണ്ണാശയൻ
ശ്രീകാന്തൻ ശുഭമേകിടട്ടെ ഭഗവാൻ
നിങ്ങൾക്കു ഭങ്ഗംവിനാ." ഫ

(ഫ്രാൻ. കന്നിലക്കം ഭാ-പോ-മങ്ഗളാശംസ)

"കാളിന്ദജാക്രലനികുഞ്ജസത്മനാ-
മളിന്ദപാളിഷു ഹരിദ്വിഷാരിണാം
പുളിന്ദയൂനാമശ്രുണോന്നിജസ്തുതിം
മിളിന്ദവൃന്ദാരവമേളിതശ്രുതിം." വ

(കംസവധം ചമ്പു.)

ഓരോ പാദത്തിലും ആദ്യത്തെ രണ്ടും നാലും അക്ഷരങ്ങൾക്കു പ്രാസം ചെയ്തിരിക്കുന്നതിനു്:—

"കാരാഗാരാകലിതസുരനാം ദൈത്യ-
നേ നിഗ്രഹിക്കാൻ
ഘോരാകാരാധികഭയദനായ്പാരി-
ലാത്താവതാരം
പാരാവാരാദ്ഗുരുതരരവം ഭക്ത-
ലോകാനുകമ്പാ-
പൂരാധാരായിതഹൃദയമാരാധ-
യാരാന്നൃസിംഹം."

(മയൂരസന്ദേശം.)

അടുത്തടുത്ത പദങ്ങളെ ഒരേ വൎണ്ണം കൊണ്ടു് ആരംഭിക്കുന്നതാണല്ലോ ആദിപ്രാസം. ഇംഗ്ലീഷ്കവിതകളിൽ ഇതിനു് അധികം പ്രചാരമുള്ളതിനാൽ ആങ്ഗലപ്രാസമെന്നും പറയും. ഉദാഹരണമായി സംസ്കൃതത്തിലും ഭാഷയിലും ഓരോ പദ്യം ഉദ്ധരിക്കുന്നു.

"വനവിഹാരവിലോലവിലാസിനീ-
വദനജശ്രമവാരിഹരോ വവൗ
പ്രകടയൻ പവനഃ പ്രസരദ്രജഃ
പടലപാടലപാടനപാടവം." ഫ

(വിശാഖവിജയം.)

"കല്യാ കാലിണകൈതൊഴും കവികളെ-
ക്കാക്കുന്ന കണ്ണൻെറ നി-
സ്തുല്യാനുഗ്രഹമൂലമുജ്ജ്വലയശോ-
നീശാരിതാശാന്തരാ
കല്യാവേശമകന്നകാവ്യരസിക-
ക്കുല്ലാസമേകിസ്സദാ
കല്യാണം കലരട്ടെ നല്ലകവനം
കൈക്കൊള്ളുമീക്കൗമുദി."

(ഫാല്ഗു വൃശ്ചികം ലക്കം ക-കൗമുദി.)

ആദ്യത്തേതിൽ പല പദങ്ങളും വകാരത്തിലും പകാരത്തിലും രണ്ടാമത്തേതിൽ കകാരത്തിലും ആരംഭിക്കുന്നു.

ഓരോ പാദത്തിൻേറയും അന്ത്യത്തിൽ അക്ഷരമോ അക്ഷരക്കൂട്ടങ്ങളോ ആവൎത്തിക്കുന്നതാണു് അന്ത്യപ്രാസം. ഇതു മഹാരാഷ്ട്രന്മാൎക്കു വളരെ പ്രിയമാകയാൽ മഹാരാഷ്ട്രപ്രാസമെന്നും പറയും. ഉദാഹരണം:—

"ശ്രീവത്സലാഞ്ഛന! മദീയമനോമിളിന്ദം
ഭാവൽകമുൽകതയൊടേത്യ പദാരവിന്ദം
താവൽസ്വദിച്ചു മരുവട്ടെയതിൻ മരന്ദം
യാവൽ കൃതാൎത്ഥതഭവിക്കുമെനിക്കമന്ദം." ഫ

(ശ്രീപത്മനാഭപദശതകം)

"താമരകൾനിറഞ്ഞസരസീഗണചാരുതരം
മാമരപങ്ക്തിയാലുപരിവാരിതസൂരകരം
കോമളപത്മരേണുമസൃണീകൃതമസ്തപരം
ക്ഷേമമിവൾക്കു മാൎഗ്ഗമനുക്രലമരുൽപ്രസരം."

(ഭാഷാശാകുന്തളം.)

ദ്വിതീയപദ്യത്തിൽ നാലു പാദങ്ങളും രേഫത്തിൽ അവസാനിച്ചിരിക്കുന്നു. ഈ പദ്യത്തിൻെറ ശയ്യാഗുണം നോക്കുക! തൎജ്ജമയിൽ പോലും അനായാസേന പ്രാസം പ്രയോഗിക്കുന്നതിൽ തിരുമനസ്സിലേക്കുള്ള അന്യാദൃശമായ പ്രാഗത്ഭ്യത്തിനു് ഈ പദ്യം മകുടോദാഹരണമാണു്.

"രമ്യാന്തരഃകമലിനീഹരിതൈസ്സരോഭി-
ശ്ഛായാദ്രുമൈൎന്നിയമിതാൎക്കമയൂഖതാപഃ
ഭൂയാൽ കുശേശയരജോമൃദുരേണുരസ്യാഃ
ശാന്താനുക്രലപവനശ്ച ശിവശ്ച പന്ഥാഃ"

എന്ന മൂലപദ്യത്തെക്കാൾ പ്രസ്തുത ഭാഷാന്തരം മനോജ്ഞമായിത്തോന്നിപ്പോകുന്നു.

രണ്ടുയതിയുള്ള പാദങ്ങളിൽ ഈരണ്ടക്ഷരങ്ങളെ നിയമേന ആവൎത്തിക്കുന്നതാണു് അഷ്ടപ്രാസം. ഉദാഹരണമായി ഒരു മലയാളപദ്യവും സംസ്കൃതപദ്യവും ഉദ്ധരിച്ചുകൊള്ളുന്നു.

“ഈഢയാശങ്കനിനക്കു യം പ്രതിജനം
ഭീയാലധിരീകൃതേ
പ്രേയാനാശപെരുത്തുനിന്നിൽ മരുവു-
ന്നായാളിഹൈവാന്തികേ
ആയാസിപ്പവനബ്ധിനന്ദിനിവശ-
ത്തായാലുമില്ലേലുമാം
ശ്രീയാലിപ്സിതനായവൻ കഥമഹോ!
ഭൂയാദ്ദുരാപസ്ഥയാ?”

(ഭാഷാശാകുന്തളം.) (൧

“ദാഢാകോടിദൃഢോപലഗ്നകരടി-
പ്രൗഢാസ്ഥികൂടച്ഛടാ-
ഗാഢാപൂരിതവക്ത്രകോടരഗഭീരാ-
ഢൗകിതക്ഷ്വേളിതാ
ഊഢാമോദമുപേത്യ കംസവചസാ
ഗൂഢം ബഭാഷേ ഗിരം
ബാഢം ഗൃധ്രമുഖീ പ്രലംബസഹജാ-
രൂഢാഭിമാനാങ്കുരാ.” (൨

(പ്രലംബവധം)

ഒരു പാദത്തിന്റെ മൂന്നു യതികളിലായി നിയമേന മുമ്മൂന്നക്ഷരങ്ങൾക്കുള്ള ആവൃത്തിയാകുന്നു ദ്വാദശപ്രാസം. ഉദാഹരണം:—

“വൈമാനികാധിപതിധാമാമനോജ്ഞഗുണ-
ധാമാഖിലാംബുജമുഖീ
കാമാർത്ഥിദായകനികാമാഭിരാമരുചി-
സീമാതിമോഹനതനുഃ
ശ്രീമാനമേയതരഭൂമാസമേത്യഖലുരാ-
മാലയം രഘുപതിം
ശ്യാമാബ്ദസുന്ദരമഥാമാനുഷൈരപി നനാ-
മാവനീപരിവൃഢഃ.”

(തിരുനാൾപ്രബന്ധം.)

അക്ഷരസമൂഹത്തെ അർത്ഥഭേദം ഉണ്ടാകുന്നവിധത്തിൽ അനുക്രമമായി ആവർത്തിക്കുന്നതു യമകം. ഉദാഹരണം:—

“ഘനാഘനഭയാവഹത്രിദശശാ-
ത്രവാനീകിനീ
ഘനാഘനപരമ്പരാച്ഛിദുരഘോ-
രവാതായിതം
ഘനാഘനമുഖം ചരാചരശര-
ണ്യമേകം മഹാ-
ഘനാഘനരകവ്യഥാഹരണധീ-
രമാരാധ്‌നമഃ” (൧)

(ഹനുമദുത്ഭവം.)

ഇവിടെ ‘ഘനാഘനം’ എന്ന അക്ഷരസംഘത്തിനു നാലു പാദത്തിലും അർത്ഥഭേദത്തോടെ ആവൃത്തി.

“ഗാംഗേയമംഭസി ജഗൽ പ്ര-
ഥിതേ ച സേതൗ
ഗാംഗേയതുംഗമഹിമാ വി-
ഹിതസ്വകൃത്യഃ
ഗാംഗേയകീർത്തിരവതാച്ചി-
രമൂഢപുണ്യോ
ഗാംഗേയമത്രവിതരൻ പ്ര-
ചുരം നരേന്ദ്രഃ.” (൨)

(തുലാഭാരശതകം)

നാലുപാദങ്ങളിലും “ഗാംഗേയ”ശബ്ദത്തിനു് അർത്ഥഭേദത്തോടുകൂടി ആവൃത്തി.

‘ദൈവയോഗ’ത്തിലെ ഒരു പദ്യാർദ്ധം നോക്കുക!

“ആരാത്രികാദിബഹുദീപമഹസ്സമൂല-
മാരാത്രികാലമഥ തോന്നിയഹസ്സുപോലെ.”

അന്ത്യപാദത്തിൽ മാത്രം യമകത്തിനു്:—

“കനകജീവനവർഷമനർഗ്ഗളം
നരപതേഃ ക്ഷിതിലോകഘനാഘനാത്
സമധിഗമ്യ ധുനിവ ബഭൗതരാം
ധൃതരസാ തരസാ നരസംഹതിഃ.” ൩

(തുലാഭാരശതകം.)

നാലുപാദങ്ങളുടേയും അവസാനത്തിൽ യമകത്തിനു്:—

“അവിശജ്ജനിതരസാലം-
കാരമഥാരാമരാജിതരസാലം
അവനിവൃഷാതരസാലം
വിപുലം തൽ പുരമധൃഷ്യതരസാലം.” ൪

(വിശാഖവിജയം.)

ഓരോപാദത്തിലും പ്രത്യേകം യമകത്തിനു്:—

"പരമസാരമസാര! ജിതോദ്ഭശാ
കുമുദഹേ! മുദഹേതുരസീസ്മിതൈഃ
നവസുധേ! വസുധേശിതുരുക്തിഭിഃ
സരസസാരസ! സാന്ദ്രമുഖശ്രിയാ." ൭

(തുലാഭാരശതകം.)

രണ്ടും നാലും പാദങ്ങൾക്കു് ഒരേപദസമൂഹംകൊണ്ടു യമകത്തിനു്:—

"ഉപഗമ്യ രൂപമഭിരൂപതരം
കമനീയയൗവനപദം സഹസാ
പരിമാൎജ്ജയന്ത്യഥ ഹരിം ത്വരയാ
കമനീയയൗവനപദം സഹസാ. ൩

(പ്രലംബവധം.)

ഓരോപാദത്തിലേയും ഒടുവിലത്തെ മൂന്നക്ഷരം അടുത്തപാദത്തിൽ ആദ്യം അർത്ഥഭേദത്തോടുകൂടി ആവൎത്തിക്കുന്നതിനു്:—

"ഉപഗമ്യ കേളിഷു കുതൂഹലിനം
ഹലിനം നിജൈരനുചരൈസ്സഹസാ
സഹസാധുപൂജിതപദം സമുദാ
സമുദാജഹാര വസുദേവസുതഃ." ൬

(പ്രലംബവധം.)

രണ്ടും നാലും പാദങ്ങളിൽ പ്രത്യേകം യമകത്തിനു്:—

"ത്രിദശരാജഗിരം നിശമയ്യസാ
പുളകലോളിതലോമപുലോമജാ
പതിമുവാച വിലോക്യ തദോദിതം
ഹിമകരം മകരധ്വജപീഡിതാ." ൮

(ഹനുമദുത്ഭവം.)

ഒന്നും രണ്ടും പാദങ്ങൾക്കും മൂന്നും നാലും പാദങ്ങൾക്കും പ്രത്യേകം യമകത്തിനു്:—

"നിശമ്യ യക്ഷാനുചരാ വിചക്ഷണാ-
സ്തദീരിതം രോഷഭരാരുണേക്ഷണാഃ
ഗതാ വനാന്തം മൃഗയാ സമുത്തമം
ചരന്തമൂചുസ്സവിലാസമുത്തമം. ൯

(ധ്രുവചരിതം.)

ഓരോപാദത്തിലും ഒടുവിലത്തെ ആറക്ഷരങ്ങൾക്കു പ്രത്യേകം യമകത്തിനു്:—

"പശ്യതാദ്ഭുതമതാനിമതാനി
ത്യാഗ ഏഷ കുതുകേനതുകേന
ദത്തമത്രസമുദാരമുദാര-
ക്ഷ്മാധിപേന നവഹേമവഹേമ." ൧൦

(തുലാഭാരശതകം.)

ഇനി യമകത്തിനു വേറേയും വൈചിത്ര്യങ്ങൾ ഉണ്ടു്. രണ്ടുദൃഷ്ടാന്തങ്ങൾ കാണിക്കാം:—

"ധീരസ്യ ധീരസ്യ യദാ പ്രസക്താ
ദൈവാത്ത ദൈവാത്തരുജോസിജീവ!
സാരസ്യസാരസ്യ പുനഃ പ്രസക്തൗ
കന്ദൎപ്പ! കന്ദൎപ്പമയേ! ദധാസി." ൧൧

(തുലാഭാരശതകം.)

ഈ പദ്യം കോട്ടയത്തു തമ്പുരാന്റെ നിവാതകവചവധം ആട്ടക്കഥയിലുള്ള

"കല്പദ്രുകല്പദ്രുപദേന്ദ്രപുത്രീ-
സാരസ്യസാരസ്യനിവാസഭ്രമിം
നാളീകനാളീകശരാൎത്തിതാ സാ
മന്ദാക്ഷ മന്ദാക്ഷരമേവമൂചേ."

എന്നപദ്യത്തെ സ്മരിപ്പിക്കുന്നു.

"സഹോദരീ മഹോദരീ ഹതാമരീസുരദ്വിഷോ
ഭയംകരീ സകിങ്കരീ നിരങ്കുശാനശങ്കിതാ
വിനശ്വരീ കപീശ്വരം ധൃതത്വരം വിസൃത്വരം
വിദാരണം സദാരണേഷ്വവൈരിണാ-
(മഥാരുണത്")
(ഹനുമദുത്ഭവം.)

പദപ്രയോഗത്തിൽ ഭാരതീയരായ ഏതു കവികളോടും കിടനില്ക്കത്തക്ക പ്രശംസാവഹമായ പാടവം തിരുമനസ്സിലേക്കുണ്ടായിരുന്നു എന്നുള്ളതു് ഈ ഉദാഹരണങ്ങളിൽനിന്നു വിശദമാകുന്നുണ്ടല്ലോ.

അന്യാദൃശമായ ആ വ്യക്തിവൈശിഷ്ട്യം

(പി. കെ. പരമേശ്വരൻനായർ ബി. ഏ.)

ഉത്രംതിരുനാൾ മഹാരാജാവുതിരുമനസ്സിലെ വാത്സല്യഭാജനം; ആയില്യംതിരുനാൾ തിരുമനസ്സിലെ മിത്രവും ശത്രുവും; ശ്രീ വിശാഖംതിരുനാൾ തിരുമനസ്സിലെ പ്രേഷ്ഠസുഹൃത്തു്; ശ്രീമൂലംതിരുനാൾ മഹാരാജാവുതിരുമനസ്സിലെ ഉപദേഷ്ടാവു്; മഹാറാണി സേതുലക്ഷ്മീബായി, മഹാറാണി സേതുപാർവ്വതീബായി എന്നീ തിരുമേനിമാരുടെ അഭിവന്ദ്യഗുരുഭൂതൻ; ഇങ്ങനെ വഞ്ചിരാജവംശത്തിലെ പല തലമുറകളെ തമ്മിൽ കൂട്ടിയിണക്കിയ ഒരു സൗവർണ്ണസൂത്രമായി സങ്കല്പിക്കപ്പെടാവുന്ന ഒരസാധാരണവ്യക്തിയാണു കേരളവർമ്മവലിയകോയിത്തമ്പുരാൻ.

"വ്യൂഢോരസ്കോ വൃഷസ്കന്ധഃ
സാലപ്രാംശുർമഹാഭുജഃ"

എന്നുള്ള വർണ്ണനയ്ക്കു നിദർശനമായ ആ ഗംഭീരപുരുഷന്റെ ബാഹ്യാകാരത്തിന്റെ എന്നപോലെ ആന്തരസത്വത്തിന്റേയും ഓരോ ഘടകവും തികച്ചും രാജകീയമായിരുന്നു കേരളത്തിലെ പുരാതനവും ഉൽകൃഷ്ടവുമായ പരപ്പനാട്ടു രാജവംശത്തിൽ ജനനം; പന്ത്രണ്ടാം വയസ്സുമുതല്ക്കു വഞ്ചിരാജകുടുംബത്തോടു ഗാഢസമ്പർക്കത്തിലുള്ള വളർച്ച; ആററിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സിലെ പാണിഗ്രഹണം കൊണ്ടു് ആ ബന്ധത്തിനുണ്ടായ ദൃഢത— ഇങ്ങനെ ഏതേതു സാഹചര്യങ്ങളാണു് അദ്ദേഹത്തിന്റെ രാജകീയമായ അധൃഷ്യതയെ ഉത്തരോത്തരം പ്രവൃദ്ധമാക്കിട്ടില്ലാത്തതു്? മഹാരാജാക്കന്മാരുമായുള്ള നിതാന്തബന്ധംകൊണ്ടു രാജ്യകാര്യങ്ങളിലും രാഷ്ട്രീയകാര്യങ്ങളിലും വേണ്ടിവന്ന ഭാഗഭാഗിത്വം കുറച്ചൊന്നുമായിരുന്നില്ല. ഗവർണ്ണറന്മാരുടേയും റസിഡണ്ടന്മാരുടേയും സൗഹൃദവും, ദിവാൻജിമാരുടേയും ഉയർന്ന ഉദ്യോഗസ്ഥന്മാരുടേയും ഉപദേശകപദവിയും ആ ജീവിതത്തിന്റെ ഗാംഭീര്യത്തെ വളരെയൊക്കെ വർദ്ധിപ്പിച്ചു.

ഈ സൗഭാഗ്യങ്ങളിൽ ഏതാനുമൊക്കെ മതി ഒരു ജീവിതത്തെ ധന്യമാക്കിത്തീർക്കുവാൻ —ഒരുപക്ഷെ അഹങ്കാരവിജൃംഭിതമാക്കുവാൻ. വമ്പും പ്രതാപവും നടിച്ചു്, സുഖലോലുപതയിൽ മുഴുകി ധന്യത ഭാവിച്ച പലർക്കും കേരളവർമ്മവലിയകോയിത്തമ്പുരാന്റെ മഹിമയുടെ ഒരു ശതാംശത്തിനെങ്കിലും അവകാശമുണ്ടായിരുന്നു എന്നു് പറയുവാനില്ല. എങ്കിലും ഇതുപോലെയൊരു വിനയസുഭഗനെ, ദാക്ഷിണ്യവാരിധിയെ, സ്നേഹസമ്പന്നനെ, പരോപകാരപ്രവണനെ, സർവ്വോപരി സഹൃദയാഗ്രണിയെ കേരളത്തിനു ഇനിയും എവിടെ കിട്ടുവാൻപോകുന്നു? അഭിജാതമായ ജനനത്തേയോ പ്രഭുനിർവിശേഷമായ ജീവിതസാഹചര്യങ്ങളെയോ അടിസ്ഥാനമാക്കി ആരെയും അത്രവളരെ അഭിനന്ദിക്കുവാനില്ല. അങ്ങനെയുള്ളവരുടെ ശതാബ്ദാഘോഷങ്ങൾ അവരുടെ ബന്ധുമിത്രാദികൾക്കു പ്രധാനമാണെന്നു വന്നേക്കാം. ഒരുപക്ഷേ, ബന്ധുമിത്രാദികളുടെ മതിപ്പുപോലും ശതാബ്ദാഘോഷഘട്ടംവരെ നിലനിന്നില്ലെന്നും വരാം. പൊതുവെ ലോകത്തിനാണെങ്കിൽ, അവരെപ്പററി അത്രവളരെ ഓർത്തിരിക്കേണ്ട കാര്യമൊന്നുമുണ്ടായിരിക്കുകയുമില്ല. എന്നാൽ വലിയകോയിത്തമ്പുരാന്റെ കാര്യം എത്രയോ വ്യത്യസ്തമായ ഒന്നാണു്! മേൽപറഞ്ഞ സൗമ്യഗുണങ്ങൾമൂലം, അഥവാ ഔന്നത്യത്തിന്റെ അധിത്യകകളിൽനിന്നും എളിമയുടെ താഴ്വരകളിലേയ്ക്കു് സാനുകമ്പം തിരിഞ്ഞുനോക്കുവാനുള്ള സന്നദ്ധത നിമിത്തം, ഇതാ ഇത്രയുംകാലം കഴിഞ്ഞിട്ടും കേരളീയസഹൃദയലോകം ആ മഹാനുഭാവന്റെ യശഃകായത്തിനു മുൻപിൽ സ്നേഹബഹുമാനാദികളോടും കൃതജ്ഞതാഭാരത്തോടും നമ്രശിരസ്കരായി നിലകൊള്ളുന്നു. ഇതു കേവലം നിസ്സാരമായ ഒരു നേട്ടമല്ല.

ഭൗതികജീവിതത്തിലെ നേട്ടങ്ങളെ ആസ്പദമാക്കിയുള്ള അഭിനന്ദനങ്ങൾക്കും ബഹുമതികൾക്കും അർഹതയുള്ളവർ ധാരാളമുണ്ടായി

രിക്കാം. എന്നാൽ നേടിയതിനെക്കാൾ നൽകിയതെന്തെന്നുള്ള പരിഗണനയ്ക്കാണു ഭാവിലോകം കൂടുതൽ പ്രാധാന്യം കല്പിക്കുന്നതു്. ഒരുവന്റെ ജീവിതംകൊണ്ടു സമുദായത്തിനു് എന്തു സിദ്ധിച്ചു, സമുദായം അതിലേക്കു് ആ വ്യക്തിയോടു എത്രമാത്രം കടപ്പെട്ടിരിക്കുന്നു, എന്നിവയായിരിക്കണം മനുഷ്യന്റെ മാഹാത്മ്യനിർണ്ണയത്തിന്റെ മാനദണ്ഡം. ഇതനുസരിച്ചു നോക്കുമ്പോൾ കേരളവർമ്മവലിയകോയിത്തമ്പുരാനെ ഇന്നു ലോകം ബഹുമാനാദരങ്ങളോടുകൂടി കൊണ്ടാടുന്നതിന്റെ രഹസ്യം അദ്ദേഹത്തിന്റെ ഭീമങ്ങളായ നൃപഗുണങ്ങളല്ലെന്നും നേരേമറിച്ചു കാന്തങ്ങളായ മനുഷ്യഗുണങ്ങളാണെന്നും നിഷ്പ്രയാസം കാണാവുന്നതാണു്.

എന്തെല്ലാമായിരുന്നു ആ മനുഷ്യഗുണങ്ങൾ?

രാജകീയസദസ്സുകൾ, ദർബാറുകൾ, പ്രശസ്താതിഥികളുടെ സന്ദർശനരംഗങ്ങൾ മുതലായവയിൽ എല്ലാം മുമ്പും കയ്യും നേതൃത്വവും വഹിച്ചിരുന്ന ഈ ഗംഭീരപുരുഷൻ, അന്നു യാതൊരു നിലയും വിലയുമില്ലാതെ കിടന്ന മലയാളഭാഷയ്ക്കുവേണ്ടി ഇത്രവളരെ ബദ്ധപ്പെട്ടതു്, ക്ലേശിച്ചതു്, എന്തിനെന്നു് ആലോചിക്കുമ്പോഴാണു് ആ ഹൃദയത്തിന്റെ വിശാലതയും പാവനതയും നമുക്കു വിശദമാകുന്നതു്. ഭൗതികമായ ഐശ്വര്യവും സുഖാനുഭവവുമാണു് അദ്ദേഹം അഭിലഷിച്ചതെങ്കിൽ പ്രയാസരഹിതമായി അവ അനുഭവിക്കത്തക്ക പരിതഃസ്ഥിതികൾ ഇതുപോലെ മററാക്കും ഉണ്ടായിരുന്നു എന്നു തോന്നുന്നില്ല. അതല്ല, പ്രശസ്തിയും സഹൃദയാരാധനയുമായിരുന്നു ഉദ്ദേശമെങ്കിൽ 'വിശാഖവിജയം', 'യമപ്രണാമശതകം' മുതലായ പ്രൗഢസംസ്കൃതകാവ്യങ്ങളുടെ കർത്താവിനു സംസ്കൃതത്തിൽതന്നെ പല കാവ്യങ്ങളും എഴുതി അഖിലഭാരതപ്രശസ്തി നേടാമായിരുന്നു. മൂന്നാംപാഠവും വിജ്ഞാനമഞ്ജരിയും മഹച്ചരിതസംഗ്രഹവും പിന്നെ കണക്കു്, ഭൂമിശാസ്ത്രം, ചരിത്രം മുതലായ പാഠപുസ്തകങ്ങളും എഴുതുവാൻ ചെലവാക്കിയ സമയംകൊണ്ടു് എത്രയോ മഹാകാവ്യങ്ങളെഴുതി ആത്മനിർവൃതിയും അനശ്വരയശസ്സും ആർജ്ജിക്കാമായിരുന്നു. എന്നാൽ സ്വസുഖത്തെക്കാൾ ലോകാഭ്യുദയത്തെയും, ആത്മപ്രശസ്തിയെക്കാൾ മാതൃഭാഷോല്ക്കർഷത്തേയും അദ്ദേഹം വലുതായി കരുതി. ഈ മനോഭാവമാണു കേരളവർമ്മവലിയകോയിത്തമ്പുരാനെ ഇന്നു കേരളീയർക്കുസുസ്മരണീയനാക്കിത്തീർത്തിട്ടുള്ളതു്.

ജന്മനാ സഹൃദയനായിരുന്ന അദ്ദേഹം എന്നും ഒരു ഹൃദയാലുവും ദാക്ഷിണ്യശാലിയുമായിരുന്നതു സ്വാഭാവികംതന്നെ. ഈ വൈശിഷ്ട്യം, വലിയകോയിത്തമ്പുരാന്റെ സാഹിത്യജീവിതത്തെത്തന്നെയല്ല, സാക്ഷാൽ ജീവിതത്തെത്തന്നെ, ഹൃദയസ്പൃക്കായ ഒരു മഹാകാവ്യമാക്കിത്തീർത്തു. പ്രബലനും ദൃഢചിത്തനുമായ ഒരു മഹാരാജാവിനോടുള്ള ശത്രുതയ്ക്കുപോലും പ്രഗത്ഭനാക്കിയ ധീരതയും സാഹസികതയും ഒരുവശത്തു്; "ഹരിപ്പാട്ടു കുട്ടൻപിള്ളയുടെ ശാപ്പാട്ടുഹോട്ടൽ" എന്നു ബോർഡെഴുതിവച്ച ഹോട്ടൽമാനേജരുടെ പ്രാസപ്രയോഗവാസനയെ അഭിനന്ദിച്ചു് അയാൾക്കു സമ്മാനംനൽകിയ സഹൃദയത്വവും സൗജന്യശീലവും മറുവശത്തു്. ഒരിടത്തു നായാട്ടു്, ലക്ഷ്യവേധം, ഭാരോദ്വഹനം, മല്ലയുദ്ധമുറകൾ മുതലായ കായികവിനോദങ്ങളിലുള്ള പ്രവീണത; മറുവശത്തു് വിജ്ഞാനഗവേഷണം, കവിതാനിർമ്മാണം, ഭാഷാപരിപോഷണം, സഹൃദയപ്രോത്സാഹനം മുതലായ ലളിതവാസനകൾ-- ഈവിധം പരസ്പരവിരുദ്ധങ്ങളെന്നുതോന്നുന്ന ഭാവങ്ങളുടെ പ്രതിഭാസങ്ങൾ ആ വ്യക്തിവൈഭവത്തിൽ സങ്കീർണ്ണമായി കാണാമായിരുന്നു.

ഉദാത്തമായ സ്വഭാവവിശേഷംകൊണ്ടുള്ള അധൃഷ്യത അദ്ദേഹത്തെ ജനസാമാന്യത്തിൽനിന്നും വളരെ അകററിനിർത്തിയെങ്കിൽ, ആ ഹൃദയത്തിന്റെ സൗമ്യഗുണങ്ങൾ ജീവിതകാലത്തും പില്ക്കാലത്തും അഭിജ്ഞലോകവുമായി അദ്ദേഹത്തെ വളരെ അടുപ്പിച്ചിട്ടുണ്ടു്. സാഹിത്യസേവനത്തിലാണു് ആ സൗമ്യത ഏററവും പ്രകാശിച്ചതു്. സാഹിത്യമണ്ഡലം അദ്ദേഹത്തിനു് ഒരു പ്രത്യേകലോകംതന്നെയായിരുന്നു. അതിൽ ഏകച്ഛത്രാധിപതിയായിരുന്ന അദ്ദേഹം എങ്കിലും അധികാരത്തിന്റെ നിഴലാട്ടംപോലും ഉള്ളവർ പ്രയോഗിക്കാറുള്ള ദണ്ഡനക്രമങ്ങളോ ഭർത്സനപരിപാടികളോകൊണ്ടല്ല അദ്ദേഹം സാഹിത്യസാമ്രാജ്യത്തിൽ ചെങ്കോൽ ചെലുത്തിയതു്. സ്നേഹവും ദാക്ഷിണ്യവും സൗജന്യവും ആശ്രിതവാത്സല്യവുമായിരുന്നു ആ ഭരണനയത്തെ രൂപവൽകരിച്ച ഘടകങ്ങൾ. സിംഹസംഹനനനായ ഒരു ഗംഭീരപുരുഷനെ, ശിശുസഹജമായ മനോനൈർമ്മല്യ

ത്തോടും ശുദ്ധഗതിയോടുംകൂടി കാണണമെന്നുള്ളവർ വലിയകോയിത്തമ്പുരാൻ സാഹിത്യകാരന്മാരോടു് പെരുമാറുന്ന രംഗം തന്നെ കാണണം. എന്തൊരു സമഭാവന, എത്ര അഗാധമായ ദാക്ഷിണ്യബുദ്ധി, സൗജന്യശീലം! ഇതെല്ലാം ഏറക്കുറെ ദൗർബ്ബല്യത്തിന്റെ പരിധിവരെ അദ്ദേഹത്തെ എത്തിക്കാതിരുന്നില്ല, എങ്കിലും ഒരു മഹാത്മാവിന്റെ ഹൃദയമണ്ഡലത്തെ അവ ആവിഷ്കരിച്ചു.

മലയാളഭാഷ, ഗദ്യശാഖയിലും പദ്യശാഖയിലും ഒരു നവോത്ഥാനം കൈക്കൊണ്ടിരുന്ന ആ പരിവർത്തനദശയിൽ ഇതുപോലെ ഹൃദയവിശാലതയുള്ള ഒരുനേതാവു് ആ അബലയുടെഭാഗധേയങ്ങളെ ഭരിക്കുവാനുണ്ടായതു് ഒരു അപൂർവ്വഭാഗ്യംതന്നെയാണു്. ഇത്ര ഉത്സാഹവിജൃംഭിതമായ ഒരു കാലഘട്ടം ഭാഷയുടെ മറ്റേതെങ്കിലുമൊരു ദശയിൽ ഉണ്ടായിരുന്നു എന്നു് തോന്നുന്നില്ല. കന്യാകുമാരിമുതൽ കാസർകോട്ടുവരെയുള്ള ഭൂവിഭാഗത്തിലെ സഹൃദയശിരോമണികൾതമ്മിൽ എന്തൊരു സംസക്തിയും സരസസല്ലാപവുമായിരുന്നു അന്നു്! മലയാളമനോരമ, ഭാഷാപോഷിണി മുതലായ പത്രമാസികകളുടെ ആവിർഭാവംകൊണ്ടുണ്ടായ പ്രചാരണസൗകര്യവും, വലിയകോയിത്തമ്പുരാന്റെ വൈദഗ്ദ്ധ്യപ്രഭാവസുഭഗമായ നേതൃത്വംകൂടിയായപ്പോൾ മലയാളസാഹിത്യം ഉത്സാഹത്തിന്റേയും ഊർജ്ജസ്വലതയുടേയും നടനരംഗമായി പരിണമിച്ചു. അഭിപ്രായവ്യത്യാസങ്ങളിലും വാദപ്രതിവാദങ്ങളിലും പോലും സാഹിത്യപരമായ ഒരു സൗഹൃദം ദൃശ്യമായിരുന്നു. കവികൾതമ്മിൽ കവിതയിലുണ്ടായ കത്തുകളിൽ ആത്മാർത്ഥതയും സാഹോദര്യവും സ്ഫുരിച്ചുകണ്ടു. മത്സരങ്ങളും പരസ്പരഭർത്സനങ്ങളും ഉണ്ടാകാതിരുന്നില്ല. എന്നാൽ അവയെല്ലാംതന്നെ സാഹിതിവിജൃംഭണത്തിന്റെ പ്രതിഫലനങ്ങളെന്നല്ലാതെ വിദ്വേഷദൂഷിതമായ വൈരസ്യപ്രകടനങ്ങളായി പരിണമിച്ചില്ല. വെണ്മണി,നടുവംനമ്പൂതിരിമാർ, കൊടുങ്ങല്ലൂർതമ്പുരാക്കന്മാർ എന്നിങ്ങനെയുള്ള കവികൾ, ചന്തുമേനോൻ, സി. അച്യുതമേനോൻ മുതലായ ഗദ്യകാരന്മാർ, വർഗ്ഗീസ് മാപ്പിള മുതലായ പത്രപ്രവർത്തകന്മാർ, ഇവരുടെമധ്യേ എല്ലാവരേയും കൂട്ടിഇണക്കുകയും പരസ്പരം സഹകരിപ്പിക്കുകയും ചെയ്ത മഹാശക്തിയായ വലിയകോയിത്തമ്പുരാന്റെ നിലയുംകൂടിയായപ്പോൾ കേരളഭാഷയുടെ ഭാഗ്യതാരം അതിന്റെ ഉച്ചനിലയിലെത്തി. എത്ര മഹത്തായ പ്രോത്സാഹനങ്ങളാണു് അവിടുന്നു് സാഹിത്യവ്യവസായികൾക്കു് അനവരതം നല്കിവന്നതു്! അനർഹരായ ചിലർകൂടി അവരിൽ ഉൾപ്പെട്ടുപോയിഎന്നുള്ളതു് പരമാർത്ഥംതന്നെ. എങ്കിലും ഭാഷയുടെ അന്നത്തെ നിലയ്ക്കു്, സാഹിത്യമണ്ഡലത്തിലെ ആൾപ്പെരുപ്പം ദോഷത്തേക്കാൾ ഗുണമാണു് പ്രദാനംചെയ്തതു്. അതിനാൽ നിസർഗ്ഗജമായ ദാക്ഷിണ്യത്താൽ പ്രേരിതമായ വലിയകോയിത്തമ്പുരാന്റെ പ്രോത്സാഹനവ്യഗ്രതയെ ആർക്കും അപലപിക്കുവാൻ അവകാശമില്ല. ആ ജീവിതത്തിന്റെ പ്രകാശമാനമായ വശത്തേക്കാൾ അതിനെ ആവരണംചെയ്ത ചില കരിനിഴലുകളാണു് ഭാവിയിൽ അതിന്റെ ആകർഷകത്വത്തെ വർദ്ധിപ്പിക്കുവാൻ ഇടയുള്ളതു്. വലിയകോയിത്തമ്പുരാന്റെ ജീവിതകഥ, പ്രൗഢമാണെങ്കിലും മുക്കാലും ശോകസങ്കലിതമാണു്. പതിനാലാമത്തെവയസ്സിൽ ആററിങ്ങൽ മൂത്തതമ്പുരാൻതിരുമനസ്സിലെ പാണിഗ്രഹണസൗഭാഗ്യം കൈവന്നതു് എത്രയും ഉജ്ജ്വലവും അനന്യസദൃശവുമായ ഒരു ഭാവിയെ പ്രദ്യോതിപ്പിച്ചു. എന്നാൽ അനപത്യത എന്ന ദൗർഭാഗ്യം മഹത്തായ പ്രത്യാശകളെയെല്ലാം പാടെനിഹനിച്ചു.

“ദന്താങ്കുരമകാരണസ്മിതവശാലേ-
താന്നമാലക്ഷ്യമായ്
ചെന്താർവേരിചെവിക്കുചേർത്തുകളമാ-
യഞ്ചുംമൊഴിക്കൊഞ്ചലിൽ
സന്താനാഭരണങ്ങളാംതനയർവ-
ന്നങ്കത്തിലേറീടവേ
ഹന്താലിംഗനമാർന്നതത്തനുരജ-
സ്സേല്ക്കുന്നു ധന്യംജനം.”

എന്നിങ്ങനെ കാളിദാസശ്ലോകത്തെ വിവർത്തനംചെയ്തതിൽപോലും സ്വകീയമായ ഹതഭാഗ്യതയെ അദ്ദേഹം ധ്വനിപ്പിക്കുന്നില്ലയോ എന്നു് തോന്നിപ്പോകുന്നു.

“വിശാഖവിജയഃ പുത്രഃ
പുത്രി മമ ശകുന്തളാ.”

എന്നിങ്ങനെയും അദ്ദേഹം പില്ക്കാലത്തു് വിലപിച്ചതായി കേട്ടിട്ടുണ്ടു്. എ

ന്നാൽ ആ ജീവിതത്തിലെ ഏററവും അന്ധകാരതുരമായ ഭാഗം ആയില്യംതിരുനാളുമായുണ്ടായ സംഘട്ടനകാലമാണ്. ആദ്യം അത്യന്തം ഗാഢമായ ഒരു സൗഹൃദബന്ധത്താൽ അവർ പരസ്പരബദ്ധരായിരുന്നു. എന്നാൽ വിരോധമായപ്പോൾ അതും അത്യുൽക്കടമായി പരിണമിച്ചു. യൗവ്വനത്തിളപ്പുമൂലം കോയിത്തമ്പുരാൻ എതിർകക്ഷിയുടെ നിസ്സീമശക്തിയെ വകവച്ചില്ല. പക്ഷേ കല്പന, കല്ലേപ്പിളൎന്നു. കേരളവൎമ്മ, ബന്ധനസ്ഥനായി. നാലഞ്ചുകൊല്ലം അങ്ങനെ കഴിച്ചു. ഇടയ്ക്കു് പശ്ചാത്താപത്തോടു് 'ക്ഷമാപണസഹസ്രം' സമൎപ്പിച്ചു. ഫലമുണ്ടായില്ല. ഒടുവിൽ 'യമപ്രണാമശതകം' എഴുതി. വിശാഖോദയത്തോടുകൂടി മോചനം സിദ്ധിച്ചു. അങ്ങനെ കഴിഞ്ഞ കാലഘട്ടം യൗവനത്തിൻേറയും അപരിമിതമായ ആത്മവിശ്വാസത്തിൻേറയും ദുഷ്യഫലങ്ങളെ അനുഭവിപ്പിച്ചു. എങ്കിലും ഭാവിയെ അതു് പരിപക്വമാക്കുകയും ചെയ്തു.

കനലിൽ പഴുത്ത കനകംപോലെ പ്രകാശിച്ച അനന്തരകാലജീവിതമെങ്കിലും അതും ശോകസങ്കുലതകളിൽനിന്നും വിമുക്തമായിരുന്നില്ല. ൧൦൭൩-ൽ ഏകസഹോദരിയായ തമ്പുരാട്ടി ചരമഗതി പ്രാപിച്ചു. നിസ്സന്താനയായ പ്രാണപ്രേയസിയുടെ മനസ്സും ക്രമേണ ശോകസങ്കുലവും നൈരാശ്യപൂൎണ്ണവുമായി. അതിനാൽ സ്വയം സമാധാനപ്പെടുകമാത്രമല്ല മഹാറാണിയെ സമാധാനിപ്പിക്കേണ്ട കൎത്തവ്യം കൂടി നേരിട്ടു. അതിനിടയ്ക്കു മഹാറാണിയുടെ സഹോദരീസന്താനങ്ങളും വൃദ്ധയായ മാതാവും ചരമംപ്രാപിച്ചു. ക്രമേണ മഹാറാണിയുടെ ആരോഗ്യം ക്ഷയിച്ചു. ൧൦൭൬-ൽ ഏതാനും ദിവസത്തെ രോഗബാധയ്ക്കുശേഷം അവിടുന്നു പെട്ടെന്നു ചരമഗതിയടഞ്ഞു. വലിയകോയിത്തമ്പുരാൻെറ ഹൃദയക്ഷതം അപരിഹാര്യം തന്നെയായിരുന്നു. "തീൎച്ചയായും ഞാനാണു മുൻപു് ഇഹലോകവാസം വെടിയേണ്ടതു്......മഹാരാജ്ഞിയെക്കൂടാതെ ഒരുദിവസമെങ്കിലും ജീവിക്കയെന്നതു എനിക്കെത്രമാത്രം സങ്കടകരമായിരിക്കും?" എന്നിങ്ങനെ മുൻപൊരവസരത്തിൽ സർ ശേഷയ്യാശാസ്ത്രിക്കു് അയച്ച ഒരു കത്തിൽ പ്രസ്താവിച്ചിരുന്ന ആ ഹൃദയസമ്പന്നനു് മറിച്ചുള്ള ഈ സംഭവം എത്ര അസഹനീയമായിരുന്നുവെന്നു് പറയേണ്ടതില്ലല്ലോ. ഈ ആഘാതത്തോടുകൂടി കോയിത്തമ്പുരാൻെറ മാനസോല്ലാസം ഏറെക്കുറെ അസ്തമിച്ചു എന്നുതന്നെ പറയാം. പിൽക്കാലത്തു്, ഒടുവിൽകുഞ്ഞുകൃഷ്ണമേനോനു് അയച്ച ഒരു കത്തിൽ അവിടുന്നു ഇപ്രകാരം എഴുതിയിരുന്നു. "ദുരന്തപൂൎണ്ണമായ ഈ രംഗത്തിനു് കഴിയുന്നതുംവേഗത്തിൽ യാത്രപറയണമെന്നല്ലാതെ മറെറാരാഗ്രഹവും എനിക്കിപ്പോൾ ഇല്ല." എത്ര നൈരാശ്യജനകമായ വികാരങ്ങൾ!

അവിടുത്തേയും ആരോഗ്യം വളരെ ക്ഷയിച്ചുതുടങ്ങി. എങ്കിലും സാഹിത്യസമാരാധനയിൽ മുഴുകി ഹൃദയഭാരം കുറയ്ക്കുവാൻ കഴിഞ്ഞു. പക്ഷേ സാഹിത്യത്തിലും സമാധാനം ലഭിക്കാമായിരുന്ന ഒരു കാലമായിരുന്നില്ല അതു്. ഏതു നിസ്സാരകവിയെപ്പോലും പ്രോത്സാഹജനകമായ അഭിപ്രായങ്ങൾകൊണ്ടു് അനുഗ്രഹിച്ചുവന്ന അവിടുത്തേയ്ക്കു് ഒടുവിൽ ഇരിക്കപ്പൊറുതിയില്ലാത്തവണ്ണം കവികളിലും ഗ്രന്ഥകാരന്മാരിലുംനിന്നു് കത്തുകളും അപേക്ഷകളും വന്നുകൊണ്ടിരുന്നു. ശാരീരികമായ ശക്തി ക്ഷയിച്ചകാലത്തു് പഴയപോലെ അതിൻെറ ക്ലേശം അദ്ദേഹത്തിനു സഹിക്കുവാൻ കഴിഞ്ഞില്ല. വിവരം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയെങ്കിലും ഫലമൊന്നും ഉണ്ടായില്ല. ഇതിനിടയ്ക്കു് സാഹിത്യസാമ്രാജ്യത്തിലെ മഹാരഥന്മാർതമ്മിൽ തീവ്രമായ മത്സരങ്ങളും വാദപ്രതിവാദങ്ങളും ഉണ്ടായി. ദ്വിതീയാക്ഷരപ്രാസവാദത്തിൽ ഒരു കക്ഷിയുടെ നേതൃത്വം വഹിക്കേണ്ട ഭാരം അദ്ദേഹത്തിനു നേരിട്ടു. അതു സംബന്ധിച്ചു പ്രിയഭാഗിനേയനും ശിഷ്യോത്തമനുമായ കേരളപാണിനിയുമായി രസക്ഷയത്തിനിടവന്നതും വാൎദ്ധക്യകാലത്തെ ഒരു നിർഭാഗ്യസംഭവമായിരുന്നു. ക്ഷതാഭിമാനനായ ഒരു ശുദ്ധഹൃദയൻെറ വികാരങ്ങൾക്കു അദ്ദേഹം വശഗതനായി. പല സ്ഫോടനങ്ങളും അവിടെനിന്നുണ്ടായി. ക്രമേണ പാരത്രികത്തിലേയ്ക്കുള്ള ശ്രദ്ധ വൎദ്ധിച്ചു. കഴിഞ്ഞകാലങ്ങളിലെ ചാപല്യങ്ങളെപ്പററി പശ്ചാത്തപിച്ചു. ഈ പശ്ചാത്താപത്തിൻെറ ബാഹ്യപ്രകടനമാണു് 'ശ്രീപത്മനാഭപദപത്മശതകം' എന്ന സ്തോത്രകാവ്യം. രാജകാൎയ്യങ്ങളിലേൎപ്പെട്ടു് ഈശ്വരനെ വിസ്മരിച്ചതിൽവച്ചു് ഉണ്ടായ അനുതാപത്തെ അതിൽ പ്രദർശിപ്പിച്ചിരിക്കുന്നു:—

"അക്കാമിതാൎത്ഥമരുളീടുമധോക്ഷജൻെറ
തൃക്കാലിരിക്കെയിതരസ്തുതിചെയ്തതോൎക്കിൽ

ധിക്കാരമേ, തദപരാധമപാകരിക്കാ-
നിക്കാലമീശപദവന്ദനചെയ്തിടുന്നേൻ"

എന്നീവിധമാണ് അതിന്റെ ഗതി. മാത്രമല്ല അപഥത്തിലേയ്ക്കു നയിച്ച പല ജീവിതചാപല്യങ്ങളേയും പഴിക്കുന്നു; പലതും തുറന്നുപറയുന്നു:—

"മോദം കലൎന്നു ചതുരംഗമതിൽ ഭ്രമിച്ചേൻ
കാദംബിനീകബരിമാരിലുമാരമിച്ചേൻ" *

എന്നിങ്ങനെ പലതും ഏററുപറയുന്നു. ലോകത്തിലെ ഉൽകൃഷ്ടങ്ങളായ നേട്ടങ്ങളെന്നു പറയാവുന്ന വിജ്ഞാനഗവേഷണത്തിൽപോലും വിരക്തിയാണ് ഒടുവിൽ ഉണ്ടായതു്:—

"നാലഞ്ചുഭാഷകൾ മുഷിഞ്ഞുവൃഥാ പഠിച്ചേൻ;
പാലഞ്ചിടുംമൊഴിയുമായ്പ്പലനാൾകഴിച്ചേൻ
കാലം ചതിച്ചു കരുണാകര! ഞാനിനി തൃ-
ക്കാലഞ്ചുവൻ; കരുണയോടയി കാത്തുകൊൾക"

എന്ന ശ്ലോകം ഈ മനോഭാവത്തെ പ്രസ്പഷ്ടമാക്കുന്നു. ഇങ്ങനെ ലൗകികവിഷയങ്ങളിൽനിന്നും വിരമിച്ചു ക്രമേണ ചിദാത്മചിന്തയിലും ഭഗവൽഭക്തിയിലും മുഴുകിത്തുടങ്ങിയിരുന്ന ഘട്ടത്തിലാണ് ൧൦൮൦-ാമാണ്ടു കന്നിമാസം ൨-ാംതിയതി കായംകുളം കറെറത്തെരുവിൽവച്ച് ആ ശോകാന്തനാടകത്തിന്റെ ചരമാങ്കം ഹൃദയഭേദകമായരീതിയിൽ സംഭവിച്ചതു്; കാറപകടത്തിൽപെട്ടു വലിയകോയിത്തമ്പുരാൻ ലോകത്തോടു് എന്നേയ്ക്കുമായി യാത്ര പറഞ്ഞു.

*　　*　　*　　*

വലിയകോയിത്തമ്പുരാന്റെ ജീവിതം ലോകത്തിനുചെയ്തു സംഭാവനയെന്തെന്നുള്ള ഒരു വിചിന്തനത്തോടുകൂടി ഈ നിരീക്ഷണം ഉപസംഹരിക്കാമെന്നു വിചാരിക്കുന്നു. ഭാഷാഭിമാനി, പണ്ഡിതൻ, കവി, ഗദ്യകാരൻ എന്നീ വിവിധനിലകളിൽ നിന്നുകൊണ്ടു് ആധുനിക മലയാളസാഹിത്യത്തിന്റെ അസ്ഥിവാരമുറപ്പിച്ചതാണ് ആ ജീവിതത്തെസംബന്ധിച്ചിടത്തോളം അനന്തരഗാമികൾക്കു് ഏററവും സ്മരണീയമായിട്ടുള്ള സംഗതി. അദ്ദേഹത്തിന്റെ ഭാഷാസേവനപരിപാടി തികച്ചും ത്യാഗപ്രദമായിരുന്നു. ൧൦൪൮-ൽ, അതായതു തന്റെ ൨൫-ാമത്തെ വയസ്സിൽ ബുക്ക്കമ്മിററിമെമ്പറായി. ഒരു സമിതിയെന്നുള്ള പേരുമാത്രമേ ആ കമ്മിററിക്കുണ്ടായിരുന്നുള്ളു. അതിലെ ഭാഷാപരിജ്ഞാനമുള്ള അംഗം വലിയകോയിത്തമ്പുരാൻമാത്രമായിരുന്നു. അതിനാൽ ഗ്രന്ഥങ്ങളിൽ മിക്കവയുടേയും കർത്തൃത്വം അവിടുന്നുതന്നെ വഹിക്കേണ്ടിവന്നു. ഗദ്യഗ്രന്ഥങ്ങളായിരുന്നു അവയിൽ അധികവും എന്നുള്ളതു സ്മരണീയമാണ്. വാസ്തവത്തിൽ ഇന്നത്തെ മലയാളഗദ്യത്തിന്റെ അടിസ്ഥാനം ഉറച്ചതു വലിയകോയിത്തമ്പുരാന്റെ അന്നത്തെ ആത്മാൎത്ഥമായ പരിശ്രമങ്ങളാലാണ്. ഗദ്യരീതിയുടെ ഒരു നിഴൽമാത്രമേ അതിനുമുൻപുണ്ടായിരുന്നുള്ളു. ആംഗലസാഹിത്യത്തിലെ അഡിസൻ, സ്റ്റീൽ, സ്വിഫ്ററ് മുതലായ പ്രശസ്തഗദ്യകാരന്മാരുടെരീതിയിൽ സുഗമമായ ഗദ്യശൈലികൾക്കു മലയാളത്തിൽ മാതൃക കാണിച്ചുകൊടുത്തതു വലിയകോയിത്തമ്പുരാനായിരുന്നു. ഈ കൃത്യത്തിൽ അന്തർഭവിച്ചിരിക്കുന്ന നിസ്സ്വാൎത്ഥമായ ഭാഷാഭിമാനം എത്രയോ പ്രശംസനീയമായിരിക്കുന്നു!

കവിതയിലും മാൎഗ്ഗദൎശകമായ ചില കൃതികൾ അദ്ദേഹം രചിച്ചു. ശാകുന്തളതൎജ്ജിമ, അന്നു് മലയാളസാഹിത്യത്തിനു് നല്കിയ പ്രചോദനം എത്രമാത്രമെന്നു് ഖണ്ഡിച്ചുപറയത്തക്കതല്ല. അതിനെ വിസ്മരിച്ചു തദ്വിഷയകമായിച്ചെയ്ത പരിശ്രമത്തിന്റെ വില മനസ്സിലാക്കാതെയും, വലിയകോയിത്തമ്പുരാൻ കേവലം തൎജ്ജിമക്കാരനാണെന്നും മററും ചിലർ അപലപിക്കുന്നതു് കേട്ടിട്ടുണ്ടു്. അദ്ദേഹത്തിന്റെ തൎജ്ജിമയിൽ ചില കുറവുകളും ഉണ്ടെന്നുള്ളതു പരമാർത്ഥംതന്നെ. അനന്തരം പലരും ചെയ്ത വിവൎത്തനങ്ങളിൽ അത്തരം കുറവുകൾ കൂടാതെ കഴിക്കുവാൻ തൽക്കർത്താക്കളെല്ലാം വളരെ ശ്രമിച്ചിട്ടുമുണ്ടു്. എങ്കിലും വലിയകോയിത്തമ്പുരാന്റെ തൎജ്ജിമയുടെ മേന്മയും പ്രത്യേകതയും നിലനില്ക്കുകതന്നെ ചെയ്യുന്നു. അവർ ഒരു കുറവു് പരിഹരിച്ചിടത്തു് വേറെ പത്തു് കുറവുകൾ കടന്നുകൂടീട്ടുള്ളതിന്റെ ദൃഷ്ടാന്തങ്ങളും സുലഭമാണ്.

* "കാദംബരീരസസമസംശയമാപ്പാടിച്ചേൻ" എന്നായിരുന്നു ആദ്യപാഠം എന്നു കേട്ടിട്ടുണ്ടു്.

മയൂരസന്ദേശമാണു് മറെറാരു മാതൃകാകൃതി. മലയാളത്തിൽ അതിനു മുൻപു് ഒരു സന്ദേശകൃതി എഴുതപ്പെട്ടിരുന്നു എങ്കിലും ആധുനികസാഹിത്യലോകം ആദ്യമായി കണ്ട സന്ദേശകാവ്യം മയൂരസന്ദേശം തന്നെയാണു്. വലിയകോയിത്തമ്പുരാന്റെ വ്യക്തിത്വം അനുപദംസ്ഫുരിക്കുന്ന ആ കൃതിയുടെ യഥാർത്ഥമാഹാത്മ്യത്തിലേയ്ക്കു് കടക്കുവാൻ കഴിവില്ലാത്ത ചിലനിരൂപകന്മാർ അതിന്റെ നേരെയും ഭർത്സനശസ്ത്രങ്ങൾ പൊഴിച്ചുതുടങ്ങിയിട്ടുണ്ടു്. എങ്കിലും മണിപ്രവാളസാഹിത്യത്തിൽ അതിനുള്ള സ്ഥാനം ദൃഢവും ചിരസ്ഥായിയും ആയിരിക്കും.

അന്യാപദേശശതകം, ദൈവയോഗം, ശ്രീപത്മനാഭപദപത്മശതകം മുതലായ കാവ്യങ്ങളേയും അക്ബർ, മഹച്ചരിതസംഗ്രഹം തുടങ്ങിയ ഗദ്യഗ്രന്ഥങ്ങളേയും പററി പ്രതിപാദിക്കുവാനുണ്ടെങ്കിലും ഈ വിമർശം ദീർഘിപ്പിക്കണമെന്നു് വിചാരിക്കുന്നില്ല. ഒരു കവിയുടെ സാഹിത്യപരിശ്രമങ്ങളെ നിരൂപണംചെയ്യുമ്പോൾ അദ്ദേഹത്തിന്റെ കാലം, സാഹചര്യങ്ങൾ മുതലായവയെ പശ്ചാത്തലമാക്കിയല്ലാതെ ആത്മാർത്ഥതയുള്ള ഒരു വിമർശകനു് ചിന്തിക്കുവാൻ നിർവ്വാഹമില്ല. അങ്ങനെചെയ്യാതെ, കഴിഞ്ഞതലമുറയിൽ ജീവിച്ച ഒരു കവിയെ ഈ തലമുറയുടെ മാനദണ്ഡങ്ങൾ വച്ചുകൊണ്ടളന്നു് കുറവുകൾ കണ്ടുപിടിക്കുവാൻ ശ്രമിക്കുന്ന നിരൂപണരീതി തലതിരിഞ്ഞതെന്നല്ലാതെപറയുവാൻ നിവൃത്തിയില്ല. മലയാളത്തിൽ നാടകങ്ങൾ ഇല്ലാതിരുന്ന ഒരു കാലത്തു് ഒരു മഹാകവിയുടെ കൃതി മനോഹരമായ രീതിയിൽ തർജ്ജിമചെയ്തു മാതൃകകാണിച്ചുകൊടുത്ത ഒരു ഭാഷാഭിമാനിയെ ഈ വിദൂരകാലത്തിരുന്നുകൊണ്ടു് സ്വതന്ത്രകവിതയുടെ പേരിൽ ദോഷാരോപണംചെയ്യുവാൻ ഉദ്യമിക്കുന്നതു് വിമർശകന്റെ വിവേകശൂന്യതയേയാണു് കാണിക്കുന്നതു്. മണിപ്രവാളരീതിയിൽ കവിതയെഴുതിയഒരുകവിയെ, പച്ചമലയാളരീതിയുടെ നിയമങ്ങൾ ലംഘിച്ചുവെന്നു പറഞ്ഞു് കുററപ്പെടുത്തുന്നതു് കേവലം അസംബന്ധമാണു്. ഇന്നത്തെ ചില നിരൂപകന്മാർ വമ്പന്മാരായ പൂർവന്മാരെ ആക്ഷേപിച്ചു്, അതിൽ വച്ചുള്ള മേന്മയിലാണു് അവരുടെ നിരൂപകപദവി കെട്ടിപ്പൊക്കുവാൻ പോകുന്നതെന്നു തോന്നുന്നു. ജീവിതകാലംമുഴുവൻ മാതൃസാഹിത്യത്തിനും വിജ്ഞാനഗവേഷണത്തിനും വേണ്ടി സമർപ്പിച്ചു് അവിശ്രാന്തപരിശ്രമം കൊണ്ടു് ഭാഷയ്ക്കു് ഉൽക്കർഷവും ഉണർവും നൽകിയ പ്രതിഭാശാലികളെ ഇടിച്ചു താഴ്ത്തി സംസാരിക്കുന്നതോടുകൂടി സ്വയം അവരെക്കാൾ ഉയരുവാൻ കഴിഞ്ഞു എന്നുള്ള ഒരു വിശ്വാസമാണു് ഈ സാധുക്കൾക്കുള്ളതെന്നു തോന്നുന്നു. എന്നാൽ ആ ഗംഭീരപുരുഷന്മാരുടെ ഉറച്ച നിലയെവിടെ? ഈ ഉപരിപ്ലവമതികളുടെ കക്ഷിപിക്ഷിവിമർശനങ്ങളെവിടെ? വലിയകോയിത്തമ്പുരാന്റെ സാഹിത്യയശസ്സിന്റെമേൽ ഇവർ എന്തെല്ലാം ആക്ഷേപകോലാഹലങ്ങൾ വർഷിച്ചാലും അദ്ദേഹം അദ്ദേഹമായും, അവർ അവരായും അവശേഷിക്കുന്നതല്ലാതെ സ്ഥിതിഗതികൾക്കു യാതൊരന്തരവും വരാൻപോകുന്നില്ലെന്നു സമാധാനിക്കത്തക്കതേയുള്ളൂ.

തൃപ്പാദങ്ങളിൽ

(കീഴ്കുളം എൻ. രാമൻപിള്ള എം. ഏ.)

സ്വച്ഛശ്രീസൗന്ദര്യപ്പാൽക്കടൽത്തിങ്കളേ!
സച്ചിദാനന്ദപ്പൂന്തേൻകുഴമ്പേ!

പ്രേമപ്പൊൽച്ചെന്താരിൻസൗരഭ്യസാരമേ!
വാർമെത്തും കാരുണ്യകേദാരമേ!

സർവ്വലോകങ്ങൾക്കുമേകാവലംബമേ!
ശർമ്മവിട്ടുന്നരുളണം മേ!

സംസാരമാമിതിൽക്കിംസാരമായതിൻ
സംസാരവും ഭീതിചേർക്കുമല്ലോ.

അങ്ങാണാനാടകസൂത്രധാരനെന്നു
പൊങ്ങുന്ന കീർത്തി ജഗത്‌ത്രയത്തിൽ

എങ്ങും ഭയാനകമല്ലാതതിൽ തെല്ലും
തങ്ങുന്നില്ലല്ലോ രസങ്ങളൊന്നും.

ഒന്നിനുംകൊള്ളാത്തെനിക്കുമെന്തിന്നതിൽ-
ത്തന്നതൊരുവേഷമാടിക്കൊൾവാൻ.

പോരുമഭിനയം, പോരുമെനിക്കിനി-
പ്പോരട്ടേ! ഞാൻ തവ സന്നിധിയിൽ.

* * * * * *

എന്തെന്തേ! പാലഞ്ചുംപുഞ്ചിരിക്കൊണ്ടങ്ങു
ഹന്ത! മറുപടി ചൊല്ലി നിൽപ്പൂ?

പന്തിയായില്ലേ മൽപ്രാർത്ഥന തെല്ലുമെൻ
ബന്ധുരവാത്സല്യവാരിരാശേ!

വല്ലതും ഞാനൊന്നകാര്യമായിന്നേരം
ചൊല്ലിപ്പോയെങ്കിൽപ്പൊറുത്തിടേണം.

മഞ്ഞുകൊണ്ടാൽ മൃദുമഞ്‌ജുളമാം നല്ല
കഞ്ജത്താർ വാടി വറണ്ടിടുന്നു.

തീക്കനൽക്കൂടിയും കാല്ക്കൽ വീഴുംവണ്ണം
ചീർക്കുന്ന ചൂടേറുമാതപത്തിൽ

എത്രയും കോമളമത്താമരപ്പൂവും
പത്രം വിടർത്തി വിളങ്ങുമല്ലോ.

ഉള്ളിൽ വികാസവും നൈർമ്മല്യവും വരാ-
നുള്ളതിതിൽനിന്നു ചിന്തിക്കുമ്പോൾ,

സൗഖ്യങ്ങളേക്കാളുതകുന്നതെത്രയും
ദുഃഖങ്ങളെന്നല്ലി വന്നിടുന്നു?

മോദവും സാദവുമൊപ്പമായ്ത്താങ്ങുവാൻ
ചേതസ്സിൽ ശക്തി പുലർത്തേണം മേ.

ലോകങ്ങൾ ശോകമാമാഴിയിൽ വീഴ്കവേ
മാഴ്കുന്നു ഞാൻ സ്വന്തസന്താപത്തിൽ.

ഇച്ഛിത്തഭാവനയുച്ചാടനംചെയ്‌വാ-
നച്ഛിന്നം ത്വൽകൃപയെങ്കൽവേണം.

ഞാനാണിതെന്റേതാണെന്ന നിനവെല്ലാം
മാനസം കൈവിട്ടുപോയിടട്ടെ.

എന്റേതാണൊന്നൊന്നു തോന്നുകിലെല്ലാമി-
ങ്ങെന്റേതാണെന്നുതാൻ തോന്നിടട്ടേ!

പാകത്തിലേകത്വമിങ്ങനേകത്വത്തി-
ലേകത്തിൽ നന്നായനേകത്വവും

കാണുവാനെന്നുടെ കണ്ണുകൾക്കെത്രയും
വേണുന്ന കാഴ്ച ലഭിച്ചിടേണം.

താരിലും തങ്കത്തളിരിലും തണ്ടിലും
താരാവലിയിലും തിങ്കളിലും

ആററിലും കാററിലുമാഴിത്തിരകൾതൻ
നീററിലും കൊച്ചിനരശ്മിയിലും

കല്ലിലും പുല്ലിലും മാമരച്ചാർത്തിലും
വല്ലിയിലുമുന്നതാദ്രിയിലും

എന്നിലും സർവ്വചരാചരംതന്നിലു-
മൊന്നുപോൽ മിന്നും മഹസ്സുകാണ്മാൻ

കാരുണ്യമെന്നുള്ള നേരറെറാരൗഷധ-
സാരമെൻകണ്ണിൽ ചൊരിഞ്ഞിടേണം.

സത്യസ്വരൂപനായ് നിത്യമംഗല്യമാം
പൊൽത്താർ വിടർത്തുന്ന ലോകബന്ധോ!

മാപ്പെൻപിഴകൾക്കു നല്കി രക്ഷിക്കുവാൻ
കൂപ്പുകൈത്താരുകളായിരങ്ങൾ.

നിൻകഴൽച്ചെങ്കുളുർപ്പങ്കജത്തിങ്കൽ ഞാൻ
തങ്കുന്ന ഭക്തിയോടർപ്പിക്കുന്നേൻ.

രഹസ്യക്കത്ത്

(തെയ്ക്കാട്ടു ചന്ദ്രശേഖരൻനായർ.)

വിവശതയിലംബികേ! ഞാനന്നപ്പൊഴേ
തവലിഖിതമീക്ഷിച്ചു കാല്യസന്മുദ്രയിൽ!!

പൊരുളിതിനകത്തെന്തറിഞ്ഞീ,ലെനിക്കൊരു
പരിചയവുമില്ല നിൻകത്തു വായിക്കുവാൻ;

ബുധരമിതപാരായണം തുടരട്ടെ, ഞാൻ
ബധിര,നവരോടടുത്തൊച്ചവയ്ക്കില്ലതാൻ.

ഭവതിയുടെ കത്തിന്റെ സാരംഗ്രഹിക്കുവാ-
നവരിലെവനെങ്കിലും സാധ്യമായെങ്കിലോ!

മമഹൃദയതന്തുക്കളിൽച്ചേന്നലച്ചനു-
ക്രമമിതുസദാ മുനങ്ങുന്നു ദുർഗ്ഗ്രാഹ്യത!

അരുവികളുറക്കെനിൻ കത്തുവായിച്ചിട്ടും,
തരുലതകളാശ്ലിഷ്ടരോതുമാവാർത്തകൾ;

തളിരധരപംക്തിവിട്ടെത്തിസ്സുമാളികൾ
വളരെയിഹ നിൻരഹസ്യങ്ങൾ കാട്ടിത്തരും;

വെളിയടവെടിഞ്ഞുനിശ്ശബ്ദരായ് താരക-
ളൊളിവിതറിയെത്തുന്നനേരത്തു മായികേ!

നെടിയതവപത്രത്തിനന്തരംഗങ്ങളെൻ
പിടിയിൽവരുമെന്നോർത്തു ഞാൻപാർത്തിരുന്നിട്ടും

തിരയുവതുകണ്ടെത്തുവാനില്ലകെല്പമേ;
തിരിയുവതുമില്ലെനിക്കുള്ളപാഠങ്ങളും!

ഇതുവരെയുമീലേഖനം തെളിയാത്തതേ
മതി—വലിയഭാരം ലഘുവായ്ഭവിച്ചുമേ;

ഇനിയുമിതുഗ്രന്ഥമായ്ത്തന്നെശേഷിക്കയോ-
ലിനിവ്യകലരും സ്വപ്നമെത്രയോകാണ്മു ഞാൻ!

അറിവരുളിടേണ്ടനാളത്തതി,ലാഗ്രഹ-
ച്ചിറകിലൊരുസുന്ദരഗാനമാണിന്നുഞാൻ!

ശരി, കുതുകദാത്രി! നിന്നജ്ഞാതമായിട്ടും
കരുത,ലതിബുദ്ധിമാൻ മർത്ത്യൻ തകർക്കുമോ!!

എന്റ മതം

(ശൂരനാട്ടു പി. എൻ. കുഞ്ഞൻപിള്ള എം. ഏ.)

ഞാനറിയാതെനിക്കേകിനാർ പേരൊന്നു-
ഞാനതിൻ ദാസനായ് വന്നു പിന്നെ.

എന്താണെൻവാഞ്ഛകളെന്നൊന്നുമോരാതെ-
യെൻതായയെൻനാമം നിശ്ചയിച്ചു

അന്നു ഞാൻ കേവലം മാനുഷരൂപത്തിൽ
മന്നിടം പ്രാപിച്ച കീടമാത്രം.

കേട്ടതില്ലൊന്നുമേ കാതുണ്ടെന്നാകിലും
കാണുവാനെൻകണ്ണുതകിയില്ല.

നാവുണ്ടരുതെന്നു ചൊല്ലുവാൻ കെല്പില്ല,
ഭൂവിൽ ഞാൻ കേവലം നിസ്സഹായൻ.

അന്നെനിക്കർത്ഥവിഹീനമാമാവാക്കു
പിന്നെയെൻപേരെന്നു ഞാനറിഞ്ഞു. ൧

ഞാനറിയാതെയെൻജീവിതത്തിൻപൊരുൾ,
നൂനമീവണ്ണം നിയമിതമായ്;

ബന്ധുവിഹീനനാം ഞാനനേകായിരം
ബന്ധങ്ങൾപൂണ്ടുതുടങ്ങി പിന്നെ;

അമ്മയുണ്ടച്ഛനുണ്ടണ്ണനും തമ്പിയു-
മമ്മാവനുമുണ്ടു നാട്ടുകാരും;

സ്നേഹവും ദ്വേഷവും നന്മയും തിന്മയും,
മോഹവും മാനവും വന്നുമേന്മേൽ.

ഞാനെന്നും നീയെന്നും ലോകമെന്നും പല
ഞായങ്ങൾ ഞാൻ കണ്ടുകൊണ്ടേൻ പിന്നെ.

കണ്ടതിന്നൊക്കെയും കണ്ടവർനല്കുംപേർ
കൊണ്ടുഞാൻ തൃപ്തിയുംപൂണ്ടുപോന്നു.

പേർകൊണ്ടുമൂടിയ ലോകത്തെ പേർവിട്ടു-
വേറിട്ടുകാണാൻ ഞാൻ യത്നിച്ചീല.

സൂര്യനോ സൂര്യൻതാൻ; ചന്ദ്രനോചന്ദ്രൻതാൻ,
കാര്യങ്ങളെല്ലാം ഞാൻ തേറിയേവം.

നാമത്താൽ ലോകത്തെ ബന്ധിച്ചിവണ്ണംഞാൻ
നാമം താനിലോകമെന്നുതേറി,

സത്യത്തെ ശബ്ദത്താൽ മൂടിപ്പൊതിഞ്ഞിട്ടു
ശബ്ദത്തെ സത്യമായ് പൂജചെയ്തു. ൨

കണ്ടവയീവണ്ണം കൈക്കൊണ്ടു പിന്നിട്ടു
കണ്ടു ഞാൻ ലോകമെൻ സ്വന്തമായി.

കണ്ടതും കേട്ടതുംകൊണ്ടെന്റ ചിത്തത്തി-
ലുണ്ടായതുമില്ല ചിന്താരോഗം.

ഞാനാരെന്നോർത്തു ഞാൻ—ലോകമെൻപേ-
ഞാനതിൽ സംശയം കാണിച്ചപ്പോൾ,[രോതി;

ലോകം തുടർന്നുപറഞ്ഞിതു—"നീയൊരു-
നാകനിവാസിയാം യാത്രക്കാരൻ.

ഈവഴിപോകിലോ ലക്ഷ്യത്തിലെത്തിടാം;
ആ വഴി തെററായ് ഗുരു വിധിപ്പൂ;

വിശ്വസിച്ചീടുക; വിശ്വാസമൊന്നേ താൻ,
ശാശ്വതമുക്തിയെക്കൈക്കൊള്ളുരുത്തു."

ഞാൻ പതറിടവേ വേറൊരു ഭാഷയി-
ലെൻപ്രിയവാദം തുടർന്നു ലോകം.

"ഈശ്വരസൃഷ്ടപ്രപഞ്ചവിലാസത്തി-
ലാശ്ചര്യമാവശ്യമില്ല ചൊല്ലാം.

കാണ്മതു മായതാൻ; കാണാത്തതാം പൊരുൾ-
കാണ്മവർ ചൊൽവതു ഞാൻ പറയാം.

മിത്ഥ്യയാം ലോകത്തെ സന്ത്യജിച്ചിന്നിനി
തത്ഥ്യമാം വസ്തുവെ പ്രാപിക്കേണം.

ആയതിൻ മാർഗ്ഗം സനാതനമൊന്നുതാ-
നായതിൽ ചിന്തയ്ക്കു കാര്യമില്ല."

വിസ്തരിച്ചോതാമെന്നോററിട്ടു ലോകത്തിൻ-
തത്ത്വങ്ങൾ കാട്ടാൻ മുതിന്നനേരം,

പാവമാമെൻചിത്തമാകാ നമുക്കെന്നു-
മീവേലയെന്നങ്ങടങ്ങിയപ്പോൾ

വേറൊരു ഭാഷയിൽ കേൾക്കായി പിന്നെയും,
കുറേഴം വാക്യത്തിൽ സത്യസാരം.

"ആത്മാവെലോകത്തിൻനന്മയ്ക്കായയപ്പിച്ചൊ-
രാത്മാവിന്നാത്മജൻ സന്ദേശത്തെ,

കേൾക്കുക, സ്വർഗ്ഗീയസാമ്രാജ്യസൗഖ്യത്തെ,
വേൾക്കാം സുവിശേഷവാക്യങ്ങളാൽ."

ആ മൊഴി കേട്ട ഞാൻ ചിന്താലഹരിയി-
ലാമഗ്നനായ് നിന്നിതല്പനേരം;

"പാവംഞാനെങ്കിലും തന്നേയുയരുവാൻ
കേവലം ശക്തിമാനല്ലയെന്നോ?

മറെറാരാൾ നല്കുമുയർച്ചയെക്കാട്ടിലും
കുററമെന്താണെന്നെളിമയിലും,

സ്രഷ്ടാവുനല്കാത്ത കാരുണ്യമന്യത്ര
കിട്ടുവാൻ പ്രാപ്തനായ്ത്തീരുമോ ഞാൻ?

എൻമനോഭാവങ്ങളൂഹിച്ചു പിന്നെയും,
സമ്മാനിച്ചിങ്ങനെ ചൊല്ലി ലോകം:—

"കാണ്മതിതൊക്കെയും സത്യസ്വരൂപമാം
ഉണ്മയാമേകത്തിൻഭാവങ്ങൾതാൻ.

നാമെല്ലാം സോദരർ സൗഹാർദ്ദബന്ധത്താൽ
ഭൂമിയും വ്യോമവും ബദ്ധമത്രേ."

സന്ദേശമായതും കേട്ട ഞാൻ പിന്നീടും
സന്ദേഹം കൈവിട്ടിഞ്ഞില്ലതിനാൽ,

ധർമ്മോപദേശങ്ങളെന്നോടു നിഷ്ഫല-
മെന്നോർത്തു ലോകവും മൗനമാന്നു. ൯

മാർഗ്ഗങ്ങളെത്രയോ കാണ്മതുണ്ടോരോന്നും
സ്വർഗ്ഗീയസൗഖ്യപ്രദായകംതാൻ.

ആയതിലൊക്കെയിന്നാരവാണെന്നി-
ക്കായതല്ലെൻചിന്ത മറെറാന്നത്രേ.

എൻമതമിത്രതാനെൻ[illegible]സത്യത്തിൻ-
മേന്മതൻ ദീപ്തിയാണെന്നുതന്നെ.

ഇപ്പൂവുമിപ്പുല്ലുമിക്കാണുംലോകവു-
മെപ്പേരും സത്യമായ് കാൺമൂ ഞാനും.

ഞാനില്ലെന്നെങ്ങനെ ഞാനിന്നുവാദിക്കും
ഞാനിപ്രപഞ്ചത്തിൻ കേന്ദ്രബിന്ദു.

എൻബോധരശ്മികൾ വീണു വിളങ്ങിടു-
മുണ്മകളെന്നിൽ പ്രതിഫലിപ്പൂ.

ഉണ്ടെന്നബോധമെന്നുള്ളത്തിൽ മിന്നിടു-
ന്നുണ്ടൊരുജീവിതദീപികയായ്.

കൂരിരുൾമൂടിയാൽ ലോകം വിലയത്തെ-
ച്ചേരുമതുകൊണ്ടു ചേതമെന്തേ?

ജീവിതശോഭകൾ താവുന്ന ഭാവങ്ങൾ
മേവുമ്പോൾ നാമേവമൂഹിക്കേണ്ടേ? ൮

ഞാനൊരു സത്യമിക്കാണ്മതും കേൾപ്പതും
നാനാപ്രകാരമാം സത്യംതന്നെ;

എങ്കിലുമെന്നെപ്പോൽ കാണ്മവയെങ്ങനെ-
യെങ്കൽനിന്നിന്നു വിഭിന്നമാവൂ?

ആരാഞ്ഞുനോക്കുമ്പോളാരുമെൻഭാവങ്ങ-
ളോരോന്നും വ്യക്തമായ് കാട്ടിനിൽപൂ.

നാമെല്ലാം ബന്ധുക്കൾ ലോകകുടുംബത്തിൽ
നാമെല്ലാമംഗങ്ങൾ ഭായദന്മാർ.

ഭാരതമെന്നമ്മ, ഭൂമിയെന്നമ്മൂമ്മ,
സൂര്യാദിഗോളങ്ങൾ മാതുലന്മാർ;

മാനുഷരെന്നല്ല മണ്ണിൻതരികളും
നൂനം മൽസോദരർ; തർക്കമില്ല.

സത്യത്തിൻസാരമായല്ലാതെ ഞാനൊന്നും
ചിത്തത്തിൽ കാണുന്നീലായതിനാൽ,

ഉണ്മയ്ക്കുമമ്പിൽ ഞാൻ സൗഹൃദമർപ്പിച്ചു-
കൊള്ളുന്നോനെൻമതമിത്രമാത്രം.



നരസിംഹമൂർത്തി

(പി. കെ. കൃഷ്ണൻനമ്പ്യാർ, വെള്ളൂര്.)

ധൃതബഹുലഹൃദയതലമാനമേവം ചൊന്ന
ധീരൻ ഹിരണ്യൻ ഹസിച്ചുനില്ക്കുംവിധൗ,

തടിദുദരപൃഥുമുദിരകഠിനതരനിസ്വനം
സ്തംഭം മണിമയം പൊട്ടിപ്പിളർന്നുടൻ

സകലദിശി തപനശതസമരുചി പൊഴിക്ക-
സർവ്വജന്തുക്കൾതൻ കണ്ണുമഞ്ഞിച്ചുമേ, (യാൽ

അതികഠിനമലഘുതരമട്ടഹാസത്തിനാ-
ലമ്പമ്പ! ദിക്കൊക്കെ ഞെട്ടിച്ചുകൊണ്ടുമേ,

നിജമനസിപെരുകുമൊരുകോപാഗ്നികങ്ങളാൽ
നീളേപുറത്തൊക്കെവീഴ്ത്തിയും തിക്ഷ്ണമായ്,

ഇരുചുമലിലുരുരടിതമുടനുടനടിക്കുമാ-
റീടുററ്കേസരക്കെട്ടുകുടഞ്ഞുമേ,

കനകമയഘനവിപുലശൂർപ്പങ്ങൾപോലെഴും
കാതുരണ്ടുംനേർക്കു മേല്പെട്ടുയർത്തിയും,

കനകഗിരിവരദരിയിലുജ്ജ്വലജ്വാലമാം
കല്പാഗ്നിയോടൊക്കുമന്നാക്കിളക്കിയും,

തുഹിനകരശിശുനികരതുലിതനഖരങ്ങളാൽ
തൂർണ്ണം ജഗത്തടർത്തീടുംവിധത്തിലായ്,

ബൃഹദുദരവദനവിലവിശദദശനങ്ങളാൽ
ബ്രഹ്മാണ്ഡഭാണ്ഡം കടിച്ചുടയ്ക്കുംപടി,

അലഘുഘനകടുരടിതസമമലറിയും, ഝടി-
ത്യാവിർഭവിച്ചാനരസിംഹമൂർത്തിയേ

കുടിലമതിദനുജരതിഭീതിയോടുംകണ്ടു
കൂട്ടംഭ്രമംപൂണ്ടു മോഹിച്ചുവീണുപോയ്;

അമിതബലമതിഭയദമരുനൃഹരിവിഗ്രഹ-
മാശുപുരോഭുവി കണ്ടു സസംഭ്രമം

ദിതിജപരിവൃഢനുമുടനുദിതഭയവിസ്മയം
ദൂരേ നിജാസനംവിട്ടെഴുന്നേറ്റുടൻ

'ഉടൽമുഴുവനൊരുമനുജനുടയവടിവല്ല,ന-
ല്ലുക്കെഴും സിംഹവടിവും കലർന്നതായ്

ഇതുവരെയുമൊരുപൊഴുതുമെവിടെയുമൊരാളു-
മിങ്ങീക്ഷിച്ചിടാത്തോരപൂർവ്വസത്വത്തെഞാൻ

നിശിതതരശരനികരമെയ്യെയ്യൊടുക്കുവൻ
നിർണ്ണയ'മെന്നോർത്തു ബാണങ്ങൾ തൂകവേ

കഠിനമഴയുടൽമുഴുവനേററുകുതിക്കുന്ന
ക്രൂരനാം കാളപോലോടിയെത്തിദ്രുതം

അതുപൊഴുതുശശശിശുവെയൊരുനരികണക്കെ-
യങ്ങാവിഷ്ക്രുധാപിടിച്ചാശുദൈത്യേന്ദ്രനേ

നിജതുടകൾമുകളിലതിദൃഢതരമമർത്തിയ-
ന്നീണ്ടനഖാഗ്രങ്ങൾ മാർത്തട്ടിലാഴ്ത്തവേ

തുരുതുരനെയുയരുമൊരുരുധിരഝരി,തൻനഖ-
ത്തുമുത്തുചിപ്പിയാൽ കോരിക്കുടിച്ചുമേ,

ഇടയിടയിലുടനുടനെ പിടയുമവനേക്ഷണാ-
ലാനൃസിംഹം പിളർന്നുകൊന്നീടിനാൻ.

തദനുദനുസുതവിധൃതമണികനകഭൂഷയിൽ
തന്മുഖം ഭീമം നിഴലിച്ചിരിക്കവേ

മൂർത്തിഭയദമതിവികൃതമതു ഝടിതി കാണ്കയാൽ
മോഹം തനിക്കുതാനുണ്ടായി; വിസ്മയം!!

തനതുകഴലിണപണിയുമമരനിരയേ ദ്രുതം
താൻതാനനുഗ്രഹിച്ചന്നാ നരഹരി

സ്വപിതൃവധമതിലധികമുരുകിമരുവീടുമാ-
സ്വപ്രാണഭക്തനാം പ്രഹ്ലാദബാലനേ

അതിമധുരവിവിധവരസാന്ത്വനോക്ത്യാ പര-
മാശ്വസിപ്പിച്ചു വരവുംകൊടുത്തഥ,

പുരുമഹിമപലരുമൊരു ദിവ്യരൂപത്തൊടും
പെട്ടെന്നവിടേത്തിരോഭവിച്ചാൻ വിഭു.

അസുരകുലപതിയുടയ ഡംഭവുംസ്തംഭവു-
മാദിത്യഭീതിയും പ്രഹ്ലാദഖേദവും

സകലമിവ ഞൊടിയിടയിലവികലമഹാദ്ഭുതം
സാകം തകർത്തോരു വിഷ്ണുമൂർത്തേ! തൊഴാം,

കേരളകാളിദാസൻെറ ശതാബ്ദം

(ഒരു സന്ദേശം)

(ഡോക്ടർ ചേലനാട്ടു് അച്യുതമേനോൻ ബി. എ., പി. എച്ച്. ഡി.)

വല അപശബ്ദങ്ങളും നെടുവട്ടം പിടിച്ചുനിൽക്കുന്ന അന്തരീക്ഷത്തിൽ കേരളവമ്മദേവൻെറ ശതാബ്ദാഘോഷം കൊണ്ടാടുവാൻ നിശ്ചയിച്ച കേരളവമ്മസ്മാരകക്കമ്മിററിയുടെ ഔചിത്യത്തെപ്പററി ആദ്യമെ അഭിനന്ദിച്ചുകൊള്ളട്ടെ. ഇന്നു നടക്കുന്ന കാൎയ്യങ്ങളിൽമാത്രം ദൃഷ്ടിവെച്ചുകൊണ്ടാണു് ഇപ്പോൾ അധികംപേരും കാലയാപനം ചെയ്യുന്നതു്. മുമ്പുള്ളവരെ പഴിക്കാൻകൂടി സാധിച്ചുവെങ്കിൽ അതൊരു മേന്മയായിട്ടു കരുതുന്നവരും അവിടവിടെ തലപൊക്കാൻ തുടങ്ങിട്ടുണ്ടു്. അഭിജ്ഞന്മാർ യോജിക്കാത്ത ഈ നയം നമ്മുടെ സാഹിത്യത്തിൻേറയും സമുദായത്തിൻേറയും ഇന്നത്തെ നിലയ്ക്കു കാരണഭൂതന്മാരായ പൂർവികന്മാരുടെ സ്മരണകൊണ്ടു് പരിശുദ്ധിയടയുമെങ്കിൽ അതു നിൎവഹിക്കേണ്ടതു് എല്ലാ ഭാഷാഭിമാനികളുടേയും കടമയുമാണു്. മൂലം മറക്കുന്നതു വിവേകത്തിൻേറയും വിവരത്തിൻേറയും ലക്ഷണവുമല്ലല്ലൊ. അതുകൊണ്ടു് ശതാബ്ദാഘോഷപരിപാടിക്കു സൎവാഭ്യുദയങ്ങളും ജഗദീശ്വരൻ നല്കട്ടെ.

കേരളവമ്മദേവൻ തൻെറ കൃതികളെ കവിഞ്ഞ പ്രശസ്തി സമ്പാദിച്ചിട്ടുള്ള ഒരു മഹാപുരുഷനായിരുന്നു. സുവൎണ്ണത്തിന്നു് സൌരഭ്യം പോലെ, പാണ്ഡിത്യം, കവിത്വം, കലാരസികത്വം, പൌരുഷം, ദാക്ഷിണ്യം എന്നീ 'പഞ്ചമഹായോഗം' ആ തിരുമേനിയെ അങ്ങോട്ടുചെന്നു ആശ്രയിച്ചിരുന്നു—തിരുവിതാംകൂർ സംസ്ഥാനാതിൎത്തിക്കുള്ളിൽ ദീർഘകാലം കഴിച്ചുകൂട്ടിയ വലിയകോയിത്തമ്പുരാൻെറ നാമധേയം അറിയാതെ അക്കാലത്തു കേരളമൊട്ടുക്കു ഒരു വ്യക്തിയോ, സ്ഥലമോ, ഉണ്ടായിരുന്നില്ല. ഒരു വലിയ സമാജം വിളിച്ചുകൂട്ടുമ്പോൾ അദ്ധ്യക്ഷനായി ആദ്യമാലോചിക്കുന്നതു ആരെയാണെന്നു ചോദിക്കേണ്ടതില്ല. കേരളകാളിദാസനു സൗകൎയ്യമില്ലെങ്കിലേ മറെറാരുപേരു വിചാരണയ്ക്കു വരികയുള്ളു. മഹാകവിമുതൽ വെറും പദ്യകാരൻവരെ ആരായാലും ശരി ഒരു കൃതിയുണ്ടാക്കിയാൽ പ്രോത്സാഹനത്തിന്നും മുഖവുരയ്ക്കുമായി ഒന്നാമതായി അയയ്ക്കുന്നതും മററാക്കുമായിരുന്നില്ല. അദ്ദേഹം ഉല്യംചാൎത്തിയ മുഖവുരകളുടെ എണ്ണം നോക്കുന്നതായാൽ മുഖവുരയെഴുത്തു ആ മഹാൻെറ ജീവിതത്തിൽ ഒരു പ്രധാനതൊഴിലായി സ്വീകരിച്ചിരുന്നുവോ എന്നുതോന്നും. വള്ളത്തോളിനെ നാല്പതുകൊല്ലം മുമ്പുതന്നെ മഹാകവിയെന്നു വിളിക്കുവാനുള്ള ദീർഘദൎശിത്വം അന്നു കേരളവമ്മ വലിയകോയിത്തമ്പുരാനേ ഉണ്ടായുള്ളു. മഹാപണ്ഡിതനായിരുന്ന കയ്ക്കുളങ്ങര രാമവാരിയർ നേരിട്ടു കണ്ടിട്ടില്ലെങ്കിലും, സങ്കടനിവാരണത്തിനു കല്പകവൃക്ഷമായി കരുതിവന്നിരുന്നതു് താൻ ജനിച്ച നാട്ടിൽനിന്നു ൨൦൦ നാഴികയ്ക്കകലെയിരുന്നരുളിയിരുന്ന ആ സാഹിത്യചക്രവൎത്തിയെയായിരുന്നു. ഇങ്ങിനെ ഒരു ദിക്കിലിരുന്നു സൂൎയ്യഭഗവാനേപ്പോലെ തൻെറ പ്രഭാപൂരം പലദേശങ്ങളിലും പ്രചരിപ്പിച്ചിരുന്ന ആ തേജോരൂപി എല്ലാവരുടേയും ആരാധനാമൂൎത്തിയായി വന്നതിൽ അത്ഭുതമുണ്ടോ?

അഭിജ്ഞാനശാകുന്തളം ഒരു പരിഭാഷമാത്രമായിരുന്നെങ്കിലും അതുകൊണ്ടു് ആ കലാസമ്രാട്ടു പുലൎത്തിക്കൊണ്ടുവന്ന അഭിനയകല കേരളമൊട്ടാകെ ഒരു പുതിയ ഉണൎച്ചയുണ്ടാക്കി. വക്കത്തു കസവുപിടിപ്പിച്ച വലിയ കോട്ടും കനകവൎണ്ണത്തിലുള്ള തൊപ്പിയും കെയൂരമാലും ധരിച്ചുനില്ക്കുന്ന കേരളവമ്മദേവൻെറ ഛായാപടം—ശാകുന്തളത്തിലെ മുഖചിത്രം—കണ്ടു് അതു് ആ രാജപുംഗവൻ ദുഷ്ഷന്തൻെറ വേഷംകെട്ടി നില്ക്കുന്നതാണെന്നു പലരും പറയുന്നതു ഞാൻ കുട്ടിക്കാലത്തു [illegible]ട്ടിട്ടുണ്ടു്. അത്രമാത്രം ശാകുന്തളവുമായി തന്മ[illegible] തിരുമേനിക്കുണ്ടായിട്ടുണ്ടു്— അത്രമാത്രം കേരളീയരുടെ ഹൃദയങ്ങളെ ആകൎഷിച്ചിട്ടുണ്ടു് ആ

പൗരുഷപ്രഭാവം!! വേഷഭൂഷാദിയിലും പ്രകൃതിയിലും പെരുമാററത്തിലുംരാജോചിതലക്ഷ്മിയെ വരിച്ചിരുന്ന ആ മഹാൻ വേട്ട്'മഹാലക്ഷ്മി'യെ പിരിഞ്ഞിരിക്കേണ്ടിവന്നുവെന്ന്'മയൂരസന്ദേശം' മൂലം അറിഞ്ഞപ്പോൾ കേരളമാസകലം ഒന്നമ്പരന്നു. അനുഭവത്തിലും അസാമാന്യത്വം പ്രത്യക്ഷമാക്കിയ ആ പുരുഷകേസരിയുടെ ജീവിതത്തിൽ എന്തോ ഒരു രഹസ്യം കിടപ്പുണ്ടെന്നു ജനസാമാന്യത്തിനു ബോദ്ധ്യം വന്നു— അഹിഭയംകൊണ്ട് അസ്വസ്ഥനായിരുന്ന ആയില്യംതിരുനാൾമഹാരാജാവിന്നു പ്രതിനായകനായും, ഇംഗിതജ്ഞനായും, വിശാഖംതിരുനാൾതിരുമേനിക്കു ദേവഗുരുവായും, വാഗ്ദേവിയുടെ അവതാരമൂർത്തിയായ വഞ്ചീശ്വരിക്കു രസികശിരോമണിയായ പ്രാണവല്ലഭനായും, കേരളത്തിലെ കവിനക്ഷത്രങ്ങൾക്കു സകലകലാവല്ലഭനായ കലാനാഥനായും, പൊതുജനങ്ങൾക്ക് ആശ്രിതവാത്സല്യത്തിന്റെ പ്രത്യക്ഷദൈവമായും, സംഗീതവിദ്വാന്മാർക്ക് ഒരു ഗന്ധർവ്വശ്രേഷ്ഠനായും, അറിവില്ലാതെ തെക്കും വടക്കും നടന്നലഞ്ഞിരുന്നവർക്ക് ആനന്ദാനുഭൂതി നൽകിയ ദാക്ഷിണ്യമൂർത്തിയായും ഒരേകാലത്ത് വിലസിയിരുന്ന ആ വലിയകോയിത്തമ്പുരാന്ന് ഇങ്ങിനെയൊരു ദുരദൃഷ്ടംവരാൻ കാരണമെന്ത്? ഈ രഹസ്യം കേരളവർമ്മദേവന്റെ ജീവിതം പത്തിരട്ടി ആകർഷകമാക്കി. കേരളകാളിദാസനിൽ കുടികൊണ്ടിരുന്ന സകലകലാവല്ലഭത്വം ആ മഹാനെ സാഹിത്യചക്രവർത്തിയുമാക്കി.

ഭാഷാഭിമാനികളെ! ഇങ്ങനെ എല്ലാം തികഞ്ഞ ഒരു ജീവിതം കേരളത്തിൽ ഒരു ശതാബ്ദത്തിനു മുൻപും പിൻപും ഉണ്ടായിട്ടുണ്ടോ? കേരളീയരെ! ആ തിരുമേനിയെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതു നിങ്ങൾക്ക് എല്ലാക്കാലത്തും ശ്രേയസ്കരമായിരിക്കും.



पय्यूर् परमेश्वरभट्टश्रीः

मीमांसकरत्नम् व. अ. रामस्वामि शास्त्री.

विदितमेवैतत्सर्वेषां गीर्वाणवाणीप्रणयिनां केरलीयानामन्येषां च पण्डितवरेण्यानां यत् अखिलभारत मण्डलविश्रुतस्य श्रीकृष्णपरब्रह्माधिष्ठितस्य गुरुपवनपुरक्षेत्रस्य नातिदूरत एव रणखल (पोरूक्कलं) ग्रामे चिरं प्रतिष्ठितः केरलभाषायां 'पय्यूर् मन' इति विख्यातः कोऽपि केरलब्राह्मणवंशः; तत्र च मा कीं पञ्चशतवत्सरेभ्यः पूर्वमेव समुत्पन्नाः नैके पण्डित धुरीणाः, वेदशास्त्राभ्यसनकुलव्रताः, विशिष्य च पूर्वोत्तरमीमांसयोः परिनिष्ठिताः बहुग्रन्थरचयितारश्चेति अधीतिबोधाचरणप्रचारणैः त्रयीं विद्यामेवानवद्यां नित्यां स्थिरमुपासितवन्त इति । तेषु च त्रयो महर्षय एव स्थिरप्रज्ञाः प्रायः ऋषिपदाभिधानाः तत्कुलं नित्यं पावयामासुः । एतेष्वन्यतमं महर्षिं तत्पुण्यसद्म च रणखलग्रामे प्रतिष्ठितमभिष्टौति पण्डिताग्रेसर उद्दण्डकविः स्वकीये कोकिलसन्देशे—

"किञ्चित् पूर्वा रणखलभुवि श्रीमदध्यक्षयेथा-
स्तन्मीमांसाद्वयकुलगुरोः सद्म पुण्यं महर्षेः ।
विद्वद्वृन्दे विवदितुमनस्यागते यत्र शश्व-
द्व्याख्याशालावलभिनिलयस्तिष्ठते कीरसङ्घः ॥

शास्त्रव्याख्या हरिहरकथा सत्क्रियाभ्यागताना-
मालापो वा यदि सह बुधैराक्षिपेदस्य चेतः ।
तद्विस्रब्धद्विजपरिवृते निष्कुटाद्रौ निषण्णः
कौकूयेथाः स खलु मधुरां सूक्तिमाकर्ण्य तुष्येत् ॥

श्लाघ्यच्छन्दस्थितिमयि मया शोभनेऽर्थे नियुक्तं
श्राव्यं शब्दैः सरससुमनोभाजमश्रान्तवृत्तिम् ।
दूरप्राप्त्या प्रशिथिलमिव त्वां सखे काव्यकल्पं
धीमान् पश्येत् स यदि ननु ते शुद्ध एव प्रचारः" ॥

[कोकिलसन्देशः श्लो ७८—८०]

एषु त्रिषु विख्यातनामसु प्रथमस्य महर्षेरेको भ्राता भवदासोनाम, यं प्रशंसति परमेश्वरः एतन्महर्षिपुत्रः स्वकृतमेघसन्देशव्याख्यायां नामतोऽर्थतश्च सुमनोरमण्यां—

"लब्धभवदासभावो
भगवति भक्त्याख्यया च भवदासः ।
वादी वेदान्तरतो
यस्य पितृव्यः स एव कर्ताऽस्याः ॥"

इति । अयं च भवदासो नामतोऽर्थतश्च भगवद्भक्तः, अद्वैतवेदान्तशास्त्रनिष्णात इति च ज्ञायते । एष च परमेश्वरः विहिते काले धर्मपत्न्या गौर्या सह गृहस्थधर्मान् यथाविधि समाचरितवतः प्रथमस्य महर्षेर्महात्मन औरसः पुत्रः, तद्धर्मसम्पदो मुख्यं फलम् । अयं च योग्ये वयसि तत्तत्संस्कारानुष्ठानसंस्कृतस्वान्तः कौमारिलादिशास्त्राचार्यस्य पूज्यपादस्य शङ्करस्यान्तेवासी भूत्वा नैकानि काव्यानि शास्त्राणि चाभ्यस्य कवितिलकः शास्त्रपारदृश्वा च समभवद्; व्यरचयच्च रम्यं हरिचरितकाव्यं रमणीयां सुमनोरमणीं च कांचन व्याख्यां कालिदासीयमेघदूतस्य इति सुमनोरमणीग्रन्थादवगम्यते—

"अनुदिनमभिनवरूपं
सुमनोरमणीव जगति जयतितराम् ।
हरिचरितकाव्यसहभू-
र्व्याख्या सा मेघदूतस्य ॥"

अनयोः हरिचरितकाव्यस्य न कापि मातृका एतदवधि समुपलब्धेति सविषादं सहृदयान्निवेदयामः । सुमनोरमणी तु समुपलभ्यते, अचिरादेवास्मद्राजकीयप्राच्यग्रन्थालयात् प्रकाशयिष्यते इति च सप्रमादं वदामः । इमां व्याख्यां चाधिकृत्य किञ्चिदिवोत्तरत्र प्रपञ्चयिष्यामः ॥

अस्य च परमेश्वरस्यान्याः कृतयः शास्त्रेषु वर्तन्ते । तत्रायं विशिष्य पूर्वमीमांसायामतिविदग्धः, 'जुषध्वंकरणी', 'स्वदितंकरणी'ति व्याख्याद्वयमारचयत् न्यायकणिकायाः, या चापूर्वा काचन विवृतिः विरचिता सर्वतन्त्रस्वतन्त्रः आचार्यवाचस्पतिमिश्रैः विप्रतिपत्त्यप्रतिपत्त्यन्यथाप्रतिपत्तिनिराकरणरूपा वि-

धिविवेकस्याचार्यमण्डनमिश्रकृतस्य । एतयोः जुषध्वंकरणी प्रथमं लिखिता, ततः स्वदितंकरणी, इति स्वदितंकरणीग्रन्थादवगम्यते । अत्र ग्रन्थादावेव—

"जुषध्वंकरणी व्याख्या रचितास्माभिरादितः ।
स्वदितंकरणी व्याख्या सम्प्रतीयं वितन्यते ॥"

एतस्यामेव स्वदितंकरण्यां तृतीयश्लोकव्याख्यानान्ते तत्पितृपितृव्याचार्यपादानां नामानि गृह्णत् वाक्यमेवं दृश्यते-"इति श्रीमदृषिगौरीनन्दन-श्रीमघदासपितृव्य-श्रीमच्छङ्करपूज्यपादशिष्यपरमेश्वरकृतौ स्वदितंकरण्यां तृतीयः श्लोकः" ॥ इति ।

अनयोर्व्याख्ययोः जुषध्वंकरण्या न कापि मातृका एतदवध्युपलब्धा । स्वदितंकरण्या एका अतिशिथिला कापि मातृका मद्रपुरप्राच्यग्रन्थालये इदानीं सुरक्षिता वर्तते ॥

अयं च परमेश्वरः पूर्वमीमांसायामन्यस्यापि ग्रन्थरत्नस्य प्रणेता इति तत्कृतमेघसन्देशव्याख्यायां अवगम्यते—

"मन्त्रब्राह्मणसूत्रवित् कृतमतिः शास्त्रे च कौमारिले
कर्ता न्यायसमुच्चयस्य कणिकाव्याख्याप्रणेता कविः ।
उत्पत्तिस्त्वघमर्षणप्रवरजाद्गौर्यामृषेराप्तवान्
कर्तास्याः परमेश्वरो नतशिराः पूज्ये गुरौ शङ्करे" ॥ इति ।

एतत्पद्यं, अस्य सुमनोरमणीकर्तुः परमेश्वरस्य मन्त्रब्राह्मणकल्पसूत्रवित्त्वं, कौमारिलशास्त्रे न्यायसमुच्चयस्य न्यायकणिकाव्याख्ययाः प्रणेतृत्वं, महाकवित्वं, अघमर्षणप्रवरजत्वं, महर्षिगौर्योर्शिवभवानीकल्पयोरात्मसम्भवत्वं, पूज्यशङ्करपादान्तेवासित्वं च स्फुटं हस्तावलम्बयति ॥ अस्य चासीत्पौत्रः द्वितीयमहर्षिपुत्रः पण्डिताग्रणीः परमेश्वरः (द्वितीयः) यः स्फोटसिद्धि-तत्त्वबिन्दु-नीतितत्त्वाविर्भाव-विभ्रमविवेकानां अपूर्वा हृदयङ्गमा व्याख्याः व्यरचयत् । अयं च स्वकृततत्त्वबिन्दुव्याख्यायां तत्त्वविभावनायां न्यायसमुच्चयाख्यं ग्रन्थरत्नं 'एतत्संग्रहस्तु न्यायसमुच्चये द्रष्टव्यम्' इति ग्रन्थेन सर्वानपि दिदृक्षूननुसारयति ॥

सुमनोरमणी च मेघसन्देशस्यातिरमणीया व्याख्या बहुत्र महाकवेः कविकुलसार्वभौमस्य कालिदासस्य गूढाभिसन्धिं सरसया रीत्या आविष्करोति । इयं च कवितिलकस्य सहृदयचक्रवर्तिनः पूर्णसरस्वतीत्यन्वर्थनाम्नः सहृदयहृदयङ्गमां विद्युल्लतां अनेकत्रोदाहृत्य खण्डयति । तत्र प्रथमश्लोके तावत् "कं ब्रह्म खं ब्रह्म" इत्यादि श्रुतेः "काश्चित्तात्मार्कधीधातृवाताः" इत्यादिवचनैः कशब्देन ब्रह्म, खपदेन जीवात्मा, सामानाधिकरण्येन जीवेश्वरैक्यमशेषपुरुषार्थमौलिभूतं च बोध्यते ग्रन्थारम्भे मङ्गलसूचनाय इति पूर्णसरस्वतीनां व्याख्या समुपलभ्यते । एतां च नैते सुमनोरमणीकारा अभ्युपगच्छन्ति । तेषामयमभिप्रायः "अविघ्नपरिसमाप्त्यादिकार्यदर्शनात् अनुमानसिद्धमेव मङ्गलाचरणं ग्रन्थादौ । तत्तु मङ्गलं महाकविः ग्रन्थाद्बहिरेवान्वतिष्ठत् । शिष्यशिक्षार्थं ग्रन्थनिवेशनं तु नात्र कृतम् । यदि च ग्रन्थनिवेश एवाग्रहः, तर्हि समानाधिकृताभ्यां किं शब्दचिच्छब्दाभ्यां न तस्योपस्थितिः । चिच्छब्दस्य ज्ञानवाचिनः जीवात्मवाचित्वेनाप्रसिद्धेः । जनकतनया-रामपादाभ्यामेव तु निरतिशयमङ्गलस्याश्रेयत्वात् । यथोक्तं रघुवंशे —

"राम इत्यभिरामेण वपुषा तस्य चोदितः ।
नामधेयं गुरुश्चक्रे जगत्प्रथममङ्गलम् " ॥ इति ॥ [x-67]

एवमेव कान्ताविरह एव शापविषय इति विद्युल्लतायामुक्तम् । तदपि "शापनास्तङ्गमितमहिमा" इत्यनेन महिमास्तमयस्यैव शापविषयत्वं नान्यस्य इति बोधनात् निराकृतं भवतीति सुमनोरमणीकारा अभिप्रयन्ति । 'रामगिर्याश्रमेषु वसतिं चक्रे' इत्यत्र "ददर्श, दध्यौ, व्याजहार, ययाचे" इति बहुवासेष्वेवमपि शय्यसमापने वाक्ये यदिदं विभज्य धात्वर्थस्य प्रत्ययार्थभूतक्रियायां कर्मत्वकथनं तदनेनैवाश्रमाधिकरणेन वासेन धर्ममपि साधयेयमिति धात्वर्थान्यकरणबुद्धिर्नैव तस्य कदाचिदप्यासीत् कालयापनमेवोद्देश्यमभूदिति द्योतयितुं कृतम् । अयमभिसन्धिः अन्यव्याख्यास्वप्रसिद्धः अतिरमणीय एव सहृदयसमुन्मेषकारी विजयते ॥

द्वितीयस्य च परमेश्वरस्य स्फोटसिध्यादिव्याख्याप्रणेतुः पुत्रः कश्चिदृषिनामा, यस्य परमेश्वरः

(तृतीयः) मीमांसासूत्रसंग्रह, श्लोकवार्तिककाशिकाटिप्पणीप्रणेता आत्मसम्भवोऽभवत् गृहस्थधर्मं यथाकालमनुष्ठितवतः ॥

महापण्डित उद्दण्डकविर्मल्लिकामारुताख्यस्य स्वीयप्रकरणस्य प्रस्तावनायां कञ्चन परमेश्वरमृषिपुत्रं मीमांसकचक्रवर्तिपदालङ्कृतं स (उद्दण्ड) महिमप्रख्यापिनं साभिमानं निर्दिशति—"कथितमप्यतन्मीमांसकचक्रवर्तिना महर्षिपुत्रेण परमेश्वरेण ।

वेदे सादरतरबुद्धिरुद्धततरे तर्के परं कर्कशः
शास्त्रे शान्तमतिः कलासु कुशलः काव्येषु भव्योदयः ।
श्लाघ्यः सत्कवितासु षट्स्वपि पटुर्भाषासु सत्वं क्षितौ
सर्वोद्दण्डकविप्रकाण्ड ! ददसे कस्मै न विस्मेरताम् ॥" इति ॥

एष परमेश्वरः एतेषु त्रिषु परमेश्वरेषु अन्यतमः इत्येव सिद्धान्तो नवीनचरित्रविमर्शकानां मध्ये । त्रयश्चैते परमेश्वराः मीमांसाशास्त्रे स्वतन्त्रान् व्याख्यारूपान् वा ग्रन्थान् व्यरचयन्निति पूर्वमेव प्रस्तुतम् । एते च महापावनद्विजान्वयजन्मानः निरतिशयनित्यजाज्वल्यमानब्रह्मवर्चसाः महाकवयः सहृदयचक्रवर्तिनः वेदवेदाङ्गाध्ययनाध्यापनकुलव्रताः नित्यनैमित्तिकादिविविधविहितकर्मानुष्ठानपावितान्तःकरणा यथाविधि गृहस्थधर्माननुष्ठाय पूर्वोत्तरमीमांसापठनपाठनादिभिः अतिगहनश्रुत्यर्थसारमधिगत्य सकलपुमर्थानेव यथायोग्यमनुभुञ्जानाः नैकेषु शास्त्रेषु कलासु चातिमहनीयानि स्वतन्त्राणि व्याख्यारूपाणि च ग्रन्थरत्नानि विरचय्य नित्यनिर्मलनिरतिशययशः–कायेन चिराय विभूषिताः सन्तो विजयन्तेतराम् । इति सर्वं शम् ॥

दक्षिणभोजराजः

वे. वेङ्कटरामशर्मा विद्याभूषणः

गवेषणैर्बहुमुखै रविवर्मनृपं प्रति ।
यद्विज्ञातं तदुपदा क्रियते विदुषां पुरः ॥

अस्ति कोळम्बनगरी केरलेष्वतिविश्रुता ।
संस्कारैः शोभिता यासील्लसिता सर्वसम्पदा ॥

अराजीद्यावतीर्णेव पृथिव्याममरावती ।
प्राप्तकल्पतरुच्छायैः सुमनोभिः कृतास्पदा ॥

या दाक्षिणदिशावध्वा रेजे सीमन्तरत्नवत् ।
तामध्यूषुः पुरीं श्रेष्ठभूतां केचिन्महीक्षितः ॥

विभूषयन्ती नगरीं कोळम्बाख्यां मनस्विनी ।
उमादेवी नाम राज्ञी स्थविरैः सचिवैर्बुधैः ॥

भर्त्रा श्रीजयसिंहेन सिंहवीर्येण चादरात् ।
नीतिज्ञैर्दर्शितपथा साभार्षीत्केरळीं महीम् ॥

जयसिंहादुमा लेभे कुमारं परमेश्वरात् ।
मूर्त्तं वीरं रसमिव देहव्याप्य (११८७) शा-
काब्दके ॥

ज्ञाता दाता सतां पाता रविवर्मेत्ययं श्रुतः ।
अभादौदार्यवीर्यादिगुणैर्लोकोत्तरो नृपः ॥

भुवनविनुतधैर्यो वैरिदुर्वारवीर्यो
रणभुवि बहुशस्त्रप्रस्तुताश्चार्यचर्यः ।
अतुलपुरुषकारो लब्धराज्याधिकारो
व्यलसदवनिपालो राज्यरक्षाप्रवीणः ॥

युद्धे वृत्ते सङ्गतायां सभायां
शस्त्रैस्तीक्ष्णैस्तीक्ष्णया बुद्धिशक्त्या ।
जित्वा धीरो भूपतीन् पण्डितांश्च
स्तुत्यैः कृत्यैर्मानितो राजते स्म ॥

संग्रामधीरनाम्नापि विश्रुतोऽयं महीपतिः ।
अजयाद्विद्विषं वीरपाण्ड्यं सोऽधिरणं बली ॥

चरणकमलयुग्मं यस्य निस्सीमभक्त्या
पुळकितनिजदेहो विक्रमी वीरपाण्ड्यः ।
सविनयमथ नत्वा सुन्दरीं कन्यकां स्वा-
मादित गुणसमृद्धां भूमिभर्त्रेऽतितुष्टः ॥

अरातिनिवहं सोऽयं कलेर्बलमिवाक्षिणोत् ।
जयश्रीमिव तां पाण्ड्यपुत्रीं सहचरीं व्यधात् ॥

त्रयस्त्रिंशद्वर्षदेश्यो भूत्वायं केरळाधिपः ।
अरक्षत् स्वाः प्रजाः सर्वाः प्रीत्या नीत्या वि-
शिष्टया ॥

युद्धे पराजयं प्राप्तो वीरपाण्ड्यो रिपुस्ततः ।
महान्तं सैन्यसन्नाहमकरोत् कोङ्कणं गतः ॥

रविवर्माथ विज्ञाय प्रस्थाय सह सेनया ।
अनयाद्विपिनं कान्दिशीकं स्फीतबलं रिपुम् ॥

ततश्चोळांश्च निर्जित्य मूर्तो नय इव स्थितः ।
महासाम्राज्याधिकारशक्त्या रेमे स पार्थिवः ॥

काञ्चीपुरे वेगवत्यास्तटे विभवसम्भृतः ।
राज्ञः किरीटाभिषेकः प्रावर्तत महोत्सवः ॥

जिष्णुः सहिष्णुर्वर्द्धिष्णुर्भ्राजिष्णुर्नितरां भुवि ।
निराकरिष्णुर्विपदां सोऽभवत् कृपया हरेः ॥

तस्मात् सपर्यामुचितां विष्णवे प्रभविष्णवे ।
भक्त्या चिकीर्षन् धौरेयो धीराणां धरणीपतिः ॥

श्रीरङ्गे रङ्गनाथस्य प्रशस्ते प्रतिमागृहे ।
ददौ प्रतिष्ठां कमलासखाय हरये शुभाम् ॥

विष्णोरङ्कस्थया लक्ष्म्या रोचिष्णोः प्रीतये नृपः ।
श्रीरङ्गमन्दिरे चक्रे भद्रदीपमहोत्सवम् ॥

रविवर्मा सुमनसां पुरन्दर इवाश्रयः ।
राजा शतभिषक्तारे कन्यया सहितेरधौ ॥

सन्निधौ रङ्गनाथस्य प्रत्येकं प्रतिहायनम् ।
स भट्टेभ्यः पणशतं दातुं चक्रे व्यवस्थितिम् ॥

वीरस्थानेश्वरे देवायतने कुलशेखरः ।
कैलासवासिनः स्तूपीपर्यन्तमभिषेचनम् ॥

श्रीपुरश्चरणशिलां कल्पयामास पार्थिवः ।
एवं काञ्च्यां विष्णुगृहे सपर्यामतनोन्नृपः ॥

तस्य रामेश्वराद्वेल्लूर् नगरादा च पश्चिमात् ।
आ च पूर्वोज्जलनिधेर्वृद्धं राज्यमवर्त्तत ॥

राजा विद्वत्पक्षपाती पुष्यद्वैदुष्यभूषितः ।
प्राप दक्षिणभोजाख्यां स महाराजभोजवत् ॥

रूढाभवत् सुधर्मेति सभा विबुधसेविता ।
यस्येन्द्रस्येव गीर्वाणवाणीप्रणयिचेतसः ॥

समुद्रबन्धः साहित्यपारगः कविभूषणः ।
एवमन्ये ज्ञानवृद्धाश्चालञ्चक्रुरिमां सभाम् ॥

"विद्यास्थानैः समं तस्य विष्टपानि चतुर्दश।
प्रसाधितवतः पार्श्वं सुधियो जातु नात्यजन् ॥

कदाचिन्मङ्खुकोपज्ञं काव्यालङ्कारलक्षणम् ।
प्रदर्श्य रविवर्माणं प्रार्थयन्त विपश्चितः ॥

गम्भीरं नस्तितीर्षूणां मङ्खुकग्रन्थसागरम् ।
नौरस्तु भवतः प्रज्ञा स्थेयसी यदुनन्दन! ॥

व्याचक्ष्व तमिमं ग्रन्थं व्यावृत्तवचनक्रमः ।
शास्त्रसाहित्यपाथोधिपारावारीणया धिया ॥

इति तैः प्रार्थितः प्राज्ञैः पार्थिवस्तानभाषत ।
दन्तार्चिरुद्गमव्याजव्यक्तवैशद्यया गिरा ॥

मयासाध्यमभीष्टं वो ग्रन्थः पुनरयं महान् ।
व्याख्यातुं शक्यमासाद्य भवतां यद्यनुग्रहम् ॥

व्याख्येयं माननीया स्यात् सद्भिरादियते यदि ।
शम्भोः परिग्रहादेव श्लाघ्या चान्द्रमसी कला ॥

इत्युक्त्वैष मनीषावैभवपरिभूतवाचस्पत्याचार्यः ।
बुधपरिषदलङ्कारो व्याख्यदलङ्कारसर्वस्वम् ॥

अवधृत्यै यदुपतिना विवृतस्य गरीयसस्तदर्थस्य ।
कश्चिद्व्यधित विपश्चिच्छब्दनिबन्धं समुद्रब-
न्धाख्यः" ॥

समुद्रबन्धव्याख्यायां दृश्यन्ते रविवर्मणः ।
उदाहृतानि पद्यानि सम्प्रशस्तिपराणि हि ॥

सुधर्माख्यसभास्थानभूषणं कविभूषणः ।
स तु चन्द्रकलापद्यैस्तुष्टावेष्टप्रदं नृपम् ॥

रविवर्मकृतं किञ्चित् पञ्चाङ्कं रूपकं भुवि ।

प्रद्युम्नाभ्युदयं नाम प्रथितं सुमनोहरम् ॥

समस्ताः श्रुतयो नालं गुणानां कर्मणामपि ।
श्रीवहं वैभवं स्तोतुं देवस्य रविवर्मणः ॥

इति चन्द्रकुलमङ्गळप्रदीप यादवनारायण केरळदेश पुण्यपरिणाम नामान्तरकर्ण कूपकसार्वभौम कुलशिखरिप्रतिष्ठापितगरुडध्वज कोळम्बपुरवराधीश्वर श्रीपद्मनाभपदकमलपरमाराधक प्रणतराजप्रतिष्ठाचार्य विमतराजबन्दीकार धर्मतरुमूलकन्द सद्गुणालङ्कार चतुष्षष्टिकलावल्लभ दक्षिणभोजराज सङ्ग्रामधीर महाराजाधिराजपरमेश्वर जयसिंहदेवनन्दन श्रीकुलशेखर त्रिभुवनचक्रवर्तीत्यादिबिरुदावलीप्रथितस्य सङ्गीतशास्त्रपारदृश्वनः कविजनमयूरकालमेघस्य साहित्यविद्याविचक्षणस्य रविवर्ममहाराजस्य चरितं समाप्तम् ॥

வாழ்த்து.

கீர்த்தனம்.

கவிமணி எஸ். தேசிவினாயகம்பிள்ளை.

ஐயமின்றிப் பல்கலையும்
அளந்துகண்ட அறிவுடையோன்
செய்ய வஞ்சிவளநாடு
செய்த தவத்தால் வந்துதித்தோன்
வையம்புகழ் கேரளவர்ம
மன்னன் பிறந்து வருஷம் நூ(று)
எய்தி நிறையும் திருநாளை
ஏத்திப் போற்றி வாழ்துவமே.

ராகம் பல்லவி, தாளம்

கூறுதறிந்திடாயோ—என்றன்
குறைகளனைத்தையும் நான்
உன்பாலெடுத்துக்— (கூறு)

அனுபல்லவி.

தேறு உலகமிதில்
சிந்தைகலங்கிக் கண்ணீர்
ஆறாய் ஒழுகி ஓட
அழுது தொழுதுநிதம் (கூறு)

சரணம்.

வல்லார்க்கு வல்லவன் நீ—தெய்வ-
மறைகளுக்கரியவன் நீ
நல்லார்க்கும் பொல்லார்க்கும்
நடுநின்ற நாயகன் நீ
எல்லாம் அறிந்தவன் நீ
எங்கும் நிறைந்தவன் நீ. (கூறு)

சில உண்மைகள்

(உமர்க்கய்யாம் பாடல்களைத் தழுவி எழுதப்பட்டவை.)

1) ஆலயங்களேனையா
அபிஷேகங்களேனையா
கோலங்கொடிகளேனையா
கொட்டுமுழக்கமேனையா
பாலும் பழமும் வைத்துநிதம்
பணிந்துநிற்பதேனையா
சீலம் பேணும் உள்ளத்தைத்-
தெய்வம் தேடிவாராதோ?

2) பொல்லான் என்பர் அதனாலென்
புனிதன் என்பர் அதனாலென்
கல்லான் என்பர் அதனாலென்
கலைஞன் என்பர் அதனாலென்
சொல்லாவசைகள் சொன்னாலென்
சூழ்ந்துநின்று புகழ்ந்தாலென்
எல்லாநாளும் ஒருநாள்போல்
இருக்கவேண்டும என்மனமே.

3) உள்ளதுணரவேண்டுமெனில்
உள்ளந்தெளியவேண்டுமப்பா
கள்ளங்கபடாகாதப்பா
கருணைபெருகவேண்டுமப்பா
அள்ளிஉண்ணும் உணவுக்காய்
அருமைகெடலாகாதப்பா
எள்ளத்தனையும் மரணபயம்
இல்லாதிருக்கவேண்டுமப்பா.

4) எண்ணில் சமயவாதியர்கள்
இருளில் அலைந்துதிரிகின்றார்
கண்ணில் காணபதொன்றுமில்லை
கையில் தீபமேதுமில்லை
விண்ணுமதிர முழக்கிடுவர்
வீணாய்ச்சண்டை மூட்டிடுவர்
மண்ணில் மனிதர் ஒற்றுமையை
வாளால்கீறி வகிர்ந்திடுவர்.

5) என்றும் ஈசன் திருவடிகள்
இதயகமலம் சேர்ப்பீரேல்
என்றும் கருணை ததும்பியெழும்
இனிய உரைகள் உரைப்பீரேல்
என்றும் ஏழை எளியவருக்-
கியன்ற உதவி புரிவீரேல்
என்றும் என்றும் இவ்வுலகில்
இன்ப வாழ்வு வாழ்வீரே.

குறுந்தொகைச் செய்யுளொன்றின் பொருள்.

(ராவ்ஸாஹேப் எஸ். வையாபுரிப்பிள்ளை
தமிழாராய்ச்சித்துறைத்தலைவர், சென்னைப்பல்கலைக்கழகம்.)

குறுந்தொகை என்பது சங்கஇலக்கியம் என்று வழங்கப்படும் தொகைநூல்களுள் ஒன்று. இதன் செய்யுட் சிறப்பை நோக்கி 'நல்ல குறுந்தொகை' என ஒரு பழம்பாடல் இதனைக் குறிக்கின்றது. பண்டைத்தமிழ்நூல்களுக்கு உரையெழுதிய உரைகாரர்கள் பலரும் இந்நூலினை மிகவும் பாராட்டி அங்கங்கே இதினின்றும் மேற்கோள் காட்டியிருக்கிறார்கள். இந்நூலின் 380 செய்யுட்களுக்கும் பேராசிரியர் உரையெழுதினர் என்றும் அவர் எழுதாதவிட்ட 20 செய்யுட்களுக்கும் நச்சினார்க்கினியர் உரைவகுத்துள்ளார் என்றும் தெரிகிறது. இவ்வுரை இதுகாறும் அகப்படவில்லை. இதனை இழந்தது நம்மவர்களுடைய துர்ப்பாக்கியம் என்றே சொல்லவேண்டும்.

இப்பழையவுரையில்லாக் குறையை நிறைவேற்றக்கருதி, குறுந்தொகையை முதன்முதலாக வெளியிட்ட தமிழறிஞர் திரு. சௌரிப்பெருமாளரங்கன் புதியவுரையொன்று எழுதி வெளியிட்டனர். இதன் பின்பு திரு இராமரத்ந ஐயர் கலாநிலயத்தில் ஓர் உரையெழுதி வெளியிட்டனர். இவ்விரண்டு உரைகளும் செவ்விய உரைகள் எனக்கூற இயலாது. இவ்வுரைகள் மேற்கொண்டுள்ள பாடங்களும் திருத்தமான பாடங்களல்ல.

பல சுவடிகளை ஒப்புநோக்கித் திருத்தமான பாடங்களைக்கண்டு நூதனமாக ஓர் உரையெழுதி 1937-ல் மகாமகோபாத்தியாய டாக்டர் உ. வே. சாமிநாதையர் அவர்கள் வெளியிட்டார்கள். இப்பதிப்பே இதுவரை வெளிவந்துள்ள குறுந்தொகைப் பதிப்புக்கள் அனைத்தினும் சிறந்ததாகும். இதுவே இப்போது பலராலும் கற்கப்பட்டுவருவது. திரு. ஐயரவர்கள் வெளியிட்ட இப்பதிப்பிலும் திருந்தவேண்டிய பகுதிகள் சிலவுள்ளன. அவற்றுள் ஒன்றைக்குறித்து இங்கே கூற விரும்புகிறேன்.

இந்நூலில் 113-ம் செய்யுள் 'மாதீர்த்தன்' என்ற ஒரு புலவர் இயற்றியது. இப்பெயரை 'மாதிரத்தன்' என்பது முதலாகப் பலவாறு வாசிக்க இயலும். உதாரணமாக 'மாதிரத்தார்' என ஸ்ரீ. இராமரத்நஐயர் எழுதியிருக்கிறார். டாக்டர் ஐயரவர்கள் 'மாதிரத்தன்' எனப் பெயரைக்கொண்டு 'மாதீரத்தன்' 'மாதீர்த்தன்' என்ற பாடபேதங்களும் காட்டியுள்ளார்கள். ஆனால், செய்யுளிலே பொய்கை, யாறு என்பனவற்றைச் சிறப்பித்துச் சொல்வதனை நோக்கினால் 'மாதீர்த்தன்' என்பதுவே தொகுத்தார் கருதிய பெயராதல் வேண்டும் என்பது விளங்கும். இப்பெயரினையே யான் பதிப்பித்த சங்கஇலக்கியத்தில் கொண்டுள்ளேன். ஆசிரியர்பெயர் காணாஇடத்து செய்யுளில் வரும் தொடர் முதலியனவற்றைவைத்து அதனை இயற்றியவரைக் குறித்தல் பண்டைக்காலத்தில் ஒரு வழக்காறாயிருந்தது. தொகைநூல்களில் இவ்வழக்காற்றிற்குப் பல உதாரணங்கள் காட்டல் கூடும். 'கங்குல் வெள்ளத்தார்', 'கல்பொரு சிறுநுரையார்' 'பதடிவைகலார்' என்பனவற்றைக் காண்க.

மாதீர்த்தன் என்ற இப்புலவர் செய்துள்ளதாகத் தொகைநூல்களில் காணப்படுவது குறுந்தொகையில் வந்துள்ள இந்த ஒரு செய்யுளே யாகும். அது வருமாறு:

ஊர்க்கும் அணித்தே பொய்கை; பொய்கைக்குச்-
சேய்த்தும் அன்றே சிறுகான் யாறே;
இரைதேர் வெண்குருகு அல்லது யாவதும்
துன்னல் போகின்றாற் பொழிலே; யாம் எம்
கூழைக்கு எருமணங் கொணர்ஞ் சேறும்
ஆண்டும் வருகுவள் பெரும்பேதையே.

இது பகற்குறி நேர்ந்த தலைமகனுக்குக் குறிப்பினால் குறியிடம் பெயர்த்துச் சொல்லியது.

ஊர்க்கு அருகில் பொய்கை உள்ளது. இந்தப் பொய்கைக்குத் தூரத்திலன்றிச் சமீபத்திலேயே சிறு காட்டாறு ஓடுகிறது. அங்கே உள்ளது ஒரு பொழில். அப்பொழிலில் இரை தேர்தற்பொருட்டு வரும் நாரையல்லது வேறு ஒன்றும் வருவதில்லை. அங்கே எங்கள் கூந்தலுக்கு வேண்டும் எருமணம் கொண்டுவருவதற்காகச் செல்வோம். எங்கள் தலைவி அங்கே வருவாள்;— என்பது இச்செய்யுளின் பொருள்.

இங்கே கொண்டுள்ள 'எருமணம்' என்ற பாடம் பிரதிகளிற் காணப்படுவது. ஐயரவர்களும் பிரதிபேதம் கொடுத்துள்ள பகுதியில் 'ஏருமணம்' என்ற பாடபேதத்தைக் காட்டியுள்ளார்கள்.

(பக்-120) 'எருமணம்' என்பதே பாடமாம் என்பது யேற்கூறுவனவற்றால் விளங்கும்.

நூலின் கண்ணே ஐயரவர்கள் 'எருமண்' என் பாடங்கொண்டார்கள். இதற்கு 'கூந்தலிலுள்ள எண்ணெய்ப் பசை, சிக்கு முதலியன போகும் பொருட்டுக் களிமண்ணைத் தேய்த்துக்கொண்டு மகளிர் நீராடுதல் வழக்கு' என்று கூறி, இக்களிமண்ணையே 'எருமண்' என்று புலவர் வழங்கியதாக விசேடவுரையில் எழுதியிருக்கின்றார்கள். தலைவியரும் தோழியரும் மயிர்ச்சிக்கு முதலியன நீக்குதற் பொருட்டு களிமண் கொண்டுவரப் போவார் என்று குறிப்பிடுதல் தலைவி முதலாயினார்க்குச் சிறிதும் சகுதியற்றதாம் என்பது சொல்லவேண்டா. தமது கருத்தை ஆதரிப்பனவாக இரண்டு பிரயோகங்கள் காட்டியுள்ளார்கள். ஒன்று குறுந்தொகையிலேயே 372-ம் செய்யுளில் வருவது. அங்கே 'கூழைபெய்எக்கர்' என்ற தொடர் காணப்படுகிறது. கூழை என்பது கடைப்பகுதி என்ற பொருளில் அங்கு வந்துள்ளது. எக்கர் என்பது நூண்மணலாகும். இங்கே கூந்தலும் மண்ணும் என்ற பொருள்கள் பொருந்தாமை செய்யுள் நோக்கி அறிந்துகொள்ளலாம். பிறிதோரிடம் பெருங்கதையினின்றும் காட்டப்பட்டுள்ளது. அங்கே 'கூந்தல் நறும்மண்' (I. 40. 28) என வந்துள்ளது. 'நறுமண்' என்ற தொடரே அது நறுமணமுள்ளதாக இயற்றப்பட்ட ஒருவகை கலவையாகும் என்பதை உணர்த்தவல்லது. கூந்தலைத் தேய்த்துக் மூழ்குதற்குக் கொள்ளும் களிமண் ஆகாது. எனவே, ஐயரவர்கள் கொண்டுள்ள பாடமும் பொருளும் இயையாமை காணலாம்.

திரு. இராமரத்நஐயர் 'ஏர்மணம்' என்று பாடங்கொண்டு 'மணம்' என்பதனை ஆதிபெயராக்கி அழகிய மணமுள்ள மலர்கள் என்று பொருள் கொண்டனர். கூந்தலுக்கு மலர்முடித்தல் இயற்கை என்பது ஒன்றனை மட்டும் கருதி, இவ்வாறு பொருள் கொண்டனர் போலும். இது வலிந்துகொள்ளப்பட்ட ஒரு பொருள் என்பது எளிதிற் புலப்படும்.

நான் கொண்டுள்ள பாடம் 'எருமணம்' என்பது. இதற்கு யாது பொருளென வினவலாம். செங்கழுநீர் என்ற பொருள் இதற்கு உண்டென்பது பிங்கலந்தையால் அறியலாம்.

அரத்த முற்பலம் செங்குவளை யெருமணம்
கல்லாரமுஞ் செங்கழுநீரும் அதன் பெயர்.

என்பது ஒன்பதாவது மரப்பெயர்வகையிற் கண்ட சூத்திரம். ஏட்டுப்பிரதியில் இவ்வாறு உள்ளது. அச்சுப்பதிப்பில் இச்சூத்திரம் சிறுது மாறுபட்டுக் காணப்படினும் எருமணம் என்ற பெயர் அதன் கண்ணும் கொடுக்கப்பட்டுள்ளது. ஆகவே, கூந்தலில் பெய்வதற்குச் செங்கழுநீர்மலர் கொண்டுவரத் தோழியருடன் தலைவி பொழிலுக்குச் செல்லுவதாகக் கூறிக் குறியிடம் உணர்த்தியமை தெளியலாம். இதுவே பொருந்திய பொருள்.

ശുദ്ധിപത്രം

പുറം	പങ്ക്തി	വരി	അബദ്ധം	സുബദ്ധം
5	1	22	അവരവരുടെ	അവരുടെ
,,	,,	37	പാര്യ്യാപ്തമായ	പര്യ്യാപ്തമായ
11	1	11	ഹരി	ഹാരി
12	1	43	ഘടന	രചന
22	,,	4	ഗുണോജ്വല	ഗുണോജ്ജ്വല
24	1	41	വകക്കൊണ്ട്	വകക്കാക്കൊണ്ട്
27	2	2	വലോചന	വിലോചന
29	1	35	വയസ്സിൽ	വയസ്സിൻ
39	1	16	പാരാപര	പരാപര
41	1	15	ഭക്താഖ്യ	ഭക്ത്യാഖ്യ
44	1	37	നാലു്	മൂന്നു്
46	2	8	ത്രപിച്ചീടേണ്ട	ത്രപിച്ചീടേണ്ടാ
51	2	11	മികത്ത	മികുത്ത
,,	,,	29	വ്യപദേശിച്ചിട്ടുള്ളതായോ	വ്യപദേശിക്കുകയോ
57	2	29	സ്വധാ	സ്വഥാ
53	1	35	ഓജസ്സ്വ।	ഓജസ്ത്വി
54	2	26	സ്വചരന്ദ	സ്വച്ഛന്ദ
,,	,,	29	അവിചരിന്ന	അവിച്ഛിന്ന
61	2	1	സമഷ്ഠി	സമഷ്ടി
,,	,,	28	നാദക്രേ	നാദഭ്രേ
63	2	9	ദൂരാസദ	ദുരാസദ
64	2	33	ബർഹ്വഭാര	ബർഹഭാര
73	,,	10	ഘോഷഃ	ഘോഷം
76	1	34	കൃതീനാം	കൃതിനാം
77	1	39	സമഞ്ജ്ഞയാ	സമജ്ഞയാ
,,	2	13	ചയഃ	ചയം
90	1	12	ഉജ്വല	ഉജ്ജ്വല
96	1	2	വെങ്കിടാ	വെങ്കടാ
101	1	17	കോലങ്കാരേ	കോലങ്കാരോ
104	ശ്ലോ	9	നിന്നാഥ	നിൻനാഥ
106	1	43	അച്ചുത	അച്യുത
108	1	9	ഗണ്ഡൈ	ഗണ്ഡൈഃ
120	,,	25	പാണി	വാണി
122	2	32	മാണെല്ലോ	മാണല്ലോ
126	1	15	ന്മാക്കറെ	ന്മാക്കറി
128	1	28	പ്രസ്തുതത്ത	പ്രസ്തുത
,,	,,	35	സ്ഥാനത്തെ	സ്ഥാനത്തേയുംമററും
137	2	24	പ്രാഗത്ഭ്യ	പ്രാഗല്ഭ്യ
,,	,,	27	ശ്ഛായാ	ശ്ഛരായാ
139	2	21	ഭൂമിം	ഭൂമിഃ
141	2	21	പൊതുവെ	പൊതുവേ
144	1	7	യൌവ്വന	യൌവന
147	2	6	സ്വന്ത	സ്വാന്ത
150	1	22	കൈവ്വെടി	കൈവെടി
153	1	12	ഇംഗിതജ്ഞന്നായും	ഇംഗിതജ്ഞനായ

ആത്മീയഗ്രന്ഥങ്ങൾ

ഉപനിഷത്തുകൾ:—

ഹിന്ദുമതസാരസർവ്വസ്വമായ ഉപനിഷത്തുകൾ ഓരോന്നായി മൂലവും, അർത്ഥവും, ശാങ്കരഭാഷ്യവും, ശാങ്കരഭാഷ്യസാരവും ചേർത്തു പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈശാവാസ്യോപനിഷത്തു്	0	15
കേനോപനിഷത്തു്	0	9
കാഠകോപനിഷത്തു്	1	11
പ്രശ്നോപനിഷത്തു്	1	2
മുണ്ഡകോപനിഷത്തു്	1	2
മാണ്ഡൂക്യോപനിഷത്തു്	2	4
തൈത്തരിയോപനിഷത്തു്	1	14
ഐതരേയോപനിഷത്തു്	0	15
ഛാന്ദോഗ്യോപനിഷത്തു്	7	8
ബൃഹദാരണ്യകോപനിഷത്തു്	7	8

ശ്രീഭൂതനാഥസർവ്വസ്വം:—

ശബരിമലക്ഷേത്രം, അതിൻെറ പ്രാചീനത, ധർമ്മശാസ്താവിൻെറ ഉത്ഭവം മുതലായി വിവിധവിഷയങ്ങളെ പുരസ്കരിച്ചു തയാറാക്കിയിട്ടുള്ള ഒരു ഉത്തമഗ്രന്ഥം. 1 8

ശ്രീമഹാഭക്തചരിതാമൃതം (നാലു ഭാഗങ്ങൾ):—

ജീവന്മുക്തന്മാരായ അനവധി ഭക്താഗ്രണികളുടെ അപദാനങ്ങളും ഭക്തിസംവർദ്ധകങ്ങളായ കഥകളും അടങ്ങിയതു്.

ഓരോ ഭാഗത്തിനും	1	8
നാലു ഭാഗങ്ങളും ഒന്നായി വാങ്ങുന്നവക്കു	4	0

ശ്രീമദ് ഭഗവദ്ഗീത:—

ഹിന്ദുമതത്തിൻെറ പരമപ്രധാനമായ പ്രമാണഗ്രന്ഥം. സാധാരണന്മാക്കുകൂടി ഉപകരിക്കത്തക്കവിധം ശ്ലോകത്തിനു ചുവടെ സാരവും ചേർത്തു പ്രസിദ്ധീകരിച്ചിരിക്കുന്നു. 1 0

തുളസീദാസരാമായണം:—

ശ്രീരാമചരിതത്തെ അധികരിച്ചു് തുളസീദാസമഹർഷി ഹിന്ദിയിൽ രചിച്ച ഗാനതല്ലജങ്ങളുടെ മലയാള പരിഭാഷയാണു് ഈ ഗദ്യഗ്രന്ഥം.

ഒന്നാം ഭാഗം	1	14
രണ്ടാം ഭാഗം	1	14

ശ്രീമഹാ ദേവീഭാഗവതം (സമ്പൂർണ്ണഗദ്യഗ്രന്ഥം):—

സാക്ഷാൽ പരാശക്തിയുടെ അപദാനങ്ങളെ കീർത്തിക്കുന്നതും, ഭക്തലോകത്തെ ആനന്ദനിമഗ്നരാക്കുന്നതുമായ ഉത്തമഗ്രന്ഥം. 2 4

മാനേജർ,

ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.

ബ്രാഞ്ചുകൾ:— തിരുവനന്തപുരം, ആലപ്പുഴ.

Printed at the Sree Rama Vilas Press, Quilon.